ഈ സമീപനം സമൂഹത്തിലെ അംഗങ്ങളുടെ രാഷ്ട്രീയ സ്വഭാവം വിശദീകരിക്കുന്നതിനും സാമൂഹിക പശ്ചാത്തലം മനസ്സിലാക്കുന്നതിനും ഊന്നൽ നൽകുന്നു. രാഷ്ട്രത്തെ പ്രാഥമികമായി ഒരു സാമൂഹിക ജീവിയായി കണക്കാക്കുകയും രാഷ്ട്രീയം സാമൂഹ്യ ശാസ്ത്ര ഘടകങ്ങളിലൂടെ മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ സാമൂഹിക സന്ദർഭത്തിന് വളരെയധികം ഊന്നൽ നൽകുന്നത് അതിന്റെ സ്വയം ഭരണത്തെ ബാധിക്കുമെന്ന് വിമർശകരുടെ അഭിപ്രായമുണ്ട്.

ii. മന:ശാസ്ത്രപരമായ സമീപനം

ഈ സമീപനം മന:ശാസ്ത്രനിയമങ്ങളിലൂടെ രാഷ്ട്രീയ സാമൂഹിക സ്ഥാപനങ്ങളെ കുറിച്ച് പഠിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ നേതാക്കളുടെ മന: ശാസ്ത്രപരമായ വിശകലനം രാഷ്ട്രീയത്തെ കുറിച്ചുള്ള സുപ്രധാന അറിവ് വെളിപ്പെടുത്തുന്നുവെന്ന് ഇത് അനുമാനിക്കുന്നു. എന്നിരുന്നാലും ഈ സമീപനം രാഷ്ട്രീയ പഠനത്തിലെ സാമൂഹികവും നിയമപരവും സാമ്പത്തികവുമായ ഘടകങ്ങളെ അവഗണിക്കുന്നു.

iii. സാമ്പത്തിക സമീപനം

ചരക്കുകളുടെ ഉൽപ്പാദനവും വിതരണവും സംബന്ധിച്ച കാര്യങ്ങൾ രാഷ്ട്രം നിയന്ത്രിക്കുന്നതിനാൽ സാമ്പത്തിക കാര്യങ്ങളും രാഷ്ട്രീയ സൈദ്ധാന്തികർക്ക് ആശങ്കയായി മാറുന്നു. ഈ സമീപനം സാമ്പത്തിക കാര്യങ്ങളെ നിയന്ത്രിക്കുന്നതിൽ രാഷ്ട്രത്തിന്റെ പങ്ക് ഊന്നി പറയുകയും സാമ്പത്തിക കാര്യങ്ങൾ രാഷ്ട്രത്തിന്റെ പ്രക്രിയയുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വാദിക്കുകയും ചെയ്യുന്നു. ഈ സമീപനം വ്യകതികളുടെ രാഷ്ട്രീയ സാമ്പത്തിക ജീവിതത്തെ ബന്ധിപ്പിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായിക്കുന്നു. എന്നിരുന്നാലും ഈ സമീപനം സാമ്പത്തിക ഘടകങ്ങളെ മാത്രം കണക്കി ലെടുക്കുകയും സാമൂഹികവും മന:ശാസ്ത്രപരവുമായ ഘടകങ്ങൾ പോലുള്ള മറ്റ് ഘടകങ്ങൾ അവഗ ണിക്കുകയും ചെയ്യുന്നു.

iv. പെരുമാറ്റ സമീപനം

ഈ സമീപനം രാഷ്ട്രീയ സ്വഭാവത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും രാഷ്ട്രീയ പശ്ചാതലത്തിൽ മനുഷ്യരുടെ മനോഭാവങ്ങളും മുൻഗണനകളും പഠിക്കുകയും ചെയ്യുന്നു. അങ്ങനെ രാഷ്ട്രീയത്തെ കുറിച്ചുള്ള പഠനം, ഔപചാരികത, നോർമറ്റിവിസം എന്നിവയിൽ നിന്ന് രാഷ്ട്രീയ സ്വഭാവത്തെ കുറിച്ചുള്ള പഠനത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. എന്നിരുന്നാലും ഈ സമീപനം ശാസ്ത്രീയ രീതികളെ കുറിച്ചുള്ള തെറ്റായ ധാരണയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് വിമർശകർ വാദിക്കുന്നു.

v. മാർക്സിസ്റ്റ് സമീപനം

ഈ സമീപനം അടിസ്ഥാന പരമായി മറ്റ് ആധുനിക സമീപനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. വർഗവൈരുദ്ധ്യങ്ങളുടെ അനിവാര്യമായ അനന്തര ഫലമായാണ് ഇത് രാഷ്ട്രത്തെ കാണു ന്നത്. എന്നിരുന്നാലും ഈ സമീപനം സാമ്പത്തിക ഘടകങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. സമീപനങ്ങളെ സൂക്ഷ്മ വിശകലനം ചെയ്ത ശേഷം, ഓരോ സമീപനത്തിനും രാഷ്ട്രീയ പ്രതിഭാസത്തെ

11th Std Political Science_Ch_1_Malayalam.indd 12 14/02/2023 18:47:20

കുറിച്ചുള്ള പഠനത്തിൽ അതിന്റേതായ പ്രസക്തിയുണ്ടെന്നും ചില പരിമിതികളിൽ നിന്ന് കഷ്ടപ്പെടുന്നതായും മനസ്സിലാക്കാം

III. മറ്റ് സാമൂഹിക ശാസ്ത്രങ്ങളുമായുള്ള ബന്ധം

i. രാഷ്ട്രീയ ശാസ്ത്രവും ചരിത്രവും

രാഷ്ട്രവും അതിന്റെ സ്ഥാപനങ്ങളും മന്ദഗതിയിലുള്ള ചരിത്രവളർച്ചയുടെ ഫലമാണ്. പൊതു നിയമങ്ങളും തത്വങ്ങളും കണ്ടെത്താൻ രാഷ്ട്രീയ ശാസ്ത്രം ചരിത്രപരമായ വസ്തുതകൾ ഉപയോഗിക്കുന്നു. രാഷ്ട്രീയ സംഭവങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വിവരണമാണ് രാഷ്ട്രീയ ചരിത്രം. ചരിത്രവും രാഷ്ട്രീയ ശാസ്ത്രവും തമ്മിലുള്ള ബന്ധം ഫ്രീമാൻ നന്നായി വിശദീകരിക്കുന്നു. ചരിത്രം എന്നത് കഴിഞ്ഞകാല രാഷ്ട്രീയമാണ്. രാഷ്ട്രീയം ഇന്നത്തെ ചരിത്രമാണ്. രാഷ്ട്രീയ ശാസ്ത്രം ഇല്ലാത്ത ചരിത്രത്തിന് ഫലമില്ല. ചരിത്രമില്ലാത്ത രാഷ്ട്രീയ ശാസ്ത്രത്തിന് വേരുകളില്ല എന്ന ഉദ്ധരിണിയിലൂടെ ജോൺ സീലി ഇത് കൂട്ടി ചേർക്കുന്നു.

ii. രാഷ്ട്രീയ ശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും

സാമ്പത്തിക ശാസ്ത്രത്തെ രാഷ്ട്രീയ ശാസ്ത്രത്തിന്റെ ഒരു ശാഖയായികണക്കാക്കുകയും വാസ്തവത്തിൽ ഗ്രീക്കുകാർക്കിടയിൽ രാഷ്ട്രീയ ശാസ്ത്രം രാഷ്ട്രീയ സാമ്പത്തികം എന്നറിയപ്പെടുകയും ചെയ്തു. രാഷ്ട്രീയ സ്ഥാപനങ്ങൾ, രാഷ്ട്രീയ അന്തരീക്ഷം, സമ്പദ് വ്യവസ്ഥ എന്നിവ പരസ്പരം എങ്ങനെ സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കാൻ രാഷ്ട്രീയ സമ്പദ് വ്യവസ്ഥ ശ്രമിക്കുന്നു. പൊതുവായ സാമ്പത്തിക താൽപര്യങ്ങളുള്ള ഗ്രൂപ്പുകൾ സ്വന്തം പ്രക്രിയയെയും പരിസ്ഥിതിയെയും എങ്ങനെ ഉപയോഗിച്ചുവെന്ന് ചരിത്രകാരന്മാർ വിശദീകരിച്ചു. രാഷ്ട്രീയ ശാസ്ത്രം, സാമ്പത്തികം എന്നിവയുടെ പഠനം അവിടത്തെ ജനങ്ങൾക്ക് സാധ്യമായ ഏറ്റവും മികച്ച ജീവിതം പ്രദാനം ചെയ്യുന്ന അതേ ലക്ഷ്യത്തിലേയ്ക്ക് നയിക്കപ്പെടുന്നു.

iii. രാഷ്ട്രീ ശാസ്ത്രവും എത്തിക്സും

തത്വചിന്ത നൈതീകതയുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ധാർമ്മികത കൈകാര്യം ചെയ്യുകയും സമൂഹത്തിലെ വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്ന നിയമ ങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തുകയും ചെയ്യുന്ന ധാർമ്മിക ക്രമത്തിന്റെ ശാസ്ത്രമാണ് രാഷ്ട്രീയ ശാസ്ത്രം. രാഷ്ട്രീയ ശാസ്ത്രവും എത്തിക്സും മനുഷ്യരുടെ ശ്രേഷ്ഠവും നീതിപൂർവ്വവുമായ ജീവിതത്തെ ലക്ഷ്യം വയ്ക്കുന്നു.

iv. രാഷ്ട്രീയ ശാസ്ത്രവും സോഷ്യോളജിയും

രാഷ്ട്രീയ ശാസ്ത്രവും സോഷ്യോളജിയും പരസ്പരംബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രത്തിന്റെയും മറ്റ് രാഷ്ട്രീയ സ്ഥാപനങ്ങളുടെയും ഉത്ഭവവും പരിണാമവും സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ നൽകുന്നത് സോഷ്യോളജിയാണ്. രാഷ്ട്രീയ ശാസ്ത്രത്തെ പോളിസി ശാസ്ത്രം എന്നും വിളിക്കുന്നു. ജനങ്ങളുടെ സാമൂഹിക ആവശ്യങ്ങൾ ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യാതെ രാഷ്ട്രത്തിന്റെ നയങ്ങൾ രൂപീകരിക്കാൻ കഴിയില്ല. രാഷ്ട്രീയ ശാസ്ത്രം സോഷ്യോളജിയ്ക്ക് രാഷ്ട്രത്തിന്റെ സംഘടനകളെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും രാഷ്ട്രത്തിന്റെ നയങ്ങളും പരിപാടികളും സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെ കുറിച്ചും വിവരങ്ങൾ നൽകുന്നു.

v. രാഷ്ട്രീയ ശാസ്ത്രവും മന:ശാസ്ത്രവും

മന:ശാസ്ത്രം മനുഷ്യന്റെ പെരുമാറ്റത്തിന്റെ എല്ലാ വശങ്ങളും കൈകാര്യം ചെയ്യുന്നു. രാഷ്ട്രീയ ശാസ്ത്രം മനുഷ്യരുടെ രാഷ്ട്രീയ പെരുമാറ്റത്തെ മാത്രം കൈ കാര്യം ചെയ്യുന്നു. വ്യക്തികളും സമൂഹങ്ങളും എന്തുകൊണ്ടാണ് ഒരു പ്രത്യേക രീതിയിൽ പെരുമാറുന്നതെന്ന് മന:ശാസ്ത്രം വ്യക്തമാക്കി തരുന്നു. രാഷ്ട്രീയ പാർട്ടികളുടെയും സമൂഹത്തിന്റെയും പെരുമാറ്റത്തെ മനസ്സി ലാക്കാൻ ഇത് സഹായിക്കുന്നു. ബാർക്കർ ഇപ്രകാരം അഭിപ്രായപ്പെടുന്നു മനുഷ്യന്റെ പ്രവർത്തനത്തിന്റെ കടങ്കഥകളിലേയ്ക്ക് മന:ശാസ്ത്രപരമായ സൂചനകൾ പ്രയോഗിക്കുന്നത് തീർച്ചയായും ഇന്നത്തെ ഫാഷനായി മാറിയിരിക്കുന്നു. ഞങ്ങൾ മന:ശാസ്ത്രപരമായി ചിന്തിക്കുന്നു.

11th Std Political Science_Ch_1_Malayalam.indd 13 14/02/2023 18:47:20

vi. രാഷ്ട്രീയ ശാസ്ത്രവും പൊതുഭരണവും

രാഷ്ട്രീയ ശാസ്ത്രവും പബ്ലിക് അഡ്മിനിസ്ട്രേഷനും വളരെ അടുത്ത ബന്ധമുള്ളതാണ്. വാസ്തവത്തിൽ പബ്ലിക് എന്ന പദം ഗവൺമെന്റ് ആണെങ്കിലും പബ്ലിക് അഡ്മിനിസ്ട്രേഷനിൽ സർക്കാരിതര സംഘടനകളുടെ പഠനവും ഉൾപ്പെടുന്നു. ഗവൺമെന്റ് നയങ്ങൾ നടപ്പിലാക്കുന്നതും രാഷ്ട്രീയ ശാസ്ത്രം നയരൂപീകരണപ്രക്രിയയുമായി ബന്ധപ്പെട്ടതുമാണ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, രാഷ്ട്രീയ ശാസ്ത്രം, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നിവയുടെ ലക്ഷ്യത്തിൽ ഒരു സാമ്യമുണ്ട്. കാരണം അവ രണ്ടും വിഭവങ്ങളുടെ പരമാവധി ഉപയോഗവും സാമൂഹിക ക്ഷേമവും ലക്ഷ്യമിടുന്നു. അതിനാൽ അനുഭവശാസ്ത്രപരവും ശാസ്ത്രീയവുമായ വിശകലന രീതികൾ പ്രയോഗിച്ചുകൊണ്ട് ഭരണത്തെ കുറിച്ചുള്ള ആസൂത്രിതമായ പഠനമാണ് രാഷ്ട്രീയ ശാസ്ത്രം എന്നു നാം മനസ്സിലാക്കുന്നു.

അതിൽ അനുഭവപരമായ അന്വേഷണങ്ങൾ ഉൾപ്പെടുന്നുവെങ്കിലും സാധാരണയായി കൃത്യമായ പ്രവചനങ്ങൾ നൽകുന്നില്ല. രാഷ്ട്രീയ ശാസ്ത്രം രാഷ്ട്രത്തെയും അതിന്റെ സ്ഥാപനങ്ങളെയും പരിശോധിക്കുന്നു. രാഷ്ട്രത്തെ സ്വാധീനിക്കുന്ന സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, മന:ശാസ്ത്രപരമായ ഘടകങ്ങളെകുറിച്ചുള്ള പഠനവും ഇതിൽ ഉൾകൊള്ളുന്നു. മറ്റ് സാമൂഹ്യശാസ്ത്രങ്ങളിൽ നിന്ന് വളരെയധികം കടമെടുക്കുന്നു. എന്നാൽ അധികാരത്തിലേയ്ക്കുള്ള ശ്രദ്ധ അത് മറ്റ് വിഷയങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. അധികാരത്തിനു പുറമേ താരതമ്യ രാഷ്ട്രീയം, അന്താരാഷ്ട്ര ബന്ധങ്ങൾ, രാഷ്ട്രീയ സിദ്ധാന്തം, പൊതുനിയമം, പൊതുനയം എന്നിവ യിലും രാഷ്ട്രീയ ശാസ്ത്രം ശ്രദ്ധ കേന്ദ്രീകിക്കുന്നു. എറ്റവും പ്രധാനമായി രാഷ്ട്രീയ ശാസ്ത്രത്തിന്റെ പഠനം രാഷ്ട്രീയ പ്രക്രിയയെകുറിച്ചും ഗവൺമെന്റിന്റെ വ്യവസ്ഥയെ കുറിച്ചും അത് ഓരോ പൗരന്റേയും ജീവിതത്തെ ബാധിക്കുന്ന രീതിയെകുറിച്ചും അടിസ്ഥാന ധാരണ നൽകുന്നു,

പ്രവർത്തനം

രാഷ്ട്രീയം നിങ്ങളുടെ ദൈദംദിന ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്നതിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം

നിങ്ങളുടെ പ്രിയപ്പെട്ട രാഷ്ട്രീയ ചിന്തകന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ചിത്രങ്ങൾ ശേഖരിക്കുകയും രാഷ്ട്രത്തിന് അദ്ദേഹം നൽകിയ സംഭാവനകളെ കുറിച്ച് സഹപാഠികൾക്ക് വിശദീകരിക്കുകയും ചെയ്യുക

പദപരിചയം

രാഷ്ട്രീയ സംവിധാനങ്ങൾ വിവിധതരം ഭരണഘടനകളുള്ള വിവിധ രൂപത്തിലുള്ള സർക്കാരുകൾ

അർത്ഥശാസ്ത്രം ബി.സി.മൂന്നാം നൂറ്റാണ്ടിൽ കൗടില്യൻ എഴുതിയ രാഷ്ട്രീയ സമ്പദ് വ്യവസ്ഥയെയും ഭരണനിർവ്വഹണത്തെയും കുറിച്ചുള്ള കൃതിയാണിത്.

സിറ്റി-സ്റ്റേറ്റ് ഒരു നഗരത്തെ കേന്ദ്രീകരിച്ച് ചെറിയ ജനസംഖ്യയുടെ ഭരണം ഉൾകൊള്ളുന്ന ഒരു സമൂഹത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ചെറിയ രാഷ്ട്രം

രാഷ്ട്രീയ പെരുമാറ്റം പൊതുവെ അധികാരത്തെ സംബന്ധിച്ച ഏത് നടപടിയെയും പ്രത്യേകിച്ചും സർക്കാരിനെ നിർവചിക്കാം.

അധികാരം ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ അധികാരവും സ്വാധീനവും നിയമപരമായ അനുമതിയോടെ ഉപയോഗിക്കാനുള്ള കഴിവ്. അധികാരത്തിന്റെ നിയമാനുസൃത ഉപയോഗം എന്നും ഇതിനെ വിളിക്കാം.

ട്രിസ്റ്റ് ഒരു നിശ്ചിത സമയത്തും സ്ഥലത്തും കണ്ടുമുട്ടുന്നതിനുള്ള ഒരുകൂടികാഴ്ചയാണ് പ്രത്യേകിച്ചും കുറച്ച് രഹസ്യമായി നടത്തിയത്.

ഡെസ്റ്റിനി(വിധി) ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ

രാഷ്ട്രീയ ഡൈനാമിക്സ് രാഷ്ട്രീയ സ്ഥാപനങ്ങളിൽ ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേയ്ക്ക് മാറികൊണ്ടിരിക്കുന്ന അവസ്ഥ.

രാഷ്ട്രീയം ഇത് ഗവൺമെന്റിന്റെ അല്ലെങ്കിൽ ഭരണത്തിന്റെ കലയോ ശാസ്ത്രമോ ആണ്. പ്രത്യേകിച്ചും ഒരു രാഷ്ട്രം പോലുള്ള ഒരു രാഷ്ട്രീയ സ്ഥാപനത്തിന്റെ ഭരണവും അതിന്റെ ആഭ്യന്തരവും ബാഹ്യവുമായ കാര്യങ്ങളുടെ ഭരണവും നിയന്ത്രണവും

11th Std Political Science_Ch_1_Malayalam.indd 14 14/02/2023 18:47:21

രാഷ്ട്രീയ ശാസ്ത്രം ഇത് ഭരണകൂടത്തെയും വ്യവസ്ഥകളെയും രാഷ്ട്രീയ പ്രവർത്തനത്തിന്റെ ശാസ്ത്രീയ വിശകലനത്തെയും കൈകാര്യം ചെയ്യുന്ന അറിവിന്റെ ശാഖയാണ്.

ബിഹേവിയറലിസം രാഷ്ട്രീയ സ്വഭാവം വിശദീകരിക്കുന്നതിനും പ്രവചിക്കുന്നതിനുമുള്ള വസ്തുനിഷ്ഠവും അളവറ്റതുമായ സമീപനത്തെ ഇത് ഊന്നിപറയുന്നു.

പോസ്റ്റ് ബിഹേവിയറലിസം ഇത് പെരുമാറ്റയാഥാസ്ഥിതികതയ്ക്കെതിരായ പ്രതികരണമാണ്. കൃത്യതയേക്കാൾ പ്രസക്തിയക്ക് ഊന്നൽ നൽകി.

ജനാധിപത്യം ജനങ്ങളുടെ അഭിലാഷങ്ങളെ പൂർത്തീകരിക്കാനായി ജനങ്ങൾ തന്നെ രൂപീകരിച്ച ഒരു ഭരണകൂടം.

ഏകാധിപത്യം മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഭരണകൂടത്തിന്റെ അധികാരത്തിന് കീഴ്പ്പെടുത്തുന്നതിനെ ഇത് സൂചിപ്പിക്കുന്നു.

ഒലിഗാർക്കി ഇത് ചുരുക്കം ചിലരുടെ ഗവൺമെന്റാണ്. പ്രത്യേകിച്ചും അഴിമതി അല്ലെങ്കിൽ സ്വാർത്ഥ ആവശ്യങ്ങൾക്കായി ചെറുതും പൂർവികവുമായ ഒരു സംഘം പ്രയോഗിക്കുന്ന സ്വേച്ഛാധിപത്യ ശക്തിയാണ്.

സാമ്രാജ്യത്വം ഒരു സാമ്രാജ്യത്തിന്റെയോ രാജ്യത്തിന്റെയോ ഭരണം അല്ലെങ്കിൽ അധികാരം വിദേശ രാജ്യങ്ങളിൽ വ്യാപിക്കുക എന്നതാണ്.

കൊളോണിയലിസം ഒരു രാജ്യം തന്റെ നിയന്ത്രണത്തിലുള്ള മറ്റൊരു രാജ്യത്തിന്മേൽ അല്ലെങ്കിൽ അതിന്റെ പ്രദേശം അല്ലെങ്കിൽ ജനങ്ങൾക്ക് മേൽ നിയന്ത്രണം ചെലുത്തി അതിനെ ഭരിക്കുന്നതാണ്.

മൂല്യനിർണ്ണയം

I ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1) രാഷ്ട്രീയം എന്ന പദം ഗ്രീക്ക് പദമായ പോളിസ് എന്നതുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു പോളിസ് എന്ന പദത്തിൽ അർത്ഥം.

a) സിറ്റി-സ്റ്റേറ്റ് b) പോലീസ് സേന
c) രാഷ്ട്രീയം d) പോലീസ് സ്റ്റേറ്റ്

2) രാഷ്ട്രീയത്തിന്റെ കേന്ദ്രവിഷയം ആരാണ് പറഞ്ഞത്? ആർക്കാണ്? എന്താണ് ലഭിക്കുന്നത്? എപ്പോൾ? എങ്ങനെ? എന്നതാണ്.'

a) ഹരോൾഡ് ലാസ്കി b) ഹരോൾഡ് ലാസ്വെൽ
c) ചാൾസ് E ഇമറിയം d) ഫ്രാങ്ക് ഗുഡ്നോ

3) ഡേവിഡ് ഈസ്റ്റൺ പറയുന്നതനുസരിച്ച് രാഷ്ട്രീയം

a) 'മൂല്യങ്ങളുടെ ആധികാരിക വിഹിതം'
b) 'വിഭവങ്ങളുടെ ആധികാരിക വിഹിതം'
c) 'അധികാരത്തിന്റെ ആധികാരിക വിഹിതം'
d) 'ശക്തിയുടെ ആധികാരിക വിഹിതം'

4) ഇന്ത്യൻ പശ്ചാത്തലത്തിൽ ആരാണ് പുരാതന രാഷ്ട്രീയ ചിന്തകനായി കണക്കാക്കപ്പെടുന്നത്?

a) കൗടില്യയും തിരുവള്ളുവറും b) വാൽമീകിയും വരാഹമിഹിരയും
c) ചരകയും സുശ്രുതയും d) വ്യാസനും ആര്യഭട്ടയും

5) നിയമസാധുത എന്ന ആശയം അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.

a) നിയമപഠനം b) രാഷ്ട്രവും സർക്കാരും
c) സ്വത്തിന്റെ നിയമാനുസൃത ഉടമസ്ഥാവകാശം d) അധികാരവും അവകാശവും.

11th Std Political Science_Ch_1_Malayalam.indd 15 14/02/2023 18:47:21

6) അധികാരം അധികാരത്തെ വളർത്തുന്നു. ഇത് വരേണ്യതയുടെ കേന്ദ്രസിദ്ധാന്തമായി മാറുന്നു എന്ന് ആരാണ് പറഞ്ഞത്?

a) റോബർട്ട് മൈക്കൽ
b) ഹരോൾഡ് ലസ്കി
c) ഡേവിഡ് ഈസ്റ്റൺ
d) ചാൾസ് ഇ മറിയം

7) ആരെയാണ് രാഷ്ട്രീയ ശാസ്ത്രത്തിന്റെ പിതാവ് എന്ന് വിളിക്കുന്നത്?

a) അരിസ്റ്റോട്ടിൽ
b) സോക്രട്ടീസ്
c) പ്ലേറ്റോ
d) മാക്യവല്ലി

8) മനുഷ്യൻ സ്വഭാവത്തിൽ ഒരു രാഷ്ട്രീയ ജീവിയാണ്. എന്ന് ആരാണ് പറഞ്ഞത്?

a) പ്ലേറ്റോ
b) ജീൻബോഡിൻ
c) അരിസ്റ്റോട്ടിൽ
d) സോക്രട്ടീസ്

9) മതപരമായ സമീപനത്തിൽ നിന്ന് മതനിരക്ഷേപവീക്ഷണകോണുകളിലൂടെ അനുഭവപരമായ നിരീക്ഷണത്തിലേയ്ക്ക് രാഷ്ട്രീയത്തിന്റെ വിഷയം മാറ്റിയതാര്?

a) തോമസ് ഹോബ്സ്,
b) നിക്കോൾ മാക്യവല്ലി
c) ജോൺ ലോക്ക്
d) ജെ.ജെ.റൂസോ

10) ചരിത്രം എന്നത് കഴിഞ്ഞ കാലത്തെ രാഷ്ട്രീയം, രാഷ്ട്രീയം ഇപ്പോഴത്തെ ചരിത്രം എന്ന പ്രസിദ്ധമായ ഉദ്ധരണി നൽകിയതാര്?

a) ഹരോൾഡ് ലാസ്വർ
b) ഫ്രീമാൻ
c) ചാൾസ് ഇ.മറിയം
d) ജോൺ മാർഷൽ

II ഇനി പറയുന്ന ചോദ്യങ്ങൾക്ക് വളരെ ചുരുക്കി ഉത്തരം നൽകുക

1) രാഷ്ട്രീയം എന്ന വാക്കിന്റെ ഉത്ഭവം നിർവചിക്കുക
2) ട്രിസ്റ്റ് വിത്ത് ഡെസ്റ്റിനി എന്ന പദം കൊണ്ട് നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്?
3) അധികാരത്തെ കുറിച്ചുള്ള കാൾ മാർക്സിന്റെ കാഴ്ചപാട് വിവരിക്കുക
4) സന്തോഷത്തെ കുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെ കാഴ്ചപായുകളെ കുറിച്ച് എഴുതുക
5) പ്രധാന മന്ത്രി നെഹ്റു ഉയർത്തി കാട്ടുന്ന മൂന്നു വെല്ലുവിളികളെ പട്ടികപ്പെടുത്തുക
6) മതേതരത്വത്തിന്റെ ആശയത്തെ കുറിച്ച് എഴുതുക
7) പോസ്റ്റ്-ബിഹേവിയറലിസത്തിന്റെ അടിസ്ഥാന ആശയം വിശദീകരിക്കുക

III താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം നൽകുക

1) രാഷ്ട്രീയ ശാസ്ത്രത്തിന്റ സ്വഭാവം വിശദീകരിക്കുക
2) അധികാരം എന്ന ആശയം നിർവചിക്കുക
3) അരിസ്റ്റോട്ടിലും പ്ലേറ്റോയും തമ്മിലുള്ള ബന്ധം എഴുതുക
4) രാഷ്ട്രീയ ശാസ്ത്രത്തിന്റ ദാർശനിക സമീപനം വിശദീകരിക്കുക
5) രാഷ്ട്രീയ ശാസ്ത്രം ഇല്ലാത്ത ചരിത്രം ഫലമില്ല ചരിത്രമില്ലാത്ത രാഷ്ട്രീയ ശാസ്ത്രത്തിന് വേരുകളില്ല- ജോൺസിലി, വിശദീകരിക്കുക
6) രാഷ്ട്രീയ ശാസ്ത്രത്തിനോടുള്ള നിയമപരമായ സമീപനം വിശദീകരിക്കുക

11th Std Political Science_Ch_1_Malayalam.indd 16 14/02/2023 18:47:21

IV ഇനി പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക

1) രാഷ്ട്രീയ ശാസ്ത്രം ഒരു കലയാണോ അതോ ശാസ്ത്രമാണോ? നിങ്ങളുടെ ഉത്തരം വിശദീകരിക്കുക

2) രാഷ്ട്രീയ ശാസ്ത്രവും മറ്റ് സാമൂഹിക ശാസ്ത്രങ്ങളും തമ്മിലുള്ളഅള ബന്ധം വിശദീകരിക്കുക

3) രാഷ്ട്രീയ ശാസ്ത്രം പഠിക്കാനുള്ള പരമ്പരാഗത സമീപനങ്ങൾ വിശദീകരിക്കുക

4) പോസ്റ്റ്-ബിഹേവിയറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുക

5) മതത്തിന്റെ പിടിയിൽ നിന്ന് രാഷ്ട്രീയം എന്ന വിഷയം പുറത്തിറക്കിയ സന്ദർഭം വിശദീകരിക്കുക

ഗ്രന്ഥസൂചിക

1. Robert Garner, Peter Ferdinand, Stephen Lawson, Introduction to Politics, Oxford University Press, New York, 2009.
2. O.P. Gauba, An Introduction to Political Theory, Macmillan Publishers India Ltd, New Delhi, 2009.

കൂടുതൽ ഗ്രന്ഥങ്ങൾ

1. Plato, The Republic.
2. Aristotle, Politics.
3. Laski, Harold J. A.Grammar of Politics. London: George Allen & Unwin, 1925.
4. International Encyclopedia of Political Science.

11th Std Political Science_Ch_1_Malayalam.indd 17 14/02/2023 18:47:21

യൂണിറ്റ്
2

രാഷ്ട്രം





പ്രിയ വിദ്യാർത്ഥികളെ കഴിഞ്ഞ അദ്ധ്യായത്തിൽ രാഷ്ട്രീയ ശാസ്ത്രത്തെക്കുറിച്ച് ഒരു ആമുഖം നിങ്ങൾക്ക് പരിചയപ്പെടുത്തി. രാഷ്ട്രീയ ശാസ്ത്രം എന്താണ് കൈകാര്യം ചെയ്യുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? സസ്യശാസ്ത്രത്തിൽ സസ്യങ്ങളെക്കുറിച്ചും സമൂഹശാസ്ത്രത്തിൽ സമൂഹത്തെക്കുറിച്ചും അറിയുമ്പോൾ രാഷ്ട്രീയ ശാസ്ത്രത്തിൽ നാം എന്തിനെക്കുറിച്ചാണ് അറിയുന്നത്? രാഷ്ട്രീയ ശാസ്ത്രത്തിന്റെ പ്രധാന പഠന ലക്ഷ്യമെന്താണ്.



ആമുഖം

രാഷ്ട്രത്തെക്കുറിച്ചുള്ള ചിട്ടയായ പഠനമാണ് രാഷ്ട്രീയ ശാസ്ത്രം. നാമെല്ലാം ഒരു രാഷ്ട്രത്തിന്റെ കീഴിലാണ് ജീവിക്കുന്നത്. ലോകത്തെ പല രാഷ്ട്രങ്ങളുടെയും ഒരു രൂപമായിട്ടാണ് കാണുന്നത്. ഒരു പ്രദേശത്തിന്റെ രാഷ്ട്രീയ, സാംസ്കാരിക, മത സാമ്പത്തിക സാഹചര്യങ്ങളുടെ ചരിത്രപരമായ പ്രക്രിയയിൽ നിന്നാണ് ഒരു ആശയം എന്ന നിലയിൽ രാഷ്ട്രം രൂപം കൊണ്ടത്. ഇന്ന് സ്റ്റേറ്റ് എന്ന വാക്ക് പരാമർശിക്കുകയും ഉപയോഗിക്കുകയും ചെയ്യുമ്പോൾ അത് സാധാരണയായി ആധുനിക രാഷ്ട്രത്തെ സൂചിപ്പിക്കുന്നു ഇന്ന് ലോകം ആധുനിക രാഷ്ട്രങ്ങളെ ഉൾക്കൊള്ളുന്നു. ആധുനിക രാഷ്ട്രം എന്നത് ഭരണാധികാരികളും, മറ്റു ജനങ്ങളും, നിയമങ്ങളും ഉൾക്കൊള്ളുന്ന ആധുനിക കാലത്തിന് മുമ്പുള്ള രാഷ്ട്രത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ് രാഷ്ട്രീയ ശാസ്ത്രം വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് (രാഷ്ട്രം) എന്താണെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും.

പഠന ലക്ഷ്യങ്ങൾ

- രാഷ്ട്രത്തെക്കുറിച്ചുള്ള വിശദീകരണം നൽകുന്ന ഈ അധ്യായം രാഷ്ട്രീയ ശാസ്ത്ര പഠനത്തിന്റെ പ്രധാന ആശയങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ നിങ്ങളെ പ്രാപ്തരാക്കും പ്രത്യേകിച്ചും രാഷ്ട്രവും അതിന്റെ പ്രവർത്തനങ്ങളും.
- ഭരണകൂടത്തെക്കുറിച്ചുള്ള വിവിധ ചിന്തകരുടെ വ്യത്യസ്ത കാഴ്ചപ്പാടുകൾ.
- രാഷ്ട്രത്തിന്റെ ഘടകങ്ങൾ നിങ്ങൾക്ക് പരിചയപ്പെടുത്തുക.
- സമൂഹം, ഗവൺമെന്റ്, രാഷ്ട്രം എന്നിവ തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ നിങ്ങളെ സഹായിക്കുന്നു.
- ആധുനിക രാഷ്ട്രം ക്ഷേമരാഷ്ട്രം സോഫ്റ്റ് സ്റ്റേറ്റ് എന്നിവയുടെ ആശയങ്ങൾ പരിചയപ്പെടുത്തുക.

2.1 രാഷ്ട്രത്തിന്റെ അർത്ഥവും നിർവചനവും

എല്ലാ സാമൂഹിക സ്ഥാപനങ്ങളിലും ഏറ്റവും സാർവ്വത്രികവും ശക്തവുമാണ് രാഷ്ട്രം. ഇതൊരു പ്രകൃതിദത്ത സ്ഥാപനമാണ്. **അരിസ്റ്റോട്ടിലിന്റെ** അഭിപ്രായത്തിൽ മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ് കൂടാതെ സ്വഭാവമനുസരിച്ച് അവൻ/അവൾ ഒരു രാഷ്ട്രീയ വ്യക്തിയുമാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രത്ത് ജീവിക്കുക, ഒരു മനുഷ്യനാകുക എന്നിവയായിരുന്നു. 'സ്റ്റാറ്റസ്' എന്ന പദത്തിൽ നിന്നാണ് 'സ്റ്റേറ്റ്' എന്ന ആധുനിക പദം രൂപം കൊണ്ടത്. **നിക്കോളോമാക്കിയ** ആണ് തന്റെ രചനകളിൽ സ്റ്റേറ്റ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ജീവിതത്തിന്റെ അടിസ്ഥാന ആവശ്യത്തിനും

11th Std Political Science_Ch_2_Malayalam.indd 18 14/02/2023 18:49:21

നിലനിൽപ്പിനും ഭരണകൂടം ആവശ്യമാണ്.നല്ല ജീവിതത്തിന് ഇത് ആവശ്യമാണ് മനുഷ്യന്റെ ലക്ഷ്യങ്ങൾ, ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ എന്നിവ പല പ്രവർത്തനങ്ങളിലൂടെ രാഷ്ട്രത്തിലേക്ക് മാറ്റപ്പെടുന്നു.ഭരണകൂടം അത്യാവശ്യമായ ഒരു സ്ഥാപനമാണെങ്കിലും രണ്ട് എഴുത്തുകാരും അതിന്റെ നിർവചനത്തെ അംഗീകരിക്കുന്നില്ല. ഈ വിയോജിപ്പാണ് രാഷ്ട്രപഠനം സൃഷ്ടി



പരവും രസകരവുമാക്കുന്നത്. ഉദാഹരണത്തിന് രാഷ്ട്രീയ ശാസ്ത്രത്തിൽ സോഷ്യൽ കോൺട്രാക്റ്റ് സിദ്ധാന്തമുണ്ട്. തോമസ് ഹോബ്സ്, ജോൺ ലോക്ക് ജീൻ ജാക്വിസ് റൂസോ എന്നിവരാണ് സോഷ്യൽ കോൺട്രാക്റ്റുമായി ബന്ധപ്പെടുന്ന മൂന്ന് പ്രധാന ചിന്തകർ മനുഷ്യരെ ഭരണകൂടം നിയന്ത്രിക്കേണ്ടതുണ്ടെന്ന് മൂന്നു ചിന്തകരും കൂട്ടായി സമ്മതിക്കുന്നു അതേസമയം മനുഷ്യർക്കുമേൽ ഭരണകൂടത്തിന് എത്രത്തോളം നിയന്ത്രണം ഏർപ്പെടുത്താമെന്നതിനെക്കുറിച്ചും അവർ വിയോജിക്കുന്നു.

രാഷ്ട്രീയ ചിന്തകർ	മനുഷ്യപ്രകൃതം	പ്രകൃതത്തിന്റെ അവസ്ഥ	സാമൂഹികകരാർ
ഹോബ്സ്	ഓരോ മനുഷ്യനും തന്റെ സഹമനുഷ്യനോട് ചെന്നായയെപ്പോലെ പകയോട് ഇരിക്കുന്നു	യുദ്ധത്തിന്റെ അവസ്ഥ	പ്രബല രാഷ്ട്രം
ലോക്ക്	മനുഷ്യന് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്	സ്വത്ത് സുരക്ഷിതമല്ല	പൊതുനന്മക്കായി ഉള്ള കൂട്ടായ്മ
റൂസോ	മനുഷ്യൻ സ്വതന്ത്രനാണ് എന്നാൽ അധാർമ്മികനാണ്	സുരക്ഷയോധാർമ്മികതയോ ഇല്ല	പൊതുവായ ഇച്ഛാശക്തിയാൽ നയിക്കപ്പെടുന്ന ഭരണകൂടം

പ്രവർത്തനം

എന്നെ കണ്ടെത്തുക....

കരാർ വാദികൾ എന്നു വിളിക്കപ്പെടുന്ന മൂന്ന് പ്രധാന വക്താകളാണ് രാഷ്ട്രസിദ്ധാന്തം മൂന്നോട്ട് വച്ചത് മനുഷ്യരെ ഭരണകൂടം നിയന്ത്രിക്കേണ്ടതുണ്ടെന്ന് മൂവരും സമ്മതിച്ചു. എന്നാൽ ആ നിയന്ത്രണം ഏത്രത്തോളം അവരുടെ സവിശേഷമായ രീരിയിൽ ചർച്ച ചെയ്യപ്പെട്ടു. ഇതിൽ മൂന്ന് പേർ ആരാണെന്ന് കണ്ടെത്തുക?





2.2 രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങൾ

ജനങ്ങളുടെ മേൽ ചോദ്യം ചെയ്യപ്പെടാത്ത അധികാരമുള്ള ഒരു കൂട്ടം സ്ഥാപനങ്ങളാണ് രാഷ്ട്രം. അതിനാൽ എല്ലാ ആധുനിക രാഷ്ട്രങ്ങൾക്കും അവരുടേതായ ഒരു ഭരണഘടനയുണ്ട്.അത് ഒരു രാഷ്ട്രത്തിന്റെ പൗരന്മാരുടെ സ്വാതന്ത്ര്യത്തെയും അധികാരത്തെയും ചോദ്യം ചെയ്യപ്പെടാത്തതുമായ ശക്തി ഉപയോഗിച്ച് മിതപ്പെടുത്തിയിരിക്കുന്നു.അതിനാൽ പരിമിതപ്പെടുത്തുന്ന ഏജന്റായി ഭരണഘടനയെ പരിഗണിക്കപ്പെടുന്നു.

1933-ൽ നടന്ന രാഷ്ട്രങ്ങളുടെ അവകാശങ്ങളും കടമകളും സംബന്ധിച്ച **മോണ്ടെവീഡിയോ** കൺവെൻഷൻ രാഷ്ട്രത്തെ ക്കുറിച്ച് അടിസ്ഥാന പരമായധാരണ നൽകി ഒരു രാഷ്ട്രത്തിന് സ്ഥിരമായ ഒരു ജനസംഖ്യയും നിർവചിക്കപ്പെട്ട പ്രദേശവും പ്രദേശത്തെയും അവിടുത്തെ ജനങ്ങളെയും നിയന്ത്രിക്കാനും കഴിയുന്ന ഒരു ഗവൺമെന്റ് ഉണ്ടായിരിക്കണം. ജനങ്ങൾ മറ്റ് രാഷ്ട്രങ്ങളുമായും ബന്ധം പുലർത്തണം തൽഫലമായി ഒരു രാഷ്ട്രത്തെ മറ്റ് രാഷ്ട്രങ്ങൾ അംഗീകരിക്കുന്നു.

11th Std Political Science_Ch_2_Malayalam.indd 19 14/02/2023 18:49:23

ഭരണകൂടത്തിന്റെ നിർവചനം

- **അരിസ്റ്റോട്ടിൽ** ഭരണകൂടത്തെ നിർവ്വചിച്ചത് കൂടുംബങ്ങളുടെയും ഗ്രാമങ്ങളുടെയും ഒത്തു ചേരലാണ്, അതിന്റെ ലക്ഷ്യത്തിനായും സന്തോഷത്തിനായും മാന്യമായ ജീവിതം കൂടാതെ പൂർണ്ണമായ സ്വയം പര്യാപ്തവുമായ ജീവിതം, എന്നാണ് അർത്ഥമാക്കുന്നത്.
- **ഹോളണ്ട്**, ഭരണകൂടം പൊതുവെ ഒരു പ്രത്യേക പ്രദേശം കൈവശമുള്ള ഭൂരിപക്ഷ മനുഷ്യരുടെ ഒത്തുചേരലാണ്. എന്നാൽ അവർക്കിടയിൽ എണ്ണത്തിൽ കുറവായ മനുഷ്യരുടെ മേൽ അധികാരം ചെലുത്തുന്നതിനെ ന്യായീകരിക്കുന്നു.
- **ബർഗസ്** ഭരണകൂടത്തെ നിർവ്വചിക്കുന്നത് - ഒരു സംഘടിത യൂണിറ്റായി കാണപ്പെടുന്ന മനുഷ്യരാശിയുടെ ഒരു പ്രത്യേക വിഭാഗം എന്നാണ്.
- **ഗാർനർ** പറയുന്നതനുസരിച്ച് ഒരു ജനക്കൂട്ടം ബാഹ്യ നിയന്ത്രണരഹിതമായ ഒരുനിശ്ചിത ഭൂപ്രദേശം കൈവശപ്പെടുത്തുന്നതും അവർക്കിടയിൽ ഉണ്ടായ പതിവ് കീഴ്പ്പെടുത്തലിനെ കാണിക്കുന്ന ഒരുസംഘടിത ഗവൺമെന്റ് കൈവശമുള്ളതുമായ ഒരു ജന വിഭാഗമാണ് രാഷ്ട്രം



ജനസംഖ്യാ കണക്ക് 2011

ഇന്ത്യയുടെ 15-ാമത്തെ സെൻസസ് 1872,

ചെലവ് ₹ 22,00 കോടി

ഒരാളുടെ ചെലവ് ₹ 18.19

സോൻസസ് പ്രവർത്തകരുടെ എണ്ണം 0.27 കോടി

അനുബന്ധ അഭിപ്രായങ്ങൾ, ചെയ്ത ഭാഷകളുടെ എണ്ണം 16,

പരീഷിലന രഘു ഗ്രന്ഥങ്ങൾ തയ്യാറാക്കിയ ഭാഷകളുടെ എണ്ണം 18,

ഉപയോഗിച്ച പേപ്പർ 8000 മെട്രിക്ടൺ

ആവശ്യശേഷം നീക്കം ചെയ്ത് 10500 മെട്രിക്ടൺ



യു.എസ്.എ, ഇന്തോനേഷ്യ ബ്രസീൽ പാക്കിസ്ഥാൻ, ബംഗ്ലാദേശ് ജപ്പാൻ എന്നീ രാജ്യങ്ങളിലെ മൊത്തം ജനസംഖ്യക്ക് തുല്യമാണ് ഇന്ത്യയിലെ 121.02 കോടി ജനസംഖ്യ

2001-2011 ലെ ദശകത്തിനാണ് (1911-1921 ഒഴികെ) കഴിഞ്ഞ ദശകങ്ങളെ അപേക്ഷിച്ച് ജനസംഖ്യാകുറവ്

2001-2011 ദശകത്തിൽ ജനസംഖ്യ 18.1 കോടിയിൽ കൂടുതൽ വർദ്ധിച്ചു

ദേശീയ തലത്തിൽ മൊത്തത്തിലുള്ള ലിംഗാനുപാതം 2001-ലെ സെൻസസ് മുതൽ 7 പോയിന്റ് വർദ്ധിച്ച് 940 -ലെത്തി



ജനസംഖ്യാനിരക്ക് 2011: ജനസംഖ്യാഭിസ്ഥാനം 121.02 കോടി

11th Std Political Science_Ch_2_Malayalam.indd 20 14/02/2023 18:49:23

ജനസംഖ്യ

ജനങ്ങളാണ് രാഷ്ട്രത്തെ സൃഷ്ടിക്കുന്നത് ജനസംഖ്യ രാഷ്ട്രത്തിന് അത്യാവശ്യമാണ് ജന സംഖ്യയുടെ വലുപ്പം എന്തായിരിക്കണം എന്നത് പുരാതനകാലം മുതലുള്ള ചിന്തകർ ചർച്ച ചെയ്തതാണ്. **പ്ലാറ്റോ** പറയുന്നതനുസരിച്ച് അനു യോജ്യമായ സംഖ്യ 5040 ആയിരിക്കും **അരി സ്റ്റോട്ടിലിന്റെ** അഭിപ്രായത്തിൽ ഈ സംഖ്യയെ ക്കാൾ വളരെ കൂടുതലോ, ചെറുതോ ആയിരി ക്കരുത് ഇത് സ്വയം പര്യാപ്തമാകാൻ, സാധി ക്കുന്നതും, അതേ സമയം നല്ല രീതിയിൽ ഭരി ക്കാൻ കഴിയുന്നത്ര വിധത്തിൽ ജനസംഖ്യയും ഉണ്ടായിരിക്കണം ഒരു രാഷ്ട്രത്തിന് അനുയോജ്യ മായ സംഖ്യ 10000 ആയി **റൂസോ** നിർണ്ണയിച്ചു. പുരാതന ചിന്തകരുടെ എണ്ണം ചെറിയ നഗരത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. (ഏഥൻസ്, സ്പാർട്ട തുടങ്ങിയ രാഷ്ട്രങ്ങൾ) ആധുനിക രാഷ്ട്രങ്ങൾ ജനസംഖ്യയിൽ വ്യത്യാസപ്പെട്ടിരി ക്കുന്നു 2011-ലെ ജനസംഖ്യ കണക്ക് പ്രകാരം ഇന്ത്യയിൽ 121.02 കോടി ജനസംഖ്യയുണ്ട്.

നിങ്ങൾക്ക് അറിയാമോ?

പ്ലാറ്റോ പറയുന്നതനുസരിച്ച് ഒരു മാതൃകാ രാജ്യത്തിന്റെ ജനസംഖ്യ 5040-ആണ് കാരണം 5040 എന്ന സംഖ്യയെ 1 മുതൽ 12 വരെയുള്ള സംഖ്യകളാൽ ഹരിക്കാം 11-ന്റെ കാര്യത്തിൽ ശിഷ്ടം 2 ആണ് അടിയന്തിര സമയത്ത് ജനസംഖ്യയെ വിവിധ നിരകളായി തിരിച്ച് നിർദ്ദേശങ്ങൾ നൽകാൻ ഇത് സഹായിക്കും.

ഭൂപ്രദേശം

ജനങ്ങൾക്ക് ജീവിക്കാനും സാമൂഹികമായും രാഷ്ട്രീയമായും സ്വയം സംഘടിക്കാനും ഭൂപ്ര ദേശം ആവശ്യമാണ് രാഷ്ട്രം എന്നു പറയു മ്പോൾ അതിൽ കര, ജലം വായു എന്നിവ ഉൾപ്പെടുന്നു. ആധുനിക രാഷ്ട്രങ്ങൾ അവയുടെ വലുപ്പത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പൗരാധി കാരത്തിന് ഭൂപ്രദേശം ആവശ്യമാണ് ജനസംഖ്യ യുടെ കാര്യത്തിലെന്ന പോലെ, രാഷ്ട്രത്തിന്റെ വിസ്തൃതിയുടെ കാര്യത്തിൽ ഒരു നിശ്ചിത വലു പ്പം നിശ്ചയിക്കാൻ കഴിയില്ല. ചെറുതും വലുതു മായ രാഷ്ട്രങ്ങളുണ്ട് പ്രൊഫ എലിയറ്റിന്റെ അഭിപ്രായത്തിനൽ, പരമാധികാരം അല്ലെങ്കിൽ ഭരണകൂടത്തിന്റെ മേധാവിത്വം, അതിന്റെ അതിരു കൾക്കുള്ളിൽ, ബാഹ്യ നിയന്ത്രണത്തിൽ നിന്നുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം എന്നിവയാണ് ആധുനിക രാഷ്ട്ര ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ.

ഇന്ത്യയുടെ വിസ്തീർണ്ണം 32,87,263 ചതുരശ്ര കിലോമീറ്റർ ആണ് ഇന്ത്യ ആഗോള ഭൂപ്രദേശത്തിന്റെ 2.4% മാണ് ഇന്ത്യൻ ഭരണ ഘടനയുടെ ആരംഭത്തിൽ ഇന്ത്യൻ ഭൂപ്രദേശ ത്തെക്കുരിച്ച് വിവരിച്ചിട്ടുണ്ട്.

ഭൂപ്രദേശത്തിനുമേലുള്ള പരമാധികാരത്തിന്റെ പേരിൽ ഒരു രാഷ്ട്രത്തു നിന്ന് മറ്റൊരു രാഷ് ട്രത്തേക്ക് വ്യക്തികളെ മാറ്റുന്നതിന് നിയന്ത്ര ണമുണ്ട് എന്നാൽ ഒരു രാജ്യത്ത് ഇരുന്നു കൊണ്ട് നിങ്ങൾക്ക് ഇന്റർനെറ്റ് ഉപയോഗിച്ച് മറ്റൊരു വ്യക്തിയുമായി ആശയ വിനിമയം നട ത്താൻ കഴിയും. രാഷ്ട്രങ്ങളുടെ അധികാരവു മായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. സോ ഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റുകളായ ഫെസ്ബുക്ക്. ടിറ്റർ യൂട്യൂബ് എന്നിവ ചില രാജ്യങ്ങളിൽ നിരോധിക്കുന്നത് എന്തുകൊണ്ടാ ണെന്ന് പരിശോധിക്കുക

സർക്കാർ

രാഷ്ട്രത്തിന്റെ പ്രവർത്തന ഏജൻസിയാണ് സർക്കാർ ഇത് രാഷ്ട്രത്തിന്റെ രാഷ്ട്രീയ സംഘടനയാണ് ഇന്ത്യൻ പൊളിറ്റിക്കൽ സയന്റിസ്റ്റ് **പ്രൊഫ. എ. അപ്പദുരൈ** സർക്കാരിനെ നിർവ്വചിച്ചത് ഏജൻസി എന്നാണ് ഇതിലൂടെ രാഷ്ട്രത്തിന്റെ ഇച്ഛാശക്തി രൂപപ്പെടുത്തുകയും പ്രകടിപ്പിക്കുകയും സാക്ഷാതക്കരിക്കുകയും ചെയ്യുന്നു. **സി. എഫ്. സ്ട്രാങ്ങിന്റെ** അഭിപ്രാ യത്തിൽ നിയമങ്ങൾ നിർമ്മിക്കാനും നടപ്പാക്കാ നും രാഷ്ട്രത്തിന് ഒരു പരമോന്നത അധികാരം ഉണ്ടായിരിക്കണം സർക്കാരിന് ഒരു നിശ്ചിത ഘടനയാണ് ഉള്ളത്.

പരമാധികാരം

രാഷ്ട്രത്തിന്റെനാലാമത്തെ ആവശ്യഘടകം പരമാധികാരമാണ് സുപ്പിറെനസ് എന്ന വാക്കി ന്റെ അർത്ഥം പരമോന്നതവും,അന്തിമവും നിയമ പരവുമായ അധികാരം എന്നാണ് പരമാധി കാരത്തിനപ്പുറം നിയമപരമായ ഒരു അധികാരം നിലനിൽക്കില്ല പരമാധികാരം എന്ന ആശയം ആധുനിക ഭരണകൂടത്തിന്റെ ഉയർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു.സൂപ്പറെനസ് എന്ന ലാറ്റിൻ

11th Std Political Science_Ch_2_Malayalam.indd 21 14/02/2023 18:49:24

പദത്തിൽ നിന്നാണ് പരമാധികാരം എന്ന പദം ഉത്ഭവിച്ചത് അതിന്റെ അർത്ഥം പരമോന്നതം എന്നാണ്.

പരമാധികാരത്തിന്റെ സവിശേഷതകൾ സമ്പൂർണ്ണത, സ്ഥിരത സാർവ്വത്രികത അഭിഭാജ്യത, പ്രത്യേകത എന്നിവയാണ്. ആധുനിക പരമാധികാര സിദ്ധാന്തത്തിന്റെ പിതാവ് **ജീൻബോഡിൻ** (1530 – 1597) ആണ് ഒരു ഫ്രഞ്ച് രാഷ്ട്രീയ ചിന്തകൻ **ഹരോൾഡ്. ജെ ലാസ്കി** പറയുന്നത് ഇപ്രകാരമാണ് പരമാധികാരം കൈവശപ്പെടുത്തിയാണ് ഭരണകൂടത്തെ മറ്റെല്ലാതരത്തിലുള്ള മനുഷ്യ കൂട്ടായ്മകളിൽ നിന്നും വേർതിരിക്കുന്നുത് കൂടുംബം സമൂഹം സ്വയമേധയാ ഉള്ള സംഘടന എന്നിവയിൽ നിന്ന് മനുഷ്യർ സ്വയം തിരിച്ചറിയുന്ന ഒന്നാണ് ഹ്യൂമൻ അസോസിയേഷൻ.

നിങ്ങൾക്ക് അറിയാമോ

- ജനാധിപത്യത്തിൽ സ്ഥിരമായ ഒരു മുഖ്യമന്ത്രിയോ സ്ഥിരം പ്രധാനമന്ത്രിയോ ഉണ്ടോ?
- ഇവരുടെ പരമാവധി ഔദ്യോഗിക കാലാവധി കണ്ടത്തുക.ഒരു വ്യക്തിയെ അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റായി തെരഞ്ഞെടുക്കാമോ? എന്തുകൊണ്ട്?



പ്രവർത്തനം

ഇന്ത്യ സർക്കാർ നൽകിയ പത്രപരസ്യം നോക്കു. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

- രാഷ്ട്രം എന്ന വാക്കുകൊണ്ട് നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്?
- നിങ്ങളുടെ ദൈനംദിന ജീവിതവുമായി സർക്കാർ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കരുതുന്ന അഞ്ച് കാര്യങ്ങൾ പട്ടികപ്പെടുത്തുക.
- എല്ലാവർക്കുമായി നിയമങ്ങളുടെ രൂപത്തിൽ രാഷ്ട്രം നിയമങ്ങൾ നിർമ്മിക്കേണ്ടതുണ്ടെന്ന് കരുതുന്നത് എന്തുകൊണ്ട്?

2.3 സമൂഹം, രാഷ്ട്രം, സർക്കാർ

സമൂഹം രാഷ്ട്രം സർക്കാർ അവ എങ്ങനെ പരസ്പരബന്ധിതമാണ്?

ചരിത്രപരമായി മനുഷ്യൻ വേട്ടക്കാരനിൽ നിന്ന് ഒരു കുടിയേറ്റ സമൂഹത്തിലേക്ക് പരിണമിച്ചപ്പോൾ അവൻ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. കുടുംബങ്ങളുടെ കൂട്ടം ഒരു കമ്യൂണിറ്റിയായിരുന്നു. ഒരു കൂട്ടം കമ്യൂണിറ്റികളെ ഒരു സമൂഹം എന്ന് നാം വിളിക്കുന്നു.വ്യക്തികൾ അവരുടെ വൈവകാരിക ആവശ്യങ്ങൾക്കായി പലപ്പോഴും കൂടുംബങ്ങളായി ജീവിച്ചിരുന്നു.



സുരക്ഷയുടെ വലിയ ലക്ഷ്യത്തിനായി കുടുംബങ്ങൾ സമൂദായത്തിന്റെ കൂടക്കീഴിൽ ഒത്തുകൂടി അങ്ങനെ രൂപംകൊണ്ടകമ്യൂണിറ്റികൾ സമൂഹം എന്ന ഉയർന്ന തലത്തിലുള്ള സംഘടന ഉണ്ടാക്കി.

സമൂഹം അധപതിക്കുമ്പോൾ അത് സമൂഹങ്ങളിലും, ആത്യന്തികമായി അതിന്റെ ഫലം കൂടുംബങ്ങളിലും സ്വാധീനം ചെലുത്തുന്നു. ഒപ്പം ഓരോ വ്യക്തിയെയും കഷ്ടപ്പാടുകളിലേക്ക് നയിക്കും അതിനാൽ ഈ കാരണത്താലാണ് മനുഷ്യർ ഒത്തു ചേർന്നത്. ജനങ്ങളെ നയിക്കപ്പെടേണ്ട ഭരണകൂടത്തിന്റെ ആവശ്യകതയെക്കുറിച്ച് അവർ മനസ്സിലാക്കി.

11th Std Political Science_Ch_2_Malayalam.indd 22 14/02/2023 18:49:24

കേന്ദ്രീകൃതവും നിർബന്ധിതവുമായ ഒരു അധികാരത്തിന്റെ അഭാവത്തിൽ മനുഷ്യനെ പരസ്പരം രക്ഷിക്കാനാവില്ല എന്ന ആസന്നമായ ആവശ്യത്തിൽ നിന്നാണ് രാഷ്ട്രം നിലവിൽ വന്നത്. ആധുനിക രാഷ്ട്രങ്ങളിലെ ഈ നിയന്ത്രണം നിയമപരമായും ഒരു കൂട്ടം നിയമങ്ങളിലൂടെയാണ് നടക്കുന്നത്.ഒ രു ജനാധിപത്യത്തിൽ ഈ നിയമങ്ങളും ചട്ടങ്ങളും നിയമനിർമ്മാണ സഭ രൂപപ്പെടുത്തിയതാണ്. കൂടാതെ ജൂഡീഷ്യറി നിർമ്മിച്ച നിയമങ്ങളെയും നടപ്പാക്കിയ നിയമങ്ങളെയും അവയുടെ നിയമസാധ്യതയുടെ അടിസ്ഥാനത്തിൽ വിധിന്യായത്തിൽ വിലയിരുത്തുന്നു. നിയമനിർമ്മാണം നടപ്പാക്കൽ വ്യാഖ്യാനിക്കൽ എന്നിവ സർക്കാരിന്റെ പ്രവർത്തനങ്ങളാണ്.

സമൂഹത്തിൽ ധാരാളം വ്യകതികൾ ഗ്രൂപ്പുകൾ കുടുംബങ്ങൾ എന്നിവയുടെ ഒരു വലിയ സംഖ്യ അടങ്ങിയിരിക്കുന്നു ആദ്യകാല രാഷ്ട്രീയ ചിന്തകർ ഭരണകൂടത്തെയും സമൂഹത്തെയും ഒന്നായികണക്കാക്കി രാഷ്ട്രം സമൂഹത്തിന്റെ ഭാഗമാണെങ്കിലും അത് സമൂഹത്തിന്റെ ഒരു രൂപമല്ല രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സഭാധികാരം ഒന്നുതന്നെയാണ് എന്നാൽ അവയുടെ ഉദ്ദേശവുമായി ബന്ധപ്പെട്ട് അവ വ്യത്യാസപ്പെട്ടിരിക്കുന്നു.

മഹത്തായതും എന്നാൽ ഏകവുമായ ഒരു ലക്ഷ്യത്തിനായി രാഷ്ട്രം നിലനിൽക്കുന്നു. സമൂഹം നിരവധി ചെറുതും വലുതുമായ ആവശ്യങ്ങൾക്കായി നിലനിൽക്കുന്നു. സംഘടനയുടെ കാഴ്ച്ചപ്പാടിൽ രാഷ്ട്രം ഒരൊറ്റ സംഘടനയാണ് നിയമപരമാണ് അതേ സമയം സമൂഹത്തിൽ പല സംഘടനകളും ഉൾക്കൊള്ളുന്നു. സമ്മർദ്ദത്തിലൂടെയും കൃത്യമായ കീഴ്പ്പെടുത്തലിലൂടെയും ഭരണകൂടം മനുഷ്യരുടെ മേൽ നിയന്ത്രണം ചെലുത്തുന്നു. മറുവശത്ത് സമൂഹം സ്വമേധയാ പ്രവർത്തിക്കുന്ന ഒരു രീതി ഉപയോഗിക്കുന്നു. സമൂഹത്തിൽ സംഘടനയുടെ ബാഹുല്യം ഉണ്ടാകുന്ന അവസരങ്ങളിൽ ഒരു സംഘടന ഉപേക്ഷിക്കുവാനും മറ്റൊന്നിൽ ചേരാനും ധാരാളം അവസരങ്ങൾ നൽകുന്നു. നിർബന്ധിത ശക്തിയുടെ കേന്ദ്രീകൃത അധികാര മില്ലാത്ത ഒരു രാഷ്ട്രത്തെയും അനുനയിപ്പിക്കുന്ന രീതിയില്ലാത്ത ഒരു സമൂഹത്തെയും നിങ്ങൾ മനസ്സിലാക്കണം.

രാഷ്ട്രം	സമൂഹം
സമൂഹത്തിന്റെ ഉത്ഭവത്തിനുശേഷം രാഷ്ട്രം നിലവിൽ വന്നു.	സമൂഹം രാഷ്ട്രത്തിന് മുമ്പാണ്.
രാഷ്ട്രത്തിന്റെ വ്യാപ്തിപരിമിതമാണ്.	സമൂഹത്തിന്റെ വ്യാപ്തി വളരെ വിശാലമാണ്.
രാഷ്ട്രത്തിന് നിശ്ചിത ഭൂപ്രദേശമുണ്ട്.	സമൂഹത്തിൽ നിശ്ചിത ഭൂപ്രദേശമില്ല.
രാഷ്ട്രം ഒരു രാഷ്ട്രീയ സംഘടനയാണ്.	സമൂഹം ഒരു സാമൂഹിക സംഘടനയാണ്.
നിയമങ്ങൾ നടപ്പാക്കാൻ രാഷ്ട്രത്തിന് അധികാരമുണ്ട്.	നിയമങ്ങൾ നടപ്പാക്കാൻ സമൂഹത്തിന് അധികാരമില്ല

രാഷ്ട്രം	സർക്കാർ
ജനസംഖ്യ, പ്രദേശം സർക്കാർ, പരമാധികാരം എന്നിവ ഉൾക്കൊള്ളുന്നതാണ് സംസ്ഥാനം.	സർക്കാർ സംസ്ഥാനത്തിന്റെ ഭാഗമാണ്.
യഥാർത്ഥ അധികാരങ്ങൾ രാഷ്ട്രത്തിനുണ്ട്	സർക്കാരിന്റെ അധികാരങ്ങൾ രാഷ്ട്രത്തിൽ നിന്ന് ഉണ്ടായതാണ്.
രാഷ്ട്രം ശാശ്വതവും എന്നെന്നേക്കുമായി തുടരുന്നു	സർക്കാർ താൽക്കാലികമാണ് ജനങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് സർക്കാരുകളെ മാറ്റി സ്ഥാപിക്കും
രാഷ്ട്രം അമൂർത്തവും അദൃശ്യവുമാണ്	സർക്കാർമൂർത്തവും ദൃശ്യവുമാണ്.

11th Std Political Science_Ch_2_Malayalam.indd 23 14/02/2023 18:49:24

രാഷ്ട്രവും സർക്കാരും

സർക്കാർ എന്ന പദം പലപ്പോഴും സ്റ്റേറ്റ് എന്നതിന്റെ പര്യായമായി ഉപയോഗിക്കുന്നു. എന്നാൽ സർക്കാരും രാഷ്ട്രവും വ്യത്യസ്തങ്ങളാണ് അവ ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ വിശദീകരിച്ചിരിക്കുന്നു.

ആധുനിക സംസ്ഥാനം

ആധുനിക രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് മുമ്പ് ആധുനികത എന്താണ് എന്ന് നിങ്ങൾ മനസിലാക്കണം. ഒരു ആധുനിക രാഷ്ട്രം എന്ന് വിളിക്കുന്നത് എന്താണ്?

ചരിതപരമായി ആധുനികത എന്ന പദം പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നതിനോ അല്ലെങ്കിൽ പഴയ വിശ്വസങ്ങൾ, ആചാരങ്ങൾ സാമൂഹിക സാംസ്ക്കാരിക മാനദണ്ഡങ്ങൾ എന്നിവ നിരസിക്കുന്നതിനോ ആണ് വ്യക്തിത്വം, സ്വാതന്ത്ര്യം, സമത്വംകൂടാതെ ജീവിതത്തിന്റെ ഓരോ നടത്തത്തിലും ശാസ്ത്രീയമാനസികാവസ്ഥ വളർത്തൽ എന്നിവക്കും ആധുനികത അടിത്തറയിട്ടു. അതിനാൽ ആധുനികത മനുഷ്യരെ കാർഷിക വൽക്കരണത്തിൽ നിന്ന് വ്യവസായ വൽക്കരണം, നഗരവൽക്കരണം, മതേതരവൽക്കരണം എന്നിവയിലേക്ക് നയിച്ചു. ഈബുദ്ധിപരമായ മാറ്റം സമൂഹത്തെയും രാഷ്ട്രത്തെയും സർക്കാരിനെയും മനസ്സിലാക്കുന്നതിന് സാരമായി സ്വാധീനിച്ചു. ഉദാഹരണത്തിന് ആധുനികതയുടെ സ്വാധീനം ഇന്ത്യൻ ചിന്തകരിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ളതിന് തെളിവാണ് ഇന്ത്യൻ സമൂഹത്തെ പരിഷ്ക്കരിക്കാനുള്ള രാജാറാം മോഹൻ റോയിയുടെ ശ്രമങ്ങൾ. രാഷ്ട്രീയശാസ്ത്രത്തിൽ ആധുനികത രാഷ്ട്രം സ്വാതന്ത്ര്യം, സമത്വം നീതി തുടങ്ങിയവയെ സ്വാധീനിച്ചു. ആധുനിക രാഷ്ട്രത്തിന്റെ യുക്തിസഹജമായ അടിത്തറ 1648-ൽ ഒപ്പുവച്ച വെസ്റ്റ്ഫാലിയ ഉടമ്പടിയാണ് എന്ന് പലപ്പോഴും വാദിക്കപ്പെടുന്നു.

19-ാം നൂറ്റാണ്ടിൽ യൂറോപ്യൻ കോളനി വൽക്കരണ പ്രക്രിയയിലൂടെ ആധുനിക രാഷ്ട്രം എന്ന ആശയം ലോകമെമ്പാടും വ്യാപിച്ചു. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം കൊളോണിയൽ നിയന്ത്രണങ്ങളിൽ നിന്ന് സ്വതന്ത്രമായിമാറിയ ദക്ഷിണേഷ്യൻ രാജ്യങ്ങളെ കൊളോണിയലിനു ശേഷമുള്ള രാജ്യങ്ങളുടെ കൂടക്കീഴിൽ കൊണ്ടു വരാനും കഴിഞ്ഞു. കൂടാതെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെ കൊളോണിയലിനും ശേഷമുള്ള സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്താനും യോഗ്യതകളും പോരായ്മകളും വിലയിരുത്താനും കഴിഞ്ഞു.

2.4 ആധുനിക രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങൾ

ആധുനിക രാഷ്ട്രം ഒരു വികസിത രാഷ്ട്രമാണ് ജനങ്ങളെ സുരക്ഷിതമായി നിലനിർത്താൻ ഭരണകൂടം ശ്രമിക്കണം. അതിർത്തികൾ നിർണ്ണയിക്കപ്പെട്ട് സംരക്ഷിക്കപ്പെടുന്നുവെന്ന് രാഷ്ട്രം ഉറപ്പാക്കണം വ്യാപാരസ്ഥാപനങ്ങളെ സമൂഹവുമായി സമന്വയിപ്പിക്കേണ്ടതുണ്ട്. ആദ്യ പൗരൻ എന്നത് ആയിരിക്കണം രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും മുദ്രാവാക്യം ആധുനിക രാഷ്ട്രത്തിന്റെ ഭരണലക്ഷ്യം ഭരണ കൂടത്തിന്റെ പ്രവർത്തനം അവിടത്തെ ജനങ്ങളുടെ ക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ് അതനുസരിച്ച് ആവശ്യസേവനങ്ങളുടെ ദാതാവായി രാഷ്ട്രം സ്വയം ഇടപെടുന്നു.

ആധുനിക രാഷ്ട്രം മൂന്ന് പ്രധാന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്ന് ഏറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.



സുരക്ഷയും പ്രതിരോധവും

ഇന്നത്തെ ലോകത്തിലെ രാഷ്ട്രങ്ങൾ ഒന്നിലധികം വീക്ഷണകോണിൽ നിന്നുള്ള സുരക്ഷയുടെ അർത്ഥം പരിഗണിക്കുന്നു.പൗരൻമാർക്ക് പ്രഥമ സുരക്ഷ നൽകുന്നതിലേക്കായി മനുഷ്യ

11th Std Political Science_Ch_2_Malayalam.indd 24 14/02/2023 18:49:24

സുരക്ഷ പോലുള്ള നിബന്ധനകൾ ഉയർന്നു വന്നിട്ടുണ്ട്. തത്ത്വചിന്തകനായ ഇമ്മാനുവൽ കാന്തിന്റെ ആശയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ലോകരാഷ്ട്രങ്ങൾ 'രാഷ്ട്രങ്ങളുടെ സഭ' എന്നും പിന്നീട് 'ഐക്യരാഷ്ട്രസംഘടന' എന്നും ഒത്തു ചേർന്നു.സമാധാനം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സുരക്ഷ പ്രതിരോധം എന്നീ പദങ്ങൾ ചർച്ച ചെയ്യുന്നു.

സാമ്പത്തിക പ്രവർത്തനങ്ങൾ

ആധുനിക ഭരണകൂടം രാഷ്ട്രീയ വ്യവസ്ഥയുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടപെടണം ഭരണകൂടം ജനങ്ങളെ സഹായിക്കേണ്ടതുണ്ട് മെച്ചപ്പെടുത്തലിനുള്ള അവരുടെ കഴിവ് അവരെ ബോധ്യപ്പെടുത്തണം ഉപഭോക്താക്കളെ സംരക്ഷിക്കുക ദുർബല വിഭാഗങ്ങളെ ലാഭമില്ലാത്ത് മേഖലകളിൽ നിന്ന് സംരക്ഷിക്കുക എന്നിവയാണ് ആധുനിക രാഷ്ട്രത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അവശ്യ സേവനങ്ങൾ നൽകൽ

ആധുനിക രാഷ്ട്രം അതിലെ പൗരൻമാരെ തൊട്ടിലിൽ നിന്ന് ശവക്കുഴി വരെ സംരക്ഷിക്കേണ്ടതുണ്ട് അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ശുദ്ധമായ കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം ജനങ്ങൾക്കായുള്ള സാമൂഹിക സുരക്ഷ എന്നിവ നൽകുന്നത് ആധുനിക ഭരണകൂടത്തിന്റെ ഉത്തരവാദിത്തങ്ങളാണ് ഇപ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെയും വിവിധ സംസ്ഥാന സർക്കാരുകളുടെയും പദ്ധതികളുടെ എണ്ണം നിങ്ങൾക്ക് കണ്ടെത്താൻ കഴിയും തമിഴ് നാട് സർക്കാർ ആരംഭിച്ചതും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വീകരിച്ചതുമായ എല്ലാ സർക്കാർ സ്കൂളുകളിലെയും ഉച്ചഭക്ഷണപദ്ധതിയും പോക്ഷകാഹാരഭക്ഷണ പദ്ധതികളും അത്തരമൊരു ഉദാഹരണമാണ്.

ആധുനിക രാഷ്ട്രത്തിലെ ജനങ്ങളുടെ ക്ഷേമത്തിനായി പരിശ്രമിച്ചു.അതിനാൽ ക്ഷേമ രാഷ്ട്രം എന്ന മറ്റൊരു ആശയം നിലവിൽ വന്നു.

2.5 ക്ഷേമ രാഷ്ട്ര സങ്കല്പം

ഇന്ത്യൻ ഭരണ ഘടനയുടെ സംസ്ഥാന നയത്തിന്റെ നിർദേശതത്ത്വങ്ങൾ ക്ഷേമരാഷ്ട്രത്തെക്കുറിച്ചുള്ള പടിഞ്ഞാറൻ-യുറോപ്യൻ ആശയത്തെ മറികടക്കുന്നതായി നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? സാമൂഹ്യ-സാമ്പത്തിക വികസനത്തിന്റെ മുന്നോട്ടുള്ള സംവിധാനങ്ങൾ ഭരണഘടനയുടെ സംവിധാനങ്ങൾ ഭരണഘടനയുടെ IV-ാം ഭാഗത്തിൽ വിശദീകരിച്ചിട്ടുള്ളത് എന്തുകൊണ്ടാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? രാഷ്ട്രീയ, പൗരാവകാശങ്ങൾ മൗലികാവകാശമെന്ന നിലയിൽ ചർച്ച ചെയ്യാനാവാത്ത മൗലികകത്വം നൽകിയിട്ടുണ്ടോ? എന്താണ് കാരണം? സാമ്പത്തിക അവകാശങ്ങൾ ഭരണഘടനയിലെ മൗലിക അവകാശത്തിന്റെ ഭാഗമായി കണക്കാക്കുന്നത് എന്തുകൊണ്ട്?

പ്രവർത്തനം





- എം.ജി.എൻ.ആർ.ഇ.ജി.എ, വിദ്യാഭാസ അവകാശ നിയമം, ദേശീയ ഭക്ഷ്യസുരക്ഷ.എന്നിവയുടെ പ്രസക്തി പരിശോധിക്കുക?
- ക്ഷേമരാഷ്ട്രം എന്ന ആശയത്തിലേക്ക് ജെ.എസ് മില്ലും H.J. ലാസ്കിയും നൽകിയ സംഭാവനകളെ കുറിച്ച് ചർച്ച ചെയ്യുക.

11th Std Political Science_Ch_2_Malayalam.indd 25 14/02/2023 18:49:24

കുറഞ്ഞ ജനനംഖ്യയും വിഭവങ്ങളുടെ സമൃദ്ധിയും ക്ഷേമരാഷ്ട്രമാതൃകയുടെ വിജയ കരമായ പ്രവർത്തനത്തിന് പ്രധാന കാരണമായി എന്നത് ഒരു യാഥാർത്ഥ്യമാണ്. ക്ഷേമ രാഷ്ട്രത്തി ന്റെ മികച്ച ഉദാഹരണമാണ് സ്കാൻഡിനേവിയൻ രാജ്യങ്ങൾ. ഇന്ത്യൻ ഭരണഘടന ഒരു ക്ഷേമ രാഷ്ട്രത്തിനായി പരിശ്രമിക്കുന്നുണ്ടെങ്കിലും. വിഭ വങ്ങളുടെ ദൗർലഭ്യവും വലിയൊരു ജനസംഖ്യ യും ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാൽ ക്കരിക്കുന്നതിന് തടസ്സമായി.

രണ്ടാം ലോകമഹാ യുദ്ധത്തിനുശേഷം പടി ഞ്ഞാറൻ യൂറോപ്പിൽ ക്ഷേമരാഷ്ട്രമെന്ന ആശയം ഉത്ഭവിച്ചു. മനുഷ്യ വികസനത്തിൽ ക്ഷേമരാഷ്ട്ര സർക്കാർ സുപ്രധാന പങ്ക് വഹിക്കുന്നു എന്ന താണ്. ക്ഷേമ രാഷ്ട്രത്തിന്റെ പ്രധാന ആശയം അതിലെ പൗരൻമാരുടെ ക്ഷേമത്തിനും സംരക്ഷ ത്തിനും പ്രധാന പങ്ക് വഹിക്കുന്നു. പൗരൻമാ രുടെ സാമ്പത്തികവും സാമൂഹികവുമായ ക്ഷേമ ത്തെ അടിസ്ഥാനമാക്കിയുള്ളതാണ് (1) അവസര സമത്വത്തിന്റെ തത്വം (2) സമ്പത്തിന്റെ തുല്യ മായ വിതരണം (3) ഒരു നല്ല ജീവിതം നയിക്കു ന്നതിനുള്ള ഏറ്റവും കുറഞ്ഞ വ്യവസ്ഥകൾ സ്വയം വഹിക്കാൻ കഴിയാത്തവർക്കുള്ള പൊതു ഉത്തരവാദിത്തം.

സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യ ബ്രീട്ടീഷ് ഭരണത്തിൻ കിഴിലുള്ള ഒരു കൊളോണിയൽ രാജ്യമായിരുന്നു.ഇന്ത്യക്കാർ ഇംഗ്ലീഷ് ഭരണ കൂട ത്തിൻ കീഴിലെ പ്രജകളായിരുന്നു. ഇന്ത്യ സ്വാത ന്ത്ര്യം നേടി കഴിഞ്ഞെങ്കിലും, നമ്മുടെ ഭരണ ഘടന പാശ്ചാത്യ ക്ഷേമ രാഷ്ട്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ട്.

2.6 മൃദുരാഷ്ട്ര ആശയം

പാശ്ചാത്യ രാജ്യങ്ങളുമായി താരതമ്യപ്പെടു ത്തുമ്പോൾ നോബൽ സമ്മാന ജേതാവ് കാൾ ഗുനാർ മ്യാർഡൽ ഏഷ്യൻ രാജ്യങ്ങൾ സാമൂ ഹിക വിവേചന രഹിതമെന്ന് തിരിച്ചറിഞ്ഞു.ഈ സാമൂഹ്യ വിവേചനത്തെ മൃദു രാഷ്ട്ര സവി ശേഷതകളായി അദ്ദേഹം തിരിച്ചറിഞ്ഞു. സാമൂ ഹ്യ വിവേചനമില്ലായ്മ. അഴിമതി ദുർബല മായ നിയമപാലനം എന്നിവയാണ് ഒരു മൃദു രാഷ്ട്രത്തിന്റെ പ്രധാന സവിശേഷതകൾ.

- പടിഞ്ഞാറൻ രാജ്യങ്ങളിൽ സാധാരണ നടപടിശ്രമത്തിന്റെ ഭാഗമായി ഗർഭസ്ഥ ശിശുവിന്റെ ലിംഗഭേദം വെളിപ്പെടുത്തുന്നു.അമ്മക്ക് പിഞ്ചു കുഞ്ഞിന്റെ ലിംഗദേദം അറിയുന്നതും അവിടെ പതിവാണ്.
- ഇന്ത്യയിൽ ഗർബസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയം ന ടത്തുന്നത് 1994-ലെ പ്രീകൺ സെപ്ഷൻ ആന്റ് പ്രി നേറ്റൽ ഡൈകണ സ്റ്റിക് ടെക്നിക്സ് (പി സി പി എൻ ഡി ടി) നിയമം വഴി തടയുന്നു?

കോളനി ഭരണത്തിനു ശേഷമുള്ള വികസ്വര രാഷ്ട്രങ്ങളെ പൊതുവെ മൃദുവായ രാഷ്ട്രങ്ങ ളായി തരംതിരിക്കുന്നു. അവിടെ അവരുടെ ഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി വികസിച്ചിട്ടില്ലവ. മാന ദണ്ഡങ്ങൾ പാലിക്കാനും നിയമംനടപ്പാക്കാനും അച്ചടക്കം പാലിക്കാനുമുള്ള നമ്മുടെ കഴിവില്ലാ യ്മ നമ്മുടെ രാജ്യത്തെ മൃദുവായ രാഷ്ട്രമാക്കി മാറ്റുന്നു. ഒരു മൃദുരാഷ്ട്രത്തിന് അതിന്റെജനാധി പത്യ മൂല്യങ്ങൾ പരിഷ്കരിക്കാതെ കൂടുതൽ മുന്നേറാൻ കഴിയില്ല.

പ്രവർത്തനം

മുദ്യൂരാഷ്ട്രവും മുദ്യ അധികാരവും തമ്മി ലുള്ള വ്യത്യാസം കണ്ടെത്തുക ഇപ്പോൾ ഈ ആശയങ്ങളെ സ്വതന്ത്ര ഇന്ത്യയുമായി ബന്ധ പ്പെടുത്തുക.

ഒരു വിദ്യാർഥി എന്ന നിലയിൽ സാമൂഹിക വിവേചനത്തിന്റെ പട്ടികയും നിങ്ങളുടെ വീക്ഷണ ത്തിൽ നിന്ന് അവ ശരിയാക്കുന്നതിനുള്ള വഴി കളും തിരിച്ചറിയുക.

2.7 വികസിത സംസ്ഥാനത്തിന്റെ ആശയം

തെക്കേ ഏഷ്യയിലെ മിക്കവാറും എല്ലാ രാഷ്ട്രങ്ങളും ആധുനിക ജനാധിപത്യ രാജ്യങ്ങ ളാണ്. എന്നിട്ടും വികസനത്തിൽ പാശ്ചാത്യ രാജ്യങ്ങളെ പിന്നിലാക്കാൻ അവരെ പ്രേരിപ്പിക്കു ന്നത് എന്താണ്? പാർലമെന്റ് ഉദ്യോഗസ്ഥഭരണം

11th Std Political Science_Ch_2_Malayalam.indd 26 14/02/2023 18:49:24

ആസൂത്രണ വിഭാഗങ്ങൾ കൊളോണിയൻ കാല ഘട്ടത്തിൽ ആരംഭിക്കുകയും ചെയ്തു. എങ്കിലും ഈ രാജ്യങ്ങളിൽ വികസനം മന്ദഗതിയിലുള്ള പ്രക്രിയയായിരിക്കുന്നത് എന്തുകൊണ്ട്? വികസിത രാഷ്ട്രം എന്ന ആശയം ഉപയോഗിച്ച് പാക്കിസ്ഥാനിലെയും ബംഗ്ലാദേശിലെയും ഭരണ പ്രതിസന്ധിയുടെ കാര്യം ഹംസ അലവി വിശദീകരിക്കുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും ഉദ്യോഗസ്ഥ ഭരണത്തിന് സമാനമായ ഘടനയിൽ പ്രവർത്തിക്കുന്ന കൊളോണിയലിനു ശേഷമുള്ള സംസ്ഥാനങ്ങളുടെ പ്രവർത്തന ക്ഷമത ഇല്ലായ്മയെക്കുറിച്ചുള്ള വിശദീകരണമാണ് വികസിത രാഷ്ട്രം രാഷ്ട്രീയ വിമോചനം ഉണ്ടായിരുന്നിട്ടും കൊളോണിയൻ ഭരണത്തിൽ നിന്ന് മുക്തമായി മാറിയതിനുശേഷം പരിവർത്തന സമീപനം രാഷ്ട്രഭരണഘടനയെ ബാധിച്ചില്ല പടിഞ്ഞാറൻ യൂറോപ്പിലെ കോളനി ശക്തികൾ കോളനിവത്കൃത രാജ്യത്തിന്റെ രാഷ്ട്രീയം രൂപകല്പന ചെയ്യുന്നതിൽ ഇരട്ടത്താപ്പ്നയം നിലനിർത്തി. അതായത് രാഷ്ട്രങ്ങൾ അവരുടെ പൗരൻമാരുടെ രാഷ്ട്രീയ ജീവിതം, സ്വതന്ത്ര്യം സാമ്പത്തിക സ്വാതന്ത്ര്യം എന്നിവ തിരുച്ചറിഞ്ഞു. അതായത് ഇത്തരം രാഷ്ട്രത്തിലെ ജനങ്ങൾ വളർത്തു മൃഗത്തെപ്പോലെയായിരുന്നു. മറിച്ച് കോളനി വൽകൃത രാഷ്ട്രങ്ങളിൽ ചോദ്യം ചെയ്യപ്പെടാത്ത് ശക്തിടോടെ രാഷ്ട്രങ്ങൾ കേന്ദ്രീകൃതമായിരുന്നു. അത്തരമൊരു ക്രമീകരണം കോളനിക്കാർക്ക് അവരുടെ കോളനികളിൽ നിന്ന് സമ്പത്ത് അപഹരിക്കാനുള്ള അവസരമായിരുന്നു സ്വാതന്ത്ര്യാനന്തരം കൊളോണിയൽ പാരമ്പര്യം തുടരുന്ന ഉദ്യോഗസ്ഥ ഭരണമാണ് ഈ വൻ ചുഷണം ഫലപ്രദമായി രൂപകല്പന ചെയ്ത്.

ആധുനിക വൽക്കരണമില്ലാതെ സമൂഹവും സമ്പദ്വ്യവസ്ഥയും പിന്നിലാകുമ്പോൾ, അതായത് സംസ്ഥാനം കൂടുതൽ നവീകരിക്കപ്പെടുമ്പോൾ സംസ്ഥാനവും സമൂഹവും പരസ്പരം പൊരുത്തപ്പെടുന്നില്ല ഇത് ജനങ്ങളും രാഷ്ട്ര ഭരണവും തമ്മിൽ ഭിന്നത സൃഷ്ടിക്കുന്നു. ജനങ്ങൾക്ക് നല്ലത് എന്താണെന്ന് തീരുമാനിക്കുന്നത് ഒരു പ്രതിനിധി ജനാധിപത്യത്തിലാണ് പാക്കിസ്ഥാന്റെയും, ബംഗ്ലാദേശിന്റെയും കാര്യത്തിൽ ഇന്ത്യയുടെ ലൈസൻസ് രാജിന്, സമാനമായ മിലിട്ടറി ബ്യൂറോക്രസി ഒലിഗാർക്കി എന്ന വാക്ക് ഹംസ അലവായ് രേഖപ്പെടുത്തി, കൊളോണിയൻ പാരമ്പര്യത്തിന്റെ തുടർച്ചയായി ഇന്ത്യയിൽ തുടർന്നിരുന്ന അധികാര കേന്ദ്രീകരണത്തെക്കുറിച്ചുള്ള പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വരുന്നത് കാണാം.

2.8 കൊളോണിയലിനും ശേഷമുള്ള രാഷ്ട്രത്തിന്റെ ആശയം

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അനന്തരം കോളനീകരണ പ്രക്രിയയിൽ നിന്നും പുറത്തു വന്ന പുതിയ ദേശീയ രാഷ്ട്രങ്ങളുടെ പേരാണ് കൊളോണിയലിനു ശേഷമുള്ള രാഷ്ട്രം. കൊളോണിയലിനു ശേഷമുള്ള രാഷ്ട്രം വികസന രാഷ്ട്രത്തിന്റെ പര്യായമായി ഉപയോഗിക്കുന്നു രാഷ്ട്രീയ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കൊളോണിയൻ ഭരണകൂടത്തിന്റെ സവിശേഷതകൾ കൊളോണിയൻ ഭരണകൂടത്തിന്റെ സവിശേഷതകൾ കൊളോണിയലിനു ശേഷമുള്ള രാഷ്ട്രത്തിനുണ്ട് എന്നാൽ ഈ സ്ഥാപനങ്ങളുടെ ലക്ഷ്യത്തിൽ ഒരു മാറ്റം മാത്രമേയുള്ളു.

പൊതുവെ, കൊളോണിയലിനു ശേഷമുള്ള രാഷ്ട്രങ്ങൾ ഉയർന്ന ദാരിദ്ര്യവും, രാഷ്ട്രീയ അസ്ഥിരതയും ഭരണ പ്രതിസന്ധിയും പ്രകടിപ്പിക്കുന്നു ആധുനിക രാഷ്ട്രങ്ങളുമായി പരമ്പരാഗത അധികാരഘടനയുമായി സമൂഹങ്ങൾ തമ്മിലുള്ള പൊരുത്തക്കേടും അത്തരമൊരു അവസ്ഥക്ക് കാരണമായി.

ലോകത്തിന്റെ പുതിയ ഭാഗങ്ങളിലേക്കു കടന്നുവന്ന കൊളോണിയൻ ശക്തികൾ അവിടെ ഉണ്ടായിരുന്ന പാരമ്പര്യങ്ങളുടെയും സംസ്ക്കാരങ്ങളുടെയും പ്രധാന ഭാഗങ്ങൾ നശിപ്പിക്കുകയും അവയ്ക്ക് പകരം അവരുടെതായവ മാറ്റി സ്ഥാപിക്കുകയും ചെയ്തുവെന്ന് വ്യക്തമാണ് ഈ സംസ്ക്കാരിക ഇറക്കുമതി ഒരു പുതിയ ദേശീയത്വവും ആത്മവിശ്വാസവും വളർത്തെടുക്കുന്നതിനുള്ള വെല്ലുവിളിയെ പെട്ടെന്ന് നേരിട്ടപ്പോൾ അത് സംഘട്ടനങ്ങളിലേക്ക് നയിച്ചു. ഭരണാധികാരിയുടെയും ഭരണത്തിന്റെയും മൂർച്ചയുള്ള വിഭജനം കൊളോണിയലിനു ശേഷമുള്ള വിഭജനം കൊളോണിയലിനു ശേഷമുള്ള രാഷ്ട്രങ്ങളിൽ തുടരുന്നതിന്റെ ഒരു വശമാണിത് എന്നതിനാൽ കൊളോണിയലിനു ശേഷമുള്ള രാഷ്ട്രങ്ങളിൽ ഭരണാധികാരികൾ മേൽക്കൈയോടെ പെരുമാറുന്നു.

11th Std Political Science_Ch_2_Malayalam.indd 27 14/02/2023 18:49:24

ലഘുനിഘണ്ടു



രാഷ്ട്രം : ഒരു സർക്കാരിനു കീഴിൽ ഒരു സംഘടിത രാഷ്ട്രീയ സമൂഹമായി കണപ്പെടുന്ന ഒരു ദേശം അല്ലെങ്കിൽ പ്രദേശം.

സർക്കാർ : ഒരു രാജ്യത്തെ ഔദ്യോഗികവിമായി നിയന്ത്രിക്കുന്ന ജനങ്ങളുടെ സംഘം.

സാമൂഹികകരാർ സിദ്ധാന്തം : വ്യക്തികളുടെ ധാർമ്മികവും / അല്ലെങ്കിൽ രാഷ്ട്രീയ ബാധ്യതകളും അവർ താമസിക്കുന്ന സമൂഹം രൂപീകരിക്കുന്നതിനുള്ള ഒരു കരാറിനെയോ ആശ്രയിച്ചിരിക്കുന്നുവെന്ന് വാദിക്കുന്ന സിദ്ധാന്തം.

സമൂഹം : സംഘടിത രീതിയിൽ ഒരുമിച്ച് ജീവിക്കുന്ന, കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതും ചെയ്യേണ്ട ജോലികൾ പങ്കിടുന്നതുമായ ഒരു വലിയ കൂട്ടം ആളുകൾ

വ്യക്തിത്വവാദം : രാഷ്ട്ര നിയന്ത്രണത്തിൽ നിന്ന് വ്യക്തികൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന ഒരു സാമൂഹിക സിദ്ധാന്തം.

സ്കാൻഡിനേവിയ : വടക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ഒരു കൂട്ടം രാജ്യങ്ങളാണ് ഇതിൽ എല്ലായ്പ്പോഴും ഡെൻമാർക്ക്, നോർവെ സ്വീഡൻ എന്നിവ ഉൾപ്പെടുന്നു.

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

5WG98

1. സ്റ്റേറ്റ് എന്ന് പദം ആദ്യമായി ഉപയോഗിച്ച രാഷ്ട്രീയചിന്തകന്റെ പേര്

a) നിക്കോളോമാക്കിയ വെല്ലി b) പ്ലേറ്റോ c) അരിസ്റ്റോട്ടിൽ d) ലോക്ക്

2. ആരാണ് 'ലിവിയാത്തർ' പുസ്തകം രചിച്ചത്?

a) ഹോബ്സ് b) ലോക്ക് c) റൂസ്സോ d) മോർഗൻത

3. പൗരത്വനില നിർണ്ണയിക്കുന്ന സംസ്ഥാനത്തിന്റെ പ്രധാന ഘടകം ഏതാണ്

a) പ്രദേശം b) സർക്കാർ c) പരമാധികാരം d) ജനങ്ങൾ

4. ഇനിപ്പറയുന്നവയിൽ ഏതാണ് സംസ്ഥാന അധികാത്തിന്റെ പരിമിത അധികാരമായി കണക്കാക്കുന്നത്

a) ഭരണഘടന b) മതം c) വിധി d) ജനങ്ങൾ

5. "പ്രദേശത്തിന്റെ പരമാധികാരം അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മേധാവിത്വം, മൊത്തത്തിൽ അതിന്റെ അതിർത്തികളിലും ബാഹ്യ നിയന്ത്രണത്തിലുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യവുമാണ്" ഇത് പ്രസ്താവിച്ചത് ആര്?

a) എലിയറ്റ് b) ബോഡിൻ c) ഓസ്റ്റിൻ d) വെല്ലി

6. ഇനിപ്പറയുന്നവയിൽ ആരാണ് പരമാധികാര സിദ്ധാന്തത്തിന്റെ പിതാവായി കണക്കാക്കുന്നത്?

a) ജീൻ ബോഡിൻ b) ഹ്യൂഗോഗ്രോഷ്യസ് c) ഓസ്റ്റിൻ d) വെല്ലി

7. ഇനി പറയുന്നവയിൽ ഏതാണ് ആധുനിക രാഷ്ട്രത്തിൽ രാഷ്ട്രത്തിന്റെ പ്രവർത്തനം അല്ലാത്തത്

a) സുരക്ഷയും പ്രതിരോധവും b) സാമ്പത്തിക പ്രവർത്തനങ്ങൾ
c) അവശ്യ സേവനങ്ങൾ നൽകൽ d) മതങ്ങളുടെ ചുമതലകൾ

11th Std Political Science_Ch_2_Malayalam.indd 28 14/02/2023 18:49:24

8. ഇന്ത്യയിലെ മറ്റെല്ലാസംസ്ഥാനങ്ങളും പിൻതുടർന്ന തമിഴ്നാട് ഗവൺമെന്റിന്റെ പ്രധാന പദ്ധതിയാണ്

a) ഉച്ച ഭക്ഷണ പദ്ധതി
b) മഴ വെള്ളശേഖരണം
c) വിവാഹത്തിനുള്ള സ്വർണ്ണം
d) സ്കൂൾ കുട്ടിക്കുള്ള സൈക്കിൾ

9. ഇന്ത്യൻ ഭരണഘടനയിൽ ക്ഷേമരാഷ്ട്ര ആശയം അടങ്ങിയിരിക്കുന്നത്

a) ഭാഗം IV
b) ഭാഗം III
c) ഭാഗം I
d) ഭാഗം II

II. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം ചുരുക്കി എഴുതുക

1. ഒരു അച്ചടക്കമെന്ന നിലയിൽ പൊളിറ്റിക്കൽ സയൻസിന്റെ ലക്ഷ്യമെന്നാണ്?
2. ആധുനിക സംസ്ഥാനത്തിന്റെ സവിശേഷതയെ കുറിച്ച് പ്രസ്താവിക്കുക.
3. കരാർ രൂപത്തിലുള്ള സിദ്ധാന്തവുമായി ബന്ധപ്പെട്ട ചിന്തകരുടെ പേര് എഴുതുക.
4. സംസ്ഥാനത്തിന്റെ അവശ്യ ഘടകങ്ങൾ എന്തൊക്കെയാണ്?
5. പരമാധികാരത്തിന്റെ സവിശേഷതകളെ കുറിച്ച് പ്രസ്താവിക്കുക.
6. ആധുനിക ജനാധിപത്യത്തിൽ നിയമ സഭ, കാര്യനിർവ്വഹരണ വകുപ്പ് നീതിന്യായ വകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
7. കൊളോണിയലിനുശേഷമുള്ള രാഷ്ട്രങ്ങൾ എന്നാലെന്ത്??
8. മൃദുരാഷ്ട്രത്തിന്റെ ആവിർഭാവത്തിന് കാരണമായ ഘടകങ്ങൾ എന്തൊക്കെയാണ്.

III. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരമെഴുതുക

1. ഹോബ്സ്, ലോക്ക്, റൂസോ എന്നിവരുടെ ആശയങ്ങൾ താരതമ്യം ചെയ്യുക.
2. ഒരു സംസ്ഥാന മുണ്ടാക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ഏവ?
3. സമൂഹത്തിൽ നിന്ന് രാഷ്ട്രത്തെ വേർതിച്ചെഴുതുക.
4. രാഷ്ട്രവും സർക്കാരും തമ്മിലുള്ള വ്യത്യാസമെന്താണ് ?
5. ആധുനികതയെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

IV. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം എഴുതുക

1. ആധുനിക രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങൾ വിവരിക്കുക.
2. ക്ഷേമ രാഷ്ട്ര ആശയം ചർച്ച ചെയ്യുക.
3. വികസിത രാഷ്ട്രത്തിന്റെ ഉത്തരവാദിത്വ ഘടകങ്ങൾ വിശദീകരിക്കുക.

ഗ്രന്ഥ സൂചിക

1. **Introduction to Political Science**, R. G Gettel, Ginn and Company, New York.
2. **Political Theory: An Introduction**, Rajesh Bhargava & Ashok Acharya, Pearson, New Delhi .
3. **Political Science: An Introduction**, Michael G. Roskin et al, Pearson, New Delhi.

11th Std Political Science_Ch_2_Malayalam.indd 29 14/02/2023 18:49:25

യൂണിറ്റ്
3

രാഷ്ട്രതന്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ

ഭാഗം I



3.1 പരമാധികാരം

ആമുഖം

3.1.1 പരമാധികാരത്തെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം

പരമാധികാരം, ഈ പദം ലാറ്റിൻപദമായ സൂപ്പറാനസ് എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. അതായത് പരമോന്നത അല്ലെങ്കിൽ പാരമോണ്ട് എന്നാണർത്ഥം. റോമൻ നിയമജ്ഞരും മധ്യകാല ഘട്ടത്തിലെ സിവിലിയൻമാരും ഭരണകൂടത്തിന്റെ പരമോന്നത ശക്തിയെ നിർണ്ണയിക്കാൻ സമമപെട്ട സ്റ്റാസ് പ്ലെനിറ്റ്യൂഡ് പൊട്ടസ്റ്റാസ് എന്നീ വാക്കുകൾ ഉപയോഗിച്ചു. രാഷ്ട്രതന്ത്രത്തിൽ പരമാധികാരം എന്ന പദം 1576-ൽ പ്രസിദ്ധീകരിച്ച ബോഡിന്റെ റിപ്പബ്ലിക് എന്ന ഗ്രന്ഥത്തിൽ ആദ്യമായി ഉപ യോഗിച്ചു.

ഒരു രാജ്യത്തിന്റെ സ്ഥിരത രാഷ്ട്രം ആസ്വദി ക്കുന്ന പരമാധികാരത്തിന്റെ മേധാവിത്വത്തെ ആശ്ര യിച്ചിരിക്കുന്നു. ഒരു ആശയമെന്ന നിലയിൽ പരമാധി കാരം ഭരണകൂടത്തിന്റെ നിയമപരമായ മേധാവിത്വ ത്തെ പ്രതിനിധീകരിക്കുന്നു. ഭരണഘടന സംസ്ഥാന ത്തിന്റെ നിയമങ്ങളെ പ്രതിപാദിക്കുന്നു. ഭരണഘടന പരമാധികാരത്തിന്റെ പ്രാതിനിധ്യം മാത്രമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പരമാധി കാരം എന്ന വാക്കിന്റെ അർത്ഥം ഭരണഘടനാ പരിമിതികൾക്ക് അനുസൃതമായി ഏത് വിഷയ ത്തിലും നിയമനിർമാണം നടത്താൻ സംസ്ഥാന ത്തിന് അധികാരമുണ്ടെന്നാണ്.

3.1.2. പരമാധികാരത്തിന്റെ സവിശേഷതകൾ

1. സ്ഥിരത

പരമാധികാരത്തിന്റെ പ്രധാന സ്വഭാവം സ്ഥിരത യാണ്. ഭരണകൂടം നിലനിൽക്കുന്നിടത്തോളം പരമാ ധികാരം നിലനിൽക്കും. രാജാവിന്റെ മരണമോ സർ ക്കാരിനെ അട്ടിമറിക്കുന്നതോ പരമാധികാരത്തെ ബാധിക്കില്ല. അതിനാൽ ഇംഗ്ലണ്ടിലെ ജനങ്ങൾ പറ യുന്നത് രാജാവ് മരിച്ചു എന്നാൽ രാജസിംഹാസനം ദീർഘകാലം വാഴ്ക എന്നാണ്.



പഠനലക്ഷ്യങ്ങൾ

- പരമാധികാരത്തിന്റെ അർത്ഥവും സവിശേ ഷതകളും
- പരമാധികാരത്തിന്റെ കാഴ്ചപ്പാടും തരങ്ങളും
- ബഹുസ്വരതയുടെ അർത്ഥവും ആരംഭവും

2. പ്രത്യേകത

ഒരു സ്വാതന്ത്ര രാജ്യത്ത് രണ്ട് ഭരണാധികാരി കൾഉണ്ടാകാൻകഴിയില്ലെന്നും അത് നിലനിൽക്കുക യാണെങ്കിൽ ആ രാഷ്ട്രത്തിന്റെ ഐക്യം നശിപ്പിക്ക പ്പെടുമെന്നും ഇവിടെ പ്രത്യേകം സൂചിപ്പിക്കുന്നു.

3. എല്ലാ സമഗ്രതയും

ഓരോ വ്യക്തിയും വ്യക്തിയുടെ എല്ലാ സംഘടനകളും ഭരണകൂടത്തിന്റെ പരമാധികാര ത്തിന് വിധേയമാണ്. എത്ര സമ്പന്നമോ ശക്തമോ ആയ സംഘടനകളോ ഗ്രൂപ്പോ ആകട്ടെ, അതിന്റെ പരമാധികാരത്തെ എതിർക്കാനോ അനുസരിക്കാ തിരിക്കാനോ കഴിയില്ല.

4. അദൃശ്യത

പരമാധികാരം ഭരണകൂടത്തിന്റെ ജീവിതവും ആത്മാവുമാണ്. ഭരണകൂടത്തെ തന്നെ നശിപ്പി ക്കാതെ അതിനെ അന്യവൽക്കരിക്കാനാവില്ല.

5. ഐക്യവും നിത്യതയും

പരമാധികാരത്തിന്റെ ആത്മാവ് അതിന്റെ ഐക്യത്തിലാണ്. പരമാധികാരം കാലത്തിന നുസരിച്ചല്ല, സംസ്ഥാനം നിലനിൽക്കുന്നതുവരെ നീണ്ടുനിൽക്കും.

11th Std Political Science_Chaper-3_Malayalam.indd 30 26-03-2023 13:01:05

6. അവിഭാജ്യത

പരമാധികാരത്തിന്റെ ജീവിത രേഖയാണ് അവിഭാജ്യത.

7. സമ്പൂർണ്ണത

പരമാധികാരം നിരുപാധികവും പരിധിയില്ലാത്തതുമാണ്. പരമാധികാരം അനുസരണത്തിന് അതീതമാണ്. അത് ഇഷ്ടപ്പെടുന്നതെന്തും ചെയ്യാൻ അർഹതയുണ്ട്.

8. ഒറിജിനാലിറ്റി

പരമാധികാരംപ്രയോഗിക്കുന്നത്ആരുടേയും കാരുണ്യത്താലല്ല, സ്വന്തം അവകാശത്തിലാണ്.

3.1.3 പരമാധികാരത്തിന്റെ രണ്ട് വശങ്ങൾ

ആന്തരിക പരമാധികാരം: ഈ പരമാധികാരം സംസ്ഥാനത്തെ എല്ലാ വ്യക്തികൾക്കും, അല്ലെങ്കിൽ വ്യക്തികളുടെ സംഘടനകളുടെ മേൽ സമ്പൂർണ്ണ അധികാരം പ്രയോഗിക്കുന്നു.

ബാഹ്യപരമാധികാരം : ലളിതമായി പറഞ്ഞാൽ ബാഹ്യപരമാധികാരം എന്നാൽ ദേശീയ സ്വാതന്ത്ര്യം, ഓരോ സംസ്ഥാനവും തങ്ങളുടെ വിദേശനയം നിർണ്ണയിക്കാനും ഇഷ്ടപ്പെടുന്ന ഏത് പവർ ബ്ലോക്കിലും ചേരാനും സമ്പൂർണ്ണ സ്വാതന്ത്ര്യം ആസ്വദിക്കുന്നു. ഓരോ സംസ്ഥാനങ്ങളുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സ്വതന്ത്രമാണെന്ന് ബാഹ്യ പരമാധികാരം സൂചിപ്പിക്കുന്നു.

3.1.4 പരമാധികാരത്തിന്റെ തരങ്ങൾ



വിവിധതരം പരമാധികാരികളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടോ? അതിനെക്കുറിച്ച് നമുക്ക് ഒരുമിച്ച് പഠിക്കാം.

നാമമാത്രവും യഥാർത്ഥ പരമാധികാരവും	നിയമപരമായ പരമാധികാരം	രാഷ്ട്രീയ പരമാധികാരം	ജനപ്രിയ പരമാധികാരം
a. പുരാതന കാലത്ത് പല രാജ്യങ്ങളിലും രാജാക്കന്മാർ ഉണ്ടായിരുന്നു. രാജാക്കന്മാർ യഥാർത്ഥ പരമാധികാരികളായി കണക്കാക്കപ്പെടുകയും ചെയ്തു.	**a.** അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള നിയമപരമായ അധികാരം രാഷ്ട്രത്തിന്റെ അധികാരത്തിനുണ്ട്.	**a.** പ്രതിനിധി ജനാധിപത്യത്തിലെ രാഷ്ട്രീയപരമാധികാരത്തെ മുഴുവൻ ജനവിഭാഗമായി മനസ്സിലാക്കുന്നു. അതായത് വോട്ടർമാർ അല്ലെങ്കിൽ പൊതുജനാഭിപ്രായം	**a.** ജനകീയ പരമാധികാരം പൊതുജനത്തെ പരമോന്നതനായി കണക്കാക്കുന്നു.
b. ഫ്രഞ്ച് വിപ്ലവം സാഹചര്യത്തെ മാറ്റി മറിച്ചു.	**b.** നിയമങ്ങൾ പുറപ്പെടുവിക്കാനും നടപ്പാക്കാനും നിയമപരമായ അധികാരമുള്ള പരമാധികാരമാണ്.	**b.** രാഷ്ട്രീയ പരമാധികാരം നിലനിൽകർകുന്നത് ആ ജനവിഭാഗത്തിന്റെ സ്വാധീനത്തിലാണ്.	**b.** പുരാതന കാലഘട്ടത്തിൽ ജനകീയ പരമാധികാരം രാജാക്കന്മാരുടെ കേവലവാദത്തെ വെല്ലുവിളിക്കാൻ ഒരു ആയുധമായി ഉപയോഗിച്ചു.
c. മന്ത്രിസഭയെ യഥാർത്ഥ പരമാധികാരിയായി കണക്കാക്കുമ്പോൾ രാജാവിന് നാമമാത്രമായ അധികാരം മാത്രമേ ലഭിക്കൂ.	**c.** നിയമപരമായ പരമാധികാരി എല്ലായ്പ്പോഴും നിശ്ചയദാർഢ്യം ഉള്ളവനും നിർണ്ണയിക്കുന്നവനുമാണ്. പരമാധികാരത്തിന്റെ അധികാരം കേവലവും പരമോന്നതവുമാണ്.		

11th Std Political Science_Ch_3_Malayalam.indd 31 14/02/2023 18:52:40

"ഡി-ഫാക്റ്റോയും ഡി ജ്യൂറും പരമാധികാരം"

വസ്തുതാപരമായ പരമാധികാരം

നിയമപരമായ അവകാശവാദമൊന്നുമില്ലെങ്കിലും വാസ്തവത്തിൽ അത് കൈവശമുള്ളതും അതിന്റെ നിയമങ്ങൾ നിർമ്മിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ആവശ്യമായ ശക്തി പ്രയോഗിക്കുന്ന ഒരാളാണ് ഡി-ഫാക്റ്റോ പരമാധികാരി.

പരമാധികാരം

"പരമാധികാരം എന്നത് ഭരണകൂടത്തിന്റെ സമ്പൂർണ്ണവും ശാശ്വതവുമായ ശക്തിയാണ്. അതായത് ആജ്ഞാപിക്കാനുള്ള ഏറ്റവും വലിയ ശക്തി"

- ജീൻബോഡിൻ

രസകരമായ വിവരങ്ങൾ ഇവിടെയുണ്ട്!

ഡയറക്ടറിവലിച്ചെറിഞ്ഞനെപ്പോളിയൻ യഥാർത്ഥ പരമാധികാരിയായി. 1922 ഒക്ടോബർ 28 ന് മുസ്സോളിനിയുടെ ബ്ലാക്ക് ഷർട്ട് മാർച്ചിന് ശേഷം സ്പെയിനിലെ നിയമപരമായ പരമാധികാരിയെ പുറത്താക്കി. അതിനുശേഷം ഫ്രാങ്കോ യഥാർത്ഥ പരമാധികാരിയായി. മുസോളിനി നിയമപരമായ രീതിയിൽ പ്രധാനമന്ത്രിയായി. അദ്ദേഹം പാർലമെന്റ് ഭരിക്കുകയും പാർലമെന്റിലൂടെ രാജ്യം ഭരിക്കുകയും ചെയ്തു. പാർലമെന്റിലെ നിയമപരമായ പരമാധികാരിയായി തുടർന്നു. പക്ഷേ അദ്ദേഹം യഥാർത്ഥ പരമാധികാരയായിരുന്നു. ജർമ്മനിയിൽ ഹിറ്റ്ലറും ഇതുതന്നെ ചെയ്തു. നിയമപരമായ പരമാധികാരത്തെ അദ്ദേഹം നിയന്ത്രിച്ചു.

ഉദ്ധരണി

അതിനാൽ ജനങ്ങളുടെ പരമാധികാരം ഭൂരിപക്ഷം വോട്ടർമാരുടെയും ശക്തിയെ അർത്ഥമാക്കുന്നില്ല, ഏകദേശം സാർവത്രിക ഓട്ടവകാശം നിലനിൽക്കുന്ന ഒരു വ്യവസ്ഥയിൽ, നിയമപരമായി സ്ഥാപിതമായ ചാനലുകളിലൂടെ അവരുടെ ഇച്ഛാശക്തി പ്രകടിപ്പിക്കാനും അത് വിജയിപ്പിക്കാനും സാധിച്ചു.

-ഡോ. ഗാർണർ

ജുഡീഷ്യൽ പരമാധികാരം

പരമാധികാരത്തിന് നിയമപരമായ അവകാശവാദമുണ്ടെങ്കിലും വാസ്തവത്തിൽ അത് കൈവശം വയ്ക്കാത്ത ആളാണ് ഡി-ജൂറി പരമാധികാരി.

നിങ്ങൾക്ക് അറിയാമോ?

ഒരു വ്യക്തിയെക്കാൾ അന്യമാകുന്നത് മുളപ്പിക്കാനുള്ള അവകാശത്തെ അന്യമാക്കുന്നതാണ്. അല്ലെങ്കിൽ സ്വയം നശിപ്പിക്കാതെ ഒരു മനുഷ്യന് തന്റെ ജീവിതത്തെയോ വ്യക്തിത്വത്തെയോ മറ്റൊരാൾക്ക് കൈമാറാൻ കഴിയും

- ലൈബർ

3.1.5 ബഹുസ്വരത എന്താണ്?

പരമാധികാരത്തിന്റെ മോണിസ്റ്റിക് സിദ്ധാന്തത്തിനെതിരായ ശക്തമായ പ്രതിഷേധമാണ് ബഹുസ്വരത, അത് ഭരണകൂടത്തിന് പരമോന്നതവും പരിധിയില്ലാത്തതുമായ അധികാരം നൽകുന്നു.

ബഹുസ്വരത സിദ്ധാന്തത്തിന്റെ വക്താക്കൾ

- ഹരോൾട് ജെ. ലസ്കി
- ജെ.എൻ. ഫിഗ്ഗിസ്
- ഏണസ്റ്റ് ബാർക്കർ
- ജി.എച്ച്. കോൾ
- മാകിവർ

ബഹുസ്വര സിദ്ധാന്തം



എല്ലാവരുടെയും താൽപ്പര്യങ്ങൾക്കനുസൃതമായി ഈ വിവിധ ഗ്രൂപ്പുകൾക്കിടയിൽ ഉണ്ടാകുന്ന തർക്കങ്ങളോ സംഘർഷങ്ങളോ പരിഹരിക്കാൻ ശ്രമിക്കുന്നതാണ് രാഷ്ട്രത്തിന്റെ സ്വഭാവം.

ബഹുസ്വര സിദ്ധാന്തത്തിന്റെ ഉദയം

ക്ഷേമരാഷ്ട്രത്തിന്റെ ആവിർഭാവത്തോടെ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളിൽ ദ്രുതഗതിയിലുള്ള വർധനയുണ്ടായി. രാഷ്ട്രം ഇടപെടാത്ത ജീവിത മേഖലകളൊന്നും അവശേഷിച്ചില്ല. പരമാധികാരവും പരമോന്നത രാജ്യവും കലാപവും പ്രതികര

11th Std Political Science_Ch_3_Malayalam.indd 32 14/02/2023 18:52:41

ണവും നേരിട്ടു. പരമാധികാരത്തിനും പരമോന്നത ഭരണകൂടത്തിനുമെതിരായ ഈ പ്രതികരണം ബഹുസ്വരതയോടെ ഉദയത്തിലേക്ക് നയിച്ചു.

ജോൺ ഓസ്റ്റിൻ (1780–1859) ഇംഗ്ലീഷ് ജൂറിസ്റ്റ്, 1832-ൽ പ്രസിദ്ധീകരിച്ച നിയമശാസ്ത്രത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ എന്ന പുസ്തകത്തിൽ പരമാധികാരന്റെ നിയമസിദ്ധാന്തത്തിന് വിശദമായ ഒരു വിവരണം നൽകി. മോണിസ്റ്റിക് തിയറിയുടെ ഏറ്റവും വലിയ വക്താവായി അദ്ദേഹത്തെ കണക്കാക്കപ്പെടുന്നു.



ബഹുസ്വരത പ്രധാനമാണോ?

- ബഹുസ്വരത സംഘടനകളുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുകയും അതിന് കൂടുതൽ സ്വയംഭരണാവകാശം നേടുകയും ചെയ്യുന്നു.
- ജനാധിപത്യം തഴച്ചുവളരാൻ പരമാധികാര രാഷ്ട്രം ഏതെങ്കിലും നിയമപരമായ അധികാരത്തിന് വിധേയമാകരുത്.
- പരമാധികാരത്തിന്റെ വിഭജനം പരമാധികാരത്തിന്റെ നാശത്തിലേക്ക് നയിക്കുന്നു. പരമാധികാരത്തിന്റെ അഭാവത്തിൽ സമൂഹത്തിൽ അരാജകത്വം നിലനിൽക്കും.

ഇന്ത്യൻ ഭരണഘടനയും പരമാധികാരവും

ഇന്ദിരാഗാന്ധി രാജ് നരേൻ (1975) കേസിൽ സുപ്രീം കോടതി കൂട്ടിച്ചേർത്തു, ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി. ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ഇന്ത്യൻ ഭരണഘടന. ഭരണഘടനയുടെ ഒരു പ്രധാന വശമായി പരമാധികാരം ഉൾക്കൊള്ളുന്നുവെന്നും ആമുഖം ജനങ്ങളെ പരമാധികാരിയാക്കുന്നുവെന്നും മനസ്സിലാക്കാം. ലളിതമായി പറഞ്ഞാൽ പരമാധികാരം ഭരണഘടനയിലാണെന്നും ജനങ്ങൾ ഭരണഘടനയുടെ ആത്യന്തിക ഉറവിടമാണെന്നും പറയപ്പെടുന്നു.

ബഹുസ്വരതയ്ക്ക് എതിരായ വിമർശനങ്ങൾ എന്തൊക്കെയാണ്?

- പരമാധികാര രാഷ്ട്രമാണ് ഐക്യം സൃഷ്ടിക്കുകയും സമൂഹത്തിൽ നിലവിലുള്ള എല്ലാ സംഘടനകളെയും നിയന്ത്രിക്കുകയും ചെയ്യുന്നത്.
- ബഹുസ്വരവാദിയുടെ വിശ്വാസത്തിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനങ്ങളിൽ നിയമങ്ങൾ രൂപപ്പെടുത്തുന്നു.
- ആളുകളെ സംഘടനകളിൽ നിന്ന് സംരക്ഷിക്കുന്നതിന് രാഷ്ട്രത്തിന്റെ സേവനം ആവശ്യമാണ്.

3.2 സമത്വം

ആമുഖം

സമത്വം മനസ്സിലാക്കുന്നു



മനുഷ്യർ തുല്യരാണെന്ന ആശയം ഒരു പ്രഹേളികയാണ്. സമത്വം ആഗ്രഹിക്കുന്ന ഒരു രാഷ്ട്രം അതിന്റെ സമൂഹത്തിൽ മാറ്റം വരുത്താൻ നിയമങ്ങൾ സൃഷ്ടിക്കുന്നു. വികസിതരാജ്യമായാലും വികസ്വരരാജ്യമായാലും സമത്വത്തിനായുള്ള നിയമം അപര്യാപ്തമാണ്. ഒപ്പം സമൂഹത്തിന്റെ ബഹുസ്വരരീതി നിലനിൽക്കുന്നതിനാൽ സമത്വനിയമം കൂടുതലായി എതിർക്കപ്പെടുന്നു. സ്വാതന്ത്ര്യവും അവകാശങ്ങളും രാഷ്ട്രീയ സിദ്ധാന്തത്തിലെ മൂന്നാമത്തെ തത്വത്തിലേക്ക് നയിക്കുന്നു. അത് സമത്വമാണ്. പൗരന്മാരായും ഗ്രൂപ്പുകളായും വ്യക്തികൾക്കിടയിൽ തുല്യമായോ അസമമായോ അവകാശങ്ങൾ എങ്ങനെ വിനിയോഗം ചെയ്യണമെന്ന് സമത്വം നിർണ്ണയിക്കുന്നു.

3.2.1 സമത്വത്തിന്റെ അർത്ഥം

സമത്വം എന്നത് ന്യായമായ എന്നർത്ഥമുള്ള ഐക്കസ്/അകാലിസിൽ എന്ന വാക്കിൽ നിന്നാണ് എടുത്തിട്ടുള്ളത്. ഇത് ഒരേ അവകാശങ്ങൾ, പ്രത്യേകാവകാശങ്ങൾ, ചികിത്സകൾ, പദവി, അവസരങ്ങൾ എന്നിവ ഗുണഭോക്താക്കൾക്കിടയിൽ ന്യായമായ രീതിയിൽ വിതരണം ചെയ്യപ്പെടുന്നതിനാൽ വിതരണ തത്വവുമായി ബന്ധപ്പെട്ട ഒന്നായി സമത്വത്തെ കണക്കാക്കുന്നു. ന്യായബോധം എല്ലാ സാഹചര്യങ്ങളിലും എല്ലാവരെയും തുല്യമായി പരിഗണിക്കണമെന്ന് അർത്ഥമാകുന്നില്ല. വാസ്തവത്തിൽ ഇത് അസമമായവർക്ക്

11th Std Political Science_Ch_3_Malayalam.indd 33 14/02/2023 18:52:41

ചിത്രങ്ങൾ കണ്ട് ചർച്ച ചെയ്യുക











അസമമായ ചികിത്സ എന്നാണ് അർത്ഥമാക്കുന്നത്. അടിസ്ഥാനപരമായി ഇത് നീതിയുടെ തത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാരണം അതിന് ന്യായമായ വിതരണ തത്വം ആവശ്യമാണ്.

3.2.2 സമത്വത്തിന്റെ പ്രാധാന്യം

എന്തുകൊണ്ട് സമത്വം പ്രധാനമായി കരുതുന്നു?

ഒരു രാഷ്ട്രീയ ആദർശമെന്ന നിലയിൽ സമത്വം എന്ന ആശയം എല്ലാ മനുഷ്യർക്കും അവരുടെ നിറം, ലിംഗഭേദം, വംശം, ദേശീയത എന്നിവ കണക്കിലെടുക്കാതെ തുല്യ മൂല്യമുണ്ടെന്ന ആശയത്തെ വെളിവാക്കുന്നു. മനുഷ്യത്വം കാരണം സമത്വം മനുഷ്യർക്കിടയിൽ തുല്യ പരിഗണനയും പരസ്പര ബഹുമാനവും ആവശ്യപ്പെടുന്നു. മാനവികതയെക്കുറിച്ചുള്ള ഈ സങ്കൽപ്പത്തിലുള്ള വിശ്വാസം സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിലേക്ക് നയിച്ചു.

ആധുനിക കാലഘട്ടത്തിൽ ആളുകൾക്കിടയിൽ പദവി, സമ്പത്ത് എന്നിവയുടെ അസമത്വം ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രങ്ങൾക്കും സാമൂഹിക സ്ഥാപനങ്ങൾക്കുമെതിരായ പോരാട്ടത്തിൽ സമത്വം മുദ്രാവാക്യമായി. പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിപ്ലവകാരികൾ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യം ഉപയോഗിച്ച് ഫ്യൂഡൽ പ്രഭുക്കന്മാർക്കും രാജവാഴ്ചയ്ക്കും എതിരായി കലാപം നടത്തി. ഇരുപതാം നൂറ്റാണ്ടിൽ ഏഷ്യയിലും ആഫ്രിക്കയിലും നടന്ന കൊളോണിയൽ വിരുദ്ധപോരാട്ടത്തിലും സമത്വത്തിനായുള്ള ആവശ്യം ഉയർന്നു. നമ്മുടെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടതായി തോന്നുന്ന സ്ത്രീകളോ ദളിതരോ പോലുള്ള സമരം ചെയ്യുന്ന ഗ്രൂപ്പാണ് ഇത് ഉയർത്തുന്നത്.

സമത്വം ഇപ്പോൾ വ്യാപകമായി അംഗീകരിക്കപ്പെട്ട ഒരു മാതൃകയായി മാറിയിരിക്കുന്നു. അത് ലോകത്തിലെ ഭരണഘടനകളെയും നിയമങ്ങളെയും ഉൾക്കൊള്ളുന്നു. എന്നിരുന്നാലും ലോകത്തും നമ്മുടെ സമൂഹത്തിലും നമുക്ക് ചുറ്റും കാണാവുന്നതും അസ്വസ്ഥമാക്കുന്നതുമായ ഘടകം അസമത്വമാണ്. ആഡംബര പാർപ്പിടങ്ങൾ, കുടിവെള്ള സൗകര്യങ്ങളോ ടോയ്‌ലറ്റുകളോ പോലും ഇല്ലാത്ത സ്കൂളുകൾ, ഭക്ഷണം പാഴാക്കൽ, പട്ടിണി എന്നിവയുള്ള ചേരികൾ നമുക്ക് കാണാൻ കഴിയും. നിയമം വാഗ്ദാനം ചെയ്യുന്നതും നമുക്ക് ചുറ്റും കാണുന്നതും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്.

ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന സമത്വം എന്ന തത്വത്തിൽ തുല്യവും അസമവും തമ്മിലുള്ള അന്തരം നികത്താനാണ് ഇന്ത്യ ഭരണഘടനയിലൂടെ ശ്രമിക്കുന്നത്.

11th Std Political Science_Ch_3_Malayalam.indd 34 14/02/2023 18:52:41

എന്താണ് വിതരണ നീതി?

വിതരണ നീതിക്ക് തുല്യതയുടെ ഒരു തത്വം ആവശ്യമാണ്, അതിൽ സമത്വത്തിന്റെ തത്വം ഉറപ്പാക്കാൻ അസമമായ വിതരണം നടക്കുന്നു. ഉദാഹരണത്തിന് രാഷ്ട്രം ഒരു ദരിദ്രനും ധനികനും തുല്യമായി നികുതി നൽകരുത്.

3.2.3 സമത്വത്തിന്റെ അളവുകൾ

എന്താണ് സമത്വം?

വംശത്തിന്റെയും വർണ്ണവിവേചനത്തിന്റെയും അടിസ്ഥാനത്തിൽ മനുഷ്യർ തമ്മിലുള്ള വ്യത്യാസങ്ങൾക്കിടയിലാണ് നാം ജീവിക്കുന്നത്. അത് നമ്മളാൽ അംഗീകരിക്കപ്പെടുന്നില്ല. വാസ്തവത്തിൽ അത്തരം വ്യത്യാസങ്ങൾ സമത്വത്തെക്കുറിച്ചുള്ള നമ്മുടെ അവബോധ ധാരണയെ ലംഘിക്കുന്നു. ഇത് എല്ലാ മനുഷ്യർക്കും അവരുടെ പൊതുവായ മാനവികത കാരണം സമാനമായ ബഹുമാനത്തിനും പരിഗണനയ്ക്കും അർഹതയുണ്ടെന്ന് പറയുന്നു. ഒരു സമൂഹവും അതിന്റെ എല്ലാ അംഗങ്ങളെയും എല്ലാ സാഹചര്യങ്ങളിലും ഒരേ രീതിയിൽ പരിഗണിക്കുന്നില്ല. മനുഷ്യർ ആഗ്രഹങ്ങളിലും, കഴിവുകളിലും, ആവശ്യങ്ങളിലും വ്യത്യസ്തരായിരിക്കുന്നിടത്തോളം കാലം അവരെയെല്ലാം തുല്യരെന്നു കരുതുന്നതും ഭാവിക്കുന്നതും സാധ്യമില്ലെന്ന് കരുതുന്നു. അസമത്വം തുല്യമായി പരിഗണിക്കുന്നതിൽ അനീതി ഉണ്ടാകുന്നു. ഏറ്റവുംപ്രധാനമായിസ്വാഭാവികഅസമത്വങ്ങൾ കൂടാതെ, സമൂഹം സൃഷ്ടിച്ച അസമത്വങ്ങളുണ്ട്. ജനനം, സമ്പത്ത്, അറിവ്, മതം എന്നിവ അടിസ്ഥാനമാക്കിയുള്ള അസമത്വം.

ചരിത്രത്തിന്റെ മുന്നേറ്റം കൂടുതൽ സമത്വത്തിലേക്കല്ല പോകുന്നത് കാരണം നാം ഒരു അസമത്വം ഇല്ലാതാക്കുമ്പോൾ മറ്റൊന്ന് സൃഷ്ടിക്കപ്പെടുന്നു. ഈ വ്യത്യാസം നമ്മൾ നിരസിക്കുന്നത് ന്യായീകരിക്കാനാവില്ല, അതേസമയം നമ്മൾ സൃഷ്ടിക്കുന്നത് ന്യായയുക്തമാണെന്ന് തോന്നുന്നു. അതിനാൽ സാമൂഹിക രാഷ്ട്രീയ, വിദ്യാഭ്യാസ തുല്യതകൾക്ക് ഓരോ പുതിയ തലമുറയുടെയും ശക്തിപ്പെടുത്തലും പുനർവ്യാഖ്യാനവും ആവശ്യമാണ്. സ്വാതന്ത്ര്യം പോലെ സമത്വത്തെ അതിന്റെ നെഗറ്റീവ്, പോസിറ്റീവ് വശങ്ങളിലും മനസ്സിലാക്കാം. നെഗറ്റീവ് സമത്വം അത്തരം പദവികളുടെ അവസാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. മാത്രമല്ല ഇത് അവസരത്തിന്റെ ലഭ്യതയെ അർത്ഥമാക്കുന്നു.



കുറച്ചു സമ്പന്നരും അനേകം ദരിദ്രരുമായി വിഭജിക്കപ്പെട്ടിട്ടുള്ള ഒരു ഭരണകൂടം സമ്പന്നരുടെ സ്വത്ത് കാര്യങ്ങൾ സംരക്ഷിക്കുന്നതിനായി എല്ലായ്പ്പോഴും കൃത്രിമം കാണിക്കുന്ന ഒരു സർക്കാരിനെ വികസിപ്പിക്കും

- ഹരോൾഡ് ലാസ്കി

ലാസ്കിയുടെ തത്വം അനുസരിച്ച് സമത്വത്തിന്റെ വിവരണം:

- പ്രത്യേകാവകാശങ്ങളുടെ അഭാവം, ഒരാളുടെ ഇഷ്ടം മറ്റേതൊരു ഇച്ഛയ്ക്കും അവകാശങ്ങളുടെ സമത്വത്തിനും തുല്യമാണെന്നാണ് അർത്ഥമാക്കുന്നത്.
- ആവശ്യമായ അവസരങ്ങൾ എല്ലാവർക്കും നൽകണം. ഓരോ വ്യക്തിക്കും തന്റെ വ്യക്തിത്വം മനസ്സിലാക്കുവാൻ സാധിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാക്കണം.
- എല്ലാവർക്കുംസാമൂഹികആനുകൂല്യങ്ങൾതുല്യ അളവിൽ ലഭ്യമാകുന്ന വിധത്തിലായിരിക്കണം. ആരെയും ഒരു കാരണവശാലും പരിമിതപ്പെടുത്തരുത്. ജനനത്താലോ, മാതാപിതാക്കളുടെയോ പാരമ്പര്യപരമായ കാരണങ്ങളാലോ ഉള്ള അസമത്വം യുക്തിരഹിതമാണ്.
- സാമ്പത്തികവും സാമൂഹികവുമായ ചൂഷണമില്ലാത്ത സമൂഹമായിരിക്കണം.

ബാർക്കറിന്റെ അഭിപ്രായത്തിൽ സമത്വത്തിന്റെ വിവരണം

- എല്ലാവർക്കും അടിസ്ഥാന സമത്വം
- അവസര സമത്വം
- ജീവിത സാഹചര്യങ്ങൾക്ക് ഉതകുന്ന സമത്വ നിലപാടുകൾ
- ഫലങ്ങളുടെ അടിസ്ഥാനത്തിൽ സമത്വത്തെ ഏർപ്പെടുത്തൽ

11th Std Political Science_Ch_3_Malayalam.indd 35 14/02/2023 18:52:41

അവസരങ്ങളുടെ സമത്വം

മനുഷ്യരെന്ന നിലയിൽ എല്ലാ ആളുകൾക്കും ഒരേ അവകാശങ്ങളും കഴിവുകളും വികസിപ്പിക്കുന്നതിനും, അവരുടെ ലക്ഷ്യങ്ങളും അവസരങ്ങളും പിന്തുടരുന്നതിനും അർഹതയുണ്ടെന്നാണ് സമത്വം എന്ന ആശയം സൂചിപ്പിക്കുന്നത്.

സ്വാഭാവിക അസമത്വവും സാമൂഹിക അസമത്വവും

വ്യത്യസ്ത കഴിവുകളുടെ ഫലമായി ആളുകൾക്കിടയിൽ ഉയർന്നുവരുന്നതാണ് സ്വാഭാവിക അസമത്വം. ഇത്തരത്തിലുള്ള അസമത്വങ്ങൾ സാമൂഹികമായി ഉൽപാദിപ്പിക്കുന്ന അസമത്വങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. അത് അവസരത്തിന്റെ അസമത്വത്തിന് ഫലമായി അല്ലെങ്കിൽ ഒരു സമൂഹത്തിലെ ചില ഗ്രൂപ്പുകളെ മറ്റുള്ളവർ ചൂഷണം ചെയ്യുന്നതിന്റെ ഫലമായി ഉയർന്നുവരുന്നു. സ്വാഭാവിക അസമത്വങ്ങൾ ആളുകളിൽ ജനിക്കുന്ന വ്യത്യസ്ത സ്വഭാവസവിശേഷതകളുടെയും കഴിവുകളുടെയും ഫലമായാണ് കണക്കാക്കുന്നത്. മറുവശത്ത് സാമൂഹിക അസമത്വങ്ങൾ സമൂഹം സൃഷ്ടിച്ചവയാണ്. വംശം, നിറം, ലിംഗഭേദം, ജാതി എന്നിവ അടിസ്ഥാനമാക്കിയുള്ള സമൂഹത്തിൽ അസമമായ പെരുമാറ്റം സാമൂഹിക അസമത്വങ്ങളാണ്. നൂറ്റാണ്ടുകളായി സ്ത്രീകൾക്ക് തുല്യ അവകാശം നിഷേധിക്കപ്പെട്ടു. അടിമത്തത്തിന്റെ സ്ഥാപനം ചോദ്യം ചെയ്യപ്പെടുന്നതുവരെ കറുത്തവരെ അടിമകളായി കണക്കാക്കിയിരുന്നു. വൈകല്യത്തോടെ ജനിച്ച ആളുകൾക്കു പോലും ആധുനിക സാങ്കേതികതയുടെ കണ്ടുപിടിത്തത്തിന്റെ മറ്റേതൊരു സാധാരണ വ്യക്തിയെയും പോലെ സമൂഹത്തിന് താങ്കളുടെ സംഭാവനകൾ ചെയ്യാൻ കഴിയും. സ്റ്റീഫൻ ഹോക്കിംഗ്സിന് വൈകല്യമുണ്ടായിട്ടും അദ്ദേഹത്തിന്റെ സംഭാവന ശ്രദ്ധേയമാണ്. സമൂഹത്തെ തുല്യവേദിയിൽ പ്രതിഷ്ഠിക്കുന്നതിന് രാഷ്ട്രീയ തത്ത്വചിന്തകർ കൂടുതൽ മനസ്സിലാക്കുന്നതിനും നവീകരിക്കുന്നതിനുമായി വിവിധ സിദ്ധാന്തങ്ങളും തത്ത്വചിന്തകളും പ്രത്യയശാസ്ത്രങ്ങളും സംഭാവന ചെയ്തിട്ടുണ്ട്.





കാർട്ടൂൺ വായിച്ച് ഈ കാർട്ടൂണിൽ ഏത് തരത്തിലുള്ള അസമത്വങ്ങളാണ് പ്രതിനിധീകരിച്ചിരിക്കുന്നതെന്ന് തിരിച്ചറിയുക?



(i) സാമൂഹിക സമത്വം

സാമൂഹിക സമത്വം എന്നാൽ ജനനം, ജാതി, മതം, വംശം, നിറം ലിംഗഭേദം അല്ലെങ്കിൽ സാമൂഹിക പദവി എന്നിവ അടിസ്ഥാനമാക്കി അവകാശങ്ങൾ, പദവികൾ, അവസരങ്ങൾ എന്നിവയുടെ വിതരണത്തിൽ ആരും വിവേചനം കാണിക്കരുത്. ഓരോരുത്തർക്കും അവരുടെ വ്യക്തിത്വം വളർത്തിയെടുക്കാൻ തുല്യ അവസരം നൽകണം. സാമൂഹിക സമത്വം ചില പ്രധാന വശങ്ങളെ സൂചിപ്പിക്കുന്നു. അവ സാമൂഹിക പദവി അടിസ്ഥാനമാക്കിയുള്ള വിവേചനം നീക്കം ചെയ്യൽ, കുറച്ചുപേർക്ക് പ്രത്യേക പദവികളുടെ അഭാവം, ഒടുവിൽ വിദ്യാഭ്യാസം നേടുന്നതിൽ തുല്യ അവസരം ഉറപ്പാക്കൽ.

11th Std Political Science_Ch_3_Malayalam.indd 36 14/02/2023 18:52:44

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ യു.എസ്.എ. യിലെ അഹിംസാത്മക പൗരാവകാശ പ്രസ്ഥാനത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത നേതാവായിരുന്നു. അമേരിക്കൻ ഐക്യനാടുകളിൽ നിയമപ്രകാരം കറുത്തവർക്ക് തുല്യവകാശം നേടുന്നതിനായി 1950 കളിലും 1960 കളിലും സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടമായിരുന്നു സിവിൽ റൈറ്റ് പ്രസ്ഥാനം നടത്തിയിരുന്നത്. അതുപോലെ തന്നെ ദശലക്ഷക്കണക്കിന് ദളിതർക്കായുള്ള ഡോ. ബി. അംബേദ്കർ വിമോചന പ്രസ്ഥാനം ഇന്ത്യയിലെ ചരിത്ര പ്രസ്ഥാനമായിരുന്നു കൂടാതെ ഈ പ്രസ്ഥാനം സാമൂഹിക സമത്വത്തിന് വിത്തിട്ടു.

മനുഷ്യന്റെയും പൗരന്മാരുടെയും അവകാശങ്ങളുടെ ഫ്രഞ്ച് പ്രഖ്യാപനമനുസരിച്ച് പുരുഷന്മാർ എല്ലായ്പ്പോഴും അവരുടെ അവകാശങ്ങളിൽ സ്വതന്ത്രരും തുല്യരുമായി തുടരാൻ ജനിച്ചവരാണ്. 1948 ഡിസംബർ 10 ന് ഐക്യരാഷ്ട്ര സംഘടന മനുഷ്യാവകാശങ്ങളുടെ ചാർട്ടർ പ്രഖ്യാപിച്ചു. അത് സാമൂഹിക സമത്വത്തിന് ഊന്നൽ നൽകി.

(ii) പൗരസമത്വം

'സിവിൽ' എന്നപദംലാറ്റിൻപദമായസിവിലിസ് അല്ലെങ്കിൽ സിവിസ് എന്നതിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. പൗരസമത്വം എന്നാൽ ഓരോ പൗരനും തുല്യപൗരാവകാശങ്ങളുംസ്വാതന്ത്ര്യവുംനൽകുന്ന സമത്വംഎന്നാണ്.എല്ലാപൗരന്മാർക്കുംസമാനമായ പൗരസ്വാതന്ത്ര്യവും പൗരാവകാശങ്ങളും അടങ്ങുന്നതാണ് പൗരസമത്വം. സിവിൽ നിയമങ്ങൾ എല്ലാ വ്യക്തികളെയും തുല്യമായി പരിഗണിക്കണം.

ഉന്നതരും താഴ്ന്നവരുമായ, ധനികരും ദരിദ്രരും, ജാതിയും, മതവും, വർണ്ണവും വർഗ്ഗവും, വംശങ്ങളും ഗോത്രങ്ങളും, ഗ്രൂപ്പുകളും വിഭാഗങ്ങളും എന്ന വിവേചനം ഉണ്ടാകരുത്.

'നിയമവാഴ്ച' പൗരസമത്വവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

ഉദ്ധരണി

"പട്ടിണി കിടക്കുന്ന മനുഷ്യന് സ്വാതന്ത്ര്യം എന്ത് നന്മ നൽകും? എന്നാൽ സ്വാതന്ത്ര്യത്തിനോ കുടിക്കാനോ സാധിക്കില്ല".

– തോമസ് ഹോബ്സ്

കേസ് സ്റ്റഡി

വ്യക്തിഗത പഠനം

സാമ്പത്തിക അസമത്വവും അറബ് പ്രക്ഷോഭവും

രാജ്യത്തിന്റെ സ്ഥിരതയെ അപകടപ്പെടുത്തുന്ന ഒരു പ്രശ്നമാണ് ദാരിദ്ര്യം. ഉദാഹരണത്തിന്, ജാസ്മിൻ വിപ്ലവം ടുണീഷ്യയിലെ സ്വേച്ഛാധിപത്യ ഭരണാധികാരികളെ ആശ്ചര്യഭരിതരാക്കുകയും അറബ് ലോകത്തെമ്പാടുമുള്ള സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് കാരണമാവുകയും ചെയ്തുന്നു. 29 ദിവസത്തെ പോരാട്ടം ബെൻ അലിയുടെ 23 വർഷത്തെ ഭരണം അവസാനിപ്പിച്ചു. 2010 ഡിസംബർ 17 ന് ടുണീഷ്യൻ പട്ടണമായ സിഡിബൗസിദിൽ വെച്ച് പോലീസ് ഉപദ്രവിച്ച തൊഴിലില്ലാത്ത മുഹമ്മദ് ബൗസിദി ആത്മാഹൂതി ചെയ്തത് ഒട്ടുമൊത്ത വിപ്ലവത്തിന് വിത്തിട്ടു. അറബ് തെരുവിലെ ഈ തീപ്പൊരി ജാസ്മിൻ വിപ്ലവത്തിന് തുടക്കമിട്ടു. (ജാസ്മിൻ ടുണീഷ്യയുടെ ദേശീയ പുഷ്പമാണ്) ഉറക്കമില്ലാത്ത പട്ടണ നിവാസികൾ, പതിവ് പോലീസ് ക്രൂരതയെയും സാമ്പത്തിക അവസരങ്ങളുടെ അഭാവവും കാരണം കഷ്ടപ്പെട്ടിരുന്ന അവർ "ഒരു കൈയിൽ ഒരു പാറയും മറുവശത്ത് ഒരു സെൽ ഫോണും" ഉപയോഗിച്ച് സ്വമേധയാ തെരുവിലിറങ്ങി

കോപത്തിന്റെയും നിരാശയുടെയും ധിക്കാരത്തിന്റെയും ജനാധിപത്യ ആവശ്യത്തിന്റെയും വലിയ തരംഗം അറബ് ലോകത്തെ പിടിച്ചുകുലുക്കി. അറബ് ലോകത്തിന് നടന്ന ഈ പോരാട്ടം ജനാധിപത്യത്തിനെതിരെയും സ്വേച്ഛാധിപത്യത്തെക്കുറിച്ചും മാത്രമല്ല, പ്രത്യക്ഷത്തിൽ അന്യായമായ ഒരു സാമ്പത്തിക ക്രമത്തിനെതിരായ കലാപം കൂടിയാണത്.

കടപ്പാട് : ഫ്രണ്ട് ലൈൻ, ഫെബ്രുവരി 26, 2011

(iii) രാഷ്ട്രീയ സമത്വം

രാഷ്ട്രീയ സമത്വം എന്നാൽ എല്ലാ പൗരന്മാർക്കും തുല്യമായ അവകാശം, യാതൊരു വ്യത്യാസവുമില്ലാതെ രാഷ്ട്രത്തിന്റെ കാര്യങ്ങളിൽ പങ്കെടുക്കാൻ അനുവദിച്ചിരിക്കുന്നു. മുതിർന്ന വർക്കുള്ള വോട്ടവകാശത്തിലൂടെ എല്ലാ പൗരന്മാരുടെയും രാഷ്ട്രീയ അവകാശം ഉറപ്പാക്കപ്പെടുന്നു

11th Std Political Science_Ch_3_Malayalam.indd 37 14/02/2023 18:52:44

പൗരന്മാരുടെ രാഷ്ട്രീയ അവകാശങ്ങൾ ഉറപ്പാക്കുന്ന മറ്റ് ഘടകങ്ങൾ ഇവയാണ് :

- വോട്ടവകാശം
- തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം
- പൊതുപദവികൾ വഹിക്കാനുള്ള അവകാശം
- സർക്കാരിനോട് അപേക്ഷിക്കാനും പൊതു നയത്തെ വിമർശിക്കാനുമുള്ള അവകാശം

രാഷ്ട്രീയ സമത്വം യഥാർത്ഥത്തിൽ ജനാധിപത്യ പരീക്ഷണങ്ങളുടെ പരിശോധനയാണ്. രാഷ്ട്രീയ അധികാരം ജനങ്ങൾക്കിടയിൽ വ്യാപിക്കുവാൻ രാഷ്ട്രീയ സമത്വം പര്യാപ്തമല്ലെന്നും രാഷ്ട്രീയ സമത്വം കൈവരിക്കുന്നതിന് സാമൂഹിക-സാമ്പത്തിക സമത്വവും ആവശ്യമാണെന്നും വിശ്വസിക്കപ്പെടുന്നു.

ഉദ്ധരണി

"സാമ്പത്തിക സമത്വം എന്നത് സമ്പത്തിലെ എല്ലാ വ്യത്യാസങ്ങളും ഇല്ലാതാക്കാനുള്ള ശ്രമമാണ്. ഓരോ പുരുഷനും സ്ത്രീക്കും വസ്തുവകകളിൽ തുല്യപങ്ക് അനുവദിക്കുക.".

–ലോർഡ് ബ്രൈസ്

(iv) സാമ്പത്തിക സമത്വം

എല്ലാ മനുഷ്യർക്കും സ്വയം പൂർണ്ണമായി വികസിക്കാനുള്ള ന്യായമായ അവസരങ്ങൾ ലഭിക്കുമ്പോൾ മാത്രമേ സാമ്പത്തിക സമത്വം ന്യായീകരിക്കാനാകൂ. തൊഴിൽ, ന്യായമായ വേതനം, മതിയായ വിശ്രമം, സാമ്പത്തിക ആശങ്ക കൈകാര്യം ചെയ്യുന്നതിൽ തുല്യമായ പങ്ക് എന്നിവ ഉള്ളപ്പോൾ മാത്രമേ സാമ്പത്തിക സമത്വം അർത്ഥവത്താകൂ. പ്രൊഫസർ ലസ്കി സാമ്പത്തിക സമത്വത്തെ ഇപ്രകാരം വിശദീകരിക്കുന്നു, "രാഷ്ട്രീയ സമത്വം വെർച്വൽ സാമ്പത്തിക സ്വാതന്ത്ര്യത്തോടൊപ്പമല്ലാതെ ഒരിക്കലും യാഥാർത്ഥ്യമല്ല; രാഷ്ട്രീയ അധികാരം എന്നത് സാമ്പത്തിക അധികാരത്തിന്റെ കൈപ്പാവയാകുന്നു."

ഇവിടെ സാമ്പത്തിക സമത്വം എന്നതിനർത്ഥം എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകുന്നതിലൂടെ അവരുടെ സമ്പദ്വ്യവസ്ഥയെ പുരോഗമിക്കാൻ കഴിയും. പ്രത്യയശാസ്ത്രപരമായി ഇത് സാധ്യമാകുന്നത് മുതലാളിത്തത്തിലല്ല സോഷ്യലിസത്തിലാണ്.

(v) അവസരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സമത്വം

അവസരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സമത്വം എന്നത് എല്ലാ പൗരന്മാർക്കും തുല്യവും സമാനവുമായ അവസരങ്ങൾ സംസ്ഥാനം നൽകണം എന്നതാണ്. എല്ലാ പൗരന്മാർക്കും വിദ്യാഭ്യാസം ലഭിക്കുന്നതിന് സമാനമായ അവസരങ്ങളും അവരുടെ വ്യക്തിത്വം വളർത്തിയെടുക്കുന്നതിന് തുല്യ അവസരങ്ങളും നൽകണം. വംശം, ജാതി, മതം, ഭാഷ, സമ്പന്നൻ, ദരിദ്രൻ, ലിംഗാധിഷ്ഠിത വിവേചനം തുടങ്ങിയ സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കണം. ഇന്ത്യയിൽ, തുല്യ അവസരങ്ങൾക്കും തുല്യ വിദ്യാഭ്യാസത്തിനും ഭരണഘടന വ്യവസ്ഥകൾ നൽകുന്നു.

3.2.4 സ്വാതന്ത്ര്യവും സമത്വവും തമ്മിലുള്ള ബന്ധം

സമത്വത്തിന്റെ അഭാവത്തിൽ സ്വാതന്ത്ര്യത്തിന് ഒരു മൂല്യവുമില്ല. ലോർഡ് ആക്ടൺ ഡി ടോകിവില്ലെ, ഹരോൾഡ് തുടങ്ങിയ രാഷ്ട്രീയ ചിന്തകർ വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്ന് ഇവയെ മനസ്സിലാക്കുന്നു. ജെലാസ്കി, ആക്റ്റൺ പ്രഭു, അലക്സ് ഡി ടോകവില്ലെ എന്നിവരാണ് സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ.

പ്രൊഫസർ എച്ച് ജെ. ലസ്കി തന്റെ പ്രസ്താവനയിൽ പറഞ്ഞു സമ്പന്നരും ദരിദ്രരും വിദ്യാസമ്പന്നരും വിദ്യാഭ്യാസമില്ലാത്തവരും ഉള്ളിടത്ത് ഞങ്ങൾ എല്ലായ്പ്പോഴും യജമാനനന്റെയും സേവകന്റെയും ഒരു ബന്ധം കണ്ടെത്തുന്നു.

സ്വകാര്യകക്ഷികൾ തമ്മിലുള്ള ഇടപാടുകൾ, സർക്കാർ ഇടപെടലുകൾക്കുള്ള നിയന്ത്രണം, സൗജന്യങ്ങൾ, നികുതി സബ്സിഡികൾ തുടങ്ങിയവ ഇല്ലാതെ സാമൂഹികവും സ്വതന്ത്രമായും നടക്കുന്ന സാമ്പത്തിക വ്യവസ്ഥയാണ് ലെയ്സെസ് ഫെയർ.

മുതലാളിമാരും തൊഴിലാളി നേതാക്കളും തമ്മിൽ സ്വതന്ത്രമത്സരം നടത്തണമെന്ന് വ്യക്തിവാദികൾ അഭിപ്രായപ്പെട്ടു. ആദം സ്മിത്ത് പിന്തുണച്ചു. സാമ്പത്തിക കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നത് അവർ ആഗ്രഹിച്ചില്ല. ആവശ്യത്തിന്റെയും നൽകലിന്റെയും ഫോർമുല അവർ അംഗീകരിച്ചു. ഈ സമവാക്യത്തിലൂടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നീക്കം

11th Std Political Science_Ch_3_Malayalam.indd 38 14/02/2023 18:52:44

ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും യൂറോപ്പിൽ അപകടകരമായ പ്രത്യാഘാതങ്ങൾക്ക് കാരണമായി.

മുതലാളി വർഗ്ഗം ഈ അവസരത്തെ മുതലെടുക്കുകയും അതിന്റെ ഫലമായി ധരികരും ദരിദ്രരും തമ്മിലുള്ള അന്തരം കൂടുതൽ വർദ്ധിക്കുകയും ചെയ്തു. തൊഴിലാളി വർഗ്ഗം ഏറ്റവും കൂടുതലൽ ബാധിക്കപ്പെട്ടതിനാൽ ഉണ്ടായ പ്രതിഫലനമാണ് വ്യക്തിവാദത്തിനെതിരായും സോഷ്യലിസത്തിന്റെ ഉദയത്തിനും കാരണമായത്. ഇപ്രകാരം ഉയർന്നുവന്ന സോഷ്യലിസം വ്യക്തിവാദത്തിന്റെ തത്വങ്ങളെ അപലപിക്കാനും നിരാകരിക്കാനും ആരംഭിച്ചു. ഈ മാറ്റം "സാമ്പത്തിക സമത്വത്തിന്റെ അഭാവത്തിൽ സ്വാതന്ത്ര്യം അർത്ഥശൂന്യമാണെന്ന" സ്ഥിതി ഉണ്ടാകാൻ കാരണമായി.

രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ നിലനിൽപ്പിന് സാമ്പത്തിക സമത്വം അനിവാര്യമാണ്. അല്ലാത്തപക്ഷം അതൊരു മുതലാളിത്ത ജനാധിപത്യമായിരിക്കും. അതിൽതൊഴിലാളികൾക്ക്വോട്ടവകാശം ഉണ്ടായിരിക്കും. പക്ഷേ അവർക്ക് അവരുടെ മറ്റ് ആവശ്യങ്ങൾ സാധിക്കില്ല (അവകാശങ്ങൾ ലഭിക്കില്ല) അതിനാൽ സ്വാതന്ത്ര്യവും സമത്വവും ഒരുമിച്ച് പോകുന്ന സോഷ്യലിസ്റ്റ് ജനാധിപത്യത്തിൽ മാത്രമേ സ്വാതന്ത്ര്യം സാധ്യമാകൂ. സ്വാതന്ത്ര്യത്തിന് ഒരു പരിഹാരമേയുള്ളൂ. അത് സമത്വത്തിലാണ്. അതിനാൽ സ്വാതന്ത്ര്യവും സമത്വവും പരസ്പരം അഭിനന്ദനാർഹമാണെന്ന് പൊള്ളാർഡ് പറഞ്ഞു.

സമത്വം എങ്ങനെ പ്രോത്സാഹിപ്പിക്കാം

സമത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചില രീതികൾ. അവ,

- ഔപചാരിക സമത്വം സ്ഥാപിക്കൽ
- ഡിഫറൻഷ്യൽ ട്രീറ്റ്മെന്റിലൂടെ സമത്വം ഏർപ്പെടുത്തൽ
- സ്ഥിതീകരണ പ്രവർത്തത്തിലൂടെയുള്ള സമത്വം

ആൻഡ്രൂ ഹേവുഡിന്റെ സമത്വത്തെക്കുറിച്ചുള്ള വിവിധ ആശയങ്ങളുടെ കാഴ്ച്ചപ്പാട്

മനുഷ്യർ തുല്യ ധാർമ്മിക മൂല്യമുള്ളവരാണെന്ന അർത്ഥത്തിൽ തുല്യരായി ജനിക്കുന്നുവെന്ന് സ്വാതന്ത്ര്യവാദികൾ വിശ്വസിക്കുന്നു. ഇത് ഔപചാരിക സമത്വത്തെ സൂചിപ്പിക്കുന്നതായും പ്രത്യേകിച്ച് നിയമപരവും രാഷ്ട്രീയവുമായ അവസര സമത്വം. എന്നാലും സാമൂഹിക സമത്വം എന്നത് സ്വാതന്ത്ര്യത്തെ ത്യാഗം ചെയ്ത് ലഭിച്ചതാണ്.

യാഥാസ്ഥിതികർ പരമ്പരാഗതമായിസമൂഹത്തെ സ്വാഭാവിക ശ്രേണി ക്രമമായി വീക്ഷിക്കുകയും സമത്വത്തെ അമൂർത്തവും കൈവരിക്കാനാവാത്തതുമായ സങ്കല്പമായി തള്ളിക്കളയുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റുകൾ സോഷ്യലിസ്റ്റുകൾ സമത്വത്തെ അടിസ്ഥാന മൂല്യമായികണക്കാക്കുന്നു. പ്രത്യേകിച്ചും സാമൂഹിക സമത്വത്തെ അംഗീകരിക്കുന്നു. സാമൂഹിക ജനാധിപത്യത്തിനുള്ളിൽ മാറ്റം വരുത്തിയിട്ടും, സാമൂഹിക സമത്വം, അതിന്റെ ആപേക്ഷിക (സാമൂഹിക ജനാധിപത്യ) അല്ലെങ്കിൽ കേവല (കമ്മ്യൂണിസ്റ്റ്) അർത്ഥത്തിൽ, സാമൂഹിക ഐക്യവും സാഹോദര്യവും ഉറപ്പുവരുത്തുന്നതിനും നീതി അല്ലെങ്കിൽ സമത്വം സ്ഥാപിക്കുന്നതും സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനും ഒരു പോസിറ്റീവ് സെൻസ് അത്യന്താപേക്ഷിതമാണ്.

അരാജകവാദികൾ അരാജകവാദികൾ രാഷ്ട്രീയ സമത്വത്തിന് വേണ്ടി പ്രത്യേക സമ്മർദ്ദം ചെലുത്തുന്നു. ഇത് സമത്വവും വ്യക്തിഗത സ്വയംഭരണത്തിനുള്ള സമ്പൂർണ്ണ അവകാശവുമാണെന്ന് മനസ്സിലാക്കുന്നു. ഇത് എല്ലാത്തരം രാഷ്ട്രീയ അസമത്വങ്ങളും അടിച്ചമർത്തലിന് തുല്യമാണെന്ന് സൂചിപ്പിക്കുന്നു. ഉൽപാദന സമ്പത്തിന്റെ കൂട്ടായ ഉടമസ്ഥാവകാശത്തിലൂടെ നേടിയ സമ്പൂർണ്ണ സാമൂഹിക സമത്വത്തിൽ അനാർക്കോ - കമ്മ്യൂണിസ്റ്റുകൾ വിശ്വസിക്കുന്നു.

ഫാസിസ്റ്റുകൾ നേതാക്കളും അനുയായികളും തമ്മിലും ലോകത്തിന്റെ വിവിധ രാജ്യങ്ങൾ അല്ലെങ്കിൽ വംശങ്ങൾ തമ്മിലുമുള്ള, വംശീയ അസമത്വമാണ് മനുഷ്യരാശിയെ അടയാളപ്പെടുത്തുന്നതെന്ന് ഫാസിസ്റ്റുകൾ വിശ്വസിക്കുന്നു. എന്നിരുന്നാലും രാജ്യത്തിനോ, വംശത്തിനോ ഉന്നൽ നൽകുന്നതിനുവേണ്ടി എല്ലാ അംഗങ്ങളും തുല്യരാണെന്ന് സൂചിപ്പിക്കുന്നു.

സ്ത്രീപക്ഷവാദികൾ ലിംഗസമത്വമാണ് സ്ത്രീ പക്ഷവാദികളുടെ ലക്ഷ്യം സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ തുല്യ അവകാശങ്ങളും, തുല്യ അവസരങ്ങളും ലഭ്യമാകുന്നതോടൊപ്പം സാമൂഹിക, സാമ്പത്തിക സ്ഥിതികളിൽ തുല്യ അധികാരം ലഭ്യമാക്കുന്നതിനുവേണ്ടി അവർ വാദിക്കുന്നു.

11th Std Political Science_Ch_3_Malayalam.indd 39 14/02/2023 18:52:44

പരിസ്ഥിതിവാദികൾ എല്ലാജീവജാലങ്ങൾക്കും, ജീവിക്കാനും പുഷ്പിക്കാനും തുല്യ അവകാശമുണ്ടെന്ന് ഊന്നിപ്പറയുന്ന ബയോസെൻട്രിക് സമത്വം എന്ന ആശയം പരിസ്ഥിതി ശാസ്ത്രജ്ഞർ മുന്നോട്ടു വയ്ക്കുന്നു.

3.2.5 ഇന്ത്യൻ ഭരണഘടനയിൽ സമത്വം

ഇന്ത്യൻ ഭരണഘടനയിൽ സമത്വം എന്ന ആശയം

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 14 അനുസരിച്ച് നിയമത്തിനു മുന്നിൽ എല്ലാപേരും സമൻമാരാണ്. കൂടാതെ എല്ലാ വ്യക്തികൾക്കും തുല്യമായ സംരക്ഷണവും നൽകുന്നു. ഇത് ഔപചാരിക സമത്വത്തിന്റെ ഒരു പ്രസ്താവനയാണ്, ഒപ്പം പദവിയുടെയും അവസരത്തിന്റെയും തുല്യത കണക്കിലെടുത്ത് ഭരണഘടനയുടെ ആമുഖം ഉറപ്പാക്കുന്നതിനെ കാണിക്കുന്നു. ഇതിനർത്ഥം ലോകത്തിലുള്ള നിയമങ്ങൾ എല്ലാവർക്കും തുല്യമായി ബാധകമമാകുമെന്നും ജനനം, ജാതി, നിറം, ലിംഗഭേദം, ഭാഷാ, വംശം, മതം തുടങ്ങിയ കാര്യങ്ങളിൽ വിവേചനം ഉണ്ടാകരുതെന്നുമാണ്. വാസ്തവത്തിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 15 ആർട്ടിക്കിൾ 14 നെ കൂടുതൽ വ്യക്തമാക്കി അത്തരം വിവേചനം തടയുന്നു.

ആർട്ടിക്കിൾ 21 പ്രകാരം ഇന്ത്യൻ ഭരണഘടനയിൽ നിയമത്തിന് മുന്നിൽ സമത്വവും നിയമത്തിന്റെ തുല്യ പരിരക്ഷയും കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നിയമം സ്ഥാപിച്ച നടപടിക്രമമനുസരിച്ച് ഒരു വ്യക്തിക്ക് അയാളുടെ ജീവിതമോ വ്യക്തി സ്വാതന്ത്ര്യവും ജീവിതവും നഷ്ടപ്പെടുത്തുന്നതിന് ന്യായവും നീതിയുക്തവുമായ നടപടിക്രമങ്ങൾ പാലിക്കണമെന്നാണ് ഇതിനർത്ഥം. വിവിധ വ്യക്തികൾക്ക് ഏകപക്ഷീയത, വിവേചനപരമായ നടപടിക്രമം അല്ലെങ്കിൽ അസമമായ ചികിത്സ എന്നിവ ഇല്ലെന്ന് ഇത് വ്യക്തമാക്കുന്നു.

സമത്വത്തിനുള്ള അവകാശം (ആർട്ടിക്കിൾ 14-18)

- നിയമത്തിന് മുന്നിലുള്ള സമത്വം (ആർട്ടിക്കിൾ 14)
- മതത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം നിരോധിക്കുക (ആർട്ടിക്കിൾ 15)
- പൊതു തൊഴിൽ കാര്യങ്ങളിൽ അവസരത്തിന്റെ തുല്യത (ആർട്ടിക്കിൾ 16)
- തൊട്ടുകൂടായ്മ നിർത്തലാക്കൽ (ആർട്ടിക്കിൾ 17)
- ശീർഷകങ്ങൾ നിർത്തലാക്കൽ (ആർട്ടിക്കിൾ 18)



പ്രത്യേകമായ പെരുമാറ്റത്തിലൂടെ സമത്വം എങ്ങനെ നേടാനാകും?

തുല്യ അവകാശങ്ങൾ ആസ്വദിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുന്നതിന് ചില സമയങ്ങളിൽ വ്യക്തികളോട് വ്യത്യസ്തമായി പെരുമാറേണ്ടതുണ്ട്. ഈ ആവശ്യത്തിനായി ചില വ്യത്യാസങ്ങൾ കണക്കിലെടുക്കേണ്ടി വന്നേക്കാം. അതുപോലെ തന്നെ സമത്വത്തിന്റെ തടസ്സങ്ങളെ മറികടക്കാൻ ചില നയങ്ങൾ ആവശ്യമാണ്. ഉദാഹരണത്തിന്, ഇന്ത്യ സംവരണ തത്വവും മറ്റ് രാജ്യങ്ങൾ സ്ഥിതീകരണ നടപടിയും പിന്തുടരുന്നു.

3.3 സ്വാതന്ത്ര്യം

പഠന ലക്ഷ്യങ്ങൾ

- തത്വജ്ഞാനികളുടെ വിവിധ വീക്ഷണങ്ങൾ സംക്ഷിപ്തമാക്കിയാണ് സ്വാതന്ത്ര്യത്തിന്റെ അർത്ഥം കൂടാതെ പ്രാധാന്യം എന്നിവ അവതരിപ്പിക്കുന്നത്.

11th Std Political Science_Ch_3_Malayalam.indd 40 14/02/2023 18:52:44

- സ്വാതന്ത്ര്യത്തിന്റെ വിവിധതലങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ വിദ്യാർത്ഥികൾ യഥാർത്ഥത്തിൽ വ്യത്യസ്ത രൂപത്തിലുള്ള സ്വാതന്ത്ര്യത്തെ പരിചയപ്പെടുത്തുകയും, അവർ സ്വാതന്ത്ര്യത്തിന്റെ ഭരണകൂടം വീക്ഷിക്കുകയും ചെയ്യുന്നു.
- സ്വാതന്ത്ര്യമെന്നആശയംവളരെപ്രധാനമാണ്. ഭരണഘടനാപരമായ അധികാരത്തോടെ ഭരണകൂടത്തിന് അധികാരമുള്ള ഒരു സമൂഹത്തിൽ സ്വാതന്ത്ര്യത്തിന്റെ മൂല്യം മനസ്സിലാക്കാൻ ഇത് ഓരോ പൗരനെയും സഹായിക്കുന്നു.
- നിയമം പോലുള്ള ചില നിയന്ത്രണങ്ങളും സ്വാതന്ത്ര്യത്തിന്റെരൂപമാണെന്ന്വിദ്യാർത്ഥികൾക്ക് ഇവിടെ നിർദ്ദേശം നൽകുന്നു.
- ജനാധിപത്യവും, സ്വതന്ത്ര നീതിന്യായ വ്യവസ്ഥയും സ്വാതന്ത്ര്യത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്ന ചില പ്രധാന ഘടകങ്ങളാണെന്നും കൂടാതെ സ്വാതന്ത്ര്യത്തിന്റെ സംരക്ഷകരാണെന്നും മനസ്സിലാക്കുന്നതിന്

സ്വാതന്ത്ര്യത്തിന്റെ ആമുഖം

പുരോഗതിക്കായി മനുഷ്യനും ഭരണകൂടത്തിനും സ്വാതന്ത്ര്യം ഒരു പ്രധാന ഘടകമായി തുടർന്നു. ഇംഗ്ലണ്ടിലെ പുരാതന, മദ്ധ്യകാലഘട്ടങ്ങളിലെ സ്വാതന്ത്ര്യത്തിന്റെ അവകാശവാദങ്ങളെ അവഗണിച്ച്കേവല രാജവാഴ്ചയുടെ ചരിത്രം രേഖപ്പെടുത്തുന്നു. ജനങ്ങൾരാജവാഴ്ചയിൽനിരാശപ്പെട്ട്അതിനെതാരിയി കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ജോൺ ചക്രവർത്തി സ്ഥാനമൊഴിഞ്ഞ് പ്രജകൾക്ക് സ്വാതന്ത്ര്യം ഉറപ്പാക്കുന്നതുവരെ സമരം തുടർന്നു. ട്യൂഡറിനും സ്റ്റുവർട്ടിനും ശേഷം വന്ന ചക്രവർത്തിമാരുടെ തുടർച്ചയായ രാജവാഴ്ചയും ആഭ്യന്തര യുദ്ധത്തിന് കാരണമായി. ചാൾസ് രാജാവിനെ ശിരച്ഛേദം ചെയ്തു. ക്രോംവെൽകാലഘട്ടത്തിൽപോലും ആളുകൾക്ക് അടിസ്ഥാന സ്വാതന്ത്ര്യം നേടാനായില്ല.

1688-ൽ ഇംഗ്ലണ്ടിലെ പ്രസിദ്ധമായ 'വിപ്ലവ'ത്തിന്റെ ഫലമായി, കുറച്ചുകാലം കേവല രാജവാഴ്ച അടങ്ങിയിരുന്നു. പിന്നീട് 1789-ൽ ഫ്രഞ്ച് വിപ്ലവം പൊട്ടിപുറപ്പെട്ടു.

എന്നിരുന്നാലും അത് ജനങ്ങൾക്ക് ആവശ്യത്തിനുള്ള സ്വാതന്ത്ര്യം നൽകിയിരുന്നില്ല. നെപ്പോളിയന്റെ പിൻഗാമികൾ രാജാക്കന്മാരെപ്പോലെയാണ് പെരുമാറിയത്. നെപ്പോളിയൻ മൂന്നാമന്റെ പതനം മൂന്നാം റിപ്പബ്ലിക് സ്ഥാപിക്കുന്നതി കാരണമായി. 1940-ൽ മൂന്നാം റിപ്പബ്ലിക്കിന്റെയും 1958-ൽ നാലാം റിപ്പബ്ലിക്കിന്റെയും പതനത്തിനുശേഷം അഞ്ചാമത്തെ റിപ്പബ്ലിക് സ്ഥാപിതമായി. കോളനിവത്ക്കരിക്കപ്പെട്ട രാജ്യങ്ങൾ സ്വാതന്ത്ര്യത്തിനായുള്ള നീണ്ട പോരാട്ടത്തിനുശേഷം സ്വാതന്ത്ര്യം നേടി. പത്തൊൻപതാം നൂറ്റാണ്ടിൽ ഇറ്റലിയും ഇരുപതാം നൂറ്റാണ്ടിൽ ഇന്ത്യയും ദേശീയ സ്വാതന്ത്ര്യം നേടുന്നതിനായി പറഞ്ഞറിയിക്കാനാവത്ത ത്യാഗങ്ങൾ ചെയ്തു.

സ്വാതന്ത്ര്യത്തിന്റെ അർത്ഥം

ലാറ്റിൻപദമായ 'ലിബർ' എന്നതിൽ നിന്നാണ് 'സ്വാതന്ത്ര്യം' എന്ന പദം ഉരുത്തിരിഞ്ഞത്. ലാറ്റഇൻ പദമായ 'ലിബർ' എല്ലാ നിയന്ത്രണങ്ങളുടെയും അഭാവത്തെ സൂചിപ്പിക്കുന്നു. ഒരു നിബന്ധനകളും പരിഗണിക്കാതെ ഒരാൾക്ക് ഇഷ്ടമുള്ളത് ചെയ്യാൻ കഴിയും എന്നാണ് ഇതിനർത്ഥം.

ഉദ്ധരണി

മനുഷ്യർക്ക് മികച്ച രീതിയിൽ പ്രവർത്തനം നടത്താൻ സാഹചര്യമുള്ള അന്തരീക്ഷം പരിപാലിക്കുന്നതാണ് സ്വാതന്ത്ര്യം

-ഹരോൾഡ് ജെ. ലാസ്കി

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തത്വജ്ഞാനികളുടെ കാഴ്ചപ്പാടുകൾ

- "ആസ്വാദനത്തിനും ജോലിയ്ക്കും യോഗ്യമായ കാര്യങ്ങൾ ചെയ്യാനും ആസ്വദിക്കാനുമുള്ള പോസിറ്റീവ് ശക്തിയാണ് സ്വാതന്ത്ര്യം" - ഗെറ്റൽ

- "വ്യക്തിത്വത്തിന് ബാഹ്യ തടസ്സങ്ങളില്ലാതെ പ്രകടിപ്പിക്കാനുള്ളതാണ് സ്വാതന്ത്ര്യം" - പ്രൊഫസർജി ഡി.എച്ച്. കോൾ.

- "സ്വാതന്ത്ര്യം എന്നാൽ സംയമനത്തിന്റെ അഭാവമല്ല, മറിച്ച് അത് സ്വാതന്ത്ര്യത്തിന്റെ വികാസത്തിലാണ്" - മഹാത്മാഗാന്ധി

- "അവകാശമില്ലാതെ സ്വാതന്ത്ര്യം നേടാൻ കഴിയില്ല, കാരണം അവകാശങ്ങളില്ലാതെ മനുഷ്യർ വ്യക്തിത്വത്തിന്റെ ആവശ്യങ്ങളുമായി ബന്ധമില്ലാത്ത നിയമത്തിന്റെ വിഷയങ്ങളാണ്" - ഹരോൾഡ് ജെ. ലസ്കി

11th Std Political Science_Ch_3_Malayalam.indd 41 14/02/2023 18:52:45

- സ്വാതന്ത്ര്യത്തെ സാധാരണയായി ഏകപക്ഷീയമോ അനാവശ്യമോ ആയ ബാഹ്യ നിയന്ത്രണത്തിൽനിന്നുള്ള സ്വാതന്ത്ര്യം എന്നാണ് നിർവചിക്കുന്നത്.
- നിയമപരമായി പരമാവധി പ്രയോഗിക്കുന്നതിലൂടെ, ആർട്ടിക്കിൾ 19 ന് കീഴിലുള്ള 'സ്വാതന്ത്ര്യം' എന്ന പൊതുവായ വാക്ക് അതിന്റെ നിറവും ഘടനയും ഉപയോഗിച്ച് പ്രത്യേക പദങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. അതേസമയം ആർട്ടിക്കിൾ 21 ന് കീഴിൽ അത്തരം പ്രത്യേക പദങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല.

സ്വാതന്ത്ര്യത്തിന്റെ രണ്ട് ഘട്ടങ്ങൾ

പോസിറ്റീവ് സ്വാതന്ത്ര്യം: പോസിറ്റീവ് സ്വാതന്ത്ര്യം എന്നാൽ വ്യക്തിക്ക് തന്റെ വ്യക്തിത്വം വികസിപ്പിക്കാനുള്ള അവകാശങ്ങളും അവസരങ്ങളും ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തെ അർത്ഥമാക്കുന്നു.

നെഗറ്റീവ് സ്വാതന്ത്ര്യം: നെഗറ്റീവ് സ്വാതന്ത്ര്യം എന്നാൽ മനുഷ്യനിലും അവന്റെ പ്രവർത്തനങ്ങളിലും യാതൊരു നിയന്ത്രണവും ഏർപ്പെടുത്തരുതെന്നും മനുഷ്യന്റെ പാതയിൽ ഒരു തടസ്സവും ഉണ്ടാകരുതെന്നും ജെ.എസ്. മിൽ ഉറപ്പിച്ചു പറയുന്നു.



i. സ്വാഭാവിക സ്വാതന്ത്ര്യം

സ്വാഭാവിക സ്വാതന്ത്ര്യം എന്നാൽ എല്ലാ നിയന്ത്രണങ്ങളുടെയും അഭാവം, ഒരാൾക്ക് ഇഷ്ടമുള്ളത് ചെയ്യാനുള്ള അനിയന്ത്രിതമായ സ്വാതന്ത്ര്യം.



ii. പൗരസ്വാതന്ത്ര്യം

പൗരസ്വാതന്ത്ര്യം എന്ന ആശയം നിയമവാഴ്ച പ്രതിഫലിപ്പിക്കുന്നു. നിയമത്തിന്റെ പരിധിക്കുള്ളിൽ തങ്ങളുടെ അവകാശങ്ങൾ ആസ്വദിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. പൗരസ്വാതന്ത്ര്യത്തിന്റെ സംരക്ഷണം സർക്കാർ നിയമങ്ങളാൽ ഉറപ്പുനൽകുന്നു.

iii. രാഷ്ട്രീയ സ്വാതന്ത്ര്യം

രാഷ്ട്രീയസ്വാതന്ത്ര്യം എന്ന ആശയം അർത്ഥമാക്കുന്നത് രാഷ്ട്രീയ ജീവിതത്തിലും ഭരണകൂടകാര്യങ്ങളിലും പങ്കാളിയാകാനുള്ള പൗരന്റെ സ്വാതന്ത്ര്യമാണ്. ഈ അവകാശങ്ങൾ വോട്ടവകാശം തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം, പൊതുകാഴ്ചപ്പാടുകൾ നടത്താനും സർക്കാരിനെ വിമർശിക്കാനുമുള്ള അവകാശം, നിവേദനത്തിനുള്ള അവകാശം എന്നിവയാണ്.

iv. വ്യക്തിഗത സ്വാതന്ത്ര്യം

ഒരുതരത്തിലുള്ള അനിയന്ത്രിതവും നിയമവിരുദ്ധവുമായ നിയന്ത്രണത്തിന് വിധേയമാകാതെ വ്യക്തിക്ക് ഇഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കാൻ കഴിയണം. ഓരോ വ്യക്തിക്കും തന്റെ വ്യക്തിപരമായ ജീവിതത്തിലെ കാര്യങ്ങളിൽ ഇടപെടാൻ മറ്റാരെയും അനുവദിക്കാതിരിക്കാൻ അവകാശമുണ്ടെന്നും ഇതിനർത്ഥം. ഓരോ വ്യക്തിക്കും വസ്ത്രം, ഭക്ഷണം, ജീവിതനിലവാരം, വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. വ്യക്തിപരമായ കാര്യങ്ങളിൽ ഭരണകൂടം ഇടപെടരുത്.



11th Std Political Science_Ch_3_Malayalam.indd 42 14/02/2023 18:52:45

v. സാമ്പത്തിക സ്വാതന്ത്ര്യം

സാമ്പത്തിക സ്വാതന്ത്ര്യം എന്ന ആശയം അർത്ഥമാക്കുന്നത് ഒരാളുടെ ദൈനംദിന ആഹാരം നേടാനുള്ള സ്വാതന്ത്ര്യമാണ്. ജാതി, വർഗം, മതം, ലിംഗഭേദം എന്നിവയ്ക്കപ്പുറം ഓരോ വ്യക്തിക്കും തന്റെ ദൈനംദിന ആഹാരം ന്യായമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം.



ചെന്നായയുടെ വായിൽ നിന്ന് ഇടയൻ ആടുകളെ രക്ഷിക്കുന്നു. അതിനായി ആടുകൾ ഒരു വിമോചകനെന്ന നിലയിൽ ഇടയന് നന്ദി പറയുന്നു. അതേ സമയം സ്വാതന്ത്ര്യം നശിപ്പിക്കുന്നു അതേ പ്രവൃത്തിക്ക് ചെന്നായ അവനെ കുറ്റപ്പെടുത്തുന്നു. സ്വാതന്ത്ര്യം എന്ന വാക്കിന്റെ നിർവചനത്തിൽ ആടുകളെയും ചെന്നായയെയും വ്യക്തമായി അംഗീകരിക്കുന്നില്ല. ഇന്ന് അതേ വ്യത്യാസം മനുഷ്യർക്കിടയിൽ നിലനിൽക്കുന്നു

- എബ്രഹാം ലിങ്കൺ

vi. ധനപരമായ സ്വാതന്ത്ര്യം

ഈ തത്വമനുസരിച്ച്, പ്രാതിനിധ്യം കൂടാതെ നികുതി ഏർപ്പെടുത്താൻ പാടില്ല. തങ്ങളുടെ പണം എങ്ങനെ, ആർക്കാണ് ചെലവഴിക്കേണ്ടതെന്ന് തീരുമാനിക്കാൻ അനുവദിക്കണമെന്ന് അവകാശപ്പെട്ട മധ്യവർഗക്കാർ നൽകിയ മുദ്രാവാക്യമായിരുന്നു അത്.

vii. ആഭ്യന്തര സ്വാതന്ത്ര്യം

ഇത് സ്ത്രീകൾക്കും കുട്ടികൾക്കും തുല്യ അവകാശം നൽകണം. മോശം പെരുമാറ്റം, ക്രൂരത, ചൂഷണം എന്നിവയിൽ നിന്ന് അവരെ സംരക്ഷിക്കേണ്ടതുണ്ട്. അവർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശവുമുണ്ടായിരിക്കണം.

viii. ദേശീയ സ്വാതന്ത്ര്യം:



"താൽക്കാലിക സുരക്ഷ നേടുന്നതിന് അവശ്യ സ്വാതന്ത്ര്യം ഉപേക്ഷിക്കുന്നവർ സ്വാതന്ത്ര്യത്തിനോ സുരക്ഷയ്ക്കോ അർഹരല്ല"

-ബഞ്ചമിൻ ഫ്രാങ്ക്ലിൻ

അതിനർത്ഥം രാജ്യത്തിന്റെ സ്വാതന്ത്ര്യമാണ്. സ്വാതന്ത്ര്യവും പരമാധികാരവും ഉള്ളിടത്ത് ദേശീയ സ്വാതന്ത്ര്യം നിലനിൽക്കുന്നു.

സ്വാതന്ത്ര്യം ഒരു വ്യക്തിയെ നോക്കിവരുന്നതല്ല. മറിച്ച് മനുഷ്യർ സ്വയം സ്വാതന്ത്ര്യത്തിലേക്ക് ഉയരണം. സന്തോഷകരമായി ജീവിക്കുന്നതിന് കഷ്ടപ്പെട്ട് ലഭ്യമാക്കിയ സ്വാതന്ത്ര്യം ഒരനുഗ്രഹമാണ് - ന്യൂഡൽഹി കേന്ദ്ര സെക്രട്ടേറിയറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ix. അന്താരാഷ്ട്ര സ്വാതന്ത്ര്യം

ഈ ആശയം അന്താരാഷ്ട്ര സമാധാനവും അന്താരാഷ്ട്ര സഹകരണവും ലോകരാഷ്ട്രങ്ങളുടെ കൂട്ടുഭരണവും സംരക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു.

പ്രതീകാത്മക അർത്ഥം

സ്വാതന്ത്ര്യത്തിന്റെ പ്രതിമ സാർവത്രിക സ്വാതന്ത്ര്യത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്. അത് അമേരിക്കൻ പൗരന്മാർക്ക് പ്രതീക്ഷ നൽകുന്നു.



സ്വാതന്ത്ര്യവും പരമാധികാരവും നിയമവും പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

നിയമം അനുസരിച്ച്, പ്രവർത്തിക്കുന്ന ഒരു രാഷ്ട്രത്തിൽ മാത്രമേ സ്വാതന്ത്ര്യം നിലനിൽക്കൂ. ഭരണകൂടം നിയമമുണ്ടാക്കുകയും പരമാധികാര രാഷ്ട്രം പ്രവർത്തിക്കുന്നത് ഈ നിയമങ്ങളിലൂടെയുമാണ് സ്വാതന്ത്ര്യവും പരമാധികാരവും നിയമവും തമ്മിൽ അടുത്ത ബന്ധമുണ്ട്.

ഉദ്ധരണി

"നിയമമില്ലാത്തയിടത്ത് സ്വാതന്ത്ര്യമില്ല"

-ജോൺ ലോക്ക്

നിയമം എങ്ങനെയാണ് സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നത്?

i. നിയമം കുറ്റവാളിയെ ശിക്ഷിക്കുകയും വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു.

ii. വ്യക്തിഗത അവകാശങ്ങളും കടമകളും ആസ്വദിക്കുന്നതിനും, പരിരക്ഷിക്കുന്നതിനും നിയമം ഉറപ്പുനൽകുന്നു. മറ്റുള്ളവർക്ക് ദോഷം വരുത്തുകയും മറ്റുള്ളവരുടെ പാതയെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന വ്യക്തിയെ ഭരണകൂടം ശിക്ഷിക്കുന്നു.

11th Std Political Science_Ch_3_Malayalam.indd 43 14/02/2023 18:52:46

iii. ഭരണഘടന സ്വാതന്ത്ര്യത്തിന്റെ സംരക്ഷകനാണ്. അത് ഭരണകൂടത്തിന്റെ അധികാരത്തെ പരിമിതപ്പെടുത്തുകയും ജനങ്ങളുടെ മൗലികാവകാശത്തെ സംരക്ഷിക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യം എങ്ങനെ സംരക്ഷിക്കപ്പെടുന്നു?

i. ജനാധിപത്യം

സ്വാതന്ത്ര്യം എന്നത് ജനാധിപത്യത്തിൽ സുരക്ഷിതമാണ്. ജനങ്ങളുടെ സർക്കാരാണ് ജനാധിപത്യസർക്കാർ എതിർകക്ഷികൾക്കും ജനാധിപത്യത്തിൽ ആദരവ് നൽകുന്നു.

ii. ഭരണഘടന

രാഷ്ട്രത്തിന്റെ അധികാരം അതാത് രാജ്യത്തിന്റെ ഭരണഘടനയിൽ അധിഷ്ഠിതമായിരിക്കും.

ഭരണഘടനയുടെ ആമുഖം ജനാധിപത്യത്തെക്കുറിച്ചുള്ള ഒരു കവിത പോലെ വായിക്കാവുന്നതാണ്. മുഴുവൻ ഭരണഘടനയും നിർമ്മിച്ച തത്ത്വചിന്ത ഇതിൽ അടങ്ങിയിരിക്കുന്നു. ഗവൺമെന്റിന്റെ ഏതെങ്കിലും നിയമവും നടപടിയും പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും നല്ലതോ ചീത്തയോ എന്ന് കണ്ടെത്തുന്നതിന് ഒരു മാനദണ്ഡം നൽകുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആത്മാവായാ ആമുഖത്തെ കണക്കാക്കാം.

iii. മൗലികാവകാശങ്ങൾ

മൗലികാവകാശങ്ങൾ രാഷ്ട്രത്തിന്റെ അധികാരത്തെ പരിമിതപ്പെടുത്തുന്നു. വ്യക്തിപരമായ ജീവിതവുമായി ബന്ധപ്പെട്ട് ഭരണകൂടത്തിന് ഇടപെടാൻ കഴിയില്ലെന്ന് മൗലികാവകാശങ്ങൾ ഉറപ്പു നൽകുന്നു.

മൗലികാവകാശങ്ങൾ

- i) സമത്വത്തിനുള്ള അവകാശം (ആർട്ടിക്കിൾ 14-18)
- ii) സ്വാതന്ത്ര്യത്തിനുള്ള അവകാശം (ആർട്ടിക്കിൾ 19-22)
- iii) ചൂഷണത്തിനെതിരായ അവകാശം (ആർട്ടിക്കിൾ 23-24)
- iv) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (ആർട്ടിക്കിൾ 25-28)
- v) സാംസ്കാരിക വിദ്യാഭ്യാസ അവകാശങ്ങൾ (ആർട്ടിക്കിൾ 29-30)
- vi) ഭരണഘടനാ പരിഹാരത്തിനുള്ള അവകാശങ്ങൾ (ആർട്ടിക്കിൾ 32-35)



iv. അധികാരങ്ങളുടെ വികേന്ദ്രീകരണം

സ്വാതന്ത്ര്യത്തിന്റെ സംരക്ഷണത്തിനായി അധികാരത്തെ കേന്ദ്ര, പ്രവിശ്യ, പ്രാദേശിക സർക്കാർ എന്നിങ്ങനെ വിഭജിക്കണം. അത്തരം വികേന്ദ്രീകരണം കാര്യക്ഷമമായ ഭരണത്തിലേക്ക് നയിക്കുന്നു.

v. സ്വതന്ത്ര ജുഡീഷ്യറി

ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കും സ്വാതന്ത്ര്യത്തിന്റെ സംരക്ഷണം. ഇത് എക്സിക്യൂട്ടീവിന്റെ നിയന്ത്രണത്തിൽ നിന്ന് മുക്തമായിരിക്കണം. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലോ സ്വേച്ഛാധിപത്യ രാജ്യങ്ങളിലോ ജനങ്ങൾക്ക് മൗലികാവകാശങ്ങൾ നൽകപ്പെടുന്നുണ്ടെങ്കിലും എക്സിക്യൂട്ടീവിന്റെ സ്വാധീനത്തിൽ നിന്ന് ജുഡീഷ്യറി സ്വതന്ത്രമല്ല. അത്തരം രാജ്യങ്ങളിൽ മൗലികാവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും ഭരണഘടനയുടെയും സംരക്ഷണവും സുരക്ഷയും സാധ്യമല്ല.

സ്വതന്ത്ര ജുഡീഷ്യറി

ഇന്ത്യൻ ഭരണഘടന ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിനായി വ്യവസ്ഥകൾ ഏർപ്പെടുത്തുന്നു. കാരണം ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കാൻ സ്വാതന്ത്ര്യ ജുഡീഷ്യറിക്ക് മാത്രമേ കഴിയൂ. കൂടാതെ ഭരണഘടനയുടെ മേധാവിത്വവും സംരക്ഷിക്കാൻ കഴിയും.

i. ജഡ്ജിമാരുടെ നിയമനത്തിന് നിഷ്പക്ഷമായ രീതി സ്വീകരിച്ചു.

ii. ജഡ്ജിമാർക്ക് ഉയർന്ന യോഗ്യത നിശ്ചയിച്ചിട്ടുണ്ട്.

iii. സുപ്രീം കോടതിയിലെ ജഡ്ജിമാർ 65 വയസ്സ് വരെയും ഹൈക്കോടതികളിൽ 62 വയസ്സ് വരെയും തുടരും.

11th Std Political Science_Ch_3_Malayalam.indd 44 14/02/2023 18:52:47

vi. സാമ്പത്തിക സുരക്ഷ

സാമ്പത്തിക സുരക്ഷ എന്നത് സ്വാതന്ത്ര്യത്തിനുള്ള ഒരു വ്യവസ്ഥയാണ്. "സമ്പന്നരും ദരിദ്രരും, വിദ്യാസമ്പന്നരും വിദ്യാഭ്യാസമില്ലാത്തവരും ഉള്ളിടത്ത്, ഞങ്ങൾ എല്ലായ്പ്പോഴും യജമാനന്റെയും സേവകന്റെയും ഒരു ബന്ധം കണ്ടെത്തുന്നു. – ***ലസ്കി***

vii. നിയമവാഴ്ച

നിയമവാഴ്ച ഇംഗ്ലണ്ട്, യുഎസ്എ, ഇന്ത്യ എന്നിവിടങ്ങളിൽ സ്ഥാപിതമാണ്. നിയമവും, വർണ്ണവും, വർഗ്ഗവും തമ്മിൽ വേർതിരിവ് പാടില്ല എന്നാണ്. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണ്. കുറ്റകൃത്യം ചെയ്താൽ എല്ലാവരും ശിക്ഷിക്കപ്പെടും.

viii. രാഷ്ട്രീയ വിദ്യാഭ്യാസവും ശാശ്വത ജാഗ്രതയും

സ്വാതന്ത്ര്യംഎന്നത് നിരന്തരമായ സംരക്ഷണമാകുന്നു. വിദ്യാസമ്പന്നർക്ക് അവരുടെ അവകാശങ്ങളെയും കടമകളെയും കുറിച്ച് നന്നായി അറിയാം. നിത്യജാഗ്രത സ്വാതന്ത്ര്യത്തിന്റെ പ്രതിഫലമാണ്. അതിന്റെ അഭാവത്തിൽ ഒരാൾക്ക് അവന്റെ ഇച്ഛയ്ക്ക് അനുസൃതമായി പ്രവർത്തിക്കാൻ കഴിയും. ഗവൺമെന്റ് അതിന്റെ അധികാരത്തിന്റെ പരിധി മറികടക്കുമ്പോഴും ജനങ്ങളുടെ വ്യക്തി ജീവിതത്തിൽ ഇടപെടുമ്പോഴും സർക്കാരിനെതിരായ കലാപം ഉയരുന്നു.

ഗ്ലോസറി



പരമാധികാരം: വികലമാക്കാനും വിഭജിക്കപ്പെടാനും കഴിയാത്ത പരമമായ ശക്തി

സാർവത്രിക വോട്ടവകാശം: ലിംഗഭേദം, ജാതി, നിറം മതം, സ്വത്ത് മറ്റ് വിഭജന ഘടകങ്ങൾ എന്നിവയിൽ വ്യത്യാസമില്ലാത്ത എല്ലാ ആളുകൾക്കും വോട്ടവകാശം.

ചട്ടങ്ങൾ: ഒരു രാജ്യത്തിന്റെ നിയമസഭ പാസാക്കിയ രേഖാമൂലമുള്ള നിയമം. ഉചിതമായ ചർച്ച നടത്തിയ ശേഷം പാർലമെന്ററി നിയമങ്ങളിലും ഇത് ചേർത്തിട്ടുണ്ട്.

നീതി : ഏതൊരു വിവേചനവും പരിഗണിക്കാതെ പരിപാലിക്കേണ്ട പ്രധാന പ്രതിഭാസമാണ് നീതി.

സ്റ്റേറ്റ് ഓഫ് നേച്ചർ: ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും സംഘടിത രൂപമില്ലാത്ത പുരാതന ഘട്ടം.

ന്യായാധിപൻ: നിയമപ്രകാരം.

ഡി-ഫാക്റ്റോ: വാസ്തവത്തിൽ, ശരിക്കും ദ്യുഡമായി ഭരിക്കുന്നയാൾ.

മൂല്യനിർണ്ണയം

I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പരമാധികാരത്തിന്റെ പിതാവെന്ന് അറിയപ്പെടുന്നതാര്?

a) ബോഡിൻ b) ഓസ്റ്റിൻ c) പ്ലേറ്റോ d) അരിസ്റ്റോട്ടിൽ

2. പരമാധികാരത്തിന്റെ മോണിസ്റ്റിക് സിദ്ധാന്തം മുന്നോട്ട് വച്ചത്

a) ഓസ്റ്റിൻ b) ഹെഗൽ c) മെറിയം d) വില്ലോഗ്ബി

3. ജനാധിപത്യത്തിൽ പരമാധികാരം നിലനിൽക്കുന്നു

a) രാഷ്ട്രം b) സർക്കാർ c) ആളുകൾ d) മാധ്യമങ്ങൾ

4. ഇരട്ട പൗരത്വം എവിടെ നിലവിലുണ്ട്

a) അമേരിക്കൻ ഐക്യ നാടുകൾ sb) ചൈന c) ജപ്പാൻ d) ഓസ്ട്രേലിയ

5. പരമാധികാരം പൊതുവായ ഇച്ഛാശക്തിയിൽ വസിക്കുന്നു എന്ന് പറഞ്ഞതാര്?

a) റൂസ്സോ b) T.H.ഗ്രീൻ c) ഓസ്റ്റിൻ d) ബോഡിൻ

6. ഓൺ ലിബർട്ടി എന്ന പുസ്തകം എഴുതിയത്

a) ജെഎസ് മിൽ b) ലോക്ക് c) റൂസ്സോ d) ബോഡിൻ

11th Std Political Science_Ch_3_Malayalam.indd 45 14/02/2023 18:52:47

7. നിയമവാഴ്ചയുടെ പ്രധാന ലക്ഷ്യം ഉറപ്പാക്കുക എന്നത്:

a) മാധ്യമ സ്വാതന്ത്ര്യം b) പൗരന്മാരുടെ സ്വാതന്ത്ര്യം

c) ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം d) മുകളിൽ പറഞ്ഞവയെല്ലാം

8. ഇന്ത്യയുടെ മൗലികാവകാശങ്ങൾ?

a) യു.എസ്.എ b) ഫ്രാൻസ് c) ബ്രിട്ടൻ d) റഷ്യ

9. ദാസ് ക്യാപിറ്റൽ എന്ന പുസ്തകം എഴുതിയത്?

a) മാർക്സ് b) ക്രോപോട്കിൻ c) ഓവൻ d) നേതാജി

II താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം ചുരുക്കി എഴുതുക

1. പരമാധികാരം നിർവചിക്കുക.
2. പരമാധികാരത്തിന്റെ തരങ്ങൾ എന്തൊക്കെയാണ്?
3. വിവേചനത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക?

III ഉത്തരം ചുരുക്കി എഴുതുക

1. നെഗറ്റീവ് സ്വാതന്ത്ര്യത്തെക്കുറിച്ച് കുറിപ്പെഴുതുക?
2. എന്താണ് അരാജകത്വം?
3. ജാതി വിവേചനത്തെക്കുറിച്ച് ചർച്ച ചെയ്യുക?
4. എന്താണ് മനുഷ്യാവകാശം?

IV താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക.

19. പരമാധികാരം എന്ന സങ്കല്പത്തിന്റെ സവിശേഷതകൾ പരിശോധിക്കുക.
20. സ്വാതന്ത്ര്യലംഘന ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.
21. ഇന്ത്യൻ ഭരണഘടനയിലെ സമത്വത്തെക്കുറിച്ച് വിശദീകരിക്കുക.

ഗ്രന്ഥ സൂചിക :-

1. Agarwal .R.C, Political theory (Principles of Political science), Chand & company, New Delhi, 2005.
2. Rajeev Bhargava & Ashok Acharya (Ed), Political theory: An Introduction , Thomson press, New Delhi, 2016.

കൂടുതൽ വായനകൾ

1. Heywood, Andrew: Political I dealogies: An Introduction, London, Macmillan, New York 2003.
2. Bakshi, P. Constitution of India, New Delhi, 1990.
3. Basu,Durga.Das: Introduction to the constitution of India, New Delhi, 1997.

11th Std Political Science_Ch_3_Malayalam.indd 46 14/02/2023 18:52:47

യൂണിറ്റ്
4

രാഷ്ട്രതന്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ

ഭാഗം II



E4L23

4.1 നിയമം

4.1.1 ആമുഖം

രാഷ്ട്രത്താൽ പ്രാവർത്തികമാക്കപ്പെടുന്ന ചട്ടങ്ങളുടെ ശേഖരമാണ് നിയമം. നിയമം പരമാധികാരികളുടെ കല്പനയാണ് എന്ന് ബോർഡിനും, നിയമമില്ലെങ്കിൽ മനുഷ്യൻ മൃഗത്തെപ്പോലെ പെരുമാറുമെന്ന് അരിസ്റ്റോട്ടിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സമൂഹത്തെ സംരക്ഷിക്കുന്നതിനും പുരോഗമന രാഷ്ട്രത്തെ സംരക്ഷിക്കുന്നതിനുമായി ലോകമെമ്പാടുമുള്ള വ്യവസ്ഥയുടെ അവിഭാജ്യ ഘടകമായി നിയമം മാറിയിരിക്കുന്നു. നിയമത്തിന്റെ അപാരമായ ശക്തി സമൂഹത്തിൽ അച്ചടക്കം നിലനിർത്തുന്നതിനുള്ള സമ്പൂർണ്ണ പരിഹാരമായിരിക്കില്ല. അതിൽ രൂപപ്പെടുത്തിയിരിക്കുന്ന പരിമിതികൾ കാരണം നിയമം കുറ്റവാളികൾക്ക് കഠിനശിക്ഷയും പൗരന്മാർക്ക് സംരക്ഷണവും നൽകുന്നു.

നിയമം ലോകത്തിന്റെ ചില ഭാഗങ്ങളിൽ മയമുള്ളതും മറ്റൊരുഭാഗത്ത് ശക്തവുമായിരിക്കുന്നു എന്നുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്നു. നിയമത്തിന്റെ ദയാർദ്രതയും ശക്തവും അതിന്റെ പ്രവർത്തനങ്ങളാൽ നിർണ്ണയിക്കപ്പെടുന്നു. പ്രത്യേകിച്ചും അതിൽ ഉൾപ്പെടുന്ന ശിക്ഷ. ഉദാഹരണമായി ഒരു ജനാധിപത്യ രാജ്യത്തിലെ നിയമം ഒരു ഏകാധിപത്യ രാഷ്ട്രത്തിലെ നിയമത്തെക്കാൾ വളരെ വ്യത്യസ്ഥവും ആശങ്കയുമാണ്. നിയമം അതിന്റെ പൗരന്മാർക്കുള്ള സ്വാതന്ത്ര്യം പ്രാവർത്തികമാക്കുന്നു. അത് നടപ്പിലാക്കുകയും പ്രയോഗിക്കുകയും ചെയ്യുമ്പോൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു. നിയമത്തെക്കുറിച്ചുള്ള അജ്ഞത ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു കാരണമായി കണക്കാക്കുന്നില്ല. അതിനാൽ നമ്മുടെ ഭരണഘടന അനുശാസിക്കുന്ന അടിസ്ഥാന നിയമങ്ങളും ചട്ടങ്ങളും കൂടാതെ അച്ചടക്കരീതികളും മനസ്സിലാക്കുന്നതിന് നിയമത്തിന്റെ ആശയം യുവമനസ്സുകളിൽ പരിചയപ്പെടുത്തുന്നത് ഉചിതമാണ്.

പഠന ലക്ഷ്യങ്ങൾ

- നിയമത്തിന്റെ സത്ത മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ നീതിയുടെ ചിന്തകളിലേക്ക് അടുപ്പിക്കുന്നു.
- നിയമത്തിന്റെ വർഗ്ഗീകരണം വിവിധതരത്തിലുള്ള നിയമങ്ങളെയും അതിന്റെ പ്രയോഗത്തെയും നമ്മുടെ സമൂഹത്തിൽ അതിന്റെ സ്വാധീനത്തെയും അറിയാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു
- നിയമത്തിന്റെ ഉറവിടങ്ങൾ വിദ്യാർത്ഥികൾക്ക് നിയമത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വിശാലമായ ധാരണ നൽകുന്നു
- നിയമം സമൂഹവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ കഴിയുന്നതിനായി രാഷ്ട്രം, നിയമം, ധാർമ്മികത എന്നിവ തമ്മിലുള്ള പരസ്പര ബന്ധത്തെ എടുത്തു കാണിക്കുന്നു.

4.1.2 നിയമത്തിന്റെ അർത്ഥം

നിയമം എന്ന പദം പഴയ ട്യൂട്ടോണിക് ഭാഷയിലെ ലാഗ് എന്ന പദത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. അതിനർത്ഥം നിയമമില്ലാത്ത സമൂഹം കൂടാതെ ഭരണം തികച്ചും കുഴപ്പങ്ങൾക്കും കലഹങ്ങൾക്കും സാക്ഷ്യം വഹിച്ചേക്കാം. വാസ്തവത്തിൽ നിയമം ജീവിതത്തെ നിയന്ത്രിക്കുന്നതാണ്. നിയമം എന്ന പദം 'യൂണിഫോം' എന്നതിനെ സൂചിപ്പിക്കുന്നു. രണ്ട് തരത്തിലുള്ള നിയമങ്ങളുണ്ട് അവ: ഭൗതീകവും മാനുഷ്യവുമായ നിയമം. ഭൗതിക നിയമം പ്രകൃതിയെ നിയന്ത്രിക്കുന്നു. മാനുഷ്യനിയമം മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്നു. രാഷ്ട്രീയ ശാസ്ത്രത്തിലെ നിയമം എന്ന പദം മനുഷ്യന്റെ പ്രവർത്തനത്തെ നയിക്കുന്ന നിയമങ്ങളുടെ ശേഖരണമാണ്, രാഷ്ട്രത്തിന്റെ പ്രവർത്തനം സർക്കാർ വഴിയാണ് നടത്തുന്നത്.

11th Std Political Science_Ch_4_Malayalam.indd 47 14/02/2023 19:06:22

സർക്കാർ രാഷ്ട്രത്തിന്റെ ഇച്ഛയെ നിയമത്തിലൂടെ നടപ്പിലാക്കുന്നു.

❖ **നീതിയുമായി ബന്ധപ്പെട്ട നിയമം**

- സമൂഹത്തിൽ നീതി കൈവരിക്കുക എന്നതാണ് നിയമത്തിന്റെ ലക്ഷ്യം.
- നീതി എന്നത് ഏത് ശരി, ഏത് തെറ്റ്, ഏത് നല്ലത്, ഏത് സമത്വം എന്നിവ വിവരിക്കുന്ന അമൂർത്തമായ ആശയമാണ്.
- അതിനാൽ ഒരു പ്രത്യേക സാഹചര്യത്തിൽ ഏത് ശരിയോ ഏത് ന്യായമോ അതുചെയ്യണം.

നിയമത്തെക്കുറിച്ചുള്ള കാഴ്ചകൾ

❖ "നിയമം പരമാധികാരികളുടെ കല്പനയാണ്" എന്ന് **ജോൺ ഓസ്റ്റിൽ** പറയുന്നു.

❖ "നീതിന്യായ നിർവാഹം പ്രാവർത്തികമാക്കാൻ വേണ്ടി രാഷ്ട്രം അംഗീകരിച്ച ചട്ടരീതികളുടെ ശേഖരമാണ് നിയമം" എന്ന് **സാൽമണ്ട്** പറഞ്ഞു.

നിയമത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

❖ അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക

❖ ന്യായബോധം പ്രോത്സാഹിപ്പിക്കുക

❖ പൊരുത്തക്കേടുകൾ പരിഹരിക്കാൻ സഹായിക്കുക

❖ നീതി പ്രോത്സാഹിപ്പിക്കുക

❖ ക്രമവും സ്ഥിരതയും പ്രോത്സാഹിപ്പിക്കുക

❖ അഭികാമ്യമായ സാമൂഹികവും സാമ്പത്തികവുമായ പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുക

❖ ഭൂരിപക്ഷത്തിന്റെ ഇച്ഛയെ പ്രതിനിധീകരിക്കുക (ചില പ്രശ്നങ്ങളിൽ)

❖ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുക

4.1.3 നിയമങ്ങളുടെ വർഗ്ഗീകരണം.

i. സ്വകാര്യ നിയമങ്ങൾ

പൗരന്മാരുടെ ബന്ധവും പരസ്പര ബന്ധത്തിന്റെ നിയന്ത്രണവും സ്വകാര്യ നിയമങ്ങളാൽ നിർണ്ണയിക്കപ്പെടുന്നു.

ഉദ്ധരണി

സ്വകാര്യ നിയമങ്ങളിൽ ബന്ധപ്പെട്ട കക്ഷികൾ സ്വകാര്യ വ്യക്തികളാണ്. അവർക്കിടയിൽ നിഷ്പക്ഷമായ മദ്ധ്യസ്ഥനായി നിലകൊള്ളുന്നു.

- ഹോളണ്ട്

ii. പൊതുഅവകാശ നിയമം

പൗരന്മാരും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിർണ്ണയിക്കുന്ന നിയമങ്ങൾ പൊതുഅവകാശ നിയമങ്ങളാണ്. ഇത്തരം നിയമങ്ങളിൽ രാഷ്ട്രം ഒരു മദ്ധ്യസ്ഥനായും അതിൽ താല്പര്യമുള്ള കക്ഷികളിലൊന്നായും കാണുന്നു.

iii. ഭരണഘടനാ നിയമങ്ങൾ

ഭരണഘടനാ നിയമങ്ങളാണ് ഒരു രാജ്യത്തിന്റെ സർക്കാർ സ്വയം നടത്തുന്ന അടിസ്ഥാന നിയമങ്ങൾ. സർക്കാരിന്റെ പ്രവർത്തനങ്ങളെ വ്യാഖ്യാനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമങ്ങളെ ഭരണഘടന നിയമങ്ങൾ എന്ന് വിളിക്കുന്നു. ഉദാഹരണത്തിന്, രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്, സുപ്രീം കോടതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും ഗവർണറെ നിയമിക്കുന്ന രീതിയും ഭരണഘടനാ നിയമങ്ങൾ അനുസരിച്ചാണ് നടക്കുന്നത്.

iv. നിരന്തര നിയമങ്ങൾ

നിയമനിർമ്മാണസഭയോ പാർലമെന്റോ രൂപപ്പെടുത്തിയ നിയമങ്ങളാണ് സ്റ്റാറ്റ്യൂട്ട് നിയമങ്ങൾ. ജനാധിപത്യസർക്കാർ മിക്ക രാജ്യങ്ങളിലും പ്രചാരത്തിലുണ്ട്. ആ സർക്കാരുകളുടെ നിയമങ്ങൾ ആ രാജ്യങ്ങളിലെ പാർലമെന്റുകളിലാണ് കൂടുതലും രൂപപ്പെടുത്തുന്നത്.

v. ഓർഡിനൻസുകൾ

സംസ്ഥാനത്തിന്റെ നിയമപ്രകാരം സർക്കാരിന്റെ എക്സിക്യൂട്ടീവ് ബ്രാഞ്ചാണ് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത്. ഓർഡിനൻസുകൾ സ്വഭാവമനുസരിച്ച് താല്ക്കാലികമായതാണ്. പാർലമെന്റിന്റെ അഭാവത്തിൽ രാഷ്ട്രപതി അടിയന്തരാവസ്ഥ നേരിടാൻ പുറപ്പെടുവിക്കുന്നതാണിത്.

vi. പൊതുനിയമങ്ങൾ

പാരമ്പര്യമായി നിലനിൽക്കുന്നതും എന്നാൽ നിരന്തര നിയമങ്ങളെ (സ്റ്റാറ്റ്യൂട്ട് നിയമങ്ങളെ) പ്പോലെ കോടതികൾ നടപ്പിലാക്കുന്നതുമായ നിയമങ്ങളാണ് സാധാരണ നിയമങ്ങൾ. ഇത് ഇംഗ്ലണ്ടിൽ ജനപ്രിയമാണ്.

vii. ഭരണപരമായ നിയമങ്ങൾ

സർക്കാർ ജീവനക്കാരുടെ ഓഫീസും ഉത്തരവാദിത്തങ്ങളും ഭരണപരമായ നിയമത്താൽ വ്യാഖ്യാനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഭരണപരമായ നിയമമാണ് സ്വകാര്യ ഉദ്യോഗസ്ഥ

11th Std Political Science_Ch_4_Malayalam.indd 48 14/02/2023 19:06:22

രിൽ നിന്ന് നിയമവും നടപടിക്രമവും വേർതിരിക്കാൻ പൊതു ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നത് കൂടാതെ ഈ നിയമങ്ങൾ സർക്കാർ ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങളെപ്പറ്റി വ്യാഖ്യാനിക്കാനുള്ള ശ്രമവും നടത്തുന്നു. ഒരു പൗരനും സർക്കാർ ജീവനക്കാരനും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടാകുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് കോടതി അഡ്മിനിസ്ട്രേറ്റീവ് നിയമങ്ങൾ ഉപയോഗിച്ച് പ്രശ്നം പരിഹരിക്കുന്നു.



viii. അന്താരാഷ്ട്ര നിയമങ്ങൾ

അന്താരാഷ്ട്ര രംഗത്ത് മറ്റ് സ്ഥാപനങ്ങളുമായുള്ള ബന്ധത്തിൽ പരിഷ്കൃത രാഷ്ട്രങ്ങളുടെ പെരുമാറ്റം നിർണ്ണയിക്കുന്ന നിയമത്തെ അന്താരാഷ്ട്ര നിയമം എന്നുവിളിക്കുന്നു. അന്താരാഷ്ട്ര ബന്ധങ്ങളെ നിയന്ത്രിക്കുന്ന അത്തരം ചട്ടക്കൂട് നിയമങ്ങളൊന്നുമല്ല. പക്ഷേ, പൊതുജനാഭിപ്രായവും യുഎൻഒയുടെ ഭരണവും ഒരു രാജ്യത്തിന്റെ പരമാധികാര പദവി ആസ്വദിക്കുന്ന ഒരു അന്താരാഷ്ട്ര സ്ഥാപനമാണ്. അന്താരാഷ്ട്ര അതിർത്തികളുള്ള കടൽ നിയമം, മറ്റ് രാജ്യങ്ങളുടെ വിമാനങ്ങൾ അതത് രാജ്യങ്ങളുടെ അനുമതിയോടെ പറക്കാൻ ആവശ്യപ്പെടുന്ന വായുനിയമം തുടങ്ങിയ നിയമങ്ങളുമുണ്ട്.

4.1.4 നിയമത്തിന്റെ ഉറവിടങ്ങൾ

i. ആചാരങ്ങൾ

നിയമങ്ങൾ രൂപപ്പെടുത്തുന്നതിൽ ആചാരങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ആചാരങ്ങളിൽ നിന്നും വന്ന മിക്ക നിയമങ്ങളും പിന്നീട് രാഷ്ട്രം അംഗീകരിക്കുന്നു. രാജ്യത്തിന്റെ ആചാരങ്ങളെ അവഗണിക്കാൻ രാഷ്ട്രത്തിന് കഴിയില്ല. ഇംഗ്ലണ്ടിലെ പൊതുനിയമം പ്രധാനമായും ആചാരങ്ങളിൽ നിന്നുണ്ടായതാണ്.



ഉദാഹരണത്തിന്, ഇന്ത്യയിലെ തമിഴരുടെ ബുൾ-ടേമിംഗ് കായിക സംസ്കാരം 2017-ൽ ജല്ലിക്കട്ട് നിയമം സൃഷ്ടിച്ചു. (2017-ലെ ജല്ലിക്കട്ട് നിയമത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ബോക്സ് വായിക്കുക)

പ്രവർത്തനം

അലങ്കനല്ലൂർ - ബുൾ-ടേമിംഗ് സ്പോർട്ട്



ഈ ചിത്രം ബുൾ-ടേമിംഗ് എന്ന തമിഴ് സംസ്കാരത്തിന്റെ കളിയായ ജല്ലിക്കട്ടിനെ കുറിച്ചുള്ളതാകുന്നു. ഇത് മധുര ജില്ലയിലെ അലങ്കനല്ലൂരിൽ നടന്നുവരുന്നു. സാധാരണയായി ജനുവരി മാസത്തിൽ നടത്തപ്പെടുന്ന തമിഴ്നാട്ടിലെ പൊങ്കൽ ഉത്സവത്തോടനുബന്ധിച്ച് നടത്തുന്ന കാളകളിയുടെ പര്യായമാണ് അലങ്കനല്ലൂർ. നമ്മുടെ രാജ്യത്ത് ഓരോ സമൂഹത്തിനും അവരുടെതായ അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്, അവരുടെ സംസ്കാരവും പാരമ്പര്യവും തുടരുക

11th Std Political Science_Ch_4_Malayalam.indd 49 14/02/2023 19:06:23

യാണ്. എന്നാൽ ജല്ലിക്കട്ടിന്റെ കാര്യത്തിൽ സാംസ്കാരിക അവകാശങ്ങളും മൃഗങ്ങളുടെ അവകാശങ്ങളും തമ്മിൽ തർക്കമുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം III ൽ ആർട്ടിക്കിൾ 29(1) വിദ്യാഭ്യാസ, സാംസ്കാരിക അവകാശങ്ങൾ രക്ഷിക്കുന്നത് മൗലികാവകാശമാണ്.

ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം മൃഗങ്ങൾക്ക് ജീവിക്കാനുള്ള മൗലികാവകാശമുണ്ടെന്ന് സുപ്രീം കോടതിയുടെ 2014-ലെ വിധി പ്രസ്താവിക്കുന്നു.

ഈ വൈരുദ്ധ്യങ്ങൾ ഈ കായിക വിനോദത്തെ ഔപചാരികമാകുന്നതിന് നിരവധി വ്യാഖ്യാനങ്ങൾക്ക് വിത്തിട്ടു.

ii. മതം

പ്രാകൃതസമുദായങ്ങൾ ആചരിച്ച മതം പിന്നീട് രാഷ്ട്രത്തിന്റെ നിയമങ്ങൾ ആവിഷ്ക്കരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. മതം ഭൂരിപക്ഷം രാജ്യങ്ങളിലും നിയമത്തിന്റെ അടിസ്ഥാനമായിരുന്നു. ഹിന്ദുനിയമത്തിന്റെ ഉത്ഭവം മനുവിന്റെ നിയമാവലിയിൽ നിന്ന് പിൻപറ്റിയതാണ്. മുഹമ്മദീയ നിയമത്തിന്റെ ഉത്ഭവം ഷാരിയത് നിയമത്തിൽ നിന്ന് പിൻപറ്റിയതാണ്. ദൈവത്തിൽ നിന്ന് മനുഷ്യനിലൂടെ വെളിപ്പെടുന്ന ഒരു നിയമമാണ് ദിവ്യത്വനിയമം. ദൈവീക നിയമത്തിന്റെ ആത്യന്തിക ഉറവിടം ദൈവമാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സർവ്വശക്തനായ കർത്താവ് നൽകിയ ആദ്യത്തെ നിയമമാണ് പത്ത് കല്പനകൾ, അത് നിയമത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെട്ടു.

iii. ജൂഡീഷ്യൽ തീരുമാനങ്ങൾ

നിയമത്തെ വ്യാഖ്യാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുക എന്നതാണ് ജുഡീഷ്യറിയുടെ പ്രവർത്തനം. ജുഡീഷ്യറിയുടെ പ്രധാന പ്രവർത്തനം പുതിയ നിയമങ്ങൾ സൃഷ്ടിക്കുന്നു. നിയമങ്ങളെ പിന്നീട് രാഷ്ട്രം അംഗീകരിക്കുന്നു. അങ്ങനെ ജുഡീഷ്യൽ തീരുമാനങ്ങൾ നിയമത്തിന്റെ മറ്റൊരു ഉറവിടമായി മാറി ചില സമയങ്ങളിൽ ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധി നിയമങ്ങളായി കണക്കാക്കപ്പെടുന്നു.

iv. സമത്വം (ഇക്വിറ്റി)

നിയമങ്ങൾ അവ്യക്തവും അനുയോജ്യമല്ലാത്തതുമായപ്പോൾ ഈ ഇക്വിറ്റിതത്ത്വങ്ങൾ, സാമാന്യബോധം, ന്യായബോധം എന്നിവ അനുസരിച്ച് കേസുകൾക്ക് തീരുമാനം ഉണ്ടാക്കുകയും ചെയ്തു. ഇംഗ്ലീഷ് നിയമത്തിൽ ഇക്വിറ്റി എന്നാൽ നിയമങ്ങളുടെ ബോഡി എന്നതാണ്. ഇത് യഥാർത്ഥത്തിൽ നടപ്പിലാക്കുന്നത് ഉന്നതാധികാര കോടതി മാത്രമാണ്.

v. ശാസ്ത്രീയ വ്യാഖ്യാനങ്ങൾ

നിയമത്തിന്റെ മറ്റൊരു ഉറവിടം ശാസ്ത്രീയ വ്യാഖ്യാനങ്ങളാണ്. വ്യാഖ്യാനം പ്രത്യക്ഷപ്പെടുമ്പോൾ അതൊരവാദമായി മാത്രമേ മനസ്സിലാകൂ. പിന്നീട് അതിന്റെ അധികാരത്തെ ജുഡീഷ്യൽ തീരുമാനത്തെക്കാൾ കൂടുതൽ ആധികാരികമെന്ന് അംഗീകരിക്കുന്നു.

> "നിയമത്തെക്കുറിച്ച് പഠിച്ച എഴുത്തുകാരുടെ അഭിപ്രായം പലപ്പോഴും ശരിയായ നിയമമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ഇംഗ്ലണ്ടിൽ കോക്കിന്റെയും ബ്ലാക്ക് സ്റ്റോണിന്റെയും അഭിപ്രായങ്ങൾ. അമേരിക്കയിൽ സ്റ്റോറി കൂടാതെ കെന്റ് ഇന്ത്യയിൽ വിജ്ഞാനേശ്വരയും അപാരാർക്കയും"
>
> **- എ. അപ്പാദുരൈ**

vi. നിയമസഭ

ആധുനിക കാലത്ത് മിക്ക നിയമങ്ങളും നിയമനിർമ്മാണസഭ രൂപപ്പെടുത്തിയതാണ്. ഇത് നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉറവിടമാണ്. അതിന് ഇന്ത്യൻ ഭരണഘടന ഒരു ക്ലാസിക്കൽ ഉദാഹരണമാണ്. മറ്റ് ഭരണഘടനയിലെ മികച്ച വ്യവസ്ഥകൾ കടമെടുത്ത് നമ്മുടെ രാജ്യത്തിന്റെ ഭരണഘടന മികവ് നിലനിർത്തി.

ഇന്ത്യൻ ഭരണഘടനയുടെ ഉറവിടങ്ങൾ

i) **ഇന്ത്യാ ഗവൺമെന്റ് ആക്ട് 1935**
ii) **യു.കെ. ഭരണഘടന**
iii) **യു.എസ്. ഭരണഘടന**

4.1.5 നിയമം രാഷ്ട്രവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

നിയമവും ധാർമ്മികതവും പരസ്പരം അഭിനന്ദനാർഹമാണ്. ധാർമ്മികത പൗരന്മാർക്ക് പെരുമാറ്റച്ചട്ടം മനസ്സിലാക്കിതരുന്നു. അതുപോലെ

11th Std Political Science_Ch_4_Malayalam.indd 50 14/02/2023 19:06:23

തന്നെ രാഷ്ട്രം രൂപപ്പെടുത്തിയ നിയമങ്ങളും ഇതേ ലക്ഷ്യം കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്.

"ഒരു വ്യക്തിയുടെ അച്ചടക്കത്തിന് ശരി സമമായി പ്രവർത്തിക്കേണ്ടത് ഉത്തമരാഷ്ട്രമാണ്. രാഷ്ട്രത്തിന്റെ ഏതെങ്കിലും ഭാഗം ബാധിക്കപ്പെട്ടാൽ രാഷ്ട്രം മുഴുവനും ബാധിക്കപ്പെടും".

-പ്ലേറ്റോ

ഒരു മോശമായ സംസ്ഥാനത്തിന് മോശമായ പൗരന്മാരും നല്ല സംസ്ഥാനത്തിന് നല്ല പൗരന്മാരും ഉണ്ടാകും. അതിനാൽ ധാർമ്മികതയുടെ നല്ല നിലവാരം പുലർത്തുകയെന്നത് ഭരണകൂടത്തിന്റെ ഏക പ്രവർത്തനമാണ്.

ഉദ്ധരണികൾ

ധാർമ്മികത ധാർമ്മിക കടമകളുമായി ബന്ധപ്പെട്ടതാണ്. അതേസമയം രാഷ്ട്ര നിയമങ്ങൾ നിയമപരമായ കടമകളുമായി ബന്ധപ്പെട്ടതാണ്.

നിയമവും ധാർമ്മികതയും തമ്മിലുള്ള വ്യത്യാസം:

- നിയമങ്ങൾ നടപ്പാക്കുന്നത് രാഷ്ട്രമാണ്. രാഷ്ട്രത്തിന്റെ നിയമങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ നിയമത്താൽ ശിക്ഷിക്കപ്പെടാൻ സാധ്യതയുണ്ട്.
- സാമൂഹിക നിയമങ്ങളെയും സാമൂഹിക ധാർമ്മികതയും അനുഷ്ഠിക്കാത്തവർക്ക് നൽകുന്ന കഠിനമായ ശിക്ഷ എന്നത് സാമൂഹിക ബഹിഷ്കരണമാണ്.
- ധാർമ്മികത മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അതേസമയം നിയമം മനുഷ്യന്റെ ബാഹ്യകാര്യങ്ങളുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ബാഹ്യപ്രവർത്തനങ്ങളാൽ നിയമങ്ങൾ ലംഘിക്കുന്നവരെ മാത്രമേ നിയമം ശിക്ഷിക്കുകയുള്ളൂ.

പൊതു അഭിപ്രായം: പൊതുക്ഷേമത്തിനായി ജനങ്ങൾ നടത്തുന്ന അഭിപ്രായം

എന്താണ് ധാർമ്മിക നിയമം ?

മദ്യപാനം, ചൂതാട്ടം, മോഷണം, കൊല, കൊള്ള തുടങ്ങിയ തിന്മകളെ ഇല്ലാതാക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപപ്പെടുത്തിയ നിയമം ധാർമ്മിക നിയമം. ധാർമ്മികതയെ അടിസ്ഥാനമാക്കിയുള്ള നിയമങ്ങൾ ശാശ്വതമായി നിലനിൽക്കുന്നു

4.1.6 നിയമവും പൊതുജനാഭിപ്രായവും എങ്ങനെയാണ് പരസ്പരം ബന്ധപ്പെട്ടതാണോ?

തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള ജനാധിപത്യപരമായ പ്രക്രിയ അഭ്യാസത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തിലാണ് നടക്കുന്നത്. ഇതാണ് ജനാധിപത്യത്തിന്റെ ശക്തി. നിയമങ്ങളുടെ രൂപീകരണത്തിൽ ജനങ്ങൾ നേരിട്ട് പങ്കാളികളല്ല എന്നിട്ടും അവർക്ക് അവരുടെ പ്രതിനിധികളെ നിയമസഭയിലേക്ക് തിരഞ്ഞെടുക്കാനാവും. തെരഞ്ഞെടുക്കപ്പെട്ട സംഘം പൊതുജനങ്ങളുടെ ഇച്ഛയെ പ്രതിനിധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആധുനിക രാഷ്ട്രം അതിന്റെ നിലനിൽപ്പിനായി പ്രത്യയ ശാസ്ത്ര അടിത്തറയായ ധാർമ്മികതയോടും മതത്തോടും പ്രകൃതി നിയമത്തോടുംതുടരുന്നു. അതേസമയം സ്വയം സംരക്ഷണത്തിന്റെ താല്പര്യത്തിൽ ഇവയിലേതെങ്കിലും അല്ലെങ്കിൽ എല്ലാ ലംഘിക്കാനും തയ്യാറാണ്.



ജെ.എം. കോറ്റ്സി

ജനാധിപത്യത്തിൽ പൊതുജനാഭിപ്രായത്തിന്റെ പിന്തുണയെ അടിസ്ഥാനമാക്കിയാണ് നിയമങ്ങൾ രൂപപ്പെടുത്തുന്നത്. ആളുകൾ അഭിപ്രായമോ നീരസമോ പ്രകടിപ്പിക്കാൻ സമാധാനപരമായ പ്രകടനങ്ങൾ നടത്തുന്നു. ജനങ്ങളുടെ പൊതുക്ഷേമവും സാമൂഹിക പുരോഗതിയും പൊതുജനാഭിപ്രായത്തിന്റെ പ്രാഥമിക പരിഗണനകളാണ്.

ഉദ്ധരണി

നീതി സ്ഥാപിക്കുന്നതിനുള്ള ലക്ഷ്യത്തിനായി ക്രമസമാധാനം നിലനിൽക്കുന്നു. ഈ ലക്ഷ്യം പരാജയപ്പെടുമ്പോൾ അവ സാമൂഹിക പരോഗതിയുടെ വളർച്ചയെ തടയുന്ന അപകടകരമായ തടസ്സങ്ങളായി (അണക്കെട്ടുകളായി) മാറുന്നു.



മാർട്ടിൻ ലൂതർ കിംഗ് ജൂനിയർ

11th Std Political Science_Ch_4_Malayalam.indd 51 14/02/2023 19:06:25

4.2 പൗരത്വം

4.2.1 ആമുഖം

രാഷ്ട്രീയ സിദ്ധാന്തത്തിൽ, പൗരത്വം എന്നത് പൗരന്മാർക്കുള്ള ഒരു നിയമപരമായ അംഗീകാരം മാത്രമല്ല സൂചിപ്പിക്കുന്നത്. അതായത് രാഷ്ട്രീയ പ്രക്രിയയിൽ പൂർണ്ണവും തുല്യപങ്കാളിത്തവും എല്ലാ പൗരന്മാർക്കും നൽകപ്പെടും. ജനാധിപത്യവും പൗരത്വവും എപ്പോഴും കൈകോർത്തുപോകുന്നതാകുന്നു. പൗരത്വം വ്യക്തിഗത പൗരന്മാരുടെ ഗുണവിശേഷങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പൗരത്വം രാജ്യത്തിനനുസരിച്ച് വ്യത്യാസപ്പെട്ടുകാണുന്നു.

സ്വാഭാവിക പൗരന്മാർ അവരുടെ ജനനത്താൽ സ്വാഭാവികമായി പൗരത്വം നേടുന്നു. ജന്മസ്ഥലം, കുടുംബം, വംശം, സംസ്കാരം എന്നിവ പരാമർശിച്ച് അരിസ്റ്റോട്ടിൽ പൗരത്വം നിർവ്വചിച്ചു.

4.2.2 പൗരത്വവും നഗരരാഷ്ട്രവും:

പുരാതന ഗ്രീക്ക്, റോമൻ റിപ്പബ്ലിക്കുകളിൽ പൗരത്വം ഒരു പ്രധാന വിഷയമായിരുന്നുവെങ്കിലും ഫ്യൂഡൽ സമ്പ്രദായങ്ങളിൽ നിന്ന് അവ അപ്രത്യക്ഷമായി. പിന്നീട് നവോത്ഥാന കാലഘട്ടത്തിൽ നാഗരിക മാനവികതയുടെ അഭിലഷണീയമായ ഒരു വശമായി പൗരത്വം പുനരുജ്ജീവിക്കപ്പെട്ടു. പൗരത്വം പുരാതന ഏഥൻസിൽ രാഷ്ട്രത്തിന്റെ കടമകളിലുള്ള പങ്കാളിത്തമായി കണക്കാക്കപ്പെട്ടിരുന്നു.

4.2.3 മാർഷലിന്റെ വിശകലനം

മാർഷലിന്റെ അഭിപ്രായത്തിൽ, ഒരു ലിബറൽ- സോഷ്യൽ ഡെമോക്രാറ്റ്, പൗരത്വത്തെ മുതലാളിത്തത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹിക ക്ലാസുമായി ബന്ധിപ്പിക്കുന്നു. പൗരത്വത്തിന് മൂന്ന് വിഭാഗങ്ങളുണ്ട്: സിവിൽ, രാഷ്ട്രീയ, സാമൂഹിക, പൗരത്വം ഓരോ വ്യക്തിക്കും സ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട്. അതാണ് സിവിൽ ഘടകമായിട്ടുള്ളത്. രാഷ്ട്രീയ തീരുമാനമെടുക്കൽ പ്രക്രിയയിൽ പങ്കെടുക്കാൻ ഒരു പൗരനെന്ന നിലയിൽ അവർക്ക് അവകാശമുണ്ട്.

അരിസ്റ്റോട്ടിൽ

ഏതൊരു രാഷ്ട്രത്തിന്റെയും മനഃപൂർവ്വമോ നീതിന്യായപരമോ ആയ ഭരണത്തിന്റെ പങ്കാളിയാകാൻ അധികാരമുള്ളവൻ എന്നാണ് പൗരത്വത്തെ നിർവചിക്കുന്നത്.

നിങ്ങൾക്ക് അറിയാമോ

പ്രായമായ മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും പരിപാലനവും പിൻതുണയും നൽകുന്നതിനായി മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും 2007-ൽ പാസാക്കി.

ഈ നിയമം എന്താണ് പറയുന്നത് ...

- വേഗത്തിലും ഫലപ്രദമായും പ്രായമായ വ്യക്തിക്ക് ആശ്വാസം നൽകുന്നതിന് ഈ നിയമം മെയിന്റനൻസ് ട്രിബ്യൂണൽ സ്ഥാപിച്ചു.
- ഈ നിയമം അനുസരിച്ച് പരിപാലനം എന്നത് ഭക്ഷണം, വസ്ത്രം, താമസസ്ഥലം മെഡിക്കൽ ചികിത്സ എന്നിവയാകുന്നു.
- ഈ നിയമത്തിലുള്ള ഒരേയൊരു നിബന്ധനയെന്നത് വ്യക്തികൾക്ക് അവരുടെ വരുമാനത്തിലും സ്വത്തിലും തന്നെ പരിപാലിക്കാൻ സാധിക്കാതിരുന്നാൽ അവർ ഈ പരിപാലനത്തിന്റെ പരിധിയിൽ വരുന്നതാണ്.
- ഈ നിയമപ്രകാരം അധികപക്ഷ പരിപാലന ചെലവിനായി പ്രതിമാസം ₹ 10,000/- നൽകാൻ അനു പരിപാലനതുക അവകാശിയുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് നിർണ്ണയിക്കുന്നത്. വ്യക്തിക്ക് സാധാരണ ജീവിതം നയിക്കുന്നതിനുള്ള പരിപാലനത്തുക നൽകുക എന്നതാണ് ലക്ഷ്യം.
- മാതാപിതാക്കൾക്കോ മുതിർന്ന പൗരന്മാർക്കോ മെയിന്റനൻസ് ട്രിബ്യൂണലിന് മുമ്പുള്ള നടപടികളിൽ അവരുടെ താല്പര്യങ്ങൾ പ്രതിനിധീകരിക്കുന്നതിന് സംസ്ഥാന സർക്കാർ നിയോഗിച്ച മെയിന്റനൻസ് ഓഫീസറുടെ സേവനം ലഭിക്കും. നിയമപ്രകാരം ട്രൈബ്യൂണലിന് മുന്നിൽ കേസുകൾ ഹാജാരാക്കാൻ അഭിഭാഷകരെ അനുവദിക്കില്ല.
- ഒരു മുതിർന്ന പൗരന്റെ സംരക്ഷണത്തിനും പരിചരണത്തിനും ഉത്തരവാദിത്തമുള്ളതും മുതിർന്ന പൗരനെ മനഃപൂർവ്വം ഉപേക്ഷിക്കുന്നതുമായ ഏതൊരു വ്യക്തിക്കും ₹ 5000/- പിഴ നൽകേണ്ട ബാധ്യതയുണ്ട്. അല്ലെങ്കിൽ മൂന്നു മാസം തടവിലാക്കാം. അല്ലെങ്കിൽ ഈ രണ്ട് ശിക്ഷകളും ഒന്നിച്ച് അനുഭവിക്കണം.

11th Std Political Science_Ch_4_Malayalam.indd 52 14/02/2023 19:06:25

ജനാധിപത്യപരമായിഭരിക്കാനുള്ളഅംഗീകാരം ഗ്രീക്കുകാർ ആസ്വദിച്ചു അവരുടെ ഗവൺമെന്റ് സാധാരണക്കാരുടേതാണ്. അവർക്ക് സാധാരണ സംസാരിക്കാനുള്ള അവകാശത്തിലൂടെ വലിയ തോതിൽ സംസാരിക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചു.

ജീവിത നിലവാരവും, അതിന്റെ ഫലവും ആസ്വദിക്കാനുള്ള എല്ലാ അവകാശങ്ങളും അവർക്കുണ്ട്. അതിനാൽ സാമൂഹ്യ സേവനങ്ങളെ **മാർഷൽ** ഇവിടെ ഊന്നിപ്പറയുന്നു.

4.2.4 ഇന്ത്യയിലെ പൗരത്വം

ഇന്ത്യൻ ഭരണഘടന ഏത് വിഭാഗത്തിൽ പെട്ടവരാണെങ്കിലും എല്ലാവർക്കും പൂർണ്ണ പൗരത്വം നൽകി.

ഒരു നല്ല പൗരന്റെ ഗുണങ്ങളെക്കുറഇച്ചുള്ള നിങ്ങളുടെ ആശയത്തെ ഒരു വിശദീകരണ ചിത്രം തയ്യാറാക്കി നിങ്ങളുടെ അധ്യാപകരും സുഹൃത്തുക്കളുമായി പങ്കിടുക.

പൗരത്വത്തെക്കുറിച്ചുള്ള വ്യവസ്ഥകൾ ഭാഗം II ൽ കാണാം. പാർലമെന്റ് പാസാക്കിയ തുടർന്നുള്ള നിയമങ്ങളിൽ ജനനം, പാരമ്പര്യം, രജിസ്ട്രേഷൻ, പ്രകൃതിവൽക്കരണം അല്ലെങ്കിൽ പ്രദേശം ഉൾപ്പെടുത്തൽ എന്നിവയിലൂടെ പൗരത്വം നേടാം. വംശം, ജാതി, ലിംഗഭേദം, ജന്മസ്ഥലം തുടങ്ങിയ കാര്യങ്ങളിൽ ഭരണകൂടം പൗരന്മാരോട് വിവേചനം കാണിക്കരുതെന്നും ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. മതം ഭാഷ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു.

4.2.5 ആഗോള പൗരത്വവും ദേശീയ പൗരത്വവും

നമുക്ക് ജീവിക്കാനാവശ്യമായ സംരക്ഷണവും അവകാശങ്ങളും നൽകാൻ നമ്മുടെ രാഷ്ട്രത്തിന് കഴിയുമെന്ന് ദേശീയ പൗരത്വം അനുമാനിക്കുന്നു. എന്നിരുന്നാലും, ഇന്നത്തെ രാഷ്ട്രങ്ങൾ വളരെയധികം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാൽ ജനങ്ങളുടെ സുരക്ഷ പരിരക്ഷിക്കുന്നതിന് വ്യക്തിഗത അവകാശങ്ങൾ ഉറപ്പുനൽകുന്നു. മറുവശത്ത് ആഗോള പൗരത്വം ദേശീയ അതിർത്തികളിലൂടെ പൗരത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇവിടെ, പല രാഷ്ട്രങ്ങളിലെ ജനങ്ങളുടെയും സർക്കാരുകളുടെയും സഹകരണ പ്രസ്ഥാനം ആവശ്യമാകും.

അതിനാൽ, എല്ലാവർക്കുമുള്ള പൗരത്വത്തിന് നിരവധി സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ പരിഹരിക്കാൻ കഴിയും. മാത്രമല്ല, സംസ്ഥാനങ്ങൾ പരസ്പരം ബന്ധപ്പെട്ടികരിക്കുന്നതും ശക്തിപ്പെടുത്തുന്നതുമായ ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നതെന്ന് ആഗോള പൗരത്വം നമ്മെ ഓർമ്മിപ്പിക്കുന്നു.

4.3 അവകാശങ്ങളും കടമകളും

4.3.1 ആമുഖം

നമ്മുടെ ലോകത്ത് അവകാശങ്ങൾ വളരെ സാധാരണമാണ്. അവ മനുഷ്യാവകാശങ്ങളെ കെട്ടിച്ചമച്ചതാണെന്ന് നമ്മൾ കരുതുന്നു. ആധുനിക യുഗത്തിലെ അവകാശങ്ങളുടെ പ്രാധാന്യം ഭരണഘടനകളിലെ അവരുടെ പ്രവേശനത്തിനും അന്താരാഷ്ട്ര പ്രഖ്യാപനത്തിനും മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. എല്ലാ മനുഷ്യർക്കും അവകാശങ്ങൾ ഉണ്ട്. കേവലം മനുഷ്യൻ എന്ന നിലയിലാണെങ്കിൽ, എല്ലാ മനുഷ്യർക്കും ധാർമ്മിക നിലപാടിൽ ഒരു സമത്വമുണ്ട്. അത് വർഗ്ഗം, ജാതി, വംശം, മതം എന്നീ വ്യത്യാസങ്ങളെ തരണം ചെയ്യുന്നു.

പഠന ലക്ഷ്യങ്ങൾ

- അവകാശങ്ങളുടെ അർത്ഥവും അതിന്റെ സവിശേഷതകളും.
- അവകാശങ്ങളും ഉത്തരവാദിത്വങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ.
- വ്യത്യസ്തതരം അവകാശങ്ങൾ.
- സംസ്ഥാന നയത്തിന്റെ നിർദ്ദേശപരമായ തത്വങ്ങൾ.
- പൗരന്മാരുടെ രാഷ്ട്രീയ ബാധ്യതകൾ.
- പൗരത്വം
- സ്വത്തിന്റെ സൈദ്ധാന്തിക വശങ്ങൾ.

11th Std Political Science_Ch_4_Malayalam.indd 53 14/02/2023 19:06:26

"ധാർമ്മിക ജീവിയെന്ന നിലയിൽ മനുഷ്യന്റെ തൊഴിൽ നിറവേറ്റുന്നതിന് ആവശ്യമായ അധികാരങ്ങളാണ് അവകാശങ്ങൾ"

ടി.എച്ച്. ഗ്രീൻ

അവകാശങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമോ?

ഓരോ സംസ്കാരവും അവരുടെ വികസനത്തിന് ആവശ്യമായ അവകാശവാദങ്ങളെ അംഗീകരിക്കുന്ന ജനങ്ങളുടെ പൊതുവായ അവകാശവാദങ്ങളാണവ. അതിനാൽ അവയെ രാഷ്ട്രം നടപ്പിലാക്കുന്നു.

സവിശേഷതകൾ

- സാമൂഹ്യവികസനത്തിന് അവകാശങ്ങൾ പ്രധാനമാണ്.
- ജാതി, മതം, വംശം, ലിംഗ പക്ഷപാതം എന്നിവ പരിഗണിക്കാതെ എല്ലാവർക്കും ലഭ്യമാണ്.
- കടമകളും അവകാശങ്ങളും പരസ്പര ബന്ധിതമാണ്. കടമകൾ ഇല്ലെങ്കിൽ അവകാശങ്ങളും ഇല്ല.
- അവകാശങ്ങൾ ന്യായമാണ്.
- ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റെ കടമയാണ്.

വ്യത്യസ്തതരം അവകാശങ്ങൾ.



i. സ്വാഭാവിക അവകാശങ്ങൾ

ഈ അവകാശങ്ങൾ മനുഷ്യസ്വഭാവത്തിന്റെയും യുക്തിയുടെയും ഭാഗങ്ങളാണ്. ഒരു വ്യക്തിക്ക് ചില അടിസ്ഥാന അവകാശങ്ങളുണ്ടെന്നും സർക്കാരിന് ഈ അവകാശങ്ങൾ നിഷേധിക്കാൻ കഴിയില്ലെന്നും രാഷ്ട്രീയ സിദ്ധാന്തം വിശദീകരിക്കുന്നു.

ii. ധാർമ്മിക അവകാശങ്ങൾ

സദാചാര അവകാശങ്ങളിൽ നല്ല പെരുമാറ്റം, മര്യാദ, ധാർമ്മിക പെരുമാറ്റം എന്നിവയെക്കുറിച്ച് ഉള്ളതാണിത്. ജനങ്ങളുടെ ധാർമ്മിക പരിപൂർണ്ണതയ്ക്കായി നിലകൊള്ളുന്നു.

iii. നിയമപരമായ അവകാശങ്ങൾ

നിയമപരമായ അവകാശങ്ങൾ എല്ലാ പൗരന്മാർക്കും തുല്യമായി ലഭ്യമാണ്. ഇതിൽ ഏതൊരുവിധ വിവേചനമില്ലാതെ പിൻതുടരപ്പെടുന്നു. നിയമപരമായ അവകാശങ്ങൾ രാഷ്ട്രം അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നവയാണ്. നിയമപരമായ അവകാശങ്ങൾ മൂന്നുതരത്തിലുണ്ട്:

- **പൗരാവകാശം :** ഓരോ വ്യക്തിക്കും പരിഷ്കൃത സാമൂഹിക ജീവിതം നയിക്കാൻ അവസരമൊരുക്കുന്നതും ഭരണകൂടം പരിരക്ഷിക്കുന്നതുമായ അവകാശങ്ങളാണിവ. ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, സമത്വം എന്നിവ പൗരാവകാശങ്ങളാണ്.

- **രാഷ്ട്രീയ അവകാശങ്ങൾ:** രാഷ്ട്രീയ പ്രക്രിയയിൽ ജനങ്ങൾക്ക് ഒരു പങ്ക് ലഭിക്കുന്ന അവകാശങ്ങളിവയാണ്. ഈ അവകാശങ്ങളിൽ വോട്ടവകാശം തെരഞ്ഞെടുക്കാനുള്ള അവകാശം, പൊതുസ്ഥാനം വഹിക്കാനുള്ള അവകാശം തുടങ്ങിയവ ഉൾപ്പെടുന്നു.

- **സാമ്പത്തിക അവകാശങ്ങൾ :** ജനങ്ങൾക്ക് സാമ്പത്തിക സുരക്ഷ നൽകുന്ന അവകാശങ്ങളാണിവ.

നിയമം നടപ്പിലാക്കുന്നിടത്തോളം നിയമ അവകാശങ്ങൾ ഉണ്ടെന്ന് നിയമം പറയുന്നു. നിയമപരമായി അംഗീകൃത അതോറിറ്റിയുടെ നിയമ നിർമ്മാണത്തിലൂടെയോ ഉത്തരവിലൂടെയോ അവ പ്രാധാന്യം നേടുന്നു.

iv. കരാർ അവകാശങ്ങൾ

ഈ അവകാശങ്ങൾ ഉത്ഭവിക്കുന്നത് വാഗ്ദാന പരിശീലനത്തിൽ നിന്നാണ് സൂക്ഷിക്കൽ. കരാർ വഗ്ദാനങ്ങൾ നൽകിയിട്ടുള്ള പ്രത്യേക വ്യക്തികൾക്ക് അവ ബാധകമാണ്.

v. മനുഷ്യാവകാശം

മനുഷ്യാവകാശങ്ങളാണ് പരമോന്നത വ്യവസ്ഥയുടെ അവകാശങ്ങൾ. അന്താരാഷ്ട്ര, ദേശീയ നിയമങ്ങളും ഉടമ്പടികളും അവരെ പരിരക്ഷിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. എല്ലാ വർഷവും ഡിസംബർ 10 ാം തീയതി മനുഷ്യാവകാശ ദിനമായി കൊണ്ടാടുന്നു.

11th Std Political Science_Ch_4_Malayalam.indd 54 14/02/2023 19:06:26

അവകാശങ്ങളുടെയും മൗലികാവകാശങ്ങളുടെയും ബില്ലിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

അമേരിക്കൻ ഐക്യനാടുകളിലെ അവകാശബിൽ 1791 ഡിസംബർ 15 ന് അംഗീകരിച്ചു. അവ വ്യക്തിഗത അവകാശങ്ങളെയും ഫെഡറൽ ഭരണകൂട പരിമിതികളെയും പരസ്പരം ശക്തിപ്പെടുത്തുന്ന ഈടുള്ള ഒരു ശേഖരമാണ്.



ജെയിംസ് മാഡിസൺ ഈ അവകാശബിൽ നിർദ്ദേശിച്ചു. ജോർജ്ജ് മേസന്റെ 1776 വിർജീനിയ അവകാശ പ്രഖ്യാപനമാണ് അവകാശങ്ങളുടെ ബില്ലിനെ സ്വാധീനിച്ചത്. അവകാശ ബിൽ എന്നത് മാഗ്നാകാർട്ട (1215), ഇംഗ്ലീഷ് അവകാശങ്ങളുടെ ബിൽ (1689), എന്നിവയിൽ നിന്ന് നിർവ്വചിച്ചതാണ്.- **ജെയിംസ് മാഡിസൺ**

മൗലികാവകാശങ്ങൾ

അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും സൈബർ വെല്ലുവിളിയുടെയും സ്വാതന്ത്ര്യം

I. ഇനിപ്പറയുന്ന ഓരോ കേസിലും ലംഘിക്കപ്പെടുന്ന/ പിന്തുണയ്ക്കുന്ന മൗലികാവകാശങ്ങൾ പരാമർശിക്കുക:

നമ്പർ	കേസുകൾ	പിന്തുണ/അവകാശ ലംഘനം
1.	ഒരു സ്ത്രീയുടെ ലൈംഗികതയുടെ അടിസ്ഥാനത്തിൽ ഒരു ആർട്ട് ഗാലറി സന്ദർശിക്കുന്നത് നിരോധിച്ചിരിക്കുന്നു.	
2.	ന്യൂനപക്ഷങ്ങൾക്ക് ഇഷ്ടമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നിയന്ത്രിക്കാനും കഴിയും	
3.	ഐ.ടി. നിയമത്തിലെ 66 എ വകുപ്പ് ചോദ്യം ചെയ്ത് ദില്ലി സ്വദേശിയായ ശ്രേയ സിംഗാൽ എന്ന 21 കാരിയാണ് സുപ്രീം കോടതിയിൽ പൊതുതാല്പര്യ ഹർജി നൽകിയത്.	
4.	കാർട്ടൂണിസ്റ്റ് അസീം ത്രിവേദിയെ ഇന്റർനെറ്റിലെ കാരിക്കേച്ചറുകൾക്ക് മഹാരാഷ്ട്ര സർക്കാർ രാജ്യദ്രോഹകുറ്റം ചുമത്തി.	
5.	വടക്കുകിഴക്കൻ ഇന്ത്യയിൽ നിന്നുള്ള ഒരു പെൺകുട്ടിയെ ചെന്നൈയിൽ പാർപ്പിക്കാൻ അനുവാദമില്ല.	
6.	വിവാദപരമായ നിയമ വ്യവസ്ഥകളിലൂടെ സോഷ്യൽ മീഡിയയിൽ വർദ്ധിച്ചുവരുന്ന നിയന്ത്രണങ്ങൾ പൗര സമൂഹത്തിന് കടുത്ത വെല്ലുവിളിയാണ്.	
7.	പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി വാദിച്ചതിന് 2012 ഒക്ടോബറിൽ താലിബാൻ കരാൽ തലയ്ക്ക് വെടിയേറ്റ പാകിസ്ഥാൻ ആക്ടിവിസ്റ്റ് മലാലയുസഫ്സായി.	

മൗലികാവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം -III ൽ മൗലികാവകാശങ്ങൾ അടങ്ങിയിരിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

ഭരണഘടന രൂപീകരിക്കാൻ ഭരണഘടനാ അസംബ്ലിക്ക് 2 വർഷവും 11 മാസവും 20 ദിവസവും എടുത്തു.



സമത്വത്തിനുള്ള അവകാശം

എല്ലാ ജനങ്ങൾക്കും അവരുടെ ജാതി, മതം, ലിംഗഭേദം, വർഗം എന്നിവ പരിഗണിക്കാതെ നിയമത്തിനു മുന്നിൽ എല്ലാപേരും സമം എന്ന് ഉറപ്പു നൽകുന്നു.

സ്വാതന്ത്ര്യാവകാശം

സംസാര സ്വാതന്ത്ര്യം അഭിപ്രായ സ്വാതന്ത്ര്യം സമാധാനപരമായും ആയുധങ്ങളില്ലാതെയും ഒത്തുചേരാനുള്ള സ്വാതന്ത്ര്യം സംഘടനകൾ രൂപീകരിക്കുന്നതിനും ഇന്ത്യയിലുടനീളം സ്വാത

11th Std Political Science_Ch_4_Malayalam.indd 55 14/02/2023 19:06:27

ന്ത്ര്യമായി സഞ്ചരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എന്നിവ ഉറപ്പുനൽകുന്നു.

താഴെ കൊടുത്തിരിക്കുന്നതിൽ നിന്ന് നിങ്ങൾ എന്താണ് അനുമാനിക്കുന്നത്? (ദി ഹിന്ദു/5.12.2012)



വിവര സാങ്കേതിക നിയമത്തിലെ സെക്ഷൻ 66 എ എന്തിനെ കുറിക്കുന്നു _____

_____

ജീവിക്കാനുള്ള അവകാശവും വ്യക്തിഗത സ്വാതന്ത്ര്യവും

ഒരു പൗരനും അവന്റെ വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കാനാവില്ല. അറസ്റ്റിന്റെ അടിസ്ഥാനം അറിയിക്കാതെ ഒരു വ്യക്തിയെയും തടങ്കലിൽ വെക്കാൻ കഴിയില്ല എന്നതാണ് ഇതിനർത്ഥം. അറസ്റ്റിലായ ഒരു വ്യക്തിക്ക് അദ്ദേഹത്തിന് ഇഷ്ടമുള്ള ഒരു അഭിഭാഷകനെ സമീപിക്കാനും വാദിക്കാനും സ്വാതന്ത്ര്യമുണ്ട്. ഇതുകൂടാതെ, 24 മണിക്കൂറിനപ്പുറം ഇയാളെ കസ്റ്റഡിയിൽ വിടേണ്ടതില്ല. മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാകണം.

നിവാരണത്തടങ്കൽ

നിവാരണത്തടങ്കൽ എന്നത് കാലത്തിനനുസരിച്ച് നിയമവിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതാകുന്നു. ഒരു വ്യക്തിക്ക് ക്രമസമാധാനത്തിനും രാജ്യത്തിന്റെ സമാധാനത്തിനും സുരക്ഷക്കും ഭീഷണിയാകുമെന്ന് ഭരണകൂടത്തിന് തോന്നുകയാണെങ്കിൽ, അതിന് ആ വ്യക്തിയെ അറസ്റ്റ് ചെയ്യാനോ തടങ്കലിലാക്കാനോ കഴിയും.

ചൂഷണത്തിനെതിരായ അവകാശം

ചൂഷണത്തിനെതിരായ അവകാശം ഭരണഘടന നൽകിയിട്ടുണ്ട്. അതിൽ മനുഷ്യക്കടത്ത് നിർബന്ധിത ഭിക്ഷാടനവും, ബാലവേല എന്നിവ ചൂഷണ രൂപങ്ങളാണ്. 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഏതെങ്കിലും ഫാക്ടറിയിലോ ഖനിയിലോ ഏതെങ്കിലും തരത്തിലുള്ള അപകടകരമായ ജോലികളിലോ ജോലി ചെയ്യുന്നതിൽ നിന്നും ഇത് വിലക്കുന്നു.

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

ഇന്ത്യയിൽ, എല്ലാ ജനങ്ങൾക്കും തന്റെ മതവും വിശ്വാസവും തെരഞ്ഞെടുക്കാൻ അവകാശമുണ്ട്. ആർട്ടിക്കിൾ 26 മതപരമായ കാര്യങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സ്ഥാപിക്കാനും പരിപാലിക്കാനും

ജനാധിപത്യവും സ്ത്രീശാക്തീകരണവും സമ്മതിക്കുകയും വിയോജിക്കുകയും ചെയ്യുന്നു

ഏതാണ് ഉചിതമെന്ന് നിങ്ങൾ കരുതുന്നതനുസരിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ഞാൻ സമ്മതിക്കുന്നു, വിയോജിക്കുന്നു എന്നീ രണ്ട് വിഭാഗങ്ങളിൽ ക്രമീകരിക്കുക.

1. സ്ത്രീകളും പെൺകുട്ടികളും വിദ്യാഭ്യാസം നേടുമ്പോൾ, അവർ അവരുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും വികസനം ത്വരിതപ്പെടുത്തുന്നു.
2. സ്ത്രീകൾ എല്ലായ്പ്പോഴും അച്ഛൻ, ഭർത്താവ്, സഹോദരൻ, മകൻ തുടങ്ങിയ പുരുഷ വർഗ്ഗത്തെയാണ് ആശ്രയിക്കുന്നത്.
3. രാഷ്ട്രത്തിന്റെ സമ്പദ്വ്യവസ്ഥയുടെ ഉയർച്ചയെന്നത് സ്ത്രീകൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകുക ആരോഗ്യം മെച്ചപ്പെടുത്തുക എന്നതാണ്.
4. വീട് കൈകാര്യം ചെയ്യുന്നതിനും പാചകം ചെയ്യുന്നതിനും മാത്രമുള്ളതാണ് സ്ത്രീകൾ.
5. പെൺകുട്ടികളും സ്ത്രീകളും നൃത്തം, പെയിന്റിംഗ്, പാചകം എന്നിവയിൽ മികച്ചവരാണ്.
6. ജീവൻ രക്ഷിക്കുന്നതിനും സമാധാനം കെട്ടിപ്പടുക്കുന്നതിനും പെൺകുട്ടികളെയും സ്ത്രീകളെയും ശാക്തീകരിക്കുന്നതിനുമുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസം.
7. മലാല യൂസഫ്സായി 17-കാരിയായ പാകിസ്ഥാൻ മുസ്ലീം പെൺകുട്ടി, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പിന്തുണയ്ക്കുന്നു.

ഞാൻ അംഗീകരിക്കുന്നു _____

_____

ഞാൻ വിയോജിക്കുന്നു _____

_____

11th Std Political Science_Ch_4_Malayalam.indd 56 14/02/2023 19:06:27

അനുവദിക്കുന്നു. അതിനുവേണ്ടി സ്ഥാവരജംഗമ വസ്തുക്കൾ സ്വന്തമാക്കി നിയമപ്രകാരം പരിപാലിക്കുന്നു.

സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം

മത, സാംസ്കാരിക, ഭാഷാപരമായ ന്യൂന പക്ഷങ്ങളുടെ ഗ്രൂപ്പുകൾ അല്ലെങ്കിൽ വിഭാഗങ്ങളുടെ ചില രാഷ്ട്രീയേതര അവകാശങ്ങളുണ്ട്, ഭരണഘടന അവർക്ക് ഈ അവകാശങ്ങൾ ഉറപ്പു നൽകുന്നു.

ജാതി, മതം, ലിംഗഭേദം എന്നിവ കാരണം ഒരു പൗരനും സംസ്ഥാനത്തിലേക്കോ സംസ്ഥാന അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കോ പ്രവേശനം നിഷേധിക്കുന്നില്ല. പൗരന്മാർക്ക് അവർ ഇഷ്ടപ്പെടുന്ന ഏതെങ്കിലും സ്കൂളുകളിലോ കോളേജുകളിലോ വിദ്യാഭ്യാസം നേടാനുള്ള അവകാശമുണ്ട്. സ്ഥാപനങ്ങൾ വിവേചനം പാലിക്കുന്നതായി കണ്ടെത്തിയാൽ, അത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം നൽകില്ല. മാത്രമല്ല, ഈ സ്ഥാപനങ്ങൾ ഏതുതരത്തിലുള്ള വിദ്യാഭ്യാസരീതി പിൻതുടരണമെന്ന് രാഷ്ട്രത്തിന് നിർദ്ദേശിക്കാൻ സാധിക്കില്ല. കൂടാതെ നമ്മുടെ സംസ്കാരം സംരക്ഷിക്കുന്ന വിധത്തിൽ പ്രവർത്തിക്കാൻ അവരെ അനുവദിക്കുകയും വേണം.

പ്രവർത്തനം

1. ഇന്ത്യയിൽ എത്ര ഭാഷകൾ എഴുത്ത് രൂപങ്ങൾ, പ്രാദേശിക ഭാഷകൾ ഉണ്ടെന്ന് കണ്ടെത്തുക?
2. ഇന്ത്യയുടെ ഔദ്യോഗിക ഭാഷകൾ ഏവ?

ഭരണഘടനാ പരിഹാരത്തിനുള്ള അവകാശം

ആർട്ടിക്കിൾ 32 സുപ്രീം കോടതിയിൽ പൗരന്മാർക്ക് പരിഹാരങ്ങൾ നൽകുന്നു. ആർട്ടിക്കിൾ 226 ഹൈക്കോടതി കോടതികൾക്ക് ഹേബിയസ് കോർപ്പസ്, മണ്ടാമസ്, സെർട്ടിയോരാരി, ക്വൊവാറന്റോ, നിരോധനം അല്ലെങ്കിൽ ഇഞ്ചക്ഷൻ എന്നിവയുടെ ഉത്തരവുകൾ പുറപ്പെടുവിക്കാം.

പുതിയ അവകാശങ്ങൾ

വിവരാവകാശം

ഗവൺമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിക്കുന്നതിനുള്ള ഉത്തരവാണ് 2005-ലെ വിവരാവകാശ നിയമം. പൗരന്മാരെ ശാക്തീകരിക്കുന്നതിനും സുതാര്യതയ്ക്കും ഉത്തരവാദിത്വത്തിനും തുടക്കം കുറിക്കുന്നതിനാണിത്. വിവരമുള്ള ഒരു പൗരനെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ഉപകരണങ്ങളിൽ കൂടുതൽ ജാഗ്രത പാലിക്കുകയും അതുവഴി അവരെ ഉത്തരവാദിത്വമുള്ളവരാക്കുകയും ചെയ്യുന്നു.

സ്വകാര്യതയ്ക്കുള്ള അവകാശം

സ്വകാര്യതയ്ക്കുള്ള അവകാശം മാത്രമല്ല മനുഷ്യന്റെ അന്തസ്സിന്റെ അവിഭാജ്യ ഘടകമാണ്. "സ്വകാര്യതയ്ക്കുള്ള അവകാശം ആർട്ടിക്കിൾ 21 പ്രകാരം ജീവിക്കാനുള്ള അവകാശത്തിന്റെയും വ്യക്തിഗത സ്വാതന്ത്ര്യത്തിന്റെയും അന്തർലീനമായ ഭാഗമായും ഭരണഘടനയുടെ ഭാഗം III ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിന്റെ ഭാഗമായും പരിരക്ഷിച്ചിരിക്കുന്നു".

ട്രാൻസ്ജെൻഡർമാരുടെ അവകാശങ്ങൾ

ട്രാൻസ്ജെൻഡർമാർ പുരുഷന്മാരും സ്ത്രീകളും എങ്ങനെ ആയിരിക്കണമെന്നതിൽ നിന്ന് വ്യത്യസ്തമാണ്. ഇന്ന് അവരെ മൂന്നാം ലിംഗമായി അഭിസംബോധന ചെയ്യുന്നു. ലിംഗസ്വത്വത്തിന് നിയമപരമായ അംഗീകാരം നൽകണമെന്ന് സുപ്രീംകോടതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകി.

4.4 രാഷ്ട്രീയ ബാധ്യത

രാഷ്ട്രീയ ബാധ്യത ഭരണഘടനയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒരു വ്യക്തിയെ ബാദ്ധ്യസ്ഥനാക്കുന്നു. ഒരു വ്യക്തി സ്വന്തം ക്ഷേമത്തിനും സമൂഹത്തിന്റെ ക്ഷേമത്തിനും വേണ്ടി സമൂഹത്തിലെ നിയമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടതുണ്ട്. പൗരനോട് രാഷ്ട്രത്തിന് ഉത്തരവാദിത്വമുണ്ടാകുമ്പോൾ, പൗരനും രാഷ്ട്രത്തോട് ഉത്തരവാദിത്വമുണ്ടായിരിക്കണം.

4.4.1 രാഷ്ട്രീയ ബാധ്യതയും രാഷ്ട്രീയ അധികാരത്വവും

രാഷ്ട്രത്തിന് ഒരു രാഷ്ട്രീയ അധികാരം ഉള്ളപ്പോൾ അതിനെ അനുസരിക്കാത്തവരുടെ പുറത്ത് അധികാരം ചെലുത്താൻ അവകാശമുണ്ട്. ഉദാഹരണത്തിന് നികുതി ചുമത്താനുള്ള സംസ്ഥാനത്തിന്റെ അധികാരത്തിനകത്തുനിന്നുകൊണ്ട് നികുതി അടയ്ക്കാനുള്ളവരിൽ നിന്ന് നികുതി പിരിക്കാനുള്ള നടപടികൾ എടുക്കാൻ സർക്കാരിന് കഴിയും. എന്നിരുന്നാലും ഭരണകൂടം അതിന്റെ അധികാരം നടപ്പിലാക്കുന്നില്ലെങ്കിലും നിയമങ്ങൾ പാലിക്കേണ്ടത് പൗരന്മാരുടെ ധാർമ്മിക കടമയാണ്.

11th Std Political Science_Ch_4_Malayalam.indd 57 14/02/2023 19:06:27

അതിനാൽ, ആധുനിക ദേശീയ രാഷ്ട്രത്തിന്റെ സർവ്വവ്യാപിത്വം കാരണം ഓരോ മനുഷ്യനും രാഷ്ട്രീയ ബാധ്യതയ്ക്ക് വിധേയനാണ്. രാഷ്ട്രീയ ബാധ്യതയിൽ മൂന്ന് പ്രധാന വശങ്ങളുണ്ട് :

ഏത് രാഷ്ട്രീയ ബാധ്യതയാണ് തിരിച്ചറിയാൻ കഴിയുന്ന ആധാരം

രാഷ്ട്രീയ ബാധ്യത എത്രത്തോളം നിറവേറ്റാനാകും

രാഷ്ട്രീയ ബാധ്യതയുടെ അടിസ്ഥാനം

രാഷ്ട്രീയ ബാധ്യതയുടെ സവിശേഷതകൾ

- രാഷ്ട്രീയ മനോഭാവത്തിന്റെയും സാമൂഹിക സേവനത്തിന്റെയും ഉറവിടം നിലനില്ക്കുന്നു
- പൊതുകടമ നിർവ്വഹിക്കുമ്പോൾ സത്യസന്ധതയും സമഗ്രതയും അത്യാവശ്യമാണ്.
- രാഷ്ട്രീയ നിയമ സാധുതയും ഫലപ്രാപ്തിയും നിലനില്ക്കണം
- രക്ഷകർത്താക്കളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പൗരന്മാർക്കുണ്ട്

മൗലികാവകാശങ്ങൾ



രാഷ്ട്രീയ ബാധ്യതകളുടെ തരങ്ങൾ

രാഷ്ട്രീയ ബാധ്യതകൾ നാല് തരത്തിലാണ്.



i) ധാർമ്മിക ബാധ്യത : നിങ്ങളുടെ വീട്ടിലെത്തുന്ന അതിഥികളോട് നിങ്ങൾ ആതിഥ്യമരുളുന്നുണ്ടോ? നിങ്ങൾ പാവങ്ങളെ സഹായിക്കുന്നുണ്ടോ? നിങ്ങളുടെ മാതാപിതാക്കളെ വാർദ്ധക്യത്തിൽ പരിപാലിക്കില്ലേ? ഇവ നിങ്ങളുടെ ധാർമ്മിക ബാധ്യതകളാണ്. ഇത് സമൂഹത്തിൽ നിയമപരമായി നിറവേറ്റപ്പെടേണ്ടതല്ല. ധാർമ്മിക ബാധ്യതകൾക്കുള്ളിൽ നിങ്ങൾ പെരുമാറുന്നില്ലെങ്കിൽ നിങ്ങളെ ശിക്ഷിക്കപ്പെടാനും നിയമത്തിന് കഴിയില്ല.

11th Std Political Science_Ch_4_Malayalam.indd 58 14/02/2023 19:06:28

ii) നിയമപരമായ ബാധ്യത : അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ക്ഷേമ രാഷ്ട്രമാണ് നമ്മുടെ രാഷ്ട്രം. റോഡുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസം തുടങ്ങിയവ ഇവയ്ക്ക് ഉദാഹരണങ്ങളാണ്.

iii) പോസിറ്റീവ് ബാധ്യത : സർക്കാരിന്റെ ചില നിയമങ്ങൾ നമുക്ക് അനുസരിക്കാതിരിക്കാൻ സാധിക്കില്ല. അതിനാൽ അവ പോസിറ്റീവ് ബാധ്യതയായി കണക്കാക്കപ്പെടുന്നു. ഉദാ: നികുതി അടയ്ക്കുകയും, രാജ്യസംരക്ഷണത്തിൽ പങ്കെടുക്കുകയും ചെയ്യുക.

iv) നെഗറ്റീവ് ബാധ്യത : പോസിറ്റീവ് ബാധ്യതകളുടെ നേർവിപരീതമാണ്. ഇവിടെ സർക്കാർ നിരോധിച്ച് ഏതൊരു പ്രവർത്തിയും ഒരു പൗരന് ചെയ്യാനുള്ള അനുവാദമില്ല.

രാഷ്ട്രത്തോടുള്ള നിങ്ങളുടെ കടമകളേവ?

- നിങ്ങളുടെ സുഹൃത്തുക്കളുമായി വിനോദത്തിലേർപ്പെടുക.
- തിരഞ്ഞെടുപ്പ് സമയത്തിൽ വോട്ട് രേഖപ്പെടുത്തുക.
- നിങ്ങളുടെ സഹോദരിയെ പഠിപ്പിക്കുക.
- സംസ്ഥാനത്തിന് നികുതി അടയ്ക്കുക.
- പൊതുസേവനത്തിൽ പങ്കുചേരുക.
- അടിയന്തിര സമയത്ത് സൈന്യത്തെ സേവിക്കുക.

ഭരണഘടനയും പ്രധാനപ്പെട്ട ബാധ്യതകളും

ഹാനികരമായ ചില നിയമങ്ങൾ സർക്കാർ രൂപപ്പെടുത്തുന്ന സാഹചര്യങ്ങളുണ്ട്. എന്നിട്ടും അവയ്ക്ക് പിന്തുണ ലഭിക്കുന്നു. അതിനെ സ്റ്റീം റോളർ ലെജിസ്ലേറ്റീവ് എന്നു വിളിക്കുന്നു. അത്തരം നിയമങ്ങളെ ചെറുക്കേണ്ടത് പൗരന്റെ കടമയാണ്. അതിനാൽ രാഷ്ട്രീയ ബാധ്യത എന്ന ആശയം അധികാരത്തിന്റെ ചട്ടങ്ങളെ അനുസരിക്കാൻ ജനങ്ങളെ അറിയിക്കുക മാത്രമല്ല, സമൂഹത്തിന് നല്ലതല്ലെന്ന് കണ്ടെത്തിയാൽ നിയമങ്ങളെ ചെറുത്തുനില്ക്കാനും അവരെ പ്രാപ്തരാക്കണം.

രാഷ്ട്രീയ ബാധ്യതയുടെ സിദ്ധാന്തങ്ങൾ

നമുക്കെല്ലാവർക്കും ജീവിതത്തിൽ ചില സിദ്ധാന്തങ്ങളുണ്ട്, മൂല്യങ്ങളുണ്ട്, അതുപോലെതന്നെ രാഷ്ട്രീയ ബാധ്യതകൾക്കും സിദ്ധാന്തങ്ങൾ ബാധകമാണ്.

രാഷ്ട്രീയ ബാധ്യതയുടെ വ്യത്യസ്തതരം സിദ്ധാന്തങ്ങൾ.

i. ദിവ്യത്വ സിദ്ധാന്തം

പുരാതനകാലത്ത് ദൈവം ഭരണകൂടത്തെ സൃഷ്ടിച്ചുവെന്നും രാജാവ് ദൈവത്തിന്റെ പ്രതിനിധിയാണെന്നും ജനങ്ങൾ കരുതി. എന്നാൽ ഈ സിദ്ധാന്തം പുരാതന മധ്യകാലഘട്ടത്തിൽ മാത്രമേ പ്രചാരമുള്ളൂവെങ്കിലും ആധുനിക യുഗത്തിലല്ല.

ii. സമ്മത സിദ്ധാന്തം

ഈ സിദ്ധാന്തം ഭരണകൂടത്തിന്റെ അധികാരം ജനങ്ങളുടെ സമ്മതത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് **ഹോബ്സ്, ലോക്ക്**-ഉം നിർദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ **റൂസോ** ഈ സിദ്ധാന്തത്തെ ന്യായീകരിച്ചു. പക്ഷേ പിന്നീട് ഇത് അംഗീകരിക്കാൻ കഴിഞ്ഞില്ല. കാരണം ഇത് രാഷ്ട്രത്തെ ഒരു കൃത്രിമ സംഘടനയായി കണക്കാക്കി.

iii. ദി പ്രിസ്ക്രിപ്റ്റീവ് തിയറി

ഈ സിദ്ധാന്തം പറയുന്നത് രാഷ്ട്രീയ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ നിന്ന് നിരന്തരമാണ്. ഈ ആശയത്തെ **എഡ്മണ്ട് ബർക്ക്** പിന്തുണച്ചിട്ടുണ്ട്. എന്നാൽ ഒരു നിശ്ചിത കാലയളവിൽ നന്നായി സ്ഥാപിതമായ സമ്പ്രദായങ്ങോടുള്ള ബഹുമാനത്തെ അതിരുകടന്നതിനാൽ അതിന്റെ ഫലം നഷ്ടപ്പെട്ടു.

iv. പ്രത്യയശാസ്ത്ര സിദ്ധാന്തം



11th Std Political Science_Ch_4_Malayalam.indd 59 14/02/2023 19:06:29

ഈ സിദ്ധാന്തം മനുഷ്യനെയും രാഷ്ട്രത്തെയും രണ്ട് അസ്തിത്വങ്ങളായി കണക്കാക്കുന്നു. മനുഷ്യനെ ഒരു രാഷ്ട്രീയവും യുക്തിസഹവുമായ സൃഷ്ടിയായി കണക്കാക്കുന്നു. അതേ സമയം രാഷ്ട്രം സ്വയം പര്യാപ്തരായ ഒരു സമൂഹമായി കണക്കാക്കപ്പെടുന്നു. ഈ ആദർശപരമായ സിദ്ധാന്തം, വ്യക്തിക്ക് തന്റെ അവകാശങ്ങൾ ഭരണകൂടത്തിൽ നിന്ന് ലഭിക്കുമ്പോൾ, അദ്ദേഹത്തിന് ഭരണകൂടവുമായി പൊരുത്തപ്പെടാൻ കഴിയുന്ന അവകാശങ്ങളില്ലെന്നും വാദിക്കുന്നു. എന്നിരുന്നാലും ഈ സിദ്ധാന്തം തികച്ചും അമൂർത്തമാണെന്നും അത് മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നില്ലെന്നും തെളിഞ്ഞു.

v. മാർക്സിയൻ സിദ്ധാന്തം

മാർക്സിയൻ സിദ്ധാന്തത്തെ മൂന്ന് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു:

വിപ്ലവത്തിനു മുമ്പുള്ള ഘട്ടം- ഈ ഘട്ടം രാഷ്ട്രീയ ബാധ്യതയെ വിശദീകരിക്കുന്നു

വിപ്ലവഘട്ടം - ഇത് രാഷ്ട്രീയ ബാധ്യതയില്ലാത്ത ഘട്ടത്തിൽ നിന്ന് മൊത്തം രാഷ്ട്രീയ ബാധ്യതയുടെ ഒരു ഘട്ടത്തിലേയ്ക്കുള്ള ഒരു മാറ്റമാണ്.

വിപ്ലവാനന്തര ഘട്ടം - ഈ ഘട്ടം മൊത്തം രാഷ്ട്രീയ ബാധ്യതയിൽ നിന്ന് സാമൂഹിക സമ്പൂർണ്ണ വികസനത്തിലേക്കുള്ള പരിവർത്തനമാണ്.

തൊഴിലാളി വർഗ്ഗത്തിന്റെ കൈകളിലെ ഉപകരണമായി ഭരണകൂടത്തെ മാർക്സിയൻ സിദ്ധാന്തം വിശദീകരിക്കുന്നു. എന്നിരുന്നാലും ഈ സിദ്ധാന്തം യുക്തിരഹിതമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. കാരണം ഇത് മനുഷ്യനെ ഭരണകൂടത്തിന് വിധേയമാക്കി.

നാം എന്തിനാണ് ഭരണകൂടത്തെ അനുസരിക്കണം? അത് ആവശ്യമാണോ?

രാഷ്ട്രീയ ബാധ്യതയെക്കുറിച്ച് സിദ്ധാന്തങ്ങൾ പരാമർശിക്കുന്നുണ്ടെങ്കിലും ചിലത് അമൂർത്തമാണ് എന്ന് തോന്നുന്നു. ചിലത് യുക്തിരഹിതവുമാണ്. ഒരു വ്യക്തിയെ ഭരണകൂടത്തെ അനുസരിക്കാൻ പ്രേരിപ്പിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ് ?

i. **ശിക്ഷയെക്കുറിച്ചുള്ള ഭയം :** അപൂർണ്ണമായ ഗൃഹപാഠവുമായി നിങ്ങൾ സ്കൂളിൽ പോയാൽ നിങ്ങളെ അധ്യാപകൻ ശിക്ഷിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടോ? പിഴ ഈടാകുമെന്ന് ഭയന്ന് നിങ്ങളുടെ പിതാവ് ട്രാഫിക് സിഗ്നലുകൾ ശരിയായി അനുസരിക്കുന്നുണ്ടോ? അതെ. ഞങ്ങളുടെ ചുമതലകൾ ശരിയായി അനുസരിക്കുന്നില്ലെങ്കിൽ ഭയം എപ്പോഴും ഉണ്ടായിരിക്കും. അതുപോലെതന്നെ ശിക്ഷകളെ ഭയന്ന് വ്യക്തികൾ അവരുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, നിയന്ത്രണ വ്യവസ്ഥയുമായി പൊരുത്തപ്പെടാൻ ഒരു മനുഷ്യനെ നിർബന്ധിക്കുന്നത് ഭരണകൂടത്തിന്റെ നിർബന്ധിത അധികാരമാണ്.

ii. **ദേശസ്നേഹം :** എന്തുകൊണ്ടാണ് നാം ദേശീയ ഗാനത്തിനായി എഴുന്നേറ്റുനില്ക്കുന്നത്? അത് ദേശസ്നേഹം മൂലമാണ്. നാം നമ്മുടെ ജനതയെ സ്നേഹിക്കുന്നു. അതിനാൽ രാഷ്ട്രത്തെ അംഗങ്ങൾ തങ്ങൾ ജീവിക്കുന്ന രാഷ്ട്രത്തെക്കുറിച്ച് ബോധവാന്മാരാണ്. കൂടാതെ അവർക്ക് പരിഷ്കൃത മനുഷ്യരായി ജീവിക്കാൻ കഴിയില്ല. അംഗങ്ങൾ രാഷ്ട്രത്തോട് ഒരു നല്ല ബന്ധം വളർത്തുന്നു.

iii. **സാമൂഹിക ക്രമക്കേടും, അരാജകത്വവുമായ ഭയം :** സമാധാനവും, ക്രമസമാധാനവും മനുഷ്യർ എപ്പോഴും ആഗ്രഹിക്കുന്നു എന്നത് ഒരു പൊതു തത്വമാണ്. അവർ നിയമങ്ങൾ അനുസരിക്കുക മാത്രമല്ല അനുസരിക്കാത്തവരെ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുന്നു.

iv. **ശീലങ്ങളും പാരമ്പര്യങ്ങളും:** മര്യാദ, സത്യസന്ധത, അച്ചടക്കം, അനുസരണം എന്നിവ പോലുള്ള നല്ല ശീലങ്ങൾ നാമെല്ലാം ആഗ്രഹിക്കുന്നു. ഒരു രാജ്യത്തെ പൗരന്മാർപോലും നല്ല പാരമ്പര്യങ്ങൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. ഒപ്പം ഭരണകൂടത്തോടുള്ള അനുസരണവും ഒരു ശീലമായി മാറ്റുന്നു.

അതിനാൽ, രാജ്യവ്യാപകമായി ഒരു നല്ല സംവിധാനം നിലനിർത്തുന്നതിന് പൗരന് രാഷ്ട്രീയ ബാധ്യതകൾ ആവശ്യമാണെന്ന് നമുക്ക് മനസ്സിലാക്കാം. അതിനാൽ ഓരോ വ്യക്തിയും രാഷ്ട്രത്തിനും നല്ലൊരു പരസ്പര വിനിമയത്തിനായി നിയമങ്ങൾ പാലിക്കേണ്ടതാണ്.

11th Std Political Science_Ch_4_Malayalam.indd 60 14/02/2023 19:06:29

ഡിബേറ്റ്



സ്വത്ത് അസമത്വം സംബന്ധിച്ച നിർണ്ണായക ചർച്ച

നമ്മുടെ രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും, പിതാവിന് ശേഷം അവിഭക്ത കുടുംബ സ്വത്തിൽ ഒരു വിഹിതം ലഭിക്കാൻ ഒരു മകന് അവകാശമുണ്ട്. അതേസമയം ഒരു മകൾക്ക് അത്തരം അവകാശം ആവശ്യപ്പെടാൻ കഴിയില്ല. 1956-ലെ ഹിന്ദു പിൻതുടർച്ചാവകാശ നിയമം, പെൺമക്കൾക്ക് അവിഭക്ത കുടുംബ സ്വത്തിൽ പിതാവിന്റെ വിഹിതത്തിൽ ആൺമക്കളെപ്പോലെ തുല്യ അവകാശം നൽകി.

ഗുരുതരമായ ചർച്ച : അധ്യാപകൻ രണ്ട് ഗ്രൂപ്പ് രൂപീകരിച്ച് ഓരോ ഗ്രൂപ്പിലും മൂന്ന് അംഗങ്ങളും ഒരു മോഡറേറ്ററും ഉൾപ്പെടുന്നു. ടീം എ 1956-ലെ ഹിന്ദു പിന്തുടർച്ചാ നിയമത്തെ പിന്തുണച്ചും ടീം ബി നിയമത്തെ എതിർത്തും വിവാദിക്കുക.

4.5 സ്വത്ത്

സ്വത്ത് മനുഷ്യന്റെ അന്തസ്സിനും സ്വാതന്ത്ര്യത്തിനും ജീവിത അന്തസ്സിനും ആവശ്യമായ സ്വാഭാവിക അവകാശമായി കണക്കാക്കപ്പെടുന്നു. വസ്തു അല്ലെങ്കിൽ അമൂർത്തമായേക്കാവുന്ന നിർദ്ദിഷ്ട കാര്യങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികൾ തമ്മിലുള്ള നിയമപരമായ ബന്ധത്തെ സ്വത്ത് സൂചിപ്പിക്കുന്നു.

4.5.1 ലോക്കും പ്രയോജനവാദത്തിന്റെ ന്യായീകരണവും

ലോക്ക് പറയുന്നതിനനുസരിച്ച്, ഓരോ പൗരനും അവരുടെ വ്യക്തിഗത അവകാശങ്ങളുടെ പരിരക്ഷയും അവരുടെ സ്വത്തുക്കൾ സമാധാനപരമായി ആസ്വദിക്കുന്നതിന് സുരക്ഷിതമായ വ്യവസ്ഥകളും ഉറപ്പു നൽകുക എന്നതാണ് സർക്കാരിന്റെ പ്രധാന പ്രവർത്തനം. മനുഷ്യർക്ക് സ്വത്ത് ആവശ്യമാണ്. അത് ജീവിതത്തിന് ആവശ്യമായ മാർഗവുമാണ്.

അതിനാൽ, വ്യക്തികൾക്ക് സന്തോഷം കൈവരിക്കണമെങ്കിൽ സ്വത്തവകാശ സംവിധാനം ആവശ്യമെന്നാണ് പ്രയോജനവാദം വാദിക്കുന്നത്. എല്ലാ സർക്കാരുകളും ജനങ്ങളുടെ സന്തോഷം പ്രോത്സാഹിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, വ്യക്തിയുടെ സ്വത്തവകാശം പരിരക്ഷിക്കുന്നതിലൂടെ ഉൽപാദനക്ഷമതയും പ്രോത്സാഹിപ്പിക്കണം. ഒരു സർക്കാരും സ്വത്തുക്കൾ അനുഭവിക്കാൻ പ്രതീക്ഷിക്കുന്ന വ്യക്തികളിൽ നിന്ന് സ്വത്ത് അപഹരിക്കരുത്.

4.5.2 സ്ത്രീപക്ഷവാദികളുടെ കാഴ്ച്ചപ്പാടുകൾ

ഇരുപതാം നൂറ്റാണ്ടിൽ സ്ത്രീ ശാക്തീകരണത്തിന്റെ വരവോടെ സ്ത്രീകൾക്കും തുല്യപദവി ആവശ്യപ്പെടുന്നു. ഭൂമിപോലുള്ള വരുമാനത്തിലേക്കുള്ള വിഭവങ്ങളിലേക്ക് സ്ത്രീകൾക്ക് പ്രവേശനം നിഷേധിച്ചതാണ് സ്ത്രീകളെ കീഴ്പ്പെടുത്തുന്നതിനുള്ള ഒരു പ്രധാന വ്യവസ്ഥയെന്ന് സ്ത്രീ പക്ഷവാദികൾ അഭിപ്രായപ്പെടുന്നു. പരുഷ ഉടമസ്ഥതയുടെ നിലവിലുള്ള രീതികളും അത്തരം വിഭവങ്ങളുടെ നിയന്ത്രണവുമാണ് ഇതിന് കാരണം. ഇക്കാരണത്താൽ സ്ത്രീകളുടെ സ്ഥിതി പുരുഷന്മാരെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ ആശ്രിത നിലയാണ് സ്ത്രീകൾ തങ്ങളുടെ അവകാശങ്ങളും സ്വത്തവകാശങ്ങളും ആവശ്യപ്പെടാൻ കാരണമായത്.

ഇന്ത്യൻ ഭരണഘടന സ്വത്തവകാശത്തെ മൗലികാവകാശമായിഅംഗീകരിക്കുന്നില്ല.1978-ൽ 44-ാം ഭേദഗതി മൗലികാവകാശമായി സ്വത്ത് സമ്പാദിക്കാനും കൈവശം വയ്ക്കാനുമുള്ള അവകാശം ഇല്ലാതാക്കി. എന്നിരുന്നാലും ആർട്ടിക്കിൾ 300 (എ) ഭരണഘടനയുടെ മറ്റൊരു ഭാഗത്ത് സ്വത്തവകാശം സാധാരണ അവകാശമായി. ഇതിന്റെ ഫലമായി നിയമവശാൽ ഒരു വ്യക്തിക്കും സ്വത്ത് നഷ്ടമാകില്ലെന്ന് സ്ഥിരീകരിക്കുന്നു. അതിനാൽ സ്വത്തവകാശം ഇപ്പോൾ നിയമ അംഗീകാരം ഉള്ളതാണ്.

ഗ്ലോസ്സറി

ന്യായീകരിക്കാവുന്നവ : ഒരു കോടതിയിൽ വിചാരണയ്ക്ക് വിധേയമാണ്.

സ്വാതന്ത്ര്യം : അധികാരം അല്ലെങ്കിൽ രാഷ്ട്രീയ വീക്ഷണങ്ങൾ ചുമത്തുന്ന അടിച്ചമർത്തൽ നിയന്ത്രണങ്ങളിൽ നിന്ന് സമൂഹത്തിനുള്ളിൽ സ്വതന്ത്രരായിരിക്കുന്ന അവസ്ഥ.

ജനാധിപത്യം : സാമൂഹിക സമത്വത്തിന്റെ പ്രയോഗം അല്ലെങ്കിൽ തത്വങ്ങൾ.

ബാധ്യത : കടമ അല്ലെങ്കിൽ പ്രതിബദ്ധത.

ദേശസ്നേഹം : ഒരാളുടെ രാജ്യത്തിന് ഊർജ്ജസ്വലമായ പിന്തുണ.

ഏറ്റെടുക്കൽ : സ്വത്ത് വാങ്ങുകയോ നേടുകയോ ചെയ്യുക

11th Std Political Science_Ch_4_Malayalam.indd 61 14/02/2023 19:06:29

മൂല്യനിർണ്ണയം

I ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. ഒരു വ്യക്തിക്ക് അവരുടെ അഭിപ്രായങ്ങൾ പരസ്യമായിപ്പറയാൻ അവകാശമുള്ള അവകാശമേത്?
   a. സ്വാതന്ത്ര്യത്തിനുള്ള അവകാശം
   b. പ്രകടനത്തിനുള്ള അവകാശം
   c. സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തി നുള്ള അവകാശം
   d. മതസ്വാതന്ത്ര്യം

2. ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, സമത്വം എന്നിവ ഇങ്ങനെ വിളിക്കുന്നു
   a. രാഷ്ട്രീയാവകാശങ്ങൾ
   b. പൗരാവകാശം
   c. നിയമപരമായ അവകാശങ്ങൾ
   d. സ്വാഭാവിക അവകാശങ്ങൾ

3. അന്താരാഷ്ട്ര, ദേശീയ നിയമങ്ങളും ഉടമ്പടികളും പരിരക്ഷിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന അവകാശങ്ങൾ
   a. മൗലികാവകാശങ്ങൾ
   b. അവകാശബിൽ
   c സ്വാഭാവികാവകാശങ്ങൾ
   d. മനുഷ്യാവകാശങ്ങൾ

4. ഭരണഘടനാ അസംബ്ലിയുടെ കരട് സമിതി അധ്യക്ഷൻ
   a. ഡോ. അംബേദ്കർ
   b. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു
   c. സർദാർ വല്ലഭായ് പട്ടേൽ
   d. രാജേന്ദ്ര പ്രസാദ്



5. സമത്വവും സ്വാതന്ത്ര്യവുമാണ് രണ്ട് തരത്തിലുള്ള അവകാശങ്ങൾ
   a. കമ്മ്യൂണിസം
   b. ജനാധിപത്യം
   c. രാജവാഴ്ച
   d കമ്മ്യൂണാലിസം

6. രാജ്യത്തിന്റെ നിയമവും സുരക്ഷയും സംരക്ഷിക്കുന്നതിനായി ഒരാളെ തടങ്കലിൽ വയ്ക്കുന്നതിനെ വിളിക്കുന്നത്
   a. ഹേബിയസ് കോർപ്പസ്
   b. മണ്ടാമസ്
   c. പ്രിവന്റീവ് ഡിറ്റൻഷൻ
   d. നിരോധനം

7. സുപ്രീം കോടതിയിൽ പൗരന്മാർക്ക് ഭരണഘടനാപരമായ പരിഹാരങ്ങൾ നൽകുന്ന ആർട്ടിക്കിൾ?
   a. ആർട്ടിക്കിൾ 21
   b. ആർട്ടിക്കിൾ 32
   c. ആർട്ടിക്കിൾ 15
   d. ആർട്ടിക്കിൾ 18

8. ഒരു ഏകീകൃത സിവിൽ കോഡ് വഴി ലഭിക്കും
   a. അടിസ്ഥാന കടമകൾ
   b. മൗലികാവകാശങ്ങൾ
   c. ഡയറക്റ്റീവ് തത്വങ്ങൾ
   d. മനുഷ്യാവകാശം

11th Std Political Science_Ch_4_Malayalam.indd 62 14/02/2023 19:06:29

II വളരെ ചുരുക്കി ഉത്തരം നൽകുക

1. സ്വാഭാവിക നിയമം എന്നാലെന്ത് ?
2. സ്വാഭാവിക പൗരത്വം എന്താണ്?
3. നമുക്ക് ലഭ്യമായ അടിസ്ഥാനാവകാശങ്ങൾ എന്തൊക്കെയാണ്?
4. ഇന്ത്യയിലെ പൗരന്മാർക്ക് ലഭ്യമായ ഭരണഘടനാ പരിഹാരങ്ങൾ എന്തൊക്കെയാണ്?

III താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരമെഴുതുക

1. രാഷ്ട്രീയ ബാധ്യതയുടെ ദിവ്യത്വസിദ്ധാന്തം വിശദീകരിക്കുക.
2. രാഷ്ട്രീയ സിദ്ധാന്തത്തിൽ പൗരത്വം എന്താണ് അർത്ഥമാക്കുന്നത്?
3. ഇന്ത്യൻ പൗരത്വം നേടാൻ കഴിയുന്ന വഴികൾ ഏവ?
4. യൂട്ടിലിറ്റേറിയൻ ന്യായീകരണത്തെക്കുറിച്ചുള്ള ലോക്കിന്റെ നിർവ്വചനം എഴുതുക.

IV വിവരിച്ച് ഉത്തരം നൽകുക

1. അവകാശബില്ലും മൗലികാവകാശങ്ങളും തമ്മിലുള്ള വ്യത്യാസം എഴുതുക.
2. വ്യത്യസ്ത തരം നിയമങ്ങൾ എന്തൊക്കെയാണ്.
3. രാഷ്ട്രീയ ബാധ്യതയെന്നാൽ നിങ്ങളെന്താണ് അർത്ഥമാക്കുന്നത്. രാഷ്ട്രീയ ബാധ്യതയുടെ സവിശേഷതകൾ എന്തൊക്കെയാണ്?

റഫറൻസ് പുസ്തകങ്ങൾ

1. Rajeev Bhargava, Ashok Acharya, “Political Theory- An Introduction”, Pearson India Education Services Pvt.Ltd., Uttar Pradesh, 2017.
2. Biswaranjan Mohanty, “Dynamics of Political Theory- The Current Analysis” Atlantic Publishers and Distributors (P) Ltd., New Delhi, 2010.
3. Sushila Ramaswamy, “ Political Theory – Ideas and Concepts”, Macmillan India Ltd., Chennai, 2009.

11th Std Political Science_Ch_4_Malayalam.indd 63 14/02/2023 19:06:29



ഐ.സി.ടി. കോർണർ

രാഷ്ട്രതന്ത്രത്തിന്റെ അടിസ്ഥാന ആശയം
ഭാഗം-II

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ പൗരത്വത്തെക്കുറിച്ച് അറിയുക.



2GIZ0

പൗരത്വം – നടപടിക്രമം :

ഘട്ടം - 1 പൗരത്വ പ്രവർത്തന പേജ് തുറക്കുന്നതിന് URL അല്ലെങ്കിൽ QR കോഡ് ഉപയോഗിക്കുക.

ഘട്ടം - 2 പ്രവർത്തന വിൻഡോ തുറക്കും. പ്രവർത്തനം ആരംഭിക്കുന്നതിന് 'Explore' ബട്ടൺ ക്ലിക്ക് ചെയ്യുക. (ചുവടെ വലതു വശത്തുള്ള ബട്ടൺ ക്ലിക്ക് ചെയ്യുക.)

ഘട്ടം - 3 പൗരത്വത്തിന്റെ സവിശേഷതകൾ അറിയാൻ നാവിഗേഷൻ കീ ഉപയോഗിക്കുക.

ഘട്ടം - 4 ചുവടെയുള്ള നാവിഗേഷൻ കീ ക്ലിക്ക് ചെയ്ത് മുന്നോട്ടും പിന്നോട്ടും പര്യവേക്ഷണം ചെയ്യുക.

പൗരത്വം URL:

http://mocomi.com/what-is-citizenship/



ഐ.സി.ടി. കോർണർ

രാഷ്ട്രതന്ത്രത്തിന്റെ അടിസ്ഥാന ആശയം
ഭാഗം-II

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ അടിസ്ഥാന കടമകളെക്കുറിച്ച് പഠിക്കും



V2PIN

ഇന്ത്യൻ പൗരന്റെ അടിസ്ഥാന കടമകൾ – നടപടിക്രമം:

ഘട്ടം - 1 അടിസ്ഥാന കടമകളുടെ പ്രവർത്തന പേജ് തുറക്കാൻ URL അല്ലെങ്കിൽ QR കോഡ് ഉപയോഗിക്കുക.

ഘട്ടം - 2 പ്രവർത്തന വിൻഡോ തുറക്കാൻ, പ്രവർത്തന വിൻഡോയുടെ മുകളിൽ വലത് കോണിലുള്ള നാവിഗേഷൻ കീ ക്ലിക്ക് ചെയ്യുക.

ഘട്ടം - 3 ഒരു ചെറിയ ആമുഖ കഥയ്ക്കുശേഷം, അടിസ്ഥാന കടമകളുടെ വിശദീകരണം ആരംഭിക്കും.

ഘട്ടം - 4 ഫോർവേഡ് നാവിഗേഷൻ ബട്ടൺ ക്ലിക്കുചെയ്ത് അടിസ്ഥാന ചുമതലകളുടെ വ്യത്യസ്ത വശങ്ങൾ പര്യവേഷണം ചെയ്യുക.

അടിസ്ഥാന കടമകൾ URL:

http://mocomi.com/indian-fundamental-duties/

*Pictures are indicative

11th Std Political Science_Ch_4_Malayalam.indd 64 14/02/2023 19:06:30

യൂണിറ്റ്
5

ജനാധിപത്യം



5.1 ജനാധിപത്യത്തിന്റെ നിർവ്വചനവും തരങ്ങളും

ഡെമോക്രസി എന്ന പദം ഗ്രീക്ക് പദങ്ങളായ ഡെമോ, ക്രേസീ എന്നീ ഗ്രീക്കുപദങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഗ്രീക്ക് പദത്തിൽ ജനാധിപത്യം എന്ന ആശയം വരുന്നത് 'ജനങ്ങൾ,' ഭരണം എന്നർത്ഥമുള്ള ഡെമോകൾ, ക്രോട്ടോസ് എന്നിവയിൽ നിന്നുമാണ്. ജനങ്ങൾ ഭരിക്കുന്നു എന്നതാണ് ജനാധിപത്യം എന്ന പദത്തിനർത്ഥം.



ജനാധിപത്യം ഏറ്റവും പ്രധാനപ്പെട്ടതും മികച്ചതുമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ലോകത്ത് ചർച്ചാവിഷയമായ കാര്യങ്ങൾക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പ്രാധാന്യം വർദ്ധിച്ചു. പുരാതന ഗ്രീസിലെ പുരാതന സങ്കല്പവും പ്രയോഗവും ആധുനികകാലഘട്ടത്തെ ജനാധിപത്യത്തിന്റെ ആശയവും പ്രയോഗവും ബ്രിട്ടണിൽ പരിണമിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ വിവിധ രാജ്യങ്ങളിൽ ജനാധിപത്യത്തിന്റെ വ്യാപനം ആരംഭിച്ചു.

ജനാധിപത്യത്തിന്റെ സവിശേഷതകൾ

a) വ്യക്തിപരവും ന്യൂനപക്ഷവുമായ അവകാശങ്ങൾക്കൊപ്പം ഭൂരിപക്ഷ ഭരണത്തിന്റെ തത്വങ്ങളിലും ജനാധിപത്യം നിലനിൽക്കുന്നു.

b) ജനങ്ങൾക്ക് തങ്ങൾ തിരഞ്ഞെടുത്ത സർക്കാരിനെ ചോദ്യംചെയ്യാനുള്ള അവകാശവും അവരുടെ ആവശ്യങ്ങളും കൂടാതെ അവകാശങ്ങളും ലഭ്യമാക്കേണ്ടതും അവയ്ക്കു ഉത്തരം നൽകേണ്ടതും സർക്കാരിന്റെ കടമയാണ്.

c) ഡെമോക്രസികയുടെ പ്രാഥമിക പ്രവർത്തനങ്ങളിൽ ചിലതായ i) നിയമത്തിന് മുന്നിലുള്ള സമത്വം ii) നിയമത്തിന് മുന്നിലുള്ള തുല്യ സംരക്ഷണം iii) സംസാരിക്കാനുള്ള സ്വാതന്ത്ര്യം iv) മതസ്വാതന്ത്ര്യം v) സമൂഹത്തിന്റെ രാഷ്ട്രീയ സാമ്പത്തിക, സാംസ്കാരിക ജീവിതത്തിൽ പൂർണ്ണമായി പങ്കെടുക്കാനും സംഘടിപ്പിക്കുന്നതിനുമുള്ള അവകാശം.

d) ജനാധിപത്യ രാജ്യങ്ങൾ എല്ലാ പൗരന്മാർക്കും സ്വാതന്ത്ര്യവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നു.



e) എല്ലാ പൗരന്മാർക്കും നിയമപ്രകാരം തുല്യ സംരക്ഷണം ലഭിക്കുന്നുണ്ടെന്നും അവരുടെ അവകാശങ്ങൾ നിയമ-ഭരണഘടനാ സമ്പ്രദായത്താൽ സംരക്ഷിക്കപ്പെടുന്നുണ്ടെന്നും ജനാധിപത്യം ഉറപ്പാക്കുന്നു.

തത്വചിന്തകർ നിർവ്വചിച്ച ജനാധിപത്യം :



"ജനാധിപത്യം എന്നത് ഭരണകൂടത്തിന്റെ ആനന്ദകരമായ രൂപമായി തോന്നുന്നു. അരാജകത്വവും വിവേചനരഹിതമായി ഒരുതരം സമത്വം നിയോഗിക്കുന്നു."

- സോക്രട്ടീസ്



"ജനാധിപത്യത്തിന്റെ സ്വതന്ത്രമാണ് ഭരണകൂടത്തിന്റെ മഹത്വം അതിനാൽ ജനാധിപത്യമെന്നത് സ്വാഭാവികമായി ഭരണകൂടത്തിൽ സ്വാതന്ത്ര്യം ഉള്ള വിധത്തിൽ രൂപീകരിച്ചിരിക്കുന്നു."

- പ്ലേറ്റോ



"ജനാധിപത്യ ഭരണഘടനയുടെ അടിസ്ഥാനം സ്വാതന്ത്ര്യമാണ്. ജനങ്ങൾ അതിനെ ഇഷ്ടപ്പെടാൻ കാരണം ഭരണഘടനയിൽ മാത്രമാണ് എല്ലാപേർക്കും സമഅളവിൽ സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്".

- അരിസ്റ്റോട്ടിൽ

11th Std Political Science_Ch_5_Malayalam.indd 65 14/02/2023 19:11:13

f) ഓരോ രാജ്യത്തിന്റെയും തനതായ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന വൈവിധ്യമാർന്ന രാഷ്ട്രീയ സംസ്ഥാനങ്ങളാണ് ഡെമോക്രസികൾ.

g) രാഷ്ട്രീയ വ്യവസ്ഥയിൽ പങ്കാളികളാകാൻ ജനാധിപത്യം പൗരന്മാരെ ഉറപ്പാക്കുന്നു.

h) എല്ലാ പൗരന്മാരും നേരിട്ടോ സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടേയോ അധികാരവും ഉത്തരവാദിത്വവും പ്രയോഗിക്കുന്ന ഒരു ഭരണകൂടമാണ് ജനാധിപത്യം.

ജനാധിപത്യത്തിന്റെ തരങ്ങൾ

ജനാധിപത്യ പ്രവർത്തനത്തിന് വ്യത്യസ്ത വ്യാപ്തിയും പ്രാധാന്യവുമുണ്ട്.

i) രാഷ്ട്രീയ ജനാധിപത്യം
ii) സാമൂഹിക ജനാധിപത്യം
iii) വ്യാവസായിക ജനാധിപത്യം
iv) സാമ്പത്തിക ജനാധിപത്യം
v) ഏകാധിപത്യ ജനാധിപത്യം
vi) റാഡിക്കൽ ഡെമോക്രസി
vii) പ്ലെബിസ്കറ്ററി ഡെമോക്രസി

i. രാഷ്ട്രീയ ജനാധിപത്യം

രാഷ്ട്രീയ ജനാധിപത്യ സവിശേഷതയാണ് ഭരണകൂടത്തിലെ പൗരന്മാരുടെ പങ്കാളിത്തം. പൗരന്മാർ അവരുടെ പ്രതിനിധികളെ സംസ്ഥാന നിയമസഭയിലേക്ക് തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പൗരന്മാരോട് ഉത്തരവാദിത്വമുള്ളവരാണ്: ഗവൺമെന്റിന്റെ ഒരു രാഷ്ട്രീയ വ്യവസ്ഥയെന്ന നിലയിൽ നിയമ നിർമ്മാണത്തിൽ പൗരന്മാരുടെ നേരിട്ടുള്ള ഇടപെടൽ വഴി ജനാധിപത്യം പ്രവർത്തിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾ അത് നിയമസഭയിൽ അവതരിപ്പിക്കും. ഇതിനെ പോപ്പുലർ ഇനിഷേറ്റീവ് പ്രക്രിയ എന്ന് വിളിക്കുന്നു. അതുപോലെ ജനങ്ങൾ തിരഞ്ഞെടുക്കുന്ന നിയമസഭാ അംഗങ്ങൾ നിയമനിർമ്മാണം നടത്തുമ്പോൾ, നിയമങ്ങളുടെ ജനകീയ സ്വീകാര്യതയെ അടിസ്ഥാനമാക്കിയുള്ള ഒരു ജനകീയ വോട്ടാണ് ഇത് അംഗീകരിക്കുന്നത്. ഇതിനെ പോപ്പുലർ റഫറണ്ടം എന്ന് വിളിക്കുന്നു.

ജനാധിപത്യത്തിന്റെ രണ്ടാമത്തെ രീതി ജനാധിപത്യ സംവിധാനമാണ്. അതിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ (പ്രതിനിധി ജനാധിപത്യം) ജനങ്ങളുടെ താത്പര്യാർത്ഥം ഒരു നിശ്ചിത ഔദ്യോഗിക കാലത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നു. പൊളിറ്റിക്കൽ ഡെമോക്രസി ബൈ റെപ്രസന്റേറ്റീവ് സിസ്റ്റം ഓഫ് ഡെമോക്രസി ലോകമെമ്പാടുമുള്ള ഡെമോക്രസിയുടെ പ്രധാന രൂപമാണ്. അതേസമയം നേരിട്ടുള്ള ജനാധിപത്യം ഫെഡറൽ റിപ്പബ്ലിക് ഓഫ് സ്വിറ്റ്സർലൻഡിൽ നടക്കുന്നു.

ii. സാമൂഹിക ജനാധിപത്യം

സാമ്പത്തികവും സാമൂഹികവുമായ നയങ്ങളെ പിന്തുണയ്ക്കുന്ന സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ആശയങ്ങളുടെ സംയോജനമാണ് സോഷ്യൽ ഡെമോക്രസി. ഇത് സാമൂഹിക സമത്വത്തെയും സാമൂഹിക നീതിയെയും പ്രോത്സാഹിപ്പിക്കുകയും സമ്പദ്വ്യവസ്ഥയ്ക്കും പ്രതിനിധി പങ്കാളിത്ത ജനാധിപത്യത്തിനും ശക്തി നല്കുകയും ചെയ്യുന്നു. ലിംഗഭേദം, പദവി, വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ എന്നിവയുടെ എല്ലാ വശങ്ങളിലും സാമൂഹികസമത്വം എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ് സാമൂഹിക ജനാധിപത്യം.

iii. വ്യാവസായിക ജനാധിപത്യം

വ്യാവസായിക ജനാധിപത്യത്തെ വ്യവസായത്തിലും തൊഴിൽ മേഖലയിലും ജനാധിപത്യ തത്വങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗമായി നിർവചിച്ചിരിക്കുന്നു. ജോലിസ്ഥലത്തെ തൊഴിൽ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും സംരക്ഷിക്കുകയും ചെയ്യുന്നു. വ്യാവസായിക ജനാധിപത്യം മാനേജ്മെന്റിനൊപ്പം തീരുമാനമെടുക്കുന്നതിൽ തൊഴിലാളികളുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്നു. വ്യാവസായിക ജനാധിപത്യം സമൂഹത്തിന്റെയും സംസ്ഥാനത്തിന്റെയും കൂട്ടായ നന്മയ്ക്കായി സമുദായവും വ്യക്തിഗത താത്പര്യങ്ങളും കെട്ടിപ്പടുക്കുന്ന പ്രക്രിയയിൽ പങ്കാളികളെ സജീവമായി പ്രാപ്തരാക്കുന്നു.

11th Std Political Science_Ch_5_Malayalam.indd 66 14/02/2023 19:11:14

iv. സാമ്പത്തിക ജനാധിപത്യം

സാമ്പത്തിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള ജനാധിപത്യ സാഹചര്യങ്ങൾ സൃഷ്ടിക്കുക, സമ്പന്ന-ദരിദ്ര വിടവ്, സാമൂഹിക-സാമ്പത്തിക വ്യത്യാസങ്ങൾ എന്നിവ കുറയ്ക്കുക, താങ്ങാനാവുന്ന സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക, വിവിധ വിഭാഗങ്ങൾക്കിടയിൽ കൂടുതൽ സമത്വം സൃഷ്ടിക്കുന്നത് എന്നിവയാണ് സാമ്പത്തിക ജനാധിപത്യത്തെ നിർവ്വചിച്ചിരിക്കുന്നത്.

v. ഏകാധിപത്യ ജനാധിപത്യം

സ്വേച്ഛാധിപത്യ ജനാധിപത്യം ജനകീയ ജനാധിപത്യം അല്ലെങ്കിൽ ബഹുജന ജനാധിപത്യം എന്നറിയപ്പെടുന്നു. അതിൽ പ്രതിനിധികളെ തെരഞ്ഞെടുത്ത ശേഷം പൗരന്മാർക്ക് തീരുമാനമെടുക്കുന്നതിനുള്ള അനുമതി ഇല്ല. പക്ഷേ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ രാജ്യം മുഴുവനുമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നു. ഏകാധിപത്യ ജനാധിപത്യം ഭരണാധികാരിയെയും പാർട്ടിയെയും തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ സമാജികരെയും വോട്ടിംഗ് പൗരന്മാരെക്കാൾ ഉയർത്തുകയും ജനാധിപത്യ മാർഗങ്ങളിലൂടെ അധികാരം പിടിച്ചെടുക്കുകയും എന്നാൽ സ്വേച്ഛാധിപത്യമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഭരണാധികാരിയുടെയും പാർട്ടിയുടെയും നിയമസഭാംഗങ്ങളെയും രാഷ്ട്രീയ പ്രത്യയശാസ്ത്രം ജനങ്ങളുടെ താൽപ്പര്യങ്ങളിൽ ആധിപത്യം പുലർത്തുന്നു.

ജനങ്ങളുടെ അവകാശങ്ങളുടെ പേരിൽ സ്വേച്ഛാധിപത്യ ജനാധിപത്യം ചില വിഭാഗങ്ങൾക്കെതിരായ ആഭ്യന്തര ഭീകരതയെയും ജനസംഖ്യയെ അതിന്റെ പൂർണ നിയന്ത്രണത്തിലാക്കാൻ കാര്യനിയന്ത്രണങ്ങളെയും ഉപയോഗിക്കും.

vi. റാഡിക്കൽ ഡെമോക്രസി

ജനങ്ങളുടെ യഥാർത്ഥ ഭരണത്തിൽ വിശ്വസിച്ചിരുന്ന ഒരു പ്രമുഖ ഇന്ത്യൻ രാഷ്ട്രീയ ചിന്തകനായ എം. റോയ് ആണ് റാഡിക്കൽ ഡെമോക്രസി നിർദ്ദേശിച്ചത്. റാഡിക്കൽ ജനാധിപത്യം നിയമസഭാ സമാജികരുടെയും എക്സിക്യൂട്ടീവിന്റെയും നേരിട്ടുള്ള ഉത്തരവാദിത്വം അധികാര കാലഘട്ടത്തിൽ ജനങ്ങളെ പിന്തുണയ്ക്കുന്നു. റാഡിക്കൽ ഡെമോക്രസി ജനങ്ങളുടെ മാനവികതയിൽ വിശ്വസിച്ചു. രാഷ്ട്രീയ അധികാരത്തിന്റെയും യഥാർത്ഥ യജമാനന്മാരാണ് തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾ. ജനങ്ങളുടെ പങ്കാളിത്വം, തിരഞ്ഞെടുക്കപ്പെട്ടവരുടെ ഉത്തരവാദിത്വം, സർക്കാരിനെ മാറ്റാനുള്ള ജനങ്ങളുടെ ശക്തി എന്നിവയുടെ യഥാർത്ഥബോധം റാഡിക്കൽ ജനാധിപത്യം ജനാധിപത്യത്തിലേക്ക് കൊണ്ടുവന്നു.

vii. പ്ലെബിസിറ്ററി ഡെമോക്രസി

ഒരു സ്ഥാനാർത്ഥിയുടെയോ പാർട്ടിയുടെയോ പൊതുപ്രശ്നത്തിന്റെയോ കാര്യത്തിൽ ജനങ്ങൾ നേരിട്ട് വോട്ടു ചെയ്യുന്ന പ്രക്രിയയോ അല്ലെങ്കിൽ ഒരു രാഷ്ട്രത്തിന്റെ പുതിയ ഭരണഘടന അംഗീകരിക്കുന്നതോ അല്ലെങ്കിൽ ദേശീയ സ്വയം ഭരണം എന്നറിയപ്പെടുന്ന സംസ്ഥാനവുമായുള്ള പ്രവിശ്യയുടെ ബന്ധം നിർണ്ണയിക്കുന്നതിനോ ആണ് പ്ലെബിസിറ്ററി ഡെമോക്രസി എന്ന് നിർവ്വചിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് സ്വീകരിക്കാനോ നിരസിക്കാനോ വോട്ടർമാർക്ക് തീരുമാനമുണ്ട്.

ഒരു നിയമം അല്ലെങ്കിൽ ഒരു പൊതുനയപരിപാടി തയ്യാറാക്കുന്നതിനുള്ള അപേക്ഷയിൽ പൗരന്മാർക്ക് വോട്ടു ചെയ്യാനുള്ള നിർദ്ദേശമോ കരട് നിയമമോ നൽകാനുള്ള അപേക്ഷയിൽ ധാരാളം ഒപ്പുകൾ ശേഖരിക്കാനുള്ള അവകാശവും അധികാരവും പ്ലെബിസിറ്ററി ജനാധിപത്യം നൽകുന്നു.

ജനങ്ങളുടെ യഥാർത്ഥ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നതിൽ പരാജയപ്പെട്ടാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയെ തിരിച്ചു വിളിക്കാൻ പ്ലെബിസ്റ്റ്റ്ററി ജനാധിപത്യത്തിന് കഴിയും.

11th Std Political Science_Ch_5_Malayalam.indd 67 14/02/2023 19:11:14

പ്രവർത്തനം - ശരി അല്ലെങ്കിൽ തെറ്റ്

ഇന്നത്തെ ലോകത്തെക്കുറിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരി?

a) ഒരു ഭരണകൂടമെന്ന നിലയിൽ രാജവാഴ്ച അപ്രത്യക്ഷമായി. **ഉത്തരം :** _____

b) വിവിധരാജ്യങ്ങൾ തമ്മിലുള്ള ബന്ധം മുമ്പത്തേക്കാൾ കൂടുതൽ ജനാധിപത്യപരമായി മാറിയിരിക്കുന്നു.

ഉത്തരം : _____

c) അധികം രാജ്യങ്ങളിലും ജനങ്ങൾ ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നു.

ഉത്തരം : _____

d) ലോകത്തിൽ കൂടുതൽ സൈനിക സ്വേച്ഛാധിപതികൾ ഇല്ല.

ഉത്തരം : _____

e) സർക്കാർ ജനാധിപത്യത്തിന്റെ അല്ലെങ്കിൽ രാഷ്ട്രീയത്തിന്റെ നല്ല രൂപം ഏതാണ്?

f) വിദ്യാഭ്യാസം ആർജ്ജിച്ചിട്ടില്ലാത്ത ജനങ്ങളുടെ രാജ്യത്ത് ജനാധിപത്യം ഒരു പരാജയമാണ്.

g) ജനങ്ങളുടെ അവകാശങ്ങൾ അപഹരിക്കപ്പെടുമ്പോൾ ജനാധിപത്യം പരാജയപ്പെടുന്നു

ജനാധിപത്യത്തെക്കുറിച്ച് പണ്ഡിതന്മാരുടെ വീക്ഷണങ്ങൾ



സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ മേഖലകളിലും ജനാധിപത്യം ഒരു ജീവനുള്ള യാഥാർത്ഥ്യമാണ് ജനാധിപത്യത്തിന്റെ നിർവ്വചനം എന്നത്.

- ജോർജ് ഡഗ്ലസ് ഹോവാഡ് കോൾ



ജനാധിപത്യത്തിന്റെ നിർവ്വചനം ജനങ്ങളാൽ സർക്കാർ,

1. പ്രത്യേകിച്ചും ഭൂരിപക്ഷത്തിന്റെ ഭരണം:
2. പരമോന്നത അധികാരം ജനങ്ങളിൽ നിക്ഷിപ്തമാക്കുകയും അവർ നേരിട്ട് പ്രയോഗിക്കുകയും ചെയ്യുന്നു. സർക്കാർ അല്ലെങ്കിൽ പരോക്ഷമായി കാലാകാലങ്ങളിൽ നടത്തുന്ന സ്വതന്ത്ര തിരഞ്ഞെടുപ്പുകളിൽ ഉൾപ്പെടുന്ന പ്രാതിനിത്യ സമ്പ്രദായത്തിലൂടെയുള്ള സർക്കാർ.

- തോമസ് ജെഫേഴ്സൺ

5.2 ജനാധിപത്യ സിദ്ധാന്തങ്ങൾ

വ്യത്യസ്ത ചരിത്ര കാലഘട്ടങ്ങളിലും വ്യത്യസ്ത നാഗരികതകളിലും സംസ്കാരങ്ങളിലും വിവിധപ്രയോഗങ്ങളുള്ള ഒരു സിദ്ധാന്തമാണ് ജനാധിപത്യം. പുരാതന ഗ്രീസിൽ പുരാതന ജനാധിപത്യ സിദ്ധാന്തം ഉയർന്നുവന്നു. ഇത് നേരിട്ടുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ വിശ്വസിക്കുകയും ഉപയോഗിക്കുകയും ചെയ്ത നിരവധി നഗര സംസ്ഥാനങ്ങളുടെ (പോളിസ്) ഉയർച്ച കണ്ടു. പൊതുനയങ്ങൾ ജനങ്ങളുടെ തീരുമാനവും, ഗ്രീക്ക് നാഗരികത, സംസ്കാരം, ഭാഷ എന്നിവ പുരാതന ചരിത്രകാലഘട്ടത്തിൽ യൂറോപ്പിലുടനീളം വ്യാപിച്ചു. തുടക്കത്തിൽ യൂറോപ്പിലും പിന്നീട് വടക്കൻ, തെക്കെ അമേരിക്കയിലും ഗവൺമെന്റിന്റെ ഒരു രൂപ വ്യവസ്ഥ എന്നിങ്ങനെ ജനാധിപത്യത്തിന്റെ വ്യാപനവും ഇത് കണ്ടു.

ഗ്രീക്ക് ജനാധിപത്യത്തിന്റെ വലിപ്പം വർദ്ധിച്ചതോടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി ജനാധിപത്യ രാഷ്ട്രത്തിന് പ്രാധാന്യവും പ്രസക്തിയും വർദ്ധിച്ചു. യൂറോപ്യൻ മധ്യകാലഘട്ടത്തിലെ പ്രബുദ്ധമായ യുഗത്തിൽ പ്രതിനിധി ജനാധിപത്യം പിന്നീട് ഭരണകൂടത്തിന്റെ ആധിപത്യ രൂപമായി മാറി. അമേരിക്കൻ (1775-1783), ഫ്രഞ്ച് വിപ്ലവങ്ങൾ (1789-1799) എന്നിവയിൽ ജനാധിപത്യത്തിനായുള്ള ജനകീയ ആവശ്യം ഉയർന്നു. വിവിധ ജനവിഭാഗങ്ങളും സംസ്കാരങ്ങളും ഭാഷകളുമുള്ള നിരവധി രാജ്യങ്ങൾ വ്യാപകമായി അംഗീകരിച്ച ഒരു സാർവത്രിക ഗവൺമെന്റായി ജനാധിപത്യം ഇപ്പോൾ വളർന്നുവന്നിട്ടുണ്ട്.



വ്യാപ്തിയും സ്വാധീനവും കണക്കിലെടുത്ത് ഡെമോക്രസിയുടെ വിവിധ ഘട്ടങ്ങൾ ഇവയാണ്:

5.2.1 ക്ലാസിക്കൽ ഡെമോക്രസി : പുരാതന ഗ്രീസിലെ ജനാധിപത്യത്തിന്റെ നേരിട്ടുള്ള രൂപമായി ഇത് ഉയർന്നുവന്നു. അത്തരമൊരു ജനാധിപത്യം അവതരിപ്പിച്ച ആദ്യത്തെ നഗരമാണ് ഏഥൻസ്. കി.മു. 800-500 കാലഘട്ടത്തിൽ (പൊതു

11th Std Political Science_Ch_5_Malayalam.indd 68 14/02/2023 19:11:15

കാലഘട്ടത്തിന് മുമ്പ്) ഏഥൻസിൽ നേരിട്ടുള്ള ജനാധിപത്യം ഉയർന്നു വന്നു. ഏഥൻസിലെ നേരിട്ടുള്ള ജനാധിപത്യത്തിൽ, നഗര-സംസ്ഥാനത്തിലെപൗരന്മാർ എല്ലാവരും നിയമസഭയിലെ അംഗങ്ങളാണ്. അവർ തീരുമാനമെടുക്കുന്നതിലും നിയമനിർമ്മാണ പ്രക്രിയയിലും നേരിട്ട് പങ്കെടുത്ത് പരിമിതമായ ജനസംഖ്യ കണക്കിലെടുത്ത് അവർക്ക് നഗരസഭയിൽ ഒത്തുകൂടാനും ശരിയായി പ്രവർത്തിക്കാനും കഴിഞ്ഞു. എല്ലാ പൗരന്മാർക്കും അവരുടെ അഭിപ്രായങ്ങളും സംവാദങ്ങളും വോട്ടുചെയ്യലും ഒരു സിസ്റ്റത്തിൽ നേരിട്ട് പ്രകടിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതിനെ ക്ലാസിക്കൽ ഡെമോക്രസി എന്ന് വിളിച്ചിരുന്നു. ക്ലാസിക്കൽ ജനാധിപത്യവിജയത്തിന് രണ്ട് മുൻകരുതൽ വ്യവസ്ഥകൾ ഉണ്ടായിരിക്കണം: a) സംവാദങ്ങളിൽ പങ്കെടുക്കുന്നതിനും പ്രശ്നങ്ങളിൽ വോട്ടുചെയ്യുന്നതിനും പൗരന്മാർ നിപുണരായിരിക്കാൻ സമൂഹം ചെറുതായിരിക്കണം (പൗരന്മാരുടെ എണ്ണം കുറവായിരിക്കണം); b) രാഷ്ട്രീയത്തിൽ ഏർപ്പെടാൻ പൗരന്മാരെ പ്രാപ്തരാക്കുന്നതിന് രാഷ്ട്രത്തിന് ആവശ്യത്തിന് സമ്പദ്വ്യവസ്ഥ ഉണ്ടായിരിക്കണം.

ക്ലാസിക്കൽ ജനാധിപത്യത്തിന്റെ തത്വങ്ങൾ ചുവടെ പരാമർശിച്ചിരിക്കുന്നു:

a) എല്ലാ ജനങ്ങളിലും തുല്യത, സ്വാതന്ത്ര്യവും നിയമത്തോടും നീതിയോടും ഉള്ള ആദരവ് എന്നിവയായിരുന്നു പ്രധാന രാഷ്ട്രീയ ആശയങ്ങൾ.

b) നിയമത്തിന് മുന്നിലുള്ള തുല്യതയും നിയമത്തിന്റെ തുല്യപരിഗണനയും സമൂഹത്തിന്റെ മിക്കവാറും എല്ലാ മേഖലകളിലും നീതി നിലനിർത്താൻ പ്രാപ്തമാക്കി. രാഷ്ട്രീയ ജീവിതം സ്വതന്ത്രവും തുറന്നതുമായിരുന്നു.

ക്ലാസിക്കൽ ജനാധിപത്യത്തിന്റെ പ്രധാന വിഷയം ഭരണകൂടപ്രക്രിയകളിൽ എല്ലാ ജനങ്ങളുടെയും പങ്കാളിത്തമായിരുന്നു. അവകാശങ്ങളും അധികാരങ്ങളെയും സംബന്ധിച്ച് പൗരന്മാർക്കിടയിൽ തുല്യത കൈവരിക്കുക എന്നതായിരുന്നു ക്ലാസിക്കൽ ജനാധിപത്യം.

സംരക്ഷിത ജനാധിപത്യം :

വ്യക്തികളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കാൻ ഉപയോഗിക്കാവുന്ന ഒരു മാർഗ്ഗമായി ജനാധിപത്യം കണക്കാക്കപ്പെടുന്നു. അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ജനാധിപത്യമെന്ന നിലയിൽ സംരക്ഷിതജനാധിപത്യം പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിലും തുടക്കത്തിലും ഉയർന്നുവന്നു. ഇത് മനുഷ്യാവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും സംരക്ഷിക്കുന്നതിനുള്ള ഒരു ഉപാധിയായി ഉയർന്നുവന്നു. ഇംഗ്ലീഷ് തത്വചിന്തകനായ **ജോൺ ലോക്ക്** (1631-1704) സംരക്ഷണ ജനാധിപത്യത്തിന്റെ മികച്ച വക്താവായി കണക്കാക്കപ്പെട്ടു. ജീവിതം, സ്വാതന്ത്ര്യം, സ്വത്ത് എന്നിവയുടെ സ്വഭാവസവിശേഷതകളുള്ള സ്വാഭാവിക അവകാശങ്ങളുടെ നിലനില്പിനെ അടിസ്ഥാനമാക്കിയുള്ളതാണ് പൗരന്റെ സ്വാതന്ത്ര്യവും വോട്ടവകാശവും എന്ന് **ലോക്ക്** വാദിച്ചു.

യൂട്ടിലിറ്റേറിയൻ സ്കൂൾ ഓഫ് ഡെമോക്രസി ആൻഡ് റൈറ്റ്സിലെ ഇംഗ്ലീഷ് ചിന്തകരായ **ജെമറി ബെന്താം** (1748-1836), **ജെയിംസ് മിൽ** (1773-1836), **ജോൺ സ്റ്റുവർട്ട് മിൽ** (1806-1873) എന്നിവർ പ്രൊട്ടക്റ്റീവ് ഡെമോക്രസി നിർദ്ദേശിച്ചു. സംരക്ഷണത്തിന് (സംരക്ഷിത ജനാധിപത്യത്തിന്) അനുകൂലമായി യൂട്ടിലിറ്റേറിയറിസം ജനാധിപത്യത്തെ (പ്രയോജന ജനാധിപത്യം) ശക്തമായി വാദിച്ചു.

സംരക്ഷിത ജനാധിപത്യത്തിന്റെ അടിസ്ഥാന സവിശേഷതകൾ ഇനിപ്പറയുന്നവയാണ്:

- സംരക്ഷിത ജനാധിപത്യം ജനകീയ പരമാധികാരത്തിൽ വിശ്വസിക്കുന്നു.
- ജനകീയ പരമാധികാരവും ഗവൺമെന്റിന്റെ പ്രതിനിധി രൂപവും നിയമാനുസൃതമാണ്.
- പൗരന്മാരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ പ്രാഥമിക കടമയാണ്.
- അധികാരം ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ടതാണ്. അത് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുപ്പ് സ്ഥിരമായി നടക്കുന്നു.
- നിയമസഭ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയുടെ വേർതിരിക്കൽ, അവകാശങ്ങൾ, സ്വാതന്ത്ര്യം, പ്രത്യേക അവകാശങ്ങളുടെ വിതരണം എന്നിവ സംരക്ഷിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണ്.

11th Std Political Science_Ch_5_Malayalam.indd 69 14/02/2023 19:11:15

- അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരക്ഷണ ജനാധിപത്യത്തിന്റെ ആമുഖം ഭരണഘടനയെ ഭരിക്കുന്ന ഭരണഘടനയും അതിൽ പറഞ്ഞിരിക്കുന്ന തത്വങ്ങളാൽ ഭരിക്കപ്പെടുന്നതുമായ ആശയം കൊണ്ടുവന്നു. എല്ലാവർക്കും, അധികാരത്തിന്റെ ഏക ഉറവിടമായ ഭരണഘടന, അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും ഉറപ്പ് നല്കുന്നു.

5.2.2 ജനാധിപത്യത്തിന്റെ മാർക്സിസ്റ്റ് സിദ്ധാന്തം

വ്യാവസായിക വിപ്ലവത്തിന്റെ കാലഘട്ടത്തിൽ വർഗ്ഗവിശകലനത്തിന്റെ സാമൂഹിക പശ്ചാത്തലത്തിലാണ് ജനാധിപത്യത്തെ മാർക്സിസ്റ്റ് സിദ്ധാന്തം വീക്ഷിക്കുന്നത്. സമൂഹത്തെ രണ്ട് വിഭാഗങ്ങളായി വിഭജിച്ചു. മുതലാളിമാരെ അല്ലെങ്കിൽ സ്വത്തിന്റെ ഉടമകളെ ബൂർഷ്വാ എന്നും തൊഴിലാളി സമൂഹത്തെ തൊഴിലാളിവർഗം എന്നും വിളിക്കുന്നു. മുതലാളിമാരുടെ ആധിപത്യത്തെയും തൊഴിലാളിവർഗ്ഗത്തിന്റെ ചൂഷണത്തിനെതിരെയും എല്ലായ്പ്പോഴും വെല്ലുവിളിക്കാനുള്ള രാഷ്ട്രീയ നിലപാടാണ് മാർക്സിസ്റ്റ് ഡെമോക്രസി സിദ്ധാന്തം. ജനാധിപത്യത്തിന്റെ മാർക്സിസ്റ്റ് സിദ്ധാന്തം തിരഞ്ഞെടുപ്പ് അവകാശങ്ങളെ പിന്തുണയ്ക്കുന്നില്ല. മറിച്ച് സാമ്പത്തിക അവകാശങ്ങളെയും സോഷ്യലിസ്റ്റ് ജനാധിപത്യം സൃഷ്ടിക്കുന്നതിനെയും ശക്തമായി പിന്തുണച്ചു.

ജനാധിപത്യത്തിന്റെ മാർക്സിസ്റ്റ് സിദ്ധാന്തം മുതലാളിത്വത്തിന്റെ തകർച്ചയെ അനുകൂലിക്കുകയും സമൂഹത്തിന്റെ വിപ്ലവകരമായ പരിവർത്തനത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തു. സോഷ്യലിസത്തിന്റെ ആശയങ്ങളിലൂടെ മാത്രമേ രാഷ്ട്രീയ അധികാരം സാധ്യമാകൂ എന്ന് അത് വിശ്വസിക്കുന്നു. അസമമായ സമ്പത്തിനും ഉല്പാദനത്തിന്റെ ഉടമസ്ഥാവകാശത്തിനും എതിരായ സാമ്പത്തിക ശക്തിയുടെ തുല്യ വിതരണത്തെ അടിസ്ഥാനമാക്കിയുള്ളതാണിത്. വർഗ്ഗ വ്യത്യാസങ്ങളും പ്രത്യേക അവകാശങ്ങളെയും നീക്കം ചെയ്യുന്നത് സ്വാതന്ത്ര്യത്തിനും തുല്യപദവിക്കും ജനാധിപത്യത്തിനും ആവശ്യമായ നടപടിയാണെന്ന് മാർക്സിസ്റ്റ് ഡെമോക്രാറ്റുകളും സോഷ്യലിസ്റ്റുകളും വിശ്വസിക്കുന്നു.

സാർവ്വത്രിക വിദ്യാഭ്യാസത്തിലൂടെ ജനങ്ങൾക്ക് സ്വയംഭരണം സാധ്യമാകുന്നു എന്ന് സോഷ്യലിസ്റ്റുകൾ വിശ്വസിച്ചും സ്വാതന്ത്ര്യ ജനാധിപത്യ രാജ്യങ്ങളുടെ വ്യാജതയെ വിമർശിക്കുന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തെ ഭരണവർഗത്തിന്റെ ഉറച്ച ശക്തിയാൽ കൈകാര്യം ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്ന മുതലാളിത്വ അല്ലെങ്കിൽ ബൂർഷ്വാ ജനാധിപത്യ രാജ്യങ്ങളായിക്കാണുന്നു. വർഗ്ഗവിഭജനത്തിനുംഉടമസ്ഥാവകാശത്തിനുംഉൽപ്പാദന മാർഗ്ഗങ്ങളുടെ നിയന്ത്രണത്തിനും പ്രധാന ഘടകമെന്ന നിലയിൽ സാമ്പത്തിക ഘടകത്തിന്റെ പ്രാധാന്യത്തെ മാർക്സിസ്റ്റ് സിദ്ധാന്തം ഊന്നിപ്പറയുന്നു.

ജനാധിപത്യ മാർക്സിസ്റ്റ് കാഴ്ചപ്പാടുകൾ (a) ഭരണ കൂടത്തെ വിരുദ്ധ കുറ്റകൃത്യങ്ങളുടെ ഏജൻസിയായി വീക്ഷിക്കുകയും സൈന്യത്തെ നിർത്തലാക്കുകയും ഒരു പൗരന്റെ അവകാശം സ്ഥാപിക്കുകയും ചെയ്തു, (b) ഭരണം നടത്തുന്നവരെ തെരഞ്ഞെടുക്കൽ കൂടാതെ അവർ ശരിയായി പ്രവർത്തിക്കാനും അവസരങ്ങളിൽ അവരെ തിരിച്ചുവിളിക്കൽ, (c) രാഷ്ട്രീയ ചായ്വുള്ള പോലീസ് വകുപ്പിനെ പൂർണമായും നീക്കം ചെയ്യുക, (d) രാജവാഴ്ച ഇല്ലാതാക്കുക എന്നീ കാര്യങ്ങൾ അവരുടെ ലക്ഷ്യമായി വീക്ഷിച്ചു.

ജനാധിപത്യത്തെക്കുറിച്ചുള്ള നേതാക്കളുടെ കാഴ്ചപ്പാടുകൾ



സോഷ്യലിസത്തിലേക്കുള്ള പാതയാണ് ജനാധിപത്യം.
-കാർമാർക്സ്.



ജനങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റിന്റെ രൂപമാണ് ജനാധിപത്യം. *- എബ്രഹാം ലിങ്കൺ.*



ജനാധിപത്യത്തെക്കുറിച്ചുള്ള എന്റെ ധാരണ ദുർബലർക്കും ശക്തർക്കും തുല്യഅവസരം ഉണ്ടായിരിക്കണം, അഹിംസയിലൂടെയല്ലാതെ ഇത് ഒരിക്കലും സംഭവിക്കില്ല.
- മഹാത്മാ ഗാന്ധി

5.2.3 ജനാധിപത്യത്തിന്റെ എലിറ്റിസ്റ്റ് (വരേണ്യ വർഗം) സിദ്ധാന്തം

ഒരു ജനാധിപത്യത്തിൽ വരേണ്യവർഗത്തിന്റെ പങ്ക് ഒഴിവാക്കാനാവാത്ത ഒരു ശക്തിയാണ്. നേതാക്കളുടെ വരേണ്യവർഗങ്ങൾ. (ഉയർന്ന വർഗ്ഗങ്ങൾ) ഭരിക്കുകയും പ്രധാന വിഭവങ്ങൾ നിയന്ത്രിക്കുകയും നൂറ്റാണ്ടുകളായി പ്രധാന തീരുമാനം

11th Std Political Science_Ch_5_Malayalam.indd 70 14/02/2023 19:11:16

നടപ്പാക്കുകയും ചെയ്യുന്നു. ഒരു വ്യാവസായിക, കാർഷിക സമൂഹത്തിൽ സ്വത്തിന്റെ ഉടമസ്ഥാവകാശവും ഉല്പാദനത്തിന്മേലുള്ള നിയന്ത്രണവുമാണ് പ്രധാന ഘടകങ്ങൾ. വ്യാവസായിക മേഖലകളിൽ നിന്നുള്ള വരേണ്യ (ഉന്നത) വർഗങ്ങൾ ഫ്യൂഡൽ ഭൂവുടമകളും വ്യവസായത്തിന്റെ ഉടമകളുമായി ഉയർന്നുവരുന്നു. അവർ പിന്നീട് ഭരണകൂട അധികാരം കൈപ്പറ്റി ഭരിക്കാൻ തുടങ്ങുന്നു. മൂന്ന് പ്രധാനപ്പെട്ട സൈദ്ധാന്തികന്മാരായ **വിൽഫ്രെഡോ പാരെറ്റോ** (1848-1923) **ഗെയ്റ്റാനോ മോസ്ക്** (1857-1941), **റോബർട്ട് മിഷേൽസ്** (1876-1936) എന്നിവരാണ് ഉന്നത (വരേണ്യ) ജനാധിപത്യത്തിന്റെ മുൻനിര ചിന്തകർ. പാരേറ്റോ വരേണ്യവർഗ്ഗത്തെ ജനങ്ങളെ ഭരിക്കുന്നതും ഭരിക്കാത്തതുമായ വരേണ്യവർഗ്ഗമായി തരംതിരിച്ചു. ഭരണ അധികാരമുള്ള വരേണ്യ വർഗ്ഗമാണ് ഭരണവർഗ്ഗം. വിദ്യാഭ്യാസം, സാമൂഹികപദവി, ബ്യൂറോക്രാറ്റിക് സ്ഥാനം, രാഷ്ട്രീയ ബന്ധങ്ങൾ, സമ്പത്ത് എന്നിങ്ങനെയുള്ള വിവിധ സ്രോതസ്സുകളിൽ നിന്നാണ് അവർ അധികാരം നേടുന്നത്. അവരുടെ ഗുണങ്ങളെ മനഃശാസ്ത്രപരമായി പാരറ്റോ രണ്ടായി വിഭജിച്ചു. (a) കുറുക്കൻ തന്ത്രപൂർവ്വം ജനങ്ങളെ ഭരിക്കുകയും അവരുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്യുന്നു. (b) സിംഹങ്ങൾ - ആധിപത്യം, ബലാൽക്കാരം, അക്രമം എന്നിവയിലൂടെ അധികാരം നേടുന്നവർ. ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ സമത്വ ആശയങ്ങളുടെ വിമർശന എലിറ്റിസം (വരേണ്യ വർഗ്ഗം) വികസിച്ചു.

ജനാധിപത്യത്തെക്കുറിച്ച് **റോബർട്ട് മിഷേൽസിന്** മറ്റൊരു ബദൽവീക്ഷണം ഉണ്ടായിരുന്നു. ജനാധിപത്യരീതിയിൽ ജനങ്ങൾക്ക് അധികാരം നൽകി ഭരണത്തിൽ ജനങ്ങൾ അല്ലെങ്കിൽ ജനങ്ങളുടെ പങ്ക് ഉണ്ടായിരുന്നാലും അവർക്ക് സംഘടിക്കാനും തീരുമാനമെടുക്കാനും കഴിയുന്ന പ്രബലരായ വ്യക്തികളുടെ ചെറിയ കൂട്ടങ്ങൾ ഉണ്ടാക്കി ഭരണത്തിൽ അധികാരം ചെലുത്തുന്നു. ഇതിനെ ഇരുമ്പുനിയമം എന്നുവിളിക്കുന്നു.

5.2.4 ജനാധിപത്യത്തിന്റെ ബഹുസ്വരസിദ്ധാന്തം

ബഹുസ്വരവാദികൾ താത്പര്യങ്ങളെയും അവകാശങ്ങളെയും ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യത്തെയും അഭിസംബോധന ചെയ്യുന്നു. അങ്ങനെ സ്വാതന്ത്രജനാധിപത്യത്തിന്റെ പ്രധാന ഉള്ളടക്കം രൂപപ്പെടുത്തുന്നു. നിയമസഭയുടെകാര്യത്തിൽ ബികാമെറലിസം എന്നറിയപ്പെടുന്ന ജനാധിപത്യ പ്രക്രിയയ്ക്കുള്ള സ്ഥാപനങ്ങളുടെ വ്യാപ്തിയും വിവിധ പ്രാതിനിത്യങ്ങളിലൂടെ സംസ്ഥാനത്തെ ഭരിക്കുന്നതിനുള്ള ഫെഡറലിസം എന്ന ഭരണരീതിയും ഇത് വാഗ്ദാനം ചെയ്യുന്നു. വൈവിധ്യമാർന്ന ഗ്രൂപ്പ് പങ്കാളിത്തം പ്രാപ്തമാക്കുന്ന പങ്കാളിത്ത ജനാധിപത്യത്തിന് ബഹുസ്വരത വഴിയൊരുക്കുന്നു. ഈ പദ്ധതിയിലെ രാഷ്ട്രീയ താത്പര്യങ്ങൾ സമൂഹത്തിലെ പല ഗ്രൂപ്പുകളിലും വ്യത്യസ്ത താല്പര്യങ്ങളെ പ്രതിനിധീകരിച്ച് വിതരണം ചെയ്യുന്നു. സമൂഹത്തിലെ വലിയൊരു വിഭാഗത്തിന് ദീർഘകാലത്തേക്ക് പ്രയോജനം ചെയ്യാൻ ഉദ്ദേശിക്കുന്ന മത്സര സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിലൂടെ ഗവൺമെന്റുവഴി അവരുടെ പ്രത്യേക താത്പര്യങ്ങൾ സംരക്ഷിക്കാൻ ബഹുസ്വരത നയിക്കുന്നു.

വ്യവസ്ഥിതിയിലെ ജനാധിപത്യം പാർട്ടികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്കിടയിലുള്ള രാഷ്ട്രീയ മത്സരത്തെ പ്രോത്സാഹിപ്പിക്കുന്ന പതിവ് തിരഞ്ഞെടുപ്പ് നടത്തേണ്ടത് അനിവാര്യമാണെന്ന് ഏവരും സൂചിപ്പിക്കുന്നു. ബഹുസ്വരത്വ ജനാധിപത്യത്തിന്റെ മികച്ചവക്താക്കളായിരുന്നു യൂട്ടിലിറ്റേറിയൻ സ്കൂളിലെ തത്വചിന്തകരായ **ജെയിംസ് മാഡിസൺ, ജോൺ സ്റ്റുവർട്ട് മിൽ, ടോകീല്ലെ** എന്നിവർ ഭൂരിപക്ഷ ഗ്രൂപ്പിലെ പലരുടെയും ആഗ്രഹത്തെക്കാൾ വ്യത്യസ്തമായ മത്സര ഗ്രൂപ്പുകളുടെ മുൻഗണനകളാണെന്ന് തിരഞ്ഞെടുപ്പുകൾ പ്രകടിപ്പിക്കുന്നതെന്ന് പ്രവചിച്ചു. ഗവൺമെന്റ് അധികാരത്തിലും അധികാരപരിധിയിലും ആപേക്ഷിക സ്വയംഭരണാധികാരം ആസ്വദിക്കാൻ വിവിധ ഗ്രൂപ്പുകൾ, അസോസിയേഷൻ, സംഘടനകൾ എന്നിവയുടെ സാന്നിധ്യം ഉൾക്കൊള്ളുന്ന പോളിയാർക്കി ജനാധിപത്യത്തിന്റെ സാരാംശം തിരിച്ചറിഞ്ഞതായി **റോബർട്ട് ഡാൽ** ചൂണ്ടിക്കാട്ടി.

നിങ്ങൾക്ക് അറിയാമോ

പിന്നീട് **റോബർട്ട് ഡാളിന്റെ** സിദ്ധാന്തത്തിൽ ഒരു പുനരവലോകനം നടന്നു. അമേരിക്കൻ ജനാധിപത്യത്തിന്റെ പ്രവർത്തനത്തെ നന്നായി വിവരിക്കുന്നതിനായി വികൃതപോളിയാർക്കി (ഡിഫോ മിഡ് പോളിയാർക്കി) എന്ന സിദ്ധാന്തം അദ്ദേഹം കൈമാറി.

5.2.5 ജനാധിപത്യത്തിന്റെ ബോധപൂർവ്വമായ സിദ്ധാന്തം

ജനങ്ങളുടെ പൊതു താൽപ്പര്യത്തെ സംരക്ഷിക്കാൻ, പ്രഭാഷണം, സംവാദം എന്നിവയുടെ ആവശ്യകതയെ ഊന്നിപ്പറയുന്ന ജനാധിപത്യ

11th Std Political Science_Ch_5_Malayalam.indd 71 14/02/2023 19:11:17

ത്തിന്റെ രൂപത്തിന് അത് ഊന്നൽ നൽകുന്നു. ചർച്ചയും പങ്കാളിത്വവും ജനാധിപത്യത്തിന്റെ രണ്ട് നിർണ്ണായക വശങ്ങളാണ്. ബോധപൂർവ്വമായ ജനാധിപത്യവും പങ്കാളിത്തവും സാധാരണയായി അടിത്തട്ടിൽ ശക്തമാണ്. ഇന്ത്യയിലെ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ സാധാരണയായി ഈ പ്രക്രിയയിൽ ശക്തമാണ്. സർക്കാരിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന പഞ്ചായത്തിരാജ് സ്ഥാപനങ്ങളും സിവിൽ സൊസൈറ്റികളും പച്ച പ്പുള്ള വേരുകൾ ജനാധിപത്യത്തിന്റെ സവിശേഷതകളാണ്. തീരുമാനങ്ങൾ പങ്കെടുക്കുന്നവർക്കിടയിലെ ചർച്ചയുടെ പ്രതിഫലനമാണെന്ന് അവതരിപ്പിക്കുന്ന ആലോചന സമ്പ്രദായത്തിലാണ് ബോധപൂർവ്വമായ ജനാധിപത്യം നിർമ്മിച്ചിരിക്കുന്നതെന്ന് ജയിംസ് മില്ലർ നിർവചിക്കുന്നു. കാഴ്ചപ്പാടുകൾ ശ്രദ്ധിക്കുന്നതിനും മറ്റുള്ളവരുടെ താൽപ്പര്യങ്ങൾ അതനുസരിച്ച് സ്വന്തം അഭിപ്രായങ്ങൾ പരിഷ്കരിക്കുന്നതിനുമുള്ള ആളുകളുടെ സന്നദ്ധത ഇതിന്റെ സവിശേഷതയാണ്. പൊതുതാൽപര്യവും പൊതുജനാഭിപ്രായവുമാണ് ബോധപൂർവ്വ ജനാധിപത്യത്തിന്റെ പ്രധാന ഘടകങ്ങൾ.



ബോധപൂർവമായ ജനാധിപത്യം പ്രതിനിധി ജനാധിപത്യവും നേരിട്ടുള്ള ജനാധിപത്യവുമായി യോജിക്കുന്നു. രാഷ്ട്രീയ തിരഞ്ഞെടുപ്പ് നിയമാനുസൃതമാകണമെങ്കിൽ സ്വതന്ത്രവും തുല്യവും യുക്തിസഹജവുമായ ഏജന്റുമാർക്കിടയിലെ ലക്ഷ്യങ്ങളെക്കുറിച്ചുള്ള ചർച്ചയുടെ ഫലമായിരിക്കണം എന്ന് നീതിയുടെയും പൊതുജനാഭിപ്രായത്തിന്റെയും പ്രശസ്ത സൈദ്ധാന്തികർ റോൾസും ഹേബർമാസും നിരീക്ഷിച്ചു. ബോധപൂർവ്വമായ ജനാധിപത്യം ആ അധികാരം പ്രയോഗിക്കുന്നതിന് അംഗീകാരം നൽകുന്ന ഉത്തരവാദിത്വമുള്ള പരമാധികാര പദ്ധതിയിലെ എല്ലാവരുടെയും പൂർണവും തുല്യവുമായ അംഗത്വം അംഗീകരിക്കുകയും പദ്ധതിയുടെ പൊതുകാരണവും ഇച്ഛാശക്തിയും സ്ഥാപിക്കുകയും ചെയ്യുന്നു.

പ്രവർത്തനം

a) ജനാധിപത്യ സമൂഹങ്ങളിൽ മതത്തെ ഭരണകൂടത്തിൽ നിന്ന് വേർതിരിക്കുന്നത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട് ?

b) സർക്കാർ സ്കൂളുകൾ ഏതെങ്കിലും ഒരു മതത്തെ പ്രോത്സാഹിപ്പിക്കാത്തത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?

c) ഇന്ത്യ ഒരു മതേതര രാഷ്ട്രമാണെന്ന് സൂചിപ്പിക്കുന്ന രണ്ട് തെളിവുകൾ നൽകുക.

d) ഇന്ത്യയിലെ മതേതര രാഷ്ട്രത്തിന്റെ വളർച്ചയെ ഭീഷണിപ്പെടുത്തുന്ന മൂന്ന് പ്രധാന ഘടകങ്ങൾ ചർച്ച ചെയ്യുക.

e) പഞ്ചായത്തായാലും കോർപ്പറേഷനിലായാലും സംസ്ഥാന നിയമസഭയിലായാലും പാർലമെന്റിലായാലും തിരഞ്ഞെടുക്കപ്പെട്ട ഭൂരിഭാഗം അംഗങ്ങളും 5 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നുവെന്ന് നിങ്ങൾ വായിച്ചിട്ടുണ്ട്. 5 വർഷത്തേയ്ക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന ഒരു സംവിധാനം നമുക്കുള്ളതെന്തുകൊണ്ട്?

f) പത്രത്തിൽ നിങ്ങൾ കാണുന്ന മൂന്നുതരത്തിലുള്ള പ്രതിഷേധം പട്ടികപ്പെടുത്തി ചാർട്ടിൽ ഒട്ടിക്കുക; അത് നിങ്ങളുടെ ക്ലാസ്സ് മുറിയിൽ പ്രദർശിപ്പിക്കുക.

g) **റൗണ്ട് റോബിൻ** – ജനാധിപത്യത്തിന്റെ പോരായ്മകളെക്കുറിച്ച് ഒരു വിദ്യാർത്ഥിയിൽ നിന്ന് തുടങ്ങി മറ്റൊരാളിലേയ്ക്ക് മാറുന്ന രീതിയിൽ സംസാരിക്കുക.

ആധുനിക കാലത്ത് ഉയർന്നുവരുന്ന ഗവൺമെന്റിന്റെ ഏറ്റവും ജനപ്രിയരൂപമാണ് ജനാധിപത്യം. എന്നിരുന്നാലും പോരായ്മകൾ തള്ളിക്കളയാനാവില്ല. ജനാധിപത്യത്തിന്റെ അഞ്ച് പോരായ്മകൾ വിലയിരുത്തി പ്രസ്താവനയെ ന്യായീകരിക്കുക.

11th Std Political Science_Ch_5_Malayalam.indd 72 14/02/2023 19:11:17

വ്യക്തിഗത പഠനം

രണ്ട് കാർട്ടൂണുകളുടെ കഥ



കടപ്പാട് : ദി ഹിന്ദു - 31.12.2007
സുരേന്ദ്രന്റെ കാർട്ടൂൺ

നേപ്പാളിലെ ഏപ്രിൽ വിപ്ലവവും ജനാധിപത്യവും

2006 ഏപ്രിലിൽ നേപ്പാളിലെ ഊർജ്ജ സ്വലമായ ജനാധിപത്യ അനുകൂല സിവിൽ സൊസൈറ്റി പ്രസ്ഥാനമായ "സെവൻ പാർട്ടി അലയൻസ്" (SPA) തലസ്ഥാനമായ കാഠ്മണ്ഡുവിനെ ചുറ്റിപ്പറ്റിയിരിക്കുന്ന റിംഗ് റോഡിൽ ഏഴു വ്യത്യസ്ത സ്ഥലങ്ങളിൽ ദശലക്ഷങ്ങളുടെ ശക്തമായ പ്രകടനം നടത്തണമെന്ന് ആവശ്യപ്പെട്ടു. ജനകീയ പ്രസ്ഥാനം സൃഷ്ടിച്ച ദശലക്ഷക്കണക്കിന് പൗരന്മാർ രാജവാഴ്ചയുടെ സ്വേച്ഛാധിപത്യ ഭരണം അവസാനിപ്പിക്കണമെന്നും ഹിമാലയൻ (നേപ്പാൾ) രാജ്യത്ത് മുഴുവൻ ജനാധിപത്യം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു. അത്ഭുത പൂർവമായ ഒരു വികാസം ജ്ഞാനേന്ദ്രരാജാവിനെ സ്ഥാനമൊഴിയാൻ നിർബന്ധിക്കുകയും ജനാധിപത്യത്തിന് വഴിയൊരുക്കുകയും ചെയ്തു.

ആധുനികവും സമകാലികവുമായ ജനാധിപത്യം:

വ്യാവസായിക വിപ്ലവം, അധ്വാനത്തിന്റെ ഉയർച്ച, ഉയർന്നുവന്ന സാമൂഹിക മാറ്റങ്ങൾ എന്നിവയുടെ ഫലമായി പടിഞ്ഞാറൻ യൂറോപ്പിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആധുനികവും സമകാലികവുമായ ജനാധിപത്യ രാജ്യങ്ങൾ ഉയർന്നു വന്നു:

വ്യക്തിഗത പഠനം

ഭൂട്ടാനിലെ ചരിത്രപരമായ പരിവർത്തനം



കടപ്പാട് : ദി ഹിന്ദു - 3.11.2008
കാർട്ടൂൺ കേശവ്

ഭൂട്ടാനിലെ നാലാമത്തെ രാജാവായ ജിഗ്മെസിംഗെ വാങ്ചക്ക് ചെറിയ രാജ്യത്തിലെ 20 ജില്ലകളിലേയ്ക്കും പോയി. ഭൂട്ടാൻ ജനതയ്ക്ക് ചരിത്രപരമായ പരിവർത്തനത്തിന്റെ പ്രാധാന്യം വിശദീകരിക്കുകയാണ് ലക്ഷ്യം. പാരമ്പര്യ രാജാവാഴ്ചയിൽ നിന്ന് പാർലമെന്ററി ജനാധിപത്യത്തിലേയ്ക്കുള്ള മാറ്റം സിംഹാസനം കയറി 34 വർഷത്തിനുശേഷം 2006-ൽ രാജാവ് രാജിവച്ചു. അദ്ദേഹത്തിന്റെ മകൻ കിരീടാവകാശി ജിഗ്മ ഖേസർ റംഗ്യേൽ വാങ്ചക്ക് അഞ്ചാമത്തെ രാജാവും ഹിമാലയൻ രാജാവിന്റെ തലവനും ആയി. ഇപ്പോൾ ഭൂട്ടാൻ ഒരു പാർലമെന്ററി ജനാധിപത്യവും ജിഗ്മെ രാജാവ് ഒരു ഭരണഘടന, രാജാവുമാണ്

നേപ്പാളിലെ ഏപ്രിൽ വിപ്ലവത്തിന്റെയും ഭൂട്ടാനിലെ സ്വമേധയാ അധികാരമാറ്റത്തിന്റെയും സവിശേഷതകൾ ചർച്ച ചെയ്യുക. പാരമ്പര്യ രാജവാഴ്ച, പാർലമെന്ററി ജനാധിപത്യം, രാജവാഴ്ച, സ്വേച്ഛാധിപത്യം, ജനാധിപത്യം തുടങ്ങിയ പ്രധാന പദങ്ങൾ ചർച്ച ചെയ്യുക.

- ഭരണഘടനയുടെ അടിസ്ഥാന ആവശ്യകതകൾ, അത് രാഷ്ട്രീയക്കാരും അധികാരികളും ദൈനംദിന ജീവിതത്തിൽ നിലനിർത്തേണ്ടതാണ്:
- ഭരണഘടനാപരമായി ഉറപ്പുനൽകുന്ന അടിസ്ഥാന മനുഷ്യാവകാശങ്ങളും മൗലിക അവകാശങ്ങളും എല്ലാ സാമൂഹിക ഗ്രൂപ്പുകളിലും

മാർക്സിസം മനുഷ്യരാശിയിൽ ചെലുത്തിയ സ്വാധീനം മതം മനുഷ്യരാശിയിൽ ചെലുത്തിയ സ്വാധീനവുമായി താരതമ്യപ്പെടുത്താവുന്നതാണ്. ലോകജനസംഖ്യയുടെ പകുതിയോളം മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ സ്വാധീനിച്ചു. മാർക്സിസ്റ്റ് സിദ്ധാന്തങ്ങൾ സ്വാധീനിച്ച ലെനിൻ, സ്റ്റാലിൻ, മാവോ തുടങ്ങിയ നേതാക്കൾ റഷ്യ, ചൈന, ക്യൂബ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ മാറ്റം വരുത്താൻ മാർക്സിസ്റ്റ് സിദ്ധാന്തങ്ങൾ ഉപയോഗിച്ചു. ഇന്നത്തെ കാലഘട്ടത്തിൽ പഴയ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഭൂരിഭാഗവും ജനാധിപത്യസ്വഭാവമുള്ള രാജ്യമായി മാറിയിരിക്കുന്നു. എന്നിരുന്നാലും സമൂഹം വർഗ്ഗവ്യത്യാസങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. അത് ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, സമൂഹത്തിൽ മുതലാളിമാരും ചൂഷണവും നിലനിൽക്കുന്നിടത്തോളം കാലം മാർക്സിന്റെ ആശയങ്ങൾ അവഗണിക്കാനോ മറക്കാനോ കഴിയില്ല.

നിങ്ങൾക്ക് അറിയാമോ?

മാർക്സിസത്തെക്കുറിച്ചുള്ള സമകാലിക സംവാദങ്ങൾ അതിന്റെ അടിസ്ഥാന തത്വങ്ങളുടെ ആപേക്ഷിക പ്രാധാന്യത്തെയും ഇന്നത്തെ സമൂഹത്തിൽ ഉയർന്നുവരുന്ന ചില പുതിയ ആധിപത്യങ്ങളെയും സംഘർഷങ്ങളെയും തിരിച്ചറിയുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ സംവാദങ്ങൾ നിയോമാർക്സിസത്തിന്റെ ഉദയത്തിലേക്ക് നയിച്ചു.

പദപരിചയം

ബൂർഷ്വാസി : സമൂഹത്തിന്റെ ഭൂരിഭാഗം സമ്പത്തും ഉൽപാദന മാർഗങ്ങളും സ്വന്തമാക്കിയ മുതലാളിത്തവർഗ്ഗം.

വർഗ്ഗരഹിത സമൂഹം : യഥാർത്ഥ കമ്മ്യൂണിസത്തിന്റെ സമയത്ത് സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്ന സാമൂഹിക സംഘടനയുടെ ആത്യന്തിക അവസ്ഥ.

വൈരുദ്ധ്യാത്മകത : ഭൗതികാത്മക വൈരുദ്ധ്യങ്ങളെയും അവയുടെ പരിഹാരങ്ങളെയും കുറിച്ചുള്ള അന്വേഷണം.

തൊഴിലാളിവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം: മാർക്സിസത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ ഭരണം - തങ്ങളുടെ അധ്വാനത്തിൽ നിന്ന് മാത്രം വരുമാനം നേടുന്ന തൊഴിൽശാലയിൽ തൊഴിലാളികൾ അടങ്ങുന്ന സാമ്പത്തിക, സാമൂഹിക വർഗ്ഗത്തിന്റെ ഭരണം തൊഴിലാളിവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യമാകുന്നു. ഈ തൊഴിലാളിവർഗ്ഗത്തിന്റെ ഭരണമെന്നത് മുതലാളിത്വം നിർത്തലാക്കുന്നതിനും കമ്മ്യൂണിസം സ്ഥാപിക്കുന്നതിനും ഇടയിലുള്ള കാലഘട്ടമാകുന്നു.

പ്രബുദ്ധത : പാരമ്പര്യത്തേക്കാൾ യുക്തിക്കും വ്യക്തിവാദത്തിനും പ്രാധാന്യം നൽകുന്ന 17, 18 നൂറ്റാണ്ടുകളുടെ അവസാനത്തെ ഒരു യൂറോപ്യൻ ബൗദ്ധികപ്രസ്ഥാനം.

പൊതുഇച്ഛ (ജനറൽ വിൽ) : രാഷ്ട്രീയ സിദ്ധാന്തത്തിൽ പൊതുവായ നന്മയോ പൊതുതാൽപ്പര്യമോ ലക്ഷ്യമിടുന്ന കൂട്ടായ ഇച്ഛാശക്തി.

മഹത്തായ വിപ്ലവം : 1688-89 കാലഘട്ടത്തിലെ സംഭവങ്ങൾ ജെയിംസ് രണ്ടാമനെ സ്ഥാനഭ്രഷ്ട

11th Std Political Science_Ch_7_Malayalam.indd 131 14/02/2023 19:19:33

നാക്കുകയും മകൾ മേരി രണ്ടാമനും ഭർത്താവ് ഓറഞ്ച് രാജകുമാരനും നെതർലാൻഡിന്റെ സ്റ്റാൻഡോൾഡറുമായ വില്യം മൂന്നാമനും സിംഹാസനാരോഹണം ചെയ്തു.

വ്യക്തിത്വം : കൂട്ടായ അല്ലെങ്കിൽ ഭരണകൂട നിയന്ത്രണത്തിന്മേൽ വ്യക്തികൾക്ക് പ്രവർത്തന സ്വാതന്ത്ര്യത്തെ അനുകൂലിക്കുന്ന ഒരു സാമൂഹിക സിദ്ധാന്തം.

ഭൂരിപക്ഷവാദം : ഭൂരിപക്ഷത്തിന്റെ ഭരണം ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യത്തിന്റെ ഒരു രൂപം.

രാഷ്ട്രീയ സമ്പദ് വ്യവസ്ഥ : വ്യക്തികളും സമൂഹവും തമ്മിലുള്ള വിപണികളും ഭരണകൂടവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്ന സാമൂഹിക ശാസ്ത്രത്തിന്റെ ഒരു ശാഖയാണിത്.

തൊഴിലാളിവർഗ്ഗം : അധ്വാനിക്കുന്ന ജനങ്ങളെ കൂട്ടായി പരിഗണിക്കുന്നതാണ് തൊഴിലാളിവർഗ്ഗം.

യുക്തിഭദ്രത : യുക്തി അല്ലെങ്കിൽ യുക്തി അടിസ്ഥാനമാക്കി അല്ലെങ്കിൽ അനുസരിച്ചുള്ള നിലവാരം.

നവീകരണം : റോമൻ തിരുസഭയിലെ ദുരുപയോഗങ്ങളെ പരിഷ്കരിച്ച് പിന്നീട് പ്രൊട്ടസ്റ്റന്റ് സഭയായി സ്ഥാപിച്ച 16-ാം നൂറ്റാണ്ടിലെ ഒരു പ്രസ്ഥാനമാകുന്നു.

റൊമാന്റിസിസം (കാൽപനിക പ്രസ്ഥാനം): 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉത്ഭവിച്ച കലാസാഹിത്യത്തിലെ ഒരു പ്രസ്ഥാനമാണ്. ഇത് പ്രചോദനം, ആത്മനിഷ്ഠത, വ്യക്തിയുടെ പ്രഥമത, എന്നിവയെ പ്രതിപാദിക്കുന്നു.

സ്വാഭാവിക അവസ്ഥ : രാഷ്ട്രീയ സിദ്ധാന്തത്തിൽ രാഷ്ട്രീയ സഹവാസത്തിന് മുമ്പോ അല്ലാതെയോയുള്ള മനുഷ്യരുടെ യഥാർത്ഥ അല്ലെങ്കിൽ സാങ്കൽപ്പിക അവസ്ഥ.

രാജ്യതന്ത്രം : ഭരണകൂട വ്യവഹാരങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്യൽ: രാജ്യതന്ത്രജ്ഞത.

തിമോക്രസി (ഭൂവുടമകൾ നടത്തുന്ന ഭരണം) : അധികാരമേറ്റെടുക്കാൻ സ്വത്ത് കൈവശം വയ്ക്കേണ്ട ഒരു സർക്കാർ രീതി.

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. "ദി റിപ്പബ്ലിക്" എഴുതിയ തത്വചിന്തകന്റെ പേര്

a) മാർക്സ് b) അരിസ്റ്റോട്ടിൽ

c) പ്ലേറ്റോ d) സെന്റ് തോമസ് അക്വിനാസ്

2. ആരുടെ യഥാർത്ഥ പേരാണ് "അരിസ്റ്റോക്കിൾസ്"?

a) സോക്രട്ടീസ് b) പ്ലേറ്റോ c) അരിസ്റ്റോട്ടിൽ d) സെനോഫോൺ

3. ആരാണ് രാഷ്ട്രീയശാസ്ത്രത്തിന്റെ പിതാവ്?

a) സോക്രട്ടീസ് b) പ്ലേറ്റോ c) അരിസ്റ്റോട്ടിൽ d) സെനോഫോൺ

4. സഭയുടെ ഡോക്ടർ എന്നറിയപ്പെടുന്നതാര്?

a) സെന്റ് തോമസ് അക്വിനാസ് b) പ്ലേറ്റോ c) അരിസ്റ്റോട്ടിൽ d) സെനോഫോൺ

5. "ലിവിയെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ" ഇതിന്റെ രചയിതാവ് ആര്?

a) സെന്റ് തോമസ് അക്വിനാസ് b) മാക്കിയവെല്ലി c) അരിസ്റ്റോട്ടിൽ d) സെനാഫോൺ

6. ദാർശനിക ലിബലിസത്തിന്റെ പിതാവ് ആരാണ്?

a) സെന്റ് തോമസ് അക്വിനാസ് b) മാക്കിയവെല്ലി c) മാർക്സ് d) ജോൺ ലോക്ക്

11th Std Political Science_Ch_7_Malayalam.indd 132 14/02/2023 19:19:33

7. "രാഷ്ട്രീയ സമ്പദ് വ്യവസ്ഥയുടെ തത്വങ്ങൾ" എന്ന കൃതിയുടെ രചയിതാവ് ആരാണ്?

a) സെന്റ് തോമസ് അക്വിനാസ് b) തോമസ് ഹോബ്സ് c) ജോൺ സ്റ്റുവർട്ട് മിൽ d) പ്ലേറ്റോ

8. ഏതു കൃതിയെയാണ് "തൊഴിലാളി വർഗത്തിന്റെ ബൈബിൾ" എന്നു വിളിക്കുന്നത്?

a) രാഷ്ട്രീയ സമ്പദ് വ്യവസ്ഥയുടെ തത്വങ്ങൾ
b) മൂലധനം
c) മിച്ചമൂല്യത്തിന്റെ സിദ്ധാന്തം
d) ഫ്രാൻസിലെ വർഗ്ഗസമരം

9. "തൊഴിലാളിവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം" എന്ന ആശയം പ്രചരിപ്പിച്ചയാൾ?

a) മാർക്സ്
b) സെന്റ് തോമസ് അക്വിനാസ്
c) തോമസ് ഹോബ്സ്
d) ജോൺ സ്റ്റുവർട്ട് മിൽ

II താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വളരെ ചുരുക്കമായി ഉത്തരമെഴുതുക

1. 'ദി സ്റ്റേറ്റ്സ്മാൻ' എന്ന കൃതി എഴുതിയത് ആരാണ്? എപ്പോഴാണ് എഴുതിയത്?
2. പ്ലേറ്റോയുടെ സിദ്ധാന്തമനുസരിച്ച് ഐഡിയൽ സ്റ്റേറ്റ് ഭരിക്കുന്നതാരാണ്?
3. തോമസ് അക്വിനാസ് മൃഗങ്ങളുടെ ഏതു സ്വഭാവ സവിശേഷതകളെക്കുറിച്ച് എഴുതുന്നു.

III താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വളരെ ചുരുക്കി ഉത്തരമെഴുതുക

1. പ്ലേറ്റോയുടെ ഐഡിയ ഓഫ് ജസ്റ്റിസിനെ കുറിച്ച് ചെറിയൊരു കുറിപ്പ് എഴുതുക.
2. അരിസ്റ്റോട്ടിൽ എങ്ങനെയാണ് ഭരണകൂടത്തെ (സ്റ്റേറ്റ്) തരം തിരിച്ചിരിക്കുന്നത്?
3. തോമസ് അക്വിതാസിന്റെ ജീവിതത്തെ കുറിച്ചും കൃതികളെ കുറിച്ചും ഒരു ചെറിയ കുറിപ്പ് എഴുതുക.
4. മാക്കിയവെല്ലി രാഷ്ട്രീയത്തെയും ധാർമ്മികതയെയും എങ്ങനെ വേർതിരിക്കുന്നു?
5. മാക്കിയവെല്ലിയുടെ രാജ്യതന്ത്രത്തെപ്പറ്റി ഒരു ചെറിയ കുറിപ്പെഴുതുക?
6. ഹോബ്സിന്റെ സ്വാഭാവിക അവസ്ഥയെ വിലയിരുത്തുക?

IV താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരമെഴുതുക

1. വിദ്യാഭ്യാസം, ജനാധിപത്യം, ഭരണഘടന എന്നിവയെക്കുറിച്ചുള്ള പ്ലേറ്റോയുടെ കൃതികളെ വിശകലനം ചെയ്യുക.
2. ഭരണകൂടത്തിന്റെ പ്രവർത്തനത്തിലും വർഗ്ഗീകരണത്തിലും അരിസ്റ്റോട്ടിലിന്റെ ഇടപെടൽ വിലയിരുത്തുക.
3. മനുഷ്യസ്വഭാവത്തോടുള്ള മാക്കിയവെല്ലി സമീപനം വിശദമായി വിലയിരുത്തുക.
4. ജോൺലോക്കിന്റെ സ്വാഭാവിക അവസ്ഥയെക്കുറിച്ചും സാമൂഹിക കരാർ സിദ്ധാന്തത്തെക്കുറിച്ചും വിശദമായി കുറിപ്പെഴുതുക.

11th Std Political Science_Ch_7_Malayalam.indd 133 14/02/2023 19:19:33

റഫറൻസ് പുസ്തകങ്ങൾ

1. Barker, E, Political Thought of Plato and Aristotle, Methuen & Co., London, 1905.
2. Vivian Boland OP (2007) 'St. Thomas Aquinas', London: Bloomsbury Publishing.
3. Western Political Thought, Dr.O.P.Gauba, MacMillan Publishers India Limited,Delhi,2011.
4. From Plato to Marx, Amal Kumar Mukhopadhyay, K.P. Bagchi & company, Calcutta, 2014.
5. Locke, John. The Second Treatise on Civil Government. Amherst, N.Y: Prometheus Books, 1986.



ഐ.സി.ടി. കോർണർ

രാഷ്ട്രചിന്ത

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ രാഷ്ട്രീയ ചിന്തകരെയും അവരുടെ സൃഷ്ടികളെയും കുറിച്ച് പഠിക്കും.



മഹാന്മാരായ ചിന്തകർ
ചെയ്യേണ്ട രീതി :

ഘട്ടം - 1 മഹാന്മാരായ ചിന്തകരുടെ പേജ് തുറക്കൽ URL അല്ലെങ്കിൽ QR കോഡ് ഉപയോഗിക്കുക, അതിൽ മികച്ച രാഷ്ട്രീയ ചിന്തകരുടെ പേരുകളുടെ പട്ടിക വിൻഡോയുടെ മുകളിൽ വലതുവശത്ത് സ്ഥിപിച്ചിരിക്കുന്നു.

ഘട്ടം - 2 ഏതെങ്കിലും പേരിൽ ക്ലിക്കു ചെയ്യുക. ചിന്തകനെക്കുറിച്ചുള്ള വിശദാംശങ്ങൾ അടങ്ങുന്ന ഒരു പേജ് തുറക്കും.

ഘട്ടം - 3 ചിന്തകന്റെ ജീവചരിത്രം അറിയാൻ ഹോംബട്ടണിന് അടുത്തുള്ള ജീവതചരിത്ര ബട്ടണിൽ ക്ലിക്കു ചെയ്യുക.

ഘട്ടം - 4 അതുപോലെ തന്നെ കൃതികളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ, വിശദീകരണ വീഡിയോകൾ മുതലായവയെക്കുറിച്ച് കൂടുതലറിയാൻ തുടർച്ചയായ ബട്ടണുകളിൽ ക്ലിക്കു ചെയ്യുക.

മഹാന്മാരായ ചിന്തകർ :

http://thegreatthinkers.org/plato/biography/

G90XH

*ചിത്രങ്ങൾ സൂചനയാണ്

11th Std Political Science_Ch_7_Malayalam.indd 134 14/02/2023 19:19:34

യൂണിറ്റ്
8

രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ – ഭാഗം I



ആമുഖം

രാഷ്ട്രീയം, സമൂഹം, സമ്പദ് വ്യവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങളുടെ ഒരു കൂട്ടമാണ് പ്രത്യയശാസ്ത്രം. രാഷ്ട്രീയ ശാസ്ത്രത്തിൽ ആശയങ്ങളുടെ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ വളരെ പ്രധാനമാണ്. അവ രാഷ്ട്രീയ ശാസ്ത്രത്തിന്റെ ഹൃദയവും ആത്മാവുമാണ്. ഭരണകൂടത്തിന്റെ സ്വഭാവവും ഉത്ഭവവും, ഭരണകൂടവും സമൂഹവും തമ്മിലുള്ള ബന്ധം, ഗവൺമെന്റിന്റെ രൂപങ്ങൾ ഭരണ അധികാരത്തിന്റെ അടിസ്ഥാനം ഭരണകൂടത്തിന്റെ പ്രവർത്തന മേഖല എന്നിവയുമായി ബന്ധപ്പെട്ടതാണ് രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ. കൂടാതെ നിരവധി തത്വസംഹിതകളും നമ്മുടെ വിഷയത്തിൽ ഉപയോഗിക്കപ്പെടുന്നു.



പഠന ലക്ഷ്യങ്ങൾ

- നെഗറ്റീവ് ലിബറലിസം, പോസിറ്റീവ് ലിബറലിസം ലിബർട്ടേറിയനിസം എന്നിവയുടെ അർത്ഥവും സവിശേഷതകളും മനസ്സിലാക്കൽ.
- ലിബറലിസ തത്വസംഹിതയുടെ മുഖ്യരായ നേതാക്കളെയും ചിന്തകരെയും തിരിച്ചറിയുക.
- കാൾമാർക്സ് കാലഘട്ടത്തിനുശേഷമുള്ള ചിന്തകരുടെ ആശയങ്ങളും ധാരണകളും കാലക്രമം അനുസരിച്ച് മനസ്സിലാക്കൽ.
- വിധിതരം സോഷ്യലിസങ്ങളുടെ സാരാംശം മനസ്സിലാക്കുന്നതിനും സോഷ്യലിസത്തെ കമ്മ്യൂണിസവുമായി താരതമ്യം വൈരുദ്ധ്യപ്പെടുത്തലും.
- ദേശീയതയുടെ അർത്ഥം, ഉയർച്ച സിദ്ധാന്തങ്ങൾ അന്തർദേശീയ, അധികദേശീയ വെല്ലുവിളികൾ എന്നിവ കണ്ടെത്തൽ.
- ഇന്ത്യൻ ദേശീയതയുടെ കാരണഘടകങ്ങൾ വിശകലനം ചെയ്യൽ.
- ഫാസിസത്തിന്റെ ഉത്ഭവം മുഖ്യമായ ആശയ സംഹിത സവിശേഷതകൾ എന്നിവ ഗ്രഹിക്കൽ.
- നാസിസത്തിന്റെ ആവിർഭാവം, അർത്ഥം, പ്രധാന സവിശേഷതകൾ എന്നിവയെക്കുറിച്ചും അറിയൽ.

8.1 ലിബറലിസം

ആധുനിക രാഷ്ട്രീയ സിദ്ധാന്തത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യയ ശാസ്ത്രമാണ് ലിബറലിസം. പതിനേഴാം നൂറ്റാണ്ടിൽ ഉയർന്നുവന്ന ഇത് സമകാലിക ലോകത്തിലെ ഏറ്റവും വ്യാപകമായി പിന്തുടരുന്ന പ്രത്യയശാസ്ത്രമായി തുടരുന്നു. ലിബറലിസം എന്ന വാക്കിന്റെ ഉൽപ്പത്തി സ്വാതന്ത്ര്യം എന്നർത്ഥമുള്ള 'ലിബർ' എന്നതിൽ നിന്നാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ സ്പാനിഷ് ഭരണഘടനയെ അനുകൂലിക്കുന്നവർ തങ്ങളെ ലിബറലുകൾ എന്നുവിളിച്ച് ഈ വാക്ക് ജനപ്രിയമാക്കി. ഇപ്പോൾ അമേരിക്ക, യുണൈറ്റഡ് കിങ്ഡം, കാനഡ, ജർമനി തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങൾ രാഷ്ട്രീയത്തിലും സമ്പദ് വ്യവസ്ഥയിലും ലിബറലിസത്തിന്റെ തത്വങ്ങൾ പാലിക്കുന്നു.

ലിബറലിസം കാലക്രമമനുസരിച്ച് മൂന്നു പ്രധാന ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. 1930 വരെയുള്ള ആദ്യഘട്ടത്തിൽ ഇതിനെ നെഗറ്റീവ് ലിബറലിസം എന്നുവിളിക്കുന്നു. പോസിറ്റീവ് ലിബറലിസം എന്നുവിളിക്കപ്പെടുന്ന രണ്ടാംഘട്ടം മഹത്തായ സാമ്പത്തിക മാന്ദ്യത്തിനുശേഷം ഉയർന്നുവന്ന് 1970 വരെ നീണ്ടുനിന്നു. ലിബർ

11th Std Political Science_Ch_8_Malayalam.indd 135 14/02/2023 19:26:12

ട്ടേറിയനിസം എന്നറിയപ്പെടുന്ന മൂന്നാം ഘട്ടം കഴിഞ്ഞ നാലുപതിറ്റാണ്ടായി ലോകത്തിലെ പ്രധാന രാജ്യങ്ങൾ പിന്തുടരുന്നു.

A. നെഗറ്റീവ് ലിബറലിസം

നെഗറ്റീവ് ലിബറലിസം ലെയ്സെസ് ഫെയർ ലിബറലിസം ക്ലാസിക്കൽ ലിബറലിസം തുടങ്ങി നിരവധി പേരുകളിൽ അറിയപ്പെടുന്നു. ജോൺ ലോക് തന്റെ സിവിൽ ഗവൺമെന്റിന്റെ രണ്ട് ഉടമ്പടികൾ എന്ന പുസ്തകത്തിൽ നെഗറ്റീവ് ലിബറലിസത്തിന്റെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങൾ യു.എസ്.എ. യിൽ ശക്തമായി നടപ്പാക്കി.


TWO
TREATISES
OF
Government:
In the former,
The falſe Principles, and Foundation
OF
Sir ROBERT FILMER,
And his FOLLOWERS,
ARE
Detected and Overthrown.
The latter is an
ESSAY
CONCERNING THE
True Original, Extent, and End
OF
Civil Government.
LONDON,
Printed for Awnſham Churchill, at the Black
Swan in Ave-Mary-Lane, by Amen-
Corner. 1690.



ജോൺ ലോക്ക്, ക്ലാസിക്കൽ ലിബറലിസത്തിന്റെ പിതാവ്. ജീവിതത്തിനും, സ്വാതന്ത്ര്യത്തിനും സ്വത്തിനും തുല്യമായ അവകാശം.

തോമസ് പെയ്ൻ, മോണ്ടെസ്ക്യൂ, ജെറമി സെന്താം എന്നിവരാണ് നെഗറ്റീവ് ലിബറലിസത്തിന്റെ പ്രധാന വക്താക്കൾ. ആദം സ്മിത്ത്, തന്റെ പുസ്തകമായ രാഷ്ട്രസ്വത്തിന്റെ സ്വഭാവവും കാരണങ്ങളും സംബന്ധിച്ച അന്വേഷണം എന്ന പുസ്തകത്തിൽ നെഗറ്റീവ് ലിബറലിസത്തെക്കുറിച്ചു വാദിക്കുന്നുണ്ട്

നെഗറ്റീവ് ലിബറലസിത്തിന്റെ സാരം

നെഗറ്റീവ് ലിബറലിസം മനുഷ്യനെ യുക്തിസിദ്ധനും കഴിവുള്ളവനും യജമാനനില്ലാത്തവനുമായ വ്യക്തിയായി പരിഗണിക്കുന്നു. എല്ലാ മനുഷ്യരും തുല്യരും സ്വതന്ത്രരുമാണ്. ഓരോരുത്തർക്കും അവരുടെ താത്പര്യങ്ങൾ അറിയാം. ഒപ്പം അവരുടെ താത്പര്യങ്ങൾ നിറവേറ്റാനുള്ള കഴിവുമുണ്ട്. സ്വതന്ത്രമായി നിലവിലുള്ള വ്യക്തികളുടെ ആകെത്തുകയാണ് സമൂഹം. വ്യക്തികളുടെ ജീവിതത്തിൽ ഭരണകൂടവും സമൂഹവും ഇടപെടേണ്ടതിന്റെയോ നിയന്ത്രിക്കേണ്ടതിന്റെയോ ആവശ്യമില്ല.

നെഗറ്റീവ് ലിബറലിസം അനുസരിച്ച് സംസ്ഥാനം ഒരു ആവശ്യമായ തിൻമയാണ്. ക്രമസമാധാന സംരക്ഷണത്തിന് അത് ആവശ്യമാണ്. അതുകൂടാതെ വ്യക്തികൾക്ക് അവരുടെ താത്പര്യങ്ങൾ തിരിച്ചറിയാൻ കഴിയില്ല. എന്നിരുന്നാലും, ഭരണകൂടം ഒരു തിന്മയാണ്. കാരണം അതിന്റെ നിലനിൽപ്പുപോലും വ്യക്തികളുടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അപകടപ്പെടുത്തുന്നു.

വികസന പ്രവർത്തനങ്ങൾ നടത്തുന്നത് നിരോധിച്ചിരിക്കുന്നതിനാൽ ഭരണകൂടം ഒരു നെഗറ്റീവ് സ്റ്റേറ്റ് ആണ്. ഭരണകൂടത്തെ ലെയ്സെസ് ഫെയർ സ്റ്റേറ്റ് എന്നാണ് വിളിക്കുന്നത്. ലെയ്സെസ് ഫെയറിന്റെ ഉത്ഭവം ഫ്രഞ്ചു ഭാഷയിൽ നിന്നാണ്. ഫ്രഞ്ചിൽ 'ഒറ്റയ്ക്കു വിടുക' എന്നാണതിന്റെ അർത്ഥം. വ്യക്തികളെ അവരുടെ പ്രവർത്തനങ്ങൾ തുടരാൻ ഭരണകൂടം വെറുതെ വിടണം. ക്രമസമാധാന പാലനവും നിയമപരമായി ഉണ്ടാക്കിയ കരാറുകൾ നടപ്പാക്കലും മാത്രമാണ് നെഗറ്റീവ് ലസിബറലിസം ഭരണകൂടത്തിന് നൽകിയിട്ടുള്ളത്.

പ്രവർത്തനം

1991-ലെ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് ശേഷം ലിബറലിസം എന്ന സങ്കല്പത്തിൽ ഇന്ത്യ എവിടെയാണ് നിലകൊള്ളുന്നത് ?



11th Std Political Science_Ch_8_Malayalam.indd 136 14/02/2023 19:26:13

സാമ്പത്തികമായി നെഗറ്റീവ് ലിബറലിസം ആവശ്യവും വിതരണവും അടിസ്ഥാനമാക്കിയുള്ള സ്വതന്ത്ര കമ്പോള സമ്പദ് വ്യവസ്ഥയെ പിന്തുണയ്ക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടപെടുന്നതിൽ നിന്ന് ഇത് ഭരണകൂടത്തെ വിലക്കുന്നു. ഭരണകൂടം അതിന്റെ അധികാരങ്ങളിലും പ്രവർത്തനങ്ങളിലും ക്രിക്കറ്റ് അമ്പയറിന് സമീപമാണ്. അമ്പയർ ഗെയിം കളിക്കുന്നില്ല. പക്ഷെ കളികളുടെ നിയമങ്ങൾക്കനുസൃതമായി ഗെയിം കളിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നു. അതുപോലെ തന്നെ രാഷ്ട്രം സമ്പദ്വ്യവസ്ഥയിൽ ഇടപെടരുത്. കാരണം വിപണി മാത്രം അതിന്റെ പ്രവർത്തനങ്ങൾ നിർണ്ണയിക്കുന്നു.

നെഗറ്റീവ് ലിബറലിസം സ്വാഭാവിക അവകാശങ്ങൾ എന്ന ആശയത്തിൽ വിശ്വസിക്കുന്നു. പ്രകൃതി മാതാവ് മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അത് അവന് പ്രകൃതി അവകാശങ്ങൾ എന്നു വിളിക്കുന്ന അടിസ്ഥാന അവകാശങ്ങൾ നൽകി. ഈ സ്വാഭാവിക അവകാശങ്ങളെ ഭരണകൂടം ഇല്ലാതാക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യരുത്. മനുഷ്യന്റെ നിലനിൽപ്പിനും വികാസത്തിനും ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, സ്വത്ത് എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്. അതിനാൽ ഭരണകൂടം ഒരിക്കലും അവയെ ഇല്ലാതാക്കുകയോ തേച്ചുമാച്ചുകളയുകയോ ചെയ്യരുത്. സ്വത്തവകാശം നെഗറ്റീവ് ലിബറലിസത്തിന്റെ വക്താക്കൾക്ക് പ്രത്യേകതയാണ്. എല്ലാ വ്യക്തികൾക്കും ഭരണകൂടത്തിന്റെ ഇടപെടലില്ലാതെ സ്വത്ത് സമ്പാദിക്കാനും ആസ്വദിക്കാനും വിനിയോഗിക്കാനും കഴിയുമെന്നതിനാൽ ഇത് പരിധിയില്ലാത്ത അവകാശമാണ്.

B. പോസിറ്റീവ് ലിബറലിസം

നെഗറ്റീവ് ലിബറലിസം ഇരുപതാം നൂറ്റാണ്ടിൽ പോസിറ്റീവ് ലിബറലിസത്തിലേക്ക് രൂപാന്തരപ്പെട്ടു. പാശ്ചാത്യ രാജ്യങ്ങളിലെ അഭൂതപൂർവ്വമായ സമ്പത്തിന്റെ ഉത്പാദനത്തിന് നെഗറ്റീവ് ലിബറലിസം സംഭാവന നൽകിയിട്ടുണ്ടെങ്കിലും അത് സാധാരണക്കാർക്ക് കടുത്ത വേദന സൃഷ്ടിച്ചു. ജനങ്ങൾക്കിടയിൽ പ്രകടമായ അസമത്വം നഗരങ്ങളിൽ കാണുന്ന ചേരികൾ, തൊഴിലാളിയെ ചൂഷണം ചെയ്യൽ എന്നീ ലിബറലിസത്തിന്റെ പോരായ്മകളെ തുറന്നു കാട്ടി. റസ്ക്കിനെ പോലുള്ള മാനവിക ചിന്തകൾ ജനങ്ങളുടെ ദുരിതത്തിനെതിരെ പ്രതിക്ഷേധിച്ചു.

ഈ പശ്ചാത്തലത്തിൽ നെഗറ്റീവ് ലിബറലിസം പോസിറ്റീവ് ലിബറലിസമായി മാറി. ഇതിന് കാരണം രണ്ട് പ്രധാന ഘടകങ്ങളാണ്. അതായത് ജനാധിപത്യവും മാർക്സിസവും. പത്തൊമ്പതാം നൂറ്റാണ്ട് ക്രമേണ ജനാധിപത്യത്തിന്റെ വ്യാപനത്തിന് സാക്ഷ്യം വഹിച്ചു. അതിലൂടെ സാധാരണക്കാർക്ക് വോട്ടവകാശം നൽകി. രാഷ്ട്രീയത്തിൽ അടിസ്ഥാപരമായ മാറ്റങ്ങൾ അവർ ആവശ്യപ്പെട്ടു. രണ്ടാമത്തെ ഘടകം ചൂഷണപരമായ അസമത്വം നിറഞ്ഞ നെഗറ്റീവ് ലിബറലിസത്തെ അട്ടിമറിക്കാൻ തൊഴിലാളികളോട് അഭ്യർത്ഥിച്ച മാർക്സിസത്തിന്റെ വരവും ഉയർച്ചയുമാണ്. തുടർന്ന് ജനാധിപത്യത്തിന്റെയും മാർക്സിസത്തിന്റെയും സമ്മർദ്ദത്തെ തുടർന്ന് നെഗറ്റീവ് ലിബറലിസം പോസിറ്റീവ് ലിബറലിസമായി മാറി.

അമേരിക്കൻ ഐക്യ നാടുകളുൾപ്പെടെ നിരവധി രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥയെ ബാധിക്കുന്ന സാമ്പത്തിക മാന്ദ്യം 1928 മുതൽ ലിബറൽ ലോകം അനുഭവിച്ചു. അമേരിക്കൻ ഐക്യനാടുകൾ പോലുള്ള ചില എണ്ണപ്പെട്ട രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥയെ ഇത് സാരമായി ബാധിച്ചു. ഈ തകർച്ചയിൽ നിന്നും അമേരിക്കൻ സമ്പദ്വ്യവസ്ഥയെ ഉയർത്തുന്നതിലേക്കായി പുതുതായി തെരഞ്ഞെടുക്കപ്പെട്ട അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് ഒരു പുതിയ പദ്ധതി നടപ്പിലാക്കി.



പോസിറ്റീവ് ലിബറലിസത്തിന്റെ വരവിനെ സൂചിപ്പിക്കുന്ന പരിപാടി രൂപീകരിക്കുന്നതിൽ അമേരിക്കൻ പ്രസിഡന്റിന്റെ സാമ്പത്തിക ഉപദേഷ്ടാവ് ജെ.എം. കെയ്ൻ നിർണായക പങ്ക് വഹിച്ചു. പോസിറ്റീവ് ലിബറലിസത്തിന്റെ ഉള്ളടക്കത്തെ നിരവധി ചിന്തകർ സമ്പുഷ്ടമാക്കി. അതിൽ ടി. എച്ച്. ഗ്രീൻ പരോൾഡ് ലസ്കി, എൽ.ടി. ഹോബ്ഹൗസ് എന്നിവർ പ്രധാനപ്പെട്ടവരാണ്.

11th Std Political Science_Ch_8_Malayalam.indd 137 14/02/2023 19:26:14

നിങ്ങൾക്ക് അറിയാമോ

അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും കൂടുതൽ കാലം പ്രസിഡന്റായിരുന്ന ഫ്രാങ്ക്ളിൻ ഡി. റൂസ്വെൽറ്റ് തന്റെ പുതിയ പദ്ധതിയിലൂടെ സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് ഉയർത്തിക്കൊണ്ട് രാജ്യത്തിന്റെ വികസനത്തിൽ അദ്ദേഹം മഹത്തായ പങ്ക് വഹിച്ചു. അദ്ദേഹം ഇപ്പോഴും ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രചോദനമായിക്കൊണ്ടിരിക്കുന്നു. 1932-ലെ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ മുദ്രാവാക്യം ഇതായിരുന്നു. അമേരിക്കയെ വീണ്ടും പുരോഗതിയുടെ ചക്രങ്ങളിൽ എത്തിക്കുന്നതിന് ഒരാൾവരുന്നു എന്നതാണ്. ജീവിതത്തിൽ ഒട്ടനവധി പ്രതികൂല സാഹചര്യം ഉണ്ടായപ്പോഴും ഒരു പോസിറ്റീവ് വ്യക്തിത്വത്തിലൂടെ വിജയാവേശം സമ്മാനിച്ച ആളാണ് റൂസ്വെൽറ്റ്.

പോസിറ്റീവ് ലിബറലിസം സാമൂഹ്യക്ഷേമ രാഷ്ട്രത്തിന്റെ പുതിയ ആശയം കൊണ്ടുവന്നു. സാമൂഹ്യക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു നല്ല ഉപകരണമായി ഈ ആശയം ഭരണകൂടത്തെ അവതരിപ്പിക്കുന്നു. ജനങ്ങൾക്ക് സാമൂഹിക സേവനം നൽകുക എന്നതാണ് ഭരണകൂടത്തിന് പങ്ക്. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഫാക്ടറികൾ, റെയിൽവേ ട്രാക്കുകൾ, തുറമുഖങ്ങൾ എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും വേണം. മുഖ്യമായ രാഷ്ട്രത്തിന്റെ ഭരണഘടനയിൽ ജനാധിപത്യത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്ന നാമകരണമാണ് സാമൂഹിക ജനാധിപത്യ രാഷ്ട്രം.



സമൂഹത്തിന്റെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനായി ജനങ്ങളുടെ അവകാശങ്ങളിൽ മാറ്റം വരുത്താം. പോസിറ്റീവ് ലിബറലിസം അവകാശങ്ങളും കടമകളും തമ്മിലുള്ള അടുത്ത ബന്ധത്തെ പിന്തുണയ്ക്കുകയും അവകാശങ്ങളുടെ സാമൂഹ്യക്ഷേമ സിദ്ധാന്തത്തിനായി വാദിക്കുകയും ചെയ്യുന്നു. അതുപോലെ സ്വാതന്ത്ര്യം ഉള്ളടക്കത്തിൽ പോസിറ്റീവ് ആണ്. നെഗറ്റീവ് ലിബറലിസം ഭരണകൂടത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ വിശദീകരിക്കുമ്പോൾ പോസിറ്റീവ് ലിബറലിസം ഭരണകൂടത്തിലൂടെ സ്വാതന്ത്ര്യം ശുപാർശ ചെയ്യുന്നു. സ്വാതന്ത്ര്യം എന്നാൽ ഭരണകൂടത്തിന്റെ ഇടപെടലിൽ നിന്ന് മുക്തനാകുകയല്ല. മറിച്ച് ഭരണകൂടത്തിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഉറച്ചു നിൽക്കുക എന്നതാണ്. സ്വാതന്ത്ര്യം ഭരണകൂടത്തിലൂടെയല്ല, ഭരണകൂടത്തിൽ നിന്നുമാണ് എന്നാണ് അവരുടെ പ്രമേയം.

സമ്പദ് വ്യവസ്ഥയെ ഭരണകൂടം നിയന്ത്രിക്കണം. അതിലൂടെ സാമ്പത്തിക കുതിച്ചുചാട്ടത്തിന്റെയും വിഷാദത്തിന്റെയും ഒന്നിടവിട്ടതും വേദനാജനകവുമായ രൂപം ഒഴിവാക്കാനാകും. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ സൃഷ്ടിക്കുന്നതിന് ഭരണകൂടത്തിന് പുരോഗമന നികുതി ഏർപ്പെടുത്താം. അതുപോലെ സമൂഹത്തിലെ എല്ലാ വിഭവങ്ങളുടെയും ഉന്നമനത്തിനായി ബാങ്ക് ദേശസാൽക്കരണം മിനിമം വേതനം വ്യവസായങ്ങൾ പൊതുമേഖലയായി സംവരണം ചെയ്യൽ തുടങ്ങിയ സാമ്പത്തിക തന്ത്രങ്ങൾ പാലിക്കാൻ ഭരണകൂടത്തിന് ശക്തിയും അധികാരവുമുണ്ട്.

1930-മുതൽ പാശ്ചാത്യ ജനാധിപത്യ രാജ്യങ്ങളിൽ പോസിറ്റീവ് ലിബറലിസം പിൻതുടർന്നു. എന്നാൽ ക്രമേണ തത്വചിന്തകനും രാഷ്ട്രീയ

11th Std Political Science_Ch_8_Malayalam.indd 138 14/02/2023 19:26:18

നേതാക്കളും പോസിറ്റീവ് ലിബറലിസം പ്രചരിപ്പിച്ച ഒരു സാമൂഹ്യക്ഷേമ രാഷ്ട്രത്തിന്റെ ഉപയോഗത്തെ ചോദ്യം ചെയ്യാൻ തുടങ്ങി. വ്യാവസായിക മാന്ദ്യം, സാമ്പത്തിക കാര്യക്ഷമതയില്ലായ്മ, ഉൽപാദന ക്ഷമത കുറയുക, അഴിമതി, ജനങ്ങളുടെ സ്വാതന്ത്ര്യം ഇല്ലാതാക്കൽ, സാമ്പത്തിക സ്തംഭനാവസ്ഥ തുടങ്ങിയ പ്രശ്നങ്ങൾ സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലുമുള്ള ഭരണകൂട ഇടപെടൽ തടസ്സപ്പെടുത്തിയെന്ന് അവർ വാദിച്ചു.

പ്രവർത്തനം

ആത്മപരിശോധന

നിങ്ങളുടെ ജീവിതത്തിലേക്ക് നേരിട്ട് സംഭാവന ചെയ്യുന്ന ഭരണകൂടത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ തിരിച്ചറിയുക. സർക്കാർ നിങ്ങൾക്ക് നിരവധി സേവനങ്ങൾ നൽകിയിരിക്കുന്നു. നിങ്ങളുടെ സ്വന്തം അനുഭവത്തിൽ നിന്ന് നിങ്ങൾക്ക് പ്രയോജനം ലഭിച്ച സാമൂഹ്യക്ഷേമ രാഷ്ട്ര സേവനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.

C. സ്വാതന്ത്ര്യ ഉദ്ഘോഷം

ലിബറലിസത്തിന്റെ മൂന്നാം ഘട്ടത്തെ ചരിത്രത്തിലെ സമകാലിക ലിബറലിസം അല്ലെങ്കിൽ ലിബർട്ടേറിയനിസം എന്നുവിളിക്കുന്നു. പോസിറ്റീവ് ലിബറലിസം അവസാനിച്ചപ്പോൾ അത് പാശ്ചാത്യ ലോകത്ത് ഉയർന്ന് വന്ന് ക്രമേണ രാഷ്ട്രീയ പ്രപഞ്ചത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും വ്യാപിച്ചു. അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ് റൊണാൾഡ് റീഗൻ 1981 മുതൽ 1989 വരെ തന്റെ രാജ്യത്ത് സ്വാതന്ത്ര്യവാദി പ്രത്യയ ശാസ്ത്രം നടപ്പാക്കി.

യുണൈറ്റഡ് കിങ്ഡത്തിലെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ സ്വാതന്ത്ര്യവാദത്തിന്റെ രാഷ്ട്രീയ ശില്പിയായിരുന്നു. സോവിയറ്റ് യൂണിയന്റെ അവസാന പ്രസിഡന്റ് മിഖയേൽ ഗോർബച്ചേവ് രണ്ട് നിർണ്ണായക പരിഷ്കരണങ്ങൾ പെരെസ്ട്രോയ്ക (പുനർഘടന) ഗ്ലാസ്നോസ്റ്റ് (തുറന്നത്) എന്നിവ അവതരിപ്പിച്ചു. അത് സോവിയറ്റ് യൂണിയനെ സ്വാതന്ത്ര്യവാദത്തിന്റെ ദിശയിലേക്ക് തള്ളിവിട്ടു.



നിരവധി രാഷ്ട്രീയ ശാസ്ത്രജ്ഞർ സ്വാതന്ത്ര്യ ഉദ്ഘോഷത്തിനായി വാദിച്ചു. എഫ്.എ. ഹയക്, എം. ഓക്കസ് ഹോട്ട്, കാൾ പോപ്പർ, മിൾട്ടൻ, ഫ്രീഡ്മാൻ, നോസിക്, നോക്ക് എന്നിവർ സ്വാതന്ത്ര്യവാദത്തെ പിന്തുണയ്ക്കുന്നവരിൽ പ്രധാനികളാണ്.



സ്വാതന്ത്ര്യ ഉദ്ഘോഷം ഒരു പുനർകണ്ടുപിടിത്തവും ലിബറലിസത്തിന്റെ ഒരു പുനർപ്രയോഗവും ആണെന്ന് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലും കണ്ടിരുന്നു. അത് മൂല്യത്തിൽ വിശ്വസിക്കുന്നു. വ്യക്തിഗത സ്വാതന്ത്ര്യം മനുഷ്യ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണെന്ന് ഇത് വാദിക്കുന്നു. വ്യക്തിഗത സ്വയം ഭരണം എന്ന ആശയത്തെ ഇത് ശക്തമായി പിന്തുണയ്ക്കുന്നു. എന്നുവച്ചാൽ ഓരോ മനുഷ്യനും അവന്റെ ജീവിതം അവന് ആവശ്യമുള്ളതുപോലെ തീരുമാനമെടുക്കാനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നുയെന്നു സാരം. ഈ ആശയം ക്രമസമാധാനം നിലനിർത്തുന്നതിൽ സംസ്ഥാനത്തിനുള്ള അധികാരത്തെ നിയന്ത്രിക്കുന്നു. അവകാശങ്ങളെപ്പോലെ പ്രചോദനമേകുന്നതാണ് മിനിമൽ സ്റ്റേറ്റ് എന്ന മുദ്രാവാക്യം നോസിക് പ്രസിദ്ധമാക്കി. അദ്ദേഹം ഭരണകൂടത്തിന്റെ കൂടുതൽ പ്രവർത്തനങ്ങളെ വിമർശിച്ചത് ഭരണകൂടം നീതിയില്ലാത്തതും നീതീകരിക്കാനാവാത്തതും എന്നാണ്. സ്വാതന്ത്ര്യ ഉദ്ഘോഷത്തിന്റെ മറ്റൊരു വക്താവായ ഓക്ഷോർട്ട് പറഞ്ഞത് സർക്കാർ സമാധാനം പിന്തുടരുന്നു എന്നാണ്.

നിങ്ങൾക്ക് അറിയാമോ?

കാൾപോപ്പർ തന്റെ 'തുറന്ന സമൂഹവും അതിന്റെ ശത്രുക്കളും' എന്ന പുസ്തകത്തിൽ പ്ലേറ്റോയെ വിശേഷിപ്പിക്കുന്നത് തുറന്ന സമൂഹത്തിന്റെ ശത്രു എന്നാണ്.

11th Std Political Science_Ch_8_Malayalam.indd 139 14/02/2023 19:26:18





ആൽബർട്ട് ജെ നോക് എന്ന സ്വാതന്ത്ര്യവാദി തന്റെ പുസ്തകത്തിന് നമ്മുടെ ശത്രു ഭരണകൂടം എന്നു പോലും പേരിടാൻ തയ്യാറായി

സ്വാതന്ത്ര്യവാദികൾ വാദിക്കുന്നത് വികസനത്തിന്റെയും സാമൂഹ്യക്ഷേമത്തിന്റെയും പേരിലുള്ള ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളിലെ വർദ്ധനവ് അനിവാര്യമായ കൂട്ടായ്മയും ആവിർഭാവത്തിലേക്കും അധികാരത്തിന്റെ ഏകാഗ്രത ഭരണത്തിന്റെ കൈകളിൽ മനുഷ്യന്റെ വ്യക്തിഗത സ്വാതന്ത്ര്യം നശിക്കുന്ന തരത്തിലുമാണ് എന്നാണ്.

പ്രത്യയ ശാസ്ത്രത്തിന്റെ അവസാനം

1950 കളിലെ ഏകാനും രാഷ്ട്രീയ ചിന്തകരും രാഷ്ട്രീയ സാമൂഹിക ശാസ്ത്രജ്ഞരും പ്രത്യയ ശാസ്ത്രത്തിന്റെ അവസാനം എന്ന പുതിയ ആശയം കൊണ്ടുവന്നു. പ്രശസ്ത രാഷ്ട്രീയ സാമൂഹ്യ ശാസ്ത്രജ്ഞൻ മാർട്ടിൻ ലിപ്സെറ്റി ഈ ആശയത്തിന്റെ ഏറ്റവും ശക്തമായ വക്താവാണ് അദ്ദേഹത്തോടൊപ്പം ഐഡിയോളജിയുടെ അവസാനം എന്ന പുസ്തകം രചിച്ച ഡാനിയൽ ബെൽ ഉം കൂടെ ചേർന്നു.

സ്വതന്ത്ര ജനാധിപത്യ സംസ്ഥാനം അല്ലെങ്കിൽ സാമൂഹിക ക്ഷേമ സംസ്ഥാനം നിലവിൽ വന്നതോടെ മനുഷ്യരാശിയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അന്വേഷണം അന്തിമ ലക്ഷ്യത്തിലെത്തിയെന്ന് അവർ വാദിക്കുന്നു. ക്ഷേമരാഷ്ട്രം, വികേന്ദ്രീകൃത ശക്തി, സമ്മിശ്ര സമ്പദ് വ്യവസ്ഥ, മത്സരാധിഷ്ഠിത പാർട്ടി സംവിധാനം, എന്നിവയുടെ മണ്ണിൽ മനുഷ്യ ജീവിതത്തിന്റെ അനുയോജ്യമായ സംവിധാനം നട്ടുപിടിപ്പിക്കണം. പാശ്ചാത്യ രാജ്യങ്ങൾ ഈ അനുയോജ്യമായ സാമൂഹിക രാഷ്ട്രീയ സവിശേഷതകൾ നേടിയിട്ടുണ്ട്. ലിബറലിസത്തിനെതിരായ മാർക്സിസം ചർച്ച അവസാനിപ്പിക്കണമെന്ന് അവർ ആഹ്വാനം ചെയ്തു. ജനാധിപത്യം കേവലം ഒരു ഭരണകൂടമല്ല മറിച്ച് പ്രവർത്തനത്തിലുള്ള നല്ല സമൂഹമാണെന്ന് അവർ അംഗീകരിച്ചു. സംഘർഷ പരിഹാരത്തിനും ഭരണത്തിനും അനുയോജ്യമായ മാർഗ്ഗമായി അവർ ജനാധിപത്യത്തെ പ്രശംസിച്ചു.

എന്നാൽ പുതിയ ഇടതു അനുഭാവികൾ എന്ന ചിന്തകർ പ്രത്യയശാസ്ത്രാവസാനത്തിൽ കാലാവധി എന്ന ആശയത്തെ തള്ളിക്കളഞ്ഞു. മാഥക്സിസത്തിന്റേതുപോലെ ഒരു തരത്തിലുള്ള വിഘടനവും ഈ ചിന്തകൾ പ്രോത്സാഹിപ്പിച്ചില്ലെങ്കിലും മാർക്സിസ് ഭരണകൂടത്തിന്റെ ആശയങ്ങളെ മെച്ചപ്പെടുത്തുന്ന വക്താക്കളായി അവർ. അതു മാത്രമല്ല പാശ്ചാത്യ സമൂഹം പല ചിന്തകരുടെയും ശബ്ദം ഉയരുന്നതിന് സാക്ഷികളാകേണ്ടി വന്നു. അവർ ആവശ്യപ്പെട്ടത് പ്രത്യയ ശാസ്ത്ര അവസാനം എന്ന ആശയത്തെ അല്ല മറിച്ച് പ്രത്യയ ശാസ്ത്ര അവസാനം എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്ന ഭൗതികവാദത്തെയാണ്.

ചരിത്രത്തിന്റെ അവസാനം

അമേരിക്കൻ രാഷ്ട്ര ചിന്തകനായ ഫ്രാൻസിസ് ഫുകുയോമ 1992-ൽ 'ചരിത്രത്തിന്റെ' അവസാനവും അവസാന മനുഷ്യനും എന്ന പുസ്തകം എഴുതി. ശീതയുദ്ധത്തിന്റെ അവസാനത്തോടെയും കമ്മ്യൂണിസത്തിനെതിരായ ലിബറലിസത്തിന്റെ വിജയത്തോടെയും ചരിത്രം അവസാനിച്ചുവെന്ന് അദ്ദേഹം വാദിച്ചു. മനുഷ്യരാശിയുടെ ചരിത്രം അടിസ്ഥാനപരമായി അനുയോജ്യമായ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക വ്യവസ്ഥകൾക്കായുള്ള നിരന്തര അന്വേഷണമാണ്.

11th Std Political Science_Ch_8_Malayalam.indd 140 14/02/2023 19:26:19

ലിബറലിസത്തിന്റെ വിജയം ശരിയായ പ്രത്യയ ശാസ്ത്രത്തിനായുള്ള മനുഷ്യാന്വേഷണത്തിന്റെ അവസാനത്തേയും പ്രത്യയ ശാസ്ത്രാനന്തര ലോകത്തിന്റെ വരവിനെയും സൂചിപ്പിക്കുന്നു. ലിബറൽ ഭരണകൂടവും ലിബർട്ടേറിയൻ സമ്പദ് വ്യവസ്ഥയും മാനവികതയുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പരിണാമത്തിന്റെ പര്യവസാനത്തെ പ്രതിനിധീകരിക്കുന്നു. അതിനാലാണ് മനുഷ്യചരിത്രം അവസാനിച്ചത് എന്നാണ് ഫുകുയാമയുടെ വാദം.



എന്നാൽ പല രാഷ്ട്രീയ ശാസ്ത്രജ്ഞരും പ്രത്യയശാസ്ത്രങ്ങളും ഇതിനോട് വിയോജിക്കുന്നു. ലിബറൽ ജനാധിപത്യം മനുഷ്യന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന അനുയോജ്യമായ രാഷ്ട്രീയ സംവിധാനമല്ലെന്ന് ആധുനികാന്തര ചിന്തകനായ ഡെറിഡ വാദിച്ചു. ഒരിക്കലും അക്രമം, അസമത്വം, ഒഴിവാക്കൽ, ക്ഷാമം, സാമ്പത്തിക അടിച്ചമർത്തൽ തുടങ്ങിയവ ഭൂമിയുടെ ചരിത്രത്തിലെ മനുഷ്യരാശിയിൽ പോലുമോ ലിബറൽ ജനാധിപത്യത്തിന്റെ കാലഘട്ടത്തിൽ സംഭവിച്ചുതുപോലെ മനുഷ്യരെ ബാധിച്ചിട്ടില്ല.

അമേരിക്കൻ രാഷ്ട്രീയ ചിന്തകൻ സാമുവൽ ഹണ്ടിംഗ്ടൺ ഫുകുയാമയുടെ ചരിത്രാവസാനത്തിന്റെ പ്രബന്ധത്തിന് എതിരായി നാഗരികതയുടെ പതനം എന്ന സിദ്ധാന്തം മുന്നോട്ടുവച്ചു. ശീതയുദ്ധത്തിന്റെ അവസാനം ലിബറൽ ജനാധിപത്യത്തിന്റെ സാർവ്വത്രികവും ശാശ്വതവുമായ വിജയത്തിന് കാരണമായിട്ടില്ലെന്ന് ഹണ്ടിംഗ്ടൺ വാദിച്ചു. നേരെമറിച്ച് ലോകത്തിലെ രണ്ട് പ്രധാന നാഗരികതകളായ പാശ്ചാത്യ നാഗരികതയും ഇസ്ലാമും തമ്മിൽ ഒരു പുതിയ പ്രത്യയശാസ്ത്ര വൈരാഗ്യം ഉയർന്ന് വന്നിട്ടുണ്ട്. അത് 20-ൽ മനുഷ്യരാശിയുടെ രാഷ്ട്രീയത്തിൽ ആധിപത്യം സ്ഥാപിക്കും. പാശ്ചാത്യ നാശരികതയും ഇസ്ലാമും തമ്മിലുള്ള നാഗരിക സംഘട്ടനത്തിൽ ലോകത്തിലെ മറ്റു നാഗരികതകൾ ചേർത്തിയെടുക്കുമെന്ന് അദ്ദേഹം വാദിച്ചു. അതിനാൽ ശീതയുദ്ധാനന്തര കാലഘട്ടത്തിൽ ചരിത്രം അവസാനിച്ചിട്ടില്ല, മറിച്ച് അത് ഒരു പുതിയ ഘട്ട ഏറ്റുമുട്ടലിലേക്ക് പ്രവേശിച്ചു.

ഇന്ത്യയും സ്വാതന്ത്ര്യവാദിത്വവും

ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയുടെ കാലഘട്ടത്തെ സൂചിപ്പിച്ച് 1991-ൽ പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ ഇന്ത്യയിൽ നിലവിൽ വന്നു. അവ സ്വാതന്ത്ര്യ വാദത്തിന്റെ പ്രത്യയശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്നു. നിരവധി സാമ്പത്തിക സാമൂഹിക പ്രവർത്തനങ്ങളിൽ നിന്ന് ഭരണകൂടം പിൻമാറി. മിനിമം സർക്കാരും പരമാവധി ഭരണവും ഭരണകൂടത്തിന്റെ മാർഗ്ഗനിർദ്ദേശ തത്വമാണ്. ഓഹരി വീതിക്കൽ പോലുള്ള നടപടികളിലൂടെ സ്വകാര്യ സംരംഭത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തന മേഖല ഭരണകൂടം ബോധപൂർവ്വം ചുരുക്കിയിരിക്കുന്നു. സ്വാതന്ത്ര്യവാദത്തിന്റെ സ്വാധീനത്തിൽ ആസൂത്രണ പ്രക്രിയയെ തുടക്കത്തിൽ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയുടെ തന്ത്രങ്ങളിലേക്ക് മാറ്റി, അടുത്തിടെ ആസൂത്രണ കമ്മിഷനെ മാറ്റി പകരം നാഷണൽ കമ്മീഷൻഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ (NITI ആയോഗ്) എന്ന ഒരു സംഘടന രൂപീകരിച്ചു.

8.2 കമ്മ്യൂണിസം (വ്ളാഡിമർ ലെനിൻ)

നിങ്ങൾക്ക് അറിയാമോ?



1924-ൽ വ്ളാഡിമർ ലെനിൻ മരണമടഞ്ഞു. മൃതദേഹം മോസ്കോയിലെ റെഡ് സ്വയറിലെ ലെനിന്റെ ശവകുടീരത്തിൽ സൂക്ഷിച്ചിരിക്കുന്നു. എംബാം ചെയ്ത ശരീരം പതിവായി രാസവസ്തുക്കളിൽ കുളിപ്പിക്കുകയും പൊതുജനങ്ങൾക്ക് പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മൃതദേഹം സംരക്ഷിക്കുന്നതിന് ആവശ്യമായ ധനസഹായം നേരത്തെ സർക്കാർ നൽകിയിരുന്നു. യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ ശിഥിലീകരണത്തിന് ശേഷം മൃതദേഹം സംരക്ഷിക്കുന്നത് പൊതു സംഭാവനകളിലൂടെയാണ്. ലെനിന്റെ അമ്മയുടെ വിശ്രമസ്ഥലത്തിനടുത്തായി ശവപ്പെട്ടി കുഴിച്ചിടുന്നതിനു വേണ്ടി ചിലർ ആവശ്യപ്പെടുന്നു.

11th Std Political Science_Ch_8_Malayalam.indd 141 14/02/2023 19:26:19

വിപ്ലവകാരിയും മാർക്സിസ്റ്റ് ചിന്തകനുമായ വ്ളാഡിമർ ലെനിൻ മാർക്സിസത്തിന്റെ ആശയങ്ങൾ നടപ്പിലാക്കുന്നതിനായി 1917- ഒക്ടോബറിൽ വിപ്ലവം റഷ്യയിൽ സംഘടിപ്പിച്ചു. 15 റിപ്പബ്ലിക്കുകൾ അടങ്ങുന്ന യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകൾ (യു.എസ്.എസ്.ആർ.) എന്ന കമ്മ്യൂണിസ്റ്റ് രാജ്യത്തിന്റെ ശില്പിയായിരുന്നു അദ്ദേഹം. മാർക്സിസത്തിന്റെ സൈദ്ധാന്തിക ഉള്ളടക്കത്തിലേക്ക് ലെനിൻ അനേകം സംഭാവനകൾ നൽകി.



കമ്മ്യൂണിസ്റ്റ് പാർട്ടി

കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചുള്ള തന്റെ ആശയങ്ങൾ എന്താണ് ചെയ്യേണ്ടത്? എന്ന കൃതിയിൽ ലെനിൻ എഴുതി. മുതലാളിത്തവും ചൂഷണവും അവസാനിപ്പിക്കാൻ ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന് മാർക്സ് ആഹ്വാനം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായി ലെനിൻ തൊഴിലാളിവർഗ്ഗ വിപ്ലവം നടത്തുന്നതിന് പാർട്ടിയുടെ തന്ത്രം മെനഞ്ഞു. എല്ലാ വ്യവസായത്തിലും ഫാക്ടറിയിലും വിപ്ലവ മാർക്സിസത്തെക്കുറിച്ച് അറിവുള്ള ഒരു ചെറിയ വിഭാഗം തൊഴിലാളികൾ പാർട്ടി രൂപീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. അർപ്പണബോധം, കഠിനാധ്വാനം, പ്രതിബദ്ധത തുടങ്ങിയ ഗുണങ്ങളും കഴിവുകളും അവർക്ക് ഉണ്ടായിരിക്കണം. വിപ്ലവം നടത്താൻ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾ പ്രത്യശാസ്ത്രപരമായി തൊഴിലാളികളെ അണിനിരത്തണം. തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ മുൻനിരയിലുള്ള തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിയിൽ പാർട്ടി ഉണ്ടായിരിക്കണമെന്ന് ലെനിൻ വാദിച്ചു.

ജനാധിപത്യ കേന്ദ്രീകരണം എന്ന നൂതന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കേണ്ടതെന്ന് വിശദീകരിച്ചു. പേര് സൂചിപ്പിക്കുന്നതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാ ഘടനയിൽ രണ്ട് സവിശേഷതകളുണ്ട്. ജനാധിപത്യവും കേന്ദ്രീകരണവും ജനാധിപത്യപരമായി പാർട്ടിസംഘടനയുടെ താഴെ തട്ടിലുള്ള അംഗങ്ങൾ പാർട്ടിയുടെ ഉന്നത തല അംഗങ്ങളെ തെരഞ്ഞെടുക്കണം. ഗ്രാമങ്ങളിലെ പാർട്ടിയൂണിറ്റുകൾ ജില്ലയുടെ പാർട്ടി യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും സംസ്ഥാന യൂണിറ്റുകൾ പാർട്ടിയുടെ ജില്ലാ യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും കേന്ദ്രയൂണിറ്റിനെ സംസ്ഥാന യൂണിറ്റുകൾ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ കേന്ദ്രീകരണ ഘടകം അർത്ഥമാക്കുന്നത് ഉയർന്ന യൂണിറ്റിന്റെ തീരുമാനങ്ങൾ താഴ്ന്ന യൂണിറ്റുകൾ അംഗീകരിക്കുകയും വേണം എന്നാണ്. കേന്ദ്ര യൂണിറ്റിന്റെ തീരുമാനങ്ങൾ സംസ്ഥാന യൂണിറ്റുകൾ അംഗീകരിക്കുകയും ജില്ലായൂണിറ്റുകൾ സംസ്ഥാന യൂണിറ്റിന്റെ തീരുമാനങ്ങൾ അനുസരിക്കുകയും ഗ്രാമയൂണിറ്റ് ജില്ലാ യൂണിറ്റിന്റെ തീരുമാനങ്ങൾ പാലിക്കുകയും വേണം.



സാമ്രാജ്യത്വം

സൈനിക ആക്രമണത്തിലൂടെയും ബലപ്രയോഗത്തിലൂടെയും യൂറോപ്യൻ രാജ്യങ്ങൾ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളെ കീഴടക്കി ചൂഷണം ചെയ്ത വ്യവസ്ഥയെ സാമ്രാജ്യത്വം സൂചിപ്പിക്കുന്നു. സാമ്രാജ്യത്വത്തെയും മുതലാളിത്തത്തെയും ബന്ധിപ്പിക്കുന്ന ഒരു പുതിയ ഉൾക്കാഴ്ച ലെനിൻ തന്റെ 'സാമ്രാജ്യത്വം' എന്ന പുസ്തകത്തിൽ വിശദീകരിച്ചു. മുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടം മാർക്സ് പ്രവചിച്ചതുപോലെ മുതലാളിത്തം സ്വയം നാശത്തെ അഭിമുഖീകരിച്ചില്ലെന്ന് അദ്ദേഹം വാദിച്ചു. മുതലാളിത്തം കീഴടക്കിയ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളെ ചൂഷണം

11th Std Political Science_Ch_8_Malayalam.indd 142 14/02/2023 19:26:20

ചെയ്ത് കൊള്ളയടിച്ചതിലൂടെ കിട്ടിയസമ്പത്ത് മുതലാളിത്തം സ്വന്തം രാജ്യങ്ങളിലേക്കു കൊണ്ടു പോയി ലോകത്ത് രണ്ട് വിധത്തിലുള്ള വിപ്ലവ പോരാട്ടങ്ങൾ ഉണ്ടായിരിക്കണം. ഒന്ന് ഏഷ്യൻ -ആഫ്രിക്കൻ രാജ്യങ്ങൾ സാമ്രാജ്യത്വ യൂറോപ്പി നെതിരായ പോരാട്ടവും പാശ്ചാത്യ രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗത്തിന്റെ മറ്റൊരു വിപ്ലവ പോരാ ട്ടവും. ഈ രണ്ട് പോരാട്ടങ്ങളും വിജയിച്ചുകഴി ഞ്ഞാൽ, മുതലാളിത്തത്തിന്റെയും സാമ്രാജ്യ ത്വത്തിന്റെയും പരസ്പര ബന്ധിതമായ രണ്ട് ചൂഷണ ശക്തികൾ നശിപ്പിക്കപ്പെടുകയും സമത്വ ത്തിന്റെയും സാഹോദര്യത്തിന്റെയും കമ്മ്യൂണിസ ത്തിന്റെ സമൂഹം അന്താരാഷ്ട്രതലത്തിൽ ജനി ക്കുകയും ചെയ്യും.

ജോസഫ് സ്റ്റാലിൻ



1953 വരെ ലെനിന് ശേഷമുള്ള ഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയും സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയന്റെ പ്രിമിയറുമായിരുന്നു ജോസഫ് സ്റ്റാലിൻ. മാർക്സിസത്തിൽ സോഷ്യലിസം ഇൻ വൺ കൺട്രി എന്ന പ്രധാന പ്രത്യയശാസ്ത്ര ഘടകം അദ്ദേഹം അവതരിപ്പിച്ചു. മറ്റൊരു കമ്മ്യൂ ണിസ്റ്റ് സൈദ്ധാന്തികനായ നിക്കോളായ് ബുഖാ രിനാണ് ഈ ആശയം ആദ്യം കൊണ്ടുവന്നത്.

മാർക്സിസം ദേശീയതയെ നിരാകരിക്കു കയും സാർവത്രികതയെ പിന്തുണയ്ക്കുകയും ചെയ്തു. ഇത് ദേശീയതയെ ഒരു ബൂർഷ്വാ സങ്കൽപ്പമായി ആക്രമിക്കുകയും ലോകതൊഴിലാ ളികളോട് ഐക്യപ്പെടാനും കമ്മ്യൂണിസം സ്ഥാ പിക്കാൻ പോരാടാനും അഭ്യർത്ഥിച്ചു. മാർക്സ് പുസ്തകത്തിന്റെ അവസാന വരികളിൽ കമ്മ്യൂ ണിസ്റ്റ് മാനിഫെസ്റ്റോ കാണാം. ലോകതൊഴിലാളി വർഗ്ഗവിപ്ലവം എന്ന ഉപകരണത്തിലൂടെ അന്താ രാഷ്ട്ര സോഷ്യലിസ്റ്റ് സമൂഹത്തിന്റെ രൂപീകരണ മായിരുന്നു കാർമാർക്സിന്റെ ആത്യന്തിക ലക്ഷ്യം. അധ്വാനിക്കുന്ന പുരുഷന്മാർക്ക് രാജ്യമില്ല എന്ന കാറൽ മാർക്സ് പറഞ്ഞു. ലെനിൻ അതേ നിര യിൽ തന്നെ തുടർന്നു. 1917 ഒക്ടോബർ വിപ്ലവം റഷ്യയിൽ ആഗോളവിപ്ലവത്തിന്റെ ഉറവിടമായി കണക്കാക്കി.

സോഷ്യലിസം ഇൻ വൺ കൺട്രി ആശയ ത്തിലൂടെ സ്റ്റാലിൻ മാർക്സിസത്തിൽ അടിസ്ഥാ നപരമായ മാറ്റം വരുത്തുന്നു. ഓൺ ദ സ്ലോഗൻ ഫോർ എ യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് യൂറോപ്പ് എന്ന പുസ്തകത്തിൽ വിവരിക്കുന്നതുപോലെ ഒരു രാജ്യത്തുപോലും സോഷ്യലിസ്റ്റ് വിപ്ലവം ഉയർന്നുവരാമെന്ന ലെനിന്റെ പ്രസ്താവനയിൽ നിന്ന് തന്റെ ആശയം വികസിപ്പിച്ചതായി അദ്ദേഹം അവകാശപ്പെട്ടു. റഷ്യയിൽ തനതായിട്ട് പോലും സോഷ്യലിസം വിജയകരമായി സ്ഥാപിക്കാമെന്ന താണ് ഈ ആശയത്തിന്റെ കേന്ദ്രവിഷയം. പടി ഞ്ഞാറൻ മുതലാളിത്ത ശത്രു രാജ്യങ്ങൾ വംശ നാശ ഭീഷണി നേരിടുന്നതിനാൽ റഷ്യൻ സോഷ്യ ലിസം ഒരു മുതലാളിത്ത വലയ ഭീഷണിയിലാണ്. ഭാവിയിൽ കൂടുതൽ അനുയോജ്യമായ ഒരു കാല ഘട്ടത്തിലേക്ക് ഒരു അന്താരാഷ്ട്ര കമ്മ്യൂണിസ്റ്റ് വിപ്ലവം സംഘടിപ്പിക്കുകയെന്ന ദൗത്യം മാറ്റിവയ് ക്കുന്ന മുതലാളിത്ത ഭീഷണിയെ നേരിടാൻ തക്ക വണ്ണം സോവിയറ്റ് യൂണിയന്റെ ഏകീകരണത്തിലൂ ടെയും ശക്തിപ്പെടുത്തലിലൂടെയും സാധിക്കുമെന്ന് സ്റ്റാലിൻ വാദിച്ചു. ഈ പ്രബന്ധം ഒരു സ്റ്റേറ്റ് പോളി സിയായി സോവിയറ്റ് റഷ്യയും കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണൽ ഓർഗനൈസേഷനും അംഗീകരിച്ചു.

ലിയോൺ ട്രോട്സ്കി സ്റ്റാലിനിസ്റ്റ് സോഷ്യ ലിസത്തെ വിമർശിക്കുകയും കാൾമാർക്സ് വാദിച്ച സ്ഥിരമായ വിപ്ലവം എന്ന ആശയം ആവർ ത്തിക്കുകയും ചെയ്തു. അന്താരാഷ്ട്ര കമ്മ്യൂ ണിസം നടപ്പിലാക്കുന്നതിനായി കമ്മ്യൂണിസ്റ്റ് വിപ്ലവം ലോകത്തെ മറ്റ് രാജ്യങ്ങളിലേക്കും എത്തി ക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. അല്ലാത്തപക്ഷം സോവിയറ്റ് യൂണിയനിലുള്ള കമ്മ്യൂണിസം തകരുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

മാവോ സെ തുങ്

ലോക ചരിത്രത്തിലെ ഏറ്റവും മികച്ച മാർക്സിസ്റ്റ് സൈദ്ധാന്തികനും പരിശീലകനുമാ യിരുന്നു മാവോ സെ തുങ്. കമ്മ്യൂണിസ്റ്റ് പാർട്ടി

11th Std Political Science_Ch_8_Malayalam.indd 143 14/02/2023 19:26:20

ഓഫ് ചൈനയുടെ സ്ഥാപകരിലൊരാളായ അദ്ദേഹം 1949-ൽ കമ്മ്യൂണിസ്റ്റ് വിപ്ലവം നടത്തി. ഇത് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സ്ഥാപിക്കുന്നതിലേക്ക് നയിച്ചു.



മാർക്സിസത്തിന്റെ സൂചന

ചൈനയ്ക്ക് അനുയോജ്യമായ രീതിയിൽ മാവോ കമ്മ്യൂണിസത്തിൽ ചില മാറ്റങ്ങൾ അവതരിപ്പിച്ചു. ചൈനീസ് യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിനായി കമ്മ്യൂണിസത്തിന്റെ പരിഷ്കരണത്തെ കമ്മ്യൂണിസത്തിന്റെ കൈയ്യൊപ്പ് എന്നാണ് വിശേഷിപ്പിക്കുന്നത്.

കർഷകരുടെ നേതൃത്വത്തിലുള്ള വിപ്ലവം

പൂർണ്ണമായും വ്യാവസായികതകവൽക്കരിക്കപ്പെട്ടതും തൊഴിലാളികൾ ധാരാളം സംഘടിതവുമായ പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളിൽ മാത്രമേ കമ്മ്യൂണിസ്റ്റ് വിപ്ലവം കാണാനാകൂ എന്ന് കാൾമാർക്സ് പ്രവചിച്ച. എന്നാൽ 1940 കളിലെ ചൈന ഒരു കാർഷിക വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന രാജ്യമായിരുന്നു. യാഥാസ്ഥിതികരും പിന്തിരിപ്പരുമായ ഒരു വർഗ്ഗമെന്ന നിലയിൽ കർഷകർക്ക് വിപ്ലവകരമായ കഴിവുണ്ടെന്ന് കാൾമാർക്സ് ഒരിക്കലും കരുതിയിരുന്നില്ല. മാവോ ചൈനയിലെ കർഷകരെ സംഘടിപ്പിക്കുകയും ഫ്യൂഡൽ ചൂഷണ രാഷ്ട്രത്തെ അട്ടിമറിക്കുന്നതിൽ വിജയിക്കുകയും കമ്മ്യൂണിസത്തിന്റെ വരവിനെ അറിയിക്കുകയും ചെയ്തു. ചൈനയിലെ മാവോയുടെ വിജയം ഏഷ്യയിലെയും ആഫ്രിക്കയിലെയും മറ്റ് കാർഷിക രാജ്യങ്ങൾക്ക് ഒരു വിപ്ലവകരമായ മാതൃക നൽകി.

ദീർഘരേഖ

വിപ്ലവസമരത്തിന്റെ മുന്നണി എന്ന നിലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലെനിനിസ്റ്റ് ആശയം ചൈനീസ് സാഹചര്യങ്ങൾക്ക് അനുസൃതമായി മാവോ പരിഷ്കരിച്ചു. നയത്തിന്റെയും, പോരാട്ടത്തിന്റെയും ഡൊമെയ്നുകളിൽ വിപ്ലവ പാർട്ടിയിൽ നിന്ന് ജനങ്ങളെ വേർതിരിക്കരുതെന്ന് മാവോ വാദിച്ചു. അവ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അവിഭാജ്യഘടകമായിരിക്കണം. മാർഗ നിർദ്ദേശതത്വം ജനങ്ങളിൽ നിന്ന് സാധാരണക്കാരിലേക്ക് എന്നതാണ്.

ആളുകളുടെ നേരിട്ടുള്ള യുദ്ധവും ഗൊറില്ലാ യുദ്ധവും

ചൂഷണം ചെയ്യുന്ന വിഭാഗങ്ങൾക്കും അവരുടെ ഭരണഘടനയ്ക്കും എതിരെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും വിപ്ലവ പോരാട്ടത്തിൽ മാവോ വിശ്വസിച്ചു. പീപ്പിൾസ് വാർ എന്ന ആശയം അദ്ദേഹം പ്രചരിപ്പിച്ചു. ഫ്യൂഡലിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ഏറ്റവും ഇരകളായതിനാൽ ദശലക്ഷക്കണക്കിന് കർഷകരെ ജനങ്ങളുടെ യുദ്ധത്തിന്റെ ഭാഗമായി തീവ്രമായി അണിനിരത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കർഷകരെ ഒരുമിപ്പിച്ച് അതിലൂടെ നഗരത്തിന് ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളെ പിടിച്ചെടുത്ത് നഗരത്തെ വളയുകയായിരുന്നു അവരുടെ യുദ്ധ തന്ത്രം.

പാരമ്പര്യേതര ഗൊറില്ലാ യുദ്ധത്തിൽ മാവോ വിശ്വസിച്ചു. ഒരു തന്ത്രമെന്ന നിലയിൽ അതിന് മൂന്ന് ഘട്ടങ്ങളുണ്ടായിരുന്നു. ആദ്യഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് അനുയായികൾ പ്രചരണത്തിലൂടെ ജനങ്ങളെ ആകർഷിക്കും. രണ്ടാം ഘട്ടത്തിൽ സൈനീക അനുയായികൾ രാഷ്ട്രത്തിന്റെ പ്രധാന നിർമ്മിതികളെ ആക്രമിക്കുകയും ചെയ്യും. മൂന്നാം ഘട്ടത്തിൽ അനുയായികൾ രാഷ്ട്രത്തിന്റെ സൈന്യത്തിനെതിരെ പോരാടുന്നതും തോൽവിക്കുശേഷം നഗരങ്ങൾ പിടിച്ചെടുക്കുന്നതുമായ ഒരു പരമ്പരാഗത സൈന്യമായി പ്രവർത്തിക്കും. സാഹചര്യങ്ങൾക്കനുസരിച്ച് ഈ മൂന്നു ഘട്ടങ്ങളെ ഏതു സമയത്തും ഉപയോഗിക്കാമെന്നും മാവോ പഠിപ്പിച്ചു.

നൂറു പൂക്കൾ വിരിയട്ടെ

ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി 1950 കളുടെ രണ്ടാം പകുതിയിൽ നൂറുകണക്കിന് പുഷ്പ പ്രചരണം നടത്തി അതിന്റെ ചെയർമാൻ

11th Std Political Science_Ch_8_Malayalam.indd 144 14/02/2023 19:26:20

മാവോ ഇപ്രകാരം പറഞ്ഞു. നൂറുപൂക്കൾ വിരിയട്ടെ ഓരോ ചിന്തയേയും ഒരു പുഷ്പമായി അദ്ദേഹം കരുതി എല്ലാ ചിന്താധാരകളും പൂക്കാൻ അനുവദിക്കണെന്ന് അദ്ദേഹം വാദിച്ചു. ചിന്തകളുടെ ഏറ്റുമുട്ടൽ ചീഞ്ഞതും കാലഹരണപ്പെട്ടതുമായ ആശയങ്ങളുടെ പരാജയത്തിനും ഇടയാകും. മികച്ചവ മത്സരത്തിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യും. കൺഫ്യൂഷസിന്റെ പുരാതന തത്വചിന്ത നിരവധി നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ ആശയങ്ങളുടെ സംഘട്ടനത്തിന് വിധേയമായി അത് വിജയിച്ചു. തുടക്കത്തിൽ സൃഷ്ടിപരമായ വിമർശനത്തെ ഭരണകൂടം സ്വാഗതം ചെയ്തിരുന്നുവെങ്കിലും ആശയങ്ങൾ തമ്മിലുള്ള തർക്കം ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഭീഷണിപ്പെടുത്തിയതിനാൽ പ്രചരണം പിന്നീട് വഴിമാറുകയായിരുന്നു.

'നൂറു പുഷ്പങ്ങളുടെ പ്രചരണം'

ഈ പദം എവിടെ നിന്നാണ് ഉത്ഭവിക്കുന്നത് ?



നൂറു പുഷ്പങ്ങൾ വിരിയട്ടെ നൂറു ആശയങ്ങൾ മത്സരിക്കട്ടെ'

യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നത് ???

സ്വതന്ത്രമായ അഭിപ്രായപ്രകടനവും വിമർശനവും അനുവദിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. 1956-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രകടനം വിലയിരുത്താനും ഉപദേശങ്ങൾ നൽകാനും ചൈനീസ് ജനതയെ ക്ഷണിച്ചപ്പോൾ മാവേ ഈ പ്രയോഗം ഉപയോഗിച്ചു.

ഒരു പുരാതന ചൈനീസ് തത്വചിന്തകൻ - ഒരു പരമ്പരാഗത പദ്യത്തിൽ നിന്നാണ് ഈ വരികൾ എടുത്തത്

നിങ്ങൾക്ക് അറിയാമോ

സാംസ്കാരിക വിപ്ലവം - 1960



ഗ്രേറ്റ് ലീപ് ഫോർവേഡിൽ നഷ്ടപ്പെട്ട അധികാരം വീണ്ടെടുക്കാനും മറ്റൊരു വിപ്ലവരാഷ്ട്രം സൃഷ്ടിക്കാനും മാവോ ആഗ്രഹിച്ചു. വിദ്യാർത്ഥികൾ, കർഷകർ, സൈനികർ തുടങ്ങിയ ചൈനീസ് യുവാക്കളിൽ നിന്നും റെഡ് ഗാർഡ് നിർമ്മിച്ചു - **Students, peasants, soldiers.**

സാംസ്കാരിക വിപ്ലവം

പാർട്ടി, ഗവൺമെന്റ്, സൈന്യം, സംസ്കാരത്തിന്റെ വിവിധ മേഖലകൾ എന്നിവയിലേക്ക് നുഴഞ്ഞു കയറിയ ബൂർഷ്വാസിയുടെ പ്രതിനിധികളെ ഉൻമൂലനം ചെയ്യുന്നതിനും നാല് പഴമക്കാരെ നശിപ്പിക്കുന്നതിനുമായി 1956-66 -ൽ മാവോ വികസിത തൊഴിലാളി വർഗ്ഗ സാംസ്കാരിക വിപ്ലവം ആരംഭിച്ചു. പഴയ ആശയങ്ങൾ, പഴയ ആചാരങ്ങൾ, പഴയ സംസ്കാരവും പഴയ ശീലങ്ങളും പാശ്ചാത്യ രാജ്യങ്ങളും സോവിയറ്റ് യൂണിയനും പോലുള്ള വ്യാവസായവൽക്കരണം മൂലമുണ്ടായ ബ്യൂറോക്രാറ്റൈസേഷന്റെ ഇരയാകുന്നതിൽ നിന്ന് ചൈനീസ് കമ്മ്യൂണിസത്തെ രക്ഷിക്കുക എന്നതായിരുന്നു വിപ്ലവത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിന് വൻ മുന്നേറ്റമുള്ള സംഘടിത പ്രവർത്തനമാണ് യഥാർത്ഥ പശ്ചാത്തലം നൽകിയത്.

ചൈനയെ കാർഷിക സമ്പദ് വ്യവസ്ഥയിൽ നിന്ന് സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്ക് അതിവേഗം മാറ്റുന്നതിനായി മാവോ 1958 മുതൽ 1962 വരെ ഈ പ്രചാരണത്തിന്റെ ഭാഗമായി വ്യവസായവത്കരണവും കൂട്ടായ്മയും ശക്തമായി നടപ്പാക്കി. പക്ഷെ, നിർഭാഗ്യവശാൽ മഹത്തായ ചൈനീസ് ക്ഷാമത്തിന്റെ വരവോടെ ദശലക്ഷക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു. നേതാവിന്റെയും പാർട്ടി സാംസ്കാരിക വിപ്ലവത്തിന്റെയും അധികാരവും നിയമസാധുതയും വീണ്ടെടുക്കുന്നതിന് ആരംഭിച്ചു. കമ്മ്യൂണിസം സ്ഥാപിതമായതിനു ശേഷവും വർഗ്ഗസമരം തുടരുകയും തീവ്രമാവുകയും കമ്മ്യൂണിസ്റ്റ് ശത്രുക്കളെ പിഴുതുമാറ്റുകയും ചെയ്യുന്നതിനായി റെഡ് ഗാർഡുകൾ സംഘടിപ്പിച്ചു. റെഡ് ഗാർഡ്സ് അംഗങ്ങൾ വർഗ്ഗശത്രുക്കൾക്കെതിരെ ചൈനീസ് പ്രസിഡന്റിനെ ജയിലിലടയ്ക്കുന്നതുപോലുള്ള അടിച്ചമർത്തലുകൾ സ്വീകരിച്ചു. ഭരണകൂടത്തിന്റെയും പാർട്ടിയുടെയും പങ്ക് അർദ്ധ സൈനിക സംഘടന ഏറ്റെടുത്തു.

പുതിയ ജനാധിപത്യം

തൊഴിലാളികളെ മുതലാളികൾ ചൂഷണം ചെയ്യുന്നതിനുള്ള ഒരു ഉപകരണമാണ് ഭരണകൂടമെന്ന് മാർക്സിസം വിശ്വസിച്ചു. തൊഴിലാളികളും

11th Std Political Science_Ch_8_Malayalam.indd 145 14/02/2023 19:26:20

മുതലാളികളും എപ്പോഴും പരസ്പരം ശത്രുത പുലർത്തുന്നു. മാർക്സിസത്തിന്റെ ഈ അടിസ്ഥാന സവിശേഷതയെമാവോ പരിഷ്കരിച്ചു. ന്യൂ ഡെമോക്രസി എന്ന ആശയം അദ്ദേഹം മുന്നോട്ടുവച്ചു. അദ്ദേഹം ഒരു പുതിയ സഖ്യം സൃഷ്ടിച്ചു. അതിൽ കർഷകരും തൊഴിലാളിവർഗ്ഗവും ചെറുകിട ബൂർഷ്വാസിയും ദേശീയ ബൂർഷ്വാസിയും അംഗങ്ങളായി. തുടർന്ന് പീപ്പിൾസ് ഡെമോക്രാറ്റിക് സ്വേച്ഛാധിപത്യം എന്ന പേരിൽ ഒരു പുതിയ തരം ഭരണകൂടം രൂപീകരിക്കുന്നതായി മാവോ പ്രഖ്യാപിച്ചു. തൊഴിലാളിവർഗ്ഗത്തിനും കൃഷിക്കാർക്കും രാഷ്ട്രത്തെ പ്രധാന പദവികൾ നൽകി. പെറ്റി ബൂർഷ്വാസിക്കും ദേശീയ ബൂർഷ്വാസിക്കും ജൂനിയർ പാർട്ണർ പദവി നൽകി. പീപ്പിൾസ് ഡെമോക്രാറ്റിക് സ്വേച്ഛാധിപത്യം സാധാരണക്കാർക്ക് ജനാധിപത്യം ഉറപ്പുനൽകുന്നു. അതേസമയം തന്നെ ജനങ്ങളുടെ ശത്രുക്കളുടെ മേൽ സ്വേച്ഛാധിപത്യമായി പ്രവർത്തിക്കുന്നു. പ്രത്യേകിച്ചും സാമ്രാജ്യത്വത്തിന്റെ നായ്ക്കൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നവർ അനുയോജ്യമായ മാർക്സിസത്തിൽ തൊഴിലാളികളും ബൂർഷ്വാസിയും എതിരാളികളാണെങ്കിലും ന്യൂ ഡെമോക്രസി അവരെ പങ്കാളികളായി കണക്കാക്കി.



മാവോയിസം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മാറിയ ഒരു പരിതസ്ഥിതിയിൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ഭരണാധികാരിയായി തുടരുന്നു. പരമോന്നത നേതാവ് ഡെങ് സിയാവോപ്പിംഗ് 1978 ന് ശേഷം ചൈനീസ് സമ്പദ് വ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ വരുത്തി. മാവോ കാലഘട്ടത്തിലെ കമ്മ്യൂണിസ്റ്റ് സമ്പദ് വ്യവസ്ഥയെ അടിസ്ഥാനപരമായി പരിഷ്കരിക്കുന്ന ഉദാരവൽക്കരണവും ആഗോളവൽക്കരണവും അതിന്റെ സമ്പദ് വ്യവസ്ഥയിൽ നിറഞ്ഞു. രാഷ്ട്രീയമായി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈന അധികാരത്തിന്റെ കുത്തക പ്രയോഗദം തുടരുകയാണ്.

അന്റോണിയോ ഗ്രാംസി



അന്റോണിയോ ഗ്രാംസി എന്ന പ്രശസ്ത ഇറ്റാലിയൻ മാർക്സിസ്റ്റ് ആണ് മുതലാളിത്ത രാഷ്ട്രത്തെ വിശദീകരിക്കാനുള്ള അധികാരം എന്ന ആശയം അവതരിപ്പിച്ചത്. ആധിപത്യം എന്നുദ്ദേശിക്കുന്നത് ബൗദ്ധികവും ധാർമ്മികവുമായ നേതൃത്വത്തെയാണ്. ബൗദ്ധികവും ധാർമ്മികവുമായ നേതൃത്വത്തെയാണ്. ബൗദ്ധികവും ധാർമ്മികവുമായ നേതൃത്വത്തിലൂടെ ജനങ്ങളുടെ സമ്മതം ഭരണകൂടം സൃഷ്ടിക്കുന്നു. പ്രചാരണത്തിലൂടെ ആളുകൾക്കിടയിൽ തെറ്റായ ബോധം സൃഷ്ടിക്കാൻ ഇത് ശ്രമിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

ഏറ്റവും സർഗ്ഗാത്മക ആധുനിക രാഷ്ട്രീയ ചിന്തകരിൽ ഒരാളായിരുന്നു ഗ്രാംസി. എന്നാൽ ജീവിതത്തിന്റെ പ്രധാന ഘട്ടത്തിൽ ഫാസിസം അദ്ദേഹത്തെ തടവിലാക്കി. ഫാസിസ്റ്റ് സർക്കാരിന്റെ സമ്മർദ്ദം കാരണം ജഡ്ജി അദ്ദേഹത്തെ തെറ്റായ കാരണത്താൽ ശിക്ഷിച്ചു. ജയിലിൽ ആയിരിക്കുമ്പോൾ ലഭ്യമായ യാതൊരു കടലാസിലും ഗ്രാംസി തന്റെ ചിന്തകൾ എഴുതി അത് ജയിലിൽ നിന്ന് കടത്തികൊണ്ടുപോയി. അതിനാൽ അദ്ദേഹത്തിന്റെ രചനകൾക്ക് "പ്രിസൺ നോട്ട് ബുക്കുകൾ" എന്നാണ് പേര്.

ഇതിന്റെ ആശയങ്ങൾ ആവർത്തിച്ച് ജനങ്ങളുടെ മനസ്സിലേക്ക് നയിക്കപ്പെടുന്നു. ജനങ്ങളുടെ സമ്മതം സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുമ്പോൾ മാത്രം അത് അതിന്റെ പ്രവർത്തനങ്ങൾ നടത്താൻ ക്രൂരമായ ബലപ്രയോഗം ആരംഭിക്കുന്നു. മുതലാളിത്ത രാഷ്ട്രത്തെ നശിപ്പിക്കാൻ വിപ്ലവകാരികൾ ജൈവബുദ്ധിജീവികളെയും കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ഉപയോഗിക്കണമെന്നും ഗ്രാംസി വാദിക്കുന്നു. ജൈവ ബുദ്ധിജീവികൾ സംസ്ഥാനത്തിന്റെ ശക്തി വിശലനം ചെയ്യുകയും സംസ്ഥാനത്തെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുകയും ചെയ്യും. കമ്മ്യൂണിസ്റ്റ് പാർട്ടി വിപ്ലവം നടത്തുകയും കമ്മ്യൂണിസത്തിന്റെ അനുയോജ്യമായ അവസ്ഥ സ്ഥാപിക്കുകയും ചെയ്യും.



11th Std Political Science_Ch_8_Malayalam.indd 146 14/02/2023 19:26:21

നിയോ മാർക്സിസം

ജർമ്മനിയിലെ സാമൂഹിക ഗവേഷണത്തിനായുള്ള ഫ്രാങ്ക് ഫർട്ട് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു കൂട്ടം തത്വചിന്തകർ വികസിപ്പിച്ചതാണ് മാർക്സിസത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നിയോമാർക്സിസം അല്ലെങ്കിൽ വിമർശനാത്മക സിദ്ധാന്തം. ഇതിലെ പ്രധാന തത്വചിന്തകരാണ് ഹെർബർട്ട്മാർക്കസ്. ജർഗൻ ഹേബർമാസ്, തിയോഡാർ അഡോർണൊ തുടങ്ങിയവർ. അവരുടെ രചനകളിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും എല്ലാവരും ഒരുപോലെ എതിർത്തത് ആധിപത്യവ്യവസ്ഥയും ചൂഷണവുമാണ്. അവർ ആധിപത്യത്തിന്റെ പങ്കാളികളും മറഞ്ഞിരിക്കുന്ന വേരുകളും മനസ്സിലാക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ശരിയായ ബോധം വളർത്തുന്നതിലൂടെ ജനങ്ങളെ തയ്യാറാക്കി വിപ്ലവത്തിനായി പരിവർത്തനം ചെയ്യുന്നതിൽ അവർ ശ്രദ്ധവച്ചു. അവർ എല്ലാ സമൂഹങ്ങളിലെയും സാമൂഹിക-സാംസ്കാരിക രീതികൾ നിലനിർത്താൻ ജനങ്ങളുടെ മേൽ ആധിപത്യം ചെയ്യുന്നതിനെ ചോദ്യം ചെയ്യാനുമുള്ള മനോഭാവം അവർ മുന്നോട്ടുവച്ചു. അവരുടെ രചനകൾ ജനങ്ങളുടെ വിമോചനം ലക്ഷ്യമിട്ടുകൊണ്ടുള്ള എതിർസംസ്കാരം എന്ന് വിശേഷിപ്പിക്കാം.

പ്രവർത്തനം

കമ്മ്യൂണിസത്തിന്റെ വ്യത്യസ്ത നേതാക്കളെക്കുറിച്ചറിഞ്ഞശേഷം കാൾമാർക്സിന്റെ ഭരണകൂടമില്ലാത്ത സമൂഹം സാധ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഇൻസ്ട്രുമെന്റൽ മാർക്സിസം

ഇൻസ്ട്രുമെന്റൽ മാർക്സിസത്തിന്റെ പ്രധാന വക്താവാണ് റാൽഫ് മിലിബാൻഡ്. ഈ ചിന്താഗതി ഭരണകൂടത്തിനെ ഒരു ഉപകരണമായി പരിഗണിക്കുന്നു. ഗവൺമെന്റിന്റെയും രാഷ്ട്രത്തിന്റെയും ഉദ്യോഗസ്ഥർ സ്വത്ത് അല്ലെങ്കിൽ ഭരണവർഗ്ഗത്തിന്റെ അതേ പശ്ചാത്തലത്തിൽ നിന്നാണ് വരുന്നത്. ഭരണവർഗ്ഗത്തിലെ ആളുകളുമായി അവർക്ക് വ്യക്തിപരമായ ബന്ധമുണ്ട്. അതിനാൽ ചൂഷണം തുടരുന്നതിനും ജനങ്ങളുടെ ആധിപത്യത്തിനായി പ്രത്യയശാസ്ത്രപരമായ സമ്മതം ഉണ്ടാക്കുന്നതിനും ഉദ്യോഗസ്ഥരെയും ഭരണവർഗ്ഗത്തിലെ അംഗങ്ങളെയും ഒരു ഉപകരണമായി ഭരണകൂടം ഉപയോഗിക്കുന്നു.

ഘടനപരമായ മാർക്സിസം

ഫ്രഞ്ച് തത്വചിന്തകനായ ലൂയിസ് അൽത്തൂസ്സറും നിക്കോസ് പൗലാൻസയും മുന്നോട്ടുവച്ച ഘടനാപരമായ മാർക്സിസം 1970 കളിൽ ഉയർന്നുവന്ന മാർക്സിസത്തിന്റെ ഒരു പുതിയ രൂപമാണ് മാർക്സിസത്തിന്റെ അടിസ്ഥാനവാദങ്ങളെ അത് നിരാകരിച്ചു. റാൽഫ് മിലി ബാൻഡുമായി അൽതുസ്സർ ചർച്ച നടത്തി. അഡ്മിനിസ്ട്രേറ്റർമാരുടെ വർഗ്ഗ ഉത്ഭവവും സ്ഥാനവും തികച്ചും സാന്ദർഭികമാണെന്നും യാതൊരു പ്രാധാന്യവുമില്ലെന്നും അദ്ദേഹം വാദിച്ചു. ഉദ്യോഗസ്ഥരുടെ വർഗ്ഗ ഉത്ഭവം പരിഗണിക്കാതെ തന്നെ സാമ്പത്തിക വ്യവസ്ഥയിൽ വസ്തുനിഷ്ഠമോ ഘടനാപരമോ ആയ സ്ഥാനം കാരണം ചൂഷണത്തെ സഹായിക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ലൂയിസ് അൽത്തുസ്സർ

ഭരണകൂടത്തിന്റെ മാർക്സിസ് സങ്കൽപ്പത്തിൽ ലൂയിസ് അൽത്തുസ്സർ കൂടുതൽ പുതുമകൾ അവതരിപ്പിച്ചു. സ്വയം രക്ഷിക്കാൻ മുതലാളിത്ത ഭരണകൂടത്തിന് രണ്ട് തരത്തിലുള്ള നിർബന്ധ ഉപകരണങ്ങളുണ്ടെന്ന് അദ്ദേഹം വാദിച്ചു.

അവ;

1. അടിച്ചമർത്തൽ സംസ്ഥാന ഉപകരണങ്ങൾ
2. പ്രത്യയശാസ്ത്രപരമായ സംസ്ഥാന ഉപകരണങ്ങൾ.

അടിച്ചമർത്തൽ ഭരണകൂട ആയുധങ്ങളിൽ പോലീസ്, പട്ടാളം, കീഴ് കോടതികൾ എന്നിവ ഉൾപ്പെടുന്നു. ഇപ്പറഞ്ഞവരുടെ ഉത്തരവുകൾ അനുസരിക്കാത്തപ്പോൾ ജനങ്ങളെ അവർ ശിക്ഷിക്കുന്നതിനാൽ അത് അടിച്ചമർത്തലാണ്. കുടുംബം, സ്കൂളുകൾ, കോളേജുകൾ, മാധ്യമങ്ങൾ, ട്രേഡ് യൂണിയനുകൾ എന്നിവ ഐഡിയോളജിക്കൽ സ്റ്റേ ഉപകരണങ്ങളിൽ ഉൾപ്പെടുന്നു. അക്രമമില്ലാതെ പ്രത്യയശാസ്ത്രപരമായ പ്രബോധനത്തിലൂടെ ഭരണകൂടം ആളുകളിൽ നിന്ന് സമ്മതവും പിന്തുണയും സൃഷ്ടിക്കുന്നു.



11th Std Political Science_Ch_8_Malayalam.indd 147 14/02/2023 19:26:21

8.3 സോഷ്യലിസം

സ്വത്തിന്റെയും പൊതുവിഭവങ്ങളുടെയും പൊതു ഉടമസ്ഥാവകാശത്തെ പിന്തുണയ്ക്കുന്ന ഒരു പ്രത്യയശാസ്ത്രമാണ് സോഷ്യലിസം സ്വത്തിന്റെ സ്വകാര്യ ഉടമസ്ഥാവകാശത്തിൽ വിശ്വസിക്കുന്ന സ്വാതന്ത്ര്യത്തെ അടിസ്ഥാനപരമായി ഇത് എതിർക്കുന്നു. ജനാധിപത്യ സോഷ്യലിസം, പരിണാമ സോഷ്യലിസം, ഫാബിയർ സോഷ്യലിസം ഗിൽഡ് സോഷ്യലിസം തുടങ്ങി നിരവധി സോഷ്യലിസങ്ങൾ ഉണ്ട്. സോഷ്യലിസം കമ്മ്യൂണിസം എന്നീ പദങ്ങൾ ചില സമയങ്ങളിൽ പരസ്പരം ഉപയോഗിക്കാറുണ്ട്. എന്നാൽ കാൾ മാർക്സ് തന്റെ സോഷ്യലിസത്തെയും പ്രത്യയ ശാസ്ത്രത്തെയും ശാസ്ത്രീയ സോഷ്യലിസം എന്നും മറ്റ് പ്രധാന തരങ്ങളെ ഉട്ടോപ്യൻ സോഷ്യലിസം എന്നും വിശേഷിപ്പിച്ച് ഒരു വ്യത്യാസം അവതരിപ്പിച്ചു.

A. ഉട്ടോപ്യൻ സോഷ്യലിസം

പത്തൊമ്പതാം നൂറ്റാണ്ടിലെ പല ചിന്തകരും സ്വാതന്ത്ര്യത്തിന്റെ വിപരീത ഫലങ്ങളെ ചോദ്യം ചെയ്തിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ അവർ പരിശ്രമിച്ചു. റോബർട്ട് ഓവൻ ഒരു വ്യവസായിയും മനുഷ്യ സ്നേഹിയുമായിരുന്നു. തൊഴിലാളികളുടെ അവസ്ഥയിൽ മെച്ചപ്പെടൽ ഉണ്ടോ എന്ന് മനസ്സിലാക്കുന്നതിനായി അദ്ദേഹം ഇംഗ്ലണ്ടിലെ സഹകരണ പ്രസ്ഥാനവും പരീക്ഷണാത്മക സോഷ്യലിസ്റ്റ് സമൂഹങ്ങളും ആരംഭിച്ചു. തന്റെ വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളെ ബന്ധപ്പെടുത്തി തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള സംയുക്ത പരിശ്രമത്തിലൂടെ ലാഭം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം കാണിച്ചു. തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമം കണക്കിലെടുക്കണമെന്ന് സഹമുതലാളിമാരോട് അദ്ദേഹം അഭ്യർത്ഥിച്ചു. ഫ്രഞ്ച് വ്യവസായിയും ചിന്തകനുമായ സെയിന്റ് സൈമൻ വാദിച്ചത് കാര്യക്ഷമമായ ഒരു സമ്പത്ത് വ്യവസ്ഥ സാക്ഷാത്കരിക്കുന്നതിന് ഫലപ്രദമായും തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമം കണക്കിലെടുക്കേണ്ടതുണ്ട് എന്നാണ്.

മറ്റൊരു ഫ്രഞ്ച് ചിന്തകനായ ചാൾസ് ഫൂറിയർ ഫലാംഗെഡ് എന്ന് വിളിക്കുന്ന നിർമ്മാതാക്കളുടെ കൂട്ടായ്മ രൂപീകരിച്ച് സമൂഹത്തിന്റെ സോഷ്യലിസ്റ്റ് പുനർനിർമ്മാണത്തിന് നിർദ്ദേശിച്ചു. തൊഴിലാളികളുടെ ദയനീയാവസ്ഥ മെച്ചപ്പെടുത്താൻ സെയിന്റ് സൈമണും ചാൾസ് ഫൂറിയും മുതലാളിമാരുടെ മനസാക്ഷിയോടഭ്യർത്ഥിച്ചു. ശ്രദ്ധേയരായ ഈ മൂന്ന് സൈദ്ധാന്തികർ പത്തൊമ്പതാം നൂറ്റാണ്ടിലെ തൊഴിലാളികൾക്ക് അനുകൂലമായി ആശയങ്ങൾ വാദിച്ചു. മുതലാളിത്തത്തെക്കുറിച്ച് ഏറ്റവും നല്ല ധാരണമാത്രമാണ് അവർ നൽകിയതെന്നും അവരുടെ ബദൽ പദ്ധതികൾ അഭിലഷണീയവും ഉട്ടോപ്യൻ സ്വഭാവമുള്ളതുമായതിനാൽ അവരുടെ ചിന്തകളെ ഉട്ടോപ്യൻ സോഷ്യലിസം എന്നാണ് കാൾമാർക്സ് വിശേഷിപ്പിച്ചത്. നേരെമറിച്ച് തന്റെ കമ്മ്യൂണിസം ശാസ്ത്രീയ സോഷ്യലിസത്തിന്റെ പേരിനെ അർഹിക്കുന്ന മുതലാളിത്തത്തെക്കുറിച്ചുള്ള ശാസ്ത്രീയ ധാരണയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് അദ്ദേഹം അവകാശപ്പെട്ടു.

B. ഡെമോക്രാറ്റിക് സോഷ്യലിസം

നാമനിർദ്ദേശം സൂചിപ്പിക്കുന്നതുപോലെ ഡെമോക്രാറ്റിക് സോഷ്യലിസം സോഷ്യലിസത്തിന്റെയും ജനാധിപത്യത്തിന്റെയും രണ്ട് സംവിധാനങ്ങളെ സംയോജിപ്പിച്ച് സമത്വവും സ്വാതന്ത്ര്യവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു അദ്വിതീയ രാഷ്ട്രീയ സാമ്പത്തിക അവസ്ഥ നൽകുന്നു. ഭരണത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ അത് മാർക്സിസത്തിൽ നിന്നു വ്യത്യസ്തമാണ്. തൊഴിലാളികളെ മുതലാളിമാർ ചൂഷണം ചെയ്യുന്ന ഉപകരണമല്ല ഭരണകൂടമെന്ന് അത് വിശ്വസിക്കുന്നു. മറിച്ച് സാമൂഹ്യ ക്ഷേമത്തിന്റെ ഉപകരണമാണ് ഭരണകൂടം. രാഷ്ട്രത്തെ ജനാധിപത്യപരമാക്കണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഭരണകൂടം സ്വന്തമാണ്. ഭരണകൂടത്തിലൂടെ മാത്രമേ സോഷ്യലിസം സ്ഥാപിക്കാൻ കഴിയൂ. മാർക്സിസം പ്രവചിച്ചതുപോലെ അത് വാടിപ്പോകരുത്.

പരിണാമപരവും സമാധാനപരവുമായ മാർഗങ്ങളിലൂടെ സോഷ്യലിസം സ്ഥാപിക്കാൻ കഴിയുമെന്ന് ഡെമോക്രാറ്റിക് സോഷ്യലിസം വാദിക്കുന്നു. ഇത് ക്രമാനുഗതം അല്ലെങ്കിൽ ബാലറ്റ് ബോക്സ് സോഷ്യലിസം എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാറ്റത്തിന്റെ രീതി ശാസ്ത്രമാണ്. വിപ്ലവകരമായ അക്രമാസക്തമായ പോരാട്ടത്തെ അത് അനാവശ്യമാണെന്ന് തള്ളിക്കളയുന്നു. ജനാധിപത്യ സോഷ്യലിസം വർഗ്ഗങ്ങൾ തമ്മിൽ യോജിക്കപ്പെടണമെന്നും വർഗ്ഗവ്യത്യാസങ്ങൾ സമാധാനപരമായ രീതികളിലൂടെ പരിഹരിക്കേണ്ടതുമാണെന്ന് വാദിക്കുന്നു. സ്വത്തവകാശം ഇല്ലാതാക്കേണ്ടതില്ല.

11th Std Political Science_Ch_8_Malayalam.indd 148 14/02/2023 19:26:21

സാമൂഹ്യക്ഷേമത്തിനുവേണ്ടി സ്വത്തവകാശം പരിമിതപ്പെടുത്തണം.

മാർക്സിസവും ഡെമോക്രാറ്റിക് സോഷ്യലിസവും തമ്മിൽ നിർണ്ണായക വ്യത്യാസങ്ങളുണ്ട്. മാർക്സിസത്തിന്റെ പല അടിസ്ഥാന ആശയങ്ങളും ഡെമോക്രാറ്റിക് സോഷ്യലിസം പരിഷ്കരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നു. എന്നിരുന്നാലും, തൊഴിലാളികളുടെ ചൂഷണം അവസാനിപ്പിക്കുക, ആളുകൾക്കിടയിൽ തുല്യത വളർത്തുക തുടങ്ങിയ സമാനമായ ചില ലക്ഷ്യങ്ങൾ ഇരുവർക്കും ഉണ്ട്.

C. ഫാബിയൻ സോഷ്യലിസം

1884 മുതൽ ഫാബിയൻ സൊസൈറ്റി പ്രചരിപ്പിച്ച സോഷ്യലിസത്തിന്റെ ബ്രിട്ടീഷ് പതിപ്പാണ് ഫാബിയൻ സോഷ്യലിസം. ശരിയായ നിമിഷത്തിൽ കാത്തിരിക്കുക ശരിയായ സമയത്ത് തീവ്രമായി ആക്രമിക്കുക എന്ന സൈനിക തന്ത്രം സ്വീകരിക്കുന്നതിൽ ചരിത്രപരമായി പ്രശസ്തനായ മഹാനായ റോമൻ ജനറൽ ഫാബിയസിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഫാബിയനിസം എന്ന നാമകരണം അവർ തിരഞ്ഞെടുത്തു. സിഡ്നിവെബും സിഡ്നിഒലിവറും എച്ച്.ജി. പെൽസും ഫാബിയനിസത്തിന്റെ പ്രത്യയശാസ്ത്രം പുറത്തെടുത്തു. ഇംഗ്ലീഷ് നാടകകൃത്ത് ജോർജ് ബർണാഡ്ഷാ ഫാബിയനിസത്തിന്റെ ഏറ്റവും വലിയ വക്താവായിരുന്നു.

ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ ഫാബിയനിസം മുതലാളിത്തത്തെ ഒരു ചൂഷണ സമ്പ്രദായമായി ആക്രമിക്കുകയും അവരുടെ സമകാലിക കാലഘട്ടത്തിലെ സമ്പദ് വ്യവസ്ഥയെയും രാഷ്ട്രീയത്തെയും സമഗ്രമായി പുനഃസംഘടിപ്പിക്കുകയും ചെയ്തു. ജനാധിപത്യ ഭരണകൂടത്തിന് അത് ഉറച്ച പിന്തുണ അറിയിച്ചു. ഫാബിയൻ ഭരണകൂടത്തിന് രണ്ട് പ്രധാന ഗുണങ്ങളുണ്ട്. ഒന്നാമതായി അത് അധികാര വികേന്ദ്രീകരണങ്ങളുണ്ട്. ഒന്നാമതായി, അത് അധികാര വികേന്ദ്രീകരണത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. രണ്ടാമതായി അത് വിദഗ്ദ്ധർ നയിക്കണം. ഭരണകൂടം നിർത്തലാക്കണമെന്ന മാർക്സിസ്റ്റ് ആഹ്വാനത്തെ ഫാബിയനിസം നിരസിച്ചു. സാമൂഹ്യക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വികേന്ദ്രീത ശക്തിയുടെയും വിദഗ്ദ്ധ നേതൃത്വത്തിന്റെയും അടിത്തറയിൽ ഭരണകൂടം നിലനിൽക്കണമെന്ന് അത് ആഗ്രഹിച്ചു.



നിങ്ങൾക്ക് അറിയാമോ?

ജവഹർലാൽ നെഹ്റു ഇംഗ്ലണ്ടിലായിരിക്കുമ്പോൾ ഫാബിയൻ സോഷ്യലിസത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിരുന്നു.

സോഷ്യലിസവും ജനാധിപത്യവും പരസ്പര പൂരകവും അനുബന്ധവുമാണെന്ന് ഫാബിയനിസം വിശ്വസിച്ചു. സമത്വത്തിന്റെയും നീതിയുടെയും ഉത്തമമായ ആശയങ്ങൾ അവർക്ക് പ്രിയപ്പെട്ടതായതിനാൽ അവരെ വിലമതിക്കണം. സ്വകാര്യ സ്വത്ത് നിർത്തലാക്കണമെന്ന് ഫാബിയക്കാർ വാദിച്ചില്ല. നേരെമറിച്ച് സാമൂഹ്യക്ഷേമ തത്വത്താൽ നിയന്ത്രിക്കപ്പെടുന്ന സ്വത്തവകാശത്തിന് പരിമിതമായ അവകാശം നിലനിൽക്കുന്നതിനെ അവർ പിന്തുണച്ചു.

ഫാബിയനിസം ഒരു പരിണാമ സോഷ്യലിസമെന്ന നിലയിൽ വിപ്ലവകരമായ കമ്മ്യൂണിസ്റ്റ് മാറ്റ രീതികളെ നിരസിച്ചു. സമൂഹത്തിലെ സമാധാനപരമായ മാറ്റങ്ങൾക്ക് ഇത് പിന്തുണ നൽകി. ഫാബിയൻ പ്രത്യയശാസ്ത്രജ്ഞർ സോഷ്യലിസം സാക്ഷാത്കരിക്കാനുള്ള അനുനയ തന്ത്രങ്ങളെ ആശ്രയിച്ചിരുന്നു.

D. പരിണാമ സോഷ്യലിസം

ജർമ്മൻ സാമൂഹിക ജനാധിപത്യം പാരമ്പര്യത്തിന്റെ ആദ്യകാല നേതാക്കളിലൊരാളായ ലസ്സല്ലെപരിണാമസോഷ്യലിസത്തെതുടക്കത്തിൽ അനുകൂലിച്ചിരുന്നു. ജർമ്മനിയിലും യൂറോപ്പിലും സോഷ്യലിസത്തിന്റെ പരിണാമത്തിലെ സുപ്രധാന രേഖയായ 1875 ലെ ഗോഥെ പ്രോഗ്രാമിൽ പരിണാമ സോഷ്യലിസത്തിന്റെ ആശയങ്ങൾ ഔപചാരികമായി വിശദീകരിച്ചു. പിന്നീട് എഡ്വേർഡ് ബെർൺസ്റ്റൈന്റെ പരിണാമസോഷ്യലിസം എന്ന പുസ്തകം എഴുതി, അത് ഫ്രാൻസിലെ ജൗറസ്, ഇറ്റലിയിലെ അൻസിലേ, ഓസ്ട്രിയയിലെ ബാവർ തുടങ്ങിയ നിരവധി അനുയായികളെ ആകർഷിച്ചു. മുതലാളിത്തത്തിലെ പരിണാമപരമായ മാറ്റത്തിനായി അത് വാദിക്കുന്നു. മനുഷ്യന്റെ ജീവിതം വിശദീകരിക്കാൻ സാമ്പ

11th Std Political Science_Ch_8_Malayalam.indd 149 14/02/2023 19:26:21

ത്തിക ഘടകങ്ങളോടൊപ്പം സാമ്പത്തികേതര ഘടകങ്ങളും പ്രധാനമാണെന്ന് അത് വിശ്വസിക്കുന്നു. ഡെമോക്രാറ്റിക് സോഷ്യലിസവും പരിണാമ സോഷ്യലിസവും പരസ്പര ബന്ധിതമാണ്. പരിണാമ സോഷ്യലിസത്തെ റിവിഷനിസം എന്നും സോഷ്യലിസത്തെക്കുറിച്ചുള്ള ദലാളന്മാരുടെ വീക്ഷണം എന്നും മാർക്സിസം ആക്ഷേപിച്ചു.

E. ഗിൽഡ് സോഷ്യലിസം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ രണ്ടു ദശകങ്ങളിൽ ഗ്രേറ്റ്ബ്രിട്ടനിൽ ഉയർന്നുവന്ന ഒരുതരം പരിണാമ സോഷ്യലിസമാണിത്. ഇംഗ്ലീഷ് രാഷ്ട്രീയ ചിന്തകനും ഇംഗ്ലണ്ടിലെ നാഷണൽ ഗിൽഡ്സ് ലീഗിന്റെ സ്ഥാപകനുമായ ഡി.എച്ച്. കോൾ ഈ സോഷ്യലിസത്തിന്റെ മുഖ്യ വക്താവായിരുന്നു. ഗിൽഡ് സോഷ്യലിസത്തിന്റെ തത്ത്വങ്ങൾ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം ഗിൽഡ് സോഷ്യലിസം (സാമ്പത്തിക വീണ്ടെടുക്കുന്നതിനുള്ള പദ്ധതി) എന്ന പുസ്തകം എഴുതി. ഗിൽഡ് സോഷ്യലിസം പാശ്ചാത്യലോകത്തെ മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെ വിമർശിക്കുകയും മുതലാളിത്തത്തിനെതിരായ പ്രതിഷേധ പ്രത്യയശാസ്ത്രമായി ഉയർന്നുവരികയും ചെയ്തു.

ഗിൽഡ് എന്ന പദം യൂറോപ്പിലെ മധ്യകാല ഘട്ടത്തിലെ ഒരു പ്രത്യേക തൊഴിലിലെ കരകൗശലത്തൊഴിലാളികളുടെയും കൈത്തൊഴിലിൽ വിദഗ്ദ്ധരുടെയും ബന്ധത്തെ സൂചിപ്പിക്കുന്നു. പ്രൊഫഷണൽ പിന്തുണയെ പുതിയ പ്രവേശകർക്ക് കൈമാറുന്നതിനുള്ള ഒരു മാധ്യമമായി ഇത് പരസ്പര പിന്തുണയുടെ ഒരു ഉറവിടമായി പ്രവർത്തിച്ചു. ഗിൽഡ് സോഷ്യലിസം മധ്യകാല ഗിൽഡിനെ ആധുനിക സോഷ്യലിസവുമായി സംയോജിപ്പിക്കുകയും സംഘടിത തൊഴിലാളി അധിഷ്ഠിത സംഘടനകൾ മിക്ക രാഷ്ട്രീയ പ്രവർത്തനങ്ങളും നിർവ്വഹിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ സംഘടനയെ വിഭാവനം ചെയ്യുന്നു. ഏതൊരു സമൂഹത്തിലും നിരവധി തൊഴിലുകളും വ്യാപാരങ്ങളും ഉണ്ടെന്നും ഒരു തൊഴിലിലെ അംഗത്തിന് മറ്റൊരു തൊഴിലിലെ അംഗങ്ങളുടെ താത്പര്യങ്ങളെയും ക്ഷേമത്തെയും പ്രതിനിധീകരിക്കാൻ കഴിയില്ലെന്നും അതിനാൽ ഓരോ തൊഴിലിനും അതിന്റേതായ ഒരു സംഘടന ഉണ്ടായിരിക്കണമെന്നും ഈ പ്രത്യയശാസ്ത്രം വിശ്വസിക്കുന്നു. ഈ സംവിധാനങ്ങളെ നിയന്ത്രിക്കുന്നതിന് ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ഒരു ഭരണസമിതി രൂപീകരിക്കുന്നതിന് അത്തരം എല്ലാ സംഘടനകളും ഒത്തു ചേരേണ്ടതാണ്. ദേശീയ തലത്തിലുള്ള ഗിൽഡുകളുടെ കൂട്ടായ്മ രാജ്യം ഭരിക്കും.

ഗിൽഡ് സോഷ്യലിസം ഭരണകൂടത്തിന്റെ നാശത്തിന് ആഹ്വാനം ചെയ്യുന്നില്ല. ജനങ്ങൾക്ക് വിദ്യാഭ്യാസവും ആരോഗ്യസേവനങ്ങളും നൽകുക തുടങ്ങിയ പൊതുവായ ചില പ്രവർത്തനങ്ങൾ ഇത് സംസ്ഥാനത്തിന് നൽകുന്നു. നിലവിലുള്ള മുതലാളിത്ത വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തുന്നതിന് ക്രമാനുഗത തത്വത്തെ ഗിൽഡ് സോഷ്യലിസം പിന്തുണച്ചു. മാർക്സിസവുമായി ബന്ധപ്പെട്ട പോരാട്ടത്തിന്റെ വിപ്ലവകരമായ രീതികളെ അത് വെറുത്തു. സമൂഹത്തിലെ എല്ലാ മാറ്റങ്ങളും സമാധാനപരവും ജനാധിപത്യപരവുമായ മാർഗങ്ങളിലൂടെ കൊണ്ടുവരണം. ഇവയൊക്കെ ഗിൽഡ് സോഷ്യലിസത്തിന്റെ പ്രധാനതത്വമായിരുന്നു.

തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പ്രതിജ്ഞാബദ്ധതയിൽ ഗിൽഡ് സോഷ്യലിസം പ്രശംസനീയമാണെങ്കിലും ഇത് പ്രായോഗികമല്ലാത്ത ഒരു ബദലായി വിമർശിക്കപ്പെട്ടു. ഗിൽഡ് സോഷ്യലിസത്തിന്റെ ദുർബലമായ ഭരണകൂടത്തിന് ക്രമസമാധാനം നിലനിർത്താനും അതിലെ ജനങ്ങളെ ആക്രമണങ്ങളിൽ നിന്നും കലാപങ്ങളിൽ നിന്നും സംരക്ഷിക്കാനും കഴിയില്ലെന്ന് വാദിച്ച പല രാഷ്ട്രീയ സൈദ്ധാന്തികരും ഭരണകൂടത്തെ ഒരു സാധാരണ ഗിൽഡിന്റെ സ്ഥാനത്തേക്ക് കുറയ്ക്കാനുള്ള ശ്രമം അംഗീകരിച്ചില്ല.

F. ഇന്ത്യയിലെ സോഷ്യലിസം

1950 കളുടെ മധ്യത്തിൽ ഇന്ത്യൻ രാഷ്ട്രം അംഗീകരിച്ച സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റി എന്നാണ് ഇന്ത്യയിലെ സോഷ്യലിസം അറിയപ്പെടുന്നത്. ജാതി, മതം, വംശം, ലിംഗഭേദം എന്നിവ കണക്കിലെടുക്കാതെ എല്ലാ ജനങ്ങൾക്കും എല്ലാ അടിസ്ഥാന ആവശ്യങ്ങളും ലഭ്യമാക്കുക ദാരിദ്ര്യം, അസമത്വം, നിരക്ഷരത എന്നിവ ഇല്ലാതാക്കുക എന്നിവയാണ് ഇന്ത്യൻ സോഷ്യലിസത്തിന്റെ ലക്ഷ്യങ്ങൾ. ആസൂത്രണ കമ്മിഷൻ സ്ഥാപിക്കുന്നതിനുള്ള പ്രമേയം 1950-ൽ പാർലമെന്റ് പാസാക്കി. 1951 മുതൽ സോഷ്യലിസ്റ്റ് ഉള്ളടക്കത്തോടെ വികസനം പ്രോത്സാഹിപ്പിക്കുന്നതി

11th Std Political Science_Ch_8_Malayalam.indd 150 14/02/2023 19:26:21

നാണ് പഞ്ചവത്സരപദ്ധതിയുടെ തന്ത്രം നടപ്പിലാക്കിയത്. സ്വകാര്യവും പൊതുമേഖലയും പ്രവർത്തിക്കാൻ അനുവദിക്കുന്ന ഒരു സമ്മിശ്ര സമ്പദ് വ്യവസ്ഥ ഇന്ത്യൻ സോഷ്യലിസം സ്വീകരിച്ചു. വികസനവും സമത്വവും കൈവരിക്കുന്നതിന് ഇന്ത്യൻ സോഷ്യലിസം സമ്പദ് വ്യവസ്ഥയിൽ പൊതുമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി.

42-ാമത് ഭരണഘടനാ ഭേദഗതി നിയമം സോഷ്യലിസത്തെ ഭരണഘടനയുടെ ആമുഖത്തിന്റെ ഔദ്യോഗിക സവിശേഷതയായി അവതരിപ്പിച്ചു. 44-ാമതു ഭരണഘടനാ ഭേദഗതി നിയമം മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്ന് സ്വത്ത വകാശം നീക്കം ചെയ്യുകയും ഭരണഘടനയുടെ പന്ത്രണ്ടാം ഭാഗത്തിലെ ഒരു സാധാരണ അവകാശമാക്കുകയും ചെയ്തു. ഭരണഘടനയുടെ നാലാം വിഭാഗത്തിലെ സംസ്ഥാന നയത്തിന്റെ നേരിട്ടുള്ള ആശയങ്ങളിൽ ജോലി ചെയ്യാനുള്ള അവകാശം കുറച്ച് ആളുകളുടെ കൈകളിലെ സമ്പത്തിന്റെ കേന്ദ്രീകരണം ഒഴിവാക്കുക തുടങ്ങിയ സോഷ്യലിസ്റ്റ് ലക്ഷ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള നിരവധി വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യം കിട്ടിയ വർഷം മുതൽ 1991 വരെ ഉദാരവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും അനുകൂലമായ ഞങ്ങളുടെ പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ ആരംഭിച്ചപ്പോൾ ഇന്ത്യ സോഷ്യലിസത്തോട് ചേർന്നുനിന്നു.

കമ്മ്യൂണിസവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസങ്ങൾ

കമ്മ്യൂണിസം	സോഷ്യലിസം
1. വിപ്ലവം മാറ്റത്തിന്റെ വയറ്റാട്ടി ആകുന്നു	1. പരിണാമപരമായ മാറ്റങ്ങൾ കൂടുതൽ നിലനിൽക്കുന്നതും പ്രയോജനകരവുമാണ്
2. സമ്പന്നവർഗ്ഗം സ്വത്ത് കുറവുള്ളവരെ ചൂഷണം ചെയ്യുന്നതിനുള്ള ഉപകരണമാണ് ഭരണകൂടം അതിനാൽ നാം ഭരണകൂടത്തെ ഇല്ലാതാക്കണം	2. സംസ്ഥാനം നിർത്തലാക്കരുത്. ഇത് കൂടുതൽ ജനാധിപത്യപരവും സാമൂഹ്യക്ഷേമപരവുമായ ലക്ഷ്യമാക്കി മാറ്റണം.
3. വർഗ്ഗസമരം മനുഷ്യചരിത്രത്തിലെ മാറ്റത്തിന്റെ അടിസ്ഥാന ശക്തിയാണ്.	3. വിപ്ലവകരമായ വർഗസമരങ്ങളുടെ ആവശ്യമില്ല.
4. സ്വകാര്യസ്വത്തവകാശം ഇല്ലാതാക്കണം.	4. സ്വകാര്യസ്വത്തവകാശത്തിനുള്ള അവകാശം പരിഷ്കരിക്കുകയും സാമൂഹ്യക്ഷേമത്തിനായി പരിമിതികൾ ഏർപ്പെടുത്തുകയും വേണം
5. ചരിത്രപരമായ ഭൗതികവാദത്തിന് മനുഷ്യ ചരിത്രത്തെ വിശദീകരിക്കാൻ കഴിയും. സമ്പദ് വ്യവസ്ഥ മാത്രമാണ് മനുഷ്യചരിത്രത്തെ നയിക്കുന്നത്.	5. ചരിത്രപരമായ ഭൗതികവാദത്തിന് മനുഷ്യ ചരിത്രത്തെ വിശദീകരിക്കാൻ പര്യാപ്തമല്ല. സമ്പദ് വ്യവസ്ഥയ്ക്കു പുറമേ മനുഷ്യചരിത്രം വിവരിക്കുന്നതിന് സംസ്കാരം, രാഷ്ട്രീയം, മതം തുടങ്ങിയ ഘടകങ്ങളും പ്രധാനമാണ്

8.4 ദേശീയത

അർത്ഥം, ഉയർച്ച, വ്യാപനം

ഒരു പ്രത്യേക ജനതയോടുള്ള വിശ്വസ്തത, വാത്സല്യം, ഭക്തി എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രത്യയശാസ്ത്രത്തെയാണ് ദേശീയത എന്നു പറയുന്നത്. ഇത് ഒരു സാധാരണ മാതൃരാജ്യം, ഒരു പൊതുഭാഷ, ആശയങ്ങൾ, മൂല്യങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയുമായി ആളുകൾക്കിടയിൽ അടുപ്പം സൃഷ്ടിക്കുന്നു. സാമൂഹ്യ ജീവിതത്തിലെ മറ്റ് വിഭാഗങ്ങൾക്കും ഘടകങ്ങൾക്കും ഉപരിയായി രാജ്യത്തെ ഉയർത്തുന്ന ഒരു ബോധത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. വ്യക്തിയുടെ വിശ്വസ്തതയും രാജ്യത്തോടുള്ള പ്രതിബദ്ധതയും ഏതെങ്കിലും ഗ്രൂപ്പ് താത്പര്യത്തോടുള്ള അവരുടെ അടുപ്പത്തെ അസാധുവാക്കുമെന്ന് അത് ശക്തമായി വിശ്വസിക്കുന്നു. ഒരു പ്രധാന സൈദ്ധാന്തികനായ ഏണസ്റ്റ് ജെൽനർ രാഷ്ട്രങ്ങളും

11th Std Political Science_Ch_8_Malayalam.indd 151 14/02/2023 19:26:21

ദേശീയതയും എന്ന പുസ്തകം എഴുതി. അദ്ദേഹം ദേശീയതയെ നിർവചിച്ചത് പ്രാഥമികമായി രാഷ്ട്രീയവും ദേശീയ യൂണിറ്റും പരസ്പരം യോജിപ്പിക്കണം എന്ന ഒരു രാഷ്ട്രീയ തത്വമാണ്. ദേശീയത ഒരു ആധുനിക ആശയമാണ്. ഇത് ആദ്യം ഇംഗ്ലണ്ടിൽ ഉയർന്നുവന്നു. പിന്നീട് പടിഞ്ഞാറൻ യൂറോപ്പിലെ ഫ്രാൻസ്, ജർമ്മനി തുടങ്ങിയ ഫ്രഞ്ച് വിപ്ലവത്തിന്റെ സഹായത്തോടെ വ്യാപിച്ചു.

വടക്കേ അമേരിക്കൻ കോളനികൾ യൂറോപ്പിനെതിരായി കലാപം നടത്തി സ്വന്തം ദേശീയത രൂപീകരിച്ചു. കൊളോണിയൽ വിരുദ്ധ പോരാട്ടത്തിന്റെ ഫലമായി കൊളോണിയലിസത്തിനു ശേഷം ദേശീയത എന്ന പുതിയ തരം ദേശീയതയുടെ ആവർഭാവത്തിന് ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങൾ സാക്ഷ്യം വഹിച്ചു. ലോകമെമ്പാടുമുള്ള ദേശീയതയുടെ ആവിർഭാവത്തിനും വ്യാപനത്തിനും കാരണമായ നിരവധി ഘടകങ്ങൾ മുതലാളിത്തം, ഫ്രഞ്ച് വിപ്ലവം, വ്യവസായവൽക്കരണം, ലോക യുദ്ധങ്ങൾ, കൊളോണിയലിസം എന്നിവ ഉൾപ്പെടുന്നു.

ദേശീയതയുടെ സിദ്ധാന്തങ്ങൾ

ദേശീയതയുടെ നിരവധി സിദ്ധാന്തങ്ങളുണ്ട്

- ദേശീയതയുടെ പ്രഥമദൃഷ്ട്യാ സിദ്ധാന്തം
- ദേശീയതയുടെ സാമൂഹിക-ജീവശാസ്ത്ര സിദ്ധാന്തം
- സാമൂഹിക ആശയനിർമിത സിദ്ധാന്തങ്ങൾ
- മാർക്സിയൻ തിയറി ഓഫ് നാഷണലിസം
- ദേശീയതയുടെ പോസ്റ്റ്-പ്രത്യയ ശാസ്ത്ര സിദ്ധാന്തം

ഈ സിദ്ധാന്തങ്ങളെ വറ്റാത്ത സിദ്ധാന്തങ്ങളായും ആധുനികവൽക്കരണ സിദ്ധാന്തങ്ങളായും തിരിക്കാം. ആദ്യ രണ്ടു സിദ്ധാന്തങ്ങളെ വറ്റാത്ത സിദ്ധാന്തങ്ങളായി തിരിക്കാം. അവസാനത്തെ മൂന്നു സിദ്ധാന്തങ്ങളെ ആധുനികവൽക്കരണ സിദ്ധാന്തങ്ങളായി തിരിക്കാം.

ദേശീയതയുടെ പ്രാഥമിക സിദ്ധാന്തം

പ്രൈമോർഡിയൽ എന്ന വാക്കിന്റെ അർത്ഥം ലോകത്തിന്റെ ആരംഭത്തിലോ അതിനുശേഷമോ ഉള്ളതാണ്. ഒരു പ്രത്യേകഭാഷ പ്രദേശം, മതം, വംശം മുതലായവയിലെ ജനങ്ങൾ പുരാതന കാലം മുതൽ ഒരുമിച്ച് താമസിക്കുമ്പോൾ ഒരു വലിയ അന്തർ-ഗ്രൂപ്പ് ബന്ധം വളർത്തിയതായി പ്രൈമോർഡിയലിസം സിദ്ധാന്തം കണക്കാക്കുന്നു. അവർ ശക്തമായ വംശീയതവും വിശ്വസ്തതയും വികസിപ്പിക്കുന്നു. വാത്സല്യം, വികാരങ്ങൾ, അനുഭാവങ്ങൾ എന്നിവയുടെ ഗുണങ്ങൾ അവ പ്രകടമാക്കുന്നു. അവരുടെ അടുപ്പത്തിന്റെ ഭാഗമായി മതിയായ സാമൂഹിക ഇടപെടലുകൾ അവർ പ്രകടിപ്പിച്ചേക്കില്ല. എന്നിരുന്നാലും പ്രധാന സവിശേഷതകൾ അവരുടെ ജീവിതത്തിൽ നിർബന്ധിത സ്വാധീനം ചെലുത്തുന്ന ശക്തിയാണ്. ദേശീയതയുടെ പ്രാഥമിക സിദ്ധാന്തം വംശീയ ദേശീയത എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

ദേശീയതയുടെ സാമൂഹിക-ജീവശാസ്ത്ര സിദ്ധാന്തം

ഈ സിദ്ധാന്തം ദേശീയതയെ ഒരു പൊതു വംശവുമായി തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു കൂട്ടം ആളുകളുടെ വൈകാരിക അനുഭാവങ്ങളായി കണക്കാക്കുന്നു. തങ്ങൾ ഒരു വിപുലീകൃത കുടുംബത്തിൽപ്പെട്ടവരാണെന്ന് ആളുകൾ കരുതുന്നു. യുക്തിവാദത്തിന്റെയും യുക്തിരാഹിത്യത്തിന്റെയും സമന്വയമാണ് ദേശീയത. അത് ആധുനിക സാങ്കേതിക വിദ്യകളുള്ള പ്രാകൃതമനസ്സാണ്. പേരുകളെ സംബന്ധിച്ചിടത്തോളം ദേശീയത ഭൂതകാലത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ മറ്റു ഗ്രൂപ്പുകളുമായുള്ള ബന്ധത്തിൽ അത് സമകാലികമാണ്. ദേശീയത ഗ്രൂപ്പിലെ അംഗങ്ങളോടുള്ള വംശീയ കേന്ദ്രീകരണത്തെ കാണിക്കുമ്പോൾ സെനോഫോബിയ മറ്റു ഗ്രൂപ്പുകളിലെ അംഗങ്ങളോടുള്ള ദേശീയത കാണിക്കുന്നു.

ദേശീയതയുടെ പോസ്റ്റ് ഐഡിയോളജിക്കൽ സിദ്ധാന്തം

നിരവധി സൈദ്ധാന്തികർ ദേശീയതയുടെ പ്രത്യയശാസ്ത്രാനന്തര സിദ്ധാന്തങ്ങൾ മുന്നോട്ടു വച്ചു. ആന്റണി ഗിഡ്ഡൻസ്, പോൾ ബ്രാസ് മൈക്കൽമാൻ എന്നിവരാണ് ഈ സിദ്ധാന്തത്തിന്റെ പ്രധാന രചയിതാക്കൾ. ദേശീയതയുടെ ഉത്ഭവത്തെയും സ്വഭാവത്തെയും കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകളിൽ അവയ്ക്ക് വലിയ വ്യത്യാസമുണ്ട്. എന്നാൽ ദേശീയതയുടെ പരിണാമത്തിലും പ്രവർത്തനത്തിലും ഏറ്റവും പ്രധാനപ്പെട്ട

11th Std Political Science_Ch_8_Malayalam.indd 152 14/02/2023 19:26:21

ഘടകമായി എല്ലാവരും സംസ്ഥാനത്തെ തിരിച്ചറിയുന്നതിനാൽ അടിസ്ഥാനപരമായ ഒരു സാമ്യത നിലനിൽക്കുന്നു. രാജ്യങ്ങളും ദേശീയ വികാരങ്ങളും മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്നുവെങ്കിലും ആധുനിക ഭരണകൂടത്തിന്റെ ആവിർഭാവത്തോടെ ആധുനിക കാലഘട്ടത്തിൽ മാത്രമാണ് ദേശീയത പൂത്തുലഞ്ഞതെന്ന് അവർ വാദിക്കുന്നു. ഫ്രഞ്ച് വിപ്ലവത്തിന്റെ വരവ് യൂറോപ്പിലുടനീളം ദേശീയതയുടെ ജനത്തെയും വളർച്ചയെയും നയിച്ചതായി ആന്റണി ഗിഡ്ഡൻസ് വാദിച്ചു.

സാമൂഹ്യശക്തിയുടെ നാല് ഉറവിടങ്ങളുണ്ടെന്ന് മൈക്കൽ മാൻ വിശദീകരിച്ചു. അവ 1) പ്രത്യയശാസ്ത്ര ശക്തി 2) സാമ്പത്തിക ശക്തി 3) സൈനിക ശക്തി 4) രാഷ്ട്രീയശക്തി. ഈ നാല് സ്രോതസ്സുകളും ചരിത്രപരമായി വിവിധ കാലഘട്ടങ്ങളിൽ ദേശീയത ഉണ്ടാക്കുന്നതിന് പ്രവർത്തിച്ചു. മതത്തിന്റെ രൂപത്തിലുള്ള പ്രത്യയശാസ്ത്രപരമായ ഘടകം പതിനാറാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിന്റെ കാര്യത്തിലെന്നപോലെ ശിശു രാഷ്ട്രങ്ങളുടെ ജനനത്തെ പ്രോത്സാഹിപ്പിച്ചു. രണ്ടാംഘട്ടത്തിൽ പടിഞ്ഞാറൻ യൂറോപ്പിൽ ദേശീയതയുടെ ജനനത്തിന് സാമ്പത്തികം പ്രത്യേകിച്ച് വാണിജ്യശക്തി സംഭാവന നൽകി. സൈനിക ശക്തി മൂന്നാം ഘട്ടത്തിൽ ദേശീയതയുടെ ഉത്ഭവത്തെ സ്വാധീനിക്കുകയും ഒടുവിൽ രാഷ്ട്രീയ ശക്തി ദേശീയതയുടെ പരിണാമത്തെ രൂപപ്പെടുത്തുകയും ചെയ്തു. ദേശീയതയുടെ പോസ്റ്റ് പ്രത്യയശാസ്ത്ര സിദ്ധാന്തത്തിൽ പെടുന്ന ഈ സൈദ്ധാന്തികരുടെ കേന്ദ്രവാദം വാണിജ്യമുതലാളിത്തത്തോടൊപ്പം ആധുനിക ഭരണകൂടവും തുടക്കത്തിൽ ദേശീയതയുടെ വളർച്ചയെ സ്വാധീനിക്കുകയും ചെയ്തു എന്നതാണ്.

ഈ സൈദ്ധാന്തികരുടെ കേന്ദ്രവാദം ഉൾപ്പെടുന്നത് ദേശീയതക്കു ശേഷമുള്ള ആശയ സംഹിതാ സിദ്ധാന്തം എന്നാൽ ആധുനിക ഭരണകൂടം മുതലാളിത്ത വ്യവസായത്തോടൊപ്പം പ്രാരംഭത്തിൽ സൃഷ്ടിക്കപ്പെട്ടതും ദേശീയ വളർച്ചയെ സ്വാധീനിച്ചതുമായ സിദ്ധാത്തെയാണ്.

ദേശീയതയുടെ ആശയവിനിമയ സിദ്ധാന്തം

കാൾഡച്ച്, ബെനഡിക്റ്റ് ആൻഡേഴ്സൺ എന്നിവരാണ് ദേശീയതയുടെ ആശയവിനിമയ സിദ്ധാന്തത്തിന് പ്രധാന സൈദ്ധാന്തികർ. ഗ്രൂപ്പിന് പുറത്തുള്ള ആളുകളെക്കാൾ പരസ്പരം കൂടുതൽ ഫലപ്രദമായും തീവ്രമായും ആശയവിനിമയം നടത്തുന്ന ഒരുകൂട്ടം ആളുകൾ എന്നാണ് ഡച്ച് രാഷ്ട്രത്തെ നിർവചിച്ചത്. സാമ്പത്തികശാസ്ത്രം, ചരിത്രം, ജനസംഖ്യാശാസ്ത്രം തുടങ്ങിയ വിവിധ അറിവുകളിൽ നിന്നുള്ള ഡാറ്റ പരിശോധിച്ച അദ്ദേഹം ദേശീയതയുടെയും ദേശീയത്വത്തിന്റെയും ജനനത്തിൽ ആശയവിനിമയം ഒരു രക്ഷകർത്താവിന്റെ പങ്ക് വഹിക്കുന്നു എന്ന നിഗമനത്തിലെത്തി. ഫലപ്രദമായ ആന്തരിക ആശയവിനിമയത്തിന്റെ വികസനം രാജ്യത്തെ എല്ലാ ആളുകളെയും ബന്ധിപ്പിക്കുകയും ധാർമ്മികവും രാഷ്ട്രീയവുമായ സ്വത്വത്തിന്റെ വികാരങ്ങൾ സൃഷ്ടിക്കുകയും ദേശീയതയുടെ ആവിർഭാവത്തിന് കാരണമാവുകയും ചെയ്തു.

ആൻഡേഴ്സൻ രാജ്യത്തെ ഒരു സാങ്കൽപ്പിക സമൂഹമായും ദേശീയതയെ അതിന്റെ ജീവശക്തിയായും വിശേഷിപ്പിച്ചു. ഇമാജിൻഡ് കമ്യൂണിറ്റികൾ എന്ന പുസ്തകം എഴുതിയ അദ്ദേഹം ജനങ്ങളുടെ മനസ്സിൽ ഭാവനയിൽ നിന്ന് മാത്രം പുറത്തുകടക്കുന്ന ഒരു സാങ്കല്പിക സമൂഹമാണെന്ന് രാഷ്ട്രം വാദിച്ചു. ഒരു രാജ്യത്തിലെ അംഗങ്ങൾ രാജ്യത്തിലെ മറ്റെല്ലാ അംഗങ്ങളെയും കാണുന്നില്ല, സംസാരിക്കുന്നില്ല, അറിയുന്നില്ല. എന്നിരുന്നാലും മറ്റെല്ലാ അംഗങ്ങളെയും അവർ സ്വന്തം ആളുകളായി കണക്കാക്കുന്നു.

ഒരു ക്രിക്കറ്റ് മത്സരം നടക്കുമ്പോൾ ഗ്രൗണ്ടിലുള്ള ലക്ഷകണക്കിന് കാണികളും ടിവി സെറ്റുകളുടെ മുന്നിലിരിക്കുന്ന ആളുകളും പരസ്പരം കാണുന്നത് ഒരു ടീമിന്റെ വിജയവും പരാജയവും സന്തോഷവും ദുഃഖവും പങ്കിടുന്ന ഒരേ സമൂഹമായിട്ടാണ്. അതുപോലെ തന്നെ സാങ്കൽപിക സമൂഹം എന്നുള്ള ആശയത്തിന് മറ്റൊരു ഉദാഹരണമാണ് ഒരു അജ്ഞാത സൈനീകന്റെ ശവകുടീരം. ഏതു സൈനീകന്റെ ശരീരമാണ് ആ ശവകുടീരത്തിൽ മറവു ചെയ്തത് എന്ന് വ്യക്തിപരമായി ആളുകൾക്ക് അറിയില്ലായിരിക്കാം പക്ഷെ സ്വദേശികൾക്ക് ആ ശവകുടീരവുമായി വൈകാരികമായ ഒരു അടുപ്പം ഉണ്ടാകും.

മുതലാളിത്തവും അച്ചടിശാലയുടെ കണ്ടുപിടിത്തവും ദേശീയതയുടെ ആവിർഭാവത്തിൽ നിർണ്ണായക പങ്ക് വഹിച്ചുവെന്ന് ആൻഡേഴ്സൺ വാദിക്കുന്നു. അച്ചടിശാലകളുടെ കണ്ടുപിടിത്തത്തിന് ശേഷം ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ തുട

11th Std Political Science_Ch_8_Malayalam.indd 153 14/02/2023 19:26:21

ങ്ങിയ കാലഘട്ടത്തിന്റെ പ്രാദേശിക ഭാഷകളിൽ പുസ്തകങ്ങൾ വലിയ അളവിൽ അച്ചടിക്കുകയും വിൽക്കുകയും ചെയ്തിരുന്നു. ചരിത്രത്തിൽ ആദ്യമായി ദശലക്ഷക്കണക്കിന് ആളുകൾക്ക് സ്വന്തം ഭാഷകളിൽ പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ലഭിച്ചു. ഒരേ പുസ്തകം വായിക്കുന്നതിലൂടെ സാമൂഹിക ആശയസൃഷ്ടിക്കായുള്ള ഒരേ ചിന്തകളും ആശയങ്ങളും അവരുടെ മനസിൽ രൂപപ്പെടുന്നു. ഒരു സാങ്കൽപിക സമൂഹം സൃഷ്ടിക്കുന്നതിൽ മുതലാളിത്തം ഒരു വലിയ പങ്ക് വഹിച്ചു. മുതലാളിമാർ ലാഭം നേടാൻ ആഗ്രഹിക്കുകയും വലിയ അളവിൽ പുസ്തകങ്ങൾ അച്ചടിക്കുകയും വിൽക്കുകയും ചെയ്തു. അച്ചടി മുതലാളിത്തം (മുതലാളിത്തത്തിന്റെയും അച്ചടിശാലയുടെയും സംയുക്ത ശക്തികൾ) ജനങ്ങളുടെ മനസ്സിൽ ദേശീയതയുടെ ആവിർഭാവത്തിന് കാരണമായി.

"ഒരു ചെറിയ രാജ്യത്തിലെ അംഗങ്ങൾക്കുപോലും അവരുടെ സഹ അംഗങ്ങളിൽ ഭൂരിഭാഗം പേരേയും അറിയില്ല, അവരെ കണ്ടുമുട്ടിയിട്ടില്ല. അവരെക്കുറിച്ച് കേൾക്കുകയോ ചെയ്തിട്ടില്ല, എന്നിട്ടും ഓരോരുത്തരുടേയും മനസിൽ കൂട്ടായ്മയുടെ പ്രതിച്ഛായകൾ.... സമൂഹത്തെ വേർതിരിക്കേണ്ടത്, അവയുടെ വ്യാജത്താലോ ആത്മാർത്ഥതയിലോ അല്ല, മറിച്ച് അവ സങ്കൽപ്പിക്കുന്ന രീതിയിലാണ്"



-ബെനഡിക്ട് ആൻഡേഴ്സൻ

ദേശീയതയുടെ മാർക്സിസ്റ്റ് സിദ്ധാന്തം

ദേശീയതയെ മുതലാളിത്തത്തിന്റെ സന്തതിയായി മാർക്സിസം കണക്കാക്കുന്നു. ചൂഷണ മുതലാളിത്ത ഉത്തരവുകളെ സംരക്ഷിക്കുന്നതിനായിട്ടാണ് മുതലാളിത്ത ദേശീയതയെ സൃഷ്ടിച്ചത്. ഉത്പാദന മാർഗ്ഗങ്ങളുള്ള ഭരണവർഗ്ഗത്തിന്റെ ആശയങ്ങളാണ് ഭരണത്തിന്റെ ആശയമായി കരുതപ്പെടുന്നതെന്ന് കാൾമാർക്സ് വാദിച്ചു. മുതലാളിത്ത വർഗ്ഗം സ്വകാര്യ സ്വത്തുക്കൾ കൈവശം വയ്ക്കുകയും സ്വത്തുക്കളില്ലാത്ത പാവപ്പെട്ടവരെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. തൊഴിലാളികളുടെ വികാരങ്ങളെ മരവിപ്പിച്ച് സ്വയം നേട്ടമുണ്ടാക്കാനായി ബൂർഷ്വാവർഗ്ഗമാണ് ദേശീയത ആവിഷ്കരിച്ചത്. ദേശീയ അവബോധം തികച്ചും തെറ്റായ അവബോധമാണ്. വർഗ്ഗീയ ചൂഷണത്തെ ശാശ്വതമാക്കുകയും നിയമവിധേയമാക്കുകയും ചെയ്യുന്നതിലേയ്ക്ക് ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടത്. തൊഴിലാളി വർഗ്ഗത്തിന് പിതൃരാജ്യമില്ല എന്ന മാർക്സ് അഭിപ്രായപ്പെട്ടു. മുതലാളിത്തം അവസാനിപ്പിക്കുന്നതിനും ലോകമെമ്പാടും സോഷ്യലിസം സ്ഥാപിക്കുന്നതിനുമായി വിപ്ലവം നടത്താൻ ലോക തൊഴിലാളികൾക്ക് അദ്ദേഹം കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റിൽ ഒരു വ്യക്തമായ ആഹ്വാനം നൽകി. അദ്ദേഹം അന്താരാഷ്ട്രവാദത്തെ അനുകൂലിക്കുകയും ദേശീയതയെ എതിർക്കുകയും ചെയ്തു. ദേശീയതയെ വിശകലനം ചെയ്യുന്ന പ്രധാന മാർക്സിസ്റ്റ് സൈദ്ധാന്തികരാണ് മൈക്കൽ ഹെക്ടർ, മിസറോസ്ലോവ് ഹ്രോച്ച്, ടോം നരിം.

ഇന്ത്യൻ ദേശീയത

പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇന്ത്യൻ ദേശീയത ഉയർന്നുവന്നു. എല്ലാ ഇന്ത്യാക്കാരും തങ്ങളുടെ മത, പ്രാദേശിക, ഭാഷാപരമായ, വംശീയ വ്യത്യാസങ്ങളും പ്രതിബന്ധങ്ങളും മറികടന്ന് ദേശീയ വാദവികാരത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് രണ്ട് തരത്തിലുള്ള ഘടകങ്ങളുണ്ട്. അവ ആന്തരികവും ബാഹ്യവുമായ ഘടകങ്ങളാണ്.

ഇന്ത്യ ബഹുസ്വരത നിറഞ്ഞ ഒരു ഉപഭൂഖണ്ഡമാണ്, വിവിധ സംസ്കാരങ്ങളും മതങ്ങളും, ഭാഷകളും, ആചാരങ്ങളും എന്നിട്ടും ഇന്ത്യാക്കാർ ഒരു പൊതുചരിത്രം പങ്കിടുകയും പരസ്പരം ഉൾക്കൊള്ളുകയും ചെയ്യുന്നു. ഇന്ത്യയുടെ ഈ സവിശേഷതയെ വൈവിധ്യത്തിലെ ഐക്യം എന്നാണ് നിർവ്വചിച്ചിരിക്കുന്നത്.

ഇതിനു പുറമേ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ സ്വാധീനം ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് സഹായകമായി. അതിനുള്ള പ്രധാന ശക്തികൾ ആകണം;

A. കൊളോണിയലിസം ഇന്ത്യയുടെ രാഷ്ട്രീയ ഭരണ, സാമ്പത്തിക, ആശയ വിനിമയ ഏകീകരണം നടത്തി. പതിനെട്ടാം നൂറ്റാണ്ടിൽ 700 ഓളം വ്യത്യസ്ത പ്രദേശങ്ങളും അവയുടെ ഭരണാധികാരികളും അടങ്ങുന്ന രാഷ്ട്രീയമായി വിഭജിക്കപ്പെട്ട ഒരു ഉപഭൂഖണ്ഡമായിരുന്നു

11th Std Political Science_Ch_8_Malayalam.indd 154 14/02/2023 19:26:22

ഇന്ത്യ. ബ്രിട്ടീഷുകാർ ഈ നാട്ടുരാജ്യങ്ങളെ ഒരുമിച്ച് ഒരു രാജ്യമാക്കി മാറ്റി. ഗ്രാമം അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥയാണ് ഇന്ത്യ പിന്തുടർന്നത്. രാജ്യത്തെ സാമ്പത്തികമായി ഏകീകരിക്കുന്നതിലേയ്ക്കായി ആധുനിക സമ്പദ് വ്യവസ്ഥയേയും വിപണി സംവിധാനത്തെയും കൊളോണിയലിസം ആവിഷ്കരിച്ചു. റെയിൽവേ, ടെലിഗ്രാഫ്, ഏകീകൃത തപാൽ സംവിധാനം ഉണ്ടാക്കുന്ന ഗതാഗതം. ജനങ്ങളുടെ സഞ്ചാരം, ചരക്കുകളും ആശയങ്ങളും ഉപഭൂഖണ്ഡത്തിലുടനീളം എളുപ്പത്തിലും വേഗത്തിലും ബ്രിട്ടീഷ് ഭരണം അവതരിപ്പിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ പുതുതായി ഏകീകൃതമായ ഇന്ത്യ. ദേശീയത എന്ന ആധുനിക രാഷ്ട്രീയ ശക്തിയുടെ ആവിർഭാവത്തിന് സഹായകമായിരുന്നു.

B. കൊളോണിയലിസമാണ് പാശ്ചാത്യ വിദ്യാഭ്യാസം ഇന്ത്യയിൽ അവതരിപ്പിച്ചത്. ക്ലാസ് മുറികളിൽ സ്വാതന്ത്ര്യം, സമത്വം, പരമാധികാരം തുടങ്ങി ആധുനിക രാഷ്ട്രീയ ആശയങ്ങൾ ഇന്ത്യാക്കാർ പഠിക്കുകയും ആ ആധുനിക രാഷ്ട്രീയ മൂല്യങ്ങൾ ഉപയോഗിച്ച് നമ്മുടെ മാതൃരാജ്യത്തെ ശാക്തീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

C. കൊളോണിയലിസത്തിന്റെ കാലഘട്ടത്തിൽ ഇംഗ്ലീഷ് ഇന്ത്യയുടെ ഭാഷയായി മാറി. ആയിരത്തിലധികം ഭാഷകൾ സംസാരിക്കുകയും രാഷ്ട്രീയ ഐക്യം താളംതെറ്റുകയും ചെയ്തതിനാൽ ഇന്ത്യ ഒരു പോളിഗ്ലോട്ട് രാജ്യമാണ്. ഈ പശ്ചാത്തലത്തിൽ ദേശീയതയുടെ വളർച്ചയ്ക്കായി നിലകൊള്ളുന്ന ദേശീയവാദികൾക്കിടയിൽ ഇംഗ്ലീഷ് ഭാഷ ആശയ വിനിമയത്തിന്റെ ഭാഷയായി മാറി.

D. പത്തൊൻപതാം നൂറ്റാണ്ടിൽ രാജാറാം മോഹൻ റോയിയുടെ ബ്രഹ്മസമാജ്, പ്രാർത്ഥന സമാജ് തുടങ്ങി നിരവധി സാമൂഹിക-മത പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് സാക്ഷ്യം വഹിച്ചു. ഇന്ത്യൻ സമൂഹത്തിൽ നവോത്ഥാനത്തിന്റെയും പരിഷ്കരണത്തിന്റെയും വിത്ത് വിതയ്ക്കാൻ അവർ പരിശ്രമിച്ചു. ഇന്ത്യൻ സമൂഹത്തെ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും സതി, ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ തുടങ്ങിയ തിന്മകളെ ഇല്ലാതാക്കുമ്പോഴും നൂറ്റാണ്ടുകൾ പഴക്കമുള്ള മഹത്തായ ഇന്ത്യൻ നാഗരികതയുടെ ഓർമ്മകൾ അവർ പുനർജ്ജീവിപ്പിച്ചു.

E. ബ്രിട്ടീഷ് ഭരണാധികാരികളുടെയും അധികാരികളുടെയും വംശീയത ഇന്ത്യൻ ജനങ്ങളിൽ സൃഷ്ടിച്ചു. കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യൻ ജനതയെ വംശീയമായി അപമാനിക്കുന്നതിനെതിരായ പ്രതിഷേധ പ്രസ്ഥാനമായി ഇന്ത്യൻ ദേശീയത വളർന്നു. കൊളോണിയൽ ഭരണാധികാരികൾ പ്രകടിപ്പിച്ച വൈറ്റ് മാൻ ബർഡൻ എന്ന ആശയത്തിനെതിരെ അവർ പ്രതികരിച്ചു. ലോകത്തിലെ ഏറ്റവും വികസിതവും പരിഷ്കൃതവുമായ വംശമാണ് വെള്ളക്കാർ എന്നും ഇന്ത്യയിലെ അവരുടെ ദൗത്യം ഇന്ത്യൻ ജനതയെ നാഗരികമാക്കുകയെന്നതുമായ ആശയത്തെയാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ നേതാക്കൾ ഈ വംശീയ കെട്ടുകഥയെ നിരാകരിക്കുകയും ദേശീയതയുടെ മാധ്യമത്തിലൂടെ ഇന്ത്യൻ ജനങ്ങളെ അണിനിരത്തുകയും ചെയ്തു.

F. ഗവർണർ ജനറൽ ലോർഡ് ലിറ്റന്റെ തീർത്തും ചൂഷണപരവും ധാർഷ്ട്യപരവുമായ ഭരണം ഇന്ത്യൻ ദേശീയതയുടെ വളർച്ച വളരെ വേഗത്തിലാക്കാൻ കാരണമായി. ഇന്ത്യൻ പ്രാദേശിയ മാധ്യമങ്ങളിൽ അദ്ദേഹം വിവേചനം അടിച്ചേൽപ്പിച്ചു. ഇംഗ്ലണ്ടിൽ നിന്നും ചരക്ക് ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഇംഗ്ലണ്ടിലേക്കുള്ള ഇന്ത്യൻ ചരക്ക് കയറ്റുമതി നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ദശലക്ഷക്കണക്കിന് ആളുകൾ കടുത്ത വരൾച്ചയിൽ കഷ്ടപ്പെട്ടപ്പോഴും മരിച്ചപ്പോൾ പോലും കൊളോണിയൽ സർക്കാർ സജീവമായ ഒരു നടപടികളും കൈക്കൊണ്ടില്ല. അഫ്ഗാനിസ്ഥാനുമായുള്ള ഒരു അനാവശ്യ യുദ്ധത്തിൽ ആയിരക്കണക്കിന് ഇന്ത്യൻ സൈനീകർ കൊല്ലപ്പെട്ടു. ലിറ്റൻ പ്രഭുവിന്റെ തെറ്റായ ഭരണത്തിനെതിരായ കോപത്തിന്റെ ഫലമായി ഇന്ത്യൻ ദേശീയത വളർന്നു.

G. ഇന്ത്യയിലെ ശ്രദ്ധേയനായ ഒരു ഗവർണർ ജനറലായിരുന്നു ലോർഡ് റിപ്പൺ. ലോ മെമ്പർ ഇൽബെർട്ടിനൊപ്പം ഗവർണർ ജനറൽ ഇന്ത്യൻ ജഡ്ജിമാർക്ക് യൂറോപ്യന്മാർ ഉൾപ്പെട്ട കേസുകളുടെ വിചാരണയിൽ പങ്കെടുക്കാൻ അധികാരം നൽകുന്ന ബിൽ അവതരിപ്പിച്ചു. വംശീയ ജനത സംഘടിപ്പിച്ച വലിയ പ്രതിഷേധം നടക്കുകയും സർക്കാരിന്റെ നിർദ്ദേശത്തിൽ നിന്ന് പിൻമാറാൻ നിർബന്ധിതരാകുകയും ചെയ്തു. ഇന്ത്യയിലെ യൂറോപ്യന്മാരുടെ പെരുമാറ്റത്തിൽ

11th Std Political Science_Ch_8_Malayalam.indd 155 14/02/2023 19:26:22

ഇന്ത്യാക്കാർ നിരാശരായിരുന്നു. ഗവൺമെന്റിന്റെ നിഷേധാത്മക നടപടികൾക്കെതിരായ രാഷ്ട്രീയ പ്രക്ഷോഭത്തിന്റെ കലയും ശാസ്ത്രവും ഇന്ത്യാക്കാരെ ബിൽറ്റ് വിവാദം പഠിപ്പിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യൻ ദേശീയതയുടെ നിർണ്ണായക ആവിർഭാവത്തിനുള്ള സാഹചര്യം ഈ ഘടകങ്ങൾ സൃഷ്ടിച്ചു.

ദേശീയതയ്ക്കു മുമ്പുള്ള വെല്ലുവിളികൾ

സമകാലിക കാലഘട്ടത്തിൽ ദേശീയത നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. അവയിൽ ചിലത് അന്തർ-ദേശീയമാണ്. ഭൂരിഭാഗവും ദേശീയതയ്ക്കു പുറത്ത് ഉടലെടുക്കുന്ന പ്രവർത്തന നാടകങ്ങളാണ്. പരമമായ വെല്ലുവിളികളെ വിഘടനവാദം, ആഗോളവൽക്കരണം എന്നിങ്ങനെ പട്ടികപ്പെടുത്താം.



ദുരാചാരികളുടെ അവസാന സങ്കേതമാണ് ദേശീയത

- വിൻസ്റ്റൺ ചർച്ചിൽ

വിഘടനവാദം

ഇന്നത്തെ ദേശീയത വിഘടനവാദ പ്രവണതകൾ അത്തരത്തിലുള്ള ദേശീയത, ഭിന്നിപ്പിക്കൽ പ്രവണതകൾ എന്നിങ്ങനെ നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. കാനഡയിലെ ക്യൂബെക്ക് വിഘടനവാദം, പാകിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രസ്ഥാനം, ചൈനയിലെ ഉയ്ഘർ പ്രശ്നം, സ്പെയിനിലെ കറ്റാലൻ ദേശീയത, യുകെയിലെ സ്കോട്ടിഷ് പ്രസ്ഥാനം എന്നിവ ദേശീയതയെ ചോദ്യം ചെയ്യുന്നതിനും അന്തർ-ദേശീയ ശക്തികൾ അപകടത്തിലാക്കുന്നതിനും ജീവിക്കുന്ന ഉദാഹരണങ്ങളാണ്. മത മൗലീകവാദം, പ്രാദേശിക തലത്തിലുള്ള സമതുലിതാവസ്ഥയെ ചെറുക്കുക, പ്രശ്നങ്ങൾ സൃഷ്ടിച്ച് ജനാധിപത്യ തീരുമാനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്തുക തുടങ്ങിയവയാണ് വിഘടനവാദത്തെ വളർത്തുന്നതും ദേശീയതയെ അപകടപ്പെടുത്തുന്നതും.

മറ്റു ദേശീയ ഘടകങ്ങൾ

ദേശീയ ആഗോളതര ഘടകങ്ങൾ ദേശീയതയെ സ്വാധീനിക്കുന്നു. ആഗോളവത്ക്കരണം എന്നത് സമ്പദ് വ്യവസ്ഥ, വ്യാപാരം, സാങ്കേതിക വിദ്യ, സംസ്കാരം, സ്ഥാപനങ്ങൾ എന്നിവയുടെ കാര്യത്തിൽ ലോകത്തിന്റെ വർദ്ധിച്ചുവരുന്ന സംയോജനത്തെ സൂചിപ്പിക്കുന്നു. സമകാലിക ലോകത്ത് ആധിപത്യം പുലർത്തുന്നത് ആഗോളവൽക്കരണ പ്രക്രിയയുടെ ഉയർച്ചയാണ്. ആഗോളവൽക്കരണത്തിന്റെ മുന്നേറ്റത്തിലൂടെ രാജ്യങ്ങൾ തമ്മിലുള്ള അഥവാ രാജ്യങ്ങൾക്കിടയിലുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നു. സാമ്പത്തികമായി വൻകിട കമ്പനികൾ പല രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും തങ്ങളുടെ ഉൽപാദന, വിൽപ്പന യൂണിറ്റുകൾ സ്ഥാപിച്ചു. അവർ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരെ നിയമിക്കുകയും രാഷ്ട്രീയ മേഖലയിലും വലിയ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

ലോകവ്യാപാര സംഘടനയുടെ സ്ഥാപനവും പ്രവർത്തനവും ആഗോളവൽക്കരണ പ്രക്രീയയെ വേഗത്തിലാക്കി. തടസ്സ രഹിത വ്യാപാരം എന്നത് സംഘടനയുടെ അടിസ്ഥാന മുദ്രാവാക്യമാണ്. കഴിഞ്ഞ രണ്ട് ദശകങ്ങളിൽ 1995 മുതൽ ഇതുവരെ നിരവധി കരാറുകൾ സൃഷ്ടിക്കുകയും ഇരുപതാം നൂറ്റാണ്ടിലെ രണ്ട് ലോകമഹായുദ്ധങ്ങൾക്ക് ഭാഗീകമായി സംഭാവന നൽകിയ അന്താരാഷ്ട്ര തട്ടകങ്ങളിലെ വ്യാപാരം, താരീഫ് തടസ്സങ്ങൾ കുറയ്ക്കുകയും ചെയ്തു. വ്യാപാര താരിഫുകൾ ദേശീയതയുമായി വളരെ അടുത്തബന്ധമുള്ളവയാണ്. അവ ഇല്ലാതാക്കുന്നതിലൂടെ ദേശീയതയുടെ യുക്തിയെയാണ് ഇല്ലാതാക്കുന്നത്.

ആഗോളവൽക്കരണ ശക്തികൾ മുന്നോട്ട് കൊണ്ടുപോകുന്ന വിദഗ്ധരുടെ വലിയ തോതിലുള്ള കുടിയേറ്റമുണ്ട്. ഉയർന്ന വിദ്യാഭ്യാസമുള്ളവരും സാങ്കേതികമായി യോഗ്യതയുള്ളവരുമായ ആളുകൾ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് വികസിത രാജ്യങ്ങളായ അമേരിക്ക, ഓസ്ട്രേലിയ പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് കുടിയേറുന്നു. ആഗോളവൽക്കരണ കാലഘട്ടത്തിൽ വിദ്യാസമ്പന്നരും സാങ്കേതികമായി മുന്നേറിയതുമായ ധാരാളം ഇന്ത്യൻ, ചൈനീസ് യുവാക്കൾ അമേരിക്കയിലേക്ക് കുടിയേറി. പ്രാദേശിക സാമ്പത്തിക സഹകരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ അന്താരാഷ്ട്ര പ്രാദേശിക സംഘടനകൾ സംസ്ഥാനങ്ങളുടേയും അവരുടെ ദേശീയതയുടേയും നിലവാരം ഇല്ലാതാക്കി.

11th Std Political Science_Ch_8_Malayalam.indd 156 14/02/2023 19:26:22

സാമ്പത്തിക, രാഷ്ട്രീയ,സാംസ്കാരിക സമന്വയം കൈവരിക്കാന് ശ്രമിക്കുന്ന ഏറ്റവും നൂതനമായ അന്താരാഷ്ട്ര പ്രാദേശിക സംഘടന യാണ് 27 രാജ്യങ്ങൾ അടങ്ങുന്ന യൂറോപ്യൻ യൂണിയൻ. ഇത് യൂറോപ്യൻ പാർലമെന്റ് യൂറോ പ്യൻ കൗൺസിൽ, യൂറോപ്യൻ കമ്മീഷൻ എന്നിവ സൃഷ്ടിച്ചു. യൂറോ ആണ് അതിന്റെ കറൻസി. ആളു കളുടെ സ്വതന്ത്രമായ മുന്നേറ്റത്തിന്റെ ഘടനകൾ സൃഷ്ടിക്കാൻ വേണ്ടിയുള്ള സ്വപ്നത്തിന്റെ വലി യൊരു ഭാഗമായ മൂലധനം, സേവനം, ചരക്കുകൾ എന്നിവ യാഥാർത്ഥ്യമായി. അത് പൂൾഡ് പരമാ ധികാരം എന്ന ആശയം കൊണ്ടുവന്നു. ആ ആശയത്തിൽ സംസ്ഥാനങ്ങൾ അവരുടെ തീരു മാനം എടുക്കാനുള്ള അധികാരം പരമാധികാരം മുൻകൂട്ടി പറയുന്നവരുടെ സംഘടനയിലെ അംഗ ങ്ങളുമായി പങ്കിടുന്നു. ഇത് തീർച്ചയായിട്ടും ദേശീ യത എന്ന സങ്കൽപത്തിനും രാഷ്ട്ര പരമാധി കാരത്തിന്റെ പ്രധാന സവിശേഷതയ്ക്കും തിരിച്ച ടിയാണ്. ചുരുക്കത്തിൽ യൂറോപ്പിന്റെ ഭൂഖണ്ഡം ദേശീയതയുടെ തൊട്ടിലിൽ നിന്ന് ആഗോളവാദ ത്തിന്റെ വിളക്കുമാടമായി മാറിയിരിക്കുന്നു.



ഐക്യ രാഷ്ട്രസഭയുടെ പങ്കും പ്രസക്തിയും ക്രമാനുഗതമായി ഉയർന്നുവരുന്നത് അതിന്റെ സീമയെ സൂചിപ്പിക്കുന്നു. ഒരു ലോക ഗവൺമെന്റി ലേക്കുള്ള മാനവികത മന്ദഗതിയിലാണെങ്കിലും ദേശീയതയേയും അതിന്റെ രാഷ്ട്രീയ വശത്തെ യും ഭരണകൂടം നിരാകരിക്കുന്നു.

വ്യത്യസ്തമായ, അന്തർദേശീയതയോട് ചേർന്നു നിൽക്കുന്ന സമൂലമായ പ്രത്യയശാസ്ത്ര ങ്ങൾ ദേശീയത എന്ന ആശയത്തിന് ഭീഷണി യാണ്. ഉദാഹരണത്തിന് ഇസ്ലാമിക് സ്റ്റേറ്റ് അതിന്റെ പ്രത്യയശാസ്ത്രമായ സലഫിസത്തെ (ശുദ്ധമായ ഇസ്ലാം) ദേശീയതയെയും ദേശീയ രാഷ്ട്രങ്ങളെയും ഇസ്ലാം വിരുദ്ധമായി കണ്ട് നിരസിച്ചു. 2014-ൽ സിറിയയിലും ഇറാഖിലും പിടിച്ചടക്കിയ പ്രദേശങ്ങളിൽ ഇത് ഒരു കാലി ഫേറ്റ് സ്ഥാപിക്കുകയും ആഗോള ഇസ്ലാമിക് സമൂഹത്തോട് ഒരു ആഗോള ഇസ്ലാമിക് സ്റ്റേറ്റ് അല്ലെങ്കിൽ സാർവത്രിക കാലിഫേറ്റ് സ്ഥാപിക്കു ന്നതിന് അന്താരാഷ്ട്ര ജിഹാദുമായി ബന്ധപ്പെ ടാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

പാരിസ്ഥിതിക പ്രശ്നങ്ങളായ കാലാവസ്ഥ വ്യതിയാനം, ആസിഡ്, മഴ, ഓസോൺ പാളിയിലെ വിള്ളൽ തുടങ്ങിയവ രാജ്യത്തിനുള്ളിൽ പ്രശ്നം സൃഷ്ടിക്കാനുള്ള ഘടകങ്ങളാണെങ്കിലും ഇതി നുള്ള പരിഹാരമാർഗ്ഗങ്ങൾ ദേശീയതയുടെയും ദേശീയ സംസ്ഥാനങ്ങളുടെയും കഴിവിന് അപ്പു റമായിരുന്നു. പരിസ്ഥിതി സംരക്ഷണ ഉത്തരവാ ദിത്തം ഒരു ആഗോള വെല്ലുവിളിയാണ്, ധാരാളം പരിസ്ഥിതി ചർച്ചകൾ നടത്തി ആഗോള സമൂഹം ഇതിനുള്ള പരിഹാരം നൽകുന്നു.

വിവരസാങ്കേതിക വിദ്യയുടെ വളർച്ച പ്രത്യേ കിച്ചും ഇന്റർനെറ്റ്, മൊബൈൽ ഫോണുകൾ, സമൂഹ മാധ്യമങ്ങൾ എന്നിവ ദേശീയത എന്ന ആശയത്തെ ആഴത്തിൽ സ്വാധീനിച്ചു. ഇത് അന്താ രാഷ്ട്ര വാദത്തിന്റെ പക്ഷത്താണ്. ആശയങ്ങളു ടേയും ശൃംഖലകളുടേയും അതിർത്തി കൈമാറ്റം ശക്തമാകുമ്പോൾ ദേശീയ രാഷ്ട്രത്തിന് ദേശീയ തയേയും ദേശീയ താൽപര്യങ്ങളേയും ഫലപ്രദ മായി സംരക്ഷിക്കാൻ കഴിയില്ല.

ആശയവിനിമയ വിപ്ലവം ലോകത്തെ ചുരു ക്കുകയും ആഗോളഗ്രാമം ഒരു നണ്ടീകാലത്തിൽ എന്ന ആശയം ദേശീയതക്കു തന്നെ വിപത്തു ണ്ടാക്കാവുന്നതുമാണ്.

ആശയവിനിമയ വിപ്ലവം ലോകത്തെ ചുരു ക്കിയിരിക്കുന്നു. ആഗോള ഗ്രാമം എന്ന ആശയം ദീർഘകാലാടിസ്ഥാനത്തിൽ ദേശീയതയെ അപ കടത്തിലാക്കാം. എന്നിരുന്നാലും ഈ 21-ാം നൂറ്റാണ്ടിലും ദേശീയത ശക്തമായി തുടരുന്നു എന്നത് നിഷേധിക്കാൻ കഴിയില്ല. ദേശീയതയുടെ അവസാനം വിദൂര ചക്രവാളത്തിൽ പോലും നിരീ ക്ഷിക്കാനാവില്ല. രാഷ്ട്രം ഇപ്പോഴും പരമാധികാ രത്തിന്റെ അമൂല്യമായ സവിശേഷതകളെ നില നിർത്തിവരുന്നു. അന്താരാഷ്ട്ര വാദത്തിന്റെ ആത്യന്തിക നിർണായക ഘടകം ഇപ്പോഴും ദേശീയതയും ദേശീയ താൽപര്യങ്ങളുമാണ്. ബ്രെക്സിറ്റ് അല്ലെങ്കിൽ യൂറോപ്യൻ യൂണിയ

11th Std Political Science_Ch_8_Malayalam.indd 157 14/02/2023 19:26:22

നിൽ നിന്നും ബ്രിട്ടൺ പുറത്തുപോയതും BREXIT ദേശീയ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാനത്തിനായുള്ള പാരീസ് കരാറിൽ നിന്ന് 2015 മുതൽ അമേരിക്ക പുറത്തുപോയതും ഇതിന് തെളിവാണ്.

CASE STUDY

ഉയ്ഘർ വിഘടന വാദം : വ്യവഹാര പഠനം

രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലയിൽ സ്ഥിതിചെയ്യുന്ന പിപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രക്ഷുബ്ധമായ പ്രവിശ്യയാണ് സിൻജിയാങ്. സിൻജിയാങ് എന്നാൽ മന്ദാരിൽ ഭാഷയിൽ പുതിയ അതിർത്തി. നേർത്ത ജനസംഖ്യയും വിശാല പകുതി വരണ്ട മരുഭൂമി പ്രദേശമാണിത്. തദ്ദേശവാസികളെ ഉയ്ഘർ മുസ്ലിമുകൾ എന്ന് വിളിക്കുന്നു. സമ്പദ് വ്യവസ്ഥയുടേയും ചൈനീസ് സർക്കാരിന്റെയും മുഖ്യധാരയിൽ നിന്നുള്ള സാമ്പത്തിക വിവേചനത്തെക്കുറിച്ചുള്ള ആവലാതികളെ പ്രവിശ്യാ ആഴത്തിൽ ഉൾക്കൊള്ളുന്നു. തങ്ങളുടെ പ്രവിശ്യ, ഹാൻസ് ചൈനീസ് ജനസംഖ്യയിൽ വിപ്ലവ സമയത്ത് കേവലം 6 ശതമാനത്തിൽ നിന്ന് 40 മില്യൺ വരെ ഉയർന്ന കുതിച്ചു ചാട്ടത്തിന് സാക്ഷ്യം വഹിച്ചുവെന്ന് അവർ വാദിക്കുന്നു. നിരീശ്വരവാദിയായ കമ്മ്യൂണിസ്റ്റ് സർക്കാർ മതമേഖലയിൽ തങ്ങളോട് വിവേചനം കാണിക്കുന്നുവെന്നും വംശീയ സമൂഹം വാദിക്കുന്നു. താടി വളർത്തരുതെന്ന് പറയുക, ബുർഖ ധരിച്ച യാത്രക്കാരെ കയറ്റുന്ന ടാക്സി ഡ്രൈവർമാർക്ക് പിഴ ചുമത്തുക തുടങ്ങിയ മതജീവിതത്തിന്റെ പല വശങ്ങളിലും നിയന്ത്രണങ്ങളും നടപ്പിലാക്കിയതിന് അവർ ദേശീയ സർക്കാരിനെതിരെ പ്രതിഷേധിച്ചു. ചൈനീസ് സർക്കാർ സിൻജിയാങ്ങിൽ ഭീകരതയെക്കുറിച്ച് കർശനമായ സമീപനമാണ് സ്വീകരിച്ചത്. അതിന്റെ പ്രതികരണത്തിന്റെ സവിശേഷത കഠിനമായി പണിമുടക്കുക എന്ന നയവും ഭീകരതയെ ലഘൂകരിക്കുകയും സഹിഷ്ണുത പുലർത്തുകയുമാണ്. (വിഘടനവാദത്തെ വിവരിക്കുന്നതിന് ഭരണത്തിന്റെ പ്രിയപ്പെട്ട മുദ്രാവാക്യം).



8.5 ഫാസിസം

ആഭ്യന്തര യുദ്ധകാലഘട്ടത്തിൽ ബെനിറ്റോ മുസ്സോളിനി ഏകാധിപതി പാർട്ടി, പ്രസ്ഥാനം, പ്രത്യയശാസ്ത്രം എന്നിവ സ്ഥാപിക്കുകയും രണ്ട് പതിറ്റാണ്ടിലേറെ ഇറ്റലി ഭരിക്കുകയും ചെയ്തു. ഇറ്റാലിയൻ ഭാഷയിലെ ഫാസിസത്തിന്റെ ഉത്ഭവം ഫാസി എന്ന വാക്കിൽ നിന്നാണ്. അതായത് കോടാലി തലയ്ക്ക് ചുറ്റും. ചുവന്ന ചരട് കൊണ്ട് ബന്ധിച്ചിരിക്കുന്ന കമ്പുകളുടെ കെട്ട്. ഇറ്റാലിയൻ പാരമ്പര്യത്തിൽ ഈ ചിഹ്നം ശക്തമാണ്, കാരണം ഇത് രാഷ്ട്രീയ അധികാരത്തിന്റെ പ്രതീകമായി റോമൻ രാജപ്രതിനിധികൾക്ക് മുമ്പിലുള്ള ന്യായാധിപൻമാരുടെ സഹായികൾ വഹിച്ചിരുന്നു. ഈ കമ്പുകളുടെ കെട്ട് ഐക്യത്തെയും ശക്തിയേയും സൂചിപ്പിക്കുന്നു. തന്റെ സ്ഥിര സൈനീക വിഭാഗത്തെ ഉണർത്തുന്നതിനായി ബനിറ്റോ മുസോളിനി ഈ നാമകരണം സ്വീകരിച്ചു.യുദ്ധാനന്തര കാല ഘട്ടത്തിലെ ഇറ്റലിയുടെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളാണ് ഫാസിസത്തിന്റെ ആവിർഭാവത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകം. ഒന്നാം ലോകമഹായുദ്ധത്തിൽ സഖ്യശക്തികളുടെ പക്ഷത്താണെങ്കിലും.

11th Std Political Science_Ch_8_Malayalam.indd 158 14/02/2023 19:26:22

യുദ്ധാനന്തര ഒത്തുതീർപ്പിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കാത്തതിൽ വലിയ ജനകീയ നിരാശയുണ്ടായിരുന്നു. തൊഴിലില്ലായ്മ, പണപ്പെരുപ്പം, സ്തംഭനാവസ്ഥ വ്യാവസായിക മേഖലയിലെ അസ്ഥിരത തുടങ്ങി നിരവധി സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ രാജ്യം അഭിമുഖീകരിച്ചു. തൊഴിലാളികൾ, കൃഷിക്കാർ മധ്യവലർഗ്ഗം, സമ്പന്നവർഗ്ഗം തുടങ്ങിയ ഇറ്റലിയിലെ എല്ലാ വിഭാഗങ്ങളും യുദ്ധവുമായി ബന്ധപ്പെട്ട ദുരിതങ്ങൾ നേരിട്ടു. ബെനിറ്റോ മുസ്സോളിനി ഈ വ്യാപകമായ അസംതൃപ്തിയെ മുതലെടുത്ത് 1922-ൽ ഒരു മാർച്ച് ഓൺ റോം നടത്തി. ഫാസിസ്റ്റ് ഭീഷണികൾ നേരിട്ട രാഷ്ട്രീയ അധികാരികൾ കീഴടങ്ങി, മുസ്സോളിനിയും നാഷണൽ ഫാസിസ്റ്റ് പാർട്ടിയും അക്രമമില്ലാതെ അധികാരം പിടിച്ചെടുത്തു.

നിങ്ങൾക്ക് അറിയാമോ?

താഴ്ന്ന വർഗ്ഗത്തിന്റെയും മധ്യവർഗ്ഗത്തിന്റെയും പ്രസ്ഥാനമായി ഫാസിസത്തെ R.M. മാക് ഐവർ കണക്കാക്കുന്നു.

അടിസ്ഥാന സ്വഭാവഗുണങ്ങൾ

അക്രമണാത്മക ദേശീയത ഫാസിസം പ്രസംഗിക്കുകയും പ്രയോഗിക്കുകയും ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രമാണ് ഇറ്റലി എന്ന് ഫാസിസം പ്രഖ്യാപിക്കുകയും മറ്റ് രാജ്യങ്ങൾക്കും ആളുകൾക്കുമെതിരെ വിദ്വേഷം സൃഷ്ടിക്കുകയും ചെയ്തു. സിദ്ധാന്തത്തിലും അതിന്റെ പ്രയോഗത്തിലും ഫാസിസം സാമ്രാജ്യത്വത്തെ പിന്തുടർന്നു. രണ്ടാം ലോകമഹായുദ്ധത്തിന് കാരണമായ കൊളോണിയൽ പോരാളികളെ ഫാസിസത്തിന്റെ വിപുലീകരണ നീക്കങ്ങൾ വീണ്ടും പ്രകോപിപ്പിച്ചു. ഒരു ഫാസിസ്റ്റ് എഴുത്തുകാരൻ ജിയോവന്നി ജെൻറ്റൈൽ ഫാസിസത്തിന്റെ സിദ്ധാന്തം എന്ന പുസ്തകം എഴുതി. അധികാരത്തിനും സാമ്രാജ്യത്തിനുമുള്ള ഇച്ഛാശക്തിയാണ് ഫാസിസ്റ്റ് രാഷ്ട്രമെന്ന് അദ്ദേഹം പറഞ്ഞു. റോമൻ പാരമ്പര്യം ഇവിടെ ശക്തമായ ഒരു ശക്തിയാണ്. ഫാസിസത്തിന്റെ സിദ്ധാന്തമനുസരിച്ച്, സാമ്രാജ്യം പ്രാദേശികമോ സൈനീകമോ വാണിജ്യപരമോ ആയ ആശയം മാത്രമല്ല. ആത്മീയവും ധാർമ്മികവുമാണ്. ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശം പിടിച്ചെടുക്കേണ്ട ആവശ്യമില്ലാത്ത ഒരു സാമ്രാജ്യത്തെക്കുറിച്ച്, അതായത് മറ്റ് രാജ്യങ്ങളെ നേരിട്ടോ അല്ലാതെയോ നയിക്കുന്ന ഒരു രാഷ്ട്രത്തെക്കുറിച്ച് ചിന്തിക്കാം. ഒന്നാം പുരാതന റോമൻ സാമ്രാജ്യത്തിന്റെ പിൻഗാമിയാണ് മൂന്നാം റോം. ഇത് ഫാസിസ്റ്റ് രാഷ്ട്രമാണെന്നും യൂറോപ്പിലുടനീളം നവോത്ഥാനത്തിന്റെ വിത്തുകൾ പ്രചരിപ്പിച്ച നവോത്ഥാന റോം ആണെന്നും മുസ്സോളിനി വിശ്വസിച്ചു.

ഫാസിസം യുദ്ധത്തിന്റെ ഗുണങ്ങളെ പ്രകീർത്തിച്ചു. സ്ത്രീക്ക് പ്രസവം എന്താണോ അതുപോലെയാണ് പുരുഷനു യുദ്ധം എന്നത് മുസ്സോളിനി കുപ്രസിദ്ധമായി പ്രസ്താവിച്ചത്. ഇത് ഭീരുക്കളുടേയും ദുർബലരുടേയും സമാധാനം ഇല്ലാതാക്കുന്ന ഒരു മുദ്രാവാക്യം ആയി മാറി. ഫാസിസം സ്ത്രീകളെ രാജ്യത്തിന്റെ പുനർനിർമ്മാതാക്കൾ ആയി ബഹുമാനിച്ചു.

പരിമിതമായ രാഷ്ട്രത്തിന്റെ ആശയം ഫാസിസം നിരസിച്ചു. ഏകാധിപത്യം എന്ന ആശയം അത് ആവേശത്തോടെ പിന്തുടർന്നു. രാഷ്ട്രത്തിന് അകത്താണ് എല്ലാം. രാഷ്ട്രത്തിന് പുറത്ത് ഒന്നുമില്ല. രാഷ്ട്രത്തിന് എതിരായി ഒന്നുമില്ല എന്ന് മുസ്സോളിനി ഉദ്ഘോഷിച്ചു. സമൂലമായി പുതിയൊരു സമൂഹം സൃഷ്ടിക്കാൻ രാഷ്ട്രത്തിന് അധികാരമുണ്ടായിരുന്നു. അത് പൗരന്മാരുടെ മനസ്സിലും പ്രവൃത്തി പൂർണ്ണ നിയന്ത്രണം ചെലുത്തി. ഇറ്റലിയെ ഒരു ശക്തമായ രാഷ്ട്രമാക്കി മാറ്റുന്നതിനും അതിലെ പൗരന്മാരെ രാഷ്ട്രീയമായി സജീവമായ ധീരരായ ജനങ്ങളായി രൂപപ്പെടുത്തുന്നതിനും ശക്തമായ സ്വേച്ഛാധിപത്യ രാഷ്ട്രം നിർണായകമാണെന്ന് വാദിക്കുന്ന ഏകാധിപത്യ രാഷ്ട്ര സങ്കൽപ്പത്തിന് ഫാസിസ്റ്റുകൾ ക്രിയാത്മക വീക്ഷണം നൽകി.

ഫാസിസം കമ്മ്യൂണിസത്തെ അതിന്റെ മാരകമായ ശത്രുവായി കണക്കാക്കുകയും അതിനെ അടിച്ചമർത്താൻ കഠിനമായി പരിശ്രമിക്കുകയും ചെയ്തു. ഇറ്റലിയിലെ മഹാനായ മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംസിയെ 20 വർഷം ജയിലിലടച്ചു. ഈ കേസിന്റെ അവസാന വാദത്തിൽ സർക്കാർ വക്കീൽ ജഡ്ജിയോട് ഇപ്രകാരം പറഞ്ഞു 20 വർഷത്തേക്ക് മസ്തിഷ്കം പ്രവർത്തിക്കുന്നത് അവസാനിപ്പിക്കണം. രാഷ്ട്രീയ പാർട്ടികളെയും, പ്രസ്ഥാനങ്ങളെയും കമ്മ്യൂണിസത്തെ പിന്തുണയ്ക്കുന്ന രചനകളെയും ഫാസിസം നിരോധിച്ചു. പ്രത്യയശാസ്ത്രപരമായി അത് ഭരണകൂടം, സമൂഹം, വർഗ്ഗം, വിപ്ലവം എന്നി

11th Std Political Science_Ch_8_Malayalam.indd 159 14/02/2023 19:26:22

വയുടെ മാർക്സിസ്റ്റ് സങ്കൽപ്പങ്ങളെ നിരാകരിച്ചു. വർഗ്ഗീയ സമൂഹം കമ്മ്യൂണിസത്തിനെതിരായി ഫാസിസം ഭരണകൂടത്തിന്റെ മൗലീക ഐക്യത്തെ പിന്തുണച്ചു.

നിങ്ങൾക്ക് അറിയാമോ?

ജനാധിപത്യം, സോഷ്യലിസം, കമ്മ്യൂണിസം എന്നിവയ്ക്കുള്ള മറുപടി സിദ്ധാന്തമായി ഫാസിസത്തിന്റെ സിദ്ധാന്തം ഉയർന്നുവന്നു. ജനാധിപത്യവും കമ്മ്യൂണിസവും ആധുനിക യുഗത്തിന്റെ പുരോഗമന കേന്ദ്രീകരണത്തെ പ്രതിനിധീകരിക്കുമ്പോൾ ഫാസിസം വിപരീത ദിശയിലുള്ള പ്രവണതയെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു.



ഒരു കോർപ്പറേറ്റ് രാഷ്ട്രത്തെ നിലയിൽ അതിന്റെ സ്വഭാവമാണ് ഫാസിസ്റ്റ്. ഭരണകൂടത്തിന്റെ ശ്രദ്ധേയമായ വസ്തുത. ഓരോ തൊഴിലിനും വ്യാപാരത്തിനും അതിന്റേതായ ഒരു ഏകീകൃത ഘടന ഉണ്ട്. സംസ്ഥാനത്തിന്റെ എല്ലാ ദേശീയ ലക്ഷ്യങ്ങൾക്കും അത് പ്രാധാന്യം നൽകി. തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി കോർപ്പേറ്റ് സംസ്ഥാനങ്ങൾക്ക് സ്ഥാനകയറ്റം നൽകി. കോർപ്പറേറ്റ് സ്ഥാപനങ്ങളിലൂടെ മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള വഴക്കുകൾ പരിഹരിക്കാൻ കഴിയുമെന്ന് മുസ്സോളിനി ഉറച്ച് വിശ്വസിച്ചു.

പണിമുടക്ക് നിയമവിരുദ്ധമാണെന്ന് തൊഴിലാളികളോട് കർശനമായി പറഞ്ഞു. ഫാസിസ്റ്റ് സംസ്ഥാനങ്ങളും പാർട്ടിയും വേതനം കുറച്ചറിയാൻ അത് അവരെ വളരെയധികം ബാധിച്ചു. കോർപ്പറേറ്റ് സംഘടനകൾ അഴിമതിയും കഴിവില്ലായ്മയും മൂലം വളരെയധികം പ്രയാസം അനുഭവിക്കേണ്ടിവന്നു. കോർപ്പറേറ്റ് രാഷ്ട്രങ്ങൾ ഫാസിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ അടിത്തറയായിരുന്നുവെങ്കിലും അത് തൊഴിലാളികളുടെ അവകാശങ്ങളെ ചവിട്ടിമെതിച്ചു.

വിമർശനം

മനുഷ്യരാശി നേരിട്ട ഏറ്റവും ശക്തമായ ഏകാധിപത്യ ഭരണമായിരുന്നു ഫാസിസം. ഇത് ജനാധിപത്യവിരുദ്ധമായിരുന്നു. ഫാസിസത്തെ അവസരവാദപരവും ബുദ്ധിപരവുമായി സത്യസന്ധത ഇല്ലാത്തതുമായ ഒരു പ്രത്യയശാസ്ത്രമായി ആക്ഷേപിച്ചു. കാരണം അതിന്റെ അടിസ്ഥാന പ്രത്യയശാസ്ത്ര തത്വങ്ങളും നിലപാടുകളും പതിവായി മാറുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഫാസിസവും നാസിസവും മനുഷ്യരാശിക്കു വൻമരണങ്ങളും നാശങ്ങളും വരുത്തുന്നതിൽ ക്രൂരമായ സഹകാരികളായിരുന്നുവെങ്കിലും, ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ ഫാസിസം കൂടുതൽ ആകർഷണീയമായിരുന്നു. അതിനാൽ 21-ാം നൂറ്റാണ്ടിൽ പോലും ഏകാധിപതികളെയും ഏകാധിപത്യരാഷ്ട്രങ്ങളെയും ആക്രമിക്കാൻ പറ്റിയ ഒരു പദമായി ഇത് തുടരുന്നു.

8.6 നാസിസം

യുദ്ധകാലഘട്ടത്തിൽ ജർമ്മനിയെ ഭരിച്ച നാസിസം എന്ന ഏകാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ ശില്പിയായിരുന്നു അഡോൾഫ് ഹിറ്റ്ലർ. എല്ലാ പ്രധാന വ്യവസായങ്ങളെയും ദേശസാൽക്കരിക്കുക യുദ്ധലാഭം കവർന്നെടുക്കുക. പണമിടപാടുകാരിൽ നിന്നുള്ള മാനസിക പീഡനത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്നിവ ഉൾപ്പെടുന്ന സമൂലമായ 25 പോയിന്റ് പരിപാടിയുടെ അടിസ്ഥാനത്തിൽ 1920-ൽ ഹിറ്റ്ലർ നാസി പാർട്ടി (ഔദ്യോഗികമായി ദേശീയ സോഷ്യലിസ്റ്റ് ജർമ്മൻ തൊഴിലാളി പാർട്ടി) രൂപീകരിച്ചു. ഹിറ്റ്ലർ കുശലപൂർവ്വം ജനവികാരമിളക്കുന്ന നേതാവായിരുന്നു. അദ്ദേഹം എല്ലാവർക്കും എല്ലാം വാഗ്ദാനം ചെയ്തു. എല്ലാ വയറിനും ഭക്ഷണം എല്ലാവർക്കും തുണി, ഓരോ കൈയ്ക്കും തൊഴിൽ ഓരോ കുടുംബത്തിനും വീട് എന്നിവ അദ്ദേഹം വാഗ്ദാനം ചെയ്തു. 1933 ലെ പാർലമെന്ററി ഭരണഘടനാ പ്രക്രിയകൾ കൈകാര്യം ചെയ്തുകൊണ്ട് രക്തം ചൊരിയാതെ അദ്ദേഹത്തിന്റെ അധികാരത്തിന്റെ കോട്ടകളിൽ എത്തി.





11th Std Political Science_Ch_8_Malayalam.indd 160 14/02/2023 19:26:22

ഉയർന്നുവരാനുള്ള കാരണം

ഹിറ്റ്ലറുടെ നാസിസത്തിന്റെ ആവിർഭാവത്തിന്റെ പ്രധാന കാരണം യുദ്ധാനന്തര ഒത്തുതീർപ്പ് പ്രക്രീയയിൽ പാരീസിൽ ഒപ്പുവച്ച 1919 ലെ വിവാദമായ വെർസൈൽസ് ഉടമ്പടിയാണ്. ജർമ്മൻ രാഷ്ട്രത്തിന്റെ സാമ്പത്തിക, സൈനീക, രാഷ്ട്രീയത്തെ അപമാനിക്കുന്ന തരത്തിലുള്ള സഖ്യശക്തികളുടെ രീതികളെ അപലപിച്ചുകൊണ്ട് ഹിറ്റ്ലർ സാധാരണക്കാരുടെ വികാരങ്ങളെ അവർക്കെതിരായി ഉയർത്താൻ ശ്രമിച്ചു. ജർമ്മൻ രാഷ്ട്രത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപാടുകളും ആശയങ്ങളും ഉൾക്കൊള്ളുന്ന എന്റെ പോരാട്ടം എന്നർത്ഥമുള്ള മെയിൻ കാംഫ് എന്ന പുസ്തകം അദ്ദേഹം രചിച്ചു.

പ്രധാന സവിശേഷതകൾ

നാസിസം ഏകാധിപത്യത്തിൽ വിശ്വസിച്ചു. സംസ്ഥാനമാണ് ഭൂമിയിലെ ദൈവത്തിന്റെ അതിര് എന്ന ചരിത്രപ്രധാനമായ മുദ്രാവാക്യം ജർമ്മൻ തത്വചിന്തകനായ ഫ്രീഡ്രിക് ഹെഗലിൻ മുന്നോട്ടു വച്ചു. നാസിസം യുദ്ധത്തെ ആസൂത്രിതമായി മഹത്വവത്കരിക്കുകയായിരുന്നു.

ഹിറ്റ്ലർ പറഞ്ഞു യുദ്ധം ശാശ്വതമാണ്, യുദ്ധം സാർവത്രികമാണ്. യുദ്ധം ജീവിതമാണ്, യുദ്ധമാണ് എല്ലാ വസ്തുക്കളുടേയും ഉത്ഭവം. ഈ യുദ്ധക്കെടുതി രണ്ടാം ലോഹമഹായുദ്ധത്തിന് കാരണമാവുകയും മനുഷ്യരാശിക്ക് ദുരന്തങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

ഒരുപക്ഷേ നാസിസത്തിന്റെ ഏറ്റവും വിവാദപരമായ തത്വങ്ങളിലൊന്ന് അതിന്റെ വംശീയ മേധാവിത്വവും കെട്ടുകഥകളിലെ വിശുദ്ധിയുമാണ് ആര്യൻ വംശത്തെ ഏറ്റവും ബുദ്ധിമാനും അതിശയിപ്പിക്കുന്നവരുമായി ഹിറ്റ്ലർ കരുതി, അതിനെ മനുഷ്യരാശിയുടെ യജമാനവർഗ്ഗം എന്ന് വിളിക്കുന്നു. ജർമ്മൻ രാജ്യത്തിനകത്തോ സമീപത്തോ താമസിക്കുന്ന മറ്റ് വംശങ്ങളെ പ്രത്യേകിച്ച് ജൂതൻമാരെയും സ്ലാവ് വംശങ്ങളെയും അദ്ദേഹം വെറുത്തു. ആര്യൻ വംശത്തിന്റെ വംശീയ വിശുദ്ധി സംരക്ഷിക്കുന്നതിനായി 1934-ൽ ന്യൂറെംബർഗ് നിയമങ്ങൾ എന്നറിയപ്പെടുന്ന ഒരുകൂട്ടം നിയമങ്ങൾ നിലവിൽ വന്നു. ആര്യന്മാരും ജൂതന്മാരും ജിപ്സികൾ തുടങ്ങിയ അശുദ്ധ വംശങ്ങളും തമ്മിലുള്ള ദാമ്പത്യ ബന്ധം നിരോധിച്ചു.

തടങ്കൽപ്പാളയങ്ങൾ



ഹോളോകോസ്റ്റ്



നാസിസം ജൂതൻമാർക്കെതിരെ ക്രൂരമായ ഒരു പീഡന പ്രചരണം നടത്തി. ഇത് ദശലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കി. അത് ഇപ്പോൾ ഹോളോകോസ്റ്റ് ആയി കണക്കാക്കപ്പെടുന്നു. ജർമ്മൻ ജനതയുടെ ദുരിതത്തിന് ഉത്തരവാദികളായ ജൂതൻമാരെ നാസിസം അടിച്ചമർത്തി. സമ്പന്ന വിഭാഗങ്ങളിലെ ജൂതന്മാരുടെ അനുപാതമില്ലാതെ ഉയർന്ന പ്രാതിനിധ്യവും സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളിൽ അവരുടെ താഴ്ന്ന ശതമാനം സാന്നിധ്യവും നാസി ഭരണകൂടത്തിന്റെ കോപത്തെ ക്ഷണിച്ചു. തടങ്കൽപാളയങ്ങൾ എന്നറിയപ്പെടുന്ന തടങ്കലിൽ മനുഷ്യത്വരഹിതമായ അവസ്ഥയിൽ അവരെ പാർപ്പിച്ചു.

നാസിസം വിപുലീകരണവാദിയായിരുന്നു. കൊളോണിയൽ ഭീകരത എന്ന നിലയിൽ ഇംഗ്ലണ്ടിനെ മറികടക്കാനും അതിലൂടെ അധിക ജനസംഖ്യയെ കയറ്റുമതി ചെയ്ത് കോളനികൾ പിടിച്ചെടുക്കാനും ജർമ്മനി ആഗ്രഹിച്ചു.

സോവിയറ്റ് യൂണിയന്റെ കമ്മ്യൂണിസം, അമേരിക്കൻ ഐക്യനാടുകളിലെ സ്വതന്ത്ര്യ ജനാധിപത്യം, ലീഗ് ഓഫ് നാഷൻസിന്റെ അന്താരാഷ്ട്രവാദം തുടങ്ങിയ നിലവിലുള്ള രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളെയും സംവിധാനങ്ങളേയും നാസിസം നിരാകരിച്ചു.

നാസിസം നായകാരാധനയിൽ വിശ്വസിച്ചു. ജർമ്മനി ഹിറ്റ്ലറും ഹിറ്റ്ലർ ജർമ്മനിയുമാണ് എന്ന ആശയം ജനങ്ങളുടെ മനസ്സിൽ നിറഞ്ഞു. മനുഷ്യ

11th Std Political Science_Ch_8_Malayalam.indd 161 14/02/2023 19:26:22

രുടെ തുല്യത എന്ന ആശയം നിരസിക്കപ്പെട്ടു. അഡോൾഫ് ഹിറ്റ്ലറെ 'ഫ്യൂറർ' (നേതാവ്) എന്നാണ് അഭിസംബോധന ചെയ്തത്. വാസ്തവത്തിൽ ജർമ്മനിയെതന്നെ ഫ്യൂറർ രാഷ്ട്രം എന്നാണ് വിളിച്ചിരുന്നത്. അതിനർത്ഥം നേതൃ രാഷ്ട്രം എന്നാണ്.

പ്രവർത്തനം

ഫിലിം സ്ക്രീനിംഗ്

പ്രിയ വിദ്യാർത്ഥികളെ, നാസിസം നിരപരാധികളായ വംശഹത്യ നടത്തിയെന്ന് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയല്ലോ. നാസിസത്തിന്റെ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി സിനിമകൾഉണ്ട്.ഉദാഹരണത്തിന്,ഷിൻഡേഴ്സ് ലിസ്റ്റ് എന്ന സിനിമ നാസി കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുകയും നിരവധി ഓസ്കാർ അവാർഡുകൾ നേടുകയും ചെയ്തു. ക്ലാസ്റൂമിൽ നിങ്ങൾക്ക് സിനിമയുടെ സ്ക്രീനിംഗ് ക്രമീകരിക്കാം.



നാസിസം യുക്തിരാഹിത്യത്തെ പിന്തുടർന്നു. അതിനുള്ള കാരണങ്ങളെ അവർ ശക്തമായി എതിർത്തു. യുക്തിരാഹിത്യത്തിന്റെ തത്വചിന്തയോട് ചേർന്നു നിൽക്കുന്നത് ജർമ്മൻ ജനതയുടെ വികാരങ്ങളേയും, വിചാരങ്ങളേയും ഇഷ്ടങ്ങളേയും ആകർഷിച്ചു. ഒറ്റ പാർട്ടി ഭരണം മാത്രമാണ് നാസിസം അംഗീകരിച്ചത്. മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളേയും നിരോധിക്കുകയും അടിച്ചമർത്തുകയും ചെയ്തു. ജനങ്ങളെ അണിനിരത്തുന്നതിനാണ് പാർട്ടി ശ്രമിച്ചത്. സംഘടനാപരമായി ഹിറ്റ്ലർ എല്ലാ അധികാരങ്ങളും മുകളിൽ കേന്ദ്രീകരിച്ച് കർശനമായ ശ്രേണി തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള പാർട്ടിയാണ് രൂപീകരിച്ചത്.

ചുരുക്കത്തിൽ നാസിസം ഏകാധിപത്യപരവും യുക്തിരഹിതവും വംശീയവും മനുഷ്യത്വരഹിതവുമായ പ്രത്യയശാസ്ത്രമാണെന്ന് വിമർശിക്കപ്പെടുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനിയുടെ പരാജയവും അഡോൾഫ് ഹിറ്റ്ലറുടെ ആത്മഹത്യയും നാസി പാർട്ടിയേയും പ്രത്യയശാസ്ത്രത്തേയും കെടുത്തിക്കളഞ്ഞു. മത്സരാധിഷ്ഠിത പാർട്ടി സമ്പ്രദായത്തെ അടിസ്ഥാനമാക്കി ജർമ്മനിയിൽ സ്വതന്ത്ര ജനാധിപത്യ രാഷ്ട്രീയ വ്യവസ്ഥയുടെ ആവിർഭാവം നാസിസത്തിന്റെ പുനരുജ്ജീവനത്തിനുള്ള സാധ്യത നിഷേധിച്ചു.

പദസമുച്ചയം

ലെയ്സെസ് ഫെയർ : ഫ്രഞ്ച് ഭാഷയിൽ ഇതിനർത്ഥം ഒറ്റയ്ക്ക് വിടുക എന്നാണ്. തന്റെ ജീവിതം പിന്തുടരാൻ ഭരണകൂടം വ്യക്തിയെ വെറുതെ വിടണം.

മാർക്കറ്റ് സമ്പദ് വ്യവസ്ഥ : ആവശ്യവും വിതരണവും അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥ

സാമൂഹ്യക്ഷേമ ഭരണകൂടം : വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്ന ഭരണകൂടം

പെരെസ്ട്രോയിക്ക : റഷ്യൻ ഭാഷയിൽ ഇത് പുനഃസംഘടിപ്പിക്കുക എന്നാണ് അർത്ഥമാക്കുന്നത്. സോവിയറ്റ് യൂണിയന്റെ മുൻപ്രസിഡന്റ് മിഖായേൽ ഗോർബച്ചേവ് സമ്പദ് വ്യവസ്ഥ പുനസംഘടിപ്പിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ അവതരിപ്പിച്ചു

ഗ്ലാസ്നോസ്റ്റ് : റഷ്യൻ ഭാഷയിൽ ഇത് തുറന്നത് എന്നാണ് അർത്ഥമാക്കുന്നത്. സോവിയറ്റ് യൂണിയന്റെ ജനങ്ങൾക്ക് അതിന്റെ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡി. റൂസ്വെൽറ്റ് അമേരിക്കയിൽ അവതരിപ്പിച്ച സാമ്പത്തിക പരിഷ്കാരങ്ങൾ

പുതിയ ഉടമ്പടി : അമേരിക്കൻ സമ്പദ്വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്താൻ വേണ്ടി അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ .ഡി. റൂസ്വെൽറ്റ് ആണ് അമേരിക്കൻ ഐക്യനാടുകളിൽ സാമ്പത്തിക പരിഷ്കാരം പരിചയപ്പെടുത്തിയത്

ഡെമോക്രാറ്റിക് സെൻട്രലിസം : ലെനിൻ ദൃശ്യവൽക്കരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാ തത്വം

കമ്മ്യൂണിസത്തിന്റെ കൈയ്യൊപ്പ് : മാവോ ചൈനയുടെ വ്യവസ്ഥകൾക്ക് അനുസൃതമായി കമ്മ്യൂണിസം സ്വീകരിക്കുക

ആധിപത്യം : ഗ്രാമി നൽകിയ ധാർമ്മികവും ബൗദ്ധികവുമായ നേതൃത്വം

11th Std Political Science_Ch_8_Malayalam.indd 162 14/02/2023 19:26:23

ഉട്ടോപ്യൻ സോഷ്യലിസം : ശാസ്ത്രമല്ല സഹാനുഭൂതിയും അനുകമ്പയും സോഷ്യലിസ്റ്റ് ആശയങ്ങളെ നയിച്ച മാർക്സിയൻ കാലഘട്ടത്തിലെ സോഷ്യലിസം

ഫാബിയൻ സോഷ്യലിസം : ശരിയായ നിമിഷത്തിൽ കാത്തിരിക്കുക തീവ്രമായി ആക്രമിക്കുക എന്ന സൈനീക തന്ത്രം സ്വീകരിക്കുന്നതിൽ ചരിത്രപരമായി പ്രശസ്തനായ റോമൻ ജനറൽ ഫാബിയസിന്റെ പേരിലാണ് ഈ സോഷ്യലിസം.

ഗിൽഡ് സോഷ്യലിസം : യൂറോപ്പിലെ മധ്യകാലഘട്ടത്തിലെ ഒരു പ്രത്യേക തൊഴിലായ കര കൗശല തൊഴിലാളികളുടേയും ചിത്രകാരന്മാരുടെയും ബന്ധത്തെ സൂചിപ്പിക്കുന്ന ഗിൽഡിന്റെ പേരിലുള്ള സോഷ്യലിസം.

പ്രൈമോർഡിയലിസം : ഒരു പ്രത്യേക ഭാഷ പ്രദേശം, മതം, വംശം മുതലായവയിലെ ആളുകൾ പുരാതന കാലം മുതൽ ഒരുമിച്ച താമസിക്കുന്നതിനാൽ ഒരു വലിയ അന്തർ-ഗ്രൂപ്പ് ബന്ധം വളർത്തിയെന്ന വിശ്വാസം.

സാങ്കൽപ്പിക കമ്മ്യൂണിറ്റികൾ : ജനങ്ങളുടെ മനസ്സിൽ ഭാവനയിൽ നിന്ന് മാത്രം പുറത്ത് കടക്കുന്ന ഒരു സാങ്കൽപ്പിക സമൂഹമാണ് രാഷ്ട്രമെന്ന് വാദിക്കാൻ ബെനഡിക്ട് ആൻഡേഴ്സൺ ഈ പദങ്ങൾ അവതരിപ്പിച്ചു.

തൊഴിലാളിവർഗ്ഗം : തൊഴിലാളി വർഗ്ഗത്തെയോ വ്യവസായിക വേതന വരുമാന വർഗ്ഗത്തേയോ സൂചിപ്പിക്കാൻ കാർമാർക്സ് ഈ പദം വ്യാപകമായി ഉപയോഗിച്ചു

യു.എസ്.എസ്.ആർ. : സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ റഷ്യ ഉൾപ്പെടെ പതിനഞ്ച് റിപ്പബ്ലിക്കുകൾ അടങ്ങുന്ന കമ്മ്യൂണിസ്റ്റ് രാജ്യത്തിന്റെ ഔദ്യോഗിക നാമമായിരുന്നു അത്

ബ്രെക്സ്റ്റിറ്റ് : യൂറോപ്യൻ യൂണിയനിൽ നിന്ന് ബ്രിട്ടൺ പുറത്ത്

ആഗോളവൽക്കരണം : സാമ്പത്തിക, വാണിജ്യ മേഖലകളിൽ ലോകത്തിന്റെ സംയോജനം

ഫാസിസം : ഇറ്റാലിയൻ ഭാഷയിൽ ഫാസി എന്നാൽ ഐക്യത്തെയും ശക്തിയേയും സൂചിപ്പിക്കുന്ന ഒരു കെട്ട്.

തടങ്കൽപ്പാളയങ്ങൾ : നിസ്സഹായരായ യഹൂദന്മാരെ വിചാരണ കൂടാതെ തടവിലാക്കുകയും നാസി സൈന്യം നിഷ്കരുണം കൊലപ്പെടുത്തുകയും ചെയ്ത സ്ഥലങ്ങൾ.

മൂല്യനിർണ്ണയം

I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

1. ഏത് പ്രത്യാശാസ്ത്രമാണ് ഭരണകൂടത്തെ അത്യാവശ്യമായ തിന്മയായി കണക്കാക്കുന്നത്?

a) നെഗറ്റീവ് ലിബറലിസം b) പോസിറ്റീവ് ലിബറലിസം
c) മാർക്സിസം d) അരാജകത്വം

2. പോസിറ്റീവ് ലിബറലിസം ഭരണകൂടത്തെ ഒരു ഉപകരണമായി വീക്ഷിച്ചു

a) ക്രമസമാധാനം b) ചൂഷണം
c) സാമൂഹ്യക്ഷേമം d) വിപ്ലവം

3. സ്വാതന്ത്ര്യവാദിത്വം പിന്തുണച്ചിരുന്നു

a) നോക്ക് b) നോസിക്
c) F.A. ഹയക് d) മുകളിലുള്ള എല്ലാ ചിന്തകരും

4. മേധാവിത്വം എന്ന ആശയം വാദിച്ചത്

a) കാൾ മാർക്സ് b) ലെനിൻ
c) അന്റോണിയ ഗ്രാംസി d) മാവോ

11th Std Political Science_Ch_8_Malayalam.indd 163 14/02/2023 19:26:23

5. കമ്മ്യൂണിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ മുന്നണിയായിരിക്കണം എന്ന കാഴ്ചപ്പാട് പ്രചരിപ്പിച്ചത്

a) കാൾ മാർക്സ് b) ലെനിൻ
c) മാവോ d) സ്റ്റാലിൻ

6. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന് മാവോയുടെ പ്രധാന സംഭാവന ഈ രൂപത്തിൽ കാണാം

a) കമ്മ്യൂണിസത്തിന്റെ കൈയ്യൊപ്പ് b) ചരിത്രപരമായ ഭൗതീകവാദം
c) മിച്ചമൂല്യം d) മകളിലുള്ളവയെല്ലാം

7. യോജിപ്പിക്കുക

1. ബർണാഡ്ഷാ	A. ഉട്ടോപ്യൻ സോഷ്യലിസം
2. റോബർട്ട് ഓവൻ	B. പരിണാമ സോഷ്യലിസം
3. എഡ്വേർഡ് ബെൻസ്റ്റൈൻ	C. ഗിൽഡ് സോഷ്യലിസം
4. ഡി.എച്ച്. കോൾ	D. ഫാബിയൻ സോഷ്യലിസം

a) 1-A 2-B 3-C 4-D
b) 1-D 2-A 3- B 4-C
c) 1-A 2-D 3-C 4-B
d) 1-C 2-B 3-D 4-A

8. ഫാബിയൻ സോഷ്യലിസത്തിന്റെ പേരാണ്

a) റോമൻ ജനറൽ b) റഷ്യൻ ജനറൽ
c) ഇംഗ്ലീഷ് ജനറൽ d) ഇന്ത്യൻ ജനറൽ

9. ഗിൽഡ് സോഷ്യലിസം വാദിച്ചത്

a) നവീകരിച്ച മദ്ധ്യകാല ഗിൽഡ് സമ്പ്രദായം
b) വിദ്യാഭ്യാസം പോലെ സംസ്ഥാന നിർവ്വഹണ പ്രവർത്തനങ്ങൾ
c) മാറ്റത്തിന്റെ സമാധാനപരമായ രീതികൾ
d) മുകളിൽ പറഞ്ഞവരെല്ലാം

10. ഇനിപ്പറയുന്നവരിൽ ആരാണ് കമ്മ്യൂണിസ്റ്റ് ചിന്തകൻ അല്ലാത്തത്?

a) കാൾ പോപ്പർ b) കാൾ മാർക്സ്
c) ലൂയിസ് അൽത്തൂസ്സർ c) അന്റോണിയോ ഗ്രാംസി

11. സോഷ്യലിസത്തിന്റെ ഇന്ത്യൻ വൈവിധ്യമാണ്

a) സിൻഡിക്കലിസം b) ഫാബിയൻ സോഷ്യലിസം
c) സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റി d) ഗിൽഡ് സോഷ്യലിസം

12 . സാങ്കൽപ്പിക കമ്മ്യൂണിസ്റ്റുകളുടെ അടിസ്ഥാനത്തിൽ ദേശീയതയെ ആരാണ് വിശേഷിപ്പിച്ചത്?

a) കാൾ ഡച്ച് b) ബെനഡിക്ട് ആൻഡേഴ്സൺ
c) മൈക്കൽമാൻ d) ആന്റണി ഗിഡ്ഡൻസ്

11th Std Political Science_Ch_8_Malayalam.indd 164 14/02/2023 19:26:23

13 . "തൊഴിലാളി വർഗ്ഗത്തിന് പിതൃരാജ്യമില്ല" എന്ന് പറഞ്ഞത് ആരാണ്.

a) ബെനഡിക്റ്റ് ആൻഡേഴ്സൺ b) കാൾഡച്ച്
c) അരിസ്റ്റോട്ടിൽ d) കാൾമാർക്സ്

14. മെയിൻ കാംഫ് എന്ന പുസ്തകം രചിച്ചത് ആരാണ്?

a) കാൾ മാർക്സ് b) പ്ലേറ്റോ
c) അഡോൾഫ് ഹിറ്റ്ലർ d) ആദംസ്മിത്ത്

15. നാസിസം വിശ്വസിച്ചത്

a) ആര്യൻ വംശീയ മേധാവിത്വം b) ദേശീയ സമത്വം
c) ജൂത മേധാവിത്വം d) യൂറോപ്യൻ മേധാവിത്വം

16. വാദം : ഗ്രാംസി ആധിപത്യം സ്ഥാപിച്ചു.
കാരണം : വികസിത രാജ്യങ്ങൾക്ക് വികസ്വര രാജ്യങ്ങളിൽ നിയന്ത്രണവും ആധിപത്യവും ഉപയോഗിക്കാൻ കഴിയും.

(a) വാദം, കാരണം ശരിയാണ്, പക്ഷെ കാരണം വാദത്തിന് ശരിയായ വിശദീകരണമാണ്.
(b) വാദം, കാരണം ശരിയാണ്, പക്ഷെ കാരണം വാദത്തിന് ശരിയായ വിശദീകരണമല്ല.
(c) വാദം ശരിയാണ് പക്ഷെ കാരണം തെറ്റാണ്.
(d) വാദം തെറ്റാണ് കാരണം ശരിയാണ്.

II. വളരെ ചുരുക്കത്തിൽ ഉത്തരം എഴുതുക

1. ചരിത്രത്തിന്റെ അവസാനമെന്നത് കൊണ്ടുദ്ദേശീക്കുന്നത് എന്താണ് ?
2. "കേന്ദ്രീകൃത ജനാധിപത്യം" എന്ന പദം വിശദീകരിക്കുക
3. നിയോ മാർക്സിസത്തെക്കുറിച്ച് ഒരു ഹ്രസ്വ വിശദീകരണം നല്കുക
4. തങ്ങളുടെ രാജ്യത്തിൽ സ്വാതന്ത്ര്യവാദം നടപ്പിലാക്കിയ നേതാക്കളുടെ പേര് നൽകുക.
5. മാർക്സിസത്തിന്റെ ആയുധം എന്താണ്?
6. ദേശീയത പ്രഥമദൃഷ്ട്യ അടയാളങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണോ?
7. പ്രത്യാശാസ്ത്രപരമായ സംസ്ഥാന ഉപകരണങ്ങൾ വിശദീകരിക്കുക.

III ചുരുക്കത്തിൽ ഉത്തരം എഴുതുക

1. പോസിറ്റീവ് ലിബറലിസത്തിൽ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ തിരിച്ചറിയുക
2. ഗ്രാംസി മുന്നോട്ടുവച്ച ആധിപത്യ സങ്കൽപ്പത്തെക്കുറിച്ച് എഴുതുക?
3. ലെനിൻ കമ്മ്യൂണിസത്തിന് നൽകിയ സംഭാവനകളെക്കുറിച്ച് വിശദമായ വിവരണം നൽകുക
4. കമ്മ്യൂണിസത്തെ സോഷ്യലിസവുമായി താരതമ്യപ്പെടുത്തുക

IV ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം എഴുതുക

1. സ്വാതന്ത്ര്യവാദത്തിന്റെ പ്രത്യയശാസ്ത്രം വിശകലനം ചെയ്യുക
2. മാവോയുടെ പ്രത്യയശാസ്ത്രത്തിന്റെ പ്രധാന സവിശേഷതകൾ പരിശോധിക്കുക
3. ഫാബിയൻ സോഷ്യലിസത്തിന്റെ പ്രധാന ഘടകങ്ങൾ ചർച്ച ചെയ്യുക
4. ഇന്ത്യൻ ദേശീയതയുടെ കാരണമായ ഘടകങ്ങൾ വിവരിക്കുക
5. ഫാസിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ പ്രധാന ഘടകങ്ങൾ ചർച്ച ചെയ്യുക

11th Std Political Science_Ch_8_Malayalam.indd 165 14/02/2023 19:26:23

Reference Books

1. Anderson, B. (1983) Imagined Communities: Reflections on the Origins and Spread of Nationalism. London: Verso
2. Gauba, O.P. (2009) An Introduction to Political Theory, New Delhi: Macmillan Publishers India Ltd.
3. Heywood, Andrew(2003) Political Ideologies: An Introduction, London: Macmillan
4. IGNOU Political Science Study Materials, B.A and M.A
5. Rajeev Bhargava & Ashok Acharya (Ed) (2016) Political theory: An Introduction, New Delhi: Thomson press.
6. Ramasamy, Sushila (2009) "Political Theory – Ideas and Concepts, Chennai: Macmillan India Ltd.

ഐ.സി.റ്റി. കോർണർ

അദ്ധ്യായം-8 രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ ഭാഗം - I

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ വ്യത്യസ്ത തത്വ ചിന്തകരേയും അവരുടെ തത്വങ്ങളെയും പഠിക്കുന്നതായിരിക്കും.



രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ

ഘട്ടം

1. ഹിസ്ട്രോപീഡിയ ഓപ്പൺ ചെയ്യുന്നതിലേക്കായി URL അല്ലെങ്കിൽ QR ഉപയോഗിക്കുക.
2. Histropedia home page open ചെയ്യുക., activity window യുടെ ഏറ്റവും മുകളിൽ വലതുമൂലയിൽ communism എന്ന് ടൈപ്പ് ചെയ്യുക.
3. ഇതിൽ കമ്മ്യൂണിസത്തിന്റ ആദ്യകാലം മുതലുള്ള തത്വചിന്തകൾ കാലനിർണ്ണയരേഖയിൽ കാണിക്കുന്നതായിരിക്കും.
4. ഈ കാലനിർണ്ണയ രേഖയിൽ കാണിക്കുന്ന വർഷം timeline ചെയ്താൽ അപ്പോഴുള്ള തത്വചിന്തകരേയും അവരുടെ തത്വങ്ങളേയും നമുക്ക് കാണാൻ സാധിക്കും. ഇതിലൂടെ ആ കാലഘട്ടത്തിൽ വികസിപ്പിച്ച തത്വചിന്തകളും അതുമായി ബന്ധപ്പെട്ട തത്വചിന്തകരേയും പറ്റി നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

Download Link

*Pictures are indicative only.

*If browser requires, allow Flash Player or Java Script to load the page.

URL: http://www.histropedia.com/

4JWMX

11th Std Political Science_Ch_8_Malayalam.indd 166 14/02/2023 19:26:24

യൂണിറ്റ്
9

രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ – ഭാഗം II



പഠന ലക്ഷ്യങ്ങൾ

- അരാജകത്വത്തിന്റെ പദോൽപ്പത്തി, സ്വഭാവ സവിശേഷതകൾ, തരങ്ങൾ, ചിന്തകൾ എന്നിവ മനസ്സിലാക്കാൻ
- സ്ത്രീവിമോചനത്തിന്റെ ആവിർഭാവവും വൈവിധ്യങ്ങളും മനസ്സിലാക്കൽ
- സ്ത്രീകളുടെ ഉന്നമനത്തിനായി ഇൻഡ്യാ ഗവൺമെന്റ് എടുത്തനടപടികൾ അറിയുന്നതിന്
- കമ്മ്യൂണിറ്റേറിയനിസത്തിന്റെ ഉത്ഭവം, ചിന്തകൾ കൂടാതെ പ്രധാന സവിശേഷതകൾ മനസ്സിലാക്കൽ. മനുഷ്യൻ, സമൂഹം, അവകാശങ്ങൾ നീതി എന്നിവയെക്കുറിച്ച് സാമൂഹികവാദം വാദിച്ചതിനെ പരിശോധിക്കൽ
- ആധുനികതയ്ക്കു ശേഷം എന്നതിന്റെ അർത്ഥം, ചിന്തകരെക്കുറിച്ചുള്ള പഠനം, സത്യത്തിന്റെ ഗുണങ്ങൾ, സ്വകാര്യ ശ്രദ്ധ, സ്വതരാഷ്ട്രീയം എന്നിവയെക്കുറിച്ച് മനസ്സിലാക്കൽ
- ആഴത്തിലുള്ള പരിസ്ഥിതി ശാസ്ത്രം, ആഴമില്ലാത്ത പരിസ്ഥിതി ശാസ്ത്രം, പരിസ്ഥിതി രാഷ്ട്രീയ സിദ്ധാന്തങ്ങൾ തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കൽ
- ഇൻഡ്യയുടെ പ്രധാനപ്പെട്ട പരിസ്ഥിതി പ്രസ്ഥാനങ്ങളെക്കുറിച്ച് അറിയുന്നത്

9.1 അരാജകത്വം

അരാജകത്വം എന്നത് സ്വതസിദ്ധമായ സമൂഹങ്ങളുടെ മാതൃകയെ സ്വതസിദ്ധമായ സഹകരണപദോൽപദനത്തെ അടിസ്ഥാനമാക്കി വാദിക്കുന്ന ഒരു രാഷ്ട്രീയ പ്രത്യയ ശാസ്ത്രമാണ്. അരാജകത്വം മനുഷ്യന്റെ സഹജാവബോധത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. അധികാരമില്ലാത്ത അർത്ഥം വരുന്ന 'അനാർക്കോസ്' എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് അരാജകത്വം ഉദ്ഭവിച്ചത്. അരാജകത്വത്തിന്റെ ആദ്യകാല രാഷ്ട്രീയ തത്ത്വ ചിന്തകരിലൊരാളായ പിയറി ജോസഫ് പ്രൂഡൻ ലാഭത്തെ മോഷണം എന്ന് വിശേഷിപ്പിക്കുന്നു.

റഷ്യൻ ചിന്തകനായ പീറ്റർ ക്രോപ്പോട്കിനും പ്രശസ്ത റഷ്യൻ എഴുത്തുകാരനായ ടോൾസ്റ്റോയിയും ഈ തത്ത്വചിന്താപാരമ്പര്യ വക്താക്കളിലെ മറ്റു പ്രധാനപ്പെട്ട വക്താക്കളാണ്.

BOLP4

ഒരു പ്രത്യകശാസ്ത്രമെന്ന നിലയിൽ അരാജകത്വം എല്ലാ അധികാരങ്ങളെയും ഇല്ലാതാക്കാനും മനുഷ്യനെ ഭരണകൂടത്തിൽ നിന്നും, സ്വത്തിൽനിന്നും ഭരണകൂടത്തിൽ നിന്നും, സ്വത്തിൽ നിന്നും മതത്തിൽ നിന്നും മോചിപ്പിക്കാനും ശ്രമിക്കുന്നു. മനുഷ്യരുടെ സ്വമേധയാഉള്ള സഹവാസത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സമൂഹത്തെ ഇത് ദൃശ്യവൽകരിക്കുന്നു.

അരാജകത്വം ഭരണകൂടത്തെ അനാവശ്യമായ ഒരു തിന്മയായികണക്കാക്കുന്നു. കാരണം അത് മനുഷ്യന്റെ ധാർമ്മികവികാസത്തിന് തടസ്സമാകുന്ന അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അടിച്ചമർത്തുന്നു. ഭരണകൂടം ആവശ്യമെന്ന് എല്ലായ്പ്പോഴും വിരുദ്ധചേരികളിൽ നിലകൊള്ളുന്ന ലിബറലിസ്റ്റുകളിൽ നിന്ന് വ്യത്യസ്തമായിട്ട് അരാജകത്വം എന്നത് അനാവശ്യസ്ഥാപനമായി നിരസിക്കുന്നു. സമൂഹത്തിൽ ഭരണകൂടം ഉപയോഗപ്രദമായ ഒരു പ്രവർത്തനത്തെയും നടത്തുന്നില്ലെന്നും അതിനാൽ എത്രയും വേഗത്തിൽ ഉന്മൂലനം ചെയ്യണമെന്നും അവർ വാദിക്കുന്നു. മറ്റൊരുപ്രശസ്ത അരാജകവാദി ചിന്തകനായ ബകുനിൻ ഇപ്രകാരം വാദിച്ചു. ഒരു ഭരണകൂടം ഒരു വർഗത്തെ മറ്റൊരു വർഗ്ഗത്തിനു മേലുള്ള ആധിപത്യവും കീഴ്പ്പെടുത്തലും നടത്തുക എന്നതാണ്. അതിനാൽ എല്ലാ സംസ്ഥാനങ്ങളും അപ്രത്യക്ഷമാകേണ്ടതാണ്.



11th Std Political Science_Ch_9_Malayalam.indd 167 14/02/2023 19:27:38

അരാജകത്വം

(നാമം) എല്ലാം സർക്കാർ അധികാരങ്ങളും അനാവശ്യവും അഭികാമ്യമല്ലാത്തതുമാണെന്ന് കരുതുന്ന ഒരു സിദ്ധാന്തം സ്വമേധയാ സഹകരണവും വ്യക്തികളുടെയും സംഘടനകളുടെയും സ്വതന്ത്യസഹവാസത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതും ഒരു സമൂഹത്തെ വാദിക്കുക എന്ന തത്ത്വത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതും ആണ്

അരാജകവാദം കുഴപ്പമല്ല
അരാജകത്വം നിയമവിരുദ്ധമല്ല.

സ്വയം ഉടമസ്ഥതയുടെ തത്ത്വത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് അരാജകത്വം.

നിങ്ങളുടെ സ്വന്തം ശരീരത്തിന്റെയും ജീവിതത്തിന്റെയും നിർവഹണാധികാരി നിങ്ങളാണെന്ന ആശയം അരാജകവാദികൾ സമാധാനപരമാണ്.

ആർക്കെതിരെയും ആരംഭിച്ച ആക്രമണത്തെ ഒരു അനുവാദവുമില്ലാതെ നിരസിക്കുന്നവർ.



അരാജകത്വം ഒരിക്കലും ക്രമക്കേടും അനൈക്യവും കാരണം വിജയിക്കുന്നില്ല. അതിനുപകരം അത് ക്രമവും ഐക്യവും ഉൾക്കൊള്ളുന്നുവെന്ന് അവകാശപ്പെടുന്നു. മനുഷ്യൻ സ്വാഭാവികമായി സന്നദ്ധ സഹകരണത്തിന്റെ സഹജാവ ബോധത്താൽ നയിക്കപ്പെടുന്ന സന്തോഷത്തിന്റെയും പൂർത്തീകരണത്തിന്റെയും ജീവിതം നയിക്കാൻ അവർക്ക് കഴിയുന്നതാണ്. എന്നാൽ ഭരണ കൂടമെന്ന ഈകൃത്രിമസ്ഥാപനം മനുഷ്യന്റെ സമീകരണ സഹജാവബോധത്തെ അടിച്ചമർത്തുന്നു. ഇത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും അപകടത്തിലാക്കുന്നു. അരാജകത്വം ഭരണകൂടത്തെ നശിപ്പിക്കാനും അതിന്റെ സ്ഥാനത്ത് ഒരു പുതിയ സന്നദ്ധസംഘടനകളെ ഉൾപ്പെടുത്താനും ആഗ്രഹിക്കുന്നു.ഒരോ മനുഷ്യനും പൊതുജീവിതത്തിൽ സ്വമേധയാ ഉത്സാഹത്തോടെ പങ്കെടുക്കുന്നതാണ് അരാജകത്വം എന്നാൽ നിയമങ്ങളില്ലാത്ത ഭരണാധികാരികളില്ലാത്ത ഒരു സമൂഹത്തെ അർത്ഥമാക്കുന്നില്ല.

അരാജകത്വം സ്വയം നിർണ്ണയത്തിന്റെയും, സ്വയം ഉടമസ്ഥതയുടെയും തത്ത്വങ്ങളിൽ വിശ്വസിക്കുന്നു. ഓരോ വ്യക്തിക്കും ദൃഢമായ നിശ്ചയം കൂടാതെ അവന്റെ ആഗ്രഹങ്ങളും സ്വാതന്ത്യവും അവന്റ അല്ലെങ്കിൽ അവളുടെ ജീവിതം തീരുമാനിക്കാൻകഴിയുന്നതാണ്.അതുപോലെഓരോവ്യക്തിക്കും സ്വയം അല്ലെങ്കിൽ അവൾക്ക് പൂർണ്ണമായ അവകാശമുണ്ട്. ഇത് സ്വത്തിന്റെ ഏറ്റവും അടിസ്ഥാന രൂപമാണ് ഈ രണ്ടു വിഷയങ്ങളിലുള്ള സുപ്രധാന തത്ത്വങ്ങളെ ഭരണകൂടം ഭീഷണിപ്പെടുത്തുന്നു. അതിനാൽ നാം അവയെ ഉപയോഗിക്കേണ്ടതാണ്.

മനുഷ്യനെ ഉത്തരവാദിത്വത്തോടെ ചൂഷണം ചെയ്യുന്നതായി വിമർശിക്കുന്ന ഭരണ കൂടത്തെ മാത്രമല്ല, കുടുംബം, മതം തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങളെയും അരാജകത്വം എതിർക്കുന്നു. ചില അരാജകവാദികൾ സ്വത്തിനെ സ്വേച്ഛാധിപത്യവുമായി തുലനം ചെയ്യുകയും അതിനെ കുറ്റകൃത്യത്തിന്റെ ഉറവിടമായി അപലപിക്കുകയും ചെയ്യുന്നു. എന്നാൽ അരാജകത്വം മാർക്സിസ്റ്റ് സിദ്ധാന്തത്തിന് സമാനമാണ് എന്നിരുന്നാലും മാർക്സിസത്തിനും അരാജകവാദത്തിനും വ്യത്യാസങ്ങളുണ്ട്. അരാജകവാദികൾ ഭരണകൂടത്തെ ഉടനെ ഇല്ലാതാക്കണം എന്ന് വാദിക്കുമ്പോൾ മാർക്സിസം, സോഷ്യലിസം സ്ഥാപിതമായതിനുശേഷം ഭരണകൂടം നശിക്കുമെന്ന് വാദിക്കുന്നു.



ജെറാർഡ് കേസി എല്ലാസംസ്ഥാനങ്ങളും ക്രിമിനൽ സംഘടനകളല്ലെന്ന് പറഞ്ഞ് ഇരുപത്തി ഒന്നാം നൂറ്റാണ്ടിലുള്ള അരാജകത്വത്തെ പരാമർശിച്ച് പിന്തുണനൽകി. സോഷ്ചറാധികാരികളും, അടിച്ചമർത്തുന്നവരുമാണ് അരാജകത്വത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം എന്നും ഭരണകൂടങ്ങളില്ലാത്ത വിവിധ സമൂഹങ്ങളുടെ കൂട്ടായ്മ പുതിയതായി രൂപീകരിക്കണമെന്നും വാദിച്ചു.

വ്യത്യസ്തതരത്തിലുള്ള ഭരണ അരാജകത്വം കാണപ്പെടുന്നു. അവയെ ദാർശനിക അരാജകത്വം, സോഷ്യലിസ്റ്റ് അരാജകത്വം വിപ്ലവത്താൽ രൂപപ്പെടുന്ന അരാജകത്വം, സ്വാതന്ത്യവാദി അരാജകത്വം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. എന്നിരുന്നാലും എല്ലാവരും ഭരണകൂടം നിർത്തലാക്കണമെന്ന് ആവശ്യപ്പെടുന്നില്ല. സ്വാതന്ത്രവാദി അരാജ

11th Std Political Science_Ch_9_Malayalam.indd 168 14/02/2023 19:27:38

കത്വംഭരണകൂടത്തിന് സാധ്യമായ ഏറ്റവും കുറഞ്ഞ അളവിൽ പരിമിതപ്പെടുത്താൻ ആഗ്രഹിക്കുന്നു. എന്നിട്ടും ഭൂരിഭാഗം അരാജകവാദി തത്ത്വചിന്തകരും ഭരണകൂടം നിർത്തലാക്കണമെന്ന് വാദിക്കുന്നു.

അരാജകത്വത്തെ വിമർശിക്കുന്ന തത്ത്വചിന്തകന്മാർ അരാജകത്വം മനുഷ്യ സ്വഭാവത്തെക്കുറിച്ച് വളരെ ശുഭാപ്തി വിശ്വാസമുള്ളതാണെന്ന് അഭിപ്രായപ്പെടുന്നു. അവരുടെ അനുമാനങ്ങൾ തികച്ചും നിഷ്കളങ്കമാണ്. അവർ അടിസ്ഥാന യാഥാർഥ്യങ്ങളെ അവഗണിക്കുന്നു. പ്രത്യേകിച്ച് മനുഷ്യരുടെ സ്വാർത്ഥത. എല്ലാ മനുഷ്യരും സഹജമായി സഹകരിക്കുന്നില്ല. മാത്രമല്ല മനുഷ്യർ യുക്തിസഹമായി ചില സമയങ്ങളിൽ വികാരങ്ങളെ ശക്തമായി സ്വാധീനിക്കുകയും ചെയ്യുന്നതിനാൽ വ്യക്തി സ്വാർത്ഥനായും പ്രവർത്തിക്കാവുന്നതാണ്. ഭീകരത, സൈബർ കുറ്റകൃത്യങ്ങൾ, പരിസ്ഥിതി മലിനീകരണം, തുടങ്ങിയ പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്നതിനാൽ ഭരണകൂടമില്ലാത്ത ഒരു ലോകമായോ, സമൂഹമായോ വളരെയധികം ദുരിതത്തിന്റെ ഉറവിടമാണെന്ന് തെളിയിക്കുന്നു. ഭരണകൂടത്തിന്റെ അഭാവത്താൽ ലോകത്തിന്റെ സുരക്ഷ ദുർബലമാക്കപ്പെടുന്നു. അതിനു കാരണം തീവ്രവാദ സംഘടനയ്ക്ക് ആണവായുധങ്ങളുടെ സഹായ സഹകരണം ലഭിക്കുകയും തത് ഫലമായി മരണവും നാശവും ഏർപ്പെടുകയും ചെയ്യുന്നു.

9.2 ഫെമിനിസം(സ്ത്രീ വിമോചനം)



സ്ത്രീശാക്തീകരണം പ്രോൽസാഹിപ്പിക്കുന്നതിന് പരിശ്രമിക്കുന്ന പ്രസ്ഥാനങ്ങളെയും, പ്രത്യയശാസ്ത്രങ്ങളെയും സ്ത്രീവിമോചനം എന്നു വിളിക്കുന്നു. അപ്രകാരം അവർ പുരുഷൻന്മാരുടെ തുല്യത കൈവരിക്കുന്നതാണ്. അതിന്റെ ഫലമായി ചിന്തയെ ഉദ്ദീപിപ്പിക്കുന്ന വിദ്യാലയങ്ങൾ ഉയർന്നു വന്നു. ചിന്താഗതികളുടെ സ്ത്രീ സ്ത്രീശാക്തീകരണ വിദ്യാലയം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ നിന്നുള്ള ആധുനിക രാഷ്ട്രീയ സിദ്ധാന്തത്തിന്റെ ഉദ്ഭവമാണ്. പുരുഷൻമാരുമായുള്ള സ്ത്രീകളുടെ സ്വതസിദ്ധമായകഴിവിനെയും തുല്യതയേയും കുറിച്ചുള്ള ശാസ്ത്രീയതിരിച്ചറിവ് ആണ് ഇതിനെ മുന്നോട്ട് നയിക്കുന്നത്

സ്ത്രീവിമോചനത്തിന്റെ വ്യത്യസ്തമായ ചിന്തയെ ഉദ്ദീപിപ്പിക്കുന്ന വിദ്യാലയങ്ങളുടെ പട്ടികയെ വിശദമായി ചുവടെ കൊടുത്തിരിക്കുന്നു;

A. അഭിപ്രായ സ്വാതന്ത്യമുള്ള സ്ത്രീശാക്തീകരണം
B. മാർക്സിസ സിദ്ധാന്തത്തെ സംബന്ധിച്ച സ്ത്രീശാക്തീകരണം
C. മൗലികമായ സ്ത്രീശാക്തീകരണം
D. പരിസ്ഥിതി സ്ത്രീശാക്തീകരണം
E. അധിനിവേശാനന്തര സ്ത്രീശാക്തീകരണം



A. അഭിപ്രായ സ്വാതന്ത്യമുള്ള സ്ത്രീശാക്തീകരണം

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്ത്രീശാക്തീകരണ പ്രസ്ഥാനം അതിന്റെ ശൈശവഘട്ടത്തിൽസ്ത്രീകൾക്ക് തുല്യമായരാഷ്ട്രീയ അവകാശങ്ങളെ വാഗ്ദാനം ചെയ്യുകയാണുണ്ടായത്. സമൂഹത്തിൽസ്ത്രീകളെ അടിമയാക്കപ്പെടുന്നതിനു പകരമായിട്ട് തിരഞ്ഞെടുപ്പുകളിൽ അധികാരപ്പെടുത്തി കൊണ്ടും, മറ്റു രാഷ്ട്രീയ സാമ്പത്തിക അവകാശങ്ങൾ നൽകുന്നതിലൂടെയും ശരിയാക്കാമെന്ന് വിശ്വസിച്ചു. ലിംഗ നിഷ്പക്ഷ സ്ഥാപനമായിട്ടാണ് ഭരണ കൂടത്തെ കണക്കാക്കിയിരുന്നത്. അതിനാൽ സ്ത്രീകൾക്ക് വോട്ടവകാശം നൽകുന്നത് വികസനത്തിന്റെ ഫലത്തിൽ കലാശിക്കുന്നതാണ്. അഭിപ്രായസ്വാതന്ത്യമുള്ള സ്ത്രീശാക്തീകരണത്തിന്റെ ഏറ്റവും വലിയ നേട്ടം എന്നത് ജനാധിപത്യ പാശ്ചാത്യ രാജ്യങ്ങളിലെ സ്ത്രീകൾക്ക് വോട്ടവകാശം നേടുന്നതിലാണ്.

11th Std Political Science_Ch_9_Malayalam.indd 169 14/02/2023 19:27:39

B. മാർക്സിസ്റ്റ് സിദ്ധാന്തത്തെ അടിസ്ഥാന മാക്കിയ സ്ത്രീശാക്തീകരണം

പുരാതന അടിമത്ത സമൂഹം എന്നറിയപ്പെടുന്ന മനുഷ്യ ചരിത്രത്തിന്റെ രണ്ടാമത്തെ ഘട്ടത്തിൽ നിന്ന് സ്വകാര്യസ്വത്തിന്റെ ഉദ്ഭവത്തിൽ ലിംഗപരമായ അസമത്വവും, ചൂഷണവും സ്ഥാപിക്കപ്പെട്ടു. കാൾ മാർക്സിന്റെ അടുത്ത അനുയായിയായ ഫ്രെഡറിക് ഏംഗൽസ് കുടുംബത്തിന്റെ ഉദ്ഭവം സ്വകാര്യസ്വത്തും ഭരണ കൂടവും എന്ന പുസ്തകം എഴുതി പുരുഷൻമാർ സ്വത്ത് നിയന്ത്രിക്കപ്പെട്ട് സ്ഥാപിക്കുകയും ഉപയോഗിക്കുകയും ചെയ്തതോടെ സ്വകാര്യസ്വത്തിന്റെ ഉയർച്ച സ്ത്രീകളെ കീഴ്പ്പെടുത്താനും, സ്ത്രീകളുടെമേൽ ആധിപത്യം സ്ഥാപിക്കാനും ആരംഭിച്ചു എന്ന് അദ്ദേഹം വാദിച്ചു. സ്ത്രീ വിമോചനത്തിനായുള്ള പോരാട്ടവും അതിനോടൊപ്പം ചേർന്ന് അനുവദിക്കേണ്ടതാണ്. മാർക്സിസ്റ്റ് വിപ്ളവം എന്നാൽ മുതലാളിത്തത്തിന്റെ നാശത്തിലേക്കും സ്വകാര്യസ്വത്ത് ഇല്ലാത്ത കമ്മ്യൂണിസം സ്ഥാപിക്കുന്നതിലേക്കും എത്തി ചേർന്നു. പുരുഷൻമാർക്കിടയിൽ മാത്രമല്ല, പുരുഷൻമാർക്കും, സ്ത്രീകൾക്കും ഇടയിലും തുല്യത ഉണ്ടായിരിക്കുന്നു.

C. മൗലികമായ സ്ത്രീശാക്തീകരണം

പുരുഷൻമാരും സ്ത്രീകളും തമ്മിൽ സ്വതസിദ്ധമായ വ്യത്യാസങ്ങളില്ല ചൂഷണത്തിന്റെ ഉദ്ദ്യേശത്തിനായി സ്ത്രീകളെ നിർബന്ധമായി കീഴ്പ്പെടുത്തപ്പെട്ടു.ഇത് മൗലികമായ സ്ത്രീശാക്തീകരണത്തിന്റെ പ്രത്യയശാസ്ത്രപരമായ കേന്ദ്രമാണ്.

പ്രശസ്ത മൗലിക സ്ത്രീ വിമോചന എഴുത്തുകാരനുമായ സിമോൺ ഡി ബ്യൂവയർ എഴുതിയ ദി സെക്കൻഡ് സെക്സ് എന്ന കൃതിയിൽ ഒരു സ്ത്രീ ജനിച്ചതല്ല, സൃഷ്ടിക്കപ്പെട്ടവളാണെന്ന് വാദിച്ചു. സ്ത്രീയും പുരുഷനും ജനിക്കുമ്പോൾ ഒരേ ശേഷിയാണ് നൽകപ്പെടുന്നത്. പുരുഷ മേധാവിത്വമുള്ള സമൂഹവും സംസ്കാരവും പുരുഷാധിപത്യം എന്നറിയപ്പെടുന്ന പ്രബോധനത്തിലൂടെ അവർ തമ്മിലുള്ള അസമത്വം സൃഷ്ടിക്കപ്പെടുന്നു. ലിംഗഭേദം കൃത്രിമവും അന്യായവും ആണ്. ലോക സംസ്കാരങ്ങളിലേക്ക് സ്ത്രീകളുടെ പദവിയിലും സ്ഥാനത്തിലുമുള്ള വലിയ വ്യത്യാസങ്ങൾ ശ്രദ്ധിക്കുമ്പോൾ ഈ വാദം നമുക്ക് മനസ്സിലാക്കാൻ കഴിയും.

പ്രശസ്ത മൗലിക സ്ത്രീവിമോചന വാദിയായ കരോൾ ഹാനിഷ് മൗലികമായ സ്ത്രീശാക്തീകരണം എന്നത് വ്യക്തിഗത രാഷ്ട്രീയ കാഴ്ചപ്പാടുള്ള സിദ്ധാന്തം എന്ന മുദ്രാവാക്യം ഉയർത്തി സ്ത്രീകൾക്ക് മേലുള്ള പുരുഷാധിപത്യം വെളിപ്പെടുത്തുന്നതിന് അഭിപ്രായ സ്വാതന്ത്യമുള്ള സ്ത്രീശാക്തീകരണം രാഷ്ട്രീയം മനുഷ്യരാശിയുടെ പ്രവർത്തനങ്ങളെ വ്യക്തിപരവും പൊതുവായിട്ടുള്ള മേഖലകളുമായി വിഭജിക്കുന്നു വ്യക്തിഗതമായ സിദ്ധാന്തങ്ങളെ വ്യക്തിഗത ജീവിതത്തിന്റെഒരു മേഖലയായിപ്രവർത്തിക്കുന്നു. ഈ മേഖലയിൽ സംഘർഷത്തിനും ആധിപത്യത്തിനും സാധ്യതയില്ലെന്നും സ്നേഹം, വാത്സല്യം, സഹാനുഭൂതി എന്നിവ മാത്രമാണ് പ്രസക്തമാകുന്നത് എന്നും വിശ്വസിക്കപ്പെടുന്നു. സ്ത്രീകൾ വ്യക്തിപരമായ മേഖലയിലാണ് ജീവിക്കുന്നത് അതിനാൽ സ്ത്രീകൾക്ക് രാഷ്ട്രീയ അവകാശങ്ങളും, അധികാരവും ആവശ്യമില്ല.

എന്നാൽ പൊതുസഞ്ചയം എന്നു പറയുന്നത് പോരാട്ടത്തിന്റെയും, മത്സരത്തിന്റെ യും, രാഷ്ട്രീയത്തിന്റെയും മേഖലയാണ് ഈ പ്രസ്തുത വിഷയങ്ങളിൽ പുരുഷൻമാർ മാത്രം രാഷ്ട്രീയത്തിൽ പങ്കെടുത്ത് പ്രവർത്തിക്കുകയും രാഷ്ട്രീയ അധികാരം നേടുകയും ചെയ്യുന്നു.

മൗലികമായ സ്ത്രീശാക്തീകരണം എന്നത് മേല്പ്പറഞ്ഞ അഭിപ്രായസ്വാതന്ത്യമുള്ള സ്ത്രീശാക്തീകരണ സിദ്ധാന്തങ്ങളെ നിരാകരിക്കുകയും, സ്വകാര്യവും വ്യക്തിപരവുമായ രാഷ്ട്രീയത്തിന് വിധേയമാണെന്ന് വാദിക്കുകയും ചെയ്യുന്നു. വ്യക്തിപരമായ വിഷയങ്ങളിൽ പുരുഷനും, സ്ത്രീയും തമ്മിലുള്ള ബന്ധം എല്ലായ്പ്പോഴും സ്നേഹത്തിന്റെയും, വാത്സല്യത്തിന്റെയും പരിഗണന അർഹിക്കുന്നില്ല. ഇവിടെ സമരവും, മത്സരവും, ആധിപത്യവും പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് ഭാര്യാ ഭർത്താക്കൻമാർ തമ്മിലുള്ള ബന്ധവും, സഹോദരനും സഹോദരിയും തമ്മിലുള്ള ബന്ധവും, എല്ലായ്പ്പോഴും സൗഹൃദവും വാത്സല്യവും പ്രകടിപ്പിക്കുന്നില്ല.

പോരാട്ടവും മത്സരങ്ങളും ബന്ധങ്ങളിൽ കാണാം. അതിനാൽ രാഷ്ട്രീയം, സ്ത്രീകളുടെ അവകാശങ്ങൾ, വ്യക്തിപരമായ വിഷയങ്ങളിലെ ലിംഗസമത്വം എന്നിവയെക്കുറിച്ച് സംസാരിക്കേണ്ടതാണ്. വ്യക്തിപരവും പൊതുവായ വിഷയങ്ങളിലും ലിംഗസമത്വം ഉൾപ്പെടുന്നതിന് സമൂഹത്തിന്റെയും രാഷ്ട്രീയത്തിന്റെയും വിപ്ളവകരമായ പുന:ക്രമീകരണത്തിനുവേണ്ടി മൗലികമായ സ്ത്രീവിമോചന വാദികൾ വാദിക്കുന്നു.

11th Std Political Science_Ch_9_Malayalam.indd 170 14/02/2023 19:27:39

D. പരിസ്ഥിതി സ്ത്രീശാക്തീകരണം

പരിസ്ഥിതിവാദത്തിനായിപോരാടുന്നസ്ത്രീ വിമോചനവാദി പ്രകൃതി സംരക്ഷണത്തിനുവേണ്ടി യുള്ള സ്ത്രീ ശാക്തീകരണത്തിന്റെ വ്യാഖ്യാനം നല്കുന്നു. സ്ത്രീ ശാക്തീകരണത്തിന്റെയും, പരി സ്ഥിതി വാദത്തിന്റെയും രണ്ടുപ്രത്യയ ശാസ്ത്ര ങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനായുള്ള സ്ത്രീ ശാക്തീകരണത്തിൽ സംയോജിപ്പിച്ചിരുന്നു. പുരു ഷാധിപത്യമാണ് പരിസ്ഥിതി നശീകരണത്തിനും, സ്ത്രീ ചൂഷണത്തിനും മൂലകാരണമെന്നും വാദി ക്കുന്നു. പരിസിഥിതിസംരക്ഷണസ്ത്രീശാക്തീകര ണത്തിന്റെ പ്രധാനപ്പെട്ട ഉപജ്ഞാതാക്കളാണ് ഫ്രങ്കോയിസ് ഡി ഇബോൺ, റോസ് മേരി റൂഥർ, യെനെസ്ട്ര കിംങ്, വന്ദനശിവ എന്നിവർ.



പരിസ്ഥിതി സ്ത്രീശാക്തീകരണത്തിൽ രണ്ടു ചിന്താധാരകൾ ഉണ്ട്. അവ മൗലികമായ സ്ത്രീ ശാക്തീകരണവും, സാംസ്കാരിക സ്ത്രീ ശാക്തീ കരണവും ആകുന്നു. പുരുഷാധിപത്യമോ പുരുഷ മേധാവിത്വ വ്യവസ്ഥയോ, പരിസ്ഥിതിയെയും, സ്ത്രീകളെയും കീഴ്പ്പെടുത്തുകയും തരം താഴ്ത്തു കയും ചെയ്യുന്നുവെന്ന് മൗലികമായ സ്ത്രീവിമോ ചനവാദികൾ വാദിക്കുന്നു. പരിസിഥിതിസംരക്ഷണ ത്തിന്റെയും സ്ത്രീ ശാക്തീകരണത്തിന്റെയും ഇരട്ട ലക്ഷ്യങ്ങൾ സാക്ഷാകരിക്കുന്നതിന് സമൂഹത്തി ലെ പുരുഷമേധാവിത്വം ഇല്ലാതാക്കേണ്ടതാണ്.

മറ്റൊരുവിഭാഗമായ സാംസ്ക്കാരിക സ്ത്രീ ശാക്തീകരണം വാദിക്കുന്നത് സ്ത്രീകൾ ഭക്ഷ്യ ദാതാക്കളായതിനാൽ ജൈവ പുനരുൽപ്പാദന ത്തിൽ ഒഴിവാക്കാനാകാത്തപങ്ക് വഹിക്കുന്ന കാര ണത്താൽ സ്ത്രീകൾ പ്രകൃതിയോട് കൂടുതൽ അടു ക്കുന്നു. അപചയപ്രക്രിയപുരുഷന്മാരെക്കാൾകൂടുത ലായിട്ട് സ്ത്രീകളെയാണ് ബാധിക്കുന്നത്. രണ്ടു ലിംഗഭേദം തമ്മിലുള്ളജോലിയുടെ വിഭജനം പാരി സ്ഥിതികപ്രതിസന്ധിയുടെകാലഘട്ടത്തിൽസ്ത്രീ കളെ കൂടുതൽ പിന്നോക്കവസ്ഥയിലാക്കുന്നു. പുരുഷ ദാതാക്കളായ സമൂഹങ്ങളിലെന്നപോലെ അവർ കൂടുതൽ കഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാ കുന്നു. പാരിസ്ഥിതി സൗഹൃദത്താൽ അവർക്ക് പ്രകൃതിയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നൽകുന്നു.

E. അധിനിവേശാനന്തര സ്ത്രീശാക്തീകരണം

1980-കളിൽ ഏഷ്യയിലെയും, ആഫ്രിക്ക യിലെയും രാജ്യങ്ങളിൽ കോളനി ഭരണത്തിനു കീഴിൽ അടിമകളായിരുന്ന ഒരു പ്രത്യയ ശാസ്ത്ര വും, പ്രസ്ഥാനവുമായി കോളനി ഭരണാനന്തര സ്ത്രീശാക്തീകരണം ഉയർന്നു വന്നു. കോളനി ആധിപത്യത്തിനു ശേഷമുള്ള സ്ത്രീ ശാക്തീകര ണത്തിന്റെ ആവിർഭാവത്തിന് ഓഡ്രെ ലോർഡെ യുടെ സാർവ്വത്രിക ലേഖനമായ മാസ്റ്റേഴ്സ് ഉപകര ണങ്ങൾ ഒരിക്കലും മാസ്റ്ററുടെ വീട് തകർക്കുക യില്ല. എന്നതിന് സംഭാവന നൽകി ഗ്യാസ്ട്രി സ്പി വക്, ചന്ദ്രതൽപാഡെ, മൊഹന്തി എഥേൽക്രോലി എന്നിവരാണ് അധിനിവേശാനന്തര സ്ത്രീവിമോ ചനവാദികൾ.

ഓഡ്രെ ലോർഡെ ഇപ്രകാരം പറയുകയു ണ്ടായി നമ്മൾ സ്ത്രീകളായതു കൊണ്ട് എല്ലാ സ്ത്രീകളും ഒരേ അടിച്ചമർത്തലിനെ നേരിടുന്നു വെന്ന് സൂചിപ്പിക്കുന്നു. എന്നിരുന്നാലും പുരുഷാ ധിപത്യത്തിന്റെ വിവിധ പ്രവർത്തനങ്ങൾ നമ്മൾ കാണാതെ പോകുന്നു. സ്ത്രീകൾ ശരിയായ അവ ബോധമില്ലാതെ ഈ ഉപകരണങ്ങൾ എപ്രകാരം ഉപയോഗിക്കണമെന്ന് അറിയാതെ പോകുന്നു. പുരുഷാധിപത്യത്തിലെ ഒരു ആഫ്രിക്കൻ -അമേ രിക്കൻ വനിതയെന്ന നിലയിൽ എന്റെ പഴയ കാല അനുഭവത്തെ വളച്ചൊടിക്കുകയും നിസ്സാര വൽക്കരി ക്കപ്പെടുകയും ചെയ്യുന്നു.



പാശ്ചാത്യ സ്ത്രീശാക്തീകരണം പ്രസ്ഥാന ങ്ങളുടെ ആശയങ്ങളെ എതിർത്തിരുന്നു. അവരുടെ അനുഭവം സാവർത്രികമാക്കാനുള്ള ശ്രമങ്ങൾക്കെ തിരെ ഇത് വാദിച്ചിരുന്നു. വർഗ്ഗം, വംശം, മതം, രാജ്യം തുടങ്ങിയ ഘട്ടങ്ങളാൽ വേർതിരിച്ചറിയപ്പെടുന്ന തിനാൽ സ്ത്രീകൾ ഏകാത്മമായ വിഭാഗമല്ല. പാശ്ചാത്യ ഇതര സമൂഹങ്ങളിൽ പ്രയോഗിക്കു മ്പോൾ മുഖ്യധാരാസ്ത്രീ ശാക്തീകരണത്തിന് നിര വധിയായ കുറവുകൾ നേരിടുന്നു. കോളനി ആധി പത്യഭരണത്തിൽസ്ത്രീശാക്തീകരണം പാശ്ചാത്യ ജൈവ ശാസ്ത്രപരമായ പ്രതികൂലസ്ഥിതിയെ വിമർശിക്കുന്നു. ഏഷ്യയിലെയും ആഫ്രിക്കയിലെ യും സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക രാഷ് ട്രീയ പശ്ചാത്തലത്തെക്കുറിച്ചുള്ള കോളനി ആധി

11th Std Political Science_Ch_9_Malayalam.indd 171 14/02/2023 19:27:39

പത്യഭരണം മുഖ്യധാരാസ്ത്രീശാക്തീകരണ ചിന്തയെ അവഗണിച്ചതും ഒരിക്കലും അനുഭവിക്കാത്തതുമായ ഒരു വാസ്തവമാണ്. വംശീയത, അടിമത്തം, നിർബന്ധിത കുടിയേറ്റം എന്നിവ പാശ്ചാത്യ സ്ത്രീകളിൽനിന്ന് വ്യത്യസ്തരാക്കുന്ന നിരവധി സാഹചര്യങ്ങളെ നേരിടുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

പാശ്ചാത്യ രാജ്യങ്ങളിലെ സ്ത്രീകൾ വിദ്യാസമ്പന്നരും രാഷ്ട്രീയ ബോധമുള്ളവരും ആധുനികത ഇഷ്ടപ്പെടുന്നവരും ശാക്തീകരിക്കപ്പെട്ടവരും എന്നും പാശ്ചാത്യരല്ലാത്ത സ്ത്രീകൾ നിഷ്ക്രിയരും ശക്തിയില്ലാത്തവരുമായി കണക്കാക്കപ്പെടുന്നതിനെ അപലപിക്കുന്നു. കോളനി ആധിപത്യ ഭരണത്തിൽ ചൂഷണശക്തികൾ പ്രതിനിധീകരിക്കുന്ന ഇരട്ട കോളനിവൽകരണത്തിന്റെ ഇരകളാണ് ഈ സമൂഹത്തിലെ സ്ത്രീകൾ എന്ന് കോളനി വൽകരണത്തിനു ശേഷമുള്ള സ്ത്രീ വിമോചനവാദികൾ വാദിക്കുന്നു. കോളനി ആധിപത്യഭരണത്തിനു ശേഷമുള്ള സ്ത്രീശാക്തീകരണം മുഖ്യധാരാ അധിനി വേശാനന്തരഭരണത്തിൽത്തിൽ രാഷ്ട്രീയചിന്തയുടെ പ്രകടമായ നിസ്സംഗതയെ അവരുടെ സമൂഹത്തിലെയും രാജ്യത്തിലെയും പ്രത്യക കഷ്ടപ്പാടിലേക്ക് നയിക്കപ്പെടുന്നു.



ഇൻഡ്യൻ ഭരണകൂടവും വനിതാശാക്തീകരണവും

സ്ത്രീ സംരക്ഷണത്തിനായി ഇൻഡ്യൻ ഭരണകൂടം വിവിധനിർണായക നടപടിക്രമങ്ങളെ നടപ്പാക്കിയിരുന്നു. ഭരണഘടന പ്രകാരം 73-ാമത്തെയും, 74-ാമത്തെയും ഭേദഗതിയിൽ പഞ്ചായത്ത്, നഗര, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും മൂന്നിലൊന്ന് ഭാഗം പ്രതിനിധി പദവികളെ സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്നു. കഴിഞ്ഞ രണ്ടു ദശകങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽസ്ത്രീകൾക്ക് സംവരണം നൽകി രാഷ്ട്രീയ ശാക്തീകരണത്തിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്തു. ജോലിസ്ഥലങ്ങളിലെ ലൈംഗിക പീഢനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിന് സുപ്രീം കോടതി വിശദമായമാർഗ്ഗ നിർദേശങ്ങൾ നല്കിയിരുന്നു. അതനുസരിച്ച് കേന്ദ്രസർക്കാർ ജീവനക്കാർ ജോലി ചെയ്യുന്നസ്ഥലങ്ങളിൽസ്ത്രീകളെലൈംഗികമായി ഉപദ്രവിക്കൽ(നിരോധനം,പരിഹാരം,സംരക്ഷണം) നിയമം 2013-ന് നടപ്പിലാക്കി. ജോലി സ്ഥലത്ത് ലൈംഗിക പീഢനങ്ങളിൽനിന്ന്നീതിതേടുന്നതിന് സ്ത്രീകൾക്ക് പരിഹാരം കാണുന്ന ഈനിയമം ആഭ്യന്തര പരാതി സമിതിയും പ്രദേശിക പരാതിസമിതിയും സ്ഥാപിച്ചു. ഗാർഹിക പീഢന ആക്രമണങ്ങളിൽ നിന്നും നീതിയും, സംരക്ഷണവും നൽകുന്നതിന്, ഗാർഹികപീഢനനിയമം 2005-ാം ആണ്ടിൽ പാർലിമെന്റ് പാസാക്കിയിരുന്നു. ഉപസംഹാരമായി ലിംഗ സമത്വം മനുഷ്യരാശിയുടെ പകുതിയായ സ്ത്രീകളുടെ ഉന്നമനത്തിന് വഴിയൊരുക്കുന്നുവെന്ന് ഒരു വ്യക്തിക്ക് നിസ്സംശയം പറയാൻ കഴിയുന്നതാണ്.

വിവാദം



പാർലിമെന്റിലും, സംസ്ഥാന നിയമ സഭകളിലും വനിതാ സംവരണത്തിനായി ദീർഘ കാലമായിട്ട് വനിതകൾ പോരാടുന്നു. മൂന്നിലൊരുഭാഗംജനപ്രാതിനിധ്യാപദവികൾസ്ത്രീകൾക്കായിട്ട് സംവരണം അനുവദിക്കാനാണ് പോരാടുന്നത്. വനിതാ സംവരണ നിർദേശത്തെക്കുറിച്ച് നിങ്ങളുടെ ക്ളാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.



യഥാർഥ മനുഷ്യർ പീഡിപ്പിക്കാറില്ല

ഗാർഹിക പീഢനം അവസാനിപ്പിക്കുക.

11th Std Political Science_Ch_9_Malayalam.indd 172 14/02/2023 19:27:41

9.3 കമ്മ്യൂണിറ്റേറിയനിസം (സാമുദായിക വാദം)

1980 കളിൽ മൈക്കൽ സാൻഡൽ പുരോഗമന വാദവും നീതിയുടെപരിമിതികളും എന്ന പുസ്തകം രചിച്ചപ്പോൾ കമ്മ്യൂണിസം ഒരു രാഷ്ട്രീയ സിദ്ധാന്തമായി ഉയർന്നു വന്നു. സ്വാതന്ത്ര്യ വാദിയെയും അതിന്റെ ചിന്തകനായ ജോൺ റാവൽസ്നെയും അദ്ദേഹം കൃതിയിൽ വിമർശിച്ചു. അലിസ്ഡെയർ മാക് ഇന്റർ, മൈക്കൽ വാൽസർ, ചാൾസ് ടെയ്ലർ, അമിറ്റെയ് യെറ്റ് സിയോണി, വിൽ കിംലിക്ക എന്നിവരാണ് കമ്മ്യൂണിസത്തെ പിന്തുണയ്ക്കുന്ന മറ്റു രാഷ്ട്രീയ ശാസ്ത്രജ്ഞർ. ബ്രിട്ടീഷ് സോഷ്യലിസ്റ്റ് ഗുഡ്വിൻ ബാർമി 1840 കളിൽ കമ്മ്യൂണിറ്റേറിയനിസം എന്ന പദം ഉപയോഗിച്ചു. എന്നാലും കമ്മ്യൂണിസത്തിന്റെ സിദ്ധാന്തം ഉയർന്നു വന്നത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മാത്രമാണ്.



ചുരുക്കത്തിൽ കമ്മ്യൂണിറ്റിയുടെ അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും വ്യക്തികളുടെ അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും സന്തുലിതമാക്കുന്നു.

സ്വതന്ത്ര്യവാദിത്വത്തിന്റെയും, മാർക്സ്സിസത്തിന്റെയും, നിലവിലുള്ള രണ്ടു പ്രത്യക ശാസ്ത്രങ്ങൾക്കെതിരായ കലാപമായി കമ്മ്യൂണിസം ഉയരുന്നു. സ്വതന്ത്ര്യവാദിചിന്താഗതിക്കാർക്ക്വ്യക്തികൾക്ക് അമിത പ്രധാന്യം നൽകിയതിന് ഇത് വിമർശിച്ചു. വർഗ്ഗ അധിഷ്ഠിത പ്രവർത്തനത്തിനും, വിശകലനത്തിനും പ്രതിജ്ഞാ ബന്ധമായതിന് മാർക്സിസത്തെ അത് നിരസിച്ചു. എന്നിരുന്നാലും പ്രത്യേകിച്ചും പാശ്ചാത്യ ലോകത്ത് മനുഷ്യ രാശിയുടെ ഭരണത്തിൽ തത്വശാസ്ത്രമായി മാറിയ സ്വാതന്ത്ര്യവാദത്തിനെതിരെ പ്രതിപക്ഷം ശക്തമായി വാദിച്ചു.

കമ്മ്യൂണിറ്റിയുടെ പ്രാധാന്യം

മനുഷ്യൻ ഒരു ശൂന്യതയിലല്ല ജനിക്കുന്നു തെന്ന് കമ്മ്യൂണിസം വാദിക്കുന്നു. മനുഷ്യൻ ഒരു സാമൂഹിക സാംസ്ക്കാരിക ജീവിയാണ്. വ്യക്തികൾജീവിയ്ക്കുക ഒരു സമുദായത്തിലോ അല്ലെങ്കിൽ ഒരു സംസ്കാരത്തിലോ ഉള്ളതിനാൽ അത് അവകാശമാക്കുക. അവരുടെ വിശ്വാസങ്ങൾ, പെരുമാറ്റം, കഴിവുകൾ, മനോഭാവം തുടങ്ങിയവ പ്രധാനമായും സമൂഹത്തെ സ്വാധീനിക്കുന്നു. ഓരോ വ്യക്തിയും അവന്റെ അല്ലെങ്കിൽ അവളുടെ ജീവിതകാലത്ത്ഒരു മുദ്ര പതിപ്പിക്കാൻ പൊതുവായി ലഭ്യമായതും സ്വന്തമാക്കിയതുമായ കഴിവുകളെ അടിസ്ഥാനമാക്കി ജീവിക്കുന്നു. മനുഷ്യൻ അണുവിനെപ്പോലെ തനിച്ചു ജീവിക്കുന്നതല്ല. മറിച്ച അത് സമൂഹത്തിൽ ഉൾക്കൊള്ളുന്നു. വ്യക്തി സമൂഹത്തിൽ നിന്ന് സ്വയം സ്വതന്ത്യമല്ല പൂർണ്ണമായും സ്വതന്ത്യനാണ്. എന്നാൽ സമൂഹത്തിൽ സ്വയം സ്ഥിതിചെയ്യുന്നതാണ് (വേരൂന്നിയതും, നട്ടുപിടിപ്പിച്ചതും) ആണ്.

ഉദാഹരണമായി തമിഴ്നാട്ടിൽ ജനിച്ച ഒരു കുട്ടി തമിഴ് ഭാഷയിൽ വളരെ നന്നായിട്ട് സംസാരിക്കുന്നു. അല്ലാതെ ജപ്പാനിൽ ജനിക്കുന്ന കുട്ടിയെന്ന നിലയിൽ ജാപ്പനീസ് നന്നായി സംസാരിക്കും തമിഴല്ല. കംമ്പ്യൂട്ടർ സാങ്കേതികവിദ്യ ഇതിനകം തന്നെവികസിതരൂപത്തിൽ ലഭ്യമായ ഒരു സമൂഹത്തിൽ താമസിക്കുന്ന ഒരു വ്യക്തി സോഫ്റ്റ് വെയർ വിഷയത്തിൽ വിദഗ്ധമായി മാറിയേക്കാം നേരെ മറിച്ച് വിവര സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കാത്ത ഒരു വിദൂര സമൂഹത്തിൽ താമസിക്കുന്ന ഒരു മനുഷ്യന് ആവശ്യമായ സോഫ്റ്റ് വെയർ കഴിവുകൾ ഉണ്ടാകുന്നില്ല.

ഭരണകൂടത്തിന്റെ ആശയം

പൊതു നന്മയെക്കുറിച്ചുള്ള ആശയം പ്രോൽസാഹിപ്പിക്കുന്ന നല്ല ഉപകരണമായിട്ടാണ് കമ്മ്യൂണിസം ഭരണകൂടത്തെ കണക്കാക്കുന്നത്. പൊതുനന്മ എന്ന ആശയം എല്ലാ സമൂഹത്തിലും നിലവിലുണ്ട്. എല്ലാവരുടെയും അടിസ്ഥാന ക്ഷേമത്തെ കൂട്ടായി പ്രോൽസാഹിപ്പിക്കുന്ന ലക്ഷ്യങ്ങളും, പ്രയോഗങ്ങളും, നടപടികളും സമൂഹം വികസിപ്പിക്കുന്നു. പൊതുവായ നന്മയുടെ സാക്ഷാത്കാരത്തെ ഭരണകൂടം പ്രോൽ സാഹിപ്പിക്കേണ്ടതാണ്. പൊതുവായ നന്മയ്ക്ക് വിരുദ്ധമായി വ്യക്തിഗത നന്മയെ പ്രോൽസാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഭരണകൂടം നിർത്തലാക്കുന്നു. കൂടാതെ മനുഷ്യന്റെ സാമൂഹികതയെ പ്രീതിപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നു. സമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യങ്ങളെ അത് സംരക്ഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും പൊതുനന്മയെ ലക്ഷം വച്ച് ചെയ്യേണ്ടതാണ്. ജനാധിപത്യപരമായി തിരഞ്ഞടുക്കപ്പെട്ടതും,

11th Std Political Science_Ch_9_Malayalam.indd 173 14/02/2023 19:27:41

രൂപീകരിക്കപ്പെട്ടതുമായ ഒരു ഭരണകൂടത്തെ കമ്മ്യൂണിസം പിന്തുണയ്ക്കുന്നു. സമൂഹത്തിന്റെ ആവശ്യങ്ങളോട് ഉത്തരവാദിത്വവും പ്രതികരിക്കുന്നതുമായ ഒരു ഭരണകൂടത്തിനായി അവർ ശക്തമായി വാദിക്കുന്നു.

അവകാശങ്ങളുടെ ആശയം

അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കമ്മ്യൂണിറ്റേറിയനിസം വിശ്വസിക്കുന്നു. വ്യക്തിഗത സ്വയം ഭരണവും അവകാശങ്ങളും എന്ന ആശയത്തെ സ്വതന്ത്ര്യവാദിത്വം അമിതമായി ആശ്രയിക്കുന്നത് അത് നിരസിക്കുന്നു. അതിനു പകരം പൊതുവായ നന്മയ്ക്ക് പ്രാധാന്യം നൽകുന്ന അവകാശങ്ങളുടെ ഒരു പുതിയ ആശയത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമൂഹത്തിന്റെ പൊതു നന്മയ്ക്ക് മേധാവിത്വം ഉണ്ടെന്നും വ്യക്തികളുടെ അവകാശങ്ങളെക്കാൾ മുൻഗണനയുള്ളതാണെന്നും അവർ ശക്തമായി വാദിക്കുന്നു. ഓരോ വ്യക്തിയ്ക്കും നന്മയെക്കുറിച്ചുള്ള സ്വയം ധാരണ ഉണ്ടായിരിക്കാം. എന്നാൽ അത്തരം വ്യക്തിഗത നന്മകൾ പൊതു നന്മ എന്ന ആശയത്തിന് വിധേയമായിരിക്കേണ്ടതാണ്. അനുകൂലമായ അവകാശങ്ങളുടെ ഒരു പുതിയ ആശയം പ്രചരിപ്പിക്കപ്പെടുന്നു. സംസ്ഥാനങ്ങളിൽ സൗജന്യത്തോടെയുള്ള വിദ്യാഭ്യാസം, ഭവന നിർമ്മാണം, സുരക്ഷിതമായ അന്തരീക്ഷം, സാർവ്വത്രിക ആരോഗ്യസംരക്ഷണം എന്നിങ്ങനെയുള്ള അവകാശങ്ങൾ കമ്മ്യൂണിറ്റി അംഗങ്ങൾക്കായി ആവശ്യപ്പെടുന്നു. അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും തമ്മിലുള്ള ഒരു സമന്വയത്തെ അത് രൂപീകരിക്കുന്നു.

നീതിയുടെ ആശയം

സാമൂഹികവാദികൾ നീതി എന്ന ആശയത്തിൽ ജോൺ റാൾസിനെയും മറ്റു സ്വാതന്ത്ര്യവാദി ചിന്തകരെയും അനുകൂലിച്ചില്ല. സ്വാതന്ത്ര്യവാദത്തിന്റെ സാർവത്രികതയെ അവർ നിരാഹരിക്കുന്നു. നീതിയുടെ ആശയം സാർവത്രികമായി ബാധകമാണെന്ന അവരുടെ വാദം യുക്തിയുടെ അടിസ്ഥാനത്തിലാണ് നേരെ മറിച്ച്, സാമൂഹിക വാദികൾ നീതിയെക്കുറിച്ചുള്ള പ്രത്യക നിരീക്ഷണത്തെയും പ്രകടിപ്പിക്കുന്നു. ഓരോ സമൂഹവും നീതിയെക്കുറിച്ചുള്ള സ്വന്തം ആശയങ്ങളെ വികസിപ്പിക്കുന്നു.അതിനാൽ അത് സമൂഹത്തിൽ നിന്ന് സമൂഹത്തിലേയ്ക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു.

അതിനാൽ ഒരു രാഷ്ട്രീയസിദ്ധാന്തമെന്ന നിലയിൽ കമ്മ്യൂണിറ്റേറിയനിസം സ്ഥിതി ചെയ്യുന്നതും ഉൾപ്പെട്ടതുമായ മനുഷ്യന്റെ വികസനത്തിന് സമൂഹത്തിനെ ഒഴിവാക്കാൻ സാദ്ധ്യമല്ലായെന്ന് നമുക്ക് നിഗമനം ചെയ്യാവുന്നതാണ്. അനുകൂലനിലപാടുള്ള സമൂഹത്തിനും അവിടത്തെ ജനങ്ങൾക്കും അനുകൂലമായ അവകാശങ്ങൾ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നതാണ് ഇതിന്റെ ആശയം പൊതുനന്മയെ സംരക്ഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും കഴിയുന്നതാണ് കൂട്ടായ്മയുടെയും, സ്വേച്ഛാധിപത്യത്തിന്റെയും ആവിർഭാവത്തിനുള്ള പാത ഒരുക്കുന്നതായി കമ്മ്യൂണിസവാദത്തെ സ്വതന്ത്ര്യവാദികൾ ഇപ്പോഴും വിമർശിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

കമ്മ്യൂണിറ്റേറിയനിസത്തിൽ റോബർട്ട് ഡി. പുട്നം നിർണ്ണായകമായ പങ്ക് വഹിച്ചിരുന്നു. അമേരിക്കയിലെ എറിയുന്ന കളിയിലൂടെ വൈദഗ്ധ്യത്തെ കുറിച്ച് അദ്ദേഹം തന്റെ വാർത്താ സമ്മേളനത്തിൽ വിശകലനം ചെയ്തു. വിശകലനത്തിൽ അദ്ദേഹം മുൻകാലങ്ങളിൽ അനേകം അമേരിക്കക്കാർ കളികൾ കളിച്ചിരുന്നതായിട്ട് കണ്ടെത്തിയിരുന്നു. കളിച്ചു കൊണ്ടിരിക്കുമ്പോൾ സമൂഹത്തിലെ മറ്റു ആളുകളുമായി നിരന്തരം ഇടപെടുന്നതിലൂടെ അവർ സാമൂഹിക ശൃംഖലകൾ, അറിവ്, കഴിവുകൾ (സാമൂഹ്യ മൂലധനം) എന്നിവ സ്ഥാപിക്കപ്പെട്ടു. ടെലിവിഷൻ, ഇന്റർനെറ്റ് പോലുള്ള പുതിയ നൂതന സാങ്കേതിക സൗകര്യങ്ങളുടെ വരവോടെ ആളുകൾക്ക് കളികളോടുള്ള സാമീപ്യം നഷ്ടപ്പെടുകയാണ് ചെയ്തത്. ആളുകൾ അവരുടെ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഗാഡ്ജെറ്റുകളിൽ കൂടുതൽ സമയം ചെലവഴിക്കുമ്പോൾ മറ്റു അംഗങ്ങളുമായുള്ള അവരുടെ സാമൂഹിക മൂലധനത്തിന്റെ ക്ഷോഭത്തിലെക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. ആത്യന്തികമായി ജനങ്ങൾക്കും സാമൂഹിക ബന്ധങ്ങൾക്കും, പരിമിതമായ സാമൂഹിക ഇടപെടലുകൾ ഉള്ളതിനാൽ ജനാധിപത്യത്തിന്റെ ഗുണനിലവാരത്തിലും തകർച്ച അനുഭവപ്പെട്ടു. ജനങ്ങളുടെ രാഷ്ട്രീയ അനാസ്ഥ സമൂഹത്തിന്റെ ജനാധിപത്യത്തിന്റെ ശക്തിയെ ഇല്ലാതാക്കി.



11th Std Political Science_Ch_9_Malayalam.indd 174 14/02/2023 19:27:43

9.4 ഉത്തരാധുനികത

ഉത്തരാധുനികതയെ വിമർശിക്കുകയും അതിന്റെ പിൻഗാമിയും അതിന് എതിരായി ഉയർന്നു വരുകയും ചെയ്യുന്ന വിവിധ ആശയങ്ങളെ ഉത്തരാധുനികത സൂചിപ്പിക്കുന്നു. ഉത്തരാധുനികതയുടെ പ്രധാനവക്താക്കളിൽ ഫ്രെഡറിക് നീയീറ്റ്ഷേ, ജീൻ ഫ്രാങ്കോയിസ്, ലിയോട്ടാർഡ്, മൈക്കൽ ഫാക്കോൾട്ട്, ജാകുസ് ഡെറിഡ എന്നിവർ ഉൾപ്പെടുന്നു. കഴിഞ്ഞ 200 വർഷത്തിനിടയിൽ രാഷ്ട്രീയ സിദ്ധാന്തത്തിൽ ആധുനിക ആധിപത്യം സ്ഥാപിച്ചു. യുക്തിവാദം, സാർവത്രികത, റിഡഷനിസം എന്നിവയാണ് ആധുനികതയുടെ പ്രധാന തത്ത്വങ്ങൾ. ഉത്തരാധുനികത ഈ തത്ത്വങ്ങളെ വെല്ലുവിളിക്കുകയും അതിനു ബദലായിട്ട് വാദിക്കുകയും ചെയ്യുന്നു. പാശ്ചാത്യ രാഷ്ട്രീയ സിദ്ധാന്തത്തിൽ കഴിഞ്ഞ മൂന്നു ദശകങ്ങളിൽ ഇത് ഉയർന്നു വന്നിരുന്നു.



ഫ്രെഡറിക് നീയീറ്റ്ഷേ ഉത്തരാധുനികതയുടെ പിതാവ് എന്ന് വിളിക്കുന്നു. 'ദൈവം മരിച്ചു' എന്ന് അദ്ദേഹത്തിന്റെ ഉദ്ധരണി പ്രസിദ്ധമാണ്. ആധുനികത സാർവത്രികതയിലും, റിഡഷനിസത്തിലും വിശ്വസിക്കുന്നു. ഇത് എല്ലാ പ്രതിഭാസങ്ങളെയും ഒരൊറ്റ ഘടകത്തിലൂടെയോ ഒരു ആത്യന്തിക സത്യത്തിലൂടെയോ വിശദീകരിക്കുന്നു. ഉദാഹരണത്തിന് മനുഷ്യജീവിതം സമ്പദ്വ്യവസ്ഥയെ ആശ്രയിച്ചിരിക്കുന്നുവെന്നും, സ്വകാര്യ സ്വത്ത വകാശം ഇല്ലാതാക്കുന്നതിലൂടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാമെന്നും കാൾ മാർക്സ് പറഞ്ഞു. ജർമ്മൻ തത്വചിന്തകനായ ഫ്രെഡറിക് ഹെഗലും വാദിക്കുന്നത് ലോക ആത്മാവിന്റെ ആൾരൂപമില്ലാതെ മറ്റൊന്നുമല്ല ലോകം എന്നാണ് ഉത്തരാധുനിക ലോകവും നമ്മുടെ ജീവിതവും സങ്കീർണ്ണമാണെന്നും ഒരു ഘടകത്താൽ വിശദീകരിക്കാനാവില്ലെന്നും വാദിക്കുന്നു. സംസ്കാരം, ഭാഷ, മതം, രാഷ്ട്രീയം, സമ്പദ് വ്യവസ്ഥ തുടങ്ങിയ നിരവധി ഘടകങ്ങൾ മനുഷ്യ ജീവിതത്തെയും ഈ ലോകത്തെയും തീരുമാനിക്കുന്നു.



ഉത്തരാധുനിക ഏകവചനമല്ല, ബഹു വചനമാണെന്ന് വിശ്വസിക്കുന്നു. സത്യത്തിന് ഒന്നിലധികം പതിപ്പുകൾ ഉണ്ട്. ഉദാഹരണത്തിന് ഏതെങ്കിലും ഒരു നേതാവോ ചരിത്ര സംഭവമോ പരിഗണിക്കുകയാണെങ്കിൽ വ്യത്യസ്ത വ്യക്തികൾ നേതാവിനെ കുറിച്ചോ, സംഭവത്തെകുറിച്ചോ വ്യത്യസ്തമായി സംസാരിക്കുന്നു. ഒരാൾക്ക് നേതാവിനെ ദർശനാത്മകൻ എന്ന് വിളിക്കാം. മറ്റൊരാൾ അദ്ദേഹത്തെ വാചാലൻ എന്ന് വിളിച്ചേക്കാം. വേറൊരു വ്യക്തിക്ക് മറ്റൊരു കാഴ്ചപ്പാട് ഉണ്ടായിരിക്കാം. എല്ലാ സ്വന്തം വീക്ഷണകോണിലും വ്യാഖ്യാനത്തിലും ശരിയായിരിക്കേണ്ടതാണ്. കറുപ്പ്, വെളുപ്പ് എന്നീ രണ്ടുനിറങ്ങളാൽ മാത്രം ലോകം രൂപപ്പെടുന്നില്ല. കറുപ്പിനും വെളുപ്പിനും ഇടയ്ക്ക് തുടർച്ചയിൽ കൂടുതൽ നിറങ്ങൾ സ്ഥാപിച്ചിരിക്കുന്നു.



ജാക്ക് ഡെറീഡ എന്ന ഫ്രഞ്ച് തത്വചിന്തകൻ നൂതനമായ ഉത്തരാധുനികത എന്ന ആശയം മുന്നോട്ടുവെച്ചു. ഇതിനെ പുനർനിർമ്മാണം എന്ന് വിളിക്കുന്നു. ഒരു വാക്യത്തിൽ ഒന്നിലധികം അർഥങ്ങളുണ്ട്. മനുഷ്യ ഭാഷ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ ഒരു ഗ്രന്ഥത്തിന്റെ രചയിതാവിന് അവന്റെ എല്ലാ ചിന്തകളോട് ആശയവിനിമയം നടത്താൻ സാദ്ധ്യമല്ല. സ്രീകർത്താവ് അല്ലെങ്കിൽ ഗ്രന്ഥം വായിക്കുന്നവ്യക്തി എന്നിവരുടെ സമീപനം എന്നത് വ്യത്യസ്തമായിട്ടുള്ള അർഥങ്ങളെ മനസ്സിലാക്കാവുന്നതാണ്. ഒരു ഗ്രന്ഥത്തിന്റെ

11th Std Political Science_Ch_9_Malayalam.indd 175 14/02/2023 19:27:44

ഒന്നിലധികം വ്യഖ്യാനങ്ങൾ നിലവിലുണ്ട് അതിനാൽ വാക്യത്തിന്റെ അർത്ഥങ്ങൾ പുനർ നിർമ്മിക്കാൻ ഡെറിഡ നിർദേശിക്കുന്നു.



എന്താണ് പുനർനിർമ്മാണം?

"വായന, വ്യാഖ്യാനം, എഴുത്ത് എന്നിവയ്ക്കുള്ള നിയമങ്ങളെ തന്ത്രമായിട്ട് വിശദീകരിക്കുന്നു."

ജാക്ക് ഡെറിഡ

ആധുനികതയുടെ സാർവത്രികതയെ ഉത്തരാധുനികത എതിർത്തു. നേരെ മറിച്ച് ഇത് പ്രത്യേകതയെ പിന്തുണയ്ക്കുന്നു. ഭാഗങ്ങൾ മൊത്തത്തേക്കാൾ പ്രധാനമാണെന്ന് ഇത് വാദിക്കുന്നു. ഉദാഹരണത്തിന് ആധുനികത സാർവത്രികത അവകാശങ്ങൾ അല്ലെങ്കിൽ ക്ഷേമ സിദ്ധാന്തത്തിലേക്ക് ശ്രദ്ധചെലുത്തുന്നു. ഉത്തരാധുനികത പ്രത്യേക സാമൂഹിക വിഭാഗങ്ങളായ ടെക്കി സ്ത്രീകൾ, ഗോത്രവർഗ്ഗക്കാർ തുടങ്ങിയവരുടെ അവകാശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ആധുനികത വ്യവസ്ഥാപരമായ മാറ്റത്തിലേക്ക് ശ്രദ്ധ ചെലുത്തുന്നുവെങ്കിലും ഉത്തരാധുനികത പ്രത്യേക സാമൂഹിക സംഘടനയിലൂടെ അവസ്ഥയിൽ നിന്ന് മോചനം നേടുന്നതിനോ മാറ്റുന്നതിനോ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സ്വത്വരാഷ്ട്രീയം ഉത്തരാധുനികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വത്വരാഷ്ട്രീയം എന്നത് നിർദ്ദിഷ്ട സാമൂഹിക സംഘടനയുടെ പ്രവർത്തനങ്ങളെയാണ് സൂചിപ്പിക്കുന്നത്. സാധാരണയായി ദുർബലരും, നിരാലംബരുമായ സമൂഹങ്ങളുടെ സ്വന്തം പേരിലുള്ള വിലാസത്തിൽ സംഘടിക്കുകയും അവരുടെമേൽ മറ്റു സംഘടനകളുടെ ആധിപത്യത്തെ ചെറുക്കുന്നതിന് ജാതി, വംശം, ലിംഗഭേദം എന്നിവ ഏറ്റെടുക്കുകയും ചെയ്യുന്നു. ഈ സംഘടനയിലെ അംഗങ്ങൾ ഞങ്ങൾ എന്ന് സ്വയം പറയുകയും മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ എതിർക്കുകയും ചെയ്യുന്നു. അവർ ഉത്തരാധുനികതയും സ്വത്വരാഷ്ട്രീയവും പ്രദേശിക നിർദ്ദിഷ്ട കമ്മ്യൂണിറ്റികളുടെ ശാക്തീകരണത്തെ പ്രോൽസാഹിപ്പിക്കുന്നു.

ഉത്തരാധുനികതയെ പലചിന്തകരും പണ്ഡിതൻമാരും വിമർശിക്കുകയാണ്. വാസ്തവത്തിൽ ബ്രിട്ടീഷ് സാംസ്കാരിക നിരൂപകനായ അലൻ കിർസി ഇപ്രകാരം പറഞ്ഞു. സാംസ്ക്കാരിക കാലഘട്ടം അവസാനിക്കുകയും ലോകരാജ്യങ്ങൾ ഒട്ടാകെ ഡിജിറ്റൽ ആധുനികതയിലേക്കും വിവര സാങ്കേതിക ആധുനികതയിലൂടെയുള്ള കാലഘട്ടത്തിലേക്കുംപ്രവേശിക്കുകയുംചെയ്തതിനാലാണ് ഉത്തരാധുനികത അസ്തമിക്കുന്നത്.



അമേരിക്കൻ ഐക്യനാടുകളിലെ പ്രധാന പ്രതിഷേധങ്ങൾ

9.5 പരിസ്ഥിതി വാദം

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തിന്റെ വരവ് നമ്മുടെ ഗ്രഹത്തിന്റെ (ഭൂമിയുടെ) പരിസ്ഥിതിയെ നശിപ്പിച്ചു. ഇത് നിരവധി പാരിസ്ഥിതിക പ്രതിസന്ധികൾക്ക് കാരണമായിട്ടുണ്ട്. അതുമൂലം ഓസോൺ മണ്ഡലം ക്ഷയിക്കുകയും കാലാവസ്ഥവ്യതിയാനം രൂപപ്പെട്ട് മഴപെയ്യുന്നു. ഭൂമിയുടെ അപകടകരമായ നാശത്തിനെതിരായ പ്രതിക്ഷേധ പ്രസ്ഥാനമായും പ്രത്യയ ശാസ്ത്രപരമായും പരിസ്ഥിതി വാദം ഉയർന്നു. പ്രലോഭിപ്പിക്കുന്ന പ്രപഞ്ചത്തിൽ നമുക്ക് വാസയോഗ്യമായ ഒരു ഗ്രഹമാണുള്ളത്. അതിനു പകരം വേറെ ഭവനം ഇല്ല. അതിനാൽ പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യം എന്ന് അനുമാനിക്കുന്നു.



മനുഷ്യനുംപരിസ്ഥിതിയുംതമ്മിലുള്ളബന്ധത്തെക്കുറിച്ചും വികസന സഹായത്തെക്കുറിച്ചും പരിസ്ഥിതിയുടെ വളർച്ചയെക്കുറിച്ചും തത്ത്വചിന്തയിൽ ആഴത്തിലുള്ള ചർച്ച ചെയ്തു കൊണ്ടിരി

11th Std Political Science_Ch_9_Malayalam.indd 176 14/02/2023 19:27:45

ക്കുന്നു. ഈ ചർച്ചയിലെ പ്രധാനപ്പെട്ട വിഷയം പരിസ്ഥിതിയെ ക്കുറിച്ചുള്ള ആഴത്തിലുള്ള പഠനവും പരിസ്ഥിതിയെ എപ്രകാരം ബഹുമാനിക്കേണ്ടത് എന്നതിനെക്കുറിച്ചും ആകുന്നു.





ആഴമില്ലാത്ത പരിസ്ഥിതി ശാസ്ത്രം

ആഴമില്ലാത്ത പരിസ്ഥിതി ശാസ്ത്രം എന്നു പറയുന്നത് ഒരു മനുഷ്യ കേന്ദ്രീകൃതവും പ്രയോജനപ്രദവുമായ വീക്ഷണത്തിലൂടെ പരിസ്ഥിതിയെ സമീപിക്കുന്ന ഒരു പ്രത്യയ ശാസ്ത്രമാണ് യാണ് അമേരിക്കൻ തത്ത്വചിന്തകനായ ആന്റണി വെസ്റ്റൺ ആഴമില്ലാത്ത പരിസ്ഥിതിയുടെ ഏറ്റവും വലിയ പിന്തുണക്കാരനാണ് ഇത് മനുഷ്യന് ഈ ലോകത്തിൽ ഒന്നാം സ്ഥാനം നൽകുന്നു. പരിസ്ഥിതി ശാസ്ത്രത്തിൽ മനുഷ്യന് കേന്ദ്രീകരണത്തിന്റെയും ആധിപത്യത്തിന്റെയും സ്ഥാനം അത് നൽകുന്നു. പ്രകൃതിയുടെ ഒരു ഉപകരണമൂല്യം സ്വീകരിക്കുന്നു അതായത് മനുഷ്യ ക്ഷേമത്തിന് ഉപയോഗപ്രദമാകുമ്പോൾ മാത്രമാണ് പരിസ്ഥിതി ശാസ്ത്രം പ്രധാന്യം അർഹിക്കുന്നത് മനുഷ്യേതര ജൈവരൂപങ്ങളും നിർജീവലോകവും മറ്റൊന്നുമല്ല. ആഴമേറിയ പരിസ്ഥിതിയാണ് മനുഷ്യ ജീവിതത്തിലുള്ള പ്രകൃതി വിഭവങ്ങൾ.

പാരിസ്ഥിക പ്രശ്നത്തിന് സാങ്കേതിക പരിഹാരങ്ങൾ തേടുന്നു. മലിനീകരണം പരിസ്ഥിതിയെ സ്വാധീനിക്കുന്നുവെങ്കിൽ ആ സ്രോതസ്സുകളുള്ള ബദൽ സംവിധാനത്തിലുള്ള ഊർജ്ജം എന്നത് പുനരുപയോഗ ഊർജ്ജവും പരിസ്ഥിതി സൗഹൃദവും വികസിപ്പിക്കേണ്ടതാണ് എന്ന പദത്തെ സൂചിപ്പിക്കുന്ന കുറയ്ക്കുക, പുനരുപയോഗം, പുനർനിർമ്മാണം എന്നീ മൂന്ന് രീതികളിൽ കൂടി മലിനീകരണത്തെനിയന്ത്രിക്കാം.

(മനുഷ്യനാണ് ഈ പ്രപഞ്ചത്തിൽ ഏറ്റവും പ്രാധാന്യം എന്ന കാഴ്ചപ്പാട്)





ആഴമേറിയ പരിസ്ഥിതിശാസ്ത്രം

നോർവിജീയൻ പാരിസ്ഥിതിക തത്ത്വചിന്തകനായ ആർനെനെയ്സ് 1973 ൽ ആഴമേറിയ പരിസ്ഥിതി വിജ്ഞാനം എന്ന പദത്തെ ഉപയോഗിച്ചത്. റേച്ചൽ കാർസണും മഹാത്മഗാന്ധിയും അദ്ദേഹത്തെ സ്വീധീനിപ്പിച്ചു. ആഴമേറിയ പരിസ്ഥിതിക വിജ്ഞാനം എന്ന സിദ്ധാന്തം വാദിക്കുന്നത്. മനുഷ്യർ മറ്റു ജീവനുള്ള വസ്തുക്കൾ കൂടാതെ ജൈവ രൂപങ്ങളല്ലാഞ്ഞതും നിർജീവ വസ്തുക്കളും ബലവും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന മൂന്നു ഭാഗങ്ങളാൽ ഭൂമി രൂപപ്പെടുന്നു. ഭൂമിയിലെ ദശലക്ഷക്കണക്കിന് ജീവികളിൽ ഒന്നാണ് മനുഷ്യൻ. മറ്റു ജീവികൾക്കു മേൽ അവർക്ക് യാതൊരുമേധാവിത്വവും ഇല്ല. ആന്ത്രോപോസെൻട്രിസം അതായത് ഈ ലോകത്തിലെ മനുഷ്യരുടെ കേന്ദ്രീകരണത്തിലും മേധാവിത്വത്തിലുമുള്ള വിശ്വാസത്തെ ഉപേക്ഷിക്കേണ്ടതാണ്.

11th Std Political Science_Ch_9_Malayalam.indd 177 14/02/2023 19:27:45



മനുഷ്യേതര ജൈവരൂപങ്ങൾക്ക് അന്തർലീനമായ മൂല്യവും സ്വത്വവും ഉണ്ട്. ഇത് ബയോസെൻട്രിക് സമത്വത്തിൽ വിശ്വസിക്കുന്നു.ഈ ജൈവ വൈവിധ്യത്തെ ശ്രദ്ധാപൂർവം ഉപയോഗിച്ചുകൊണ്ടാണ് മനുഷ്യർ സുപ്രധാന ആവശ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. ജൈവ വൈവിധ്യ സംരക്ഷണം ഒഴിവാക്കാൻ. സാധ്യമാകാത്തതാണ്. ഗ്രഹത്തിന്റെ മനുഷ്യതേര മേഖലയുടെ വിഷയങ്ങളിൽ മനുഷ്യരുടെ ഇടപെടൽ വിനാശവും അമിതവും അസ്വീകാര്യവുമാണ്. നിലവിലെ ജനസംഖ്യാ വിസ്ഫോടനം പരിസ്ഥിതിശാസ്ത്രത്തിൽ വളരെയധികം സമ്മർദ്ദം ചെലുത്തിയതിനാൽ ലോകജനസംഖ്യ പരിമിതപ്പെടുത്തേണ്ടത്. അടിയന്തരമായ ആവശ്യമാണ്.



ഭാവിയിൽ പാരിസ്ഥിതിക പ്രതിസന്ധികൾ പരിഹരിക്കാനും ഒഴിവാക്കാനും കഴിയുന്നതരത്തിൽ നമ്മുടെ സാങ്കേതിക വിദ്യ, തത്ത്വചിന്ത, സമ്പദ്‌വ്യവസ്ഥ, രാഷ്ട്രീയം എന്നിവ മാറ്റേണ്ടതാണ്. മനുഷ്യർ പാരിസ്ഥിതിക സ്വഭാവമുള്ളവരാണ്. ഭൗതികവും ഉപഭോക്തൃവുമായ ജീവിതശൈലിയിൽ മാറ്റം വരുത്തുകയും, പാരിസ്ഥിതികമായി സംവേദനക്ഷമതയുള്ള ഒരു പുതിയ സാമൂഹിക സാമ്പത്തിക ക്രമം സൃഷ്ടിക്കുകയും വേണ്ടതാണ്. തുച്ഛമായ വിഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള ജീവിതശൈലി സ്വീകരിക്കുന്നതിലൂടെ നമ്മുടെ പാരിസ്ഥിതിക കാൽപ്പാടുകൾ കുറയ്ക്കേണ്ടതാണ്. നാമനിർദേശം സൂചിപ്പിച്ചതുപോലെ ആഴത്തിലുള്ള പാരിസ്ഥിതിശാസ്ത്രം മറ്റു ഘടകങ്ങളിൽ പരിസ്ഥിതിമണ്ഡലത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ മനുഷ്യജീവിതത്തിന്റെ സ്വാധീനം എങ്ങനെ, എന്തുകൊണ്ട് എന്നീ ആഴത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. എന്തുകൊണ്ടാണ് മറ്റു ഘടകങ്ങളെ കുറിച്ചുള്ള ജീവഗോളത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ മനുഷ്യജീവിതത്തിന്റെ ആഘാതം തത്വശാസ്ത്രപരമായി പരിശോധിക്കുന്നത്.

ഭൂമി നമ്മുടെതല്ല, നാം ഭൂമിയുടെതാണ്. - മാർലി മാർട്ട്‌ലിൻ

ആഴമേറിയ പരിസ്ഥിതി വിജ്ഞാനത്തിന്റെയും ആഴമില്ലാത്തപരിസ്ഥിതി വിജ്ഞാനത്തിന്റെയും പോരാട്ടസിദ്ധാന്തങ്ങൾ	
ആഴമേറിയപരിസ്ഥിതി വിജ്ഞാനത്തിന്റെ എട്ട് തത്ത്വങ്ങൾ	**ആഴമില്ലാത്ത പരിസ്ഥിതി വിജ്ഞാനത്തിന്റെ എട്ട് തത്ത്വങ്ങൾ**
1. ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ആന്തരികമൂല്യമുണ്ട്.	1. ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും മനുഷ്യർക്കും അവയുടെ ഉപയോഗത്തിനുമാത്രമാണ് വിലയുള്ളത്.
2. ജീവജാലങ്ങളുടെ മുഴുവൻ വൈവിധ്യവും ലളിതവുമാണ്. എന്നാൽ കൂടുതൽ സങ്കീർണ്ണവും ജീവിതത്തിന്റെ സമൃദ്ധിയിലേക്ക് സംഭാവനചെയ്യുന്നു.	2. സങ്കീർണ്ണ ജീവികൾ (അതായത് മനുഷ്യർ) ലളിതമായവയേക്കാൾ പ്രാധാന്യമാണ്.
3. മനുഷ്യർ തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മാത്രം മറ്റു ജീവികളെ ഉപയോഗിക്കാവൂ.	3. മനുഷ്യർ എല്ലായ്പ്പോഴും എല്ലാ വിഭവങ്ങളും തങ്ങളുടെ ഭൗതികവും, സാമ്പത്തികവുമായ നേട്ടങ്ങൾക്കായിട്ട് ഉപയോഗിക്കണം.
4. മനുഷ്യരല്ലാത്തവരുടെ ആരോഗ്യം മനുഷ്യരുടെ എണ്ണം കുറയുന്നതിനെ ആശ്രയിച്ചിരിക്കുന്നു.	4. നിയന്ത്രണമില്ലാത്ത മനുഷ്യരുടെ ജനസംഖ്യ വർദ്ധിക്കും.
5. ലോകവുമായുള്ള മനുഷ്യരുടെ ഇടപെടൽ അമിതവും വഷളാകുന്നതുമാണ്.	5. സാങ്കേതിക പുരോഗതി എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കുന്നതാണ്.
6. മനുഷ്യരുടെ പദ്ധതികൾ (സാമ്പത്തികശാസ്ത്രം, സാങ്കേതികം, പ്രത്യയ ശാസ്ത്രവും) സമൂലമായിട്ട് മാറേണ്ടതാണ്.	6. ഭൗതികവാദവും, ഉപഭോക്തൃത്വവും മനുഷ്യ സമൂഹത്തെ ഭരിക്കേണ്ടതാണ്.
7. സാധാരണ ജീവിതത്തെക്കാൾ ജീവിത നിലവാരത്തിന് കൂടുതൽ പ്രാധാന്യം.	7. ജീവിതനിലവാരം ഉയരുകയാണ്.
8. ഈ തത്ത്വങ്ങളിൽ വിശ്വസിക്കുന്ന ഓരോ മനുഷ്യനും മാറ്റത്തിനായിട്ട് പ്രവർത്തിക്കേണ്ടതാണ്.	8. പരിസ്ഥിതി പ്രശ്നങ്ങളെ പരിഹരിക്കാൻ വിദഗ്ധരെ അനുവദിക്കേണ്ടതാണ്.

11th Std Political Science_Ch_9_Malayalam.indd 178 14/02/2023 19:27:45

രാഷ്ട്രീയ സിദ്ധാന്തങ്ങളുടെ പരിസ്ഥിതി ശാസ്ത്രവും

പരിസ്ഥിതിയും പരിസ്ഥിതിശാസ്ത്രവും എന്നീ പദങ്ങൾ പര്യായമാണ്. പ്രശസ്ത രാഷ്ട്രീയ ശാസ്ത്രജ്ഞനായ ആൽഡ്രൂഹേവുഡ്. രാഷ്ട്രീയ സിദ്ധാന്തത്തിലെ പരിസ്ഥിതിയെ മൂന്നു തരങ്ങളായിട്ട് തരം തിരിക്കുന്നു.

- സാമൂഹ്യ പരിസ്ഥിതി ശാസ്ത്രം
- ആധുനിക പരിസ്ഥിതി ശാസ്ത്രം
- ആഴമേറിയ പരിസ്ഥിതി ശാസ്ത്രം



A) സാമൂഹ്യപരിസ്ഥിതി ശാസ്ത്രം

അമേരിക്കൻ തത്ത്വചിന്തകനായ മുറെബുക്ക് ചിനാണ് സാമൂഹ്യപരിസ്ഥിതിശാസ്ത്രം എന്നപദം ഉപയോഗിച്ചത്. പാരിസ്ഥിതികമായി ശരിയാക്കുന്നതിന് നിലവിലുള്ള സാമൂഹിക രാഷ്ട്രീയ ഘടനകളിൽ സമൂലമായ മാറ്റങ്ങൾ വരുത്തണമെന്ന് അത് വാദിക്കുന്നു. സാമൂഹ്യ പരിസ്ഥിതിയിൽ മൂന്ന് വ്യത്യസ്ത പ്രവണതകളുണ്ട്.

1 പരിസ്ഥിതി - സമത്വവാദം
2 പരിസ്ഥിതി -അരാജകത്വം
3 പരിസ്ഥിതി - സ്ത്രീശാക്തീകരണം

1. പരിസ്ഥിതി - സമത്വവാദം

റുഡോൾഫ് ബാഹ്രോ തന്റെ ചുവപ്പിൽ നിന്നും പച്ചനിറത്തിലേക്ക് എന്ന പുസ്തകത്തിൽ പരിസ്ഥിതി സമത്വശാസ്ത്രത്തെ പിന്തുണച്ചു. മുതലാളിത്തത്തെ പരിസ്ഥിതിയുടെ ശത്രുവായിട്ട് കണക്കാക്കുന്നു. ഭൗതികവാദവും ഉപഭോക്തൃത്വവും വളർത്തുന്നതിലൂടെ മുതലാളിത്തം പരിസ്ഥിതി ഭയാനകമായ നാശം വരുത്തി. സ്വകാര്യ സ്വത്തവകാശത്തിനുള്ള പരിധിയില്ലാത്ത അവകാശം, മുതലാളിത്തത്തിന്റെ പ്രധാന തത്വം എന്നിവയേയും ഭൂമിയുടെ പരിസ്ഥിതിയുടെ വിലയേറിയ ആരോഗ്യത്തിനെയും, സമ്പത്തിനെയും അപകടത്തിലാക്കുന്നു. പ്രകൃതിയിലുള്ള വിപണിയിൽ കച്ചവടം നടത്താനും മനുഷ്യൻ ഉപഭോഗം ചെയ്യാനുമുള്ള ഒരു ഉൽപ്പന്നമായിട്ട് മാത്രം കാണുന്നു. പരിസ്ഥിതി സമത്വ സിദ്ധാന്തം എന്നത് രാഷ്ട്രീയത്തിൽ സോഷ്യലിസത്തിനു മാത്രമാണ് പരിസ്ഥിതിയെ പരിപോഷിപ്പിക്കാൻ കഴിയുന്നത്. മുതലാളിത്തത്തിന്റെ തിന്മ അവസാനിപ്പിക്കുന്നതിനും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും ഒരു സോഷ്യലിസ്റ്റ് ഉള്ളടക്കവും, ദിശയും ഭരണകൂടത്തിന് നൽകേണ്ടതാണ്.

2. പരിസ്ഥിതി അരാജകത്വം

മുറൈബുക്ക്ചിൻ പരിസ്ഥിതി അരാജകത്വത്തെക്കുറിച്ച് വാദിച്ചു. അധികാരത്തെ പരിസ്ഥിതിയുടെ ശത്രുവായിട്ട് ഇവിടെ കണക്കാക്കുന്നു. മാനവ ചരിത്രത്തിൽ ഭരണകൂടം മതം, കുടുംബം എന്നിയുടെ രൂപത്തിൽ അധികാരത്തിന്റെ ആവിർഭാവം മനുഷ്യനുമേൽ മനുഷ്യൻ ആധിപത്യത്തിലേക്ക് നയിച്ചു.അതേ ശക്തികൾ മനുഷ്യൻ പ്രകൃതിയെ കീഴ്പ്പെടുത്തുകയും ആധിപത്യത്തെ സ്ഥാപിക്കുകയും ചെയ്തു. മനുഷ്യൻ സ്വമേധയാ ഒരു സമൂഹജീവിയാണ് അതിന്റെ യഥാർത്ഥ സഹജാവബോധം സഹകരണ സഹജവാസനയാണ്.

അനുയോജ്യമായ സമൂഹത്തിൽ വികസനം കൈവരിക്കുന്നതിനായി സ്വമേധയാ ഉള്ള സഹകരണത്തെ അടിസ്ഥാനമാക്കി മനുഷ്യൻ വിവിധ സംഘടനകളെ സ്ഥാപിക്കുന്നു. ഭരണകൂടം, മതം, സ്വകാര്യസ്വത്ത് എന്നിവയുടെ കൃത്രിമ ശക്തികൾ ഈ സംവിധാനത്തെ അട്ടിമറിക്കുകയും ആധിപത്യത്തിന്റെയും കീഴ്പ്പെടുത്തലിന്റെയും ഘടനകൾ സൃഷ്ടിക്കുകയും ചെയ്തു. അവർ പരിസ്ഥിതി ശാസ്ത്രത്തെയും നശിപ്പിച്ചു. അതിനാൽ മനുഷ്യനെയും, പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായിട്ട് സ്വമേധയാഉള്ള സഹജാവബോധം അടിസ്ഥാനമാക്കി ഒരു പുതിയ സമൂഹത്തെ നാം സൃഷ്ടിക്കേണ്ടതാണ്

3. പരിസ്ഥിതി സ്ത്രീശാക്തീകരണം

കരോലിൻ മർച്ചന്റ് പ്രകൃതിയുടെ മരണം എന്ന പുസ്തകത്തിൽ പരിസ്ഥിതി സ്ത്രീ ശാക്തീകരണം എന്ന ആശയത്തെ മുന്നോട്ട് വയ്ക്കുന്നു. ഈ വീക്ഷണം പുരുഷാധിപത്യത്തെ പരിസ്ഥിതിയുടെ ശത്രുവായിട്ടും, സ്ത്രീശാക്തീകരണം

11th Std Political Science_Ch_9_Malayalam.indd 179 14/02/2023 19:27:46

സുഹൃത്തായിട്ടും കണക്കാക്കുകയും ചെയ്തിരുന്നു. പുരുഷാധിപത്യം എന്നാൽ സ്ത്രീകൾക്കുമേൽ ആധിപത്യം ചെലുത്തുന്നതിനെയാണ് പുരുഷ്യന്റെ ആധിപത്യം എന്നു പറയുന്നത്. പുരുഷ്യാധിപത്യം സ്ത്രീകളുടെമേൽ മാത്രമല്ല, പ്രകൃതിയുടെമേലും പുരുഷ്യന്റെ ആധിപത്യം സൃഷ്ടിച്ചുവെന്ന് പരിസ്ഥിതി സ്ത്രീവിമോചനവാദികൾ വാദിക്കുന്നു. പുരുഷ്യാധിപത്യം സ്ത്രീകളെയും , പരിസ്ഥിതിശാസ്ത്രത്തെയും കേവലം ഉപയോഗമൂല്യത്തിന്റെ അടിസ്ഥാനത്തിൽ കാണുന്നതിനുള്ള ഉപകരണമായിട്ടാണ് പിന്തുടരുന്നത്. പരിസ്ഥിതി സ്ത്രീശാക്തീകരണം ലിംഗസമത്വം കൂടാതെ പരിസ്ഥിതി ആർജ്ജവമുള്ള രാഷ്ട്രീയത്തെ ആവശ്യപ്പെടുന്നു. അപ്രകാരംനീതിയുടെയും സുസ്ഥിരതയുടെയും ഒരു പുതിയ ലോകം സ്ഥാപിക്കാനാകും.

B) ആധുനിക പരിസ്ഥിതിശാസ്ത്രം

ആഴമില്ലാത്ത പരിസ്ഥിതിയുടെ പര്യായമാണ് ആധുനിക പരിസ്ഥിതി ശാസ്ത്രം. നിബന്ധനകൾ ഇല്ലാത്ത പരിസ്ഥിതിശാസ്ത്രം പുതിയ ഐക്യത്തിന് ശ്രമിക്കേണ്ടതാണ്. പാരിസ്ഥിതിക നാശത്തിന്റെ ഭീഷണി ഒഴിവാക്കുന്നതിനായി നിബന്ധനകളില്ലാത്ത തത്വങ്ങളും സമീപനവും പരിഷ്കരിക്കേണ്ടതാണ്. ജീവജാലങ്ങൾ ഉള്ള ഗ്രഹത്തിന്റെ കേന്ദ്രമായ മനുഷ്യൻ തന്റെ വികസന പ്രവർത്തനങ്ങളിൽ മാനവികതയുടെയും പരിസ്ഥിതി ശാസ്ത്രത്തിന്റെയും ദീർഘകാല താൽപര്യങ്ങൾ പരിഗണിക്കേണ്ടതും ഹ്രസ്വകാല താൽപര്യങ്ങളാൽ മാത്രം നയിക്കപ്പെടാതെയും പ്രവർത്തിക്കേണ്ടതാണ് പ്രബുദ്ധമായ പ്രോൽസാഹനം അത് നിർദേശിക്കുന്നു. ആധുനിക പരിസ്ഥിതിശാസ്ത്രം അന്തർ തലമുറയുടെ നീതി എന്ന ആശയത്തിൽ വിശ്വസിക്കുകയും നമ്മുടെ മുൻതലമുറകളിൽ നമ്മുടെ ഭൂമിയെ അവകാശമാക്കുകയും ഭാവിതലമുറകളിൽ നിന്നും കടമെടുക്കുകയും ചെയ്തുവെന്നും അതിനാൽ ഭൂമിയെ സംരക്ഷിക്കാനും ഉള്ള ധാർമ്മിക ഉത്തരവാദിത്വമുണ്ട്. ഭാവിയിൽ അവരുടെ ജീവിതം ആധുനിക പരിസ്ഥിതിശാസ്ത്രത്തിന്റെ അടിസ്ഥാന സ്വഭാവമാണ് സുസ്ഥിര വികസനം എന്ന ആശയം. വേഗത്തിൽ സമ്പന്നനാകും എന്നത് മനുഷ്യ ലോകത്തിന്റെ ലക്ഷ്യമായിരിക്കരുത് മറിച്ച് കൂടുതൽ വേഗത കൈവരിക്കുക എന്നതാണ് അതിന്റെ മാർഗ്ഗ നിർദേശ സമീപനമെന്ന് അത് വാദിക്കുന്നു.

C) ആഴമേറിയ പരിസ്ഥിതിശാസ്ത്രം

ഇത് പ്രകൃതിയോടുള്ള പുതിയ രീതിയിലുള്ള രാഷ്ട്രീയ, നയം രാഷ്ട്രീയമനോഭാവം എന്നിവ നിർദേശിക്കുന്നു. രാഷ്ട്രീയവും പ്രകൃതിയുമായുള്ള ബന്ധത്തിൽ അടിസ്ഥാനപരമായ മാറ്റത്തിനായി ഇത് വാദിക്കുന്നു. മനുഷ്യരെയും മറ്റു ജീവശാസ്ത്രരൂപങ്ങളെയും നിർജ്ജീവമായ ലോകത്തെയും ബന്ധിപ്പിക്കുന്ന പരിസ്ഥിതിശാസ്ത്രത്തിൽ കാണപ്പെടുന്ന പരസ്പര ബന്ധത്തിന്റെ ഘടകം എന്നത് രാഷ്ട്രീയം മനസ്സിലാക്കുകയും ബഹുമാനത്തോടെ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ഇൻഡ്യയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ

ആധുനിക വികസനത്തിലൂടെ പരിസ്ഥിതിയെ നശിപ്പിച്ചതിന്റെ ഫലമായി ലോകമെമ്പാടും നിരവധി പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. പരിസ്ഥിതിയുടെ ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ ശ്രമിക്കുന്ന നിരവധി പാരിസ്ഥിതിക പ്രതിഷേധ പ്രസ്ഥാനങ്ങളും ഇൻഡ്യയിലുണ്ട്. ഇൻഡ്യയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട നാല് വിധത്തിലുള്ള പരിസ്ഥിതി സംഘടനകളെക്കുറിച്ച് നമുക്ക് പഠിക്കാം.

A ബിഷ്ണോയ് പ്രസ്ഥാനം

B ചിപ്കോ പ്രസ്ഥാനം

C അപ്പിക്കോ പ്രസ്ഥാനം

D സൈലന്റ് വാലി സംരക്ഷണ പ്രസ്ഥാനം

A. ബിഷ്ണോയ് പ്രസ്ഥാനം

18-ാം നൂറ്റാണ്ടിൽ രാജസ്ഥാനിൽ രൂപീകൃതമായ ഒരു പാരിസ്ഥിക പ്രസ്ഥാനമാണ് ബിഷ്ണോയ് പ്രസ്ഥാനം ബിഷ്ണോയ് എന്നാൽ അഹിംസാ പോരാട്ടം എന്നാണ് അർഥമാക്കുന്നത്. രാജസ്ഥാനിലെ താർ മരുഭൂമിയിലെ മതവിഭാഗമാണ് ബിഷ്ണോയ് മധ്യകാലഘട്ടത്തിൽ ഗുരു ജംബേശ്വർ സ്ഥാപിച്ച ഒരു മത വിഭാഗമാണ്. ബിഷ്ണോയ് എന്നാൽ ഹിന്ദിയിൽ 29 എന്നാണ് അർഥം. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ വിശദീകരിക്കുന്ന പ്രധാന തത്വങ്ങൾ 29 ആണ്. അതിനാലാണ് ഈ വിഭാഗത്തിന് പേരു ലഭിച്ചത്. ഈ വിഭാഗം ഒരു സാമൂഹ്യ മത വിശ്വാസ സമ്പ്രദായത്തെ പരിസ്ഥിതിയോടുതികച്ചും യോജിപ്പിച്ച് ഹരിതാഭമായ പ്രദേശിക നൂതന ആശയത്തെ സൃഷ്ടിച്ചു. ഇത് മരുഭൂമിയിലെ ആവാസ വ്യവസ്ഥയെ അതിജീവിക്കുക എന്നാണ്.

11th Std Political Science_Ch_9_Malayalam.indd 180 14/02/2023 19:27:46

18-ാം നൂറ്റാണ്ടിലെ ഒരു കൊട്ടാരം നിർമ്മിക്കാൻ ജോധ്പുരിയിലെ മഹാരാജാവ് ആഗ്രഹിക്കുകയും, പ്രദേശികമായി പരിപോഷിപ്പിച്ച വനത്തിലെ അക്കേഷ്യ മരങ്ങളെ വെട്ടിമുറിക്കാൻ സൈന്യത്തെ ഖെജാർലി എന്ന ഗ്രാമത്തിലേക്ക് അയക്കുകയും ചെയ്തു. പാരിസ്ഥിതിക ബോധമുള്ള പ്രദേശിക ജനത മരങ്ങളെ മുറിക്കുന്നതിനെതിരെ പ്രതിഷേധിച്ചു. അമൃതാദേവി എന്ന വൃദ്ധയായസ്ത്രീ പ്രതിഷേധത്തിന്റെ മുൻ നിരയിലുണ്ടായിരുന്നു. മരങ്ങൾ മുറിക്കാൻ വന്ന സൈന്യത്തോട് മരങ്ങൾ മുറിച്ചു മാറ്റുന്നതിനു പകരം തന്റെ തല വെട്ടാൻ ആവശ്യപ്പെട്ടു. സൈന്യം നിഷ്കരുണം തല വെട്ടി മാറ്റുകയും ചെയ്തു. ആശങ്കാകുലരായിരുന്നു എങ്കിലും ദൃഢനിശ്ചയമുള്ള ഗ്രാമീണർ തങ്ങളുടെ ജീവൻ അർപ്പിക്കാൻ ഒരേ വരിയിൽ നിന്നുമുന്നോട്ടു വന്നു. ദൗർഭാഗ്യമായ ഈ സംഭവത്തിൽ മൊത്തം 363 പേർ വന സംരക്ഷണത്തിനായി ജീവൻ ബലിയർപ്പിച്ചു. ആത്യന്തികമായി ഗ്രാമത്തിലെ ഭീകര സംഭവങ്ങളെക്കുറിച്ച് ഉള്ള വാർത്ത കേൾക്കാനിടയായ മഹാരാജാവ് സൈന്യത്തെ തിരിച്ചു വിളിക്കുകയും കൂട്ടക്കൊലയ്ക്ക് ക്ഷമ ചോദിക്കുകയും ചെയ്തു. ഈ പ്രദേശത്തെ സംരക്ഷണവനമായി അദ്ദേഹം ഔദ്യോഗികമായിട്ട് പ്രഖ്യാപിക്കുകയും ചെയ്തു. ആധുനിക ഭാരതത്തിലെ ആദ്യത്തെ ഏറ്റവും കീർത്തികേട്ട പാരിസ്ഥിതിക പ്രസ്ഥാനമാണ് ബിഷ്ണോയ് ഖെജാർലി പ്രസ്ഥാനം.

ഉദ്ധരണി

"അരിഞ്ഞ തലകളെക്കാൾ വെട്ടിമാറ്റിയ വൃക്ഷത്തിനാണ് പ്രാധാന്യം."

B. ചിപ്പ്കോ പ്രസ്ഥാനം

1973-ാം ആണ്ടിൽ ഉത്തരാഖണ്ഡ് സംസ്ഥാനത്ത് ഗ്രാമവാസികൾ സംഘടിപ്പിച്ച അഹിംസാത്മകവും ജനപ്രിയ പ്രസ്ഥാനമായിരുന്നു ചിപ്പ്കോ പ്രസ്ഥാനം. ഹിന്ദിയിൽ ചിപ്പ്കോ എന്നത് ആലിംഗനം ചെയ്യുക എന്നതാണ്. ചിപ്പ്കോ പ്രസ്ഥാനത്തിന്റെ പ്രക്ഷോഭങ്ങൾ മരങ്ങൾ മുറിച്ചു മാറ്റുന്നതിനെ സംരക്ഷിക്കുന്നത് എന്നതിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന് ഈ പേര് വന്നത്. സ്പോർട്സ്ഗുഡ്സ് എന്ന കമ്പനിയുടെ കരാറുകാർ സംസ്ഥാനത്തിലെ അളകനന്ദ താഴ്വരയിലെ മരങ്ങൾ മുറിക്കാൻ തുടങ്ങി. സർക്കാർ അനുമതിക്കുശേഷം പ്രാദേശിക ജനങ്ങൾ പ്രത്യേകിച്ച് സ്ത്രീകളുടെ നേതൃത്വത്തിൽ അക്രമാസക്തരായ രീതിയിൽ മരങ്ങളെ സംരക്ഷിച്ച് പ്രതിഷേധിക്കുകയും കരാറുകാരനെ തടയുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രശസ്ത സാമൂഹ്യ പ്രവർത്തകനായ ചാണ്ഡി പ്രസാദ് ഭട്ട് ദശോലി ഗ്രാമസ്വരാജ്യ മണ്ഡൽ (ഡ്രിജി എൻ എം) എന്ന എൻ.ജി.ഒ സംഘടന രൂപീകരിച്ച് നേതൃത്വം നൽകി.

പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ സുന്ദർലാൽ ബഹുഗുണ ഈ പ്രക്ഷോഭത്തിൽ പങ്കു ചേരുകയും ഹിമാലയൻ വനങ്ങളിൽ പ്രവേശിക്കുന്നത് നിരോധിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർഥിക്കുകയും ചെയ്തു. സ്ത്രീകളുടെ വലിയ തോതിലുള്ള പങ്കാളിത്തം ചിപ്പ്കോ പ്രസ്ഥാനത്തിന്റെ ശ്രദ്ധേയവും പ്രശംസനീയവുമായ സവിശേഷതയായിരുന്നു. ധൂം സിംങ് നേഗി, സച്നിദേവി തുടങ്ങിയ വനിതാ നേതാക്കൾ ജനങ്ങളുടെ വനാവകാശങ്ങൾക്കായി പോരാടുന്നതിൽ പ്രധാനപ്പെട്ടപങ്കു വഹിച്ചു. 1980-ാം ആണ്ടു മുതൽ സർക്കാർ ഈ പ്രസ്ഥാനത്തെ ഔദ്യോഗികമായിട്ട് നിരോധനം ഏർപ്പെടുത്തി ഇതു മൂലം ഈ പ്രസ്ഥാനം ക്രമേണ ഹിമാലയൻ പർവ്വതത്തിന്റെ പലഭാഗങ്ങളിലും പ്രവർത്തനം വ്യാപിക്കുവാൻ തുടങ്ങി. സ്ത്രീ ശാക്തീകരണം, പരിസ്ഥിതി വാദം, ഗാന്ധിജിയുടെ ആശയങ്ങൾ എന്നീമൂന്നുപ്രധാനപ്പെട്ടപ്രത്യയശാസ്ത്രങ്ങളുടെ വിജയകരമായ ഐക്യത്തോടുള്ള പ്രവർത്തനം ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചു




'പരിസ്ഥിതി ശാശ്വത സമ്പദ്വ്യവസ്ഥയാണ്'
- സുന്ദർലാൽ ബഹുഗുണ

C. അപ്പിക്കോ പ്രസ്ഥാനം

കർണ്ണാടകയിലെ ഉത്തര കന്നട ജില്ലയിൽ പടിഞ്ഞാറൻ മലനിരകളോട് ചേർന്നുള്ള പ്രദേശങ്ങളിൽ 'അപ്പിക്കോ' പ്രസ്ഥാനം എന്ന പരിസ്ഥിതി പ്രതിഷേധ സംഘടനയ്ക്കു രൂപം നൽകി. ഇത് ചിപ്കോ പ്രസ്ഥാനത്തിൽ നിന്നും പ്രചോദനം

11th Std Political Science_Ch_9_Malayalam.indd 181 14/02/2023 19:27:46

ഉൾക്കൊണ്ടതാണ്. അപ്പിക്കോ എന്നാൽ കന്നട ഭാഷയിൽ സ്വീകരിക്കുക എന്നാണ് അർഥം. ഉത്തര കന്നട ജില്ല പശ്ചിമഘട്ടത്തിലാണ് സ്ഥിതിചെയ്യുന്നത്. ജില്ലയിൽ നിരവധി വികസന പദ്ധതികൾ ആരംഭിച്ചതിലൂടെ 1950-ാം ആണ്ട് 81 ശതമാനത്തിലിരുന്ന വന വിസ്തീർണ്ണം 1980-ൽ 24 ശതമാനമായി കുറഞ്ഞു. പാരിസ്ഥിതിക ബോധ മുള്ള വ്യക്തികളാണ് ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. മൂന്നു പരിസ്ഥിതി സംരക്ഷണ മേഖല കളിൽ അവശേഷിച്ച ഉഷ്ണമേഖലാ വനങ്ങൾ, നിഷേധിക്കപ്പെട്ട വനങ്ങളെ വനവൽക്കരിക്കുക വനങ്ങളുടെ യുക്തിസഹമായ പ്രയോജനത്തെ കുറിച്ചുള്ള ആശയങ്ങളെ പ്രചരിപ്പിക്കുക എന്നിവ യാണ് പ്രഖ്യാപിത ലക്ഷ്യങ്ങൾ.

D. സൈലന്റ് വാലി പ്രസ്ഥാനം സംരക്ഷിക്കുക

കേരളത്തിലെ പാലക്കാട് ജില്ലയിലെ പശ്ചിമ ഘട്ടത്തിലെ പാരിസ്ഥിതിക സമ്പന്നമായ ഭൂപ്രദേശ മാണ് നിശ്ശബ്ദ താഴ്വര. മനുഷ്യന്റെ പ്രവർത്ത നങ്ങളിൽ കൂടുതൽ തടസ്സമില്ലാത്ത ഉഷ്ണ മേഖലാ ഈർപ്പമുള്ള നിത്യഹരിതവനങ്ങൾ ഉൾ പ്പെടുന്നു. ഇൻഡ്യയിൽ ഇതിഹാസ കാവ്യമായ മഹാ ഭാരതത്തിലെ പാണ്ഡവരുടെ ഭാര്യ സൈര ന്ധ്രി (ദ്രൗപദിയുടെ പേരിലാണ് ഈ താഴ്വര യ്ക്ക് പേര് നൽകിയിരിക്കുന്നത്) കോളനി ആധി പത്യ ഭരണ കാല ഘട്ടത്തിൽ ഇംഗ്ലീഷുകാർ പ്രസ്തുത സ്ഥലത്തെ സന്ദർശിച്ചപ്പോൾ ശബ്ദം ഉണ്ടാക്കുന്നപ്രാണിയായസിക്കഡാസിന്റെഅഭാവം കാരണം താഴ്വര വിചിത്രമായിട്ടുള്ള നിശ്ശബ് ദമായിരുന്നതായി നാമകരണത്തിന്റെ മറ്റൊരു വിശദീകരണം പറയുന്നു.

ജൈവ വൈവിധ്യത്താൽ ഈ താഴ്വര സമൃദ്ധമായിരിക്കുന്നു. സിംഹവാലുള്ള കുരങ്ങു കൾ ഈ താഴ്വരയിൽ ധാരാളമായി കാണപ്പെ ടുന്നു.സിംഹവാലുള്ള കുരങ്ങുകളുടെ ശാസ്ത്രീയ നാമം മക്കാക്കസൈലനസ് എന്നാണ്. അതിനാൽ അതിനെ സൈലന്റ് വാലി എന്ന പേര് നൽകിയി രിക്കുന്നു. എന്ന് മറ്റൊരു വാദവുമുണ്ട്. 1970 കളിൽ താഴ്വരയിലെ കുന്തിപുഴ നദിക്കു കുറുകെ സൈലന്റ് വാലി പദ്ധതി നടപ്പിലാക്കാൻ കേരള സംസ്ഥാനത്തിന്റെ വൈദ്യുതി ബോർഡ് തീരുമാ നിച്ച് അതിന്റെ പ്രവർത്തനവും ആരംഭിക്കപ്പെട്ടു.

കേരള സാഹിത്യ പരിഷത്തും മറ്റു സാമൂ ഹിക സംഘടനകളും, പരിസ്ഥിതി ബോധമുള്ള വ്യക്തികളും പദ്ധതിക്കെതിരെ കടുത്ത പ്രതി ഷേധം പ്രകടിപ്പിച്ചു. പദ്ധതി പരിസ്ഥിതിയെ പ്രതി കൂലമായി ബാധിക്കുന്നതിനെ അവർ വിമർശിച്ചു. പ്രത്യേകിച്ച് താഴ് വരയിലെ ജൈവവൈവിധ്യം. സമൂഹത്തിലെ വിവിധഭാഗങ്ങളിൽ നിന്നുള്ള കടുത്ത എതിർപ്പിനെ തുടർന്ന് കേരള സർക്കാർ 1980-കളിൽ ഈ പദ്ധതിയെ ഉപേക്ഷിക്കപ്പെട്ടു. 1985-ാം ആണ്ടിൽ ഈ താഴ്വരയെ ഒരു ദേശീയ ഉദ്യാനമായി പ്രഖ്യാപിക്കുകയും പിന്നീട് അതിനെ നീലഗിരി സംരക്ഷണ വനസഞ്ചയം എന്ന പ്രധാന പ്പെട്ട മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇൻഡ്യ യിലെ ഏറ്റവും വിജയകരമായ പാരിസ്ഥിതിക പ്രസ്ഥാനങ്ങളിൽ ഒന്നാണ് സംരക്ഷിത സൈലന്റ് വാലി പ്രസ്ഥാനം.

പദസമുച്ചയം

അരാജകത്വം : അധികാരങ്ങൾ ഇല്ലാത്തതും അംഗ ങ്ങൾ തമ്മിലുള്ള സഹകരണവുമാണ് അതിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനം

സ്ത്രീശാക്തീകരണം : സ്ത്രീകളുടെ ഉന്നമനം, ലിംഗ സമത്വം എന്നിവയെ അനുകൂലിക്കുന്ന പ്രത്യയശാസ്ത്രം.

പുരുഷാധിപത്യം : കുടുംബ രാഷ്ട്രീയം, സമ്പദ് വ്യവസ്ഥ, സംസ്കാരം, മതം എന്നിവയിൽ സ്ത്രീ കൾക്കുമേൽ ആധിപത്യം സ്ഥാപിക്കുന്ന സമ്പ്ര ദായം നിലനിൽക്കുന്നു.

അധിനി വേശാന്തരം : കൊളോണിയസത്തിന്റെ അവസാനത്തിനുശേഷമുള്ള സ്വാതന്ത്ര്യ കാല ഘട്ടം (ഉദാഹരണം 1947 നു ശേഷം)

മേൽക്കോയ്മ ഭാവം : ഏഷ്യയിലെയും ആഫ്രിക്ക യിലെയും വിവിധ രാജ്യങ്ങളെ യൂറോപ്യർ അടിമ കളാക്കുകയും, ചൂഷണം ചെയ്തതുമായി പ്രക്രിയ

വിഷാഖ മാർഗ്ഗ നിർദേശങ്ങൾ : ജോലി സ്ഥല ങ്ങളിൽ സ്ത്രീകളെ ലൈംഗികമായി ഉപദ്രവിക്കു ന്നതിനെ സംരക്ഷിക്കുന്നതിനായുള്ള സുപ്രീം കോടതിയുടെ വിധി ന്യായത്തിൽ അടങ്ങിയിരി ക്കുന്ന മാർഗ്ഗ നിർദേശം.

ലിംഗ സമത്വം : പുരുഷന്മാരും, സ്ത്രീകളും തമ്മിലുള്ള സമത്വം നിലനിർത്തുന്നത്

11th Std Political Science_Ch_9_Malayalam.indd 182 14/02/2023 19:27:46

പൊതുവായ നന്മ : സമൂഹത്തിന്റെ പൊതുവായ ക്ഷേമമോ, താൽപര്യമോ കണക്കാക്കുന്നു

സ്വയമല്ല : സമൂഹത്തിലെ മറ്റുള്ളവരോടൊപ്പം ജീവിക്കുന്നതിനാൽ മനുഷ്യൻ പൂർണ്ണമായും സ്വതന്ത്രനല്ല

സ്ഥിതിഗതികൾ സ്വയം : മനുഷ്യൻ സമൂഹത്തിൽ ഇഴുകി ചേർന്നാണ് ജീവിക്കുന്നത്.

റിഡക്ഷനിസം : കുറക്കുന്നതിനുള്ള സമീപത്താൽ ലോകത്തെ ഒരു പ്രത്യേകമായി ഘടകമായിട്ട് അല്ലെങ്കിൽ ഒന്നിച്ച് ചേർന്നിരിക്കുന്ന അവസ്ഥയോ ആണ്.

സാർവ്വത്രികം : ഒരു ഘടകം അല്ലെങ്കിൽ ആശയം സാർവ്വത്രികമാണെന്ന വിശ്വാസം.

സുസ്ഥിര ഉപഭോഗം : ഓരോ വിഷയത്തിനും അതിന്റേതായ പ്രത്യേകതതിരിച്ചറിയുക അല്ലെങ്കിൽ സാധുതയുള്ള സമീപനം ഓരോ പ്രദേശവും സമൂഹവും. സംസ്ക്കാരവും പ്രത്യേകമായിട്ടോ

പുനർനിർമ്മാണം : എന്തെങ്കിലും വായിച്ച് വ്യാഖ്യാനിക്കുമ്പോൾ മറഞ്ഞിരിക്കുന്നതും ആന്തരികവുമായ അർത്ഥങ്ങളെ മനസ്സിലാക്കി അവയെ സ്വീകരിക്കുക

സ്വത്വ രാഷ്ട്രീയം : നീതി, സമത്വം വികാസം എന്നിവ നേടുന്നതിനായി അവരുടെ ഭാഷ, വംശം, ലിംഗഭേദം, ജാതി മുതലായവയെ ചുറ്റിപറ്റിയുള്ള പ്രത്യേക പരിഗണന കുറഞ്ഞവരുടെ രാഷ്ട്രീയ പടയൊരുക്കം.

ആൻത്രോപോസെൻട്രിസം : മറ്റു ജീവജാലങ്ങളെക്കാൾ മനുഷ്യൻ ഉയർന്നവനും ശ്രേഷ്ഠമായവനും എന്ന കാഴ്ചപ്പാട് മനുഷ്യന്റെ ജീവിതത്തിനും, സന്തോഷത്തിനും, മാത്രമാണ് മറ്റു ജീവജാലങ്ങൾ ഉള്ളതെന്നുകരുതുന്ന മനോഭാവം

ബയോസെൻട്രിക് സമത്വം : എല്ലാ ജീവജാലങ്ങളും തുല്യരാണ് മറ്റു ജീവജാലങ്ങളെക്കാൾ ഏതൊരു വിധത്തിലും മനുഷ്യർ ശ്രേഷ്ഠരല്ല

അന്തർ തലമുറയിലെ നീതി : പരിസ്ഥിതിയെ അത്യാഗ്രഹത്തോടെ നശിപ്പിക്കാതെ ഇപ്പോഴത്തെ തലമുറ ഈ ഗ്രഹത്തെ ഭാവിതലമുറയ്ക്ക് സുരക്ഷിതമായിട്ട് കൈമാറേണ്ടതാണ്

സുസ്ഥിരമായ വികസനം : പ്രകൃതി വിഭവങ്ങളിലെ ഓരോ ഘടകത്തെയും സ്വത്വത്തെതയും സംസ്കാരത്തെയും ഭാവി തലമുറയ്ക്കു വേണ്ടി നാം ശ്രദ്ധാപൂർവ്വം ഉപയോഗിക്കുന്നു.

ആഴമേറിയ പരിസ്ഥിതി ശാസ്ത്രം : മനുഷ്യന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതിയ്ക്ക് പ്രതികൂലമായി ബാധിക്കുന്നതും ലോകത്തിന്റെ പരിസ്ഥിതി ശാസ്ത്രം സംരക്ഷിക്കേണ്ടതിന്റെ അടിയന്തര ആവശ്യവും മനസ്സിലാക്കൽ

ചിപ്പ്കോ പ്രസ്ഥാനം : ഹിന്ദിയിൽ അർഥമാക്കുന്നത് ആലിംഗനം എന്നാണ്. മരങ്ങൾ വെട്ടിമാറ്റുന്നതിൽ നിന്ന് സംരക്ഷിക്കുന്നതിനായി ജനങ്ങൾ മരങ്ങളെ കെട്ടിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

ആപ്പിക്കോ പ്രസ്ഥാനം : കന്നട ഭാഷയിൽ ആപ്പിക്കോ എന്നാൽ ആലിംഗനം എന്നാണ്. കർണ്ണാടകയിൽ മരങ്ങളെ മുറിച്ച് മാറ്റാതിരിക്കാൻ ജനങ്ങൾ മരങ്ങളെ കെട്ടിപിടിച്ച് സംരക്ഷിക്കുന്നു.

മൂല്യ നിർണ്ണയം

I ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. അരാജകത്വത്തെകുറിച്ചുള്ള തെറ്റായ പ്രസ്താവന കണ്ടെത്തുക

   a) ഇത് അരാജകത്വത്തിനായി പരിശ്രമിക്കുന്നു
   b) ഇത് ക്രമത്തെ പിന്തുണയ്ക്കുന്നു
   c) ഇത് മനുഷ്യർക്കിടയിൽ സഹകരണത്തിനായി വാദിക്കുന്നു
   d) ഇത് ഭരണകൂടത്തിന് എതിരാണ്

11th Std Political Science_Ch_9_Malayalam.indd 183 14/02/2023 19:27:46

2. അരാജകത്വത്തിൽ വിശ്വസിച്ചവരിൽ?

a) കാൾ മാർക്സ്
b) ജോസഫ് പ്രൌഡർ
c) ആദംസ്മിത്ത്
d) ജോൺ ലോക്ക്

3. അരാജകത്വത്തെ പ്രകൃതിയിൽ ചൂഷണം ചെയ്യുന്നതിനായി എതിർക്കുന്ന സ്ഥാപനം?

a) ഭരണകൂടം
b) സ്വകാര്യസ്വത്ത്
c) മതം
d) മുകളിൽ പറഞ്ഞവയെല്ലാം

4. സ്ത്രീശാക്തീകരണം പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുന്നു

a) സ്ത്രീകൾ
b) കുട്ടികൾ
c) ന്യൂനപക്ഷങ്ങൾ
d) ഗോത്രവർഗ്ഗക്കാർ

5. "രാഷ്ട്രീയം എന്നത് വ്യക്തിപരമാണ്" എന്ന പ്രസ്താവനയുടെ അർഥം

a) നേതാക്കളുടെ വ്യക്തി ജീവിതത്തെക്കുറിച്ച് നാം ചർച്ച ചെയ്യേണ്ടതാണ്
b) രാഷ്ട്രീയത്തിൽ സത്യസന്ധത പ്രതീക്ഷിക്കേണ്ടതാണ്
c) കുടുംബത്തിലും രാഷ്ട്രീയത്തിലും സ്ത്രീകളുടെ രാഷ്ട്രീയ അവകാശങ്ങളെക്കുറിച്ച് നാം സംസാരിക്കേണ്ടതാണ്
d) രാഷ്ട്രീയക്കാരുടെ വ്യക്തിജീവിതത്തെ നാം അവഗണിക്കേണ്ടതാണ്

6. ആരാണ് ഉത്തരാധുനികതയുടെ പിതാവ് ?

a) ജാക്ക് ഡെറിഡ
b) മൈക്കേൽ ഫാക്കോൾട്ട്
c) ഫ്രെഡറിക് നീറ്റ്ഷേ
d) കാൾ മാർക്സ്

7. "ആഴമേറിയ പരിസ്ഥിതി ശാസ്ത്രം" എന്ന പദം ഉപയോഗിച്ചതാരാണ് ?

a) മൈക്കേൽ ഫാക്കേൾട്ട്
b) റോബർട്ട് ഡി പുറ്റ്നം
c) ഓഡ്രെ ലോർഡെ
d) ആർനെനെയ്സ്

8) ആധുനികതയ്ക്കുശേഷമുള്ള തെറ്റായ പ്രസ്താവനയെ കണ്ടെത്തുക

a) ഇത് ആധുനികതയെ നിരാകരിക്കുന്നു
b) സത്യം ഏക വചനമല്ല ബഹുവചനം
c) ഇത് സാർവത്രികതയെ എതിർക്കുന്നു
d) പ്രത്യേകതയെ നിരാകരിക്കുന്നു

9. ആധുനികതയ്ക്കുശേഷമുള്ളതിനെ ബന്ധപ്പെട്ടിരിക്കുന്നു

a) രാഷ്ട്രീയം തെളിയിക്കുന്നു
b) ദേശീയ രാഷ്ട്രീയം
c) അന്താരാഷ്ട്ര രാഷ്ട്രീയം
d) രാഷ്ട്രീയ വിഭാഗം

10. കമ്മ്യൂണിറ്റേറിയനിസം വിശ്വസിക്കുന്നത്

a) മതം
c) സമൂഹം
d) വിഭാഗം
e) ഭാഷ

11th Std Political Science_Ch_9_Malayalam.indd 184 14/02/2023 19:27:46

11. കമ്മ്യൂണിറ്റേറിയനിസം അനുസരിച്ച് മനുഷ്യൻ

a) ആറ്റോമിസ്റ്റിക് b) സ്വാർത്ഥൻ
c) മതപരമായ d) കമ്മ്യൂണിറ്റിയിൽ ഉൾപ്പെടുത്തി

12. കമ്മ്യൂണിറ്റേറിയനിസം പ്രചരിപ്പിക്കുന്നു

a) സ്വാഭാവിക അവകാശങ്ങൾ b) മൂല്യമുള്ള അവകാശങ്ങൾ
c) അനുകൂലമായ അവകാശങ്ങൾ d) സാമ്പത്തിക അവകാശങ്ങൾ

13. യോജിപ്പിക്കുക

1. ആധുനിക പരിസ്ഥിതി പഠനം	A. ബയോസെൻട്രിക് സമത്വം
2. ആഴമേറിയ പരിസ്ഥിതി പഠനം	B. കുറയ്ക്കുക, പുനർനിർമ്മാണം, പുനരുപയോഗം
3. പൊള്ളയായ പരിസ്ഥിതി പഠനം	C. മരങ്ങളുടെ പ്രസ്ഥാനത്തെ കെട്ടിപ്പിടിക്കുക
4. ചിപ്കോ പ്രസ്ഥാനം	D. സുസ്ഥിരമായ വികസനം

14. ആപ്പിക്കോ പ്രസ്ഥാനം അർത്ഥമാക്കുന്നതെന്ത്

a) മരങ്ങളെ കെട്ടിപ്പിടിച്ച് സംരക്ഷിക്കുക b) ദരിദ്രർക്ക് ഭക്ഷണം നൽകി അവരെ സേവിക്കുക
c) പരിഗണന കുറഞ്ഞവരുടെ അജ്ഞത നീക്കി പഠിപ്പിക്കുക
d) ജനങ്ങളുടെ രോഗം ഭേദമാക്കുക

15. ഇൻഡ്യ, നമീബയ തുടങ്ങിയ രാജ്യങ്ങളിലെ സ്ത്രീകൾക്ക് സ്ത്രീശാക്തീകരണ വിദ്യാ ലയം കൂടുതൽ അനുയോജ്യമാണ്

a) കൊളോണിയലിനുശേഷമുള്ള സ്ത്രീശാക്തീകരണം b) അഭിപ്രായ സ്വാതന്ത്യമുള്ള സ്ത്രീശാക്തീകരണം
c) മൗലികമായ സ്ത്രീശാക്തീകരണം d) മാർക്സിസ്റ്റ്സിദ്ധാന്തത്തെ സംബന്ധിച്ച സ്ത്രീ ശാക്തീകരണം

II. ചോദ്യങ്ങൾക്ക് വളരെ ചുരുക്കി ഉത്തരം നല്കുക

1. ആന്ത്രോപോസെൻട്രിസം എന്ന പദം നിർവ്വചിക്കുക.
2. ഐഡൻന്റിറ്റി രാഷ്ട്രീയം എന്താണ്?
3. "സിറ്റ്യൂറ്റഡ് സെൽഫ്" എന്ന വാക്കിന്റെ അർത്ഥം കണ്ടെത്തുക
4. വിഷാഖ മാർഗ്ഗനിർദേശങ്ങൾ എന്തൊക്കെയാണ്?
5. സ്ത്രീശാക്തീകരണത്തിന്റെ അർത്ഥം നൽകുക.
6. ഭരണകൂടം അനാവശ്യമായ ഒരു തിന്മയാണ് എന്ന് അരാജകത്വം പറയുന്നത് എന്തുകൊണ്ട്?
7. അരാജകത്വത്തിന്റെ ഉത്പ്പത്തി ഉത്ഭവം നൽകുക.

III ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം നൽകുക

1. മൗലികമായ സ്ത്രീശാക്തീകരണത്തിന്റെ പ്രസിദ്ധമായ പ്രസ്താവനയെക്കുറിച്ച് "വ്യക്തിപര മായത് രാഷ്ട്രീയമാണ്" എന്നതിന്റെ അഭിപ്രായം രേഖപ്പെടുത്തുക
2. ആഴമേറിയ പരിസ്ഥിതി പഠനം എന്ന ആശയം സംബന്ധിച്ച് ഒരു കുറിപ്പ് നല്കുക.
3. കമ്മ്യൂണിറ്റേറിയനിസത്തിന്റെ അനുകൂല അവകാശം എന്ന ആശയം വിശദീകരിക്കുക.
4. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് ആഴമുള്ള പരിസ്ഥിതി സംരക്ഷണത്തിന് ആഴമുള്ള പരിസ്ഥിതിപഠനത്തിന്റെ പരിഹാരങ്ങൾ തിരിച്ചറിയുക.

11th Std Political Science_Ch_9_Malayalam.indd 185 14/02/2023 19:27:46

IV ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക

1. അരാജകത്വത്തിന്റെ മുഖ്യസവിശേഷതകളെ വിമർശനാത്മകമായി വിലയിരുത്തുക.
2. സ്ത്രീശാക്തീകരണം എന്ന വിവിധവിദ്യാലയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
3. ഇൻഡ്യയിലെ പ്രധാനപരിസ്ഥിതി പ്രസ്ഥാനങ്ങൾ വിവരിക്കുക.
4. മനുഷ്യൻ, സമൂഹം, അവകാശങ്ങൾ,നീതി എന്നിവയെക്കുറിച്ചുള്ള കമ്മ്യൂണിറ്റേറിയ നിസത്തിന്റെ നിലപാട് പരിശോധിക്കുക.

ഗ്രന്ഥ സൂചിക

1. Gauba, O.P.(2009) An Introduction to Political Theory, New Delhi: Macmillan Publishers India Ltd.
2. Heywood, Andrew (2003) Political Ideologies: An Introduction, London: Macmillan
3. Naess, A. (1973) 'The shallow and the deep, long-range ecology movement: a summary'. Inquiry, vol. 16
4. Rajeev Bhargava & Ashok Acharya (Ed), (2016) Political theory: An Introduction, New Delhi: Thomson press.
5. Ramasamy, Sushila (2009) "Political Theory – Ideas and Concepts, Chennai: Macmillan India Ltd.
6. IGNOU Political Science Study Materials, B.A and M.A

11th Std Political Science_Ch_9_Malayalam.indd 186 14/02/2023 19:27:46

യൂണിറ്റ്
10

പൊതു അഭിപ്രായവും പാർട്ടി സംവിധാനവും



പഠനലക്ഷ്യങ്ങൾ

- പാർട്ടിസംവിധാനത്തിന്റെ അർത്ഥം നിർവചിക്കൽ
- ജനാധിപത്യത്തിൽ, പാർട്ടിസംവിധാനത്തിന്റെ പങ്ക്, പ്രവർത്തനം, തരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്.
- ആധുനിക കാലത്ത് പാർട്ടി സംവിധാനത്തിന്റെ ചരിത്രപരമായ പരിണാമം കണ്ടെത്തുന്നതിന്.
- ദേശീയ, പ്രദേശിക തലങ്ങളിൽ ഇൻഡ്യയിലെ പാർട്ടി സംവിധാനത്തിന്റെ ഘടന രൂപപ്പെടുത്തുന്നതിന്.
- ജനാധിപത്യത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിൽ പൊതുജനാഭിപ്രായത്തിന്റെ പ്രാധാന്യം വിലയിരുത്തു.
- പാർട്ടി സംവിധാനത്തിന്റെ സ്വാധീനവും പരിമിതികളും വിലയിരുത്തുന്നതിന്

10.1 പൊതുഅഭിപ്രായം നിർവചിക്കൽ:

പൊതുജനാഭിപ്രായം ഒരു മന:ശാസ്ത്രപരവുംസാമൂഹികവുമായപ്രക്രിയയായിനിർവചിക്കാം. അതിൽ പൊതു ജനങ്ങൾ ഓരോരുത്തരുടെയും പൊരുമാറ്റവും വിശ്വാസങ്ങളും പരസ്പരം സോപാധികമാണ്. ചുരുക്കത്തിൽ അത് ജനങ്ങളുടെ കൂട്ടായകാഴ്ചപ്പാടുകളും അവരുടെ മനോഭാവങ്ങളും അഭിപ്രായങ്ങളുമാണ്.

ഇത് സർക്കാരും രാഷ്ട്രീയവുമായി ബന്ധപ്പെട്ടകാര്യങ്ങളിൽ ജനങ്ങളുടെ കൂട്ടായമുൻഗണനകളാണ്. ഒരു ജനാധിപത്യത്തിൽ കൂട്ടായവ്യക്തിഗത അഭിപ്രായങ്ങൾ പ്രാധാന്യമർഹിക്കുന്നുവെന്നും,പൊതുജനാഭിപ്രായം വ്യക്തിഗത അഭിപ്രായത്തെക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നുവെന്നതിന്റെയും അടിസ്ഥാനത്തിലാണ്. ഇത് സംഘടിതവിഭാഗങ്ങൾ,സർക്കാർ നേതാക്കൾ, മാധ്യമ പ്രമാണികർ എന്നിവർക്ക് പൊതു ജനാഭിപ്രായത്തെ സ്വാധീനിക്കാനും നിയന്ത്രിക്കാനും കഴിയുമെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

വാസ്തവത്തിൽ ജനാധിപത്യം അതിന്റെ അധികാരം ജനങ്ങളിൽ നിന്നും നേടിയെടുക്കുന്നു.പൊതുജനാഭിപ്രായം ഒരു വ്യക്തിയുടെ അഭിപ്രായമല്ല. അവൻ അല്ലെങ്കിൽ അവൾ എത്ര ആദരണീയനും വിദഗ്ദനുമായ വ്യക്തിയാണെങ്കിലും, ഇത് ഒരു സ്വകാര്യ അഭിപ്രായമല്ല.പൊതുജനാഭിപ്രായം എന്നത് ഒരു പൊതുവിഷയത്തിലോഉത്കണ്ഠയിലോ,ഒരുവിഭാഗത്തിന്റെ അഥവാ പലവിഭാവങ്ങളുടെയും സംഘടിതവും പരിഗണിക്കപ്പെട്ടതുമായ അഭിപ്രായമാണ്.

പൊതുഅഭിപ്രായത്തിന്റെ പങ്ക്:

ഒരു ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് എല്ലാ പൗരന്മാരുടെയും കാഴ്ചപ്പാടുകൾ മാനിക്കപ്പെടുന്ന പൊതുജനാഭിപ്രായം ഒരു പ്രധാന ഘടകമാണ്. അതിനെ അവഗണിച്ച് ഒരു സർക്കാരിനും നിലനിൽക്കാനാകില്ല.

10.2 ഒരു യഥാർത്ഥ പൊതുജനാഭിപ്രായം രൂപപ്പെടുന്നതിനുള്ള തടസ്സങ്ങൾ

പൊതുജനാഭിപ്രായം ജനങ്ങളുടെ ആശയങ്ങളുടെയും അഭിപ്രായത്തിന്റെയും യഥാർത്ഥപ്രതിഫലമായിരിക്കണം . എന്നിരുന്നാലും യഥാർത്ഥ പൊതുജനാഭിപ്രായത്തിന് ചില തടസ്സങ്ങളുണ്ട്.

സ്വാർത്ഥതാല്പര്യങ്ങൾ (എനിക്ക് രാഷ്ട്രത്തെക്കാൾ പ്രാധാന്യം): സ്വന്തം രാഷ്ട്രത്തിന്റെ കാര്യങ്ങളിൽ വ്യക്തിപരമായ മുന്നേറ്റം തേടുന്ന ജനങ്ങളുടെ താല്പര്യം. രാജ്യത്തിന്റെ ഐക്യം, പ്രതിബദ്ധത, സമഗ്രത, പുരോഗതി എന്നിവയുമായി ബന്ധപ്പെട്ട സുപ്രധാന വിഷയങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്.

നിരക്ഷരത: സാക്ഷരരും ഉത്തരവാദിത്തമുള്ളവരുമായ ജനങ്ങൾ ദയമോ പ്രീതിയോ ഇല്ലാതെ തങ്ങളുടെ പൗരാവകാശം ഉപയോഗിച്ചു കൊണ്ട് നല്ല പൗരന്മാരാകുമെന്ന് പ്രതീക്ഷിക്കുന്നു. നിര

11th Std Political Science_Ch_10_Malayalam.indd 187 14/02/2023 19:31:39

ക്ഷരായ ജനങ്ങളെ പലപ്പോഴും പാർട്ടി പ്രവർത്തകർ തെറ്റിദ്ധരിപ്പിക്കുകയും, വികാരങ്ങൾ, അനുഭാവങ്ങൾ,വാചാടോപങ്ങൾ എന്നിവയാൽ നയിക്കപ്പെടുകയും ചെയ്യുന്നു. സ്വാതന്ത്ര്യചിന്തയുടെയും അറിവിന്റെയും പരിതസ്ഥിതിയിൽ മാത്രമേ മികച്ച പൊതുഅഭിപ്രായം രൂപീകരിക്കാൻ കഴിയൂ

(a) ദാരിദ്ര്യം : ഏത് രാജ്യത്തെയും ദരിദ്ര്യർ, രാഷ്ട്രീയ നേതാക്കളുടെ തെറ്റായവാഗ്ദാനത്താൽ എളുപ്പത്തിൽ സ്വാധീനിക്കപ്പെടുകയും വ്യക്തി നിഷ്ഠമായി വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്നു. ദാരിദ്രം ലഘൂകരിക്കുന്നതിലൂടെ മാത്രമേ ശക്തവും വസ്തുനിഷ്ഠവുമായ പൊതു അഭിപ്രായം സാധ്യമാകൂ.

(b) വംശീയവും ജാതിയും അടിസ്ഥാനമാക്കിയുള്ള വിവേചനം : ജാതി, വിശ്വാസം, മതം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവേചനത്തെ പ്രകോപിപ്പിക്കുന്ന വികാരങ്ങൾ ജനങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിക്കുന്നു. അവയെ പലപ്പോഴും രാഷശ്ട്രീയപാർട്ടികൾ തങ്ങളുടെ നേട്ടത്തിനായി കൈകാര്യം ചെയ്യുന്നു. രാജ്യത്ത് സാമൂഹിക പൊരുത്തക്കേട് ജനാധിപത്യത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഹാനികരമാണ്.

(c) സംസാര,മാദ്ധ്യമ സ്വാതന്ത്ര്യം:



നിഷ്പക്ഷവും വസ്തുനിഷ്ഠവും സ്വതന്ത്രവുമായ മാധ്യമങ്ങളും ,വ്യക്തിഗതഅഭിപ്രായത്തോടുള്ള ബഹുമാനവും ആരോഗ്യകരമായ അഭിപ്രായ രൂപീകരണത്തിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യത്തെ മാനിക്കുകയും ഉത്തരവാദിത്തമുള്ള വാർത്താപ്രക്ഷേപണം നടത്തുകയും ചെയ്യുന്ന ഒരു സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ മാദ്ധ്യമത്തിന്റെ സുപ്രധാനമായ കടമ, പക്ഷവും പ്രതികരണാത്മകവുമായ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനുള്ള പ്രധാനമാനദണ്ഡങ്ങളാണ്.

10.3 രാഷ്ട്രീയപാർട്ടികളുടെ നിർവചനം

രാഷ്ട്രീയപാർട്ടികൾ ഒരു ജനാധിപത്യ വ്യവസ്ഥയിലെ ഒഴിച്ചുകൂടാനാകാത്ത ഒരു ഉപകരണമാണ്. കൃത്യമായ പ്രത്യയശാസ്ത്രങ്ങളും പ്രവർത്തന പരിപാടികളുമായാണ് അവ രൂപപ്പെടുന്നത്. സമൂഹത്തെയും ഭരണകൂടത്തെയും സംബന്ധിച്ച പ്രശ്നങ്ങളിൽ അവർ പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും ബദൽ മാർഗ്ഗങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു.പ്രചരണത്തിലൂടെ അവർ രാഷ്ട്രീയവിഷയങ്ങളിൽ ജനങ്ങളെ ബോധവൽകരിക്കുകയും അവരുടെ നയങ്ങൾക്കും പരിപാടികൾക്കും പിന്തുണ നേടുകയും ചെയ്യുന്നു.

വിവിധരാഷ്ട്രീയ പാർട്ടികൾ തമ്മിൽ നിരന്തരമായ മത്സരമുണ്ട്, ഈമത്സരം ഒരു ജനാധിപത്യത്തിന്റെ പരിപക്വമായ പ്രവർത്തനം ഉറപ്പാക്കുന്നു

പ്രവർത്തനം

ജനാധിപത്യത്തിൽ രാഷ്ട്രീയപാർട്ടികളുടെ വിവിധപ്രവർത്തനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.:

- പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു.
- പാർട്ടികൾ വ്യത്യസ്ത നയങ്ങളും പദ്ധതികളും മുന്നോട്ടുവയ്ക്കുന്നു.
- പാർട്ടികൾ രാഷ്ട്രത്തിനു വേണ്ടി നിയമങ്ങൾ നിർമ്മിക്കുന്നു.
- പാർട്ടികൾ സർക്കാർ രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.
- പാർട്ടികൾ പ്രതിപക്ഷങ്ങളായി പങ്ക് വഹിക്കുന്നു.
- പാർട്ടികൾ പൊതു ജനാഭിപ്രായം രൂപപ്പെടുത്തുന്നു.
- പാർട്ടികൾ സർക്കാർ ക്ഷേമപദ്ധതികൾ ജനങ്ങൾക്ക് ലഭ്യമാകാൻ സഹായിക്കുന്നു.

ഒരു മാസത്തേക്ക് പത്രങ്ങൾ വായിച്ച് രാഷ്ട്രീയ പാർട്ടികളുടെ വിവിധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കുക.

ഉദ്ധരണി

ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പൊതു ജനാഭിപ്രായം പ്രാവർത്തികമാക്കുന്നു.

11th Std Political Science_Ch_10_Malayalam.indd 188 14/02/2023 19:31:41

10.4 രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ

ഒരു ജനാധിപത്യത്തിൽ, രാഷ്ട്രീയ പാർട്ടികൾ സർക്കാരിനും പൊതുജനങ്ങൾക്കും സംവദിക്കാൻ കഴിയുന്ന ഒരു അവിഭാജ്യബന്ധമായി പ്രവർത്തിക്കുന്നു. രാഷ്ട്രീയ സംരഭങ്ങളിലേക്കും ജനങ്ങളെ നയിക്കുന്ന ഒരു അടിത്തറയായി രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നു.വോട്ടുകൾ സമാഹരിക്കുക എന്നഉദ്ദേശത്തോടെ രാഷ്ട്രീയ ചിന്തകളെയും അഭിപ്രായത്തെയും സ്വാധീനിക്കാൻ രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നു.ഭാവിയിലെ പ്രാദേശിക, ദേശീയ നേതൃത്വത്തിലുള്ള പരിശീലന കേന്ദ്രമായി വർത്തിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക പ്രവർത്തനത്തിനുള്ള ഒരു വേദി അവ നൽകുന്നു. പാർട്ടിക്കുള്ളിലും പ്രതിപക്ഷ പാർട്ടികളോടുമുള്ള കർശനമായ സംവാദങ്ങളിലൂടെയും ചോദ്യങ്ങളിലൂടെയും ദീർഘകാലാടിസ്ഥാനത്തിൽ നേതാക്കൾക്ക് അവരുടെ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്യമുണ്ട്. അങ്ങനെ ജനങ്ങളുടെ മുന്നിൽ വിവിധതരംസ്ഥാനാർത്ഥികൾ, പ്രത്യയ ശാസ്ത്രങ്ങൾ രാഷ്ട്രത്തെ നിയന്ത്രിക്കുന്ന വിവിധ പ്രശ്നങ്ങളിലേക്കുള്ള സമീപനങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. ഭൂരിപക്ഷം ജനങ്ങളും, ഭരണ രീതിയിൽ ഒരു പരിവർത്തനം ആഗ്രഹിക്കുന്നുവെങ്കിൽ, അവൾക്ക് ആ പരിവർത്തനവും കൊണ്ടു വരാൻ കഴിയുമെന്ന അറിവ് ജനാധിപത്യത്തിലുള്ള അവരുടെ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നു.

പാർട്ടി സമ്പ്രദായം

സർക്കാരിനെ പ്രവർത്തിപ്പിക്കാനും സ്ഥിരപ്പെടുത്താനും പാർട്ടി സംവിധാനം സഹായിക്കുന്നു.ജനാധിപത്യ രാജ്യങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിന് അവ പ്രത്യേകിച്ചും പ്രസക്തമാണ്. പാർട്ടി സമ്പ്രദായം സർക്കാരിന്റെ നയങ്ങൾക്കെതിരായ പരിശോധനകളുടെയും സമതുലിതാവസ്ഥയുടെയും ഒരു സംവിധാനം നൽകുന്നു. പൊതുജനമധ്യത്തിൽ ജനപിന്തുണ നേടുന്നതിലൂടെയും പാർട്ടിക്കുള്ളിൽ നേതൃത്വത്തിനും സംരക്ഷണത്തിനും ഒരു രൂപം നൽകുന്നതിലൂടെയും പാർട്ടിയുടെ ലക്ഷ്യങ്ങൾക്കും അജണ്ടയ്ക്കും അനുസരിച്ച് ഇത് നല്ല ഭരണം നിലനിർക്കാൻ സഹായിക്കുന്നു.

നിങ്ങൾക്ക് അറിയാമോ

തെരഞ്ഞെടുപ്പിൽ മത്സരിക്കാനും സർക്കാരിൽ അധികാരം സ്ഥാപിക്കാനും ഒത്തു ചേരുന്ന ഒരു കൂട്ടം ആളുകൾ ചേർന്നതാണ് ഒരു രാഷ്ട്രീയ പാർട്ടി. സമൂഹത്തിന്റെ കൂട്ടായ നന്മയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചില നയങ്ങളും പരിപാടികളും അവർ അംഗീകരിച്ചു.

വിവിധതര പാർട്ടി സമ്പ്രദായങ്ങൾ

ജനാധിപത്യത്തിന്റെ പ്രത്യേക ഘടകങ്ങളെ ആശ്രയിച്ച് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്തതരം പാർട്ടിസമ്പ്രദായങ്ങൾ വികസിച്ചു വന്നു. ഒരു ജനാധിപത്യത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നത്, സർക്കാർ എപ്രകരമാണ് ജനങ്ങളുടെ പ്രതിനിധിയാകുന്നത് ,സർക്കാരിന് ജനങ്ങളോട് എത്രത്തോളം ഉത്തരവാദിത്തമുണ്ട്, എപ്രകാരമാണ് മനുഷ്യാവകാശങ്ങളുടെയും പദവിയുടെയും സന്ദർഭങ്ങളുടെയും തുല്യത ഉറപ്പു വരുത്തുന്നതോടൊപ്പം രാഷ്ട്രീയ പങ്കാളിത്തത്തിൽ ജനങ്ങൾക്ക് ഏർപ്പെടുത്തുന്നത് തുടങ്ങിയ പ്രശ്നങ്ങളെ, വിവിധതര പാർട്ടി സമ്പ്രദായം വ്യത്യസ്തരീതികളിൽ അഭിമുഖീകരിക്കുകയും അതു വഴി നടപ്പാക്കുന്ന ജനാധിപത്യത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കപ്പെടുകയും ചെയ്യുന്നു.



A. ഏകപാർട്ടി സമ്പ്രദായം

ഏകപാർട്ടി സമ്പ്രദായത്തിൽ, ഒരു രാഷ്ട്രീയ പാർട്ടി സർക്കാരുണ്ടാക്കാനുള്ള അവകാശം വിനിയോഗിക്കുന്നു. ഇത് പലപ്പോഴും ലിഖിതമോ അലിഖിതമോ ആയ ഭരണഘടനയിൽ നിന്ന് ഉരിത്തിരിഞ്ഞതാണ്. ഏകപാർട്ടിസമ്പ്രദായത്തിന് കീഴിലുള്ള മിക്ക വിഭാഗങ്ങളിലും കുറഞ്ഞപങ്കാളിത്തവും ദുർബല ഉത്തരവാദിത്വവുമാണ് കാണുന്നത്.

11th Std Political Science_Chaper-10_Malayalam.indd 189 26-03-2023 13:05:48

ഉദാഹരണങ്ങൾ- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈന (സി പി സി)സിംഗപ്പൂരിലെ പീപ്പിൾസ് ആക്ഷൻ പാർട്ടി (പി എ പി), കൊറിയൻ വൊർക്കേഴ്സ് പാർട്ടി, (കെ ഡബ്ലൂ പി), ഉത്തര കൊറിയ, വിയറ്റ് നാമിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് വിയറ്റ്നാം (സി പി വി),ക്യൂബയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ക്യൂബ (സി പി സി).ഒറ്റ പാർട്ടി സമ്പ്രദായം ജനാധിപത്യപരമായ ആവിഷ്കാരങ്ങൾക്ക് മതിയായ സ്ഥാനം നൽകാത്തതോടൊപ്പം ബദലിനുള്ള സാധ്യതയും അനുവദിക്കുന്നില്ല. ഉദാഹരണത്തിന് 1920-കളിൽ ദേശീയവാദ സൈനികതയെ വാദിക്കുന്ന ഫാസിസ്റ്റ് പ്രസ്ഥാനങ്ങൾ ജർമ്മനിയിൽ ഹിറ്റ്ലറുടെ കീഴിലും സ്പെയിനിൽ ജനറൽ ഫ്രാങ്കോയുടെ കീഴിലും അധികാരം പിടിച്ചെടുത്തു. മറ്റ് രാഷ്ട്രീയ പാർട്ടികൾ രൂപപ്പെടുന്നതിനെ അവർ തടഞ്ഞു.

B. ദ്വി പാർട്ടി സമ്പ്രദായം

ദ്വി പാർട്ടി സമ്പ്രദായത്തിൽ, വ്യത്യസ്ത താല്പര്യമുള്ള രണ്ട് രാഷ്ട്രീയ പാർട്ടികൾക്ക് ഭൂരിപക്ഷം നേടുന്നതിനും സർക്കാർ രൂപീകരിക്കുന്നതിനും തുല്യ അവസരമുണ്ട്.ദ്വി പാർട്ടി സമ്പ്രദായത്തിൽ ഭൂരിപക്ഷം നേടുന്ന പാർട്ടി ഭരണകക്ഷിയും ന്യൂന പക്ഷ പാർട്ടി പ്രതിപക്ഷകക്ഷിയുമായിരിക്കും ദ്വി പാർട്ടി സമ്പ്രദായത്തിൽ രാഷ്ട്രീയ നേതാക്കൾക്ക് കൂടുതൽ ഉത്തരവാദിത്ത ബോധവും രാഷ്ട്രീയ പങ്കാളിത്തവുമുണ്ട്.പ്രതിപക്ഷംഅവിശ്വാസപ്രമേയത്തിലൂടെ ഭരണം ഒഴിപ്പിക്കണമെന്ന ഭീഷണി നിലവിലുള്ള സർക്കാരിന് തലയ്ക്കു മുകളിലെ വാളായി (ദാമോക്കിൾസ് വാൾ)തുടരുന്നു. അതിനാൽഭരണാധികാരികൾ ഉത്തരവാദിത്തപരമായ നടപടികളും പ്രവർത്തനങ്ങളും ഉയർന്ന തോതിൽ ഉറപ്പുവരുത്തുന്നു. എന്നിരുന്നാലും രാഷ്ട്രീയ അന്തരീക്ഷം വളരെയധികം ധ്രുവീകരിക്കപെടുന്നതിനാൽ, ഒരു പാർട്ടിക്ക് അധികാരം നഷ്ടപ്പെട്ടാൽ വലിയ മാറ്റങ്ങൾ സംഭവിക്കുകയും അത് ദേശീയ താല്പര്യങ്ങൾക്ക് ഹാനികരമാണെന്ന് തെളിയുകയും ചെയ്തേക്കാം. യു എസ് എ- ഡെമോക്രേറ്റുകൾ, റിപ്പബ്ലിക്കൾമാർ, യു.കെ കൺസർവേറ്റീവുകൾ, ലിബറുകൾ എന്നിവ ദ്വി പാർട്ടി സമ്പ്രദായത്തിന്റെ ഉദാഹരണങ്ങളാണ്.

എന്നിരുന്നാലും, ഒരു രാജ്യത്തും പാർട്ടികളുടെ എണ്ണത്തിൽ ഭരണ ഘടനാപരമായ നിയന്ത്രണമില്ല. ഭരണഘടനാ നടപടിക്രമങ്ങളും ജനങ്ങളുടെ രാഷ്ട്രീയ പക്വതയും ദ്വി പാർട്ടി സമ്പ്രദായത്തിന്റെ ആവിർഭാവത്തിലേയ്ക്ക് നയിച്ചു.



11th Std Political Science_Ch_10_Malayalam.indd 190 14/02/2023 19:31:43

C. ബഹുപാർട്ടി സമ്പ്രദായം

ബഹുപാർട്ടി സമ്പ്രദായത്തിൽ, ഒന്നിലധികം രാഷ്ട്രീയ പാർട്ടികൾക്ക് ജനകീയപിന്തുണനേടാനും ഒരു സർക്കാർ രൂപീകരിക്കാനും സാധിക്കുന്നു. അത് ഒന്നുകിൽ ഒരു ഭൂരിപക്ഷപാർട്ടിയെന്ന നിലയിലോ അതല്ലെങ്കിൽ സമാനരാഷ്ട്രീയ ലക്ഷ്യങ്ങളുള്ള ഭൂരിപക്ഷേതര പാർട്ടികളുമായി സഖ്യത്തിലോ ആയിരിക്കും. ഈ സംവിധാനത്തിൽ, രാഷ്ട്രീയ നേതാക്കളെ അവരുടെ സഖ്യ പങ്കാളികൾ നിരന്തരം നിരീക്ഷിക്കുകയും രാഷ്ട്രീയ സമതുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുന്നു. അവർ ജനങ്ങളോട് കർശനമായ ഉത്തരവാദിത്തത്തിനും വിധേയരാണ്. ബഹുപാർട്ടി സമ്പ്രദായം രാഷ്ട്രീയ മാറ്റം കൊണ്ടുവരാനുള്ള കഴിവും വോട്ടർമാർക്ക് വാഗ്ദാനം നല്കുന്നു.

ഫ്രാൻസിലെയും ഇറ്റലിയിലെയും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം ബഹുപാർട്ടി സംവിധാനങ്ങളുടെയും സഖ്യകക്ഷികളുടെയും ഭരണത്തിന് കാരണമാകുന്നു.

കാനഡ, ഫ്രാൻസ്, ജർമ്മനി, ഇന്ത്യ, സ്വീഡൻ, എന്നിവയാണ് ബഹുപാർട്ടി സംവിധാനങ്ങളുള്ള രാജ്യങ്ങൾക്ക് ഉദാഹരണം.

പ്രവർത്തനം

ചിന്തിക്കുക - രണ്ട് പേർ - പങ്കിടുക

പങ്കിടാനുള്ള വിഷയം - ഏക പാർട്ടി: സമ്പ്രദായം ഒരു നല്ല തെരഞ്ഞെടുക്കലായി കണക്കാക്കത്തതെന്തുകൊണ്ട്?

10.5 ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്ക്

രാഷ്ട്രീയ പാർട്ടികളുടെ നിലനില്പിന് പ്രധാനമായും ജനാധിപത്യത്തിന്റെ ഗുണനിലവാരവും ഫലപ്രാപ്തിയും ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തമുണ്ട്. അമേരിക്കൻ ഐക്യനാടുകൾ, ഇന്ത്യ തുടങ്ങിയ ഏകീകൃത രാഷ്ട്രങ്ങളിൽ ബഹുസാംസ്കാരിക സമൂഹങ്ങളുടെ സമാധാനവും ഐക്യവും നിലനിർത്തേണ്ടത് സാമൂഹിക -സാമ്പത്തിക പുരോഗതിക്ക് പ്രധാനമാണ്. ഏകകക്ഷി സമ്പ്രദായത്തിന് വേഗത്തിൽ തീരുമാനമെടുക്കുന്നതിനും യോജിച്ച നടപടികൾ സ്വീകരിക്കുന്നതിൽ വിധേയത്വം ഉണ്ടാകാമെങ്കിലും ഈ തീരുമാനങ്ങൾ ബഹുജന അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നില്ല. അതിനാൽ ഇത് സർക്കാരിന് കൂടുതൽ എതിർപ്പും വിയോജനവും സൃഷ്ടിക്കും.

ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്ക്

എന്താണ് രാഷ്ട്രീയ പാർട്ടികൾ?

- പാർട്ടിതലത്തിൽ പൊതുപദവികളിലേക്ക് അവർ സ്ഥാനാർത്ഥികളെ നിയമിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.
- പാർട്ടികളുടെ പേരിൽ സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഏകോപിപ്പിക്കാനും അവർ ശ്രമിക്കുന്നു.

പാർട്ടികൾ ജനാധിപത്യത്തിന് അനിവാര്യമാണെന്ന് പല രാഷ്ട്രീയ ചിന്തകന്മാരും വിശ്വസിക്കുന്നു.

- ജനകീയപരമാധികാരത്തിന്റെയും ഭൂരിപക്ഷഭരണത്തിന്റെയും പ്രധാന ഉപകരണമായി രാഷ്ട്രീയ പാർട്ടിയെ ചിലർകാണുന്നു.
- രാഷ്ട്രീയ പാർട്ടികൾ ശരിയായി പ്രവർത്തിക്കുമ്പോൾ അവ ജനകീയപരമാധികാരത്തിന്റെ ആവശ്യ ഉപകരണങ്ങളാകാം.

പാർട്ടിഘടനയുടെയും നേതൃത്വത്തിന്റെയും സ്വഭാവം കാരണം ദ്വിപാർട്ടി സമ്പ്രദായത്തിൽ ഇത് സാധാരണയായി പൊതുനയങ്ങളിലും തീരുമാനങ്ങളിലും സഹകരണത്തിനുപകരം രാഷ്ട്രീയ ധ്രുവീകരണത്തിന് കാരണമാകും. ബഹുപാർട്ടി സംവിധാനങ്ങളിലാകുമ്പോൾ, പ്രകടനം, സഖ്യകക്ഷികൾ തമ്മിലുള്ള വിവാദങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് വിവാദങ്ങൾക്കും ചർച്ചകൾക്കും ശേഷം പരസ്പരസമ്മതത്തോടെയുള്ള സമവായത്തിലെത്തുന്നതിലൂടെയാണ് പ്രശ്നങ്ങൾ കൂടുതലും പരിഹരിക്കപ്പെടുന്നത്. അങ്ങനെ ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്യങ്ങളും സംരക്ഷിക്കാൻ ആവശ്യമായ ജനാധിപത്യത്തിന്റെ പ്രേരകമാണ് രാഷ്ട്രീയ പാർട്ടികൾ ഫലപ്രദമായ പൗരത്വ പരിശീലനത്തിലൂടെയും കൂടുതൽ നാഗരിക പങ്കാളിത്തത്തിലൂടെയും ജനാധിപത്യരാജ്യങ്ങളിലെ യുവാക്കൾക്ക് രാഷ്ട്രീയ പാർട്ടികളിൽ വലിയ പങ്ക് വഹിക്കാൻ കഴിയും.

11th Std Political Science_Ch_10_Malayalam.indd 191 14/02/2023 19:31:44

അതു വഴി രാജ്യങ്ങളിൽ കൂടുതൽ പക്വവും വിശാലവുമായ ജനാധിപത്യവൽകരണം വളർത്താം.

ഉദ്ധരണി

രാഷ്ട്രീയ പാർട്ടികൾ ഒരു ജനാധിപത്യത്തിന്റെ പ്രേരകശക്തിയാണ്.

പൊതു ജനാഭിപ്രായം സൃഷ്ടിക്കുന്നതിന് രാഷ്ട്രീയക്കാർ വാഗ്മിത്വവും നേതൃത്വ വൈദഗ്ധ്യവും പ്രയോഗിച്ചു.

10.6 ആധുനിക പാർട്ടി സംവിധാനം

A. ഇംഗ്ലണ്ടിലെ പാർട്ടി സമ്പ്രദായം

ഇംഗ്ലണ്ടിൽ (യുണൈറ്റഡ് കിംഗ്ഡത്തിൽ) രാജവാഴ്ചയുടെ നിലയും പങ്കും സംബന്ധിച്ച വിഷയങ്ങളിൽ അഭിപ്രായധ്രുവീകരണം ദ്വിപാർട്ടികളുടെ ആവിർഭാവത്തിലേക്ക് നയിച്ചു.:

A. ടോറികൾ അഥവാ കൺസർവേറ്റീവുകൾ

B. വിഗ്സ് അല്ലെങ്കിൽ ലിബറലുകൾ.

ഇരുപതാം നൂറ്റാണ്ടിൽ ലേബർ പാർട്ടി ലിബറുകളെ വെല്ലുന്ന ഒരു പ്രധാനശക്തിയായി മാറി.

B. അമേരിക്കൻ ഐക്യനാടുകളിലെ പാർട്ടി സമ്പ്രദായം

അമേരിക്കൻ ഐക്യ നാടുകളിലെ സ്ഥാപക പിതാക്കന്മാർ രാഷ്ട്രീയ പാർട്ടികളെയും അവ തമ്മിലുള്ള വിഭാഗീയ സംഘർഷങ്ങളെയും അകറ്റി നിർത്താൻ ആഗ്രഹിച്ചു. എന്നിരുന്നാലും അമേരിക്കൽ സ്വാതന്ത്യത്തിനുശേഷം ജോർജ്ജ് വാഷിംഗ്ടണിന്റെ, പ്രസിഡൻസിക്ക് കീഴിൽ പുതുതായി രൂപീകരിക്കപ്പെട്ട, രാജ്യത്തെ, ആദ്യ കക്ഷികൾ ശക്തമായ ഒരു ദേശീയ സർക്കാരിനെ രൂപീകരിച്ചത് ഫെഡറലിസ്റ്റ് പാർട്ടിയും സ്റ്റേറ്റ് സ്വയം ഭരണത്തെ പിന്തുണയ്ക്കുന്ന ഡെമോക്രാറ്റിക് റിപ്പബ്ലിക്കൻ പാർട്ടിയുമായിരുന്നു

1828-ൽ ഡെമോക്രാറ്റിക് റിപ്പബ്ലിക്കൻ പാർട്ടിയെ യെ ഡെമോക്രാറ്റിക് പാർട്ടി എന്ന് പുനർനാമകരണം ചെയ്തു. ഇത് ഭരണ അവകാശങ്ങൾ നേടി. 1854-ൽ റിപ്പബ്ലിക്കൻ പാർട്ടി അടിമത്ത വിരുദ്ധവേദിസ്വയം സ്ഥാപിക്കുകയും അമേരിക്കൻ പ്രസിഡന്റായ അബ്രഹാം ലിങ്കനുമായി ആധിപത്യംനേടുകയും ചെയ്തു. അമേരിക്ക ദ്വി-കക്ഷി സമ്പ്രദായം സ്ഥിരമായി സ്വീകരിച്ചതുമുതൽ റിപ്പബ്ലിക്കൻ,ഡെമോക്രാറ്റിക് പാർട്ടികൾ അമേരിക്കൻ രാഷ്ട്രീയരംഗത്ത് ആധിപത്യം പുലർത്തിയിരുന്നു. എങ്കിലും മൂന്നാം കക്ഷി സ്ഥാനാർഥികൾ അപ്പപ്പോൾ മിന്നിമറഞ്ഞു.

ദ്വി പാർട്ടി സമ്പ്രദായം

- ലോകമെമ്പാടും അപൂർവ്വമാണ്.
- ദേശീയതലത്തിലുംപ്രദേശികതലത്തിലും സന്തുലിതമായ ദേശീയത.
- തെരഞ്ഞെടുപ്പ് സംവിധാനം
- വിജയി എല്ലാം നേടുന്നു.
- പാഴോട്ട്.
- മുൻഗണനാ സംവിധാനം.
- തെരഞ്ഞെടുപ്പിനുമുമ്പ് വിശാലസഖ്യങ്ങൾ രൂപപ്പെടുന്നു.
- വോട്ടർമാരുടെ (സമ്മതിദായകരുടെ) അഭിപ്രായം.
- മൂന്നാം കക്ഷികൾക്ക് ബാലറ്റ് ലഭിക്കാൻ പ്രയാസമാണ്.

C. യൂറോപ്പിലെ പാർട്ടി സമ്പ്രദായം:

ഫ്രഞ്ച് വിപ്ലവത്തിനുശേഷം (1789) യൂറോപ്യൻ രാജ്യങ്ങളിൽ ജനാധിപത്യം ശക്തിപ്രാപിച്ചു, രാഷ്ട്രീയ പാർട്ടികൾ ഉയർന്നു വന്നു.യൂറോപ്യൻ ഭൂഖണ്ഡത്തിലെ രാഷ്ട്രീയ പാർട്ടികളെ, യഥാസ്ഥിതികർ, ഉദാരർ ക്രിസ്ത്യൻ ജനാധിപത്യവാദികൾ എന്നിങ്ങനെ വിഭജിച്ചിരുന്നു.19-ാം നൂറ്റാണ്ടോടെ സ്ഥിതിസമത്വവാദ (സോഷ്യലിസ്റ്റ്) പ്രസ്ഥാനങ്ങൾ ജനപ്രീതി നേടി, അല്ലെങ്കിൽ തൊഴിലാളിപാർട്ടികൾ രൂപപ്പെട്ടു. അത് ജനപ്രിയമാകുകയുംതൊഴിലാളിസംഘടനകളുടെപിന്തുണ നേടുകയും ചെയ്തു.

1917-ൽ സോവിയറ്റ് റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ ഉത്തരവാദിത്വം ബോൾഷെവിക് പാർട്ടിക്കാരനായിരുന്നു.ഇത് സോവിയറ്റ് യൂണിയൻ എന്നറിയപ്പെടുന്ന സോവിയറ്റ് സ്ഥിതിസമത്വ

11th Std Political Science_Ch_10_Malayalam.indd 192 14/02/2023 19:31:44

പ്രസ്ഥാനം (സോവിയറ്റ് സ്ഥിതിസമത്വജനാധിപത്യ പ്രസ്ഥാനം) സൃഷ്ടിച്ചു. മറ്റ് രാഷ്ട്രങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ പിന്തുണച്ച് ലോക കമ്മ്യൂണിസ്റ്റ് വിപ്ലവത്തെ പ്രോൽസാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കോമിന്റർ (കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണൽ) സ്ഥാപിതമായത്. ശീതയുദ്ധയുഗം അവസാനിച്ചതോടെ, കമമ്യൂണിസ്റ്റ് പാർട്ടിക്ക് റഷ്യയിൽ ജനപ്രീതി നഷ്ടപ്പെട്ടു. എന്നിരുന്നാലും ചല ചെറിയ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഇപ്പോഴും ജനാധിപത്യരാജ്യങ്ങളിലെ സർക്കാർ നയങ്ങളെ സ്വാധീനിക്കുന്നു. എന്നാലും കമമ്യൂണിസ്റ്റ് പാർട്ടികൾ ചൈനയിലെയും ഉത്തരകൊറിയയിലെയും സ്വോച്ഛാധിപത്യ സർക്കാരുകളെ നിയന്ത്രിക്കുന്നത് തുടരുന്നു.

D. ദക്ഷിണാഫ്രിക്കയിലെ പാർട്ടി സമ്പ്രദായം

ദക്ഷിണാഫ്രിക്കയുടെ ഭരണഘടന

- 18 വയസ്സ് പൂർത്തിയായ എല്ലാപേർക്കും വോട്ടവകാശം
- ഒരു ദേശീയ പൊതു വോട്ടർ പട്ടിക
- പതിവ് തെരഞ്ഞെടുപ്പ്
- ഉത്തരവാദിത്തവും പ്രതികരണശേഷിയും തുറന്ന മനസ്സും ഉറപ്പുവരുത്തുന്ന ഒരു ഗവൺമെന്റ് രൂപീകരിക്കുന്നതിന് ബഹു പാർട്ടി സമ്പ്രദായം ആവശ്യമാണ്.

E. ഇൻഡ്യയിലെ പാർട്ടി സമ്പ്രദായം

ദേശീയ ഉദ്ഗ്രഥനത്തോടൊപ്പം, ബ്രിട്ടീഷ് ഭരണത്തിനെതിരായ സ്വാതന്ത്യസമരത്തിൽ നിന്നും ഇൻഡ്യയിലെ രാഷ്ട്രീയ കക്ഷി സമ്പ്രദായം ആവിർഭവിച്ചു. ഇന്ന് ഇൻഡ്യൻ രാഷ്ട്രീയം ഒരു ബഹു പാർട്ടി സമ്പ്രദായത്തെപ്രതിനിധീകരിക്കുന്നു. ഇൻഡ്യൻ രാഷ്ട്രീയ ചരിത്രത്തിൽ വളരെക്കാലമായി, രാഷ്ട്രീയവേദിയിൽ ഒരു പാർട്ടി തന്നെ ആധിപത്യം പുലർത്തിവന്നു. നിയമനിർമ്മാണ രാഷ്ട്രീയ വിഭാഗങ്ങളിൽ ഇൻഡ്യക്കാരുടെ രാഷ്ട്രീയ പങ്കാളിത്തത്തിനുള്ള തദ്ദേശീയ താവളമായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഐ എൻ സി) 1885-ൽ എ.ഓ. ഹ്യൂം സ്ഥാപിച്ചു. ഇത് പലഘട്ടങ്ങളായി രാഷ്ട്രീയ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ടു. നിസ്സഹകരണ പ്രസ്ഥാനത്തിന് ശേഷം (1921-23) ഇൻഡ്യൻ ദേശീയ കോൺഗ്രസ് പരസ്യമായി സമ്പൂർണ്ണ രാഷ്ട്രീയ സ്വാതന്ത്യം ആവശ്യപ്പെടാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിൽ സമുദായിക അജണ്ടയുള്ള പാർട്ടികളും ഉയർന്നു വന്നു. അതായത് 1906-ൽ അഖിലേന്ത്യാ മുസ്ലീംലീഗും 1916-ൽ ഹിന്ദുമഹാസഭയും. മദ്രാസ് പ്രസിഡൻസിയിൽ ബ്രാഹ്മണേതരരുടെ (ദ്രാവിഡർ) ദക്ഷിണേന്ത്യൻ ലിബറൽ ഫെഡറേഷനും (ജസ്റ്റിസ് പാർട്ടി) രൂപീകരിച്ചു.

രാഷ്ട്രീയ അവസരങ്ങളും നിലപാടുകളും ഒരു പ്രത്യേക ചെറുസാമൂഹ്യ വിഭാഗം മാത്രം കുത്തകയാക്കരുതെന്നും അവ എല്ലാ സമുദായങ്ങൾക്കും ലഭ്യമാകണമെന്നും ആവശ്യപ്പെട്ടാണ് ജസ്റ്റിസ് പാർട്ടിരൂപീകരിച്ചത്.

എന്നിരുന്നാലും ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസ് നഗര, സവർണ്ണ വരേണ്യ വർഗത്തെ കൂടുതലും പാശ്ചാത്യവിദ്യാഭ്യാസമുള്ളവരെ പ്രതിനിധീകരിക്കുകയും, ബ്രിട്ടീഷ് സർക്കാരുമായി ചർച്ചയ്ക്കുള്ള വേദി ഒരുക്കുകയും ചെയ്തു. ക്രമേണ ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസ് ഇൻഡ്യയുടെ രാഷ്ട്രീയ പാർട്ടി സംവിധാനത്തിന്റെ വികാസത്തിൽ നിർണ്ണായിക പങ്ക് പഹിച്ചു. 1905-ൽ ബംഗാൾ വിഭജനത്തിനുശേഷം ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസിലെ മിതവാദികളും തീവ്രവാദികളും തമ്മിൽ ഭിന്നിച്ചു. 1906ൽ മുസ്ലീംലീഗ് രൂപീകൃതമായത്. പരസ്പര വിരുദ്ധമായ വിലപേശലിന്റെ കാലഘട്ടത്തിലായിരുന്നു. ഇത് ഇൻഡ്യൻ പാർട്ടി സമ്പ്രദായത്തിന്റെ യഥാർത്ഥ തുടക്കത്തെ പ്രതിഫലിപ്പിച്ചു.



അഹിംസയെ ഒരു രാഷ്ട്രീയ പ്രത്യയ ശാസ്ത്രവും തന്ത്രവും എന്ന നിലയിൽ ധാർമ്മിക സദാചാരങ്ങളിൽ ശ്രദ്ധകേന്ദീകരിച്ച മഹാത്മാ ഗാന്ധിയുടെ രാഷ്ട്രീയ രംഗത്തേക്കുള്ള രംഗപ്രവേശനം ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ദരിദ്ര കർഷകരും താഴ്ന്ന ജാതിക്കാരും ഉൾപ്പെടെയുള്ള ഇൻഡ്യൻ സമൂഹ

11th Std Political Science_Ch_10_Malayalam.indd 193 14/02/2023 19:31:46

ത്തിലെ എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിച്ചു. 1922-ൽ ചിത്തരഞ്ജൻ ദാസ് രൂപീകരിച്ച സ്വരാജ് പാർട്ടി, 1934-ൽ ആചാര്യനരേന്ദ്രദേവ്, ജയപ്രകാശ് നാരായണൻ എന്നിവർ ചേർന്ന് രൂപീകരിച്ച കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, 1920-കളിൽ എം.എൻ റോയിയുടെ ശ്രമങ്ങളാൽ രൂപപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടി, നിർദ്ദിഷ്ട ലക്ഷ്യങ്ങളെ പ്രതിനിധീകരിച്ച് ഉയർന്നു വന്ന മറ്റ് പാർട്ടികൾ എന്നിവ മറ്റ് പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളായിരുന്നു.

രാഷ്ട്രീയ പ്രവർത്തനങ്ങളും പ്രചരണങ്ങളും നടത്തുന്ന നിരവധി രാഷ്ട്രീയ പാർട്ടികൾ ഉണ്ടായിരുന്നു. പക്ഷേ തെരഞ്ഞെടുപ്പിൽ മത്സരിക്കാതെ അവർ സമ്മർദ്ദ വിഭാഗങ്ങളായി പ്രവർത്തിക്കുന്നു. 1977- വരെകമ്മ്യൂണിസ്റ്റ് പാർട്ടി, സോഷ്യലിസ്റ്റ് പാർട്ടികൾ, വലതുപക്ഷ ജനസംഗ്, സ്വതന്ത്ര പാർട്ടി എന്നിവ ദേശീയ തലത്തിൽ പരാമർശിക്കപ്പെടുന്ന പ്രതിപക്ഷ പാർട്ടികളായിരുന്നു. 1977-വരെ ഒരു ദേശീയ പാർട്ടിക്കും ദേശീയ തലത്തിൽ ഇൻഡ്യൻ നാഷ്ണൽ കോൺഗ്രസിന് ബദലാകാൻ കഴിഞ്ഞില്ല. അതിനാൽ, ജയപ്രകാശ് നാരായണന്റെ മേൽനോട്ടത്തിൽ നിരവധി ദേശീയ പാർട്ടികൾ ലയിച്ച് ജനതാ പാർട്ടി എന്നറിയപ്പെടുന്ന ഒരു വലിയ ദേശീയ ബദൽ പാർട്ടി രൂപീകരിച്ചു .1977-ൽ അത് കേന്ദ്രത്തിൽ അധികാരം പിടിച്ചെടുത്തു. എന്നിട്ടും ഈ പാർട്ടിക്ക് ഏകീകരണവും ഐക്യവും ഇല്ലാത്തതിനാൽ 1980-ന് ശേഷം അത് തകർന്നു. ഭാരതീയ ജനതാപാർട്ടി എന്ന പേരിൽ ജനസംഘത്തെ പുനരുജ്ജീവിപ്പിച്ചു. അതേ വേളയിൽ കൻഷിറാമിന്റെ ബഹുജൻ സമാജ് പാർട്ടി ദേശീയ തലത്തിലുള്ള പാർട്ടിയായി ഉയർന്നു വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിഭജനശേഷം, കേരളം, പശ്ചിമബംഗാൾ,ത്രിപുര തുടങ്ങിയ ഏതാനും സംസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)വളരെ ശക്തമായി.

1990-കളിൽ ഇൻഡ്യൻ രാഷ്ടീയത്തിൽ സഖ്യസർക്കാരുകൾക്കായുള്ള അന്വേഷണം വർദ്ധിച്ചുവന്ന കാലഘട്ടമായിരുന്നു. ഇൻഡ്യൻ രാഷ്ട്രീയ സമ്പ്രദായം,സമകാലിക ഇൻഡ്യയിൽ കാണപ്പെടുന്ന ബഹുസാംസ്കാരിക സാമൂഹ്യ ബന്ധത്തിന്റെയും വൈവിധ്യത്തിന്റെയും കൂടുതൽ മത്സരാത്മകവും കൂടുതലായി ജനാധിപത്യവൽകരിക്കപ്പെട്ടതുമായ പ്രാതിനിത്യം വഹിക്കുന്നതായിരുന്നു. പഴയപാർട്ടികൾ അർദ്ധബോധാവസ്ഥപോലെ പ്രവർത്തനരഹിതമായി. ഒപ്പം വെല്ലുവിളികളെ പ്രതിനിധീകരിക്കാനും പരിഹരിക്കാനും ശ്രമിക്കുന്ന പുതിയപാർട്ടികൾ ഉയർന്നു വന്നു. 1990-കൾ മുതൽ പ്രദേശിക പാർട്ടികൾ കൂടുതൽ സ്വാധീനം ചെലുത്തുന്ന രാഷ്ട്രീയത്തിന്റെ സംയുക്തത കേന്ദ്രത്തിന്റെ ആധിപത്യത്തിനെതിരായ പ്രാദേശിക അഭിലാഷങ്ങളെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.



വർത്തമാന കാലഘട്ടത്തിൽ, പ്രദേശിക സഖ്യങ്ങൾ സംയുക്ത രാഷ്ട്രീയത്തിന് അനുകൂലമായി ഫലപ്രദമായ ശബ്ദമുണ്ടാക്കുന്ന സഖ്യസർക്കാരുകളോടുള്ള വർദ്ധിച്ചുവരുന്ന പ്രവണതയെ സൂചിപ്പിക്കുന്നു. ഈ വിഭജനം പ്രധാനമായും രാഷ്ട്രീയത്തിന്റെ പ്രദേശിക വൽകരണമാണ്. പ്രത്യക മേഖലകളിൽ പാർട്ടികൾക്ക് ഉയർന്ന പിന്തുണയുടെ അടിത്തറയുണ്ട്.

പ്രാദേശിക പാർട്ടികൾ

പഞ്ചാബിലെ ശിരോമണിഅകാലിദൾ, ഉത്തർപ്രദേശിലെ സമാജ് വാദി പാർട്ടി,ആന്ധ്രാപ്രദേശിലെ തെലുങ്കു ദേശം, ബീഹാറിലെ രാഷ്ട്രീയ ജനതാദൾ, പശ്ചിമബംഗാളിലെ തൃണമൂൽ കോൺഗ്രസ്, തെലങ്കാനയിലെ തെലങ്കാനരാഷ്ട്രസമിതി, അസാമിലെ അസാംഗണപരിഷത്ത്, മഹാരാഷ്ട്രയിൽ ശിവസേന, ജമ്മുകാശ്മീരിലെ ദേശീയ സമ്മേളനം, പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി, തമിഴ്നാട്ടിലെ ദ്രാവിഡ മുന്നേറ്റകഴകം, ആൾ ഇൻഡ്യാ അണ്ണാ

11th Std Political Science_Ch_10_Malayalam.indd 194 14/02/2023 19:31:46

ദ്രാവിഡമുന്നേറ്റ കഴകം എന്നിവ ചില പ്രാദേശിക രാഷ്ട്രീയ പാർട്ടികളാണ്.

വോട്ടർമാർക്കിടയിൽ രാഷ്ട്രീയ അവ ബോധം വളർന്നുകൊണ്ടിരിക്കെ, പ്രദേശിക, സാമൂഹിക, മതസ്വത്വങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സമാഹരണവും നടക്കുന്നു. രാഷ്ട്രീയ വിഭാഗങ്ങളുടെ ഘടനയിലും പ്രദേശങ്ങൾതമ്മിലുള്ള രാഷ്ട്രീയ സാമൂഹിക വിഭാഗങ്ങളുടെ സവിശേഷതകളിലും വ്യാപകമായ വ്യത്യാസ മുണ്ട്.

തമിഴ്നാട്ടിലെ പാർട്ടിസമ്പ്രദായം

മിക്ക ഇൻഡ്യൻ സംസ്ഥാനങ്ങളെയും പോ ലെ തമിഴ്നാട്ടിലും സ്വാതന്ത്യത്തിന്റെ ആദ്യകാലം കോൺഗ്രസ് പാർട്ടിയുടെ ആധിപത്യമായിരുന്നു. എന്നിരുന്നാലും ജാതി ശ്രേണിയുടെ പ്രശ്നങ്ങളും ഉയർന്നു വരുന്ന വടക്ക് തെക്ക് എന്നീ പ്രദേശങ്ങ ളുടെ വിഭജനവും സംസ്ഥാനത്തെ കോൺഗ്രസ് നേതൃത്വത്തിന്റെ പ്രശസ്തിയെ ഇല്ലാതാക്കി. പെ രിയാർ ഇ.വി രാമസ്വാമിയുടെ കീഴിൽ ദ്രാവിഡ പ്രസ്ഥാനം തമിഴ്നാട്ടിൽ പുനരുജ്ജീവിപ്പിക്കുക യും ദ്രാവിഡ അവകാശങ്ങളും അന്തസും സ്ഥാപി ക്കുകയും വടക്കൻ വിരുദ്ധ ഹിന്ദു വിരുദ്ധ, ബ്രാഹ്മണവിരുദ്ധ, സാമൂഹിക അജണ്ടയിലൂടെ പ്രശ സ്തി നേടുകയും ചെയ്തു.

തമിഴ്നാട് രാഷ്ട്രീയ ഭൂപടം





സ്വാതന്ത്യ ഇന്ത്യയുടെ സംസ്ഥാനരാഷ്ട്രീ യത്തിൽ പ്രദേശിക പാർട്ടികളുടെ മുൻതൂക്ക ത്തിന്റെ ഒരു മാതൃകയാണ് തമിഴ് നാട്ടിലെ പാർട്ടി സമ്പ്രദായം.ഈ വികസനത്തിന് വളരെ വ്യക്തമായ സാമൂഹിക, സാമ്പത്തിക, സാംസ് കാരിക, ചരിത്രപരമായ കാരണങ്ങളുണ്ട്. കോളനി ഭരണകാലഘട്ടത്തിൽ നിന്നുള്ള യുക്തിവാദി, സാമൂഹ്യനീതി പ്രസ്ഥാനങ്ങളുടെ നീണ്ട ചരിത്ര വും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കെ മുതൽ ദ്രാവിഡബോധം സമാഹരിക്കുന്നതും രാഷ്ട്രീയ ത്തിന്റെ സ്വഭാവത്തെയും സംസ്ഥാനരാഷ്ട്രീയ ത്തിലെ പാർട്ടിവ്യവസ്ഥയുടെ ഭാവിയെയും അടി സ്ഥാനപരമായി മാറ്റിമറച്ചു. കഴിഞ്ഞ 52 വർഷ ങ്ങളായി ദ്രാവിഡപാർട്ടികൾ തമിഴ്നാട്ടിലെ കാര്യ ങ്ങളിൽ ചുക്കാൻ പിടിക്കുന്നു.

10.7 ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെപങ്ക്

ഒരു ജനാധിപത്യത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് പരസ്പരവിരുദ്ധമായ താല്പ ര്യങ്ങളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയപാർട്ടിക ളുടെ നിലനിൽപ് നിർബന്ധമാണ്.അവർ വിവിധ താല്പര്യങ്ങളും നയങ്ങളും വാദിക്കുമ്പോൾ പ്രധാനമായും, രാഷ്ട്രീയപാർട്ടികൾ വലതുപക്ഷ (യാഥാസ്ഥിതിക, പരമ്പരാഗത,മുതലാളിത്ത) അല്ലെങ്കിൽ ഇടതുപക്ഷ (സമത്വഅനുകൂല, ലിബറൽ, തൊഴിൽ താൽപര്യങ്ങൾ)പ്രത്യയശാസ് ത്രത്തെ സ്വീകരിക്കുന്നു.ജനാധിപത്യ ആദർശം കൈവരിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ അനി വാര്യമാണെന്നത് ശരിയാണെങ്കിലും,ജനാധിപ ത്യേതര അജണ്ടയും സ്വേച്ഛാധിപത്യ നേതൃത്വ വുമുള്ള വ്യക്തിഗത പാർട്ടികളുടെ ഉയർച്ചയും ജനാധിപത്യത്തിന് നിർണ്ണായികവെല്ലുവിളിയാണ് .ഇന്ത്യയെപോലുള്ള ഒരു ബഹുഭാഷാ, മത, സാമ്പത്തിക വൈവിധ്യമാർന്ന രാജ്യത്തിന്റെ കാര്യത്തിൽ ഇത് വളരെപ്രശക്തമാണ്. രാജ്യ

11th Std Political Science_Ch_10_Malayalam.indd 195 14/02/2023 19:31:46

ത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള ആളുകളുടെ ബഹുമുഖ താല്പര്യങ്ങളെ യഥാർത്ഥത്തിൽ പ്രതിനിധീകരിക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് മാത്രമേ കഴിയൂ. ഇന്ത്യയെ പോലുള്ള ഒരു ജനാധിപത്യത്തിൽ രാഷ്ട്രീയപാർട്ടികൾ പക്വത പാലിക്കുകയും മതേതരത്വംനിലനിർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ ഇന്ത്യയുടെ വിലയേറിയതും മഹോന്നതവുമായ ഐക്യവും സ്ഥിരതയും നിലനിർത്താൻ കഴിയില്ല. ജനാധിപത്യസ്ഥാപനങ്ങളുടെ സുസ്ഥിരതക്കായി തങ്ങളുടെ കടമകളും പ്രവർത്തനങ്ങളും നിർവഹിക്കുന്നതിൽ, രാജ്യനന്മക്കായിട്ടുള്ള ഉത്തരവാദിത്തവും പുലർത്തുന്ന പാർട്ടികൾ പക്വതയും ഉത്തരവാദിത്വവും കാണിക്കുന്നു.

ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ പങ്ക്

ജനാധിപത്യത്തിൽ പ്രതിപക്ഷ പാർട്ടികളുടെ പങ്കിനെക്കുറിച്ച് ചർച്ചചെയ്യാതെ പാർട്ടി സംവിധാനവും ജനാധിപത്യവും തമ്മിലുള്ള ബന്ധം പൂർണ്ണമാകില്ല. രാജ്യത്ത് ഫലപ്രദമായ പ്രതിപക്ഷ പാർട്ടിയോ പാർട്ടികളോ ഇല്ലെങ്കിൽ ജനാധിപത്യത്തിന് അർത്ഥമില്ല.ജനാധിപത്യത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത് ഭരണകക്ഷി സഖ്യത്തിന്റെ കരുത്ത് മാത്രമല്ല പ്രതിപക്ഷപാർട്ടിസഖ്യത്തിന്റെ പങ്കിലും പ്രവർത്തനത്തിലുമാണ്. ഉള്ളത്. വാസ്തവത്തിൽ പ്രതിപക്ഷപാർട്ടിയുടെ നേതാവിന് പദവിയും അധികാരവും ലഭിക്കുന്നു. ദുർബലമായ ഒരു പ്രതിപക്ഷം ഒന്നുകിൽ സർക്കാരിനെ ഉത്തരവാദിത്തമില്ലായ്മയിലേക്കോ ഭൂരിപക്ഷത്തിന്റെ സ്വേച്ഛാദിപത്യത്തിലേക്കോ നയിക്കുന്നു.

പ്രത്യേക പ്രശ്നങ്ങളിലും സംഭവങ്ങളിലും സമ്മർദ്ദ അല്ലെങ്കിൽ താല്പര്യ വിഭാഗങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇവ പുറത്തു നിന്നുള്ള തീരുമാനങ്ങളെ സ്വധീനിക്കുന്ന പൊതുവായ രാഷ്ട്രീയ സാമൂഹിക താൽപര്യങ്ങളുള്ള സംഘടിത വിഭാഗങ്ങളാണ്. സമ്മർദ്ദ വിഭാഗങ്ങൾ പ്രത്യേകതാൽപര്യങ്ങൾക്കായി സ്വമേധയാംഗങ്ങളിലൂടെ സ്വധീനം ചെലുത്തുന്നു. രാഷ്ട്രീയ പാർട്ടികളിൽ നിന്നു വ്യത്യസ്ഥമായി സമ്മർദ്ദവിഭാഗങ്ങൾ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നില്ല. വിവിധ പൊതുനയ പ്രശ്നങ്ങളിൽ,സമ്മർദ്ദവിഭാഗങ്ങൾ വിവിധ സാങ്കേതികവിദ്യകളിലൂടെ സർക്കാരിനെ സ്വാധീനിക്കുന്നു. അതിനാൽ അവയെ, സമ്മർദ്ദവിഭാഗങ്ങൾ എന്നു വിളിക്കുന്നു. ഔദ്യോഗിക,സമ്മർദ്ദവിഭാഗങ്ങളിൽ വ്യാപാര താൽപര്യങ്ങൾ, തൊഴിലാളി സംഘടനകൾ, കർഷകർ, അദ്ധ്യപകർ, വിദ്യാർഥികൾ, ഡോക്ടർമാർ, സംസ്കാരവിഭാഗങ്ങൾ, സ്ഥാപനവിഭാഗങ്ങൾ എന്നിവ ഉൾപ്പെടാം. ജനങ്ങളും രാഷ്ട്രീയ പാർട്ടികളും തമ്മിലുള്ള ആശയവിനിമയത്തിന്റെ ഒരു സ്രോതസ്സായി പ്രവർത്തിച്ചുകൊണ്ട് ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയിൽ സമ്മർദ്ദവിഭാഗങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സുപ്രധാന സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളിലേയ്ക്ക് അവർ പൊതുജനങ്ങളെ സംവേദിപ്പിക്കുകയും സർക്കാരിനെയും ഭരണനയങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്നു.



നേതൃത്വവും പഠനവും പരസ്പരം ഒഴിച്ചുകൂടാനാത്തതാണ്.

ജോൺ എഫ്.കെന്നഡി

തെരഞ്ഞെടുപ്പ് പഠനം



(സിഫോളജി)തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട ഫലങ്ങളുടെയും മറ്റ് സ്ഥിതിവിവര കണക്കുകളുടെയും പഠനത്തെയാണ് തെരഞ്ഞെടുപ്പ് പഠനം (സിഫോളജി).എന്നു പറയുന്നത്. പൊതുജനാഭിപ്രായ സർവേകൾ തെരഞ്ഞെടുപ്പ് പഠനങ്ങളിൽ (സിഫോളജി)ഒരു പ്രധാന പങ്ക് വഹിക്കുന്നു.അഭിപ്രായ വോട്ടെടുപ്പുകളും എക്സിറ്റ് പോളുകളും തെരഞ്ഞെടുപ്പ് സമയത്ത് സമ്മതിദായകർ വോട്ട് രേഖപ്പെടുത്തുന്നതിന്റെ സൂചകങ്ങളാണ്.



11th Std Political Science_Ch_10_Malayalam.indd 196 14/02/2023 19:31:46

രണ്ടും തമ്മിലുള്ള പ്രധാനവ്യത്യാസം സമ്മതിദായകർ വോട്ട് ചെയ്യുന്നതിനുമുമ്പായി അഭിപ്രായവോട്ടെടുപ്പ് നടത്തുകയും, വോട്ട് രേഖപ്പെടുത്തി പുറത്തുവന്നശേഷം എക്സിറ്റ് പോൾ നടത്തുകയും ചെയ്യുന്നു.ഇവയിൽ എക്സിറ്റ് പോൾളുകളുടെ ഫലങ്ങൾ അഭിപ്രായവോട്ടെടുപ്പിനെക്കാൾ വിശ്വാസയോഗ്യമാണെന്ന് കണക്കാക്കപ്പെടുന്നു.

അഭിപ്രായവോട്ടെടുപ്പുകളുടെ ഫലം യഥാർത്ഥതെരഞ്ഞെടുപ്പുഫലങ്ങളുമായി അനുയോജ്യമായോ പ്രതികൂലമായോ വരാം.എന്നിട്ടും അവ, ഉറപ്പില്ലാത്തതും തീരുമാനമെടുക്കാത്തവരുമായ സമ്മതിധായകർക്കിടയിൽ അഭിപ്രായങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.അതോടൊപ്പം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും വോട്ടിംഗ് രീതികളിൽ സന്തുലിതാവസ്ഥ സൃഷ്ടിക്കാനും കാരണമാകുന്നു.

വിവരണം

രാഷ്ട്രീയകക്ഷി : തങ്ങളുടെ അംഗങ്ങളെ തെരഞ്ഞെടുപ്പിലൂടെ ഭരണകൂടത്തിലെത്തിച്ച്‌ രാഷ്ട്രീയ അധികാരം നേടാൻ ശ്രമിക്കുന്ന സംഘടന.

ഏക കക്ഷി സമ്പ്രദായം: ഒരൊറ്റ രാഷ്ട്രീയ പാർട്ടിക്ക് മാത്രം സർക്കാർ രൂപീകരിക്കാൻ അവകാശമുള്ള ഒരു സംവിധാനം. ഇത് സാധാരണയായി നിലവിലുള്ള ഭരണഘടനയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. അല്ലെങ്കിൽ,രാഷ്ട്രീയ അധികാരത്തിൻമേൽ ഒരു കക്ഷിക്ക് മാത്രമേ നിയന്ത്രണം ഉള്ളൂ.

ദ്വി-കക്ഷി സമ്പ്രദായം: ഈ സംവിധാനത്തിൽ രണ്ട് കക്ഷികൾ അല്ലെങ്കിൽ സഖ്യങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ.ഒന്ന് ഭരണപക്ഷവും മറ്റൊന്ന് പ്രതിപക്ഷവും.ഭരണപക്ഷത്തിന് യഥാർത്ഥപൂരിപക്ഷം ഉണ്ടായിരിക്കണം.മറ്റ് പാർട്ടികൾ വളരെ ചെറിയകക്ഷികളോ അല്ലെങ്കിൽ പൂർണ്ണമായും പ്രാദേശികകക്ഷികളായോ പ്രവർത്തിക്കുന്നു.

ബഹുകക്ഷിസമ്പ്രദായം:ഒന്നിലധികംരാഷ്ട്രീയ കക്ഷികൾക്ക് സർക്കാർ ഭരണത്തിന്റെ നിയന്ത്രണം പ്രത്യേകമായോ സഖ്യത്തിലോ നേടാൻ കഴിയുന്ന ഒരു സംവിധാനം.

ബാലറ്റ്: ഒരു നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർഥികളുടെ പേരുകളും ചിഹ്നങ്ങളും സംബന്ധിച്ച വിവരങ്ങൾ ഈ പേപ്പറിൽ അടങ്ങിയിരിക്കുന്നു.

ഉപതെരഞ്ഞെടുപ്പ് : പൊതു തെരഞ്ഞെടുപ്പുകൾക്കിടയിൽ നിയമസഭയിലെ ഒരു സീറ്റ് ഒഴിഞ്ഞുകിടക്കുമ്പോൾ (നിലവിലുള്ളയാൾ രാജിവയ്ക്കുകയോ മറ്റൊരു പാർട്ടിയിലേക്ക് മാറുകയോ, മരിക്കുകയോ ചെയ്തതിനാൽ)ഉപതെരഞ്ഞെടുപ്പ് നടക്കുന്നു.

തെരഞ്ഞെടുപ്പ്: ഒരു രാഷ്ട്രീയ അധികാരപദവി കൈവശം വയ്ക്കാൻ യോഗ്യതയുള്ളത് ആർക്കാണെന്ന് നിർണ്ണയിക്കാൻ ജനങ്ങൾ വോട്ടു ചെയ്യുന്ന പ്രക്രിയ.

സമ്മതിദായകൻ(വോട്ടർ): സമ്മതിദായകർക്കായുള്ള(വോട്ടർമാർ)വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളഒരു വ്യക്തി.

തെരഞ്ഞെടുപ്പ് കമ്മീഷൻ : പാർലമെന്റ്, സംസ്ഥാനനിയമസഭ, തെരഞ്ഞെടുപ്പുകളുടെയും അനുബന്ധപ്രവർത്തനങ്ങളുടെയും നടത്തിപ്പിന് ഉത്തരവാദിത്വമുള്ള ഒരു സ്വാതന്ത്ര സ്വയം ഭരണ സ്ഥാപനമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ.

ബാലറ്റ് ബോക്സ് : ഒരു പോളിംഗ് സേറ്റഷനിലെ വോട്ട് രേഖപ്പെടുത്തിയബാലറ്റ് പേപ്പർ നിക്ഷേപിക്കേണ്ട ബോക്സ്.

സഖ്യം : ഒരു കക്ഷിക്കും കേവല ഭൂരിപക്ഷം നേടാൻ കഴിയാത്തപ്പോൾ ഒന്നിൽ കൂടുതൽ പാർട്ടികൾ ചേർന്ന് സർക്കാർ രൂപീകരിക്കുന്നു.

വോട്ടർ പട്ടിക : തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള എല്ലാ വോട്ടർമാരുടെയും പേരുകൾ രേഖപ്പെടുത്തിയിട്ടുള്ള ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട പട്ടിക.

തെരഞ്ഞെടുപ്പ് സംവിധാനം : തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെയും പൊതുവായ പേര്. അതായത്, വോട്ടിംഗ് സംവിധാനം അതിരുകൾ,തെരഞ്ഞെടുപ്പ്, സ്ഥാനാർത്ഥിത്വം, പ്രചാരണ ചെലവ്, പ്രക്ഷേപണം മുതലായവ.

ഭൂരിപക്ഷ സർക്കാർ; നിയമസഭയിൽ ഭൂരിപക്ഷമുള്ള, ഒന്നോ അതിലധികമോ പാർട്ടികൾ ചേർന്ന് സർക്കാർ രൂപീകരിക്കുന്നത്.

ജനാധിപത്യം: സ്വാതന്ത്യവും നീതിയുക്തവും ആനുകാലികവുമായ തെരഞ്ഞെടുപ്പുകളിലൂടെയുള്ള ജനങ്ങളുടെ ഭരണം.

11th Std Political Science_Ch_10_Malayalam.indd 197 14/02/2023 19:31:47

I ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ,അധികാരം കൈവരിക്കുക എന്ന പൊതുവായ ലക്ഷ്യമുള്ള ഒരു കൂട്ടം വ്യക്തികളുടെ സംഘടന.

a) രാഷ്ട്രീയ പാർട്ടി
b) വിഘടിതവിഭാഗം
c) തൽപ്പരകക്ഷി
d) രാഷ്ട്രീയ നേതൃത്വം

2. ഇതിൽ ഏതാണ് രാഷ്ട്രീയ പാർട്ടികളുടെ പ്രധാനഘടകം?

(a) നേതാക്കൾ
(b) അനുയായികൾ
(c) സജീവ പ്രവർത്തകർ
(d) ഇവയെല്ലാം.

3. ഇവയിൽ ഏതാണ് രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തനം?

(a) തെരഞ്ഞെടുപ്പിൽ മത്സരിക്കുക
(b) സർക്കാർരൂപീകരണവും പ്രവർത്തനവും
(c) പൊതുജനാദിപ്രായം രൂപപ്പെടുത്തുന്നതിന്
(d) ഇവയെല്ലാം

4. സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടി ....

(a) ഭരണകക്ഷി
(b) തല്പരകക്ഷി
(c) പ്രതിപക്ഷ പാർട്ടി
(d) വിഘടിത വിഭാഗം

5. രാഷ്ട്രീയപാർട്ടികളുടെ ഉയർച്ചയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു....

(a) പ്രതിനിധി ജനാധിപത്യരാജ്യങ്ങളുടെ ആവിർഭാവം
(b) വൻതോതിലുള്ള സമുദായങ്ങൾ
(c) സർക്കാരിനെ തടയുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സംവിധാനം
(d) ഇവയെല്ലാം

6. ഒരു കക്ഷി മാത്രമുള്ള സംവിധാനം....

(a) ഏക പാർട്ടി സംവിധാനം
(b) ബഹുപാർട്ടി സംവിധാനം
(c) ദ്വി-പാർട്ടി സംവിധാനം
(d) ഇവയൊന്നുമില്ല.

7. രണ്ട് പാർട്ടികളുള്ള സംവിധാനം അറിയപ്പെടുന്നത്.....

(a) ഏക പാർട്ടി സംവിധാനം
(b) ബഹുപാർട്ടി സംവിധാനം
(c) ദ്വി-പാർട്ടി സംവിധാനം
(d) ഇവയൊന്നുമില്ല.

8. ഏക കക്ഷി സമ്പ്രദായം ഉള്ള രാജ്യം ഏതാണ്?

(a) ചൈന
(b) ഉത്തരകൊറിയ
(c) ക്യൂബ
(d) ഇവയെല്ലാം

9. ദ്വി-പാർട്ടി സംവിധാനം ഉള്ള രാജ്യം ഏത്?

(a) ഇന്ത്യ
(b) ഇംഗ്ലണ്ട്
(c) ഫ്രാൻസ്
(d) പാകിസ്ഥാൻ

10. കോൺഗ്രസ് പാർട്ടിയുടെ ചിഹ്നം ഏതാണ്?

(a) താമര
(b) കൈ
(c) ആന
(d) ക്ലോക്ക്

11th Std Political Science_Ch_10_Malayalam.indd 198 14/02/2023 19:31:47

11. താമര ഏതു പാർട്ടിയുടെ ചിഹ്നമാണ്?

(a) ഇന്ത്യൻ നാഷണൽ കോൺഗ്രസ് (b) ബഹുജൽ സമാജ് പാർട്ടി
(c) ഭാരതീയ ജനതാപാർട്ടി (d) CPI (M)

12. പൊതു അഭിപ്രായം പ്രധാനപങ്ക് വഹിക്കുന്നത്

(a) ജനാധിപത്യ സമ്പ്രദായം
(b) സ്വേച്ഛാധിപത്യ സംവിധാനം
(c) ജനാധിപത്യത്തിലും സ്വേച്ഛാധിപത്യത്തിലും
(d) എല്ലാത്തരം രാഷ്ട്രീയ സംവിധാനങ്ങളുടെയും സുഗമമായപ്രവർത്തനത്തിലും

13. യു.എസ്.എ.യിലെ രണ്ട് പ്രധാനപ്പെട്ടരാഷ്ട്രീയ പാർട്ടികൾ

(a) സ്വാതന്ത്യവും ജനാധിപത്യപരവും (b) റിപ്പബ്ലിക്കൻ, ഡെമോക്രേറ്റിക്
(c) ഡെമോക്രേറ്റിക്, സോഷ്യലിസ്റ്റ് (d) റിപ്പബ്ലിക്കൻ, കമ്മ്യൂണിസ്റ്റ്

14. തെരഞ്ഞെടുപ്പ് പഠനം (സെഫോളജി)എന്ത് കൈകാര്യം ചെയ്യുന്നു

(a) തെരഞ്ഞെടുപ്പുകളുടെയും വോട്ടെടുപ്പുകളുടെയും സ്ഥിതിവിവര വിശകലനം.
(b) അഭിപ്രായവോട്ടെടുപ്പുകളും എക്സിസ്റ്റ്പോളുകളും
(c) പൊതുജനാഭിപ്രായം
(d) മുകളിൽ പറഞ്ഞവയെല്ലാം.

15. അവകാശവാദം: രാഷ്ട്രീയ പാർട്ടികൾ പൊതുജനാഭിപ്രായം സമാഹരിക്കുന്നു.
കാരണം: പൊതുജനാഭിപ്രായം തെരഞ്ഞെടുപ്പുഫലങ്ങളെ സ്വാധീനിക്കുന്നു.

നിർദ്ദേശങ്ങൾ : ഇനി പറയുന്നവയിൽ ഏതാണ് ശരി എന്ന് രണ്ട് പ്രസ്ഥാവനകളുടെ പശ്ചാത്തലത്തിൽ അവകാശവാദം(എ), കാരണം(ആർ), എന്ന് ലേബൽ ചെയ്തിട്ടുള്ള രണ്ട് പ്രസ്ഥാവനകൾ ചുവടെ നൽകിയിരിക്കുന്നു.?

(a) (എ) (ആർ)എന്നിവ രണ്ടും ശരിയാണ് കൂടാതെ (എ)യുടെ ശരിയായ വിശദീകരണമാണ്(ആർ)
(b) (എ) (ആർ)എന്നിവ രണ്ടും ശരിയാണ് പക്ഷേ(ആർ)(എ)യുടെ ശരിയായ വിശദീകരണമല്ല.
(c) (എ)ശരിയാണ് പക്ഷേ (ആർ)തെറ്റാണ്.
(d) (എ)തെറ്റാണ് (ആർ)ശരിയാണ്.

II. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് വളരെ ചുരുക്കത്തിൽ ഉത്തരം നൽകുക

1. രാഷ്ട്രീയ പാർട്ടിയെ നിർവചിക്കുക.
2. ഏക പാർട്ടി സമ്പ്രദായം - കുറിപ്പെഴുതുക.
3. ബഹു പാർട്ടി സമ്പ്രദായം -കുറിപ്പെഴുതുക.
4. പ്രദേശിക രാഷ്ടരീയ പാർട്ടിയെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക
5. ഇന്ത്യയിലെ പ്രധാനപാർട്ടി രാഷ്ട്രീയ പാർട്ടികളെ പട്ടികപ്പെടുത്തുക.
6. പൊതുഅഭിപ്രായം - നിർവചിക്കുക.
7. ഇന്ത്യയിൽ പ്രതിപക്ഷ പാർട്ടിയുടെ പങ്ക് വിശദീകരിക്കുക.

III താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് വളരെ ചുരുക്കത്തിൽ ഉത്തരം നൽകുക

1. ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്ക് വിശദീകരിക്കുക.
2. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.
3. പാർട്ടി സംവിധാനത്തിന്റെ തരങ്ങളെക്കുറിച്ചെഴുതുക.
4. ബഹുപാർട്ടി സംവിധാനത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ചർച്ചചെയ്യുക.

11th Std Political Science_Ch_10_Malayalam.indd 199 14/02/2023 19:31:47

IV താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം എഴുതുക.

1. ദ്വി-പാർട്ടി സമ്പ്രദായത്തിന്റെ ഗുണദോഷങ്ങൾ വ്യക്തമാക്കുക.
2. ഇന്ത്യൻ രാഷ്ട്രീയ പാർട്ടികളെക്കുറിച്ച് വിവരിക്കുക.
3. ഇന്ത്യയിലെ പൊതു ജനാഭിപ്രായത്തെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.

ഗ്രന്ഥസൂചിക

1. Boix, C. Emergence of Parties and Party systems.Oxford handbook of comparative politics. July 2009.
2. Kothari,R. Politics in IndTia. New Delhi. Orient Longman.2003
3. Mehta, A.K. Political parties and party systems. New Delhi. Sage Publications. 2003
4. Palmobara, J.L & Weiner,M. Eds. Origin and development of political parties. Princeton, 1972
5. Pandian, M.S.S., Brahmin and Non-Brahmin: Genealogies of the Tamil Political Present. Manohar: New Delhi, 2007.



ഐ.സി.റ്റി കോർണർ

യൂണിറ്റ് -10 പൊതു അഭിപ്രായംവും പാർട്ടി സംവിധാനവും

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ സംസ്ഥാന തലത്തിൽ പാർട്ടി സംവിധാനത്തിന്റെ ഘടനയെ കുറിച്ച് പഠിക്കുന്നതാണ്.



സംസ്ഥാന തലത്തിൽ പാർട്ടി സംവിധാനത്തിന്റെ ഘടന

ഘട്ടങ്ങൾ

1. URL അല്ലെങ്കിൽ QR കോഡ് ഉപയോഗിക്കുന്നു. ഒരു പ്രവർത്തന വിൻഡോ തുറക്കും.
2. പ്രവർത്തന വിൻഡോയുടെ താഴെ വലത് കോണിലുള്ള നാവിഗേഷൻ ബട്ടണിൽ ക്ലിക്ക് ചെയ്യുക.
3. ഒരു ചുരുക്കമായ ആമുഖ കഥയ്ക്കു ശേഷം സംസ്ഥാന സർക്കാരിന്റെ വിശദീകരണം ആരംഭിക്കും.
4. ഫോർവേഡ് നാവിഗേഷൻ ബട്ടണിൽ ക്ളിക്ക് ചെയ്ത് സംസ്ഥാന സർക്കാരിന്റെ വിവിധ വശങ്ങൾ പര്യവേഷണം ചെയ്യുക.

Download Link

* ചിത്രങ്ങൾ സൂചന മാത്രമാണ്.

*ബ്രൗസറിന് ആവശ്യമെങ്കിൽ പേജ് ലോഡ് ചെയ്യാൻ ഫ്ളാഷ് പ്ളെയർ അല്ലെങ്കിൽ ജാവ സ്ക്രിപ്റ്റ് അനുവദിക്കുക.

WNKC4

URL: mocomi.com/how-does-state-government-work/

11th Std Political Science_Ch_10_Malayalam.indd 200 14/02/2023 19:31:48

യൂണിറ്റ്
11

തിരഞ്ഞെടുപ്പും പ്രാതിനിധ്യവും



11.1 ഫ്രാഞ്ചൈസിയുടെയും പ്രാതിനിധ്യത്തിന്റെയും അർത്ഥവും സ്വഭാവവും.

ഫ്രാഞ്ചൈസിയുംതിരഞ്ഞെടുപ്പും എന്താണ്?

പൊതുതെരഞ്ഞെടുപ്പിൽ വോട്ടവകാശം ഫ്രാഞ്ചൈസ് എന്ന വാക്ക് ആംഗ്ലോ-(ഫ്രഞ്ച് നിന്ന് ഉൽപത്തി ഇതിന്റെ അർത്ഥം സൗജന്യം. ആരെയെങ്കിലുംതങ്ങളുടെ രാഷ്ട്രീയ നേതാവായി അല്ലെങ്കിൽ സർക്കാരിലെ പ്രതിനിധിയായി തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടിംഗ് പ്രക്രിയയാണ് തിരഞ്ഞെടുപ്പ്.

നിങ്ങൾക്ക് അറിയാമോ

ഭാഗം തഢ1 ആർട്ടിക്കിൾ 324-329 തിരഞ്ഞെടുപ്പുകളെക്കുറിച്ച് പ്രതിപാദിക്കുന്നു.

എന്താണ് പ്രാതിനിധ്യം?

മറ്റൊരാളുടെ താൽപര്യാർത്ഥം സംസാരിക്കുന്നതിനേ അല്ലെങ്കിൽ പ്രവർത്തിക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെ പ്രതിനിധീകരിക്കുന്ന അവസ്ഥയല്ലാതെ മറ്റൊന്നുമല്ല.

പഠനലക്ഷ്യങ്ങൾ

- തിരഞ്ഞെടുപ്പിന്റെയും പ്രാതിനിധ്യത്തിന്റെയും അർത്ഥം മനസ്സിലാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- സെഫ്ഓളജി എന്ന പദം വിശദീകരിക്കാൻ
- തിരഞ്ഞെടുപ്പിന്റെ വിവിധരീതികൾ മനസ്സിലാക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുക.
- ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനെക്കുറിച്ച് അവബോധം നേടുന്നതിന്.
- കുറുമാറ്റ നിരോധന നിയമത്തിന്റെ പ്രാധാന്യം അറിയാൻ.
- രാഷ്ട്രീയത്തിൽ യുവാക്കളുടെ പങ്ക് വെളിപ്പെടുത്തുന്നതിന്.
- സ്വതന്ത്രവും നീതി യുക്തവുമായ തിരഞ്ഞെടുപ്പുകളുടെ ആവശ്യകതയെ കുറിച്ച് ബോധവത്കരിക്കുക.

തിരഞ്ഞെടുപ്പ് എന്ന തലക്കെട്ടിൽ ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 15 വളരെ പ്രാധാന്യമർഹിക്കുന്നു. ഭരണഘടനയുടെ അവിഭാജ്യഘടകമെന്ന നിലയിൽ ഈ രാഷ്ട്രീയ അവകാശം സംരക്ഷിക്കാൻ ഭരണഘടന നിർമ്മാതാക്കൾ ആകാംക്ഷയിലായിരുന്നു. ഈസുപ്രധാന കാരണത്താലാണ് തിരഞ്ഞെടുപ്പ് വിഷയം നമ്മുടെ രാജ്യത്ത് ഭരണഘടനപരമായ അംഗീകാരം ലഭിച്ചത്.

നിങ്ങൾക്ക് അറിയാമോ

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 326 അനുസരിച്ച് ലോകസഭയിലേക്കും,എല്ലാ സംസ്ഥാനങ്ങളിലെയും നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് മുതിർന്നവരുടെ വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

പുരാതന ഏഥൻസ്, റോം, പോപ്പ്, ഹോളി, റോമൻ ചക്രവർത്തിമാർ എന്നിവരെ തിരഞ്ഞെടുക്കുന്നതിൽ തിരഞ്ഞെടുപ്പ് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, സമകാലിക ലോകത്തിലെ തിരഞ്ഞെടുപ്പുകളുടെ ഉത്ഭവം പതിനേഴാം നൂറ്റാണ്ടിൽ ആരംഭിച്ച യൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും പ്രതിനിധി ഗവൺമെന്റിന്റെ ക്രമാനുഗതമായ ആവിർഭാവത്തിലായിരുന്നു. ഒരു പ്രതിനിധി ജനാധിപത്യതെരഞ്ഞെടുപ്പിൽ വളരെ പ്രധാനമാണ്. നിങ്ങളുടെ ശബ്ദം കേൾപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യൽ രാഷ്ട്രീയ പാർട്ടികൾ വോട്ടിംഗ് അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ തിരഞ്ഞെടുപ്പിനെ കൂടുതൽ പ്രാധാന്യമുള്ള ഒരു വസ്തുത.

11th Std Political Science_Ch_11_Malayalam.indd 201 14/02/2023 19:35:43

ജനാധിപത്യ തിരഞ്ഞെടുപ്പ് സമ്പ്രദായം

ഒരു ജനാധിപത്യതിരഞ്ഞെടുപ്പ് സമ്പ്രദായത്തിന് ഏറ്റവും അനിവാര്യമായ സവിശേഷതകൾ പഠിക്കാം. ഒരു ജനാധിപത്യ തിരഞ്ഞെടുപ്പ് സമ്പ്രദായം എവിടെയാണെന്ന് പറയാം....



ഒരു ജനാധിപത്യതിരഞ്ഞെടുപ്പ് സമ്പ്രദായത്തിന്റെ സവിശേഷതകൾ

എന്തുകൊണ്ടാണ് തിരഞ്ഞടുപ്പ് വേണ്ടത് ?

ആളുകൾ കൃത്യമായ ഇടവേളകളിൽ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കാനും അവർ ആഗ്രഹിക്കുന്നുവെങ്കിൽ അവരെ മാറ്റാനുമുള്ള ഒരു സംവിധാനമാണ് തിരഞ്ഞെടുപ്പ്.ഈ സംവിധാനത്തെ തിരഞ്ഞെടുപ്പ് എന്നു വിളിക്കുന്നു. അതിനാൽ ഏതൊരുപ്രതിനിധി സർക്കാരിനും തിരഞ്ഞെടുപ്പ് അനിവാര്യമാണെന്ന് കണക്കാക്കപ്പെടുന്നു. അതിനാൽ മിക്കജനാധിപത്യരാജ്യങ്ങളിലും ആളുകൾ അവരുടെ പ്രതിനിധികളിലൂടെ ഭരിക്കുന്നു.

ഒരു തിരഞ്ഞെടുപ്പിൽ വോട്ടർമാർ നിരവധി തിരഞ്ഞെടുപ്പുകൾ നടത്തുന്നു.:

- ആരാണ് അവർക്ക് നിയമങ്ങൾ നിർമ്മിക്കുന്നതെന്ന് അവർക്ക് തിരഞ്ഞെടുക്കാനാകും.
- ആരാണ് സർക്കാർ രൂപീകരിക്കുന്നതെന്നും പ്രധാനതീരുമാനങ്ങൾ എടുക്കുന്നതെന്നും അവർക്ക് തെരഞ്ഞെടുക്കാം.
- സർക്കാരിനെയും നിയമനിർമ്മാണത്തെയും നയിക്കുന്ന നയങ്ങളെ തിരഞ്ഞെടുക്കാൻ കഴിയും.

നിങ്ങൾക്ക് അറിയാമോ

തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട ഫലങ്ങളുടെയും മറ്റ് സ്ഥിതിവിവരണ കണക്കുകളുടെയും പഠനമാണ് സെഫ്ഓളജി.

ഒരു തിരഞ്ഞെടുപ്പിനെ ജനാധിപത്യപരമാക്കുന്നത് എന്താണ്?

- എല്ലാവർക്കും തിരഞ്ഞെടുക്കാൻ കഴിയണം. ഇതിനർത്ഥം എല്ലാവർക്കും ഒരു വോട്ട് ഉണ്ടായിരിക്കണം. ഓരോ വോട്ടിനും തുല്യമൂല്യമുണ്ടായിരിക്കണം.
- പാർട്ടികളിൽനിന്ന് തിരഞ്ഞെടുക്കാൻഎന്തെങ്കിലും ഉണ്ടായിരിക്കണം. സ്ഥാനാർത്ഥിക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ സ്വാതന്ത്യമുണ്ടായിരിക്കണം.മാത്രമല്ല വോട്ടർമാർക്ക് യഥാർത്ഥ തിരഞ്ഞെടുപ്പ് നൽകുകയും വേണം.
- തിരഞ്ഞെടുക്കൽകൃത്യമായഇടവേളകളിൽ നൽകണം കുറച്ച് വർഷങ്ങൾക്ക് ശേഷം തിരഞ്ഞെടുപ്പ് പതിവായി നടത്തണം.
- ജനങ്ങൾ ഇഷ്ടപ്പെടുന്ന സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടണം.
- തിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തമായ രീതിയിൽ തിരഞ്ഞെടുക്കാം. ഒരു തിരഞ്ഞെടുപ്പ് എന്നത് ഔദ്യോഗിക തീരുമാനമെടുക്കൽ പ്രക്രിയയാണ്.

ഒരു ജനസംഖ്യ ഒരു വ്യക്തിയെ പൊതുപദവിയിൽ തിരഞ്ഞെടുക്കുന്നു.നിയമസഭകളിലും ചിലപ്പോൾ എക്സിക്യൂട്ടീവ്, ജുഡീഷ്യറി,പ്രദേശിക ഭരണകൂടങ്ങളിലുമുള്ള തിരഞ്ഞെടുപ്പു വഴി തിരഞ്ഞെടുക്കുന്നു.

11.2 നിയോജകമണ്ഡലങ്ങളുടെ പ്രാതിനിധ്യ/സംവരണം തിരഞ്ഞെടുപ്പ് സംവിധാനം- ബഹുത്വം/ഭൂരിപക്ഷം

എന്താണ് ബഹുത്വം / ഭൂരിപക്ഷസംവിധാനങ്ങൾ

ബഹുത്വം/ഭൂരിപക്ഷ വ്യവസ്ഥയുടെ തത്വം ലളിതമാണ്. വോട്ട് രേഖപ്പെടുത്തിമൊത്തം നേടിയ ശേഷം, ഏറ്റവും കൂടുതൽ വോട്ട് നേടിയ സ്ഥാനാർത്ഥികളെയോ, പാർട്ടികളെയോ വിജയികളായി പ്രഖ്യാപിക്കുന്നു.എന്നിരുന്നാലും പ്രയോഗികമായി ഇത് നേടുന്നരീതി വ്യാപകമായി വ്യത്യാസപ്പെടുന്നു. അഞ്ച് തരം ബഹുത്വം ഭൂരിപക്ഷ സംവിധാനങ്ങൾ തിരിച്ചറിയാൻ കഴിയും.

11th Std Political Science_Ch_11_Malayalam.indd 202 14/02/2023 19:35:43

പ്രവർത്തനം

നിങ്ങളുടെ സംസ്ഥാനത്ത് അവസാന നിയമസഭാ തിരഞ്ഞെടുപ്പ് നടന്നത് നിങ്ങൾക്കറിയാമോ?കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിങ്ങളുടെ പ്രദേശത്ത് നടന്ന മറ്റ് തിരഞ്ഞെടുപ്പുകൾഏതാണ്? തിരഞ്ഞെടുപ്പ്നില (ദേശീയ, അസംബ്ലി, പഞ്ചായത്ത് മുതലായവ)എഴുതുക. നിങ്ങളുടെ പ്രദേശത്ത് നിന്ന് തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ/എം.പി യുടെ വിശദാംശങ്ങൾ കണ്ടെത്തുക.

A. ഫസ്റ്റ് ഫാസ്റ്റ് ദി പോസ്റ്റ് (FPTP)
B. ബ്ലോക്ക് വോട്ട് (BV)
C. പാർട്ടി ബ്ലോക്ക് വോട്ട് (PBV)
D. ഇതര വോട്ട് (AV)
E. രണ്ടാം റൗണ്ട് സിസ്റ്റം (TRS)

A. ഫസ്റ്റ് ഫാസ്റ്റ് ദി പോസ്റ്റ് (FPTP)

ഫസ്റ്റ് ഫാസ്റ്റ് ദി പോസ്റ്റ് സംവിധാനം ഏക അംഗജില്ലകളും സ്ഥാനാർത്ഥി-കേന്ദ്രീകൃത വോട്ടിംഗും ഉപയോഗിച്ച് ബഹുസ്വരളയുടെ/ഭൂരിപക്ഷ വ്യവസ്ഥയുടെ ലളിതമായ രൂപമാണ്.എഫ്.പി.റ്റി.പി. സംവിധാനങ്ങൾ പ്രാഥമികമായി യു.കെ യിലും ചരിത്രപരമായി ബ്രിട്ടൺ സ്വാധീനിച്ച രാജ്യങ്ങളിലും കാണപ്പെടുന്നു.യു.കെ യോടൊപ്പം കാനഡ, ഇന്ത്യ, യു.എസ്.എ എന്നിവയാണ് മറ്റ് രാജ്യങ്ങൾ. കരീബിയൻ രാജ്യങ്ങൾ ബംഗ്ലാദേശ്, ബർമ, ഇന്ത്യ, മലേഷ്യ, നേപ്പാൾ, ദക്ഷിണ പസഫീക്കിലെ ചെറിയ ദ്വീപ് രാജ്യങ്ങൾ എന്നിവയും എഫ്.പി.റ്റി.പി ഉപയോഗിക്കുന്നു.

നിങ്ങൾക്ക് അറിയാമോ

ബഹുത്വം/ഭൂരിപക്ഷ തിരഞ്ഞെടുപ്പ് സമ്പ്രദായത്തിന് ഏറ്റവും ലളിതമായ രൂപമാണ് എഫ്.പി.റ്റി.പി. സാധുവായവോട്ടുകളുടെ കേവല ഭൂരിപക്ഷമല്ലെങ്കിലും മറ്റേതൊരു സ്ഥാനാർത്ഥിയെക്കാളും കൂടുതൽ വോട്ടുനേടുന്നയാളാണ് വിജയിക്കുന്ന സ്ഥാനാർത്ഥി. ഈ സംവിധാനം ഒറ്റ അംഗ ജില്ലകളാണ് ഉപയോഗിക്കുന്നത്, രാഷ്ട്രീയ പാർട്ടികളേക്കാൾ വോട്ടർമാർ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യുന്നു.

B. ബ്ലോക്ക് വോട്ട് (BV)

ദുർബലമായ അല്ലെങ്കിൽ നിലവില്ലാത്ത രാഷ്ട്രീയ പാർട്ടികളുള്ള രാജ്യങ്ങളിൽ ബ്ലോക്ക് വോട്ട് സാധാരണമാണ്. കേമാൻ ദ്വീപുകൾ, ഫാക്ക് ലാൻഡ്ദ്വീപുകൾ, ഗ്വൺസി, കുവൈറ്റ്, ലാവോസ്, ലെബനൻ, മാലി ദ്വീപ്, പാലസ്തീൻ,സിറിയൻ അറബ് റിപ്പബ്ലിക് തുടങ്ങിയവ ബ്ലോക്ക് വോട്ട് തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ ഉപയോഗിക്കുന്നു.

നിങ്ങൾക്ക് അറിയാമോ

ഒന്നിലധികംജില്ലകളിൽഉപയോഗിക്കുന്ന ഒരു ബഹുത്വം/ഭൂരിപക്ഷ സംവിധാനമാണ് ബ്ലോക്ക് വോട്ട്. തിരഞ്ഞെടുക്കേണ്ട സ്ഥാനാർത്ഥികളുള്ളഅത്രയുംവോട്ടുകൾവോട്ടർമാർക്ക് ഉണ്ട്. ഏറ്റവും കൂടുതൽ വോട്ട് നേടിയ സ്ഥാനാർത്ഥികൾ സീറ്റുകൾ നേടുന്നു. സാധാരണയായി വോട്ടർമാർ പാർട്ടികളേക്കാൾ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യുന്നു.മിക്ക സിസ്റ്റങ്ങളിലും അവർ ആഗ്രഹിക്കുന്നത്രയും കുറച്ച് വോട്ടുകളും ഉപയോഗിക്കാം.

വ്യക്തിഗത സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യാനുള്ള കഴിവ് നിലനിർത്തുന്നതിനും യുക്തിസഹമായി സംഘടിത ഭൂമിശാസ്ത്രപരമായ ജില്ലകളെ അനുവദിക്കുന്നതിനും അതേസമയം എഫ്.പി.റ്റി.പിയുമായി താരതമ്യപ്പെടുത്തുമ്പോൾ രാഷ്ട്രീയ പാർട്ടികളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ യോജിപ്പും പ്രകടിപ്പിക്കുന്നപാർട്ടികളെ ശക്തിപ്പെടുത്തുന്നതിനും ബ്ലോക്ക് വോട്ട് പലപ്പോഴും പ്രശംസിക്കപ്പെടുന്നു.

C. പാർട്ടി വോട്ട് വോട്ട് (PBV)

പി.ബി.വി ഉപയോഗിക്കാൻ ലളിതമാണ്, ശക്തമായ പാർട്ടികളെ പ്രോൽത്സാഹിപ്പിക്കുകയും, ന്യൂന പക്ഷപ്രാതിനിധ്യം സുഗമമാക്കുന്നതിന് കക്ഷികളെ സമ്മിശ്ര സ്ലേറ്റുകൾ സ്ഥാപിക്കാൻ അനുവദിക്കുകയും ചെയ്യുന്നു.സമതുലിതമായ വംശീയ പ്രാതിനിധ്യം ഉറപ്പാക്കാൻ സഹായിക്കുന്നതിന് ഇത് ഉപയോഗിക്കാം. ഡിജിബ്യൂട്ടീ, സിംഗപ്പൂർ, സെനഗൽ, ടുണീഷ്യ എന്നിവ പി ബി വി രീതി ഉപയോഗിക്കുന്നു.

നിങ്ങൾക്ക് അറിയാമോ

പാർട്ടി-ബ്ലോക്ക് വോട്ട് എന്നത് മൾട്ടി മെംബർ ജില്ലകൾ ഉപയോഗിക്കുന്ന ഒരു ബഹുസ്വര/ഭൂരിപക്ഷ സംവിധാനമാണ്, അതിൽ വോട്ടർമാർ ഒരു പാർട്ടി കേന്ദ്രീകൃത വോട്ട് തിരഞ്ഞെടുക്കുന്ന പാർട്ടിക്കായി വോട്ട് ചെയ്യുന്നു. സ്ഥാനാർത്ഥികൾക്കിടയിൽ തിരഞ്ഞെടുക്കരുത്.

11th Std Political Science_Ch_11_Malayalam.indd 203 14/02/2023 19:35:43

D. ഇതര വോട്ട് (AV)

ആദ്യ തിരഞ്ഞെടുപ്പിനെക്കാൾ സ്ഥാനാർത്ഥികൾക്കിടയിൽ അവരുടെ മുൻഗണനകൾ പ്രകടിപ്പിക്കാൻ ഈ സംവിധാനം വോട്ടർമാരെ പ്രാപ്തമാക്കുന്നു. അതിനാൽ ഇതിനെ 'പ്രിഫറൻഷ്യൽ വോട്ടിംഗ്' എന്നു വിളിക്കുന്നു. ഓസ്ട്രലിയ, ഫിജി, പപ്പുവ, ഗ്വിനിയ, എന്നീവിടങ്ങളിൽ എവി ഉപയോഗിക്കുന്നു. ബാലറ്റുകൾ കൈമാറുന്നതിലൂടെ, നിരവധി സ്ഥാനാർത്ഥികളുടെ വോട്ടുകൾ ശേഖരിക്കാൻ ഇത് പ്രാപ്തമാക്കുന്നു.അതു വഴി വൈവിധ്യമാർന്നതും എന്നാൽ ബന്ധപ്പെട്ടതുമായ താൽപര്യങ്ങൾ സംയോജിപ്പിച്ച് പ്രാതിനിധ്യം നേടാനാകും.

നിങ്ങൾക്ക് അറിയാമോ

ഒരൊറ്റ അംഗ ജില്ലകളിൽ വോട്ടർമാർ ഉപയോഗിക്കുന്ന മുൻഗണനാ ബഹുവചന സംവിധാനമാണ് ബദൽ വോട്ട്. ബാലറ്റ് പേപ്പറിൽ അവരുടെ മുൻഗണന അടയാളപ്പെടുത്താൻ വോട്ടർമാർ നമ്പരുകൾ ഉപയോഗിക്കുന്നു.

E. ടു റൗണ്ട് സിസ്റ്റം (TRS)

ടു റൗണ്ട് സിസ്റ്റത്തിന്റെ കേന്ദ്രസവിശേഷത പേര് സൂചിപ്പിക്കുന്നതുപോലെ ഇത് ഒരു തിരഞ്ഞെടുപ്പല്ല. രണ്ട് റൗണ്ടുകളിലാണ് നടക്കുന്നത്. ആഴ്ചയിൽ അല്ലെങ്കിൽ രണ്ടാഴ്ചക്കുള്ളിൽ ദേശീയ നിയമസഭകളെ തിരഞ്ഞെടുക്കുന്നതിന് സിസ്റ്റം ഉപയോഗിക്കുന്നു. പ്രസിഡന്റുമാരുടെ നേരിട്ടുള്ള തിരഞ്ഞെടുപ്പിനായി ലോകമെമ്പാടും ഉപയോഗിക്കുന്ന ഏറ്റവും സാധാരണമായ രീതികളാണ് ഇത്, മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്, കോംഗോ, ഗാബൺ, മാലി, മൗറിറ്റാനിയ, ഹെയ്തിഇറാൻ വിയറ്റ്നാം, താജിക്കിസ്ഥാൻ ഉസ്ബെക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളാണ് റ്റിആർഎസ് ഉപയോഗിക്കുന്നത്.

ഏകപക്ഷ പ്രാതിനിധ്യത്തിന്റെ വിവിധ രീതികൾ



നിങ്ങൾക്ക് അറിയാമോ

ആദ്യ തിരഞ്ഞെടുപ്പ് റൗണ്ടിൽ ഒരു സ്ഥാനാർത്ഥിയോ പാർട്ടിയോ ഒരു നിശ്ചിതലെവൽ വോട്ടുകൾ നേടിയില്ലെങ്കിൽ രണ്ടാമത്തെ തിരഞ്ഞെടുപ്പ് നടക്കുന്ന ടു റൗണ്ട് സിസ്റ്റം സാധാരണയായി ഒരു കേവല ഭൂരിപക്ഷം (50 ശതമാനം പ്ലസ് വൺ)ഒരു ടി ആർഎസിന് ഭൂരിപക്ഷം എടുക്കാം. രണ്ടാം റൗണ്ടിൽ രണ്ടിൽ കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിക്കുന്നതും രണ്ടാം റൗണ്ടിൽ ഏറ്റവും കൂടുതൽ വോട്ട് നേടുന്നവനേ തിരഞ്ഞെടുക്കുന്നതും ഒരു കേവല ഭൂരിപക്ഷംനേടിയിട്ടുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ.

രാഷ്ട്രീയ മത്സരം നടത്തുന്ത് നല്ലതാണോ?

തിരഞ്ഞെടുപ്പ് എല്ലാം രാഷ്ട്രീയ മത്സരത്തെ കുറിച്ചാണ്. ഈ മത്സരം വിവിധ രൂപങ്ങൾ സ്വീകരിക്കുന്നു.രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള മത്സരമാണ് ഏറ്റവും വ്യക്തമായ രൂപം.നിയോജകമണ്ഡലതലത്തിൽ ഇത് നിരവധി സ്ഥാനാർത്ഥികൾക്കിടയിൽ മത്സരത്തിന്റെ രൂപമാണ്. മത്സരമില്ലെങ്കിൽ തിരഞ്ഞെടുപ്പ് അർത്ഥശൂന്യമാകും.ഒരു തിരഞ്ഞെടുപ്പ് മത്സരം എല്ലാ പ്രദേശങ്ങളിലും അനൈക്യത്തിനും വിഭാഗീയതയ്ക്കും കാരണമാകുമെങ്കിലും പതിവ് തിരഞ്ഞെടുപ്പ് മത്സരം രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കും പ്രോൽസാഹനം നൽകുന്നു.ആളുകൾ ഉന്നയിക്കാൻ ആഗ്രഹിക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ അവരുടെ ജനപ്രീതിയും വിജയസാധ്യതയും വർദ്ധിക്കുമെന്ന് അവർക്കറിയാം. പക്ഷേ വോട്ടർമാരെ അവരുടെ ജോലിയിൽ തൃപ്തിപ്പെടുത്തുന്നതിൽ അവർ പരാജയപ്പെട്ടാൽ അവർക്ക് വീണ്ടും വില വിക്കാൻ കഴിയും.

നമ്മുടെ തിരഞ്ഞെടുപ്പ് സംവിധാനം എന്താണ്?

ലോക്സഭാ അഥവാ നിയമസഭാ അഞ്ച് വർഷത്തിനുശേഷം തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികളുടെയും കാലാവധി അവസാനിക്കുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരേ ദിവസം അല്ലെങ്കിൽ കുറച്ച് ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പ് നടക്കുന്നു.ഇതിനെ പൊതുതെരഞ്ഞെടുപ്പ് എന്ന് വിളിക്കുന്നു.ഒരു അംഗത്തിന് മരണം അല്ലെങ്കിൽ രാജിമൂലമുണ്ടായ ഒഴിവുകൾ നികത്താൻ ചിലപ്പോൾ ഒരു നിയോജകമണ്ഡലത്തിന് മാത്രമേ തിരഞ്ഞെടുപ്പ് നടക്കൂ. ഇതിനെ ഉപതെരഞ്ഞെടുപ്പ് എന്ന് വിളിക്കുന്നു.

തിരഞ്ഞെടുപ്പ് മണ്ഡലങ്ങൾ

ഇ-ഗവേണൻസ് – പൊതു സേവനങ്ങൾ ജനങ്ങൾക്ക് എത്തിക്കാനായി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണി ക്കേഷൻ ആന്റ് ടെക്നോളജി (ഐ. സി.ടി) പ്രയോഗിക്കുന്നതാണ് ഇലക്ട്രോണിക് ഭരണം (ഇഗവേൻസ്)

ജനകീയത - ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കി ജനങ്ങളുടെ പിന്തുണ ആകർഷിക്കാൻ ഉദ്ദേശിച്ചിട്ടുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾ

റാഡിക്കലിസം – ആക്രമണ മാർഗ്ഗങ്ങളിലൂടെ അവരുടെ നയങ്ങളും പദ്ധതികളും നടപ്പാക്കാൻ വാദിക്കുന്ന വ്യക്തികൾ

പ്രാദേശിക വാദം – രാഷ്ട്രത്തേക്കാൾ പ്രധാനമായും പ്രദേശത്തിന്റെ അല്ലെങ്കിൽ പ്രത്യേക സംസ്ഥാനത്തിന്റെ താൽപര്യത്തെ കേന്ദ്രീകരിക്കുന്ന രാഷ്ട്രീയ പ്രത്യയ ശാസ്ത്രം.

സംവരണം – സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ ശാക്തീകരിക്കുന്നതിനുള്ള സ്ഥിരീകരണ നയം അഥവാ നടപടി

സാമൂഹ്യ നീതി – സമ്പത്ത്, ആരോഗ്യം, ക്ഷേമം, നീതി, അവസരം എന്നിവയിലേയ്ക്ക് എല്ലാ വ്യക്തികൾക്കും തുല്യ പ്രവേശനം ഉണ്ടായിരിക്കണമെന്ന രാഷ്ട്രീയ ആശയം.

സാമൂഹ്യ ക്ഷേമം - പാർശ്വവൽകരിക്കപ്പെട്ട ആളുകളെ സഹായിക്കാൻ സർക്കാർ നൽകുന്ന സേവനങ്ങൾ

സംസ്ഥാന സ്വയം ഭരണാധികാരം – രാഷ്ട്രീയ, സാമ്പത്തിക മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ സ്വയം ഭരണത്തെ സൂചിപ്പിക്കുന്ന ഒരു സിദ്ധാന്തമാണിത്.

മൂല്യനിർണ്ണയം

1. മദ്രാസ് സംസ്ഥാനത്തെ ഏതു വർഷമാണ് തമിഴ് നാട് എന്ന് പുന:നാമകരണം ചെയ്തത്?

a) 1969 b) 1975
c) 1950 d) 1965

2. മദ്രാസ് നേറ്റീവ് അസോസിയേഷൻ ഏതു വർഷം സ്ഥാപിതമായി.

a) 1947 b) 1849
c) 1862 d) 1860

3. ആരാണ് തമിഴ്നാട്ടിൽ കുലകൽവി പദ്ധതി അവതരിപ്പിച്ചത് ?

a) രാജാജി b) രാമസ്വാമി
c) കാമരാജ് d) കരുണാനിധി

4. ഏതു വർഷമാണ് മദ്രാസ് സർവ്വകലാശാല സ്ഥാപിതമായത്?

a) 1885 b) 1947
c) 1857 d) 1965

5. ജനസംഖ്യയുടെ കാര്യത്തിൽ തമിഴ്നാട്ടിൽ ..... വലുപ്പത്തിലുള്ള സംസ്ഥാനമാണ്

a) 5 b) 7
c) 3 d) 4

11th Std Political Science_Ch_14_Malayalam.indd 276 14/02/2023 18:30:37

6. ജസ്റ്റീസ് പാർട്ടിയുടെ ആദ്യ പ്രധാന മന്ത്രി

a) സുബ്ബരയലു റെഡ്ഡിയാർ b) സർ ദേഗരായക്
c) പി.ടി.രാജൻ d) ബോബിലി രാജ

7. വൈക്കം ഹീറോ എന്നു വിളിക്കപ്പെട്ട നേതാവ്

a) കെ.കാമരാജ് b) രാജാജി
c) വരദ രാജലു നായിഡു d) പെരിയാർ ഇ.വി.ആർ

8. തമിഴ്നാട്ടിലെ ആത്മാഭിമാന പ്രസ്ഥാനത്തിന്റ സ്ഥാപകൻ

a) രാജാജി b) തിരു വൈകാ
c) കാമരാജ് d) പെരിയാർ ഇ.വി.ആർ

9. പൊരുത്തപ്പെടുത്തുക

A	B
a) ഹിന്ദി വിരുദ്ധ പ്രക്ഷോഭം	- 1949
b) ഡി.എം.കെയുടെ ജനനം	- 1937
c) സംസ്ഥാന പുന:സംഘടനാ നിയമം	- 1919
d) ദ്വിഭരണം	-1956

10. താഴെപ്പറയുന്നവരിൽ ആരാണ് ബ്രാഹ്മണേതര പ്രകടനപത്രിക പുറത്തിറക്കാത്തത്?

a) സി.നടേശൻ b) പി.റ്റി.ത്യാഗരായർ
c) റ്റി.എം നായർ d)പനഗലിലെ രാജ

11. ദക്ഷിണേന്ത്യൻ ലിബറൽ ഫെഡറേഷൻ പിന്നീട് ..... എന്ന് അറിയപ്പെട്ടു.

a) ജസ്റ്റീസ് പാർട്ടി b) ദ്രാവിഡ കഴകം
c) തമിഴ് കഴകം d) ദ്രാവിഡ പാർട്ടി

12. അവകാശവാദം: 1957-ലെ തെരഞ്ഞെടുപ്പിൽ കുളിതലൈസീറ്റു നേടി കരുണാനിധി തമിഴ്നാട് നിയമസഭയിൽ പ്രവേശിച്ചു.
കരണം : കരുണാനിധി സംസ്ഥാന മുഖ്യ മന്ത്രിയായി

നിർദ്ദേശങ്ങൾ: രണ്ടു പ്രസ്ഥാവനകളുടെ പശ്ചാതലത്തിൽ അവകാശം (എ) കാരണം (ആർ) എന്നു ലേസർ ചെയ്തിട്ടുള്ള രണ്ടു പ്രസ്താവനകൾ ചുവടെ നൽകിയിരിക്കുന്നു. ഇനി പറയുന്നവയിൽ ഏതാണ് ശരി ?

(a) എ, ആർ എന്നിവ ശരിയാണ്. ആർ എ യുടെ ശരിയായ വിശദീകരണമാണ്.
(b) ആർ-ഉം എ-യും രണ്ടും ശരിയാണെങ്കിലും ആർ.എ യുടെ ശരിയായ വിശദീകരണമല്ല.
(c) എ. ശരിയാണ്, പക്ഷേ ആർ തെറ്റാണ്
(d) എ തെറ്റാണ് പക്ഷേ ആർ ശരിയാണ്.

11th Std Political Science_Ch_14_Malayalam.indd 277 14/02/2023 18:30:37

13. അവകാശവാദം -ഇ വി രാമസ്വാമി സ്വയം ബഹുമാന പ്രസ്ഥാനം ആരംഭീച്ചു.
കാരണം -ബ്രാഹ്മണേതര ജാതികൾക്ക് തുല്യമായ മനുഷ്യാവകാശമുള്ള ഒരു സമൂഹം കൈവരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്ഥാനമാണ് സ്വയം ബഹുമാന പ്രസ്ഥാനം.

നിർദ്ദേശങ്ങൾ : രണ്ടു പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ അവകാശവാദം (എ) കാരണം (ആർ) ലേബൽ ചെയ്തിട്ടുള്ള രണ്ടു പ്രസ്താവനകൾ ചുവടെ നൽകിരിക്കുന്നു. ഇനി പറയുന്നവയിൽ ഏതാണ് ശരി

(a) എ, ആർ എന്നിവ രണ്ടും ശരിയാണ്. എ യുടെ ശരിയായ വിശദീകരണമാണ് ആർ
(b) എ, ആർ എന്നിവ രണ്ടും ശരിയാണ്. പക്ഷേ ആർ എ യുടെ ശരിയായവിശദീകരണമല്ല.
(c) എ ശരിയാണ് എന്നാൽ ആർ തെറ്റാണ്
(d) എ തെറ്റാണ് എന്നാൽ ആർ ശരിയാണ്

II. ഇനി പറയുന്ന ചോദ്യങ്ങൽക്ക് വളരെ ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ദ്രാവിഡൻ എന്ന പദം നിർവചിക്കുക
2. ദക്ഷിണേന്ത്യൻ ലിബറൽ ഫെഡറേഷന്റെ ലക്ഷ്യങ്ങൾ എന്തായിരുന്നു?
3. ആത്മാഭിമാന പ്രസ്ഥാനത്തെ കുറിച്ച് ഒരു ചെറിയ കുറിപ്പെഴുതുക ?
4. ദ്രാവിഡ നാട് ആവശ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുക ?
5. സംസ്ഥാന സ്വയം ഭരണം എന്ന ആശയത്തെ നിർവചിക്കുക ?
6. ട്രാൻസ്ജെൻഡർമാർക്കുള്ള ക്ഷേമ നടപടികളെ കുറിച്ച് ഒരു ചെറിയ കുറിപ്പെഴുതുക?

III. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ജസ്റ്റീസ് പാർട്ടിയുടെ ഉത്ഭവത്തെകുറിച്ച് ഒരു ചെറിയ കുറിപ്പെഴുതുക
2. ബ്രാഹ്മണേതര മാനിഫെസ്റ്റോയുടെ പ്രാധാന്യം പരിശോധിക്കുക?
3. 1944-ലെ സേലം സമ്മേളനത്തിന്റെ ഫലങ്ങൾ ചർച്ച ചെയ്യുക.
4. ത്രികോണ പ്രക്ഷോഭങ്ങൾ കൊണ്ട് അർത്ഥമാക്കുന്നതെന്താണ് ?
5. എം.ജി.ആറിന് കീഴിലുള്ള അഖിലേന്ത്യ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ സാമൂഹിക, ക്ഷേമ നയങ്ങൾ വിവരിക്കുക ?
6. രാജമന്നാർ കമ്മറ്റിയെ കുറിച്ച് ഒരു കുറിപ്പെഴുതുക ?
7. 1991 മുതൽ 1996 വരെയുള്ള അഖിലേന്ത്യ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ജനകീയ നയങ്ങൾ വിശദമാക്കുക ?

IV. ഇനി പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരമെഴുതുക

1. മദ്രാസ് പ്രവിശ്യയിൽ ബ്രാഹ്മണേതര പ്രസ്ഥാനം ഉയർന്നു വന്നതിന്റെ കാരണങ്ങൾ കണ്ടെത്തുക
2. ഹിന്ദി വിരുദ്ധ പ്രക്ഷോഭങ്ങളെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക
3. അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റകഴകം രൂപപ്പെടുന്നതിലേക്ക് നയിച്ച സാഹചര്യങ്ങൾ വിവരിക്കുക.
4. 2006 മുതൽ 2011 വരെയുള്ള ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ സാമൂഹ്യക്ഷേമ നയങ്ങൾ അവതരിപ്പിക്കുക

11th Std Political Science_Ch_14_Malayalam.indd 278 14/02/2023 18:30:38

പരാമർശ ഗ്രന്ഥങ്ങൾ

1. Baker, C.J. (1976). The Politics of South India 1820-1937, Cambridge: Cambridge University Press.
4. M.S.S.Pandian, Brahmin and Non-Brahmin: Genealogies of the Tamil Political Present, 2007.
9. V.Geetha, and S.V. Rajadurai, Towards a Non Brahmin Millenium - From Iyothee Thass to Periyar, Calcutta, Samya, 1998.
11. Hardgrave, R.L. Jr. The Dravidian Movement, Bombay: Popular Prakashan, 1965.



ഐ.സി.റ്റി കോർണർ

യൂണിറ്റ്-14 തമിഴ്നാട്ടിലെ രാഷ്ട്രീയ പുരോഗതികൾ

തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പ് ഫലങ്ങൾ ഞങ്ങളെ അറിയിക്കുക



ഘട്ടങ്ങൾ

തമിഴ്നാട് സർക്കാരും രാഷ്ട്രീയവും

1. തമിഴ്നാട് മാപ്പ് തെരഞ്ഞെടുത്ത് പേജ് ആരംഭിക്കുന്നതിന് URL ക്ലിക്കു ചെയ്യുക അല്ലെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക
2. ആ നിയോജക മണ്ഡലത്തിലെ പ്രതിനിധികളെ അറിയാൻ നിയോജക മണ്ഡല ഭൂപടത്തിൽ കഴ്സർ സ്ക്രോൾ ചെയ്യുക
3. ഇടത് വിന്റോയിൽ ഏതെങ്കിലും നിയമസഭാ മണ്ഡലത്തിന്റെ അതിർത്തി അറിയാൻ തമിഴ്നാട്ടിലെ നിയമാസഭാ മണ്ഡലങ്ങൾ ക്ലിക്ക് ചെയ്യുക
4. ഹോം പേജിന്റെ ഇടതു വിന്റോയിൽ മുഖ്യമന്ത്രിയുടെ സമയ പരിധി അറിയാൻ തമിഴ്നാട് മുഖ്യമന്ത്രിമാർ ക്ലിക്ക് ചെയ്യുക

Download Link

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രമാണ്.

*ബ്രൗസറിന് ആവശ്യമുങ്കിൽ പേജ് ലോഡ് ചെയ്യാൻ ഫ്ളാഷ് പ്ലേയർ അല്ലെങ്കിൽ ജാവ സ്ക്രിപ്റ്റ് അനുവദിക്കുക

https://www.mapsofindia.com/assemblypolls/tamil-nadu/election-results.html

2T8KR

11th Std Political Science_Ch_14_Malayalam.indd 279 14/02/2023 18:30:39

യൂണിറ്റ്
15

തമിഴ്നാട് രാഷ്ട്രീയ ചിന്തകൾ



15.1 ചരിത്ര പശ്ചാത്തലം



അടിസ്ഥാനപരമായി ക്ലസിക്കൽ ഭാഷയായ തമിഴിന്റെ മാതൃരാജ്യ (തമിഴകം) മാണ് തമിഴ്നാട്. ഇന്നത്തെ തമിഴ്നാടും, കേരളം. ആന്ധ്ര, കർണ്ണാടകം എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളും ഉള്ളടക്കിയതായിരുന്നു തമിഴകം. പ്രശസ്ത ഗ്രീക്ക് ഭൂമി ശാസ്ത്രജ്ഞനും ചരിത്രകാരനുമായ സ്ട്രോമ്പോ (ക്രി. മു. 63) മുതൽ (ക്രി. പി. 24 വരെ) പുരാതന തമിഴ് രാജ്യമായ പാണ്ഡ്യന്മാരുടെ ആദ്യകാല നയതന്ത്ര ചരിത്രം നിരീക്ഷിച്ചു ചേര, ചോള, പാണ്ഡ്യ പല്ലവന്മാരുടെ നാവിക പര്യവേഷങ്ങൾ ആദ്യകാല സമുദ്ര ശക്തിയും തമിഴരുടെ സ്വാധീനവും അറിയിക്കുന്നു. ഈ കാലയളവിൽ ഇന്ത്യയും മെഡിറ്ററേനിയനും ഇന്ത്യയും തെക്കുകിഴക്കൻ ഏഷ്യയും തമ്മിലുള്ള പ്രധാന വ്യാപാര കേന്ദ്രങ്ങളായിരുന്നു. തമിഴ്നാടിന്റെ തീരത്തെ തുറമുഖങ്ങൾ പ്രത്യേകിച്ച് ഇത് ക്രി. മു. 200 മുതൽ ക്രി. പി. 300 വരെയുള്ള കാലഘട്ടമാണ്. തെക്കുകിഴക്കൻ ഏഷ്യരാജ്യങ്ങളായ ശ്രീലങ്ക, ചൈന, ഈജിപ്ത്, ഗ്രീസ്, റോം എന്നിവയുമായുള്ള സജീവമായ വാണിജ്യ സാംസ്കാരിക കൈമാറ്റങ്ങൾ വെളിപ്പെടുത്തുന്നു. പുരാതന തുറമുഖങ്ങളായ കോർകായ് പൂമ്പുഹാർ, വാസവസമുദ്രം, പെരുമല, അരിക്കമേടു, അലഗൻകുളം മാമല്ലപുരവുമായും സാമൂഹിക, രാഷ്ട്രീയ സാസ്കാരിക കൈമാറ്റങ്ങൾ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായി നടത്തിയിരുന്നു. പുരാതന തമിഴരുടെ സമ്പന്നമായ സമുദ്രപാരമ്പര്യവുമായി ചേർന്ന് കപ്പൽ നിർമ്മാണത്തിന്റെ ഒരു സ്ഥാപിക പാരമ്പര്യം സ്വാധീനമുള്ള രാഷ്ട്രീയം, സമൂഹം, സംസ്കാരം, വ്യാപാരം പുറംലോകവുമായുള്ള വാണിജ്യ ബന്ധം എന്നിവയുടെ അടിസ്ഥാനത്തിന്റെ വ്യക്തമായ സൂചകങ്ങളാണ് രാഷ്ട്രീയം.

ഏകദേശം ക്രി. മു. 300 മുതൽ ക്രി. പി. 300 വരെയുള്ള **സംഘകാല** സാഹിത്യ സമൂഹം സമ്പദ്വ്യവസ്ഥ, സംസ്കാരം, രാഷ്ട്രീയം എന്നിവ പ്രതിഫലിപ്പിക്കുന്ന മറ്റൊരു സാഹിത്യ സ്രോത

പഠനലക്ഷ്യങ്ങൾ

വിദ്യാർത്ഥികൾക്ക് താഴെ പറയുന്നവ മനസ്സിലാക്കാൻ കഴിയും

- തമിഴ്നാടിന്റെ പുരാതന രാഷ്ട്രീയ ആശയങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ.
- തിരുവള്ളുവരിന്റെ രാഷ്ട്രീയ ആശയങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ.
- ദേശീയതയെക്കുറിച്ച് ഭാരതിയാരിലൂടെ മനസ്സിലാക്കൽ
- കമ്മ്യൂണിസത്തെക്കുറിച്ചുള്ള സംഗരവേലരുടെ രചനകളിലൂടെ തമിഴ്നാട്ടിൽ നിലനിന്നിരുന്ന കമ്മ്യൂണിസ്റ്റ് ആശയങ്ങളെക്കുറിച്ച് അറിയുക.
- സമൂഹിക നീതി, സമത്വം, ഉയർന്ന ജാതിയിൽ നിന്നുള്ള അടിച്ചമർത്തലിൽ നിന്നുള്ള മോചനം എന്നിവയിൽ ഇ. വി. ആർ. പെരിയാറിന്റെ സംഭാവനകളിലൂടെ ദ്രാവിഡ പ്രത്യയശാസ്ത്രവും, തമിഴ്നാട് സമൂഹത്തിലും രാഷ്ട്രീയത്തിലും സമ്പദ്വ്യവസ്ഥയിലും അത് ചെലുത്തിയ സ്വാധീനം മനസ്സിലാക്കുക.
- തമിഴ് പ്രസ്ഥാനത്തിന്റെയും ദ്രാവിഡ പ്രസ്ഥാനത്തിന്റെയും പ്രധാന അർത്ഥവും അതിന്റെ രാഷ്ട്രീയ വ്യവഹാരവും വ്യക്തമായി മനസ്സിലാക്കാൻ.

11th Std Political Science_Ch_15_Malayalam.indd 280 14/02/2023 19:40:38

സ്സാണ് സംഘകാല കവിതകളെ **അകം** (പ്രണയത്തെപ്പറ്റി) **പുറം** (യുദ്ധം, നന്മ, തിന്മ, സമൂഹം നീതി, രാജ്യം എന്നിവ) എന്നിങ്ങനെ തരംതിരിക്കുന്നത് തമിഴ്നാടിന്റെ വെളിപ്പെടുത്തലാണ്. സംഘകാല സാഹിത്യകൃതികളെ എട്ട് സമാഹാരങ്ങളായി തിരിച്ചിരിക്കുന്നു. (എട്ടു തൈഗൈ): (1) നറ്റിണൈ, (2) കുറുന്തൊഗൈ, (3) ഐൻ ഗുറുനൂറു, (4) പതിറ്റുപ്പത്ത്, (5) പരിപാടൽ , (6) കലിത്തൊഗൈ, (7) അകനാന്നൂറ്, (8) പുറ നാന്നൂറ്; പത്ത് പാട്ട് (പത്ത് ലഘു ഗ്രാമീണ കാവ്യം) എന്ന ഒൻപതാമത്തെ കവിതകളും ഉണ്ട്. കൂടാതെ **തൊൽകാപ്പിയത്തിന്റെ** ആദ്യ രണ്ട് പുസ്തകങ്ങളുടെ ആദ്യഭാഗവും, തമിഴ് വ്യാകരണത്തെ കുറിച്ചുള്ള ഒരു കൃതിയും അതേ കാലഘട്ടത്തിൽ നിന്നുള്ളതാണ്.

സംഘകാലത്തിനു ശേഷമുള്ള പ്രസിദ്ധമായ സാഹിത്യം, പതിനെൺ, കീഴ്കണക്ക് എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ ഇതിഹാസങ്ങൾക്ക് പുറമെ ചിലപ്പതികാരവും, മണിമേഖലയും, മറ്റ് പതിനെട്ട് ലഘു ഗ്രന്ഥങ്ങളും (പതിനൊന്ന് കീഴ്കണക്ക് ഇത് തിരുക്കുറളും അടങ്ങിയതാണ്) ഈ കാലഘട്ടത്തിൽ എഴുതിയതാണ്. പ്രബന്ധ സാഹിത്യത്തിൽ വിവിധ രൂപത്തിലുള്ള കവിതകൾ അടങ്ങിയിരിക്കുന്നു. അതിൽ 'കോവൈ' എന്നത് ഒരു പ്രത്യേക തരത്തിലുള്ള വരികളെ കൊണ്ടിരിക്കുന്നതോടൊപ്പം (സാധാരണ പ്രണയത്തെക്കുറിച്ച്) 'കലംബകം' എന്നത് അനുസരിച്ച് വാക്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു. അതിൽ ഒരു ചരണത്തിന്റെ വരിയുടെ അവസാനം അടുത്തതിന്റെ ആരംഭമായി പെരുക്കുന്നതോടൊപ്പം (സാധാരണയായി രാജാക്കന്മാരെയും ധീരതയേയും വിവരിക്കുന്നത്) പരണി എന്നതിനെയും രൂപപ്പെടുത്തി പാണ്ഡ്യക്കോവൈ, നന്ദികാലമ്പകം, കലിംഗത്തുപ്പരണി എന്നിവയാണ് ഈ പാരമ്പര്യത്തിന്റെ മികച്ച ചിത്രീകരണങ്ങൾ.

സംഘം യുഗത്തിലെ പുരാതന തമിഴ് സാഹിത്യം തിരുക്കുറൽ, ചിലപ്പതികാരം, മണിമേഖല തുടങ്ങിയവ രാഷ്ട്രീയത്തിന്റെയും സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സ്വഭാവത്തെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്നു. തമിഴ് ഭാഷ, തമിഴ് സ്വത്വം, സംസ്കാരം, ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയുടെ അടിസ്ഥാനവും സത്തയും രൂപപ്പെടുത്തി. ഭൂമിയുടെ വൈവിധ്യം ഉണ്ടായിരുന്നിട്ടും, ഭൂമിശാസ്ത്രം, ഭരണാധികാരികൾ, പ്രഭുക്കന്മാർ എന്നിവർ തമിഴ് സംസാരിക്കുന്ന ഒരു തമിഴ് കൂട്ടായ്മ നശിപ്പിപ്പിച്ചതായി അവകാശപ്പെടുന്ന കിലംഗ രാജാവ് ഖര വേലയുടെ വിദേശ അധിനിവേശനത്തിനെതിരെ പോരാടുന്നതിനുള്ള രാജാക്കന്മാരുടെ അത്തരമൊരു തമിഴ് കൂട്ടായ്മയെ സംഘ സാഹിത്യത്തിലെ 'അകനാന്നൂറിലും' പരാമർശിക്കുന്നു. അതിനാൽ തമിഴ് ദേശീയരുടെ ആശയവും വ്യാപനവും കേവലം കൊളോണിയലിസത്തിന്റെ അനന്തരഫലമല്ല. സംഘം യുഗത്തിൽ പോലും കണ്ടെത്താൻ കഴിയുന്ന രാഷ്ട്രീയത്തെ നിർവ്വചിക്കുന്നതിൽ തമിഴ് ഭാഷയുടെയും സംസ്കാരത്തിന്റെയും ചരിത്രപരമായ പങ്കും പ്രാധാന്യവുമായി തമിഴ് ദേശീയരുടെ വേരുകൾ ബന്ധപ്പെട്ടിരിക്കുന്നു.

രാഷ്ട്രം എന്ന സങ്കല്പവും രാജാവ് എന്ന ആശയവും ഗ്രീക്ക് നഗര രാഷ്ട്രമെന്ന നിയിൽ രാഷ്ട്രത്തിന്റെ പ്രാദേശിക പ്രാധാന്യവുമായി പൊരുത്തപ്പെട്ടു. ക്ലാസിക്കൽ തമിഴ് രാജ്യം എന്നറിയപ്പെടുന്ന തമിഴകം തെക്ക് തിരുപ്പതി കുന്നുകൾ തൊട്ട് കേപ്കമോറിൻ കന്യാകുമാരി) അഗ്രം വരെ വ്യാപിച്ചിരിക്കുന്നു. പരമ്പരാഗതമായ ഭൂമിയെ അതിന്റെ സ്വഭാവമനുസരിച്ച് അഞ്ച് ഭൂമി ശാസ്ത്ര മേഖലകളായി (തിനൈ) തിരിച്ചിട്ടുണ്ട്. പർവ്വതപ്രദേശം (കുറിഞ്ചി) വനമേഖലകൾ (മുല്ലയ്) ഫലഭൂയിഷ്ഠമായ സമതലങ്ങൾ (മരുതം) തീരപ്രദേശം (നെയ്തൽ) വരണ്ട പ്രദേശം (പാലൈ).

തമിഴ് സംസാരിക്കുന്ന പ്രദേശങ്ങൾ ചോളന്മാർ (തലസ്ഥാനം ഉറൈയൂർ), പാണ്ഡ്യന്മാർ (തലസ്ഥാനം മധുര), ഇന്നത്തെ കൊങ്കുനാട്, കേരളം എന്നിവിടങ്ങളിലെ ചേരന്മാർ, പല്ലവർ (കാഞ്ചിപുരം തലസ്ഥാനം) എന്നിങ്ങനെ വിഭജിക്കപ്പെട്ടു. കിരീടധാരികളായ രാജാക്കന്മാരെക്കാൾ ശക്തരല്ലാത്ത രാജാക്കന്മാർ (വെർഹാർ) വലിയ, ചെറിയ തലവന്മാർ (വെൽ) വേളിയർ എന്നിവർ ഭരിച്ച നിരവധി രാജ്യങ്ങൾ തമിഴ് രാജ്യത്തിൽ ഉൾപ്പെടുന്നു. കവികളോടുള്ള താത്പര്യത്തിന് സംഘ കാല കവിതകൾ വേളിയർ പ്രത്യേകിച്ച് ഏഴ് ചെറു രാജാക്കന്മാരെ പ്രശംസിക്കുന്ന ഗാനങ്ങൾ ആലപിച്ചു കപിലരും ഔവ്വയാറും പ്രഭുക്കന്മാരായ ആയ്, പാരി ഓശി, കാരി, അതിയമാൻ, പേകൻ, നല്ലി എന്നിവരെക്കുറിച്ച് വിവരിക്കുന്നു.

നീതിമാനായ ഭരണാധികാരിയുടെ ആശയങ്ങൾ, ആളുകളോടുള്ള ദയയും യുദ്ധക്കളത്തിലെ ശത്രുക്കൾക്കെതിരെയുള്ള ധൈര്യവും ഒരു രാജാവിന്റെ സദ് ഗുണങ്ങളിൽപ്പെടുന്നു. രാജാവ് തന്നെ

11th Std Political Science_Ch_15_Malayalam.indd 281 14/02/2023 19:40:40

അദ്ധ്യക്ഷത വഹിച്ച പരമോന്നത നീതിപീഠമായിരുന്നു സഭ അല്ലെങ്കിൽ മന്റം. ഓരോ ഗ്രാമത്തിനും അവരുടേതായ ഒരു മന്റം ഉണ്ടായിരുന്നു. അത് ഒരു പൊതുസ്ഥലത്ത് കണ്ടുമുട്ടുകയും ഗ്രാമസാമൂഹിക പ്രവർത്തനങ്ങൾ സംഘടിക്കുകയും ചെയ്തു. യുദ്ധത്തിൽ മരിച്ച യോദ്ധാക്കൾക്ക് സ്മാരക കല്ലുകൾ സ്ഥാപിക്കുകയും മരണത്തിൽ വീരാരാധന നടത്തുകയും ചെയ്യുമായിരുന്നു. ഒരു യോദ്ധാവ് യുദ്ധഭൂമിയിൽ മുതുകിൽ മുറിവോടെ മരിച്ചാൽ അത് സംഘകാലഘട്ടത്തിൽ അപമാനമായി കണക്കാക്കപ്പെട്ടിരുന്നു.

പല നല്ല യുദ്ധരീതികളും സംഘ സാഹിത്യത്തിൽ പരാമർശിക്കുന്നു. എല്ലാ സ്ത്രീകളെയും കുട്ടികളെയും രോഗികളെയും പ്രായമായവരെയും കന്നുകാലികളെയും രാജ്യം ആക്രമിക്കുന്നതിനു മുമ്പ് സുരക്ഷിത മേഖലകളിലേക്ക് മാറ്റാൻ പാണ്ഡ്യ രാജാവ് പ്രഖ്യാപിച്ചതിനാൽ അദ്ദേഹത്തെ സംഘകാല സാഹിത്യത്തിൽ (പുറനാന്നൂറിൽ) പ്രശംസിക്കുന്നു. ഭരണകൂടത്തിന്റെയും രാജാവിന്റെയും മനസാക്ഷിയിലൂടെയാണ് നീതി എന്ന ആശയം രൂപപ്പെടുന്നത്. ഒരു രാജാവിന്റെ ഭരണത്തിൽ അനിവാര്യ ഘടകമാണ് നീതി. ഒരു നല്ല രാജാവ് ഒരിക്കലും നീതി ബലിയർപ്പിക്കരുത്. നീതിയും സൽപ്രവർത്തികളും എല്ലായ്പ്പോഴും രാജാവിന് നിത്യമായ പ്രശസ്തി നൽകും. നിലവിലുണ്ടായിരുന്ന ഒരു പ്രധാന രാഷ്ട്രീയ തത്വവും, രാജാവിന്റെ നിയമ സാധുതയും ജനങ്ങളുടെ സമ്മതത്തോടെയാണ് നിലനിൽക്കുന്നത്. അത് ജനങ്ങളുടെ പിന്തുണ ലഭിക്കുന്നിടത്തോളം കാലം നിലനിൽക്കും. അവരുടെ പിന്തുണ നഷ്ടപ്പെട്ടാൽ അദ്ദേഹത്തിന് നിയമ സാധുത നഷ്ടപ്പെടും. കസ്റ്റംസ്, തീരുവ, ആദായ നികുതി, ടോൾ ടാക്സ് തുടങ്ങിയ വിവിധതരം നികുതികളെക്കുറിച്ച് രാഷ്ട്ര സാഹിത്യത്തിന്റെ പ്രത്യേക സ്രോതസ്സായ സംഗമസാഹിത്യം വിവരിക്കുന്നു (പട്ടിനപ്പാലൈ). മന്ത്രിമാർ, സബോർഡിനേറ്റുകൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എന്നിവരുടെ ലളിതമായ ഭരണ ഘടനയോടുകൂടി തമിഴ് രാജാക്കന്മാരും പ്രഭുക്കന്മാരും ഭൂമി ഭരിച്ചു. ബഡ്ജറ്റിന്റെ പ്രധാന ഭാഗമായ വിദേശ വ്യാപാരം കസ്റ്റംസ് വരുമാനം എന്നിവ കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥരുണ്ടായിരുന്നു. പാണ്ഡ്യ ലിഖിതങ്ങളിൽ മുത്ത് മത്സ്യബന്ധനത്തിനുള്ള ഉദ്യോഗസ്ഥരെക്കുറിച്ചും (കലാത്തികൾ) പരാമർശിക്കുന്നു. പതാകകളിലും നാണയങ്ങളിലും ചോളന്മാരെ കടുവയും ചേരന്മാരെ അമ്പും വില്ലും പാണ്ഡ്യരെ മത്സ്യവും പല്ലവരെ സിംഹവും പ്രതിനിധീകരിച്ചു.

'ചാരൻ' എന്ന സ്ഥാപനം അത്യാവശ്യ സ്ഥാപനമായി കണക്കാക്കുകയും രാജ്യത്ത് സമാധാനവും സ്ഥിരതയും നിലനിർത്തുകയും ചെയ്യുന്നത് ഈ സ്ഥാപനത്തിന്റെ ഫലപ്രാപ്തിയെ ആശ്രയിച്ചിരിക്കുന്നു. ഒരു ഭരണ സ്ഥാപനമെന്ന നിലയിൽ അടിമത്തം ഇല്ലാതിരുന്നിട്ടും ആക്രമണത്തിനു ശേഷം അടിമകളെ പിടികൂടുന്നതും അടിമക്കച്ചവട സമ്മാനങ്ങൾ കൈമാറുകയും ചെയ്യുന്നത്, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും ഭരണാധികാരികൾക്കിടയിൽ പതിവായിരുന്നു.

പുരാതന തമിഴരിൽ ജാതി വ്യവസ്ഥ അല്ലെങ്കിൽ ജാതി പ്രയോഗം അജ്ഞാതമായിരുന്നു. തൊഴിൽ വ്യത്യാസങ്ങളെ അടിസ്ഥാനമാക്കിയാണ് വർഗ്ഗ വ്യത്യാസങ്ങൾ നിലനിന്നിരുന്നത്. ജാതി വ്യവസ്ഥ സംഘ സമൂഹത്തിൽ അജ്ഞാതമായിരുന്നു. സാമൂഹ്യ വിഭാഗങ്ങളെക്കുറിച്ച് (കുഡി) പരാമർശിക്കുന്ന സംഘ കവിതകളാണ് വർഗ്ഗത്തിനെ അടിസ്ഥാനമാക്കിയുള്ള സമൂഹത്തിന്റെ വിഭജനം വെളിപ്പെടുത്തിയിരിക്കുന്നത്. അവ വൈശ്യർ (വ്യാപാരികൾ) വേളാളർ (കർഷകർ) അരസർ (ഭരണാധികാരികൾ). പദവിയിലെ വ്യത്യാസങ്ങൾ അനിവാര്യമാണെന്നും എന്നാൽ ജാതി അല്ലെങ്കിൽ ജാതി രൂപത്തിലുള്ള വർണ്ണ ഘടന സംഘകാല സമൂഹത്തിൽ കുറച്ചളവ് മാത്രമാണ് ഉണ്ടായിരുന്നത്.

പുരാതന തമിഴ് സമൂഹം മനുസ്മൃതിയിലെ ആശയങ്ങളെയോ, ചട്ടങ്ങളെയോ നിയമമാക്കിയില്ല. ആരംഭകാല ആര്യ-ബ്രാഹ്മണ ജാതി സംഘങ്ങളെപ്പറ്റി സംഘകാലത്തിൽ കുറിക്കപ്പെട്ടിരുന്നില്ല. ജാതിയെക്കുറിച്ചുള്ള ആര്യ-ബ്രാഹ്മണ വിവരണത്തിന്റെ തുടക്കവും അതിക്രമവും സംഘ കാലഘട്ടത്തിന്റെ പിന്നീടുള്ള കാലഘട്ടത്തിലേതാണ്. തമിഴരുടെ പുരാതന മതം നാടോടി പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രകൃതിയെ ആരാധിക്കുന്നതും പ്രകൃതി ഘടകങ്ങളും കൂടുതൽ സാധാരണമായിരുന്നു. തമിഴ്നാട്ടിലെ ഗോത്രങ്ങൾക്കിടയിൽ മുരുകനെ ആരാധിക്കുന്നതും മുരുകനെ യോദ്ധാവായി ആരാധന നടത്തുന്നതും നാടോടി സംസ്കാരത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ദൈവത്തിന്റെ ഭൗതിക ഘടന ദ്രാവിഡ പാരമ്പര്യങ്ങളിൽ വേരൂന്നിയാണ്. എ ഡി ആറാം നൂറ്റാണ്ടിനു ശേഷം മാത്രമാണ് തമിഴിലും സംസ്കൃതത്തിലും ലിഖിതങ്ങൾ എഴു

11th Std Political Science_Ch_15_Malayalam.indd 282 14/02/2023 19:40:40

തിയത്. ബ്രാഹ്മണരോടുള്ള നന്മയുടെ സിദ്ധാന്തങ്ങളും രാജാവിന് അവർ നൽകിയ ദിവ്യാനുഗ്രഹങ്ങളും ഉപയോഗിച്ച് സംസ്കൃത വൽക്കരണം ക്രമേണ പൊതു ഇടത്തിലേക്ക് വ്യാപിച്ചു .

ഈ കാലയളവിനു ശേഷം ബ്രാഹ്മണരിൽ നിന്ന് അനുഗ്രഹം നേടുന്നത് താമസിയാതെ തമിഴ് രാജാവിന് നിയമസാധുത കൈവരിക്കാനായിരുന്നു. സംസ്കൃത വൽക്കരണത്തോടൊപ്പം മനുസ്മൃതിയിൽ വാദിച്ച വേദ ആചാരങ്ങൾ, ആരാധന, സാമൂഹിക സമ്പ്രദായത്തിലേക്കുള്ള ദിശാബോധം എന്നിവ ദ്രാവിഡ സമൂഹത്തിന്റെ തൊഴിൽപരമായി തരംതിരിക്കപ്പെട്ട വർഗ്ഗ ഘടനയെ വൈദിക ദിവ്യാ ഉപരോധങ്ങളോടെ ഒരു ശ്രേണിപരമായ വർഗ്ഗീകരിച്ച സാമൂഹിക (ജാതി) സമ്പ്രദായമാക്കി മാറ്റുന്നതിനുള്ള അവരുടെ വഴി കണ്ടെത്തി.

ഭരണകൂടത്തേയും രാജാവിനെയും ഒന്നായി കാണുന്നതും പാരമ്പര്യ തത്വവും ഭൗതിക ചിഹ്നങ്ങളുള്ള ദിവ്യാവകാശങ്ങൾ പ്രചരിക്കുന്നതും തമിഴ് രാജാക്കന്മാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. പ്രാദേശിക ഭരണകൂടം എന്ന ആശയം മാറിക്കൊണ്ടിരിക്കുന്ന രാജവംശങ്ങളോടും ഭൂമി ശാസ്ത്രപരമായ മാറ്റങ്ങളോടും അന്തർലീനമായ അനുരഞ്ജനം പ്രദാനം ചെയ്തു. അധികാരത്തിന്റെ ഭരണ തത്വങ്ങളും രാജവാഴ്ചയുടെ സ്ഥാനവും സംസ്കാരത്തിൽ നിന്ന് പ്രത്യേക അധികാരത്തെ അടിസ്ഥാനമാക്കിയുള്ള അധികാര കേന്ദ്രത്തിലേക്ക് നീങ്ങി. പിന്നീടുള്ള കാലഘട്ടത്തിൽ സംഘാനന്തര കാലഘട്ടത്തിൽ, രാജാവ് ക്രമേണ അധികാരത്തിന്റെ ഏക മറവിടമായി.

അവർ ബ്രഹ്മാവിന്റെ പിൻഗാമികളായതിനാൽ രജത്വം ദൈവീക ഉത്ഭവമാണെന്നും പാരമ്പര്യപരമാണെന്നും പല്ലവർ വാദിച്ചു. ഉത്തരേന്ത്യയിലെ ആര്യസംസ്കാരം തെക്കോട്ട് നുഴഞ്ഞുകയറുന്നതിനും ചില പാറ്റേണുകൾ, ആശയങ്ങൾ, സ്ഥാപനങ്ങൾ സ്വാംശീകരിക്കുന്നതിനും മറ്റ് ചിലവശങ്ങൾ നിരസിക്കുന്നതിനോ, പരിഷ്കരിക്കുന്നതിനോ പല്ലവ കാലഘട്ടം സാക്ഷ്യം വഹിച്ചു. ക്ഷേത്രങ്ങളിലെ ദേവതയുടെ പ്രമേയങ്ങളും സമർപ്പണവും വെളിപ്പെടുത്തിയ ഈ ആശയവിനിമയത്തിന്റെ ഫലങ്ങളിലൊന്നാണ് തമിഴ് ഭക്തി സംസ്കാരം.

സ്ത്രീകളെ വളരെയധികം ബഹുമാനിക്കുകയും രാജാക്കന്മാർക്ക് അംഗരക്ഷകർ എന്ന നിലയിൽ വിവിധ ജോലികളും കടമകളും നിർവഹിക്കുകയും ചെയ്തുവെങ്കിലും അധികാരവും അവകാശവും പുരുഷന്മാരിലാണ്. പൊതു സമ്മേളനങ്ങളിൽ സ്ത്രീകൾ പങ്കെടുത്തെങ്കിലും ഭരണാധികാരികളിൽ കൂടുതലും പുരുഷൻമാരായിരുന്നു. പാരമ്പര്യ അവകാശങ്ങളും ഔപചാരിക അധികാരവും പുരുഷൻമാരുടേതായിരുന്നിട്ടും സ്ത്രീകൾ സാമൂഹിക ആചാരങ്ങളുടെ ഗണ്യമായ ഭാഗം രൂപപ്പെടുത്തുകയും കുടുംബത്തിന്റെ പ്രധാനഘടകമായി പ്രവർത്തിക്കുകയും ചെയ്തു.

തമിഴ് സമൂഷത്തിലെ സ്ത്രീകളുടെ പങ്കും പദവിയും വിവരിക്കുന്നതിൽ ഔവ്വയാറിന്റെ പാരമ്പര്യത്തെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്. (**ഔവ്വയാർ** എന്നാൽ മാന്യരായ സ്ത്രീകൾ എന്നർത്ഥം). തമിഴ് സാഹിത്യത്തിന് സംഭാവന നൽകിയ വിശിഷ്ട സ്ത്രീകൾക്ക് ഔവ്വയാർ എന്ന പേര് തലക്കെട്ടായി നൽകി. വ്യത്യസ്ത സ്രോതസ്സുകളെ അടിസ്ഥാനമാക്കി വ്യത്യസ്ത സമയങ്ങളിൽ ഈ തമിഴ് സാഹിത്യ കാനോൻ പദവി വഹിച്ച ആറ് സ്ത്രീകൾ ഉണ്ടായിരുന്നു.

സാഹിത്യം, സംസ്കാരം, ധാർമ്മിക പ്രപഞ്ചം, രാഷ്ട്രീയത്തിന്റെ സ്വഭാവം, യുദ്ധം, സമാധാനം, നയതന്ത്ര കല എന്നിവയിൽ അസാധാരണമായ സ്വാധീനം ചെലുത്തിയാണ് സംഘ യുഗത്തിലെയും ചോളന്മാരിലേയും ഔവ്വയാറുകൾ അറിയപ്പെടുന്നത്. എ.ഡി ഒന്ന് രണ്ട് നൂറ്റാണ്ടുകളിൽ ഔവ്വയാർ ജീവിച്ചിരുന്നു. അവർ വേളിയർ രാജവംശത്തിലെ അതിമാന്റെ സഭയെ അലങ്കരിച്ചിരുന്നു. സാഹിത്യ ഇതിഹാസങ്ങളായാണ് തിരുവള്ളുവരിന്റെയും കപിലരിന്റെയും സമകാലികനായി കണക്കാക്കപ്പെടുന്ന ഇവർ നറ്റിണൈ, കുറുന്തൊകൈ, അകനാന്നൂറ്, പുറനാന്നൂറ് എന്നി കൃതികളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി. അഭിയാമൻ നെടുമാൻ അഞ്ചി രാജാവിനായി നയതന്ത്ര ദൗത്യങ്ങൾ ഏറ്റെടുത്ത ഏറ്റവും കൃപയും പണ്ഡിതയുമായ നയതന്ത്രജ്ഞ എന്ന ബഹുമതിയും അവർക്കുണ്ട്. ടാഗഭൂരിലെ ഭരണാധികാരിയായ അദിയാമൻ രാജാവിന്റെ കവിയും സുഹൃത്തും ആയ ഔവ്വയാർ രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധം ഒഴിവാക്കാൻ സഹായിച്ചിട്ടുണ്ടെന്ന് കരുതപ്പെടുന്നു.

കാഞ്ചീപുരത്തിന്റെ ഭരണാധികാരി തോണ്ടൈമാൻ രാജാവ് തകഡൂരിനെതിരെ ആക്രമണം നടത്താൻ ഉദ്ദേശിക്കുന്ന ഒരു കുറിപ്പ് അദ്ദേഹത്തിന് അയച്ചിരുന്നു. ഇത് മനസ്സിലാക്കിയ ഔവ്വയാർ കാഞ്ചീപുരം ചെന്ന് തോണ്ടൈമാനോട് ഇപ്രകാരം

11th Std Political Science_Ch_15_Malayalam.indd 283 14/02/2023 19:40:40

പറഞ്ഞു. "ഓ തോണ്ടൈമാൻ നിങ്ങളുടെ ശൂലവും തിളക്കവുമായ ആയുധങ്ങൾ അഭിയാമന്റെ ആയുധങ്ങളിൽ നിന്ന് എത്രയോ വ്യത്യാസമുണ്ട്. എന്നാൽ പാവം അഭിയാമന്റെ ആയുധങ്ങൾ ഉടഞ്ഞതും രക്തക്കറ പുരണ്ടതും പണിശാലകളിൽ കേടുപാടുകൾ തീർക്കുന്ന വിധത്തിലുമാണ്." തൊണ്ടൈമാന് യുദ്ധത്തിൽ വളരെക്കുറച്ചു മാത്രമേ പരിചയമുണ്ടായിരുന്നുവെന്നും വിജയിക്കാൻ സാധ്യതയില്ലായിരുന്നുവെന്നും പ്രശംസയുടെ മറവിൽ അവർ വ്യക്തമാക്കുകയുണ്ടായിരുന്നു. കുട്ടികൾക്ക് ധാർമ്മിക പ്രപഞ്ചം എഴുതുകയും എല്ലാവർക്കുമായി ധാർമ്മിക തത്വങ്ങൾ വാദിക്കുകയും ചെയ്ത മറ്റൊരു ഔവ്വയാർ ഏകദേശം പത്താം നൂറ്റാണ്ടിൽ ചോളയുഗത്തിലുണ്ടായിരുന്നു. അവരുടെ കൃതികളായ ആത്തിച്ചൂടി, കൊന്റെ വേന്തൻ എന്നിവ കൊച്ചുകുട്ടികൾക്കായി എഴുതിയപ്പോൾ മുതുരൈയും നൽവഴിയും നൽവാശിയും മുതിർന്ന കുട്ടികൾക്കായി എഴുതി.

ചിന്തകരുടെ നിശ്ചിത ഭാഗം ഇപ്രകാരമാണ്:

- പൊതു മാറ്റങ്ങളിലെ മാറ്റം ഉൾപ്പെടെയുള്ള സാമൂഹിക മാറ്റങ്ങൾക്കും തുടർന്നുള്ള സംഭവങ്ങൾക്കും അടിസ്ഥാനമായിരിക്കുക;
- സാമൂഹിക വഴിത്തിരിവുകളിൽ സ്വാധീനം ചെലുത്തിയ രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കൽ;
- വിവിധ സമുദായങ്ങളിൽപ്പെട്ട ആളുകളുടെ മുന്നേറ്റത്തെ സഹായിക്കുന്ന സമൂഹിക ആശയങ്ങൾ പൊതു ആശയമായി രൂപികരിക്കൽ;
- വൈവിധ്യമാർന്ന സമുദായങ്ങൾക്ക് പ്രയോജനം ചെയ്ത പ്രധാന രാഷ്ട്രീയ തീരുമാനങ്ങൾക്ക് കാരണമായിരിക്കൽ

സാധരണക്കാരുടെ താത്പര്യവും യുക്തിസഹമായ ചിന്തയും ജ്വലിപ്പിക്കുന്ന രാഷ്ട്രീയ ചിന്തകരുടെ പ്രവർത്തനങ്ങളെ പുതിയ രാഷ്ട്രീയ ആശയങ്ങൾ പിന്തുണയ്ക്കുന്നു. സമകാലിക സമൂഹവുമായുള്ള ആ ചിന്തകരുടെ ഇടപെടൽ മുഴുവൻ വ്യവസ്ഥയ്ക്കും ഒരു പുതിയ ചട്ടക്കൂട് ഉണ്ടാക്കുന്നു. വളർന്നു വരുന്ന തലമുറകൾക്ക് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന പുതിയ രാഷ്ട്രീയ തീരുമനങ്ങൾ ഏറ്റെടുത്തു. സാധാരണക്കാരുടെ ദൈനംദിന ജീവിതം ചിന്തകരുടെ രാഷ്ട്രീയ തീരുമാനത്താൽ പല മാറ്റങ്ങളിലും മുഴുകിയേക്കാം. ലോകതലത്തിൽ ഇത്തരത്തിലുള്ള ചിന്തകർ സാമൂഹിക രാഷ്ട്രീയ വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തി. കഴിഞ്ഞ നൂറ്റാണ്ടുകളിൽ ഇന്ത്യയിലും പൊതുവേ തമിഴ്നാട്ടിലും ഇത്തരം മഹത്തായ ചിന്തകർ തങ്ങളുടെ സാധാരണ സാന്നിധ്യമുണ്ടാക്കി.

ദേശീയ-രാഷ്ട്രീയ ചിന്തകർ, തമിഴ്നാട് രാഷ്ട്രീയ ചിന്തകർ സോഷ്യലിസ്റ്റ് ചിന്തകർ സാമൂഹിക നീതിയുടെ ചിന്തകർ എന്നിവ ആധുനിക വർഗ്ഗീകരണത്തിന്റെ വിവിധ ഭാഗങ്ങളാണ്. സാമൂഹ്യ മാറ്റങ്ങൾക്ക് സമഗ്ര സംഭാവന നലകിയ തമിഴ്നാട്ടിലെ വിവിധ രാഷ്ട്രീയ ചിന്തകരെക്കുറിച്ച് ഈ ഭാഗത്ത് നമുക്ക് ചർച്ച ചെയ്യാം. സമൂഹം, രാഷ്ട്രീയം, സമ്പദ് വ്യവസ്ഥ എന്നിവയോടുള്ള ആശയങ്ങൾ, വിശ്വാസങ്ങൾ, അഭിപ്രായങ്ങൾ, മനോഭാവങ്ങൾ എന്നിവയാൽ സമ്പന്നമാണ്.

തമിഴ്നാട്ടിലെ രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങൾ. ഇത് തിരുവള്ളുവരിന്റെ പുരാതന രാഷ്ട്രീയ ആശയങ്ങളിൽ നിന്ന് വ്യക്തമാണ്. അതേസമയം ഭാരതീയർ ഒരു ദേശീയ വാദിയും സിംഗാര വേലർ കമ്മ്യൂണിസ്റ്റുമായിരുന്നു. പെരിയാറിന്റെ അഭിപ്രായത്തിൽ ദ്രാവിഡ പ്രത്യയ ശാസ്ത്രം സാമൂഹിക സമത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വലത്, ഇടത് കേന്ദ്ര എന്നീ മൂന്ന് പ്രത്യയ ശാസ്ത്രങ്ങളുടെ സംയോജനമാണ് തമിഴ്നാട്ടിലെ രാട്രീയ പ്രത്യയ ശാസ്ത്രങ്ങൾ.

15.2 പുരാതന രാഷ്ട്രീയ ആശയങ്ങൾ

തിരുവള്ളുവർ



തിരുക്കുറലിലെ ആരത്തുപാലിൽ, സദാചാരത്തിന്റെ മികച്ച പ്രബോധകനായിരുന്നു വള്ളുവർ, കാമത്തുപാലിൽ അദ്ദേഹം കവിയായിത്തീർന്നു. പൊരുട്ട് പാലിൽ ഒരു രാഷ്ട്രീയ തത്വചിന്തകനായി അറിയപ്പെടുന്നു. തിരുവള്ളുവരിന്റെ രാഷ്ട്രീയ തത്വ ചിന്ത ഇന്നും കാലാകാലങ്ങളിൽ പ്രശസ്തമാണ്.

11th Std Political Science_Ch_15_Malayalam.indd 284 14/02/2023 19:40:41

പൊരുട് പാലിലെ ഏഴ് പ്രദേശങ്ങൾ

പൊരുട് പാലിൽ ഏഴ് ഭാഗങ്ങളുണ്ട്. കൂടാതെ 70 വാക്യങ്ങൾ / ഈരടികൾ ഉണ്ട്. പൊളിറ്റിക്സ് - 25, മിനിസ്ട്രി - 10, ഡിഫൻസ് - 2, വെൽത്ത് - 1, ആർമി - 2, ഫ്രണ്ട്ഷിപ്പ് - 17, പൗരന്മാർ - 13, എന്നിവയാണ് അവ.

"പടை குடி கூழ்அமைச்சு நட்பரண் ஆறும்
உடையான் அரசருள் ஏறு" (കുറൾ: 381)

"ഒരു സൈന്യം, ആളുകൾ, സമ്പത്ത്, ഒരു മന്ത്രി, സുഹൃത്തുക്കൾ, കോട്ട എന്നീ ആറ് കാര്യങ്ങൾ എല്ലാം സ്വന്തമാക്കി. സിംഹം രാജാക്കൻമാരുടെ ഇടയിൽ വസിക്കുന്നു" (381)

അങ്ങനെ, പൊരുട് പാലിൽ, ആദ്യത്തെ ഈരടിയിൽ തന്നെ വള്ളുവർ ഒരു രാഷ്ട്രത്തിന് ആവശ്യമായ ആറ് വിഭാഗങ്ങളെ വേർതിരിച്ചു. അങ്ങനെ, ഗവൺമെന്റിന്റെ വിവിധ ഭാഗങ്ങൾ മന്ത്രി സഭ, സൈന്യം, സമ്പത്ത്, ജനങ്ങൾ, സൗഹൃദം, പൗരന്മാർ എന്നിവയാണ്. ഒരു രാജാവിന്റെ ഭരണം നിർണ്ണയിക്കുന്നത് മാത്രമല്ല, ഈ ഘടകങ്ങൾ രാജാവിനായി പ്രത്യേക രീതിയിൽ വർഗ്ഗീകരിച്ചിരിക്കുന്നു. അങ്ങനെ ഒരു രാജ്യത്തിന്റെ ഭരണം സമ്പത്ത് എന്നിവ സംബന്ധിച്ച് ധാരാളം ആശയങ്ങൾ സംഭാവന ചെയ്യുന്നു.

ഒരു രാജാവിന്റെ സ്വഭാവം – 25 അധ്യായങ്ങൾ

പൊരുട് പാലിൽ, വള്ളുവർ ഒരു രാജാവിന്റെ സ്വഭാവത്തെക്കുറിച്ച് വിശദമായി 25 അധ്യായങ്ങളിൽ ഭരണാധികാരിയുടെ ഗുണങ്ങൾ (ഇറൈമാട്ച്ചി - 39-ാം അധ്യായം) മുതൽ ഇടുക്കൺ അഴിയ്യാമൈ പ്രശ്നത്തെ അഭിമുഖീകരിക്കാത്തത് 63-ാം അധ്യായം വരെ 25 അധ്യായങ്ങളിൽ അരസാർ വേന്തർ നിലൻ ആണ്ടവർ മണവർ എന്നീ പേരുകൾ അദ്ദേഹം രാജാവിനെക്കുറിച്ച് 46 തവണ സൂചിപ്പിച്ചു.

ജനാധിപത്യത്തെക്കുറിച്ചുള്ള ആശയങ്ങൾ

രാജവാഴ്ചയുടെ കാലത്താണ് വള്ളുവർ ജീവിച്ചിരുന്നത്. എന്നിരുന്നാലും അദ്ദേഹത്തിന്റെ ആശയങ്ങളും ഇപ്പോഴത്തെ ജനാധിപത്യ നേതാക്കൾക്കും ബാധകമാണ്. രാജാവിന്റെ ഭരണത്തിൽ ഭരണകൂടത്തിന്റെയും സർക്കാരിന്റെയും സ്വഭാവം അദ്ദേഹം സൂചിപ്പിച്ചു. സർക്കാരിനേയും രാഷ്ട്രത്തേയും കുറിച്ചുള്ള വള്ളുവരിന്റെ വാക്കുകൾ ഈ കാലയളവിലേയും ലോകത്തിലെ എല്ലാ സംഘടനകൾക്കും ബാധകമാണ്.

ക്ഷേമ രാഷ്ട്രവും രാജാവും

ലളിതമായി പറഞ്ഞാൽ, വള്ളുവരിന്റെ രാഷ്ട്രീയ സംവിധാനം ക്ഷേമരാഷ്ട്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഉദാഹരണത്തിന് ഇറൈമാട്ച്ചിയിൽ (ഒരു ഭരണാധികാരിയുടെ ഗുണങ്ങൾ) അദ്ദേഹം പറയുന്നു.

മുറൈചെയ്തു കാപ്പാറ്റ്റും മന്നവൻ മക്കട്കു
ഇറൈയെൻറു വൈക്കപ് പടും. (കുറൾ: 388)

ആരാണോ നീതിയെ കാത്തു സൂക്ഷിക്കുന്നത്, ആ രാജാവ് ജനങ്ങളുടെ ദൈവമായി വാഴുന്നു. (388)

കടമകൾ സത്യസന്ധമായി ചെയ്തുകൊണ്ട് ഒരു രാജാവ് നീതി നൽകിയെങ്കിൽ അവനെ ഒരു ദൈവമായി കണക്കാക്കാം. അനുയോജ്യമായ പാതയും ക്ഷേമവും സഫലമാക്കുന്ന രാജാക്കൻമാരെ ബഹുമാനിക്കുകയും ദൈവികതയ്ക്ക് തുല്യമായി നിലനിർത്തുകയും ചെയ്യാം. ഇത്തരത്തിലുള്ള കാഴ്ചപ്പാട് രാജവാഴ്ചയ്ക്ക് മാത്രമല്ല, ഇന്നത്തെ ജനാധിപത്യ കാലഘട്ടത്തിനും ബാധകമാണ്.

സംസ്ഥാനത്തിന്റെ സവിശേഷതകൾ

ധാർമ്മികത കാത്തു സൂക്ഷിക്കുക, തെറ്റായ പ്രവർത്തനങ്ങളെ ഉന്മൂലനം ചെയ്യുക, നിഷ്പക്ഷമായ നീതി നടപ്പാക്കുക, ബഹുമാന സംരക്ഷണം എന്നിവയാണ് ഒരു ഭരണകൂടത്തിന്റെ സവിശേഷതകൾ.

അറനിഴുക്കാ തല്ലവൈ നീക്കി മറനിഴുക്കാ
മാനം ഉടൈയ തരചു (കുറൾ: 384)

രാജത്വം സദ് ഗുണത്തിൽ പരാജയപ്പെടുന്നില്ല. എല്ലാ ഉപനിയന്ത്രണങ്ങളും, ധൈര്യത്തിൽ പരാജയപ്പെടുന്നില്ല. അത് ബഹുമാനത്തിന്റെ കൃപ നിലനിർത്തുന്നു. (കുറൾ :384)

രാജാവിന്റെ പാത ജനങ്ങളുടെ പാതയാണ്. രാജാവ് തന്റെ പ്രജകൾക്ക് വഴികാട്ടിയായി പ്രവർത്തിക്കണം. അവൻ ദോഷമോ ദുഷ് പ്രവൃത്തികളോ ചെയ്യുകയാണെങ്കിൽ, അത് എല്ലാവരേയും സ്വാധീനിച്ചേയ്ക്കാം. ഒരു നേതാവെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ അച്ചടക്കവും സ്വകാര്യ ജീവിതവും രാജ്യത്തിലെ എല്ലാവരിലേക്കും വ്യാപിക്കും. ഭരണാധികാരികൾക്ക് ധാർമ്മികവും സദാചാരപരവുമായ ജീവിതം വളരെ അത്യാവശ്യമാണ്. ബഹുമാനത്തെ വിശാലമായി രാജാവുമായി ബന്ധപ്പെടുത്തിക്കൊണ്ട് വള്ളുവർ വലിയ ബഹുമാനത്തിന് മുൻഗണന നൽകി. അത് ധൈര്യത്തിന് തുല്യമാണ്. രാജാവ് രാജ്യത്തോട് വിശ്വസ്തനായിരിക്കണം. അത് രാജ്യത്തിന്റെ ബഹുമാനമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

11th Std Political Science_Ch_15_Malayalam.indd 285 14/02/2023 19:40:41

അനുയോജ്യമായ സംസ്ഥാനവും ജനങ്ങളുടെ ക്ഷേമവും

രാജവാഴ്ചയിൽ, എല്ലാ കാലഘട്ടങ്ങളിലെയും സമഗ്രതയും അനുയോജ്യമായ ഭരണവും വള്ളുവർ വാദിച്ചിരുന്നു. എല്ലാ പ്രദേശങ്ങളിലെയും ആളുകൾ അവരുടെ വളർച്ചയ്ക്ക് മഴ പ്രതീക്ഷിക്കുന്നു. അതുപോലെ ഒരു രാജ്യത്തിലെ പൗരന്മാർ രാജ്യത്തിന്റെ സമഗ്രതയും അനുയോജ്യമായ ഭരണവും പ്രതീക്ഷിക്കുന്നു.

വാനോക്കി വാഴും ഉലകെല്ലാം മന്നവൻ കോൽനോക്കി വാഴുങ് കുടി. (കുറൾ: 542)

എല്ലാ ഗ്രഹവും മഴത്തുള്ളികൾ വീഴുന്ന ആകാശത്തേക്കാണ് നോക്കുന്നത്. *(542)*

രാജഭരണത്തിന് മാത്രമല്ല, ജനാധിപത്യത്തിനും ബാധകമായ അനുയോജ്യമായ നിയമമായി കോൾ എന്ന് വള്ളുവർ സൂചിപ്പിക്കുന്നു.

കുടിതഴീഇക് കോലോച്ചും മാനില മന്നൻ അടിതഴീഇ നിറ്കും ഉലകു. (കുറൾ 544)

പ്രജകളെ എല്ലാവരെയും സ്വീകരിക്കുന്നുവോ, അല്ലയോ മന്നാ അവന്റെ കാലുകൾ സ്വീകരിക്കാനാണ് ലോകം നിൽക്കുന്നത്. *(544)*

ഇതിനർത്ഥം, തന്റെ പൗരന്മാരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടി സംരക്ഷിക്കുന്ന ഒരു രാജാവിനെ സംബന്ധിച്ചിടത്തോളം, അവന്റെ കാല്പാടുകൾ പ്രജകളാൽ സ്നേഹത്തോടെ സ്വീകരിക്കപ്പെടും. സദ്ഭരണവുമായി ബന്ധപ്പെട്ട വള്ളുവർ മുന്നോട്ടുവച്ച നിത്യമായ ഒരു വാക്യമാണിത്.

സ്വേച്ഛാധിപത്യത്തിനെതിരെ

"കൊടുങ്കോൺമൈ", (ക്രൂരമായ ചെങ്കോൽ) എന്ന അധ്യായത്തിൽ വള്ളുവർ അത് നെഗറ്റീവ് വാക്കുകളിൽ വിശദീകരിച്ചു. ദുഷ്ട രാജാവിന്റെ അടിച്ചമർത്തലും ചൂഷണപരവുമായ ഭരണം ജനങ്ങൾക്കിടയിൽ അജ്ഞാതവും അനിശ്ചിതവുമായ വേദനകൾ ജ്വലിപ്പിച്ചേക്കാം. ആ കണ്ണുനീർ ഏറ്റവും ശക്തമായി രാജ്യത്തെ മുഴുവൻ നശിപ്പിച്ചേക്കാം.

അല്ലറ്പട്ടു ആറ്റാതു അഴുതകണ് ണീരൻറേ സെല്വത്തൈത് തേയ്ക്കും പടൈ (കുറൾ 555)

കഴിഞ്ഞ സഹിഷ്ണതയുടെ ദുഖത്തിന് ജനങ്ങളുടെ കണ്ണുനീർ സമ്പത്ത് ധരിക്കാനുള്ള ഉപകരണമല്ല.

(കുറൾ: 555)

ദുരിതമനുഭവിക്കുന്ന പൗരന്മാരുടെ ദുഖകരമായ കണ്ണുനീർ മുഴുവൻ സർക്കാരിന്റേയും പുറത്താക്കുകയും നശിപ്പിക്കുകയും ചെയ്യുമെന്ന് തിരുവള്ളുവർ പറയുന്നു. കണ്ണീരിനെ സൈന്യവുമായി തുലനം ചെയ്തു. അതിനാൽ വള്ളുവാറിന്റെ ദൃശ്യവൽക്കരണം മറ്റുള്ളവയിൽ നിന്ന് സവിശേഷതയുള്ളതാണ്.

ഹീറ്റ്ലർ, മിസ്സോളിനി, ബാർ എന്നീ സ്വേച്ഛാധിപതികൾക്ക് എതിരായി തിരുക്കുറളിൽ പറഞ്ഞിരിക്കുന്ന ഈരടികൾ ഒരു ശവസംസ്ക്കാര ശബ്ദമായി മാറി.

സർക്കാരിന്റെ ബജറ്റ്

ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഒരു രാജാവ് കഴിവുള്ള ഒരു ഭരണാധികാരിയായിരിക്കണം. കൂടാതെ അദ്ദേഹം ബജറ്റ് കൈകാര്യം ചെയ്യുന്നതിൽ വിദഗ്ദ്ധനായിരിക്കണം.

ഇറൈമാട്ച്ചിയിൽ അദ്ദേഹം പറഞ്ഞു,

ഇയറ്റലും ഈട്ടലും കാത്തലും കാത്ത വകുത്തലും വല്ല തരചു. (കുറൾ 385)

നേട്ടങ്ങൾ നിക്ഷേപിക്കുകയും സംഭവിക്കുകയും പ്രതിരോധിക്കുകയും തന്റെ രാജ്യത്തിന്റെ ക്ഷീണത്തിനായി കൃത്യമായി ചെലവഴിക്കുകയും ചെയ്യുന്ന ഒരു രാജാവാണ്. *(385)*

ആദ്യ ഘട്ടത്തിൽ ഒരു രാജാവ് വ്യത്യസ്ത വരുമാന സ്രോതസ്സുകൾക്കായി തിരയണം. ഇതിനായി അദ്ദേഹം അതിനെ ഇയറ്റൽ എന്ന് വിളിക്കുന്നു. രണ്ടാമത്തെ കാര്യം, അത്തരം വിഭവങ്ങളെല്ലാം ഒരുമിച്ച് ചേർക്കണം. അതിനെ ഈട്ടൽ എന്ന് വിളിക്കുന്നു. മൂന്നാമതായി, ഇങ്ങനെ ശേഖരിക്കുന്ന വിഭവങ്ങൾ "കാത്തൽ" എന്ന് വിളിക്കുന്ന എല്ലാ മുൻകരുതൽ നടപടികളും ഉപയോഗിച്ച് പരിരക്ഷിക്കണം.

നാലാമത്തേത്, ഏറ്റവും പ്രധാനം ജനങ്ങളുടെ ക്ഷേമത്തിനായി വിവിധ മേഖലകളിലേക്ക് വിഭവങ്ങൾ അനുവദിക്കുന്നത്. ഇതിനെ അദ്ദേഹം വകുത്തൽ എന്നാണ് വിളിക്കുന്നത്. അങ്ങനെ രാജ്യത്തിന്റെ രാജാവിന്റെ വൈദഗ്ധ്യമായി വരുമാനം ഉപയോഗപ്പെടുത്തുന്നതിനുള്ള നാല് വഴികളാണ് ഇയറ്റൽ, ഈട്ടൽ, കാത്തൽ, പകുത്തൽ. ഇത് രാജാവിന്റെ പ്രാഥമിക കടമയാണ്. ഈ നൂതനവും പ്രായോഗികവുമായ ആശയങ്ങൾ സോഷ്യലിസ്റ്റ് സമൂഹത്തിന്റെ അടിസ്ഥാന ആശയമായി രാഷ്ട്രീയ, സാമ്പത്തിക വക്താക്കൾ അംഗീകരിച്ചു.

11th Std Political Science_Ch_15_Malayalam.indd 286 14/02/2023 19:40:41

തിരുവള്ളുവരുടെ പ്രസ്കതി

ഒരു രാജാവിനായി വള്ളുവർ സൂചിപ്പിക്കുന്ന വിദ്യാഭ്യാസ ഗുണങ്ങൾ പൗരന്മാർക്കും ബാധകമാ യേക്കാം. അതുകൊണ്ടാണ് അദ്ദേഹം രാജാവിനെ ഉദ്ദേശിച്ചു പറഞ്ഞ വിദ്യാഭ്യാസം ആദ്യപടിയായി ഇടുക്കൺ അറിയാമൈ വരെയുള്ള വിദ്യാഭ്യാസ ഗുണങ്ങൾ വാഴും ഉയിരുക്കും എന്നും മാന്താർക്കു എന്നും പൊതുവായി പറഞ്ഞു.

പൊരുട് പാലിൽ വള്ളുവർ വാദിച്ച രാഷ് ട്രീയ ആശയങ്ങൾ ധാർമ്മികതയെയും മാന്യമായ തത്വങ്ങളെയും ചുറ്റിപ്പറ്റിയാണ്. അദ്ദേഹത്തിന്റെ സംഭാവനയുടെ അടിസ്ഥാന അടിത്തറയാണ് ജന ങ്ങളുടെ ക്ഷേമം.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, രാഷ്ട്രീയ ത്തിലെ വള്ളുവരിന്റെ സംഭാവന എല്ലാ ജനങ്ങളു ടെയും ക്ഷേമത്തിനായി ഇപ്പോഴത്തെ ജനാധി പത്യ ഭരണത്തിന് ബാധകമാണ്.

ഒരു രാജാവിനായി വള്ളുവർ സൂചിപ്പിച്ച ഗുണങ്ങൾ പൗരന്മാർക്കും ബാധകമായേക്കാം. അങ്ങനെ ഇടുക്കൺ അറിയാമൈ കൽവി വാഴും ഉയിരിക്കും, മാന്താർക്കും എന്നീ വാക്കുകൾ ജന ങ്ങൾക്കു വേണ്ടി മാൻഹാർകു തിരുവള്ളുവർ ഉപ യോഗിച്ചു.

പൊരുട് പാലിൽ വള്ളുവർ വാദിച്ച രാഷ്ട്രീയ ആശയങ്ങൾ ധാർമ്മികതയെയും മാന്യമായ തത്വ ങ്ങളെയും ചുറ്റിപ്പറ്റിയാണ് അദ്ദേഹത്തിന്റെ സംഭാ വനയുടെ അടിസ്ഥാന അടിത്തറയാണ് "ജനങ്ങ ളുടെ ക്ഷേമം."

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എല്ലാ ജന ങ്ങളുടെയും മഹത്തായ ക്ഷേമത്തിനായി നില വിലെ ജനാധിപത്യ ഭരണത്തിന് വള്ളുവരിന്റെ സംഭാവന പ്രധാനമായും ബാധകമാണ്.

നിങ്ങൾക്ക് അറിയാമോ?

തിരുക്കുറൽ - തികച്ചും മതേതര ധാർമ്മിക കൃതി

കുറലിനെ കുറിച്ചുള്ള ആദ്യത്തെ നിരീക്ഷണം ഇത് ഒരു മതേതര പുസ്തകമാണെന്ന വസ്തു തയാണ്. വള്ളുവരിന്റെ കാലത്ത് പല മതങ്ങളും ഇന്ത്യയിൽ നിലനിന്നിരുന്നു. ബുദ്ധമതക്കാർ, ജൈനൻമാർ, സിഖുകാർ, ഹിന്ദുക്കൾ, അജ്ഞേയ വാദികൾ, നിരീശ്വര വാദികൾ എന്നിവരുണ്ടായി രുന്നു. എന്നാൽ ഒരു സങ്കൽപ്പമെന്ന നിലയിൽ മതേതരത്വം അജ്ഞാതമായിരുന്നു.

വള്ളുവർ തന്നെ ഒരു വിശ്വസിയായിരുന്നു. ദൈവത്തെ സ്തുതിക്കുന്നതിനായി അദ്ദേഹം ഒരു അധ്യായം നീക്കിവച്ചിട്ടുണ്ട്. അദ്ദേഹം ഒരു പ്രത്യേക മതം നിരീക്ഷിച്ചിരിക്കണം. എന്നാൽ തന്റെ പുസ്തകത്തിൽ അദ്ദേഹം ഒരു മതത്തേയും വാദിക്കുന്നില്ല. ഒരു മതത്തേയും പരാമർശിക്കു ന്നില്ല:

പുരാതന ഇന്ത്യൻ നിയമദാതാവ് മനുവും പുരാതന ഗ്രീക്ക് തത്വ ചിന്തകരായ പ്ലേറ്റോയും അരിസ്റ്റോട്ടിലും മനുഷ്യന്റെ ആരംഭ തുല്യരായി ജനിച്ചിട്ടില്ലെന്ന് കൃത്യമായി ഉറച്ചു നിന്നു. നൂറ്റാണ്ടു കളായി എല്ലാ നാഗരികതകളിലും ഈ ജനപ്രിയ കാഴ്ചപ്പാട് അംഗീകരിക്കപ്പെട്ടിരിക്കുന്നു. തത്വ ചിന്തകനായ വള്ളുവർ തികച്ചും വ്യത്യസ്തമായ ഒരു വീക്ഷണം പുലർത്തി. അദ്ദേഹം പറയുന്നു.

" എല്ലാ മനുഷ്യരും ജന്മനാ തുല്യമാണ്. എന്നാൽ സ്വഭാവ സവിശേഷതകളെ സംബന്ധിച്ചിടത്തോളം വ്യത്യാസമുണ്ട്. കാരണം അവരുടെ പ്രവർത്തനങ്ങളുടെ വ്യത്യസ്ത ഗുണങ്ങളാണ് ." *(കുറൾ 972)*

15.3 ദേശീയത സുബ്രഹ്മണ്യ ഭാരതീയാർ (1882 – 1921)

സി. സുബ്രഹ്മണ്യ ഭാരതീയാർ ഒരു കവിയും സ്വാതന്ത്ര്യ സമരസേനാനിയും തമിഴ്നാട്ടിൽ നിന്നുള്ള സാമൂഹിക പരിഷ്കർത്താവുമായി രുന്നു. മഹാകവി ഭാരതീയാർ എന്നായിരുന്നു, അദ്ദേഹം അറിയപ്പെട്ടിരുന്നത്. മഹാകവി എന്നാൽ മഹത്തായ കവി എന്നാണ് പ്രശംസനീയമായ വിശേഷണം. ഇന്ത്യയിലെ ഏറ്റവും മികച്ച കവി കളിൽ ഒരാളായി അദ്ദേഹം കണക്കാക്കപ്പെടുന്നു. ദേശീയതയേയും ഇന്ത്യൻ സ്വാതന്ത്ര്യത്തേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗാനങ്ങൾ തമിഴ് നാട്ടിലെ ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ പിന്തുണയ്ക്കാനും ജനങ്ങളെ അണിനിരത്താനും സഹായിച്ചു.

11th Std Political Science_Ch_15_Malayalam.indd 287 14/02/2023 19:40:41



ജാതി മതങ്കളൈപ് പാരോം –
ഉയർ ജൻമമ്ഇത് തേചത്തിൽ എയ്തിന രായിൻ
വേതിയ രായിനുമ് ഒൻറേ –
അൻറി വേറു കുലത്തിന രായിനുമ് ഒൻറേ

ഈ ദേശത്തിലെ എല്ലാ മനുഷ്യരും ഒന്നാണ്, അവർ വേദങ്ങൾ പ്രസംഗിക്കുന്നവരായാലും മറ്റ് ജാതികളിൽപ്പെട്ടവരായാലും, ശരി ജാതി മതം ഇവ നോക്കരുത് .

-സുബ്രഹ്മണ്യഭാരതി

ഭാരതി : കവിയും ദേശീയ വാദിയും

"ഞങ്ങൾക്ക് ആയിരക്കണക്കിന് വിഭവങ്ങൾ ഉണ്ടായിരിക്കാം. എന്നിരുന്നാലും ഒരു വിദേശ ആക്രമണത്തെ ന്യായീകരിക്കുന്നില്ല."

തമിഴ് സാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു യുഗം ആരംഭിച്ചത് സുബ്രഹ്മണ്യ ഭാരതിയോടെയാണ്. അദ്ദേഹത്തിന്റെ രചനകളിൽ ഭൂരിഭാഗവും ദേശസ്നേഹം, ഭക്തി, നിഗൂഢ വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ളതാകുന്നു. അദ്ദേഹം ഭാഗ ഗാനങ്ങളായ കവിതകൾ എഴുതിയിരുന്നു. കണ്ണൻ പാട്ട്, നിലവും വാൻ മീനും കാറ്റും, പാഞ്ചാലി ശപഥം, കുയിൽപാട്ട്തുടങ്ങിയവഭാരതിയുടെമികച്ചകാവ്യാത്മക കവിതകൾക്ക് ഉദാഹരണങ്ങളാണ്.

രാജ്യസ്നേഹത്തിന്റെ കവിതകൾ കാരണം ഭാരതിയെ ദേശീയ കവിയായി കണക്കാക്കുന്നു. അതിലൂടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കു ചേരാനും രാജ്യത്തിന്റെ വിമോചനത്തിനായി ശക്തമായി പ്രവർത്തിക്കാനും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. കേവലം തന്റെ രാജ്യത്തെക്കുറിച്ച് അഭിമാനിക്കുന്നതിനു പകരം സ്വതന്ത്ര ഇന്ത്യയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടും അദ്ദേഹം വിശദീകരിച്ചു. 1908-ൽ അദ്ദേഹം സുദേശ ഗീതങ്ങൾ പ്രസിദ്ധീകരിച്ചു.

നിങ്ങൾക്ക് അറിയാമോ?

ഭാരതിയാറിന്റെ പാഞ്ചാലി ശപഥം (ദ്രൗപതിയുടെ നേർച്ച) ഇന്ത്യയെ ദ്രൗപതിയായും ബ്രിട്ടീഷുകാർ കൗരവർ ആയും, സ്വാതന്ത്ര്യസമര സേനാനികൾ പാണ്ഡവരായും ചിത്രീകരിക്കുന്ന ഒരു പ്രതിരൂപമാണ്. ദ്രൗപതിയുടെ പോരാട്ടത്തിലൂടെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള മാതൃ ഇന്ത്യയുടെ പോരാട്ടത്തെ അദ്ദേഹം മയപ്പെടുത്തി അവതരിപ്പിച്ചു.

പത്ര പ്രവർത്തകനായി ഭാരതി

ഭാരതിയുടെ ജീവിതത്തിന്റെ പല വർഷങ്ങളും പത്രപ്രവർത്തന രംഗത്ത് ചെലവഴിച്ചു. ഒരു യുവാവ് പത്ര പ്രവർത്തകനായും 1904 നവംബറിൽ സ്വദേശം മിത്രനിൽ സബ് എഡിറ്ററായും ഔദ്യോഗിക ജീവിതം ആരംഭിച്ചതിനാൽ 1906 മെയ് മാസം ഇന്ത്യ എന്ന ഒരു വർത്തമാനപ്പത്രം തുടങ്ങി. ഫ്രഞ്ച് വിപ്ലവത്തിന്റെ മൂന്ന് മുദ്രാ വാക്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ അതിന്റെ പ്രധാന മുദ്രാവാക്യമായി പ്രഖ്യാപിച്ചു. തമിഴ് ജേണലിസത്തിൽ ഇത് ഒരു പുതിയ വഴിത്തിരിവായി. വിപ്ലവകരമായ ധീരത ആഘോഷിക്കുന്നതിനായി ഭാരതി ആഴ്ചപ്പതിപ്പ് ചുവന്ന കടലാസിൽ അച്ചടിച്ചിരുന്നു. രാഷ്ട്രീയ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച തമിഴ്നാട്ടിലെ ആദ്യത്തെ വർത്തമാന പത്രമാണ് ഇന്ത്യ. കൂടാതെ ഇദ്ദേഹം തമിഴ് ദിനപത്രമായ വിജയ് യുടെ പത്രാധിപരുമായിരുന്നു. ബാല ഭാരത് എന്ന ഇംഗ്ലീഷ് മാസികയും പോണ്ടിച്ചേരിയിലെ പ്രാദേശിക വാരികയായ സൂര്യോദയവും അദ്ദേഹം എഡിറ്റ് ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു.

അതിനാൽ മാസികയുടെ എഡിറ്ററെ അറസ്റ്റു ചെയ്യുന്നതിനായി "ഇന്ത്യ" ഓഫീസിലെ വാതിൽക്കൽ താമസിയാതെ ഒരു വാറണ്ട് കാത്തിരുന്നതിൽ അതിശയിക്കാനില്ല. 1908 ലെ ഈ സ്ഥിതി വഷളായതിനാലാണ് അക്കാലത്ത് ഫ്രഞ്ച് പ്രദേശമായ പോണ്ടിച്ചേരിയിലേയ്ക്ക് പോയി "ഇന്ത്യ" മാസിക പ്രസിദ്ധികരിക്കുന്നത് തുടരാൻ ഭാരതി തീരുമാനിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടാനായി ഭാരതി കുറച്ച് കാലം പോണ്ടിച്ചേരിയിൽ താമസിച്ചു.

11th Std Political Science_Ch_15_Malayalam.indd 288 14/02/2023 19:40:42

നിങ്ങൾക്ക് അറിയാമോ?

1908 ൽ മദ്രാസിൽ സ്വരാജ് ദിനം ആഘോഷിക്കുന്നതിനായി അദ്ദേഹം ഒരു വലിയ പൊതുയോഗം സംഘടിപ്പിച്ചു. അദ്ദേഹത്തിന്റെ 'വന്ദേമാതരം', 'എന്തയും തായം', 'ജയ ഭാരത്' എന്നീ കവിതകൾ അച്ചടിച്ച് തമിഴ് ജനതയ്ക്ക് വിതരണം ചെയ്തു.



നിങ്ങൾക്ക് അറിയാമോ?

1882 ഡിസംബർ 11 ന് തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ എട്ടയപുരം എന്ന ഗ്രാമത്തിലാണ് സുബ്രഹ്മണ്യ ഭാരതിയാർ ജനിച്ചത്. അദ്ദേഹത്തിന്റെ ബാല്യകാല പേര് സുബ്ബയ്യ. പിതാവ് ചിന്നസ്വാമി, അമ്മ- ലക്ഷ്മി അമ്മാൾ.

ഏഴാമത്തെ വയസ്സിൽ അദ്ദേഹം തമിഴിൽ കവിതകൾ എഴുതിത്തുടങ്ങി. പതിനൊന്ന് വയസ്സുള്ളപ്പോൾ, അദ്ദേഹം എഴുതിയത് പഠിച്ച ചിന്തകർ പോലും അദ്ദേഹത്തിന്റെ വലിയ അറിവിനും നൈപുണ്യത്തിനും അദ്ദേഹത്തെ പ്രശംസിച്ചു. പതിനൊന്നാം വർഷത്തിൽ തന്റെ യോഗ്യതാ പത്രങ്ങൾ സ്ഥാപിക്കണമെന്ന് സുബ്ബയ്യയ്ക്ക് തോന്നി. മുൻ അറിയിപ്പുകളോ തയ്യാറെടുപ്പുകളോ ഇല്ലാതെ ഏതെങ്കിലും വിഷയത്തിൽ ഒരു സംവാദത്തിൽ തന്നോടൊപ്പം മത്സരിക്കണമെന്ന് അദ്ദേഹം പണ്ഡിതൻമാരുടെ സമ്മേളനത്തിലെ പ്രമുഖരോട് വെല്ലുവിളിച്ചു. രാജാവ് (ഭരണാധികാരി) പങ്കെടുത്ത എട്ടയപുരം ദർബാറിന്റെ പ്രത്യേക സിറ്റിംഗിലാണ് മത്സരം നടന്നത്. തിരഞ്ഞെടുത്ത വിഷയം വിദ്യാഭ്യാസം ആയിരുന്നു. സംവാദത്തിൽ സുബ്ബയ്യ കാര്യക്ഷമമായി വിജയിച്ചു. സുബയ്യയുടെ ജീവിതത്തിലെ അവിസ്മരണീയമായ നിമിഷമായിരുന്നു ഇത്. അതുവരെ എട്ടയപുരം സുബ്ബയ്യ എന്നറിയപ്പെട്ടിരുന്ന ആൺകുട്ടി ഇനി മുതൽ ഭാരതി എന്നറിയപ്പെട്ടു. പിന്നീട് അദ്ദേഹത്തെ ഭാരതിയാർ എന്ന് ദേശീയവാദികളും ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് തമിഴ് പ്രേമികളും വിശേഷിപ്പിച്ചു.

1897 ജൂണിൽ ഭാരതിക്ക് വിവാഹം നടക്കുമ്പോൾ പതിനഞ്ചു വയസ്സായിരുന്നു. ചെല്ലമ്മാൾ ആയിരുന്നു. ഭാര്യ, അതിനുശേഷം കാശി, വാരണാസി എന്നും അറിയപ്പെടുന്ന ബനാറസിലേക്ക് ഭാരതി പുറപ്പെട്ടു. അടുത്ത രണ്ട് വർഷം അമ്മായി കുപ്പമ്മലിനോടും ഭർത്താവ് കൃഷ്ണശിവനോടും ഒപ്പം അവിടെ ചെലവഴിച്ചു. സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ് എന്നിവയെക്കുറിച്ച് കൃത്യമായ അറിവ് നേടിയ അദ്ദേഹം അലഹബാദ് സർവ്വകലാശാലയുടെ പ്രവേശന പരീക്ഷയുടെ ക്രെഡിറ്റ് നേടി. ബനാറസിലെ താമസം ഭാരതിയുടെ വ്യക്തിത്വത്തിൽ വലിയ മാറ്റം വരുത്തി. ബാഹ്യമായി, അദ്ദേഹത്തിന്റെ മീശയും സിഖ് തലപ്പാവും ധീരമായ നടത്തവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടി.

സ്വാതന്ത്ര്യസമരത്തിലെ തീവ്രവാദ വിഭാഗത്തിലെ നിരവധി നേതാക്കളുമായ അരമ്പിന്ദോ, ലജപത് റായ്, വി.വി. സുബ്രഹ്മണ്യം എന്നിവരുമായി കൂടിക്കാഴ്ച നടത്താൻ ഭാരതിയ്ക്ക് അവസരം ലഭിച്ചു. ഭാരതിയുടെ ജീവിതത്തിലെ ഏറ്റവും പ്രയോജനപ്രദമായ വർഷങ്ങൾ അദ്ദേഹം പോണ്ടിച്ചേരിയിൽ ചെലവഴിച്ച പത്തുവർഷമായിരുന്നു. പോണ്ടിച്ചേരിയിൽ നിന്ന് മദ്രാസിലെ തമിഴ് യുവാക്കളെ ദേശീയതയുടെ പാതയിലൂടെ സഞ്ചരിക്കാൻ അദ്ദേഹം നയിച്ചു. ഭാരതിയുടെ രചനകളോടുള്ള ബ്രിട്ടീഷുകാരുടെ ദേഷ്യം ഇത് വർദ്ധിപ്പിച്ചു. കാരണം അദ്ദേഹത്തിന്റെ രചനകളാണ് തമിഴ് യുവാക്കളുടെ ദേശസ്നേഹത്തെ പ്രേരിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നത്. ഭാരതി 1919 ൽ മദ്രാസിലെ രാജാജിയുടെ വീട്ടിൽ വച്ച് മഹാത്മാഗാന്ധിയെ കണ്ടു. ഭാരതി 1918

11th Std Political Science_Ch_15_Malayalam.indd 289 14/02/2023 19:40:42

നവംബറിൽ കടലൂരിനടുത്ത് ബ്രിട്ടീഷ് ഇന്ത്യയിൽ പ്രവേശിച്ചപ്പോൾ അറസ്റ്റു ചെയ്യപ്പെട്ടു. ജയിലിൽ പോലും സ്വാതന്ത്ര്യം, ദേശീയത, രാജ്യത്തിന്റെ ക്ഷേമം എന്നിവയെക്കുറിച്ച് കവിതകൾ എഴുതുന്നതിൽ അദ്ദേഹം സമയം ചെലവഴിച്ചു.

ചെറുപ്പകാലത്ത് ദേശീയ തമിഴ് നേതാക്കളായ വി. ഒ. ചിദംബരം, സുബ്രഹ്മണ്യ ശിവ, മണ്ഡയം, തിരുമല ചാര്യർ, ശ്രീനിവാസാചാരി എന്നിവരുമായി നല്ല ബന്ധം പുലർത്തിയിരുന്നു. ഈ നേതാക്കൾക്കൊപ്പം ബ്രിട്ടീഷ് ഭരണം മൂലം രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അദ്ദേഹം ചർച്ച ചെയ്തിരുന്നു. ഭാരതി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വാർഷിക സെക്ഷനുകളിൽ പങ്കെടുക്കുകയും തീവ്രവാദ ഇന്ത്യൻ ദേശീയ നേതാക്കളായ ബിപിൻ ചന്ദ്രപാൽ, ബി.ജി. തിലക്, വി.വി. സുബ്രഹ്മണ്യം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബെനാറസ് സെക്ഷൻ (1905), സൂറത്ത് സെഷൻ (1907) എന്നിവയിലെ അദ്ദേഹത്തിന്റെ പങ്കാളിത്തവും പ്രവർത്തനവും അദ്ദേഹത്തിന്റെ ദേശ സ്നേഹപരമായ ആവേശവും നിരവധി ദേശീയ നേതാക്കളെ ആകർഷിച്ചു. ഭാരതി ചില ദേശീയ നേതാക്കളുമായി നല്ല ബന്ധം പുലർത്തുകയും രാജ്യത്തെ കുറിച്ചുള്ള തന്റെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും പങ്കുവെയ്ക്കുകയും ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വിവേക പൂർണ്ണമായ നിർദ്ദേശങ്ങളും ദേശീയതയുടെ ലക്ഷ്യത്തിനുള്ള അചഞ്ചലമായ പിന്തുണ പല ദേശീയ നേതാക്കളെയും പുനരുജ്ജീവിപ്പിച്ചുവെന്നതിൽ സംശയമില്ല. അങ്ങനെ ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ ഭാരതി ഒരു പ്രധാന പങ്ക് വഹിച്ചു.

ഒരു സാമൂഹ്യ പരിഷ്കർത്താവായി ഭാരതീയാർ

ഭാരതിയും ജാതി വ്യവസ്ഥയ്ക്ക് എതിരായിരുന്നു. രണ്ട് ജാതി, പുരുഷന്മാരും സ്ത്രീകളും മാത്രമേയുള്ളൂവെന്നും അതിൽ കൂടുതലൊന്നും ഇല്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. എല്ലാറ്റിനും ഉപരിയായി, അദ്ദേഹം തന്റെ തന്നെ വിശുദ്ധ നൂൽ (പൂണൂൽ) നീക്കം ചെയ്തിരുന്നു. മുസ്ലീംങ്ങൾ നടത്തുന്ന കടകളിൽ വിൽക്കുന്ന ചായ അദ്ദേഹം കഴിക്കുന്നുണ്ടായിരുന്നു. എല്ലാ ഉത്സവ അവസരങ്ങളിലും അദ്ദേഹം കുടുംബാംഗങ്ങൾക്കൊപ്പം പള്ളിയിൽ പോയി. പട്ടിക ജാതിക്കാർക്ക് ക്ഷേത്ര പ്രവേശനം നൽകണമെന്ന് അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ എല്ലാ പരിഷ്കാരങ്ങൾക്കും അയൽവാസികളുടെ എതിർപ്പ് നേരിടേണ്ടി വന്നു. എന്നാൽ ഇന്ത്യാക്കാർ മാതൃഭൂമിയുടെ മക്കളായി ഒന്നിച്ചില്ലെങ്കിൽ അവർക്ക് സ്വാതന്ത്ര്യം നേടാൻ കഴിയില്ലെന്ന് ഭാരതി വളരെ വ്യക്തമാക്കിയിരുന്നു. സ്ത്രീകളുടെ അവകാശങ്ങൾ, ലിംഗസമത്വം, സ്ത്രീ വിമോചനം എന്നിവയിൽ അദ്ദേഹം വിശ്വസിച്ചു. ബാലവിവാഹം, സ്ത്രീധനം എന്നിവയെ അദ്ദേഹം എതിർത്തു. എന്നാൽ വിധവാ പുനർവിവാഹത്തിന് അനുകൂലിച്ചു. എന്നിരുന്നാലും ഭാരതിയ്ക്ക് അദ്ദേഹത്തിന്റെ ആശയങ്ങളെ ഒരു പ്രസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞില്ല.

നിങ്ങൾക്ക് അറിയാമോ?

സ്വാമി വിവേകാനന്ദന്റെ ശിഷ്യനായ സിസ്റ്റർ നിവേദിതയുമായുള്ള കൂടിക്കാഴ്ച, ജാതി മുതൽ സ്വാതന്ത്ര്യം വരെയുള്ള ആത്മീയതയിലേക്കുള്ള സാമൂഹ്യപ്രശ്നങ്ങളുടെ വിശാലമായ ശേഖരത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ ചേർത്തു. ആധുനിക സ്ത്രീകളുടെ പ്രതിച്ഛായയായി അദ്ദേഹം ശക്തിയുടെ പ്രതീകാത്മകത ഏറ്റെടുത്തു. സ്ത്രികൾ ശക്തരും സ്വതന്ത്രരും പുരുഷന്മാരുമായി തുല്യ പങ്കാളികളും ആണെന്ന് അദ്ദേഹം പ്രസ്താവിച്ചു.

"സ്ത്രീയും പുരുഷനും തുല്യരാണെന്ന് കരുതുകയാണെങ്കിൽ ലോകം അറിവിലും ബുദ്ധിയിലും അഭിവൃദ്ധി പ്രാപിക്കും."
-സുബ്രഹ്മണ്യ ഭാരതിയാർ

ഭാരതിയാർ - ഒരു ദർശനം

ഒരു കവി, പത്രപ്രവർത്തകൻ, സ്വാതന്ത്ര സമര സേനാനി, സാമൂഹ്യ പരിഷ്കർത്താവ് എന്നീ നിലകളിൽ ഭാരതി തമിഴ് സമൂഹത്തിൽ മാത്രമല്ല മുഴുവൻ മനുഷ്യ സമൂഹത്തിലും വലിയ സ്വാധിനം ചെലുത്തിയിരുന്നു. താൻ പ്രസംഗിച്ചതെല്ലാം അദ്ദേഹം പിന്തുടർന്നു. ഇവിടെയാണ് അദ്ദേഹത്തിന്റെ മഹത്വം പ്രകടമാകുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കൊളോണിയൻ കാല ഘട്ടത്തിലെ അദ്ദേഹത്തിന്റെ പ്രവചനം അദ്ദേഹത്തിന്റെ നിര്യാണത്തിനു ശേഷം രണ്ടര പതിറ്റാണ്ടിനു ശേഷം യാഥാർത്ഥ്യമായി. മഹത്തായ ഒരു ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട്

11th Std Political Science_Ch_15_Malayalam.indd 290 14/02/2023 19:40:42

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഒരു രൂപമെടുക്കുകയാണ്. ഭാരതി തനിക്കുവെണ്ടിയല്ല ജനങ്ങൾക്കും രാജ്യത്തിനുമായി ജീവിച്ചു. അതുകൊണ്ടാണ് അദ്ദേഹത്തെ ഭാരതിയാർ എന്ന് ബഹുമാനപൂർവ്വം വിളിക്കുന്നത്. ഇന്നും നിരവധി പതിറ്റാണ്ടുകൾക്കു ശേഷം, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റേയും ഊർജ്ജസ്വലമായ തമിഴ് ദേശീയതയുടെയും മായാത്ത പ്രതീകമായി സുബ്രഹ്മണ്യ ഭാരതിയാർ നിൽക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

1921 സെപ്റ്റംബർ 11 ന് ഭാരതിയാർ അന്തരിച്ചു.ബ്രിട്ടീഷുകാരുടെപ്രത്യാഘാതവും ജാതി ഒഴിവാക്കലും ഭയന്ന് 14 പേർ മാത്രമാണ് അദ്ദേഹത്തിന്റെ സംസ്കാര ചടങ്ങിൽ പങ്കെടുത്തത്.

15.4 കമ്മ്യൂണിസം

സിങ്കാര വേലർ (1860-1946)



ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിൽ സ്വദേശി, ആഭ്യന്തര ഭരണ പ്രസ്ഥാനത്തിന്റെ ആവിർഭാവം സ്വാതന്ത്ര്യത്തിനായുള്ള ദാഹം ജ്വലിച്ചു. നിലവിലുള്ള സമൂഹത്തിന് അനുസൃതമായി ഹിന്ദുമതത്തിൽ പരിഷ്കാരങ്ങൾ വരുത്തി. രാഷ്ട്രീയ രംഗത്ത് ഇന്ത്യയുടേയും ദേശീയതയുടേയും വികാരം സൃഷ്ടിക്കുന്നതിൽ ഈ പ്രസ്ഥാനങ്ങൾ പ്രധാന പങ്ക് വഹിച്ചു.

എന്നാൽ ഈ പ്രസ്ഥാനങ്ങൾക്ക് മതപരമായ സ്വഭാവമാണ്. മാത്രമല്ല ഈ പ്രസ്ഥാനങ്ങളിൽ പങ്കെടുത്തവർ ഉയർന്ന സാമൂഹിക വിഭാഗത്തിൽ നിന്നുള്ളവരാണ്. കർഷകരുടേയും തൊഴിലാളികളുടേയും താല്പര്യങ്ങളേയും സാമ്പത്തിക ഉന്നമനത്തേയും അവഗണിക്കുന്ന രാഷ്ട്രീയ സ്വഭാവമാണ് ഈ ആളുകൾ ആഗ്രഹിക്കുന്ന സ്വാതന്ത്ര്യം. ഇത് ദരിദ്രരും കർഷക സമൂഹത്തിൽ പെട്ടവരുമായ ഭൂരിപക്ഷം ഇന്ത്യാക്കാരേയും ബാധിച്ചു. കോൺഗ്രസ് പാർട്ടിക്കുള്ളിൽ ജാതി വിവേചനം നിലനിന്നിരുന്നു. പ്രത്യേകിച്ചും, തമിഴ്നാട്ടിൽ ബ്രാഹ്മണരും, ബ്രാഹ്മണരല്ലാത്തവരും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ടായിരുന്നു.

ആശയങ്ങളും ശാസ്ത്രീയ ധാരണകളും രാഷ്ട്രീയത്തിലേയ്ക്ക് വ്യാപിക്കുന്നതിൽ സിങ്കാരവേലർ ഒരു പ്രധാന പങ്ക് വഹിച്ചു. കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമത്തെ സ്വാതന്ത്ര്യ സമരവുമായി ബന്ധിപ്പിക്കുന്നതിലും സോഷ്യലിസ്റ്റ് ചിന്തയെ രാഷ്ട്രീയത്തിലേയ്ക്ക് വ്യാപിക്കുന്നതിലും അദ്ദേഹം പ്രധാന പങ്ക് വഹിച്ചു.

കോൺഗ്രസ് പാർട്ടിയിൽ സിങ്കാരവേലരുടെ ആശയങ്ങളുടെ സ്വാധീനം

പ്രാരംഭ ഘട്ടത്തിൽ അസംസ്കൃത വസ്തുക്കൾ കയറ്റുമതി ചെയ്ത ബ്രട്ടീഷ് സാമ്രാജ്യം പിന്നീട് ഇന്ത്യയിൽ വ്യവസായങ്ങൾ ആരംഭിച്ചു. ഇത് സാധാരണക്കാരുടെ ജീവിത നിലവാരം മോശമാക്കി. തുച്ഛമായ വേതനത്തിൽ പോലും ജോലി ചെയ്യാൻ അവർ തയ്യാറാണ്. അതിനാൽ ജോലി ചെയ്യുന്നവരെ അടിമകളായി കണക്കാക്കുന്നു. ജീവനക്കാരുടെ ഒരു ചെറിയ പ്രതിഷേധം പോലും ഇരുമ്പ് കൈകൊണ്ട് അടിച്ചമർത്തപ്പെട്ടു. തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കൂടുതൽ തൊഴിലാളി സംഘടനകൾ ഉയർന്നു വന്നു. മദ്രാസ് പ്രസിഡൻസിയിൽ തിരു. വി കല്യാണ സുന്ദരനാർ, ഡി. വരദരാജലു എന്നിവരാണ് ഈ സംഘടനകൾക്ക് നേതൃത്വം നല്കിയത്. മദ്രാസ് പ്രസിഡൻസിയിൽ തൊഴിലാളി സംഘടനകളുടെ ആവർഭാവത്തിൽ വലിയ ശ്രമം നടത്തിയത് സിങ്കാര വേലനാണ്.

തൊഴിലാളികളെ രാഷ്ട്രീയത്തെക്കുറിച്ച് ബോധവത്കരിക്കാനും സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെടാനും സിങ്കാരവേലൻ ആഗ്രഹിച്ചു. എന്നാൽ സിങ്കാര വേലരുടെ ഈ ആശയം കോൺഗ്രസ്സ് പാർട്ടി അംഗീകരിച്ചില്ല. സിങ്കാര വേലർ അതിനെ രൂക്ഷമായി വിമർശിക്കുകയും കോൺഗ്രസ് ഹൈക്കമാൻഡിന് ടെലിഗ്രാഫ് അയയ്ക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് അദ്ദേഹം മഹാത്മാ ഗാന്ധിക്ക് ഒരു കത്തെഴുതി. ജനപ്രിയ ദിനപത്രങ്ങളായ സ്വദേശ മിത്രൻ, ദി ഹിന്ദു, നവശക്തി പോലുള്ള മാസികകളിലും അദ്ദേഹം ഈ വിഷയത്തെക്കുറിച്ച് എഴുതി.

11th Std Political Science_Ch_15_Malayalam.indd 291 14/02/2023 19:40:43

കോൺഗ്രസ് പ്രവർത്തകർക്കിടയിലും അദ്ദേഹം അത് പ്രചരിപ്പിച്ചു. ഈ അവസരത്തിൽ തമിഴ്നാടിന്റെ പ്രതിനിധിയായി കോൺഗ്രസ് കമ്മിറ്റി (1922) യോഗത്തിൽ പങ്കെടുത്ത അദ്ദേഹം ഇവിടെ താഴെപ്പറയുന്ന ആവശ്യങ്ങൾ വിശദീകരിക്കുകയും കോൺഗ്രസ് അംഗങ്ങളുടെ പിന്തുണ തേടുകയും ചെയ്തു.

- ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ തൊഴിലാളികളുടെയും കർഷകരുടെയും സാമ്പത്തിക സ്വാതന്ത്ര്യം ഉൾപ്പെടുന്നു.
- കർഷകരേയുംതൊഴിലാളികളേയുംഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തണം.
- കർഷകരേയുംതൊഴിലാളികളേയുംഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തണം.
- വിവിധ സംഘടനകളിൽ നിന്ന് ജനങ്ങളെ ഉയർത്താൻ കോൺഗ്രസ് നേതാക്കൾ സഹായിക്കണം.

ഇതിന്റെ ഫലമായി 1922 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിവിധ സംഘടനകളിൽ നിന്ന് ആളുകളെ ഉൾപ്പെടുത്താനുള്ള പ്രമേയം പാസ്സാക്കി. ആറ് അംഗ സമിതി രൂപീകരിച്ചു. അതിൽ എം. സിങ്കാര വേലരെ അംഗമായി നിയമിച്ചു. ഇതിനു പുറമെ തൊഴിൽ അവകാശം സംരക്ഷണത്തിനായി അദ്ദേഹം പോരാടി. എല്ലാ ജനപ്രിയ ദിന പത്രങ്ങളിലും എഴുതിക്കൊണ്ട് അദ്ദേഹം ഈ ആവശ്യം ഊന്നി പറഞ്ഞു. അതിന്റെ ഫലമായി 1926 ൽ ഇന്ത്യയിൽ തൊഴിൽ സംരക്ഷണ നിയമം പാസ്സാക്കി. മാത്രമല്ല, പ്രാദേശിക ഭാഷകളിൽ സംസാരിക്കാനും അദ്ദേഹം ഉപദേശിച്ചു. അപ്പോൾ മാത്രമാണ് ആശയങ്ങൾ എല്ലാ ജനങ്ങളിലേക്കും എത്തുമെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനാൽ നേതാക്കൾക്കും ആളുകൾക്കും നല്ല ബന്ധം നിലനിർത്താൻ കഴിയും. തമിഴ്നാട് ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ തമിഴിൽ സംസാരിക്കാനും അദ്ദേഹം ദൃഢനിശ്ചയമെടുത്തിരുന്നു. 1918 ൽ ചെന്നൈ പ്രസിഡൻസി അസോസ്സിയേഷൻ സമ്മേളനത്തിൽ ഇത് സംബന്ധിച്ച പ്രമേയം പാസ്സാക്കി. സിങ്കാര വേലരും പെരിയാറുമാണ് ഈ സമ്മേളനത്തിൽ വിശിഷ്ടാതിഥികളായിരുന്നത്.

ആത്മാഭിമാനത്തിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലും സിങ്കാരവേലരുടെ സ്വാധീനം :

പാർട്ടിയിൽ ബ്രാഹ്മണ ബ്രാഹ്മണേതര വിഭജനവും വിവേചനവും ഉണ്ടെന്ന് ചൂണ്ടിക്കാട്ടി പെരിയാർ കോൺഗ്രസ് പാർട്ടിയിൽ നിന്ന് രാജി വെച്ചപ്പോൾ, സിങ്കാര വേലൻ പെരിയാറിന്റെ നടപടിയെ പിന്തുണച്ചു. സോവിയറ്റ് യൂണിയൻ സന്ദർശിച്ച ശേഷം പെരിയാറിനെ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ സ്വാധീനിച്ചു. അദ്ദേഹം ആത്മാഭിമാന പ്രസ്ഥാനത്തിന്റെ പേര് സെൽഫ് റെസ്പെക്റ്റ് സോഷ്യൽ ജസ്റ്റിസ് പാർട്ടി എന്ന് മാറ്റി. പ്രസ്ഥാനത്തിന്റെ നയങ്ങളും തത്വങ്ങളും രൂപപ്പെടുത്തുന്നതിൽ സിങ്കാര വേലർ തന്റെ സംഭാവന നൽകി. അന്ധവിശ്വാസങ്ങൾക്കെതിരെ പെരിയാറിന്റെ റിപ്പബ്ലിക് മാസികയിലും അദ്ദേഹം ധാരാളം എഴുതി. ഈ രചനകൾ ലളിതവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായിരുന്നു.

കമ്മ്യൂണിസ്റ്റിന്റെ തത്വചിന്തയിൽ സിംഗാര വേലറിന് ആഴത്തിലുള്ള വിശ്വാസമുണ്ട്. തൊഴിലാളി സംഘടനകളെ പിന്തുണയ്ക്കണമെന്ന് അദ്ദേഹം കോൺഗ്രസ് പാർട്ടിയോട് അഭ്യർത്ഥിച്ചു. മദ്രാസ് സോഷ്യലിസ്റ്റുകളുടെ പേരിൽ അദ്ദേഹം കോൺഗ്രസ് ഹൈ കമാൻഡിനെ ടെലിഗ്രാഫ് ചെയ്തു. എല്ലാ കോൺഗ്രസ് കമ്മിറ്റി യോഗങ്ങളിലും അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് പ്രതിനിധിയായി വാദിച്ചു.

1923-ൽ ചെന്നൈയിൽ ആദ്യത്തെ മെയ് ദിനാഘോഷം സംഘടിപ്പിച്ചത് അദ്ദേഹമാണ്. അതേ ദിവസം തന്നെ അദ്ദേഹം തൊഴിലാളി കർഷക രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നതായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പുതിയ രാഷ്ട്രീയ പാർട്ടിയുടെ ആവശ്യങ്ങൾ, ഇപ്രകാരം

- എട്ട് മണിക്കൂർ ജോലി
- യൂണിയൻ രൂപീകരിക്കാനുള്ള അവകാശം
- തൊഴിൽ ആവശ്യങ്ങൾ സമ്മർദ്ദത്തിലാക്കാനുള്ള അവസാന മാർഗ്ഗമായി പണിമുടക്കാനുള്ള അവകാശം.
- ആവശ്യങ്ങൾ അവലോകനം ചെയ്യുന്നതിനായി മൂന്ന് ലെവൽ കമ്മിറ്റികൾ.
- മിനിമം വേതനം
- അടിസ്ഥാന സൗകര്യങ്ങളുള്ള ഷെൽട്ടർ
- മെഡിക്കൽ ലൈഫ് ഇൻഷുറൻസ്
- പ്രൊവിഡന്റ് ഫണ്ട് സൗകര്യം
- അവധി
- സൗജന്യ വൈദ്യസഹായം
- പ്രസവാവധി
- കരാർ രീതി അവസാനിപ്പിക്കുക

11th Std Political Science_Ch_15_Malayalam.indd 292 14/02/2023 19:40:43

കർഷകർക്ക്

- കൃഷിക്കായി സൗജന്യ വെള്ളം
- സമീന്ദാരി സമ്പ്രദായം നിർത്തലാക്കൽ

ജനങ്ങൾക്ക്

- എല്ലാവർക്കും വോട്ടവകാശം
- ദരിദ്രർ, തൊഴിലാളി, കർഷക സമൂഹങ്ങൾക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം.

ആദ്യത്തെ സോഷ്യലിസ്റ്റ് സമ്മേളനം 1925 ൽ കാൺപൂരിൽ സിംഗാരവേലറുടെ നേതൃത്വത്തിലായിരുന്നു. അക്രമമില്ലാതെ സോഷ്യലിസത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ഇന്ത്യൻ സാഹചര്യങ്ങൾക്കനുസരിച്ച് കമ്മ്യൂണിസം സ്വീകരിക്കാനും അദ്ദേഹം തീരുമാനിച്ചു. കോൺഗ്രസ് പാർട്ടി അംഗമായിരിക്കുന്നതിലൂടെ സോഷ്യലിസ്റ്റ് ഒരു പങ്ക് വഹിക്കണം എന്ന് അദ്ദേഹം ഉപദേശിച്ചു. ഒടുവിൽ കോൺഗ്രസ് പാർട്ടിക്കുള്ളിൽ സോഷ്യലിസ്റ്റ് ബ്ലോക്ക് രൂപപ്പെട്ടു.

ജീവിതവും സേവനങ്ങളും

കുട്ടിക്കാലം മുതൽ സിംഗാര വേലർ വർണ വ്യവസ്ഥയിലും അന്ധവിശ്വാസത്തിലും വിശ്വസിച്ചില്ല. ഇതിന്റെ ഫലമായി അദ്ദേഹം ബുദ്ധമത സംഘടന സ്ഥാപിക്കുകയും 1880 ൽ തന്നെ വർണ്ണവ്യവസ്ഥയ്ക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പ്രചരണം നടത്തുകയും ചെയ്തു.

സമ്പന്ന കുടുംബത്തിൽ ജനിച്ച അദ്ദേഹം നിയമപരിചയമുള്ളയാളാണ്. ചെന്നൈ മുൻസിപ്പാലിറ്റിയിലും ആരോഗ്യ മേഖലയിലും അംഗമായിരുന്നു. താഴ്ന്ന പ്രദേശങ്ങളിലെ പ്രാദേശിക രോഗങ്ങൾ കാരണം ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും അദ്ദേഹം മുൻഗണന നൽകി. തൊഴിലാളികളുടെ അവകാശങ്ങൾക്കായി അദ്ദേഹം പോരാടി. ഇതിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് പാർട്ടിയിൽ സജീവ പങ്കു വഹിച്ചു. പിന്നീട് പെരിയാറിന്റെ സ്വയം ബഹുമാന പ്രസ്ഥാനത്തിൽ ചേർന്നു.

50 വയസ്സ് കഴിഞ്ഞപ്പോൾ അദ്ദേഹം രാഷ്ട്രീയത്തിൽ പ്രവേശിച്ചുവെങ്കിലും മുപ്പത് വർഷത്തിലേറെയായി കമ്മ്യൂണിസ്റ്റ് ആശയങ്ങൾ സജീവമായി പ്രചരിപ്പിക്കുകയും എഴുതുകയും ചെയ്തു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റുകാരനായ അദ്ദേഹത്തെ സ്നേഹപൂർവ്വം എല്ലാപേരും സ്മരിച്ചു

15.5 ദ്രാവിഡ പ്രത്യയ ശാസ്ത്രം

പെരിയാർ (1879-1973)



ആമുഖം

പെരിയാർ ഇ.വി. രാമസ്വാമിയെ തമിഴ്നാട്ടിലെ മികച്ച രാഷ്ട്രീയ ചിന്തകനായി കണക്കാക്കുന്നു. കാരണം നമ്മുടെ സംസ്ഥാനത്തെ ഏറ്റവും മികച്ച പരിഷ്ക്കരണ വാദിയാണ് അദ്ദേഹം. ഈ പാഠത്തിൽ അദ്ദേഹത്തെക്കുറിച്ച് വിശദമായി നോക്കാം.

നിങ്ങൾക്ക് അറിയാമോ?

പെരിയാറിന്റെ യഥാർത്ഥ പേര് ഇ.വി. രാമസ്വാമി എന്നാണ്. 1879 ൽ ഈറോഡിലെ ഒരു സമ്പന്ന ബിസിനസ്സ് കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. തന്റെ ചെറുപ്പത്തിലും പെരിയാർ തന്റെ കുടുംബത്തിലും പരിസരങ്ങളിലുള്ള അന്ധവിശ്വാസങ്ങളെ വിമർശിച്ചു. ഔദ്യോഗിക ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അദ്ദേഹം രാഷ്ട്രീയത്തിൽ പ്രവേശിച്ചില്ല. എങ്കിലും അദ്ദേഹം ഈറോഡ് മുനിസിപ്പാലിറ്റി ചെയർമാൻ പോലുള്ള പദവികൾ വഹിച്ചു.

അന്ധവിശ്വാസങ്ങൾ, സ്ത്രീകളെ അടിമകളാക്കുക, സാമൂഹ്യ പിന്നോക്കാവസ്ഥ എന്നിവയ്ക്കെതിരെയാണ് പെരിയാർ പോരാടിയത്. ഇക്കാരണത്താലാണ് അദ്ദേഹത്തെ തന്തായ് പെരിയാർ എന്ന് സ്നേഹപൂർവ്വം വിളിക്കുന്നത്. സാമൂഹ്യ നീതിയെക്കുറിച്ചുള്ള വിവിധ പണ്ഡിതന്മാർ പറയുന്നത്, പെരിയാർ സാംസ്ക്കാരിക തലത്തിൽ ആവിഷ്ക്കരിച്ചദ്രാവിഡപ്രത്യയശാസ്ത്രം നമ്മുടെ രാജ്യത്തുടനീളം തിളങ്ങുന്നു എന്നാണ്.

ഗാന്ധിജിയുടെ രാഷ്ട്രീയത്തിലേയ്ക്കുള്ള പ്രവേശനത്തിലേയ്ക്ക് പെരിയാർ ആകർഷിക്കപ്പെട്ടു. അതിനാൽ കോൺഗ്രസ്സിൽ ചേർന്നു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിലും സാമൂഹിക പരിഷ്

11th Std Political Science_Ch_15_Malayalam.indd 293 14/02/2023 19:40:43

ക്കാരത്തിലും സജീവമായി പങ്കെടുത്തു. 1920 ലെ ആ കാലയളവിൽ കോൺഗ്രസ്സിന് വർണ്ണ മേധാവിത്വം ഉണ്ടായിരുന്നു. എന്നാൽ പെരിയാർ കോൺഗ്രസ്സിനെ താഴേയ്ക്കിറക്കി ക്ഷേത്ര പ്രവേശനങ്ങൾ വിജയകരമായി സംഘടിപ്പിച്ചു. കോൺഗ്രസ്സ് പാർട്ടിയിൽ വർണ്ണാശ്രമം നടത്തിയതിനാൽ പെരിയാർ വളരെയധികം അസംതൃപ്തനായി. പാർട്ടി വിട്ട് ജസ്റ്റിസ് പാർട്ടിയിൽ ചേർന്ന അദ്ദേഹം ആത്മാഭിമാനം രൂപീകരിച്ചു. ഇതിനു ശേഷം പെരിയാറിന്റെ സംഭാവനകളും പ്രവർത്തനങ്ങളും ഇന്ത്യയുടെയും തമിഴ്നാടിന്റെയും രാഷ്ട്രീയത്തിൽ നിന്ന് വേർതിരിക്കാനാവാത്തതായി മാറി.

രാഷ്ട്രീയത്തിന്റെ പേരിൽ ഒരു സംഘം ജനങ്ങളെ ചൂഷണം ചെയ്യാൻ വിചാരിച്ചാൽ ആ ദേശം പോരാടി ലഭിച്ച സ്വാതന്ത്ര്യം യഥാർത്ഥ സ്വാതന്ത്ര്യമല്ലെന്ന് ഇ.വി. രാമസ്വാമി അഭിപ്രായപ്പെട്ടു. പെരിയാർ എന്ന ഇ.വി. രാമസ്വാമി രാഷ്ട്രം, വംശം, ദേശീയത എന്നിവയ്ക്കെതിരെ വിവിധ തലങ്ങളിൽ പെരിയാർ ശക്തമായി വിമർശിച്ചു. എല്ലാ രാഷ്ട്രവും ദേശീയതയും സമാനമായി ബന്ധപ്പെട്ട ആശയങ്ങളാണ്. ഈ വ്യത്യാസങ്ങളെല്ലാം ഒരു രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും "ആത്മാഭിമാനം" സൂചിപ്പിക്കുന്നു. തമിഴ്നാട്ടിൽ ദേശീയതയെക്കുറിച്ച് ആരെങ്കിലും സംസാരിക്കുകയാണെങ്കിൽ അവർ ചിന്തിക്കുന്നത്, ആളുകളെക്കുറിച്ചുള്ള ക്ഷേമത്തെക്കുറിച്ചോ; പ്രശ്നങ്ങളെക്കുറിച്ചോ അവർ ചിന്തിക്കുമെന്നാണ്.

ചൂഷണം എന്ന നിലയിൽ ദേശീയകത

ഇന്ത്യക്കാരെക്കുറിച്ചും തമിഴരെക്കുറിച്ചും ജനങ്ങളുടെ ആത്മാഭിമാനത്തെക്കുറിച്ചും ചിന്തിക്കാത്തവരുണ്ട്. സ്വന്തം ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി രാജ്യത്തെയും ദേശത്തെയും വഞ്ചിക്കുന്നു. രാഷ്ട്രത്തിന്റെയും ദേശീയതയുടെയും പേരിൽ ആത്മാഭിമാനം മുങ്ങുകയാണെങ്കിൽ അത് ഇന്ത്യക്കെതിരായ കുറ്റമായിരിക്കും എന്ന് പെരിയാർ പറയുന്നു.

ദേശീയത എന്നത് യഥാർത്ഥ്യമല്ലാത്ത ഒരു വികാരമാണ്. ദേശീയ വികാരം സമ്പന്നരും അധികാര കേന്ദ്രീകൃതവുമായ ഒരു ഗൂഡാലോചനയല്ലാതെ മറ്റൊന്നുമല്ല എന്നതിനാൽ, നെഗറ്റീവ് വികാരങ്ങൾ നിയന്ത്രിച്ച് പാവപ്പെട്ട സമുദായത്തിന്റെ അവകാശങ്ങൾ വെട്ടികുറയ്ക്കുന്നതിനായി ഈ ഉയർന്ന സമ്പന്ന സമൂഹങ്ങൾ പ്രചരിപ്പിക്കുന്ന ഒരു തെറ്റായ ധാരണയാണിത്.

നിങ്ങൾക്ക് അറിയാമോ?

ആചാരങ്ങൾ പാലിക്കാത്തവനും യുക്തിവാദിയുമായ ഒരു സാമൂഹ്യ പരിഷ്കർത്താവ്

അദ്ദേഹത്തിന്റെ ജോലിയും പാരമ്പര്യവും

ശരാശരി തമിഴരെ സംബന്ധിച്ചിടത്തോളം പെരിയാർ ഇന്ന് ഒരു പ്രത്യയ ശാസ്ത്രമാണ്. സാമൂഹിക സമത്വം, ആത്മാഭിമാനം, ഭാഷാപരമായ അഭിമാനം എന്നിവ മുൻകൂട്ടി കാണിച്ച ഒരു രാഷ്ട്രീയത്തിനായാണ് അദ്ദേഹം നിലകൊള്ളുന്നത്. ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ അദ്ദേഹം സാമൂഹിക സാംസ്കാരിക, ലിംഗപരമായ അസമത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അദ്ദേഹത്തിന്റെ പരിഷ്കരണ അജണ്ട വിശ്വാസം, ലിംഗഭേദം, പാരമ്പര്യം എന്നിവയെ ചോദ്യം ചെയ്തു. ജീവിത തെരഞ്ഞെടുപ്പുകളിൽ യുക്തിസഹമായിരിക്കാൻ അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. കേവലം കുട്ടികളെ വഹിക്കുന്നവരല്ല, സ്ത്രീകൾ സ്വതന്ത്രരായിരിക്കണമെന്ന് അദ്ദേഹം വാദിച്ചു. അവർക്ക് തൊഴിലിൽ തുല്യ വിഹിതം അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം നയിച്ച സ്വയം ബഹുമാന പ്രസ്ഥാനം ആചാരങ്ങളില്ലാതെ വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുകയും, സ്വത്തിനും സ്ത്രീകൾക്ക് വിവാഹ മോചന അവകാശങ്ങൾക്കും അനുമതി നൽകുകയും ചെയ്തു. ജാതിയുടെ പേരിലുള്ള ആളുകളുടെ ജാതി പ്രത്യയം ഉപേക്ഷിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ജാതിയെ പരാമർശിക്കരുത്. 1930 കളിൽ പൊതു സമ്മേളനത്തിൽ പട്ടിക ജാതിക്കാർ പാകം ചെയ്ത ഭക്ഷണവുമായി അദ്ദേഹം ഇന്റർ ഡൈനിംഗ് ആരംഭിച്ചു.

കാലക്രമേണ, പെരിയാർ രാഷ്ട്രീയ ഭിന്നത കൂടാതെ മതത്തിന്റെയും ജാതിയുടെയും പിഴവുകളെയും മറികടന്ന് ആധുനിക തമിഴ്നാടിന്റെ പിതാവായ 'തന്തായ് പെരിയാർ' എന്ന പേരിൽ ബഹുമാനിക്കപ്പെടുന്നു.

കടപ്പാട്; അരുൺ ജനാർദ്ദനൻ, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, 13.3.2018.

11th Std Political Science_Ch_15_Malayalam.indd 294 14/02/2023 19:40:43

ആഗോള ദേശീയത – ഒരു നിഷേധം

മറ്റുള്ളവർ ഇന്ത്യൻ നാഷണലിസം ആയുധമായി ഉപയോഗിക്കുമ്പോൾ പെരിയാർ ശ്രീലങ്കയിൽ നടത്തിയ പ്രസംഗത്തിൽ രാഷ്ട്രത്തിനും ദേശീയതയ്ക്കും എതിരായി ശക്തമായി എതിർവാദം നടത്തി. പെരിയാർ ഈ ഘടകങ്ങൾക്കെതിരെ ശക്തമായി സംസാരിച്ചു. ഇന്ത്യൻ ദേശീയതയ്ക്ക് പുറമെ മറ്റ് രാജ്യങ്ങളെക്കുറിച്ചും അദ്ദേഹം പറഞ്ഞു.

ജനങ്ങളെ ബലിയാടാക്കി, മുതലാളിത്ത വർഗ്ഗത്തിനൊപ്പം മറ്റ് സമാന ജനങ്ങളെയും കണക്കാക്കാനാണ് ദേശ സ്നേഹം ദുരുപയോഗം ചെയ്തതെന്ന് പെരിയാർ പറഞ്ഞു.

ഉദാഹരണത്തിന്, യു.കെ. യിലെ സമ്പന്ന സമൂഹത്തിന് യു.എസ്.എ യിലെ സമ്പന്ന സമൂഹവുമായി ഏതെങ്കിലും വൈരുദ്ധ്യമുണ്ടെങ്കിൽ, യു.കെ.യി. ലെ സമ്പന്നർ ആ നാട്ടിലെ പാവപ്പെട്ടവരെ നോക്കി ഓ ബ്രിട്ടീഷുകാരേ, ദേശസ്നേഹികളേ, നമ്മുടെ രാഷ്ട്രം അപകടത്തിലാണ് എന്ന് പറയുന്നു. ഇത് തിരിച്ചും നടക്കുന്നു. ഇത്തരത്തിലുള്ള തെറ്റായ വാക്കുകൾ അവരുടെ സാമ്പത്തിക മുന്നേറ്റത്തിന് മാത്രമാണ്, പാവപ്പെട്ട സമുദായങ്ങൾക്ക് വേണ്ടിയല്ല.

അതേ സമയം, റഷ്യയിൽ നിരവധി വംശങ്ങളും സാംസ്കാരിക ഗ്രൂപ്പുകളും ഉണ്ട്. എന്നാൽ ആ രാജ്യത്തിന് വിവേചനമില്ല. കമ്മ്യൂണിസ്റ്റ് വിപ്ലവത്തേയും അദ്ദേഹം പിന്തുണച്ചു, ദേശീയത, മതം, ദൈവം എന്നിവയിൽ നിന്ന് വിമുക്തമായ ആ രാഷ്ട്രങ്ങളെ ആഡംബര ജീവിത ശൈലി, ദാരിദ്ര്യം, സമ്പന്ന സമൂഹം ചൂഷണം എന്നിവ ബാധിക്കില്ല. ആ ജനങ്ങൾ ദേശീയവും ദൈവീകവുമായ ബന്ധങ്ങളിൽ പറ്റി നിൽക്കില്ല. സമത്വവും സമത്വ സമൂഹവുമാണ് ആ സ്ഥലത്തിന്റെ മുൻഗണന. ആ പ്രദേശത്ത് സമ്പന്നർ, ദാരിദ്രർ, ഉടമ-തൊഴിലാളി, ശക്തൻ, ശക്തിയില്ലാത്തവൻ എന്നിങ്ങനെയുള്ള വിമോചനം ഉണ്ടാകില്ല. ഉയർന്ന മൂല്യവും സമത്വാഞ്ചയും ഉള്ള ആളുകൾ ദൈവത്തിനും ദേശീയതയ്ക്കും മുൻഗണന നൽകുന്ന രാഷ്ട്രത്തിന് തുല്യമല്ല.

മറ്റ് രാജ്യങ്ങളെ തെളിവായി കാണിക്കുന്നതിലൂടെ പെരിയാർ ദേശീയ വികാരങ്ങളെയും ദേശ സ്നേഹത്തെയും വിമരശിച്ചു. കാരണം ഈ വികാരങ്ങൾ ചില പ്രബല ഗ്രൂപ്പുകൾ ആയുധങ്ങളായി ഉപയോഗപ്പെടുത്തുന്നു.

ഇന്ത്യ - വൈവിധ്യങ്ങളുടെ നാട്

ഒരു "രാഷ്ട്രം" എന്ന ആശയം ഇന്ത്യയ്ക്ക് അനുയോജ്യമാണോ? പെരിയാർ പ്രസക്തമായ ഒരു ചോദ്യോത്തരവും ഉന്നയിച്ചു.

"മദ്രാസ് ഒരു പ്രത്യേക രാഷ്ട്രമല്ല, പ്രത്യേകമായി പ്രവർത്തിക്കാൻ കഴിയില്ല," ഞങ്ങളുടെ ചില സുഹൃത്തുക്കൾ പറയുന്നു. ഒരിക്കൽ മദ്രാസ് ഒരു രാഷ്ട്രമായിരുന്നു. ഇപ്പോൾ അത് ദ്രാവിഡം. അവിടെ സംസ്കാരവും മറ്റ് രീതികളും ബംഗാളിൽ നിന്നും മുംബൈയിൽ നിന്നും വ്യത്യസ്തമാണ്. ഇന്ത്യയിലെ ഈ വിവിധ രാജ്യങ്ങളിൽ പരിചിതമായവരുടെ പ്രധാന അടിത്തറ ഇംഗ്ലീഷ് ഭാഷയാണ്. ബ്രിട്ടീഷ് സാമ്രാജ്യവും അതിന്റെ ഭാഷയും ഇന്ത്യയിൽ നിന്ന് മോചിപ്പിച്ചാൽ ഹിന്ദി ദേശീയ ഭാഷയായി മാറിയേക്കാം. ഇന്ത്യയെ ഒരു രാഷ്ട്രമായി വിളിക്കുന്നതിന് പകരം ദ്രാവിഡ നാട്, ആന്ധ്ര, ബംഗാൾ എന്നിവ യഥാക്രമം രാഷ്ട്രങ്ങൾ എന്ന് വിളിക്കാം. ഉദാഹരണത്തിന്, ചരിത്രപരമായ വസ്തുക്കൾക്ക് അനുസൃതമായി ദ്രാവിഡ രാഷ്ട്രത്തിന് അതിന്റെ സംസ്കാരം, ഭാഷ, നാഗരികത, ഭരണം എന്നിവ ആയിരക്കണക്കിന് വർഷങ്ങളായി ഉണ്ടായിരുന്നു. ഇത് എല്ലാ ആളുകൾക്കും അറിയാം എന്നതിൽ സംശയമില്ല.

പെരിയാർ നിർദ്ദേശിച്ച "ദ്രാവിഡ ദേശീയത" മതപരമായ ആധിപത്യത്തിനെതിരായതായിരുന്നു.

ഭാഷയിൽ

ഓരോരുത്തർക്കും അവരുടെ ഭാഷകൾ പരിരക്ഷിക്കുന്നതിന് അവരുടേതായ അവകാശങ്ങളുണ്ട്. ഈ അവകാശങ്ങൾ ദ്രാവിഡ, സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഭരണ പ്രകാരം പരിരക്ഷിക്കാനും നർകാനും കഴിയും. ഒരു ഭാഷയും നടപ്പിലാക്കാൻ കഴിയില്ല.

വിഘടന വാദത്തിനുള്ള ആയുധമായി ഭാഷ ദുരുപയോഗം ചെയ്യരുത്. എല്ലാത്തരം സൗകര്യങ്ങൾക്കും ആളുകൾ കേന്ദ്ര ഭരണത്തെ ആശ്രയിക്കുന്നുണ്ടെങ്കിൽ, അതിൽ ഒരു ഫലമില്ല. കേന്ദ്ര തലത്തിൽ ഭാഷകൾ ഔദ്യോഗികമാക്കിയാൽ, പാവപ്പെട്ടവർ പട്ടിണിയിൽ നിന്ന് മോചിപ്പിക്കപ്പെടുമോ?

വ്യക്തമായി പറഞ്ഞാൽ, തമിഴ് തൊഴിലാളികളെ തമിഴ് സംസാരിക്കുന്ന ഉടമ വർഗ്ഗം ചൂഷണം ചെയ്യുന്നുണ്ടോ?

11th Std Political Science_Ch_15_Malayalam.indd 295 14/02/2023 19:40:43

ജാതിയില്ലാത്ത സമൂഹം

പെരിയാറിന്റെ പ്രതിഷേധങ്ങളും പ്രസംഗങ്ങളും എല്ലായ്പ്പോഴും ഇതിനെ കേന്ദ്രീകരിച്ചായിരുന്നു. തമിഴ്നാട്, ദ്രാവിഡർക്കുള്ള "ദ്രാവിഡ രാഷ്ട്രം" അദ്ദേഹത്തിന്റെ പ്രത്യയ ശാസ്ത്രങ്ങളിൽ കോമൺ പ്ലാൻ, കോമൺ വർക്ക് പ്ലാൻ, ഇസ്ലാമിക മതപരിവർത്തനം, പ്രബല സമുദായങ്ങൾക്കെതിരെ പോരാടിയ പ്രത്യേക ദ്രാവിഡ രാഷ്ട്രം എന്നിവ ഉൾപ്പെടുന്നു.

തമിഴ്നാട്ടിൽ അധികാരം നിലനിർത്തുന്നതിനായി പ്രബല സമൂഹങ്ങൾ തമിഴ്, തമിഴ് ദേശീയത, തമിഴ് വംശം എന്നിവ ദുരുപയോഗം ചെയ്തുവെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. തമിഴ് നേതാക്കളുടെ സഹായത്തോടെയാണ് അധികാരം വളരെക്കാലം കൈവശം വച്ചതിന് അവർ ജനങ്ങളുടെ മനസ്സിൽ തമിഴ് ദേശീയത കടത്തിവിട്ടത്. തൽഫലമായി, പെരിയാർ പ്രത്യേക തമിഴ്നാടിന്റെ ആവശ്യം അവസാനിപ്പിക്കുകയും ജാതിയില്ലാത്ത സമൂഹത്തിന്റെ ആദർശത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്തു.

അങ്ങനെ, പെരിയാറിന് ഏറ്റവും മുൻഗണന നൽകുന്നത് ജാതിയില്ലാത്ത സമൂഹമാണ്. പ്രത്യേക ദ്രാവിഡ രാഷ്ട്രം, പ്രബല സമുദായങ്ങൾ പെരുകുക, മുതലാളിത്ത വർഗ്ഗത്തെ വളച്ചൊടിക്കുക തുടങ്ങിയ മറ്റ് ആശയങ്ങൾ പെരിയാറിന് ദ്വിതീയ മുൻഗണനകളായി.

ദ്രാവിഡ കഴകത്തിന്റെ ഏക അഭിലാഷവും ലക്ഷ്യവും ഇതായിരിക്കുമെന്ന് പെരിയാർ അവകാശപ്പെട്ടു. ജാതി വികാരം, അങ്ങനെ ദ്രാവിഡ വംശത്തെ ഭിന്നിപ്പിക്കുകയും ദ്രാവിഡന്മാർ ആര്യന്മാരുടെ അടിമകളായി തീരുകയും ചെയ്തു. 1950 കളിൽ തമിഴ്നാട്ടിൽ പ്രസിദ്ധീകരിച്ച രചനകളിൽ പെരിയാർ പറഞ്ഞു.

പദപരിചയം

രാഷ്ട്രീയ പ്രസ്ഥാനം : ഒരു രാഷ്ട്രീയ ലക്ഷ്യം നേടുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു സാമൂഹിക ഗ്രൂപ്പാണ് ഇത്.

സാമൂഹിക പ്രസ്ഥാനം : ഇത് ഒരു തരം ഗ്രൂപ്പ് പ്രവർത്തനമാണ്. ഫലപ്രദമായ വെല്ലുവിളികൾ ഉയർത്തുന്നതിനും കൂടുതൽ ശക്തരും ഗുണഭോക്താക്കളുമായ വരേണ്യ വർഗ്ഗത്തെ ചെറുക്കുന്നതിന് അടിച്ചമർത്തപ്പെട്ട ജനങ്ങളെ ശാക്തീകരിക്കുന്ന സംഘടനാഘടനകളും തന്ത്രങ്ങളും ആണെന്ന് സാമൂഹിക പ്രസ്ഥാനങ്ങളെ നിർവ്വചിക്കാം.

ദ്രാവിഡ പ്രസ്ഥാനം : ദക്ഷിണേന്ത്യയിലെ നാല് പ്രധാന വംശീയ - ഭാഷാ ഗ്രൂപ്പുകൾ ഉൾപ്പെടുന്ന മദ്രാസ് പ്രസിഡൻസിയിൽ ദ്രാവിഡ പ്രസ്ഥാനം വികസിച്ചു.

സ്വയം ബഹുമാന പ്രസ്ഥാനം : പിന്നോക്ക ജാതിക്കാർക്ക് തുല്യമായ മനുഷ്യാവകാശമുള്ള ഒരു സമൂഹം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രസ്ഥാനമാണ് സ്വയം ബഹുമാന പ്രസ്ഥാനം

തൊഴിലാളി പ്രസ്ഥാനം : തൊഴിലാളികളുടെ ഉന്നമനത്തിനായി സംഘടിപ്പിച്ച പ്രസ്ഥാനം

ജസ്റ്റിസ് പാർട്ടി : 19-ാം നൂറ്റാണ്ടിൽ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ബ്രാഹ്മണരും ബ്രാഹ്മണരല്ലാത്തവരും തമ്മിലുള്ള സാമുദായിക വിഭജനം ആരംഭിച്ചത് പ്രധാനമായും ജാതി മുൻവിധികളും സർക്കാർ ജോലികളിൽ അനുപാതമില്ലാത്ത ബ്രാഹ്മണ പ്രാതിനിധ്യവുമാണ്.

ജാതിയില്ലാത്ത സമൂഹം : ഒരു സമൂഹത്തിന്റെ ജാതി ഘടനയില്ലാത്ത സമത്വ സമൂഹം

ശുദ്ധമായ തമിഴ് പ്രസ്ഥാനം : ശുദ്ധമായ തമിഴ് പ്രസ്ഥാനം, അന്യഭാഷാ വാക്കുകളിൽ നിന്ന്, പ്രത്യേകിച്ച് സംസ്കൃതത്തിൽ നിന്ന് തമിഴ് ഭാഷയെ മോചിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രസ്ഥാനം.

ഹോം റൂൾ പ്രസ്ഥാനം : 1916 നും 1918 നും ഇടയിൽ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ഡോ. ബെസന്റിന്റെ ഹോം റൂൾ ലീഗ് നേതൃത്വം നൽകി.

രാഷ്ട്രീയം : ഒരു രാജ്യത്തിന്റെയോ പ്രദേശത്തിന്റേയോ ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രത്യേകിച്ചും അധികാരമുള്ള കക്ഷികൾ തമ്മിലുള്ള ചർച്ച.

വിവേചനം : വിവിധ വിഭാഗങ്ങളിലുള്ള ആളുകളോട്, പ്രത്യേകിച്ച് വംശം, പ്രായം അല്ലെങ്കിൽ ലൈംഗികത എന്നിവയുടെ അടിസ്ഥാനത്തിൽ അന്യായമായ അല്ലെങ്കിൽ മുൻവിധിയോടെയുള്ള പെരുമാറ്റം.

സമാധാനം : ഇത് ഐക്യത്തിന്റെ ആശയവും ശത്രുതയുടെ അഭാവവുമാണ്. ഒരു പെരുമാറ്റ അർത്ഥത്തിൽ വ്യക്തികളും വൈവിധ്യമാർന്ന

11th Std Political Science_Ch_15_Malayalam.indd 296 14/02/2023 19:40:44

സാമൂഹിക ഗ്രൂപ്പുകളും തമ്മിലുള്ള ആക്രമണത്തെ ഭയപ്പെടുന്നതിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

ദേശീയ പ്രസ്ഥാനം : ഒരു ദേശീയ പ്രസ്ഥാനം അതിന്റെ അംഗങ്ങളിൽ ചിലർ ഒരു രാഷ്ട്രമായി കരുതുന്ന ഒരു കൂട്ടം ആളുകൾക്കിടയിൽ ദേശീയ സ്വത്വവും സ്വയം ഭരണവും നേടുന്നതിനും നിലനിർത്തുന്നതിനുമുള്ള ഒരു സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമാണ്.

ക്ഷേമ രാഷ്ട്രം : പൗരന്മാരുടെ ആരോഗ്യവും ക്ഷേമവും സംരക്ഷിക്കാൻ രാഷ്ട്രം ഏറ്റെടുക്കുന്ന ഒരു സംവിധാനം.

മൂല്യ നിർണ്ണയം

I ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. തിരുക്കുറലിലെ അറത്തുപാലിൽ വള്ളുവർ ഏതിനെ കുറിച്ച് പറയുന്നു?

   a) ആശയങ്ങളും ധാർമ്മികതയും b) കവി
   c) രാഷ്ട്രീയ തത്വ ചിന്തകൻ d) ക്ഷേമ രാഷ്ട്രം

2. പൊരുത് പാലിൽ എത്ര ഭാഗങ്ങളുണ്ട്?

   (a)5 (b)4 (c)7 (d) 6

3. ഭാരതീയർ പത്രാധിപരായിരുന്നു

   (a) ഇന്ത്യ (b) യംഗ് ഇന്ത്യ
   (c) കേസരി (d) ദ്രാവിഡൻ

4. ആരാണ് 'പഞ്ചാലി ശപഥം' എഴുതിയത് ?

   (a) ഭാരതിയാർ (b) തിരു.വി. കാ
   (c) കമ്പർ (d) ഭാരതി ദാസൻ.

5. തമിഴ്നാട്ടിലെ ഏറ്റവും മികച്ച രാഷ്ട്രീയ ചിന്തകനായി കണക്കാക്കപ്പെടുന്നത് ആരാണ്?

   (a) ജെ.സി. കുമാരപ്പ (b) പെരിയാർ
   (c) തിരുവള്ളുവർ (d) മറൈമലൈ അഡിഗൾ

6. ഏത് വർഷത്തിലാണ് ഇ.വി. രാമസ്വാമി ജനിച്ചത്

   (a) 1879 (b) 1877 (c) 1878 (d) 1876

7. Who wrote "ജാതി വികാരം, ദ്രാവിഡ വംശത്തെ ഭിന്നിപ്പിക്കുകയും ദ്രാവിഡന്മാർ ആര്യന്മാരുടെ അടിമകളാവുകയും ചെയ്തു"

   (a) സി.എൻ. അന്നദുരൈ (b) ഇ.വി. പെരിയാർ
   (c) സിംഗാര വേലർ (d) മറൈമലൈ അഡിഗൽ

8. 1923-ൽ ചെന്നൈയിൽ ആദ്യത്തെ ഇന്ത്യൻ 'മേയ്ദിനം' യോഗം ക്രമീകരിച്ചു

   (a) ഇലങ്കോവാഡിഗൽ (b) ഇ.വി.ആർ. പെരിയാർ
   (c) സിംഗാരവേലർ (d) മറൈമലൈ അഡിഗൽ

9. പെരിയാർ ഈ വർഷം അന്തരിച്ചു

   (a) 1971 (b) 1972 (c) 1973 (d) 1974

11th Std Political Science_Ch_15_Malayalam.indd 297 14/02/2023 19:40:44

10. ഭാരതീയർ ജനിച്ചത്

(a) എട്ടയപുരം (b) ട്രിച്ചി (c) തിരുനെൽവേലി (d) ചെന്നൈ

11. ആരാണ് തമിഴ്നാട്ടിൽ ആത്മാഭിമാന പ്രസ്ഥാനം ആരംഭിച്ചത് ?

(a) അന്നാദുരൈ (b) ഇ.വി.ആർ. പെരിയാർ

(c) മറൈമലൈ അഡിഗൽ (d) സിംഗാരവേലാർ

12. "തമിഴ്നാട് തമിഴർക്കും ദ്രാവിഡർക്കുള്ളത് ദ്രാവിഡ രാഷ്ട്രവും" എന്ന് ആരാണ് പറഞ്ഞത്?

(a) ഇലങ്കോവഡിഗൽ (b) ഇ.വി.ആർ. പെരിയാർ

(c) സിംഗാര വേലർ (d) മറൈമലൈ അഡിഗൽ

13. ബ്രിട്ടീഷ് ഇന്ത്യയിൽ തൊഴിൽ സംരക്ഷണ നിയമം പാസ്സാക്കിയ വർഷം?

(a)1914 (b) 1924 (c) 1926 (d) 1928

14. പെരിയാർ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വിട്ടുപോയത് എന്തുകൊണ്ട്?

a) അഹിംസ b) വർണാശ്രയ ധർമ്മ

c) വ്യക്തിപരമായ വ്യത്യാസങ്ങൾ d) അവയൊന്നുമല്ല

15. വാദം (A) : ഭാരതീയർ പോണ്ടിച്ചേരിയിൽ പോയി ഒളിച്ചു.

കാരണം (R) : ദേശീയത പ്രചരിപ്പിക്കുന്ന തമിഴ് ദിനപത്രമായ ഇന്ത്യയുടെ പത്രാധിപരായിരുന്നു. ഭാരതീയർ.

നിർദ്ദേശങ്ങൾ : രണ്ട് പ്രസ്താവനകളുടെ പശ്ചാത്തലത്തിൽ അവകാശവാദം (A) കാരണം (R) എന്ന് ലേബൽ ചെയ്തിട്ടുള്ള രണ്ട് പ്രസ്താവനകൾ ഇവിടെ നൽകിയിരിക്കുന്നു. ഇനി പറയുന്നതിൽ ഏതാണ് ശരി?

(a) A, R എന്നിവ രണ്ടും ശരിയാണ്, A യുടെ ശരിയായ വിശദീകരണമാണ് R.

(b) A, R എന്നിവ രണ്ടും ശരിയാണ്. R ശരിയായ വിവരണം അല്ല A.

(c) A ശരി എന്നാൽ R തെറ്റാണ്.

(d) A തെറ്റാണ് എന്നാൽ R ശരിയാണ്.

II ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് വളരെ ചുരുക്കത്തിൽ ഉത്തരം നൽകുക

1. തിരുക്കുറൾ എന്താണ്?
2. പൊരുട് പാലിൽ എത്ര ഭാഗങ്ങളുണ്ട്?
3. കുയിൽപ്പാട്ടിന്റെ എഴുത്തുകാരൻ ആരാണ്?
4. സ്ത്രീ ശാക്തീകരണത്തെക്കുറിച്ചുള്ള ഭാരതിയാരിന്റെ ആശയങ്ങൾ വിശദീകരിക്കുക.
5. ഭാരതിയാരിനെ ഒരു പത്ര പ്രവർത്തകനായി ചർച്ച ചെയ്യുക.
6. ദൈവത്തെക്കുറിച്ചുള്ള പെരിയാരിന്റെ വീക്ഷണങ്ങൾ വിവരിക്കുക.
7. തൊഴിലാളി പ്രസ്ഥാനത്തിൽ സിംഗാര വേലരുടെ ആശയങ്ങൾ എന്താണ്?
8. രാഷ്ട്രീയത്തെക്കുറിച്ചുള്ള സിംഗാര വേലരുടെ ആശയങ്ങൾ എന്താണ്?
9. തമിഴ് സമൂഹത്തിലെ സിംഗാര വേലരുടെ ജീവിതവും സേവനങ്ങളും വിവരിക്കുക.

III ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം നൽകുക

1. ക്ഷേമ രാഷ്ട്രത്തെയും രാജാവിനെയും കുറിച്ച് തിരുവള്ളുവരിന്റെ ആശയങ്ങൾ എന്താണ് ?
2. സേച്ഛാധിപത്യത്തെക്കുറിച്ചുള്ള വള്ളുവരിന്റെ വീക്ഷണങ്ങൾ വിശദമാക്കുക

11th Std Political Science_Ch_15_Malayalam.indd 298 14/02/2023 19:40:44

3. ബ്രിട്ടീഷ് ഭരണത്തെക്കുറിച്ച് ഭാരതിയാരിന്റെ വീക്ഷണങ്ങൾ വിശദമാക്കുക.
4. ദേശീയതയെക്കുറിച്ചുള്ള ഭാരതിയാരിന്റെ വീക്ഷണങ്ങൾ വിശദമാക്കുക.
5. കോൺഗ്രസ് പാർട്ടിയിലെ സിംഗാര വേലരുടെ ആശയങ്ങൾ പരിശോധിക്കുക.
6. 1922 ൽ സിംഗാര വേലർ സമർപ്പിച്ച ആശയങ്ങൾ പട്ടികപ്പെടുത്തുക.
7. ദ്രാവിഡ നാട്ടിനെക്കുറിച്ചുള്ള പെരിയാറിന്റെ ആശയങ്ങൾ വിവരിക്കുക
8. പെരിയാറിന്റെ സാമൂഹിക പരിഷ്ക്കാരങ്ങളെക്കുറിച്ച് കുറിപ്പ് എഴുതുക.

IV ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക

1. സമൂഹത്തിനെക്കുറിച്ച് തിരുവള്ളുവറിന്റെ ആശയങ്ങൾ വിവരിക്കുക.
2. തമിഴ്നാട്ടിലെ തൊഴിലാളി നേതാവായ സിംഗാര വേലരെക്കുറിച്ച് ചർച്ച ചെയ്യുക.
3. തമിഴ്നാട്ടിലേക്ക് ഭാരതിയാരിന്റെ സാമൂഹിക രാഷ്ട്രീയ സംഭാവനകളെക്കുറിച്ച് വിശദീകരിക്കുക.
4. പെരിയാരിന്റെ ജീവിത ചരിത്രവും സംഭാവനയും വിശദീകരിക്കുക.
5. തമിഴ്നാട്ടിലെ രാഷ്ട്രീയ ചിന്തയുടെ പശ്ചാത്തലം കണ്ടെത്തുക.

റഫറൻസ്

1. Padmaja, R, Purushothaman, V.P (2000). *Sanga Kaala Mannargalin Kaala Nilai*. Volume 1. International institute of Tamil Studies: Chennai.
2. Pope .G.U , "Thirukkural: English translation and commentary", Kazhagam 2017 edition.
3. Rajaram.M, " I sing the glory of this Land: Translated verses of Bharathiyar", Rupa Publications, Chennai, 2018.
4. Vasanthakumaran .P , " The godfather of Indian labour : M. Singaravelar" , Chennai : Poornima Publishers, 2003.
5. Veeramani. K , " Thoughts of Periyar", DRAVIDAR KAZHAGAM PUBLICATIONS , chennai ,(2012),
6. Palanithurai. G, " Caste Politics and Society in Tamilnadu", South Asia Books (1 July 1994)
7. Puranannoru….. See 'Purananooru, moolamum thelivum', Manimegalai prasuram, pg 82

ഇന്റർനെറ്റ് ഉറവിടങ്ങൾ:

- http://15hsactn15.blogspot.com/2017/07/the-sangam-age-society.html
- https://allmyearthlythoughts.wordpress.com/2017/06/02/avvaiyar-the-story-of-the-many-women-who-carried-that-name/
- http://vijeejournalist.com/2016/10/avvaiyar-the-diplomat/

11th Std Political Science_Ch_15_Malayalam.indd 299 14/02/2023 19:40:44



പദപരിചയം

Absolute Monarchy	–	സമ്പൂർണ്ണ രാജവാഴ്ച
Activist	–	പ്രവർത്തകർ
Adherence	–	പാലിക്കുക അല്ലെങ്കിൽ പിൻപറ്റുക
Ad-Hoc	–	ഒരു പ്രത്യേക കാരണത്തിനായി മാത്രം
Administrative Law	–	ഭരണ നിയമം
Administrative Machinery	–	ഭരണ സംവിധാനം
Administrative Policy	–	ഭരണ നയം
Administrative units	–	ഭരണ ഘടകം
Affirmative Action	–	സ്ഥിരീകരണ പ്രവർത്തനം
Age of Enlightenment	–	പ്രബുദ്ധതയുടെ കാലഘട്ടം
Alternative vote	–	ഇതര വോട്ട്
Amendment	–	ഭേദഗതി
Amendment	–	ഭേദഗതി
Amnesty International	–	സർവ്വദേശ പൊതു മാപ്പ്
Anachronism	–	കാലത്തിനനുരൂപമല്ലാത്തത്
Anarchism	–	അരാജകത്വം
Anarchists	–	അരാജക വാദികൾ
Antecedents	–	മുൻഗാമികൾ
Anthropology	–	നരവംശ ശാസ്ത്രം
Anti-Defection Law	–	കൂറുമാറ്റ നിരോധന നിയമം
Apartheid	–	വർണ്ണ വിവേചനം
Appeal	–	നിവേദനം
Appetite	–	വിശപ്പ്
Aristocracy	–	പ്രഭു വർഗ്ഗം
Astronomy	–	ജ്യോതിശാസ്തം
Asylum	–	അഭയം
Authority	–	അധികാരം
Behavioral Approach	–	പെരുമാറ്റ സമീപനം
Behaviouralism	–	പെരുമാറ്റ സിദ്ധാന്തം
Bill of Rights	–	അവകാശങ്ങളുടെ ബിൽ
Bourgeoise	–	മുതലാളിത്ത വാദികൾ /ബൂർഷ്വാ
Bureaucracy	–	അധികാര വർഗ്ഗം
Cabinet	–	മന്ത്രി സഭ
Capitalism	–	മുതലാളിത്വം
Centralisation	–	അധികാര കേന്ദ്രീകരണം
Charismatic Leadership	–	വശീകരണ നേതൃത്വം
Charter of Human Rights	–	മനുഷ്യ അവകാശ പ്രമാണം
Checks and balances	–	നിയന്ത്രണവും സമനിലയും
Child Labour	–	ബാലവേല
Citizenship	–	പൗരത്വം
City-State	–	സ്വതന്ത്രരാഷ്ട്രം കൂടിയായ നഗരം
Civic Participation	–	പൗര പങ്കാളിത്വം
Civil Equality	–	പൗര സമത്വം
Civil Rights	–	പൗരാവകാശം
Civil Society	–	പൗരസമൂഹം
Civil War	–	ആഭ്യന്തര യുദ്ധം

11th Std Political Science_Glossary_Malayalam.indd 300 14/02/2023 19:42:34

Class Antagonisms	–	വർഗ്ഗ വൈരാഗ്യങ്ങൾ/ജാതി വൈരാഗ്യങ്ങൾ
Class Struggle	–	വർഗ്ഗ സമരം
Classless Society	–	വർഗ്ഗ രഹിത സമൂഹം
Coalition Ministry	–	കൂട്ടു മന്ത്രാലയം
Code of conduct	–	പെരുമാറ്റച്ചട്ടം
Cold War	–	ശീതയുദ്ധം
Collective Responsibility	–	കൂട്ടായ ഉത്തരവാദിത്വം
Collegiability	–	കൂട്ടായ്മ
Colonialism	–	കുടിയേറ്റം
Committee System	–	കമ്മിറ്റി വ്യവസ്ഥ
Commonwealth Nations	–	കോമൺ വെൽത്ത് രാജ്യങ്ങൾ
Communal Harmony	–	സാമുദായിക ഐക്യം
Communist Manifesto	–	കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ
Communitarianism	–	സാമൂഹിക വാദം
Comparative Analysis	–	താരതമ്യ വിശകലനം
Comparative Approach	–	താരതമ്യ സമീപനം
Comparative Study	–	താരതമ്യ പഠനം
Compartmentalism	–	വിഭാഗങ്ങളായി പിരിക്കൽ
Confederation	–	കൂട്ടായ്മ
Consenses	–	സമവായങ്ങൾ
Conservatives	–	യാഥാസ്ഥിതികർ
Constituent Assembly	–	ഭരണഘടന നിർണ്ണയ സഭ
Constitutional Amendment	–	ഭരണഘടനാ ഭേദഗതി
Constitutional Law	–	ഭരണഘടനാ നിയമം
Constitutional Monarchy	–	ഭരണഘടനാപരമായ രാജ വാഴ്ച
Constitutional remedies	–	ഭരണഘടനാ പരിഹാരങ്ങൾ
Contest	–	മത്സരം
Contractual Rights	–	കരാർ അവകാശങ്ങൾ
Cultural and Educational Rights	–	സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ
Cultural Revolution	–	സാംസ്കാരിക വിപ്ലവം
Customs	–	കീഴ്വഴക്കങ്ങൾ
Das Capital	–	മൂലധനം
Decentralization of Powers	–	അധികാരങ്ങളുടെ വികേന്ദ്രീകരണം
Decision Making Policy	–	തീരുമാനമെടുക്കൽ നയം
Declaration of Rights of Man	–	മനുഷ്യന്റെ അവകാശങ്ങളുടെ നയപ്രഖ്യാപനം
Decolonization	–	അപകോളനീകരണം
Decree	–	വിധി
Deductive Reasoning	–	കിഴിവ് ന്യായവാദം
Deep Ecology	–	ആഴത്തിലുള്ള പരിസ്ഥിതി ശാസ്ത്രം
De-facto sovereignty	–	വസ്തുതാപരമായ പരമാധികാരം
De-jure sovereignty	–	ജുഡീഷ്യൽ പരമാധികാരം
Deliberative Democracy	–	ബോധപൂർവ്വമായ ജനാധിപത്യം (തന്നിഷ്ട ജനാധിപത്യം)
Deligation of Authority	–	അധികാരം ഏല്പിക്കുക /അധികാര നിയോഗം
Delimitation Commission	–	അതിർത്തി നിർണ്ണയ സമിതി
Democratic Elitism	–	ജനാധിപത്യപരമായ ആധിപത്യവാദം
Despotic Government	–	സ്വേച്ഛാധിപത്യ സർക്കാർ

11th Std Political Science_Glossary_Malayalam.indd 301 14/02/2023 19:42:34

Despotism	–	സ്വേച്ഛാധിപത്യം
Developed Countries	–	വികസിത രാജ്യങ്ങൾ
Dialectical Materialism	–	വൈരുദ്ധ്യാത്മക ഭൗതിക വാദം
Dialectical Method	–	വൈരുദ്ധ്യാത്മക രീതി
Dictatorship	–	സ്വേച്ഛാധിപത്യം
Dictatorship Of The Proletariat	–	തൊഴിലാളി വർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം
Diplomacy	–	നയതന്ത്രം
Distributive Justice	–	വിതരണ നീതി
Divine Origin Theory of State	–	രാഷ്ട്രത്തിന്റെ ദൈവിക ഉത്ഭവ സിദ്ധാന്തം
Divine Rights Theory	–	ദൈവിക അവകാശ സിദ്ധാന്തം
Domestic Liberty	–	ആഭ്യന്തര സ്വാതന്ത്ര്യം
Early Vedic Period	–	ആദ്യകാല വേദകാലം
Eco-Feminism	–	സ്ത്രീപക്ഷ പരിസ്ഥിതി വാദം
Ecologist	–	പരിസ്ഥിതി ശാസ്ത്രജ്ഞൻ
Economic Democracy	–	സാമ്പത്തിക ജനാധിപത്യം
Economic Security	–	സാമ്പത്തിക സുരക്ഷ
Enforciable	–	നടപ്പിലാക്കാൻ കഴിയുന്ന
Environmental Sustainability	–	പരിസ്ഥിതി സുസ്ഥിരത
Equality of Opportunity	–	അവസരത്തിന്റെ തുല്യത
Equity	–	സമ ഓഹരി/സമത
Era	–	കാലഘട്ടം
Eradication	–	ഉന്മൂലനം
Eradication of Poverty	–	ദാരിദ്ര്യ നിർമാർജ്ജനം
Eternal Law	–	നിത്യ നിയമം
Evolutionary Theory	–	പരിണാമ സിദ്ധാന്തം
Evolutionary Theory of Origin of State	–	രാഷ്ട്രത്തിന്റെ ഉത്ഭവത്തിന്റെ പരിണാമ സിദ്ധാന്തം
Executive Authority	–	ഭരണ നിർവ്വഹണ സമിതി
External Sovereignty	–	ബാഹ്യ പരമാധികാരം
Fabian Socialism	–	സാവധാനമായ പരിവർത്തനത്തിലൂടെ സോഷ്യലിസം നടപ്പാക്കാമെന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവർ
Factionalism	–	വിഭാഗീയത
Feminism	–	സ്ത്രീ വിമോചനം
Feminists	–	സ്ത്രീ വിമോചന വാദികൾ
Feudalism	–	ജന്മിത്ത സമ്പ്രദായം
Flexible constitution	–	വഴക്കമുള്ള ഭരണഘടന
Franchise	–	വോട്ടവകാശം
Fraternity	–	സാഹോദര്യം
Fundamental Rights	–	മൗലികാവകാശങ്ങൾ
Gender Equality	–	ലിംഗ സമത്വം
General Will	–	പൊതു ഇച്ഛ
Global Warming	–	ആഗോള താപം
Globalization	–	ആഗോളവൽക്കരണം
Glorious Revolution	–	മഹത്തായ വിപ്ലവം
House of Representatives	–	ജനപ്രതിനിധി സഭ
Human Rights	–	മനുഷ്യാവകാശം
Human Trafficking	–	മനുഷ്യകടത്ത്
Ideal State	–	ആദർശ രാഷ്ട്രം

11th Std Political Science_Glossary_Malayalam.indd 302 14/02/2023 19:42:35

Idealistic Theory of Rights	–	അവകാശങ്ങളെ സംബന്ധിച്ച ആദർശവാദം
Identity Politics	–	സ്വത്വ രാഷ്ട്രീയം
Inductive Method	–	പ്രേരക രീതി
Initiative	–	മുൻകൈയെടുക്കൽ
Institutional Approach	–	സ്ഥാപന സമീപനം
Instrumental Marxism	–	ഉപകരണ മാർക്സിസം
Interest Groups	–	താൽപ്പര്യ ഗ്രൂപ്പുകൾ
Internal Sovereignty	–	ആന്തരിക പരമാധികാരം
International Law	–	അന്താരാഷ്ട്ര നിയമം
International Organizations	–	അന്താരാഷ്ട്ര സംഘടനകൾ
International Peace	–	അന്താരാഷ്ട്ര സമാധാനം
International Relations	–	അന്താരാഷ്ട്ര ബന്ധങ്ങൾ
League of Nations	–	അന്താരാഷ്ട്ര സംഘം/ അന്താരാഷ്ട്ര ഉടമ്പടി
Legal Approach	–	നിയമപരമായ സമീപനം
Legal Sovereignty	–	നിയമപരമായ പരമാധികാരം
Liberalism	–	പുരോഗമന വാദം
Local-self Government	–	പ്രാദേശിക സ്വയം ഭരണം
Magna Carta	–	മഹാ ശാസനം/മാഗ്ന കാർട്ട
Materialistic Individualism	–	ഭൗതിക വ്യക്തിത്വം
Minority Rule	–	ന്യൂനപക്ഷ നിയമം
Mobocracy	–	ഏകാധിപത്യം
Moderates	–	മിതവാദികൾ
Monarchy	–	രാജവാഴ്ച
Monistic Theory of Sovereignty	–	ഏകാധിപത്യ പരമാധികാര സിദ്ധാന്തം
Natural Rights	–	സ്വാഭാവിക അവകാശങ്ങൾ
Natural Rights	–	സ്വാഭാവിക അവകാശങ്ങൾ
Naturalised Citizen	–	സ്വാഭാവിക പൗരൻ
Negative Liberalism	–	പുരോഗമന വാദത്തിന് എതിരായ
Negative Liberty	–	നിഷേധാത്മകമായ സ്വാതന്ത്ര്യം
Nominal Sovereignty	–	നാമമാത്ര പരമാധികാരം
Non-Alignment	–	ചേരി ചേരായ്മ
Normative	–	മാനദണ്ഡം
Nutritious MealScheme	–	പോഷക സമൃദ്ധമായ ഭക്ഷണ പദ്ധതി
Observation	–	നിരീക്ഷണം
Observation Method	–	നിരീക്ഷണ രീതി
Office of Profit	–	ആദായം നൽകുന്ന ഓഫീസ്
Oligarchy	–	പ്രഭുവർഗ്ഗം
Organisation	–	സംഘടന
Over Developed State	–	അതിവികസിത രാഷ്ട്രം
Parliamentary Form of Government	–	സർക്കാരിന്റെ പാർലമെന്ററി രൂപം
Paternalism	–	പിതൃത്വം
Patriarchal Theory of State	–	പുരുഷാധിപത്യ സിദ്ധാന്തം
Patriarchy	–	പുരുഷാധിപത്യം
Patricians	–	കുലീനൻ/പ്രഭുകുലജാതൻ
Patriotism	–	ദേശസ്നേഹം

11th Std Political Science_Glossary_Malayalam.indd 303 14/02/2023 19:42:36

Per-Capita Income	–	പ്രതി ശീർഷ വരുമാനം
Personal Liberty	–	വ്യക്തിഗത സ്വാതന്ത്ര്യം
Personality	–	വ്യക്തിത്വം
Personality Cult	–	വ്യക്തിത്വ സംസ്ക്കാരം
Petitions	–	അപേക്ഷകൾ
Philosophical Anarchism	–	തത്വശാസ്ത്ര അരാജകത്വം
Physical Law	–	ഭൗതിക നിയമം
Planning	–	ആസൂത്രണം
Plebeians	–	സാധാരണ പൗരൻ
Plebians	–	സാധാരണക്കാരൻ
Plebiscitary Democracy	–	പൊതുതെരഞ്ഞെടുപ്പാലുള്ള ജനാധിപത്യം
Plural Executive	–	ബഹു സ്വര നിർവ്വഹണാധികാരി
Pluralism	–	ബഹുസ്വരത്വം
Pluralistic Theory of Sovereignty	–	പരമാധികാരത്തിന്റെ ബഹുസ്വര സിദ്ധാന്തം
Plurality	–	ബഹുസ്വരത
Policy	–	നയം
Policy makers	–	നയ നിർമ്മാതാക്കൾ
Political Asylum	–	രാഷ്ട്രീയ അഭയം
Political Authority	–	രാഷ്ട്രീയ അധികാരം
Political Democracy	–	രാഷ്ട്രീയ ജനാധിപത്യം
Political Economy	–	രാഷ്ട്രീയ സമ്പദ് വ്യവസ്ഥ
Political Equality	–	രാഷ്ട്രീയ സമത്വം
Political Ideology	–	രാഷ്ട്രീയ പ്രത്യയ ശാസ്ത്രം
Political influence	–	രാഷ്ട്രീയ സ്വാധീനം
Political Obligation	–	രാഷ്ട്രീയ ബാധ്യത
Political Parties	–	രാഷ്ട്രീയ സംഘടനകൾ
Political Polarization	–	രാഷ്ട്രീയ ധ്രുവീകരണം
Political Power	–	രാഷ്ട്രീയ ശക്തി
Political Rights	–	രാഷ്ട്രീയ അവകാശങ്ങൾ
Political Science	–	രാഷ്ട്രീയ ശാസ്ത്രം
Political Self-Determination	–	രാഷ്ട്രീയ സ്വയം നിർണ്ണയം
Political Sovereignty	–	രാഷ്ട്രീയ പരമാധികാരം
Political System	–	രാഷ്ട്രീയ സംവിധാനം
Political Theory	–	രാഷ്ട്രീയ സിദ്ധാന്തം
Politician	–	രാഷ്ട്രീയക്കാരൻ
Politics	–	രാഷ്ട്രീയം
Polling process	–	പോളിംഗ് പ്രക്രിയ
Polyarchy	–	സമിതി ഭരണ രീതി
Popular Initiative	–	ജനപ്രിയ സംരംഭം
Popular Referendum	–	ജനഹിത താൽപര്യം
Popular Sovereignty	–	ജനപ്രിയ പരമാധികാരം
Popular will	–	ജനപ്രിയ വിൽ
Popularity	–	ജനപ്രീതി
Positive Liberalism	–	നിഷേധാത്മകമല്ലാത്ത പുരോഗമന വാദം
Positive Liberty	–	നിഷേധാത്മകമല്ലാത്ത സ്വാതന്ത്ര്യം
Positive Rights	–	നിഷേധാത്മകമല്ലാത്ത അവകാശങ്ങൾ
Post- Revolutionary Stage	–	വിപ്ലവാനന്തര ഘട്ടം
Post-Behavioralism	–	പെരുമാറ്റാനന്തര സിദ്ധാന്തം
Post-Colonial Feminism	–	അധിനിവേശാനന്തര സ്ത്രീ ശാക്തീകരണം
Post-Colonial States	–	അധിനിവേശാനന്തര രാഷ്ട്രം

11th Std Political Science_Glossary_Malayalam.indd 304 14/02/2023 19:42:36

Post-Modern Feminism	–	ആധുനികതക്ക് ശേഷമുള്ള സ്ത്രീ പക്ഷവാദം
Post-Modernism	–	ഉത്തരാധുനികത
Post-Revolutionary Stage	–	വിപ്ലവാനന്തര ഘട്ടം
Poverty	–	ദാരിദ്ര്യം
Pre- Revolutionary Stage	–	വിപ്ലവത്തിനു മുമ്പുള്ള ഘട്ടം
Preamble	–	ആമുഖം
Pre-Revolutionary Stage	–	വിപ്ലവത്തിനു മുമ്പുള്ള ഘട്ടം
President of India	–	രാഷ്ട്രപതി
Presidential Form of Government	–	രാഷ്ട്രപതിയുടെ ഭരണ രീതി
Presidential Form of Government	–	രാഷ്ട്രപതിയുടെ ഭരണ രീതി
Presidential System	–	രാഷ്ട്രപതി സംവിധാനം
Pressure Groups	–	സമ്മർദ്ദ ഗ്രൂപ്പുകൾ
Preventive Detention	–	നിവാരണ തടങ്കൽ
Primitive Communism	–	പ്രാകൃത കമ്മ്യൂണിസം
Primitive Communism	–	പ്രാകൃത കമ്മ്യൂണിസം
Primordial	–	ആദ്യം മുതലേ
Privileges	–	പ്രത്യേകാവകാശം
Progress	–	പുരോഗതി
Progressivism	–	പുരോഗമന വാദം
Proletariat	–	തൊഴിലാളി വർഗ്ഗം
Prominent	–	പ്രമുഖമായ/ഉന്നതമായ
Promulgation	–	നടപ്പിലാക്കുക
Propaganda	–	പ്രചാരണം
Proportional	–	അനുപാതികം
Protective Democracy	–	സംരക്ഷിത ജനാധിപത്യം
Proxy	–	പ്രതിനിധി
Psephology	–	തെരഞ്ഞെടുപ്പും വോട്ടുമായും ബന്ധപ്പെട്ട സ്ഥിതിവിവിരണക്കണക്കുകളുടെ പഠനം
Psephology	–	തെരഞ്ഞെടുപ്പും വോട്ടുമായും ബന്ധപ്പെട്ട സ്ഥിതിവിവിരക്കണക്കുകളുടെ പഠനം
Psychology	–	മനഃശാസ്ത്രം
Public interest	–	പൊതു താല്പര്യം
Public office	–	പൊതു കാര്യാലയം
Public Opinion	–	പൊതു അഭിപ്രായം
Public Sector	–	പൊതു മേഖല
Purchasing Power Parity	–	വാങ്ങാനുള്ള കഴിവ്
Qualitative Methods	–	ഗുണപരമായ രീതികൾ
Quantitative Methods	–	യോഗ്യതാപരമായ രീതികൾ
Quasi-Federal State	–	ഏകദേശ കൂട്ടു ഭരണ രാഷ്ട്രം
Quasi-Judicial	–	നീതിന്യായ രീതി സംബന്ധിച്ച
Quota	–	ക്വാട്ട
Racial Discrimination	–	വംശീയ വിവേചനം
Radical Democracy	–	തീവ്ര ജനാധിപത്യം
Radical Feminism	–	തീവ്ര സ്ത്രീ പക്ഷവാദം
Rajya Sabha	–	രാജ്യസഭ
Real Sovereignty	–	യഥാർത്ഥ പരമാധികാരം
Real Will	–	യഥാർത്ഥ ഇഷ്ടം
Realism	–	യാഥാർത്ഥ്യവാദം

11th Std Political Science_Glossary_Malayalam.indd 305 14/02/2023 19:42:36

Reason	–	കാരണം
Recall System	–	തിരിച്ചു വിളിക്കുന്ന രീതി
Recognition	–	പദവി അംഗീകരിക്കൽ
Referundum	–	ജനഹിത പരിശോധന/ അഭിപ്രായ വോട്ടെടുപ്പ്
Reforms	–	പരിഷ്ക്കാരങ്ങൾ
Regional	–	പ്രദേശികം
Regional Alliances	–	പ്രാദേശിക സഖ്യങ്ങൾ
Regional Alliances	–	പ്രാദേശിക സഖ്യങ്ങൾ
Regulate	–	നിയന്ത്രിക്കുക
Religion	–	മതം
Religious Fundamentalist	–	മത മൗലികവാദി
Religious Minorities	–	മത ന്യൂന പക്ഷങ്ങൾ
Renaissance	–	നവോത്ഥാനം
Representation	–	പ്രാതിനിധ്യം
Representative	–	പ്രാതിനിധി
Representative Democracy	–	പ്രാതിനിധ്യ ജനാധിപത്യം
Representative Government	–	പ്രതിനിധ്യ സർക്കാർ
Republic	–	ജനാധിപത്യ പരമാധികാരം
Reservation	–	സംവരണം
Resignation	–	രാജി
Resignation	–	രാജി
Resources	–	വിഭവങ്ങൾ
Responsibility	–	ഉത്തരവാദിത്വം
Returning officer	–	തെരഞ്ഞെടുപ്പുദ്യോഗസ്ഥൻ
Reverse discrimination	–	വിപരീത വിവേചനം
Revolution	–	വിപ്ലവം
Rhetoric	–	വാചാടോപം
Right	–	അവകാശം
Right against Exploitation	–	ചൂഷണത്തിനെതിരായ അവകാശം
Right to Equality	–	സമത്വത്തിനുള്ള അവകാശം
Right to Freedom	–	സ്വാതന്ത്ര്യത്തിനുള്ള അവകാശം
Right to Freedom Of Religion	–	മത സ്വാതന്ത്ര്യത്തിനുള്ള അവകാശം
Right to Life	–	ജീവിക്കാനുള്ള അവകാശം
Right to Privacy	–	സ്വകാര്യതയ്ക്കുള്ള അവകാശം
Right to Privacy	–	സ്വകാര്യതയ്ക്കുള്ള അവകാശം
Rightist Ideology	–	ശരിയായ പ്രത്യയശാസ്ത്രം
Rightist Ideology	–	ശരിയായ പ്രത്യയശാസ്ത്രം
Rigid Constitution	–	അയവില്ലാത്ത ഭരണഘടന
Rule of Law	–	നിയമവാഴ്ച
Ruling Class	–	ഭരണ വർഗ്ഗം
Satyagraha	–	സത്യാഗ്രഹം
Schedule	–	പട്ടിക
Scheduled castes	–	പട്ടിക ജാതിക്കാർ
Scheduled Castes And Scheduled Tribes	–	പട്ടികജാതി പട്ടികവർഗ്ഗം
Scheduled tribes	–	പട്ടിക വർഗ്ഗക്കാർ
Scope	–	പരിധി
Seats	–	ഇരിപ്പിടങ്ങൾ
Secessionism	–	വിഘടന വാദം

11th Std Political Science_Glossary_Malayalam.indd 306 14/02/2023 19:42:36

Secular State	–	മതേതര രാഷ്ട്രം
Secularism	–	മതേതരത്വം
Security deposit	–	സുരക്ഷാ നിക്ഷേപം
Self-Rule	–	സ്വയം ഭരണം
Seminary	–	വൈദിക പാഠശാല
Senior Citizens	–	മുതിർന്ന പൗരന്മാർ
Separation of Powers	–	അധികാരങ്ങളുടെ വേർതിരിവ്
Service Sector	–	സേവന മേഖല
Sessions	–	സെഷനുകൾ
Shallow Ecology	–	ആഴമില്ലാത്ത പരിസ്ഥിതി
Simple Majority	–	ലളിതമായ ഭൂരിപക്ഷം
Single Citizenship	–	ഏക പൗരത്വം
Sinification	–	സിനിഫിക്കേഷൻ
Slavery	–	അടിമത്വം
Social Activism	–	സാമൂഹിക പ്രവർത്തനം
Social activist	–	സാമൂഹിക പ്രവർത്തകൻ
Social Autonomy	–	സാമൂഹിക സ്വയം ഭരണം
Social Coercion	–	സാമൂഹിക സമ്മർദ്ദം
Social Coercion	–	സാമൂഹിക സമ്മർദ്ദം
Social Contract Theory	–	സാമൂഹിക കരാർ സിദ്ധാന്തം
Social Contractualists	–	സാമൂഹിക കരാറുകൾ
Social Democracy	–	സാമൂഹിക ജനാധിപത്യം
Social Democratic State	–	സാമൂഹിക ജനാധിപത്യ രാഷ്ട്രം
Social Equality	–	സാമൂഹിക സമത്വം
Social Justice	–	സാമൂഹ്യ നീതി
Social Media	–	സാമൂഹിക മാധ്യമം
Social Movements	–	സാമൂഹിക പ്രസ്ഥാനങ്ങൾ
Social Status	–	സാമൂഹിക പദവി
Social System	–	സാമൂഹിക സംവിധാനം
Social System	–	സാമൂഹിക സംവിധാനം
Socialism	–	സ്ഥിതി സമത്വവാദം /സോഷ്യലിസം
Socialistic Democracy	–	സ്ഥിതിസമത്വ ജനാധിപത്യം
Socialistic Democracy	–	സ്ഥിതിസമത്വ ജനാധിപത്യം
Society	–	സമൂഹം
Society	–	സൊസൈറ്റി
Soft State	–	ദുർബ്ബല രാജ്യം
Soft State	–	ദുർബ്ബല രാജ്യം
Sovereignty	–	പരമാധികാരം
Speaker	–	സ്പീക്കർ
Spirit	–	സ്പിരിറ്റ്
Spoils System	–	കൊള്ള മുതൽ സമ്പ്രദായം
Standing Committee	–	സ്റ്റാൻഡിംഗ് കമ്മിറ്റി
State	–	രാഷ്ട്രം
State Legislative Assembly	–	സംസ്ഥാന നിയമസഭ
State legislature	–	സംസ്ഥാന നിയമസഭ
State of Nature	–	സ്വാഭാവിക അവസ്ഥ
Statelessness	–	ഒരു രാജ്യത്തെയും പൗരനല്ലാത്ത സ്ഥിതി
Structural Functional Approach	–	ഘടനാപരവും പ്രവർത്തനപരവുമായ സമീപനം
Structural Marxism	–	ഘടനാപരമായ മാർക്സിസം
Structure	–	ഘടന
Sub-continent	–	ഉപ ഭൂഖണ്ഡം
Suffrage	–	വോട്ടവകാശം

11th Std Political Science_Glossary_Malayalam.indd 307 14/02/2023 19:42:37

Summit	–	ഉച്ചകോടി
Super Powers	–	ഉന്നത അധികാര രാജ്യങ്ങൾ
Superintendence	–	സൂപ്രണ്ട്
Superiority	–	ഉയർന്നതായ
Supervision	–	മേൽനോട്ടം
Supervisor	–	മേൽനോട്ടക്കാരൻ/ സൂപ്പർവൈസർ
Sustainable Development	–	സുസ്ഥിര വികസനം
Syllogisms	–	ത്രിപാദ സിദ്ധാന്തം
Syndicalists	–	തൊഴിൽ സംഘടനാ വാദികൾ
System Approach	–	മുറയായ സമീപനം
System of Logic	–	ന്യായവാദം
Systems Approach	–	മുറയായ സമീപനം
Tenure	–	കാലാവധി
Territory	–	ഭൂപ്രദേശം
The Reformation Movement	–	നവീകരണ പ്രസ്ഥാനം
Theocracy	–	പൗരോഹിത്യ ഭരണം
Theology	–	പൗരോഹിത്യ ഭരണം
Theory of Surplus Value	–	മിച്ചമൂല്യ സിദ്ധാന്തം
Three-Fold Citizenship	–	മൂന്ന് ഘട്ട പൗരത്വം
Timocracy	–	ഭൂവുടമകൾ നടത്തുന്ന ഭരണം
Totalitarian Democracy	–	ഏകാധിപത്യ ജനാധിപത്യം
Traditional Morality	–	പരമ്പരാഗത ധാർമ്മികത
Traditionalism	–	പാരമ്പര്യവാദം
Transform	–	പരിവർത്തനം
Transgenders	–	ഭിന്ന ലിംഗർ
Transparency	–	സുതാര്യത
Tribunals	–	നീതിന്യായ കോടതി/ ട്രൈബ്യൂണലുകൾ
Tri-Coloured Flag	–	ത്രിവർണ്ണ പതാക
Two Party System	–	രണ്ട് പാർട്ടി വ്യവസ്ഥ
Tyranny	–	സ്വേച്ഛാധിപത്യം
Under Developed Countries	–	അവികസിത രാജ്യങ്ങൾ
Unethical	–	അസാൻമാർഗ്ഗികമായ
Unfair	–	അന്യായം
Unitary State	–	ഏകീകൃത രാഷ്ട്രം
United Nations	–	ഐക്യരാഷ്ട്ര സഭ
Universal Adult Franchise	–	മുതിർന്നവർക്കുള്ള സാർവത്രിക വോട്ടവകാശം
Universalism	–	സാർവത്രികത
Untouchability	–	തൊട്ടുകൂടായ്മ
Unwritten Constitution	–	അലിഖിത ഭരണഘടന
Upper Chamber	–	നിയമസഭയുടെ മേൽസഭ
Urban local body	–	നഗര തദ്ദേശ സ്വയംഭരണ സ്ഥാപനം
Utilitarianism	–	പ്രയോജനവാദം
Utopian Socialism	–	ഉട്ടോപ്യൻ സ്ഥിതി സമത്വവാദം
Utopian Theory	–	ഉട്ടോപ്യൻ സിദ്ധാന്തം
Utopianism	–	സാങ്കൽപിക രാഷ്ട്രീയ വാദം/ഉട്ടോപ്യനിസം
Vice President of India	–	ഇന്ത്യയുടെ ഉപരാഷ്ട്രപതി
Vidhan Sabha	–	വിധാൽസഭ
Vote	–	വോട്ട്
Voters` list	–	വോട്ടർ പട്ടിക

11th Std Political Science_Glossary_Malayalam.indd 308 14/02/2023 19:42:37

Votes	–	വോട്ടുകൾ
Voting Machine	–	വോട്ടിംഗ് മെഷീൻ
Voting Right	–	വോട്ടിംഗ് അവകാശം
Ward	–	വാർഡ്
Weaker sections	–	ദുർബല വിഭാഗങ്ങൾ
Welfare State	–	ക്ഷേമ രാഷ്ട്രം
White Man Burden	–	വെള്ളക്കാരന്റെ ഭാരം
Withdrawal	–	പിൻവലിക്കൽ
Withering away of the State	–	ഭരണകൂടം മങ്ങലടയുന്നത്
Women Empowerment	–	സ്ത്രീ ശാക്തീകരണം
Working Class	–	തൊഴിലാളി വർഗ്ഗം
World Bank	–	ലോക ബാങ്ക്
Writ of Certiorari	–	സെർഷ്യോററി റിട്ട്
Writ of Certiorari	–	സെർഷ്യോററി റിട്ട്/ സാക്ഷ്യപത്രത്തിനുള്ള റിട്ട്
Writ of Habeas Corpus	–	ഒരാളെ കോടതിയിൽ ജീവനോടെ ഹാജരാക്കുന്നതിനുള്ള റിട്ട്
Writ of Habeas Corpus	–	ഒരാളെ കോടതിയിൽ ജീവനോടെ ഹാജരാക്കുന്നതിനുള്ള റിട്ട്
Writ of Mandamus	–	മാൻഡമസ് റിട്ട്
Writ of Mandamus	–	മാൻഡമസ് റിട്ട്
Writ of Prohibition	–	പ്രൊഹിബിഷൻ റിട്ട്
Writ of Quo-Warranto	–	കോവാറന്റോ റിട്ട്
Writ of Quo-Warranto	–	കോവാറന്റോ റിട്ട്
Write of Prohibition	–	പ്രൊഹിബിഷൻ റിട്ട്
Written Constitution	–	ലിഖിത ഭരണഘടന
Written Constitution	–	ലിഖിത ഭരണഘടന

TBHK0

11th Std Political Science_Glossary_Malayalam.indd 309 14/02/2023 19:42:37

CLASS 11 - POLITICAL SCIENCE
MALAYALAM MEDIUM

Academic Coordinator

K. Chandrasekaran,
Lecturer, DIET, Chennai.

Reviewers

K.S. Rajesh, P.G.T
PPM H.S.S., Anducode.

List of Translators

S. Sree Kumar, P.G.T
G.H.S.S., Kollamcode

J. S. Pradeep Kumar, B.T.
PPM H.S.S., Anducode.

K. Vijaya Kumar, P.G.T
PPM H.S.S., Anducode

M. Ajitha, P.G.T
St.Fransis H.S.S., Vavarai.

N. S. Smitha, B.T
A.M.H.S.S., Maruthancode.

M. S. Sree Rekha, B.T
PPM HSS, Anducode.

S. S. Anitha Annet, B.T
St. Joseph's H.S.S., Thiruthuvapuram.

P. Suprabha, P.G.T
TCK HSS, Padanthalumoodu.

O. S. Sajeena, P.G.T
GHSS, Vilavamcode.

K. Hari Kumar, S.G.T
G.H.S., Kaliyakkavilai.

A. Arulamma, S.G.T
St. Joseph's H.S.S., Thiruthuvapuram.

ICT Coordinator

Dr. P. Arunachalam, Principal,
Chinmaya Vidhyalaya PAC Ramasamy Raja Matric. HSS,
Ilanthope, Rajapalayam, Tirunelveli.

EMIS Technology Team

R.M. Satheesh
State Coordinator Technical,
TN EMIS, Samagra Shiksha.

K.P. Sathya Narayana
IT Consultant,
TN EMIS, Samagra Shikaha

R. Arun Maruthi Selvan
Technical Project Consultant,
TN EMIS, Samagra Shiksha

Layout & Illustrations

Ranjith, Pixels Print Media,
Parasala, Kerala.

Wrapper Design

Kathir Arumugam

In-House QC

Rajesh Thangappan
Danial
Mathan Raj R

Coordination

Ramesh Munisamy

This book has been printed on 80 GSM
Elegant Maplitho paper.

Printed by offset at:

11th Std Political Science_Acknowledgement_Malayalam.indd 310 14/02/2023 19:43:25